LIBRARY ARCHIVES Kerala Legislative Assembly

(11) ദുരിത ബാധിത പഞ്ചായത്തുകളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ വീതം അധികം നിയമിച്ചു.

(12) വിവിധ വകുപ്പുകൾ മുഖേന നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും 28.12.2010-ലെ സർക്കാർ ഉത്തരവ് (നമ്പർ 9447/2010/ജി.എ.ഡി) പ്രകാരം ഡോ. ദിനേഷ് അറോറ, ഐ.എ.എസ്.-നെ നോഡൽ ഓഫീസറായി നിശ്ചയിച്ചിട്ടുണ്ട്.

(13) ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിന് ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ചെയർമാൻ), ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (വൈസ് ചെയർമാൻ) ധനകാര്യം, കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാർ, ചീഫ് സെക്രട്ടറി, ധനകാര്യം, ആരോഗ്യം, സാമൂഹ്യക്ഷേമം, കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, പൊതുവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പുകളുടെ സെക്രട്ടറിമാർ, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (നോഡൽ ഓഫീസർ) എന്നിവർ അംഗങ്ങളായിരിക്കും.

(14) ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു വർക്കിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (നോഡൽ ഓഫീസർ) കൺവീനറും ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, കൃഷി, പഞ്ചായത്ത്, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഡയറക്ടർമാർ, ലാന്റ് റവന്യൂ കമ്മീഷണർ, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, കാസർഗോഡ് ജില്ലാ കളക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ചീഫ് എഞ്ചിനീയർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായിരിക്കും

IV. റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. പി. ജയരാജൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

V. നിയമനിർമ്മാണ കാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> റൂൾസ് പ്രകാരം വന്നാൽ ചെലവുണ്ടാകും. റൂൾസ് വരുന്ന സമയത്താണ് അതുസംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കേണ്ടി വരുന്നത്. അങ്ങനെയൊരു റൂൾസ് ഉണ്ടാക്കുവാനുള്ള അധികാരം കൊടുക്കുകയാണ് ചെയ്യുന്നത്.

റൂളിംഗ്

<u>മി. സ്പീക്കർ:</u> അധിക സാമ്പത്തിക ബാധ്യത വരികയാണെങ്കിൽ തീർച്ചയായിട്ടും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതായിരുന്നു. ഇനി ബഹുമാനപ്പെട്ട മന്ത്രി. അങ്ങേക്ക് ബില്ലിനെപ്പറ്റി സംസാരിക്കാം.

നിയമനിർമ്മാണകാര്യം (തുടർച്ച)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഈ നിയമനിർമ്മാണത്തിന് വളരെയധികം പ്രത്യേകതകളുണ്ട് എന്നാണ് ഇതുസംബന്ധിച്ച് ആദ്യമായി സൂചിപ്പിക്കുവാനുള്ളത്. 1861-ലെ പോലീസ് ആക്ടാണ് നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത്. അതിനെ അടിസ്ഥാനമാക്കിയാണ് 1960-ൽ ഇവിടെ കേരള പോലീസ് ആക്ട് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇന്ത്യയിലെ പോലീസ് ഭരണ സംവിധാനം സംബന്ധിച്ച് പല സന്ദർഭത്തിലും പരിശോധനയ്ക്ക് വിധേയമായതാണ്. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെത്തുടർന്നാണ് ഒരു പോലീസ് നിയമമുണ്ടാക്കണമെന്നുള്ള പ്രശ്നം ബ്രിട്ടീഷ് ഗവൺമെന്റ് തന്നെ ചിന്തിക്കാൻ തുടങ്ങിയത്. 1858-ൽ വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തതിനെത്തുടർന്ന് പോലീസ് നിയമം പരിഷ്ക്കരിക്കുന്നതിനുവേണ്ടി 1860-ൽ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1861-ൽ പോലീസ് ആക്ട് തയ്യാറാക്കിയത്. അതിനുമുമ്പ് നമ്മുടെ രാജ്യത്തിന്റെ ഭരണം നടത്തിയിരുന്നത് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പട്ടാളക്കാരായിരുന്നു. അത് പോലീസിംഗിന് സഹായകരമല്ല എന്ന് കണ്ടുകൊണ്ടാണ് 1861-ലെ പോലീസ് ആക്ട് രൂപം കൊണ്ടത്. തുടർന്ന് ബ്രിട്ടീഷ് ഭരണം തന്നെ പോയി, സ്വതന്ത്ര ഇന്ത്യ വന്നു. സംസ്ഥാനങ്ങൾ രൂപംകൊണ്ടു. ക്രമസമാധാനപാലനം സംസ്ഥാനത്തിന്റെ ചുമതലയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി പോലീസിലെ പരിഷ്ക്കരണത്തെക്കുറിച്ച് ചിന്തിച്ച ഒരു സംസ്ഥാന ഗവൺമെന്റ് ആദ്യത്തെ കേരളാ ഗവൺമെന്റായ ഇ.എം.എസ്. മന്ത്രിസഭയാണ്. ഇ.എം.എസ്. ഗവൺമെന്റ് 1959-ൽ രൂപീകരിച്ച എൻ.സി.ചാറ്റർജി കമ്മീഷൻ പിന്നീട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇന്ത്യയിൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം മൊറാർജി ദേശായി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ധർമ്മ വീരാ കമ്മീഷനെ നിയമിക്കുന്നത്. റിട്ടയേർഡ് ഐ.സി.എസ്. ഉദ്യോഗസ്ഥനായ ധർമ്മവീര ചെയർമാനായിട്ടുള്ള കമ്മീഷനാണ് ഇന്ത്യയിലാദ്യമായി പോലീസ് പരിഷ്ക്കരണത്തെക്കുറിച്ച് ദേശീയതലത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചത്. വേണ്ടത്ര പരിഷ്ക്കരണങ്ങൾ നടന്നില്ല എന്നതാണ് വസ്തുത. ഇതിനെത്തുടർന്ന് 1997-ൽ ഇന്ദ്രജിത് ഗുപ്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ സന്ദർഭത്തിൽ അദ്ദേഹം എല്ലാ സംസ്ഥാനങ്ങൾക്കും പോലീസ് നിയമപരിഷ്ക്കരണം സംബന്ധിച്ച് ഒരു കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ അദ്ദേഹം അന്ന് പറഞ്ഞ കാര്യം ഇപ്പോൾ സുപ്രീം കോടതി വിധിയിലേക്ക് എത്തിയ സന്ദർഭത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ഇന്ദ്രജിത് ഗുപ്ത എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് മിനിസ്റ്റേഴ്സിനാണ് ആ കത്തയച്ചത്. അദ്ദേഹം പറഞ്ഞു. "I have feeling that if the political executives do not take the desired measures even now to bring about suggested reforms and restructuring of the police, the day may not be far off when the judiciary may intervene decisively to force such socially desirable change down the throat of the political executives". 1997-ൽ അദ്ദേഹം പറഞ്ഞ ഈ കാര്യം പിന്നീട് സുപ്രീം കോടതിയുടെ ഇത്തരത്തിലുള്ള ഒരു ഇടപെടലിന്റെ സ്ഥിതിവിശേഷമുണ്ടാക്കി. പ്രകാശ്സിംഗ് Vs യൂണിയൻ ഓഫ് ഇൻഡ്യ കേസിൽ 22-9-2006-ൽ സുപ്രീം കോടതി വിധി വന്നതോടുകൂടിയാണ് പോലീസ് നിയമപരിഷ്ക്കരണത്തെക്കുറിച്ച് ചിന്തിക്കാൻസംസ്ഥാനങ്ങൾ നിർബന്ധിതമാകുന്ന ഒരു സാഹചര്യമുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതി പറഞ്ഞത്, ആർട്ടിക്കിൾ 142, 32 പ്രകാരം സുപ്രീം കോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഉത്തരവായി കണക്കാക്കണം എന്നാണ്. ഏതെങ്കിലും സംസ്ഥാനങ്ങൾ ഇതിനനുസരിച്ച്, സുപ്രീം കോടതി പറഞ്ഞ അതേപടി വേണമെന്നില്ല, ഇന്നയിന്ന ഭാഗങ്ങളിൽ നിയമനിർമ്മാണം കൊണ്ടു വരുന്നില്ലെങ്കിൽ ഞങ്ങളുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാകും എന്ന് സുപ്രീം കോടതി വ്യക്തമായിട്ടുള്ള മാർഗ്ഗനിർദ്ദേശം കൊടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഒട്ടേറെ സംസ്ഥാനങ്ങൾ അത്തരം കാര്യങ്ങളെ സംബന്ധിച്ചുള്ള ഭേദഗതി സംസ്ഥാന പോലീസ് ആക്ടിൽ വരുത്തിക്കഴിഞ്ഞു. നമ്മൾ നേരത്തെ തന്നെ ഈ നിയമസഭയിൽ ചർച്ച ചെയ്തുകൊണ്ട് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതികൾ നമ്മുടെ സംസ്ഥാനത്തും വരുത്തിയിരുന്നു എന്നുള്ളത് വസ്തുതയാണ്. എന്നാൽ ഇത്തരത്തിലൊരു പോലീസ് പരിഷ്ക്കരണം കൊണ്ടുവരണമെന്നുള്ളത് സുപ്രീം കോടതി വിധി വരുന്നതിനുമുമ്പുതന്നെ കേരളം ചിന്തിച്ചതാണ്. എൽ.ഡി.എഫിന്റെ മാനിഫെസ്റ്റോയിൽ ഇതിനെപ്പറ്റി പറഞ്ഞിരുന്നു, കേരള പോലീസ് നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുമെന്ന് എൽ.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞു. സുപ്രീം കോടതി വിധി വരുന്നതിനുമുമ്പ് തന്നെ ഇതു സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി കേരളത്തിൽ ഒരു കമ്മീഷനെ, അന്നത്തെ ഡി.ജി.പി. ശ്രീ. സുകുമാരൻ നായർ ചെയർമാനായി ഒരു കമ്മീഷനെ നിശ്ചയിച്ചുകൊണ്ട്. റിപ്പോർട്ട് വാങ്ങാൻ തീരുമാനിച്ചു. ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മീഷന്റെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിലായിരുന്നു അങ്ങനെ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചത്. ശ്രീ. സുകുമാരൻ നായർ റിട്ടയർ ചെയ്തതിനു ശേഷം, ഇപ്പോഴത്തെ ഡി. ജി. പി. ശ്രീ. ജേക്കബ് പുന്നൂസ് ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചു. അങ്ങനെ നൽകിയ റിപ്പോർട്ടുകളുടേയും കൂടി അടിസ്ഥാനത്തിലാണ് നമ്മൾ ഇത്തരത്തിലൊരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ സന്നദ്ധമായത്. 16-9-2006-ലാണ് കേരള ഗവൺമെന്റ് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. യഥാർത്ഥത്തിൽ സുപ്രീംകോടതി വിധി വന്നത് ഇതിനൊരു വേഗത കൂട്ടണമെന്നുള്ള സ്ഥിതിവിശേഷത്തിലേയ്ക്ക്

എത്താൻ നമുക്ക് സഹായകമായി. നിരവധി കമ്മീഷനുകൾ ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളും സംസ്ഥാന ഗവൺമെന്റ് നിയമപരിഷ്ക്കരണത്തെക്കുറിച്ച് നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടും ഇങ്ങനെ വിവിധ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ച കാര്യങ്ങളെല്ലാം ചേർത്തുകൊണ്ട് നമുക്ക് സ്വീകരിക്കാൻ സാധിക്കുന്ന നിർദ്ദേശങ്ങളോടുകൂടിയാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം ഇത് സെലക്ട് കമ്മിറ്റിക്കുപോയി. സെലക്ട് കമ്മിറ്റി വിവിധ സ്ഥലങ്ങളിൽ പോയി തെളിവെടുപ്പ് നടത്തി. വിവിധ ജില്ലാ കേന്ദ്രങ്ങളിൽ പോയി, മറ്റ് സ്റ്റേറ്റുകളിൽ പോയി തെളിവെടുപ്പ് നടത്തി. മറ്റ് സ്റ്റേറ്റുകളിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണം സംബന്ധിച്ച് മനസ്സിലാക്കാൻ സാധിച്ചു. സെലക്ട് കമ്മിറ്റിയിലെ മെമ്പർമാർ നൽകിയിട്ടുള്ള വിലപ്പെട്ട സേവനങ്ങൾക്ക് ഞാൻ അവരോട് പ്രത്യേകിച്ച് നന്ദി പറയുകയാണ്. പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമൊന്നുമില്ലാതെ ഈ പരിഷ്ക്കരണ പ്രക്രിയയിൽ ഭാഗഭാക്കാകുന്നതിനുവേണ്ടി, ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുവേണ്ടി ഈ സമിതിയിലെ എല്ലാ മെമ്പറന്മാരും വളരെയധികം ശ്രമകരമായി ഇടപെട്ടു എന്നതൊരു വസ്തുതയാണ്. നല്ല നിലയിൽ ആ സെലക്ട് കമ്മിറ്റി പ്രവർത്തിച്ചു എന്നുള്ളത് അഭിമാനത്തോടുകൂടി ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. അതിൽ സഹകരിച്ചിട്ടുള്ള ഇരുഭാഗത്തുമുള്ള എല്ലാ മെമ്പർമാരോടും ഞാൻ പ്രത്യേകിച്ച് നന്ദി പറയുന്നു. പോലീസ് വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ഇതിന്റെ കരട് നിർദ്ദേശങ്ങൾ വച്ചുകൊണ്ട് നിരവധി നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. തെളിവെടുപ്പിന്റെ സന്ദർഭത്തിലും നിരവധി നിർദ്ദേശങ്ങൾ ലഭിച്ചു. ആ നിർദ്ദേശങ്ങളിൽ കുറേ ഭാഗങ്ങൾ സെലക്ട് കമ്മിറ്റി തന്നെ പരിശോധിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. സെലക്ട് കമ്മിറ്റിയ്ക്കകത്ത് വന്ന ചർച്ചയ്ക്കകത്ത് ഉൾപ്പെടുത്താൻ കഴിയുന്ന കുറേ ഭാഗങ്ങളുണ്ടായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർ ഇത് സർക്കുലേറ്റ് ചെയ്തതിനുശേഷം കൊണ്ടുവന്ന ഭേദഗതികൾ പരിശോധിച്ചുനോക്കുമ്പോൾ വളരെ നിഷ്ക്കർഷമായി ഈ ബില്ലിലെ ഓരോ വകുപ്പുകളും പരിശോധിച്ചതായിട്ടാണ് എനിക്ക് തോന്നുന്നത്. ആ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരോടും ഞാൻ പ്രത്യേകിച്ച് നന്ദി പറയുന്നു. ഇവിടെ എണ്ണൂറിൽപ്പരം ഭേദഗതികൾ കിട്ടിയിട്ടുണ്ട്. ഇതിൽ കുറെയധികം ഭേദഗതികൾ സമാനരീതിയിലുള്ളതാണ്. ചില ഭേദഗതികൾ ഈ ബില്ലിനെ നല്ല നിലയിൽ ആക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളായി വന്നിട്ടുണ്ട്. അങ്ങനെയുള്ള ഭേദഗതികളെല്ലാം ക്ലോസ് ബൈ ക്ലോസ് ചർച്ചയിലേയ്ക്ക് പോകുമ്പോൾ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. തുറന്ന മനസ്സോടുകൂടിയാണ് ഇതിനെ സർക്കാർ സമീപിക്കുന്നത്. ഇതുസംബന്ധിച്ച് സെലക്ട് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളും ഇവിടെ വരുന്ന നിർദ്ദേശങ്ങളുമെല്ലാം കൂടി ചേർത്തുകൊണ്ട് നമുക്ക് ഇതൊരു നല്ല നിയമമാക്കി മാറ്റണം. പോലീസ്സേനയെ സംബന്ധിച്ച് പണ്ട് കാലം മുതലേ നിലനിൽക്കുന്ന ചില വീക്ഷണങ്ങളുണ്ട്. ആ വീക്ഷണങ്ങൾ ആധുനിക കാലഘട്ടത്തിൽ നമുക്ക് എങ്ങനെ മാറ്റാൻ കഴിയും; പോലീസിന് ജനങ്ങളുമായി എങ്ങനെ കൂടുതൽ ഇടപഴകാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും, എന്ന വിധത്തിലുള്ള ഒട്ടനവധി ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയിട്ടുണ്ട്. അതെല്ലാം പരിശോധിച്ചുകൊണ്ട് നമുക്ക് ഈ നിയമനിർമ്മാണ പ്രക്രിയയിലേയ്ക്ക് കടക്കാൻ സാധിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഡിസെന്റ് എഴുതിയിട്ടുള്ള ബഹുമാനപ്പെട്ട മെമ്പർമാർ അവരുടെ വീക്ഷണത്തിനനുസരിച്ചുള്ള അഭിപ്രായങ്ങൾ എഴുതിയിട്ടുണ്ട്.അവർക്ക് പറയാനുള്ള കാര്യങ്ങളെ സംബന്ധിച്ച് അവർ പറയട്ടെ. അതിനുശേഷം ഞാൻ അത് സംബന്ധിച്ച് പറയുന്നതായിരിക്കും. ഇത്രമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബിൽ അവതരിപ്പിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പോലീസിന്റെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചരിത്രങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. കൊളോണിയൽ വാഴ്ചയിൽ നിന്ന് മോചനം കിട്ടിയശേഷം ജനാധിപത്യ ഭരണ സംവിധാനത്തിന് അനുകൂലമായി പോലീസിനെ രൂപപ്പെടുത്തണമെന്നുള്ളത് ദീർഘകാലമായി ഉണ്ടായിരുന്ന ആവശ്യമായിരുന്നു. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് നാഷണൽ പോലീസ് കമ്മീഷൻ രൂപീകരിച്ചു. ആ കമ്മീഷന്റെ സമഗ്രമായ ശുപാർശകളെല്ലാം കേന്ദ്ര ഗവൺമെന്റിന് ലഭിച്ചെങ്കിലും അതൊന്നും നടപ്പിലാക്കാൻ കഴിയാതെ പോയ സാഹചര്യത്തിലാണ് ഒരു പോലീസ് ഉദ്യോഗസ്ഥനായ പ്രകാശ് സിംഗ് സുപ്രീംകോടതിയിൽ ആ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റിട്ട് പെറ്റിഷനുമായി മുമ്പോട്ടുപോകാൻ ഇടയായത്. അതിന്റെ അടിസ്ഥാനത്തിൽ 22-09-2006-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവാണ് ഈ നിയമനിർമ്മാണത്തിന്റെ ഏറ്റവും അടിസ്ഥാനരേഖയായി ഇന്ന് പരിണമിച്ചിട്ടുള്ളത്. പോലീസ് നിയമത്തിന്റെ പരിഷ്ക്കരണം സംബന്ധിച്ച് നിരവധി പഠനങ്ങൾ ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ നാഷണൽ പോലീസ് കമ്മീഷൻ നിയോഗിച്ച റൊബേറോ കമ്മിറ്റി, പത്മനാഭയ്യ കമ്മിറ്റി. കേരളത്തിൽ നിയോഗിക്കപ്പെട്ട എൻ. സി. ചാറ്റർജി കമ്മിറ്റി പിന്നീട് മന്ത്രി വിട്ടുപോയതാണെങ്കിലും ശ്രീ. എ. കെ. ആന്റണി നിയോഗിച്ച ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മിറ്റി - ഈ കമ്മിറ്റികളെല്ലാം ഇത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയെങ്കിലും ഇതൊരു നിയമനിർമ്മാണമായി രൂപപ്പെടുന്നത് വളരെ വൈകിയാണ്. ഏതായാലും കേരളത്തിലെ പോലീസ് സേനയുടെ സംവിധാനത്തിൽ സമഗ്രമായ മാറ്റം വരുത്തണം. പക്ഷേ ഞങ്ങൾക്ക് വിയോജിപ്പുണ്ടാകാനുള്ള കാരണം, ഇതെല്ലാം പറയുമ്പോഴും പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇൻഡ്യ കേസിലെ കോടതിവിധിന്യായത്തിലോ, അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ ലാ കമ്മീഷൻ സമർപ്പിച്ച ഡ്രാഫ്റ്റ് ബില്ലിൽ പറയുന്ന പ്രകാരമോ, ഇതിനാധാരമായി ഡൽഹിയിൽ പ്രവർത്തിക്കുന്ന കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനിഷ്യേറ്റീവ് എന്നുപറയുന്ന സംഘടന നൽകിയ നിർദ്ദേശങ്ങളോ, ഇതിന്റെയൊന്നും കാതലായ വശങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്താൻ ഇപ്പോഴും നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

വിയോജിപ്പ് രേഖപ്പെടുത്തുന്നത്. ജനാധിപത്യ സമ്പ്രദായത്തിൽ എക്സിക്യൂട്ടീവും ജുഡീഷ്യറിയും ലെജിസ്ലേച്ചറും പ്രധാനപ്പെട്ട ഘടകങ്ങളാണ്. പോലീസ് സാന്ദർഭികവശാൽ ഭരണകൂടത്തിന്റെ മർദ്ദനോപകരണമായി മാറുന്ന സംവിധാനമാണ് ഇന്നും കേരളത്തിലുള്ളത്. ഇന്ന് കേരളത്തിലെ പോലീസിന് നിഷ്പക്ഷമായ പ്രവർത്തന സ്വാതന്ത്ര്യമില്ല. ജനങ്ങൾ ഇന്ന് പോലീസിനെ കരുതുന്നത് ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ പാലിക്കുന്ന സംവിധാനമായിട്ടാണ്. ഒരു പോലീസുകാരന്റെ ലാത്തിയുടെ ശക്തി നിയമത്തിന്റെ ശക്തിയാണ്. പോലീസുകാരന്റെ എണ്ണമല്ല, ആ പോലീസുകാരന് കൊടുക്കുന്ന നിയമപ്രാബല്യമാണ് നിയമവിധേയമായ കാര്യങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. പക്ഷേ കാലാകാലമായി, പ്രത്യേകിച്ചും ഭരണകക്ഷിയുടെ ഉപകരണമായി പോലീസ് മാറുന്ന ദൗർഭാഗ്യകരമായ സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. ജുഡീഷ്യറി പോലെതന്നെ പോലീസ് നിഷ്പക്ഷമാകണം. ഭരണപക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും എല്ലാ വിഭാഗത്തിനും നീതി ലഭിക്കണം. പക്ഷേ ഇന്ന് ആ തരത്തിൽ കഴിയാതെ പോകുന്ന ഒരു ദു:ഖകരമായ സാഹചര്യം കേരളത്തിലുണ്ടെന്ന കാര്യം ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ എനിക്ക് പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ഞാൻ വിശദമായി കാര്യങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. ഇന്ന് ഈ നിയമം നിർമ്മിക്കുമ്പോഴെങ്കിലും പോലീസിന് സ്വതന്ത്രമായ പ്രവർത്തനാധികാരം നൽകണം. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് അദ്ദേഹത്തിന്റെ നയങ്ങളിൽ വലിയ വിമർശനമുണ്ടായി. ഞങ്ങളുടെ പാർട്ടിയിലും വിമർശനമുണ്ടായി. പക്ഷേ അദ്ദേഹം സ്വീകരിച്ച സമീപനം പോലീസിന്റെ കാര്യങ്ങളിൽ പാർട്ടി ഇടപെടാൻ പാടില്ല എന്നാണ്. പോലീസിന് വിവേചനാധികാരമുണ്ടാകണം. പോലീസിന് നിയമപരമായ കാര്യങ്ങളിൽ, അവർക്ക് യുക്തമാണെന്ന് തോന്നുന്ന, നിയമാനുസൃതമായ കാര്യങ്ങളിൽ അവർക്ക് അധികാരമുണ്ടാകണം. പക്ഷേ ആ ഒരു നയം അദ്ദേഹം സ്വീകരിച്ചു. അത് കേരളീയ സമൂഹംപോലും പലപ്പോഴും അംഗീകരിച്ചില്ല. പക്ഷേ ഇന്ന് അവിടെ നിന്നും മാറി, ഏറ്റവും ഉന്നതനായ പോലീസ് ഉദ്യോഗസ്ഥൻ മുതൽ താഴെത്തട്ടുവരെ പ്രാദേശികമായി ഭരണകക്ഷിയുടെ അല്ലെങ്കിൽ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള പാർട്ടിയുടെ മാത്രം താല്പര്യം സംരക്ഷിക്കുന്നവരായി കേരളത്തിലെ പോലീസ് മാറുന്ന ആ ഒരു ദുര്യോഗത്തിൽ നിന്നും ഇനിയെങ്കിലും കേരളത്തിന് മോചനമുണ്ടാകണം. ഇവിടെ ഇന്ന് അതിന് കഴിയാത്ത സാഹചര്യമുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വ്യാപകമായി പെരുകുന്നുണ്ട്. ഞാൻ ഒരു ഗവൺമെന്റിനെക്കുറിച്ച് പറയുന്നതല്ല. കഴിഞ്ഞ അഞ്ച് കൊല്ലത്തെ കണക്കുകൾ പരിശോധിച്ചുനോക്കിയാൽ കുറ്റകൃത്യങ്ങൾ വ്യാപകമായി പെരുകിക്കൊണ്ടിരിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഗവൺമെന്റ് പറയുന്ന ന്യായം, കേരളത്തിൽ എല്ലാ കുറ്റകൃത്യങ്ങളും, കേസുകളും രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ് കുറ്റങ്ങളുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുന്നതായി ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പറയുന്നത് എന്നാണ്. അതിനോട് നമുക്ക് യോജിക്കാൻ നിവൃത്തിയില്ല. ഇന്ന് ജനങ്ങളെ സംബന്ധിച്ചിടത്തോളം നിയമപരമായ സംരക്ഷണം ലഭിക്കാത്ത സാഹചര്യം വരുന്നത് ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവൺമെന്റിനും ഭൂഷണമായ കാര്യമല്ല. ഞങ്ങൾ ഉന്നയിച്ച പോലീസ് ഇൻവെസ്റ്റിഗേഷന്റെ കാര്യം പ്രസക്തമാണ്. പ്രകാശ് സിംഗ്-ന്റെ കേസിലാണെങ്കിലും ജസ്റ്റിസ് കൃഷ്ണയ്യരുടെ ശുപാർശയിലാണെങ്കിലും പറയുന്നത് ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർതിരിക്കണമെന്നാണ്. ലാ ആന്റ് ഓർഡർ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ പോലീസിന്റെ കുറ്റാന്വേഷണ ചുമതല ഏൽപ്പിക്കുന്നത് ഒരിക്കലും കുറ്റാന്വേഷണം ഫലപ്രദമാകാൻ സഹായിക്കുന്നില്ല. ഈ നിയമത്തിൽപ്പോലും ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർതിരിക്കാനും അതുപോലെ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിലും വ്യക്തമായ വകുപ്പുകളില്ല. പോലീസിന് പരാതി നൽകുന്നത് സംബന്ധിച്ച ഒരു കാര്യം ഞാൻ സഭയിൽ പറയാം. പോലീസിന് എങ്ങനെ പരാതി കൊടുക്കണം?

1973-ലെ ക്രിമിനൽ നടപടി നിയമത്തിന് വിധേയമായി പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ, രേഖാമൂലമായോ, ആംഗ്യത്തിലൂടെയോ, അടയാളത്തിലൂടെയോ, അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണിക്കോ ആയ ഉപാധികളിലൂടെയോ നൽകാവുന്നതാണ്. പരാതി കൊടുക്കുമ്പോൾ അത് രജിസ്റ്റർ ചെയ്യണമെങ്കിൽ, പ്രസ്തുത പരാതി കള്ളപ്പേരിൽ അയച്ചതെന്നോ, പേര് വയ്ക്കാതെയെന്നോ, പ്രകടമായും അസത്യമായതെന്നോ, നിസ്സാരമെന്നോ, അർത്ഥശൂന്യമെന്നോ സംശയിക്കാൻ തക്ക കാരണമില്ലാത്തപക്ഷം രജിസ്റ്റർ ചെയ്യാം..നമ്മൾ ന്യായമായ ഒരു പരാതി പോലീസ് സ്റ്റേഷനിൽ കൊടുത്താൽ എസ്.എച്ച്.ഒ.ക്ക് ഈ പരാതി അസത്യമായതെന്നോ, നിസ്സാരമെന്നോ, അർത്ഥശൂന്യമെന്നോ, കള്ളപ്പേരിലയച്ചതെന്നോ സംശയിക്കാൻ കാരണമുണ്ടെങ്കിൽ ആ പരാതി രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ഇന്ന് പോലീസിന് പൂർണ്ണമായും നിഷ്പക്ഷമാകാൻ സാധിക്കുമോ? ഒരു പരാതിയുമായി സ്റ്റേഷനിലേയ്ക്ക് പോയാൽ ആ പരാതി രജിസ്റ്റർ ചെയ്യണമെങ്കിൽ തന്നെ പോലീസ് ഉദ്യോഗസ്ഥന്റെ വിവേചനാധികാരം തടസ്സമാകുന്നു. എങ്ങനെയാണ് ഒരു പരാതിയുമായി ചെല്ലുമ്പോൾ ഒരു പോലീസുകാരന് അത് അസത്യമായതെന്ന്, നിസ്സാരമെന്ന്, അർത്ഥശൂന്യമെന്ന് ബോദ്ധ്യപ്പെടുന്നത്? പ്രാഥമികമായ അന്വേഷണംപോലുമില്ലാതെ ആ ഉദ്യോഗസ്ഥന്റെ പ്രാഥമികമായ നിഗമനം മാത്രം മുൻനിർത്തി ഒരു കേസ് രജിസ്റ്റർ ചെയ്യാൻപോലും കഴിയില്ലെങ്കിൽ നിയമവാഴ്ച എവിടെപ്പോയി നിൽക്കും? ഞങ്ങൾ ഉന്നയിച്ച പ്രസക്തമായ കാര്യമതാണ്. അതായത് കേസ് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്തതിനുശേഷം അന്വേഷിച്ച് ആ കേസ്സിന് നിയമപരമായ പ്രാബല്യമില്ലെങ്കിൽ അത് ഉപേക്ഷിക്കണം. അതുപോലെ, പരിക്കിന്റെ കാര്യം, പോലീസ് കസ്റ്റഡിയിൽ മരണവും പരിക്കും കേരളത്തിൽ നിത്യസംഭവങ്ങളാണ്. സംഭവങ്ങളുടെ പേരൊന്നും പറയുന്നില്ല. ശാരീരികമായി പരിക്കേറ്റ അവസ്ഥയിൽ ഏതെങ്കിലും ആളിനെ പോലീസ് കസ്റ്റഡിയിൽ എടുക്കുമ്പോഴോ ഒരു പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ ബലപ്രയോഗം കൊണ്ട് ശരീരത്തിൽ പരിക്കേറ്റയാൾ പരിക്കിനെപ്പറ്റി പരാതിപ്പെടുമ്പോഴോ പരിക്ക് പറ്റിയകാര്യം പോലീസ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുമ്പോഴോ അത്തരം ആളിനെ ഏറ്റവും അടുത്തുള്ള യോഗ്യതയുള്ള മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രാക്ടീഷ്ണറുടെ മുമ്പാകെ കൊണ്ടുപോകേണ്ടതും ആ മെഡിക്കൽ പ്രാക്ടീഷ്ണർ പരിക്കിനെപ്പറ്റിയും അത് എങ്ങനെ സംഭവിച്ചു എന്നും അത് ആരാൽ ആണ് സംഭവിച്ചതെന്ന് രേഖപ്പെടുത്തേണ്ടതും ആവശ്യമായ ചികിത്സ നൽകേണ്ടതുമാണ്. പോലീസ് കസ്റ്റഡിയിൽ പരിക്കുണ്ടായിക്കഴിഞ്ഞാൽ ആദ്യം ചെയ്യേണ്ടത് ആ പ്രദേശത്ത് ആധികാരികതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിനെ അറിയിക്കണം. ഇവിടെ പറയുന്നത് അടുത്തുള്ള ഒരു ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷ്ണറെ ആ ആളിനെ കാണിച്ച് ആ ആളിന്റെ പരിക്ക് രേഖപ്പെടുത്തുകയും ആ ആളിന് ചികിത്സ കൊടുക്കുകയും വേണമെന്നാണ്. ആ ഘട്ടത്തിൽ ഈ പരിക്കിനെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നില്ല. ഇന്ന് പോലീസ് സ്റ്റേഷനിൽ വച്ച് ഒരാൾക്ക് പരിക്ക് പറ്റിയാൽ അതു സംബന്ധിച്ച വിവരങ്ങൾ എല്ലാം പോലീസുകാർ പൂഴ്ത്തിവയ്ക്കാൻ ശ്രമിക്കുന്നു. പാലക്കാട്ടെ ലോക്കപ്പ് മരണത്തിൽ ആരൊക്കെയാണ് പ്രതികളായത്? ഉന്നതരായ പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികളാണ്. സ്വാഭാവികമായും ഒരു പ്രതി കസ്റ്റഡിയിലിരിക്കുമ്പോൾ ഉണ്ടാകുന്ന പരിക്കുകൾ സംബന്ധിച്ച് ന്യായീകരണം നടത്താനേ പോലീസ് ശ്രമിക്കുകയുള്ളൂ. അങ്ങനെ ന്യായീകരണം കണ്ടെത്താൻ ശ്രമിക്കുന്ന പോലീസിന് ഈ പരിക്ക് സംബന്ധിച്ച് ഒരു മജിസ്ട്രേറ്റിനെ അറിയിക്കേണ്ട ആവശ്യമില്ല. പരിക്കുണ്ടായാൽ പോലീസ് ഉദ്യോഗസ്ഥൻ പരിക്കേറ്റ ആളിനെ ഒരു യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷ്ണറുടെ മുമ്പാകെ കൊണ്ടുപോകേണ്ടതും അയാളുടെ പരിക്കിനെപ്പറ്റി ആ ഡോക്ടർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ് എന്നാണ് പറയുന്നത്. ആ വ്യവസ്ഥയിൽ മാറ്റമുണ്ടാകണം. അതുപോലെ പോലീസിന്റെ എണ്ണത്തിലുണ്ടാകേണ്ട വർദ്ധനവ്. തമിഴ്നാട്ടിലും ആന്ധ്രയിലുമടക്കം മറ്റ് പല സംസ്ഥാനങ്ങളിലുമുള്ള പോലീസ് ഫോഴ്സിന്റെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ച് ആനുപാതികമായ വർദ്ധനവ് കേരളത്തിലില്ല. 500 ആളുകൾക്ക് ഒരു പോലീസുകാരനുണ്ടാകണം. 1982-ലാണ് അവസാനമായി പോലീസിന്റെ എണ്ണം നിശ്ചയിച്ചത്. ഇന്ന് പോലീസിന്റെ ജോലി വർദ്ധിച്ചു, പോലീസിന്റെ ചുമതല വർദ്ധിച്ചു. അതുപോലെ പോലീസിന്റെ എണ്ണം വർദ്ധിക്കുന്നില്ല. അതുകൊണ്ട് പോലീസിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നിയമത്തിലുണ്ടാകണം. എല്ലാ പഞ്ചായത്തിലും ഒരു പോലീസ് സ്റ്റേഷനുണ്ടാകണം. പോലീസിന്റെ ജോലിയും ചുമതലയും വർദ്ധിച്ച സാഹചര്യത്തിൽപ്പോലും, ഇന്ന് മൂന്നും നാലും പഞ്ചായത്താണ് ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്നത്. ഈ നിയമത്തിൽ പോലീസ് സ്റ്റേഷനുകളുടെ അതിർത്തി പുനർ നിർണ്ണയിക്കാൻ അധികാരമുണ്ടെങ്കിലും മൊത്തമായും ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ നൽകുകയും അതിൽ അതിർത്തി നിർണ്ണയിക്കാനുള്ള വ്യവസ്ഥ ഉണ്ടാകുകയും വേണം. പോലീസിന്റെ ഡ്യൂട്ടി 8 മണിക്കൂറായി നിജപ്പെടുത്തുന്ന കാര്യം പ്രധാനമാണ്. പോലീസുകാരും മനുഷ്യരാണ്. ഇന്ന് പലപ്പോഴും പല സാഹചര്യങ്ങളിലും പോലീസുകാർ 24 മണിക്കൂർ വരെ തുടർച്ചയായി ജോലിചെയ്യാൻ നിർബന്ധിതരാണ്. അവർക്ക് പരാതിപ്പെടാൻ സാഹചര്യമില്ല. തൊഴിൽ ചെയ്യുന്ന എല്ലാ ആളുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

8 മണിക്കൂർ ജോലി എന്ന് പറയുന്നത് വ്യവസ്ഥാപിതമായ ഒരു നിയമമാണ്. പക്ഷെ കേരളത്തിലെ പോലീസിന് മാത്രം ആ നിയമം ബാധകമല്ല. ഞങ്ങളുടെ വിയോജനകുറിപ്പിൽ പോലീസ് സേനയ്ക്ക് നിർബന്ധമായും 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിക്കണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 8 മണിക്കൂർ ഡ്യൂട്ടി കഴിഞ്ഞ് വീണ്ടും ജോലി ചെയ്യേണ്ടി വന്നാൽ അതിന് ആവശ്യമായ അലവൻസോ പ്രത്യേകമായ സൗകര്യങ്ങളോ ചെയ്തുകൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രി സെലക്ട് കമ്മിറ്റിയിൽ പറഞ്ഞത്, കേരളത്തിൽ ഏതാണ്ട് 50 ഓളം പോലീസ് സ്റ്റേഷനുകളിൽ ഇന്ന് 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ട് എന്നാണ്. പക്ഷെ അവിടെപ്പോലും ഡ്യൂട്ടി നിജപ്പെടുത്തിയിട്ടില്ല. 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിച്ച പോലീസ് സ്റ്റേഷനുകളിൽ പോലും 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടി വന്നാൽ അവർക്ക് ആനുകൂല്യം കൊടുക്കുന്നില്ല. അവിടെയും നിയമപരമായ പ്രാബല്യം ഇന്നില്ല. അതിനു മുൻപ് ഇവിടെ ചൂണ്ടിക്കാണിച്ച 845-ാമത്തെ ഭേദഗതിപ്രകാരം, വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ ട്രെയിനിംഗ് പീരീഡ് ഡ്യൂട്ടിയായി കണക്കാക്കും എന്നാണ്. 2005-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ച അവസരത്തിൽ അന്ന് പോലീസിന്റെ ട്രെയിനിംഗ് പീരീഡ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിന്റെ ഭാഗമായി 2 ഇൻക്രിമെന്റ് കൊടുക്കാമെന്ന് പ്രഖ്യാപിച്ചു. അന്ന് കേരളത്തിലെ പോലീസ് അസോസിയേഷൻ അത് അംഗീകരിച്ചില്ല. ട്രെയിനിംഗ് പീരീഡ് കണക്കാക്കി ഡ്യൂട്ടി നിശ്ചയിക്കാനുണ്ടായ കാലതാമസംമൂലമാണ് രണ്ട് ഇൻക്രിമെന്റ് പ്രഖ്യാപിച്ചത്. അന്ന് അസോസിയേഷൻ അംഗീകരിക്കാത്തതുകൊണ്ട് ആ വ്യവസ്ഥ നടപ്പിലാക്കാൻ സാധിച്ചില്ല. പക്ഷെ വൈകിയാണെങ്കിലും ഇപ്പോൾ ട്രെയിനിംഗ് പീരീഡ് ഡ്യൂട്ടിയായി പരിഗണിക്കുമെന്നു പറയുന്നത് സ്വാഗതാർഹമായ കാര്യമാണ്, പക്ഷെ അത് സമയബന്ധിതമായി ചെയ്യാനുള്ള നടപടിയുണ്ടാകണം. പൊതുവായി സെലക്ട് കമ്മിറ്റിയിൽ വന്ന പല നിർദ്ദേശങ്ങളും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷെ മൗലികമായി ഈ നിയമത്തിന് ആധാരമായ ശുപാർശകളിൽ മാറ്റം വരുത്തിയിട്ടില്ല. അതുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇവിടെ പോലീസിനെ ആധുനികവത്കരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 1961-ൽ ഉണ്ടായ പോലീസ് നിയമത്തിന് മാറ്റം വരുത്താനുള്ള നീക്കം നടക്കുന്നത്. ആ നീക്കത്തെ ഞാൻ 100 % അംഗീകരിക്കുന്നു. പക്ഷെ ആ നീക്കം നടക്കുമ്പോൾ 1961-ന് ശേഷം എത്രയോ വർഷക്കാലം പിന്നിട്ടശേഷമാണ് നമ്മൾ പുതിയ നിയമം നടപ്പാക്കുന്നതിനുവേണ്ടി ആലോചിക്കുന്നതും അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പോകുന്നതും. കാലത്തിനൊത്ത് ഈ നിയമം നമുക്ക് പരിഷ്കരിച്ചെടുക്കാൻ കഴിയണം. 1960-ലെ പോലീസ് നിയമത്തിൽ എന്തെങ്കിലും മാറ്റമുണ്ടാക്കി എന്ന് പറഞ്ഞാലും നമ്മുടെ ഈ കാലഘട്ടത്തിനൊത്തവിധത്തിൽ, പ്രശ്നങ്ങളെ നേരിടത്തക്കവിധത്തിൽ ഈ നിയമം അങ്ങനെ പ്രാപ്തമാകുന്നില്ല എന്നുള്ളതാണ് എന്റെ പൊതുവിമർശനം. അതുകൊണ്ട് പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly

ആധുനികവത്ക്കരിക്കുന്നതിനുവേണ്ടി കുറച്ചുകൂടി വിപുലമായ കാഴ്ചപ്പാടോടുകൂടിയ ഒരു സമീപനമുണ്ടാകണം. 4-ാം വകുപ്പിൽ പോലീസിന്റെ ചുമതലകളെക്കുറിച്ച് പറയുന്നുണ്ട്. പക്ഷപാതം കൂടാതെ നിയമം ഉയർത്തിപ്പിടിക്കുകയും എന്നാണ് ബില്ലിൽ പറയുന്നത്. നിയമം ഉയർത്തിപ്പിടിക്കുന്ന കേരളാ പോലീസിന്റെ ഇപ്പോഴത്തെ സ്ഥിതി നമുക്ക് അറിയില്ലേ? അതുകൊണ്ട് പക്ഷഭേദമില്ലാതെ നിയമം ഉയർത്തിപ്പിടിക്കുകയല്ല വേണ്ടത് നിയമം നടപ്പാക്കുകയാണ് വേണ്ടത്. ആ നിയമം നടപ്പാക്കുന്നതിനുവേണ്ടി പ്രാപ്തമായ രൂപത്തിൽ പോലീസിനെ ശാക്തീകരിക്കണം. പക്ഷേ ദൗർഭാഗ്യവശാൽ ആ നിയമം നടപ്പാക്കുന്ന കാര്യം മാത്രം നടക്കുന്നില്ല എന്നുള്ളതാണ് എന്റെ മറ്റൊരു വിമർശനം. അതിൽതന്നെ രാഷ്ട്രത്തിന്റെ ആഭ്യന്തര സുരക്ഷ കാത്തുസൂക്ഷിക്കുവാനോ ഭീകരപ്രവർത്തനങ്ങളും വർഗ്ഗീയ അക്രമങ്ങളും എന്നു പറയുന്നുണ്ട്. വർഗ്ഗീയ അക്രമം മാത്രമല്ല അക്രമം, രാഷ്ട്രീയ അക്രമവും അക്രമം തന്നെയാണ്. വർഗ്ഗീയ അക്രമത്തെ നേരിടുന്നതോടുകൂടി പോലീസിന്റെ എല്ലാ കർത്തവ്യങ്ങളും പൂർത്തിയായി എന്നൊരു സങ്കല്പത്തിൽ എത്താൻ നമുക്ക് കഴിയില്ല. ഏത് തരം അക്രമമുണ്ടായാലും, അതിന്റെ രൂപം ഏതായാലും ശരി, ഏത് തരം അക്രമത്തേയും കലാപത്തേയും അടിച്ചമർത്തുന്നതിനുവേണ്ടിയുള്ള ഒരു ശക്തിയായി നമുക്ക് പോലീസിനെ കൊണ്ടുപോകണം. കുറ്റകൃത്യങ്ങൾ അവരുടെ കഴിവിന്റെ പരമാവധി തടയുക എന്ന് പറയുന്നുണ്ട്; അത് എന്ത് ഏർപ്പാടാണ്? ഒരു കുറ്റകൃത്യം തടയുന്നതിന് കഴിവിന്റെ പരമാവധി. അപ്പോൾ കുറ്റകൃത്യം നടക്കുന്ന സംഭവസ്ഥലത്ത് പോലീസ് ഉദ്യോഗസ്ഥന്റെ കഴിവിന്റെ ലിമിറ്റാണ് അത് തടയുന്നതിന് വേണ്ടിയുള്ള പരിധിയായി വരുന്നത്. അങ്ങനെ ചെയ്യാൻ പറ്റുമോ? കുറ്റകൃത്യം തടയുന്നതിനുവേണ്ടി ഒരു നിയമം നടപ്പാക്കുമ്പോൾ കുറ്റകൃത്യം ചെയ്യുന്നതിൽ നിന്ന് അവരെ തടയുക എന്നുള്ളതാണ് അവരുടെ കർത്തവ്യം. അത് കഴിവിന്റെ പരമാവധി എന്ന് പറഞ്ഞ് ആ കർത്തവ്യത്തെ ലിമിറ്റ് ചെയ്യുന്നത് ഈ നിയമത്തെ തന്നെ ലിമിറ്റ് ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ട് ആ കുറ്റകൃത്യം തടയുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഉണ്ടാകേണ്ടത്. ആധികാര ക്ഷമതയുള്ള സ്ഥാപനങ്ങളുടേയും മേൽ ഉദ്യോഗസ്ഥരുടേയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുകയും നടപ്പാക്കുകയും ചെയ്യണം. അപ്പോൾ ആ ഡിസ്ക്രീഷൻ ആർക്കാണ് പോകുക? ഒരു ഉത്തരവ് നിയമാനുസൃതമാണോ അല്ലയോ? ലാത്തിച്ചാർജ് നടക്കുന്ന ഒരു സന്ദർഭം, അങ്ങനെ വളരെ സെൻസിറ്റീവായ സന്ദർഭത്തിൽ ഒരു ഉത്തരവ് വന്നാൽ, ആ സ്ഥലത്ത് ഇത് ഇംപ്ലിമെന്റ് ചെയ്യാനിരിക്കുന്ന എക്സിക്യൂട്ടീവ് ഓഫീസർ, അത് ശരിയോ തെറ്റോ എന്ന് നോക്കാതെ ആ ഇഷ്യു സോൾവ് ചെയ്യണം. അതിനുശേഷം പ്രശ്നപരിഹാരം വേണമെന്നുണ്ടെങ്കിൽ വേറെ മാർഗ്ഗം നോക്കണം. അടിയന്തിരമായി നടപടിസ്വീകരിക്കുന്നതിൽ നിന്ന് പോലീസിന്റെ കൈയ്ക്ക് കൂച്ച് വിലങ്ങ് ഇടുന്ന നിബന്ധനകൾ ഈ നിയമത്തിനകത്ത് വച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ പോലീസിനെ നിയന്ത്രിക്കത്തക്കവിധത്തിലുള്ള നടപടിയിലേയ്ക്ക് പോകരുത്. അതുകൊണ്ട് കാര്യക്ഷമതയുള്ള ആധികാരിക സ്ഥാപനങ്ങളുടേയും മേൽ ഉദ്യോഗസ്ഥന്മാരുടേയും

LIBRARY ARCHIVES Kerala Legislative Assembly

നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുക അതിനുശേഷം നിയമാനുസൃതമല്ലെങ്കിൽ നിയമാനുസൃതമല്ലാത്ത ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥനുമേൽ നടപടി എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പോകുക; അതല്ലാതെ at the point of time ഇത് നിയമാനുസൃതമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം, ഡിസ്ക്രീഷ്ണറി പവർ അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള പോലീസ് ഉദ്യോഗസ്ഥന് കൈമാറ്റം ചെയ്യുന്നത് ഈ നിയമത്തെ തന്നെ വികലമാക്കി മാറ്റും. അതുകൊണ്ട് ആ നിയമം നടപ്പാക്കുന്നതിന് ഇത് തടസ്സമുണ്ടാകും എന്ന് തന്നെയാണ് എന്റെ വിശ്വാസം. ഇവിടെ അദ്ധ്യായം (3)-ൽ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലുണ്ടാകേണ്ട സൗകര്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ആ പോലീസ് സ്റ്റേഷനിലെ സൗകര്യങ്ങൾ പൂർണ്ണമായും നടപ്പാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ നിയമം പാസ്സായാൽ കേരളത്തിലെ ഒട്ടുമിക്ക പോലീസ് സ്റ്റേഷനുകളും പൂട്ടേണ്ടി വരും. ഇതിലെ രണ്ടാംവകുപ്പിലെ ആറാം ക്ലാസ്സിൽ, രണ്ടാം ഉപവകുപ്പിൽ പറയുന്ന ജോലി സ്ഥലത്തിന് മിതമായ സ്ഥലം, മതിയായ അടിസ്ഥാന സൗകര്യങ്ങൾ, പൊതുജനങ്ങൾക്കായി വേണ്ടത്ര സൗകര്യം കൊടുക്കുക, പൊതുജനങ്ങൾക്കാവശ്യമായ സ്വീകരണ സ്ഥലം, കസ്റ്റഡിയിലുള്ള സാധനങ്ങളും ഔദ്യോഗിക സാധനങ്ങളും വെടികോപ്പുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള മതിയായ സംഭരണ സ്ഥലം, ജീവനക്കാർക്കും സന്ദർശകർക്കും കസ്റ്റഡിയിലുള്ളവർക്കും വാഷ് റൂമും ടോയ്‌ലറ്റുകളും ഉൾപ്പെടെയുള്ള പാരസംബന്ധിയായ സൗകര്യങ്ങൾക്കുവേണ്ടിയുള്ള മതിയായ സ്ഥലം, കസ്റ്റഡിയിൽ സൂക്ഷിക്കുവാനുള്ള മതിയായ സൗകര്യങ്ങൾ, റെക്കോർഡ് റൂം, ഉചിതമായ ആശയവിനിമയ സൗകര്യങ്ങൾ, മതിയായ സഞ്ചാര സൗകര്യം, പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻമാർ പറഞ്ഞതൽപ്പിച്ചിരിക്കുന്ന......ഇങ്ങനെ തുടങ്ങി പല കാര്യങ്ങളും പറയുന്നുണ്ട്. എനിക്ക് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കാനുണ്ട് ഈ രണ്ടാം വകുപ്പ് നടപ്പാക്കിയാൽ കേരളത്തിൽ എത്ര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കും? എല്ലാം പൂട്ടേണ്ടിവരും.അപ്പോൾ നടപ്പാക്കാൻ പറ്റാത്ത കാര്യങ്ങൾ, നടപ്പാകില്ലായെന്ന പൂർണ്ണബോധ്യത്തോടുകൂടി ഈ വകുപ്പിനകത്ത് എഴുതിവയ്ക്കുന്നത് ഒരു പബ്ലിസിറ്റി സ്റ്റണ്ട് എന്നുള്ളതല്ലാതെ ഈ നിയമത്തെ ലവലേശം ബാധിക്കില്ലായെന്നുള്ള യാഥാർത്ഥ്യം നിൽക്കുകയല്ലേ. നമ്മുടെ പോലീസ് സ്റ്റേഷനുകളിലെ ഇപ്പോഴത്തെ അവസ്ഥയൊക്കെ പറഞ്ഞാൽ വളരെ ദയനീയമാണെന്നുള്ളത് ഈ സമൂഹത്തിന്റെ പൊതുവായ അഭിപ്രായമാണ്. അതുകൊണ്ട് അപ്രായോഗികമായ കാര്യങ്ങൾ നമ്മുടെ ഈ നിയമത്തിനകത്ത് എഴുതിവച്ച് ഈ പ്രശ്നങ്ങളെ കൂടുതൽ വിപുലീകരിക്കുന്നതിനും ഈ നിയമത്തെ അർത്ഥവത്തല്ലാതാക്കുന്നതിനും വേണ്ടിയുള്ള ഒഫിഷ്യലായ നീക്കം ഉണ്ടാകരുതെന്നാണ് ഞാൻ പറയുന്നത്. പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്ക് അവകാശമുണ്ടാകണം. പക്ഷേ ഇടതുകാൽ വച്ചുപോയാലും വലതുകാൽ വച്ചുപോയാലും പോലീസ് സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾക്ക് കിട്ടുന്ന ദുരനുഭവങ്ങൾ അങ്ങാടിപ്പാട്ടാണ്. ഇടതുകാൽ വച്ചുപോയാലുള്ള അവസ്ഥയെപ്പറ്റി അങ്ങ് പ്രതിപക്ഷത്തിരുന്നപ്പോൾ പറഞ്ഞതാണ്. അന്ന് നടത്തിയ ഒരു വിമർശനം, ഇടതുകാൽവച്ച് വന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

നീ നാശത്തിന് വന്നതാണോയെന്ന് ചോദിച്ച് ഇടിക്കും. വലതുകാൽ വച്ചുവന്നാൽ നീ ഇവിടെ സുഖതാമസത്തിനുവേണ്ടി വന്നതാണോ, വീടുകയറി താമസിക്കാൻ വന്നതാണോയെന്ന് ചോദിച്ച് ഇടിക്കും. എന്തായാലും ഇടി, നടയടി. അങ്ങനെയുള്ള പീഡനങ്ങൾ വരുമ്പോൾ നമ്മുടെ പൗരൻമാർക്കുള്ള അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി നിയമപരമായ എന്ത് പിന്തുണയാണുള്ളത്. അത് കിട്ടുന്നില്ലായെന്ന് ഇരിക്കട്ടെ. എന്താണ് അതിന്റെ ശിക്ഷാവിധി? അവർക്കെതിരെ എന്ത് നടപടിയാണ് എടുക്കേണ്ടത്? ഒരു നടപടിയും എടുക്കാൻ കഴിയില്ല. ഇതൊക്കെ നമ്മൾ പൊതുവായി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ, ഒരു ലേഖനം വായിക്കുന്നതുപോലെയോ, ഒരു നോവൽ വായിക്കുന്നതുപോലെയോ ആസ്വാദ്യകരമായി നമുക്ക് വായിച്ചിരിക്കാമെന്നുള്ളതല്ലാതെ കേരളത്തിലെ പോലീസ് സ്റ്റേഷനിൽ ഇതൊന്നും നടക്കില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കസ്റ്റഡിയിലുള്ള ആളുകൾക്കുവേണ്ടിയുള്ള വിഹിതം നൽകണമെന്നാണ് ഒൻപതാം വകുപ്പിനകത്ത് പറഞ്ഞിട്ടുള്ളത്. ആരുടെ വിഹിതം? പോലീസുകാർക്ക് കിട്ടുന്നതിന്റെ ബാക്കി വിഹിതമാണോ? എന്ത് വിഹിതമാണ് കസ്റ്റഡിയിലുള്ള ആളുകൾക്ക് കൊടുക്കുന്നത്? അതുകൊണ്ട് ദയവായി ആ പദം ഒഴിവാക്കണം. പോലീസുകാർക്കുതന്നെ അത് ക്ഷീണമാണ്, അവർക്ക് വിഹിതം കൊടുക്കണമെന്നുപറഞ്ഞാൽ .... (ബഹളം)................ എന്ത് ചെലവാണ്?

<u>ശ്രീ. മാത്യു ടി. തോമസ്</u>: അങ്ങ് നാലാം വകുപ്പിനെ സംബന്ധിച്ച് പറഞ്ഞു. നിയമം ഉയർത്തിപ്പിടിക്കുകയെന്ന് എഴുതിയിരിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. നാല് (എ)-ൽ പറയുന്നത് പക്ഷഭേദം കൂടാതെ നിയമം നടപ്പിലാക്കുകയെന്നുതന്നെയാണ്. അതുപോലെതന്നെയാണ് ഇപ്പോൾ അങ്ങുപറഞ്ഞ ഒൻപതാം വകുപ്പ്. കസ്റ്റഡിയിലുള്ള ആളുകൾക്ക് വിഹിതം നൽകണമെന്നല്ല ചെലവ് നൽകണമെന്നാണ്. അങ്ങ് ക്വാട്ട് ചെയ്യുന്നത് സെലക്ട് കമ്മിറ്റിയിൽ പോകുന്നതിനുമുമ്പുള്ള നിയമമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇത് 2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുമാണ്. ആ ഒൻപതിനകത്ത് താഴോട്ടുള്ള ഭാഗത്തോട്ടാണ് ഞാൻ വരുന്നത്. അങ്ങ് പറഞ്ഞ ചെലവ് എന്നുപറയുന്നത് ഞാൻ സമ്മതിക്കുന്നു. മറ്റേ പുസ്തകം എന്റെ കയ്യിലിരിക്കുകയാണ്. അതാണ് ഇവിടെ പാസ്സാക്കിയത്. ഇത് പാസ്സാക്കിയത് കൂടാതെ നമുക്ക് തന്നിട്ടുള്ള ഡ്രാഫ്റ്റ് വേറെയും ഇരിപ്പുണ്ട്. അതൊക്കെ അവിടെ ഇരിക്കട്ടെ. ഇതൊക്കെ ചില്ലുകച്ചവടക്കാർ മാടക്കടവിൽ വിതരണം ചെയ്യുന്നതുപോലെ ഞാൻ ഇത് ഇവിടെ വിശദീകരിക്കേണ്ടതില്ല എന്നുള്ളതുകൊണ്ട് അതെടുക്കുന്നില്ല. പക്ഷേ ഇവിടെ പറഞ്ഞിട്ടുള്ളത് ചെലവ് എന്നാണ്. സംസ്ഥാന പോലീസ് മേധാവിക്ക് പ്രതിമാസം...... അതാണ് വരുത്തിയിരിക്കുന്ന മാറ്റം. ....ഭക്ഷണം, വെള്ളം, മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവയ്ക്കായി അവിദഗ്ധത്തൊഴിലാളിക്ക് തൽസമയം നിലവിലുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനത്തിന്റെ പകുതി എന്നുള്ള നിലയിൽ പ്രതിമാസം അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നതാണ് . യഥാർത്ഥത്തിൽ പോലീസ് സ്റ്റേഷനിൽ പോകുന്നത് അവിദഗ്ദ്ധത്തൊഴിലാളി ഒന്നുമല്ല വിദഗ്ദ്ധത്തൊഴിലാളിയാണ്. നല്ല വിദഗ്ദ്ധമായി ചീട്ടുകളിക്കുന്നവൻ, കവർച്ച നടത്തുന്നവൻ, കൊലപാതകം നടത്തുന്നവൻ അതുകൊണ്ട് അവിദഗ്ദ്ധത്തൊഴിലാളി ഒന്നുമല്ല വിദഗ്ദ്ധത്തൊഴിലാളി തന്നെയാണ്. പക്ഷെ അവനെ നമുക്ക് അംഗീകരിക്കുവാൻ പറ്റുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അവർക്ക് പ്രതിമാസം വേതനം കൊടുക്കണമെന്ന് പറഞ്ഞാൽ അവരെ കുറേമാസക്കാലത്തേക്ക് ഇവിടെ സൂക്ഷിക്കുമെന്നുള്ള വ്യംഗ്യാർത്ഥം അതിൽ നിൽക്കുകയല്ലേ? ശ്രീ. മാത്യു ടി. തോമസ്, അവിടെയാണ് എന്റെ പോയിന്റ്. അവർക്ക് പ്രതിമാസ വേതനം കൊടുക്കണമെന്ന് പറയുന്നുണ്ട്. എന്നു പറഞ്ഞ് അങ്ങനെ പ്രതിമാസം അവരെ കസ്റ്റഡിയിൽ സൂക്ഷിക്കാൻ കഴിയുകയില്ല, അല്ലെങ്കിൽ അവരെ റിമാൻഡിൽ വിടണം, ജുഡീഷ്യൽ കസ്റ്റഡിയിൽ വാങ്ങിക്കണം, അതല്ലാതെ ശാശ്വതമായി പോലീസ് സെല്ലിൽ നിലനിർത്താൻ കഴിയില്ല. 24 മണിക്കൂറിനപ്പുറത്തേക്ക് ഒരു പോലീസ് സെല്ലിനകത്ത് ഒരു പ്രതിയെ വയ്ക്കാൻ പോലീസുകാർക്ക് അധികാരമില്ല. തൊട്ടടുത്ത മജിസ്ട്രേറ്റിന് മുന്നിൽ പ്രതിയെ ഹാജരാക്കണം.

ശ്രീ. കെ. ബാബു: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് 24 മണിക്കൂറിൽ കൂടുതൽ ഒരു പ്രതിയേയും കസ്റ്റഡിയിൽ വയ്ക്കാൻ അധികാരമില്ലായെന്നാണ്. സാധാരണ പോലീസ് ചെയ്യുന്നത് അറസ്റ്റ് റെക്കോർഡ് ചെയ്യില്ല. എത്ര ദിവസം വേണമെങ്കിലും കസ്റ്റഡിയിൽ വയ്ക്കും. അങ്ങനെയല്ലേ ചെയ്യുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് ശരിയാണ്. അതുകൊണ്ട് നിയമവിരുദ്ധമായ പ്രവർത്തനത്തിന് കസ്റ്റഡിയിലെടുത്ത ആൾക്ക് പ്രതിമാസ വേതനം കൊടുക്കണമെന്നാണ് എഴുതിവച്ചിരിക്കുന്നത്. അപ്പോൾ ചുരുക്കിപ്പറഞ്ഞാൽ നിയമപരമായി അവരെ കോടതിയുടെ മുമ്പിൽ ഹാജരാക്കാതെ പോലീസ് സ്റ്റേഷനിൽതന്നെ നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു സൂചന ഇതിനകത്ത് നിലനിൽക്കുകയാണ്. ലോക്കപ്പിൽ അവരെ നിയമപരമായി സൂക്ഷിക്കാൻ പറ്റുകയില്ല. ദീർഘകാലം ഒരു പ്രതിയെ ലോക്കപ്പിൽ ഇന്നത്തെ സാഹചര്യത്തിൽ സൂക്ഷിക്കുന്നത് അപകടകരമാണ് എന്നുള്ള ഭാഗം നിൽക്കുകയാണ്. പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കുറച്ചു കാലം കിടത്തിയ ആളുകൾ അവസാനം സെല്ലുതന്നെ കുത്തിപ്പൊളിച്ച് അവിടെ നിന്ന് ചാടിപ്പോയി. അതുകൊണ്ട് പോലീസ് സെല്ലിനകത്തുതന്നെ ഇവരെ ദീർഘകാലം സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കരുത്. 24 മണിക്കൂറിനുള്ളിൽ അവരെ മജിസ്ട്രേറ്റിന് മുമ്പിൽ ഹാജരാക്കണമെന്നുള്ള നിയമത്തെ ലംഘിക്കാൻ നമുക്ക് കഴിയില്ല. അങ്ങനെ വന്നാൽ ഈ പ്രതിമാസ അലവൻസ് അവർക്ക് കൊടുക്കേണ്ട ആവശ്യമില്ല. ഇക്കാര്യം നിയമത്തിന്റെ ഭാഗമായി വയ്ക്കേണ്ട കാര്യവുമില്ല. അതുകൊണ്ട് ഈ ഭാഗം ഒഴിവാക്കണം. ഒഴിവാക്കുന്നതിനുവേണ്ടി തീരുമാനമെടുക്കണമെന്നുതന്നെയാണ് എന്റെ അഭ്യർത്ഥന. ബില്ലിലെ 11-ാം പേജിൽ ഖണ്ഡം-3, ഖണ്ഡം-4 പക്ഷഭേദം കൂടാതെ നിയമം നടപ്പാക്കുക എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. പോലീസിൽ പക്ഷഭേദം കൂടാതെ നിയമം നടപ്പാക്കുമോ? ശ്രീ. കെ. സി. ജോസഫ് പറഞ്ഞ ഒരു കാര്യം ഞാൻ ആവർത്തിക്കുകയാണ്. ഇവിടെ പോലീസല്ല പ്രശ്നം. പോലീസിനെ നിയന്ത്രിക്കുന്നവരാണ് പ്രശ്നം. പോലീസ് പലപ്പോഴും മര്യാദക്കാരായി നിൽക്കണമെന്ന് ആഗ്രഹിക്കും. കാരണം അവരുടെ കാലഘട്ടത്തിൽ എത്രയോ ഗവൺമെന്റുകളെ കാണേണ്ടി വരും. അതുകൊണ്ട് പോലീസുകാർ എത്ര നിഷ്പക്ഷമായി നിന്നാലും ശരി അവരെക്കൊണ്ട് ഈ പണി ചെയ്യിപ്പിക്കുന്ന ഒരു കുബുദ്ധി ഇതിന്റെ പുറകിലുണ്ട്. അവരാണ് പോലീസുകാരെ നിയമിക്കുന്നതിനുവേണ്ടി, പോസ്റ്റ് ചെയ്യിപ്പിക്കുന്നതിനുവേണ്ടി, ശ്രമിക്കുന്ന ആൾ. ആഭ്യന്തര വകുപ്പുമന്ത്രി ഏറ്റവും നന്നായി കേരളത്തിലെ പോലീസ് ഭരണം കൊണ്ടു പോകണമെന്ന് ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. ഈ സംസ്ഥാനത്ത് തൃപ്തികരമായ ഒരു ആഭ്യന്തര സാഹചര്യം ഉണ്ടാകണമെന്നുള്ള ചിന്തയോടു കൂടി ഭംഗിയായി ഈ ഭരണം കൊണ്ടുപോകണമെന്ന് അങ്ങേക്ക് വേണമെങ്കിൽ ആഗ്രഹിക്കാം. പക്ഷേ കേരള സംസ്ഥാനത്തിലെ 14 ആഭ്യന്തര വകുപ്പുമന്ത്രിമാർ 14 ജില്ലകളിൽ നിൽക്കുകയാണ്. അവിടെയാണ് പ്രശ്നം. അവർ എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്റർ ഓഫ് പവ്വറാണ്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇതാരാണ് എന്ന് ചോദിച്ചാൽ ശ്രീ. പി. ജയരാജൻ തന്നെ ഒരു എക്സ്ട്രാ കോൺസ്റ്റിറ്റ്യൂണൽ സെന്റർ ഓഫ് പവ്വർ ആണ്. അര ആഭ്യന്തര വകുപ്പുമന്ത്രിയാണ് അദ്ദേഹം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. ജയരാജൻ : സർ, ഞാൻ ഒരിക്കലും എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ ഏജൻസിയുടെ ആളല്ല. ഞാൻ നിയമസഭാംഗമാണ്. നിയമസഭാ അംഗമായിട്ടുള്ള എന്നെ ഇങ്ങനെ ആക്ഷേപിക്കുന്നത് ശരിയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നിയമസഭാംഗം എന്ന നിലയിൽ അങ്ങേക്ക് ഒരു ഡ്യൂട്ടിയുണ്ട്. അത് ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഡ്യൂട്ടി അല്ല. ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഡ്യൂട്ടിയിലേക്ക് അങ്ങ് പ്രവേശിച്ചാൽ അങ്ങ് എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്റർ ഓഫ് പവ്വർ ആണ്. അതുപോലെ തന്നെ ചില എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്റർ ഓഫ് പവ്വർ ഇപ്പോൾ ഞരമ്പ് രോഗത്തിനുള്ള ചികിത്സയിലാണ്. ഞാൻ പറഞ്ഞത് അങ്ങനെയുള്ള ആളുകളാണ് നമ്മുടെ സംസ്ഥാനത്ത് ഈ ഭരണകൂടത്തെ വഷളാക്കുന്നത്. പോലീസിനെ നിയന്ത്രിക്കുന്നത്. അവരുടെ കൈയിലേയ്ക്ക് പോലീസിന്റെ നിയന്ത്രണം പോകാതിരിക്കുന്നതിന് ഈ നിയമത്തിന്റെ നാല് അതിരുകൾക്കകത്ത് നോക്കിയിട്ട് ഒരു മാർഗ്ഗവും കാണുന്നില്ല. അവിടെയാണ് ശ്രീ. എ.കെ. ആന്റണി എടുത്ത നയത്തെക്കുറിച്ച് ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് നമ്മുടെ ഇന്റർഫിയറൻസാണ് പ്രധാനപ്പെട്ട പ്രശ്നം. നമ്മൾ ഒരാളിനെ പോസ്റ്റ് ചെയ്യിപ്പിച്ചുവക്കുക. ആ ആളിനെക്കൊണ്ട് ചെയ്യിക്കാവുന്ന എല്ലാ പണികളും ചെയ്യിക്കുക. എന്നിട്ട് ആ ആളിനെ നിയന്ത്രിക്കുന്ന ഒരു റിമോട്ട് കൺട്രോളായി ഇപ്പുറത്ത് നിൽക്കുക. നിയമത്തിന് മുമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരെ പിടിക്കാൻ ഒരു നിവൃത്തിയുമില്ല. അവിടെ നടക്കുന്ന എല്ലാ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും, കേന്ദ്രീകൃതമായ ആസൂത്രിതമായ നടപടികൾക്കും അവർ നേതൃത്വം കൊടുക്കുകയാണ്. നിയമത്തിന് പുറത്തുള്ള ഈ എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്ററിനെ നമുക്ക് എങ്ങനെ നിയന്ത്രിക്കാൻ കഴിയും? അതാണ് പ്രധാനപ്പെട്ട പ്രശ്നം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യത്തെക്കുറിച്ച് വളരെ ഉയർന്ന് ചിന്തിക്കണം. ഞാൻ പറഞ്ഞു എന്നുള്ളതുകൊണ്ട് ഒരു പ്രതിപക്ഷ വിമർശനമായി അതിനെ തള്ളിക്കളയരുത്. അത് നമ്മുടെ ക്വാളിറ്റിയെ ബാധിക്കുന്ന പ്രശ്നമാണ്. കേരളത്തിലെ പോലീസിന്റെ ക്വാളിറ്റിയെ അത് ബാധിക്കരുത്. കാരണം കേരളത്തിലെ പോലീസ് ഉന്നതമായി പോകേണ്ടതാണ്. കേരളത്തിലെ പോലീസ് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും വിശ്വാസം ആർജിച്ചുകൊണ്ട് മുന്നോട്ടു പോകേണ്ടതാണ്. കേരളത്തിലെ പോലീസിനെ സ്വതന്ത്രമായ ഒരു രൂപത്തിലേയ്ക്ക് വിടുന്നതിനും പോലീസിന്റെ പ്രവർത്തനങ്ങളും ചുമതലകളും ഭംഗിയായി നിർവ്വഹിക്കുന്നതിനുംവേണ്ടി അവരെ നമ്മൾ സഹായിക്കുകയും ചെയ്യണം. നമ്മുടെ ഡി.ജി.പി.യ്ക്കുള്ള അധികാരങ്ങൾ, ഡി.ജി.പി. വ്യക്തിഗതമായി ആ വിമർശനത്തെ എടുക്കരുത്. വ്യക്തിഗതമായി പറഞ്ഞാൽ ഇപ്പോഴിരിക്കുന്ന ഡി.ജി.പി.യെ കുറിച്ച് എനിക്ക് ഇഷ്ടം തന്നെയാണ്. സംശയമൊന്നുമില്ല. പക്ഷേ വ്യക്തികളൊക്കെ മാറി വരികയില്ലേ? ഡി.ജി.പി. തീരുമാനിച്ചാൽ എന്തും ചെയ്യാൻ പറ്റത്തക്കവിധത്തിൽ നിയമത്തിനകത്ത് ചില വ്യവസ്ഥകളുണ്ട്. അത് ശരിയല്ല, അതിൽ മാറ്റം വരുത്തണം. ചില നിബന്ധനകൾ അതിൽ ഉണ്ടാകണം. ചില ചങ്ങലകൾ അതിലുണ്ടാകണം, നിയന്ത്രണവിധേയമായി മാത്രമേ അതൊക്കെ ചെയ്യാവൂ. ഇപ്പോൾ സ്പെഷ്യൽ പോലീസ് സ്റ്റേഷൻ നമുക്ക് ഉണ്ടാക്കാൻ കഴിയും. ഒരു പോലീസ് സ്റ്റേഷന്റെ അതിർത്തിയ്ക്കുള്ളിൽ മറ്റൊരു പോലീസ് സ്റ്റേഷൻ ഉണ്ടാക്കാൻ കഴിയും. പക്ഷേ അപ്പോൾ മൂലനിയമത്തിലെ ചില ഭാഗങ്ങൾ നമ്മൾ മറികടക്കേണ്ടി വരും. സാധാരണഗതിയിൽ ഒരു പോലീസ് സ്റ്റേഷനുണ്ടാക്കണമെങ്കിൽ ഇത്ര വില്ലേജ് അല്ലെങ്കിൽ ഇത്ര പ്രദേശം അതിനകത്ത് ചേരണമെന്ന് പോലീസ് മാന്വലിനകത്തുണ്ട്. അവിടെ ഒരു സ്പെഷ്യൽ പോലീസ് സ്റ്റേഷൻ നമ്മൾ ഉണ്ടാക്കി കഴിയുമ്പോൾ ഈ പറയുന്ന സ്ഥലത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ആയിട്ടുള്ള ഉദ്യോഗസ്ഥൻ വന്നാൽ ഒരു ശരാശരി പോലീസ് സ്റ്റേഷനായി നിൽക്കാനുള്ള യോഗ്യത ഈ വെട്ടിമാറ്റപ്പെടുന്നതിന് മുമ്പുള്ള പോലീസ് സ്റ്റേഷനുണ്ടോ? ആ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഓഫീസറെ ഏത് സന്ദർഭത്തിൽ വേണമെങ്കിലും മാറ്റുന്നതിനു വേണ്ടിയുള്ള അധികാരം വരികയാണ്. മാത്രമല്ല, ആ പോലീസ് സ്റ്റേഷനിലുള്ള ഒരു സ്റ്റേഷൻ ഓഫീസർക്ക് പോലീസ് സ്റ്റേഷനിലുള്ള എല്ലാ അധികാരവും കൊടുക്കാൻ ഈ നിയമത്തിലൂടെ അധികാരം കിട്ടുകയാണ്. ഒരു പോലീസ് സ്റ്റേഷനിലുള്ള മുഴുവൻ അധികാരവും ഒരു വ്യക്തിക്ക്. ഒരു സ്റ്റേഷൻ ഓഫീസർക്ക് മാത്രമാക്കി കൊടുത്തുകൊണ്ട് മാറ്റുന്ന നിയമം അപരിഷ്കൃതമാണ്. വ്യക്തിയിലേയ്ക്ക് അധികാരം കേന്ദ്രീകരിക്കുകയാണ്. ആ കേന്ദ്രീകരണം ജനങ്ങൾക്ക് ശുഭകരമാകില്ല. സത്യം പറഞ്ഞാൽ അനിയന്ത്രിതമായ അധികാരത്തിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമായി അത് വരികയാണ്. അത് വരാൻ ഒരിക്കലും സമ്മതിക്കരുത്. പോലീസ് സ്റ്റേഷന് ഏൽപ്പിച്ചുകൊടുക്കാത്ത അധികാരം ഈ വകുപ്പ് അനുസരിച്ച് ഒരു വ്യക്തിക്ക്, പോലീസ് ഓഫീസർക്ക് കൊടുക്കാനായിട്ട് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് അത് ചെയ്യാൻ കഴിയില്ല. അതോടൊപ്പംതന്നെ ഈ പോലീസ് സ്റ്റേഷൻ സഞ്ചരിക്കുന്ന ഒരു പോലീസ് സ്റ്റേഷനായി വയ്ക്കാം എന്നുപറഞ്ഞാൽ ഇത് മനുഷ്യപോലീസ് സ്റ്റേഷൻ പോലെ വരും. ചുരുക്കിപ്പറഞ്ഞാൽ പോലീസ് രാജായിരിക്കും ഇതിന്റെ പരിണിതഫലമായി ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ആ നിലയിലേയ്ക്കുള്ള മാറ്റത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. പോലീസ് സേനയുടെ പൊതുവായ ഘടനയെക്കുറിച്ച് നാലാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ ഓഫ് പോലീസ്, അതാണ് സി.ഐ. ആ നാമധേയത്തിൽ ഇപ്പോൾ അറിയപ്പെടുന്ന ആളിന്റെ പേര് ഐ.ഒ.പി. എന്നാക്കി മാറ്റും. ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നുള്ള നിലയിലേയ്ക്ക് അത് മാറ്റുകയാണ്. ഈ പേരുമാറ്റം വേണമോയെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ആ പേരുമാറ്റം കൊണ്ട് ഗുണപരമായി ഒരു മാറ്റവും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പിന്നെ താഴെയായിട്ട് ഇൻസ്പെക്ടർ ഓഫ് പോലീസ്. ഐ. ഒ. പി. ആയിട്ട് അത് വരികയാണ്. ഈ പേര് മാറ്റം കൊണ്ട് എന്ത് ഗുണപരമായ മാറ്റമാണ് കേരളത്തിലെ പോലീസിൽ ഉണ്ടാകുന്നത് എന്ന് ഗവൺമെന്റ് പരിശോധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ് എന്ത് ഗുണപരമായ മാറ്റമാണ് ഉണ്ടാകേണ്ടത് എന്ന് ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. അതോടൊപ്പം ഇവിടെ 18 (എ) ഖണ്ഡികയിൽ 5-ാം ഉപവകുപ്പിൽ 'മറ്റ് ഉദ്യോഗസ്ഥന്മാരെ ഡി.ജി.പി-മാരാക്കാം' എന്ന് പറയുന്ന ഭാഗം പരിശോധനയ്ക്കുവേണ്ടി, സമയം ചുരുക്കുന്നതിനുവേണ്ടി ആ വകുപ്പു മാത്രം പറയുകയാണ്. അതിൽ വരാൻ പോകുന്ന പരിണിതഫലം, സീനിയോറിറ്റിയിൽ മാത്രമുള്ള ആളായിരിക്കും ഡി.ജി.പി. എന്നുള്ളതാണ്. അതിന്റെ ആഫ്റ്റർ ഇഫക്ട് സീനിയർ മോസ്റ്റായിട്ടുള്ള ആൾ പോലീസ് മേധാവിയായി വരികയാണ്. അതിനകത്ത് ഗവൺമെന്റിന് ഒരു ഡിസ്ക്രീഷണറി പവ്വർ വിനിയോഗിക്കാൻ പറ്റേണ്ടതാണ്. ഞാൻ അതിനെക്കുറിച്ച് അപ്പുറത്തേയ്ക്ക് ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇതിൽ സംസ്ഥാന സുരക്ഷാ കമ്മീഷൻ ഉണ്ട്. ഹോം മിനിസ്റ്ററാണ് അതിന്റെ ചെയർമാൻ. മിനിസ്റ്റർ ഓഫ് ലോ അതിലെ അംഗമാണ്. ഓപ്പോസിഷൻ ലീഡർ അതിനകത്ത് അംഗമാണ്. എന്തുകൊണ്ടാണ് ഇതിനകത്തുനിന്നും നിയമവകുപ്പ് സെക്രട്ടറിയെ ഒഴിവാക്കിയത് എന്ന് എനിക്ക് അറിയില്ല. സ്വാഭാവികമായും നിയമവകുപ്പ് സെക്രട്ടറി ഇതിനകത്ത് വേണ്ടതല്ലേ? പോലീസ് സുരക്ഷാ കമ്മീഷന്റെ അകത്ത് നിയമവകുപ്പ് സെക്രട്ടറിയെ മാത്രം എന്തുകൊണ്ടാണ് മാറ്റിയതെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട് നിയമ സെക്രട്ടറിയെ കൂടി ഇതിനകത്ത് ഉൾക്കൊള്ളിക്കണമെന്നാണ് എന്റെ അമെന്റ്മെന്റ്. 24(7)-ാംവകുപ്പിൽ ഈ കമ്മീഷനകത്ത് ഇക്കാര്യങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പൊതുവായ വിവരമുള്ള മൂന്ന് ആളുകളെ വയ്ക്കാം എന്ന് പറഞ്ഞിട്ടുണ്ട്. ആ മൂന്ന് ആളുകളെ വയ്ക്കുന്നതോടൊപ്പം ഒരു റിട്ടയർഡ് ഹൈക്കോടതി ജഡ്ജിയെ കൂടി വയ്ക്കണം. കാരണം നൂറ് ശതമാനം നിഷ്പക്ഷമാകണം. നോൺ ഒഫീഷ്യൽസ് അതിനകത്ത് വന്ന് അവരുടെ പൊളിറ്റിക്സ് അതിനകത്ത് കുത്തിക്കയറ്റുന്നത് ശരിയല്ല. ബാക്കിയുള്ളത് എല്ലാം അവരുടെ ഒഫീഷ്യൽ കപ്പാസിറ്റിയിൽ വരുന്നതാണ്. ഹോം മിനിസ്റ്റർ ഒഫീഷ്യൽ കപ്പാസിറ്റിയിലാണ്. ബാക്കി താഴോട്ടുള്ള ആളുകളെല്ലാം ഒഫീഷ്യൽ കപ്പാസിറ്റിയിലാണ്. അപ്പോൾ സ്വാഭാവികമായും ഒരു ഔദ്യോഗിക നിയമത്തിനകത്ത് ഒരു റിട്ടയർഡ് ഹൈക്കോടതി ജഡ്ജ് വരാനുള്ള രൂപത്തിലേക്ക് മാറ്റി അത് കുറ്റമറ്റതാക്കിമാറ്റണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. അടുത്തത് പോലീസുകാരുടെ യൂണിഫോം സംബന്ധിച്ചാണ്. സത്യം പറഞ്ഞാൽ ഇന്ന് കേരളത്തിലെ പോലീസിന്റെ യൂണിഫോം ഒത്തിരി സ്ഥലത്ത് ദുരുപയോഗം ചെയ്യുന്നുണ്ട്. പോലീസുകാരുടെ യൂണിഫോമിന് ഒരു പ്രത്യേകതയോ ഒരു ഐഡന്റിറ്റിയോ ഇന്നില്ല. ആ യൂണിഫോം സർവ്വസാധാരണമായിട്ട് വിനിയോഗിക്കാം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : വനിതാ പോലീസിന്റേത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് പറയുന്നത് ഞാൻ സമ്മതിക്കുകയാണ്. ഞാൻ പറയുന്നത് വനിതാ-പോലീസിനുള്ള യൂണിഫോം കാലോചിതമായി പരിഷ്ക്കരിച്ചേ മതിയാകൂ എന്നാണ്. പണ്ടൊരു കാലത്ത് ശ്രീ ഉമ്മൻ ചാണ്ടി കേരളത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് കാൽച്ചട്ട ഇട്ട പോലീസുകാർക്ക് ട്രൗസർ മാറ്റി പാന്റ്സ് കൊടുക്കാൻ തീരുമാനിച്ചത്. വഴിയാത്രക്കാർക്ക് ഇത് എന്തൊരു ആശ്വാസമായിരുന്നു. ഇത് കാലോചിതമായി, മനുഷ്യന്റെ ശാരീരിക ഘടനയ്ക്കൊത്ത ഒരു യൂണിഫോം ആയി. മാറ്റുകയല്ലേ വേണ്ടത്? അതല്ലാതെ ഹൗവ്വ ബീച്ചിൽ പോയി നമ്മൾ ആളിനെ കാണുന്നതുപോലെ, ഉന്നത ആഭിജാത്യമുള്ള നമ്മുടെ ഈ പെൺകുട്ടികളെ അങ്ങനെ നിറുത്തുന്നത് ശരിയാണോ? നിയമത്തിന്റെ തടവറയിലായതുകൊണ്ട് അവർക്കത് ധരിക്കാതിരിക്കാനും വയ്യ. ഞാൻ അതിന്റെ മൈന്യൂട്ട് ഡീറ്റയിൽസിലേയ്ക്ക് പോകുന്നില്ല. അത് ശ്രീ. പി. സി. ജോർജ് പറഞ്ഞോ. അവർക്ക് അത് ധരിക്കാതിരിക്കാനും വയ്യ ധരിച്ചാൽ ഒരു ....

<u>ശ്രീ. പി. സി. ജോർജ്</u> : മൈന്യൂട്ട് ഇഷ്യൂവിലേക്ക് പോകുന്നതാണ് പ്രശ്നം. വലിയ തടിമാടൻ പെണ്ണുങ്ങൾ ഈ പാന്റ്സിനകത്തോട്ട് ഷർട്ട് ഇൻ ചെയ്തുകൊണ്ട് നടക്കുന്ന ആ ഗതികെട്ട ആ നടപ്പ് ഒന്ന് ആലോചിച്ചു നോക്കിക്കേ? മോശമല്ലേ. അത് മാറ്റണമെന്നാണ് എന്റെ അഭിപ്രായം. അവർ ശരിയായി പാന്റ്സും ഷർട്ടും ഇട്ട് നടക്കണം. കാണാൻ എന്ത് ഐശ്വര്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>.: സർ, വസ്ത്രധാരണത്തിൽ മാന്യത അതാണ് ഞാൻ ആഗ്രഹിക്കുന്നത്. വസ്ത്രധാരണത്തിൽ നൂറു ശതമാനം മാന്യത നിലനിർത്തണം. നിയമമായതുകൊണ്ട് പെൺകുട്ടികൾക്ക് ഇതൊക്കെ അനുസരിക്കാതിരിക്കാൻ ഒരു നിവൃത്തിയുമില്ല. കാരണം ജോലിയാണോ വലുത്. ഇതാണോ എന്ന് ചോദിച്ചാൽ ജോലിയാണ് വലുത്. ജീവിക്കണം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവർ അത് ചെയ്യാൻ നിർബന്ധിതരാകുന്നു. അതുകൊണ്ട് വസ്ത്രധാരണത്തിലെ മാന്യതയിലേയ്ക്ക് പോകണം. നമ്പർ 2, ഇവിടെ പോലീസ് യൂണിഫോം മറ്റു സ്ഥലത്ത് വിനിയോഗിക്കുന്നതും ദുരുപയോഗം ചെയ്യുന്നതിലേയ്ക്കും പോകരുത്. അവിടെ കാക്കിയെങ്കിൽ കാക്കി, പക്ഷെ മറ്റു സ്ഥലങ്ങളിൽ കാക്കി വിനിയോഗിക്കുന്നതിനായി അനുവദിക്കരുത്. അത് പോലീസുകാർക്ക് മാത്രം റിസർവ്വ് ചെയ്ത ഒരു ഐറ്റമായി മാറണം. മറ്റുള്ളവർ മറ്റ് ഏതെങ്കിലും യൂണിഫോം ഇടട്ടെ. പോലീസ് യൂണിഫോം കാക്കി തന്നെ വേണമെന്നുള്ള ഒരു നിഗമനത്തിലാണ് ഗവൺമെന്റ് ഇരിക്കുന്നതെങ്കിൽ മറ്റു കാര്യങ്ങളിൽ ഇതുമായി ബന്ധപ്പെടുത്തി മാറ്റം വരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുക്കണം എന്ന് ഞാൻ പറയുകയാണ്.

ശ്രീ. എം. ചന്ദ്രൻ : സർ, അങ്ങ് പോലീസ് യൂണിഫോമിന്റെ കാര്യത്തെപ്പറ്റിയാണല്ലോ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലുള്ള ഒരു പ്രത്യേകത പുരുഷൻമാരായ പോലീസുകാർക്കും സ്ത്രീകളായ പോലീസുകാർക്കും വ്യത്യസ്ത യൂണിഫോമുകളാണ്. മറ്റു സ്റ്റേറ്റുകളിൽ അതിലൊന്നും വ്യത്യസ്തതയില്ല. ഇവിടെത്തന്നെ ഐ.പി.എസ്.കാർക്ക് ഒരേ യൂണിഫോമാണ്. അപ്പോൾ ഈ യൂണിഫോം പുരുഷനായാലും സ്ത്രീയായാലും ഏകീകരിച്ചുപോകുന്നത് നല്ലതല്ലേ? അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങയോട് തർക്കിക്കാൻ വേണ്ടി പറയുന്നതല്ല. അങ്ങ് പറയുന്ന കാര്യത്തിൽ അവിദഗ്ദ്ധനായ ഒരു വ്യക്തിയാണ് ഞാൻ. പക്ഷെ ഒരു കാര്യം പറയാം. നമ്മുടെ സഹോദരിമാർ ഇടുന്ന യൂണിഫോം അവരുടെ ശരീരഘടനയ്ക്ക് ചേർന്നതാകട്ടെ. നിയമം കൊണ്ട് വന്ന് എന്തിനാണ് നമ്മൾ അതിനെ വികലമാക്കാൻ ശ്രമിക്കുന്നത്. അതാണ് എന്റെ ചോദ്യം.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ, പോലീസുകാരുടെ വസ്ത്രധാരണത്തിലെ മാന്യതയോടുള്ള സമീപനത്തെ ഞാൻ ബഹുമാനിക്കുന്നു. പക്ഷെ ജീവിക്കുന്നതിനുവേണ്ടി പോലീസിൽ ചേർന്ന പെൺകുട്ടികൾക്ക് മാത്രം വസ്ത്രധാരണത്തിലെമാന്യത മതിയോ. അങ്ങ് റോഡിലൂടെ സഞ്ചരിക്കുമ്പോൾ നമ്മുടെ കുട്ടികളെ കാണാറില്ലേ എന്നു സംശയമുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് അഭിപ്രായം പറയുന്നതിൽ തെറ്റില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. കാർത്തികേയൻ, ചില സ്ഥലങ്ങളിൽ കൈയുയർത്തി മുദ്രാവാക്യം വിളിക്കുന്നത് നമുക്ക് കാണാൻ കഴിയാത്ത രൂപത്തിലാണ് കാര്യങ്ങൾ നിൽക്കുന്നത്. ഞാൻ മറ്റു ഭാഗത്തേയ്ക്ക് കടക്കുന്നില്ല.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, യൂണിഫോമിലെ മാറ്റത്തോടൊപ്പം പുതിയതായി പല സ്ഥലങ്ങളിലും കണ്ടുവരുന്ന പ്രവണത, കുഴപ്പങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസുകാർ ഓടിയെത്തുന്നുണ്ട്. പക്ഷെ ഒരു കൈയിൽ ലാത്തിയും ഒരു കൈ അവരുടെ തൊപ്പി സംരക്ഷിക്കാനുമാണ് സമയം ചെലവഴിക്കുന്നത്. എതിരാളികളെ തടുക്കുന്നതിനാണ് ഇടതുകൈ സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോഗിക്കുന്നത്. ഇടതുകൈ പ്രയോഗിക്കാൻ കഴിയാത്ത പോലീസുകാരെയാണ് പലയിടത്തും കാണുന്നത്. അപ്പോൾ തൊപ്പി തലയിൽ ഉറപ്പിച്ചു നിർത്താനാവശ്യമായ രൂപത്തിലുള്ള പരിഷ്ക്കരണം, അത് ഞാൻ മുമ്പ് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. അത് അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. കാരണം പല സ്ഥലത്ത് എത്തുമ്പോഴും അത് പന്ത് തട്ടിക്കളിക്കുന്നതുപോലെയാണ്. അങ്ങനെയൊരു സംവിധാനം യൂണിഫോമിലുണ്ടാക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ മനസ്സിലാക്കിയിടത്തോളം പോലീസ് അസോസിയേഷന്റെ വളരെ നിർബന്ധപൂർവ്വമായ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് തലത്തിൽ എല്ലാ ആളുകൾക്കും പി-ക്യാപ് വേണമെന്ന് തീരുമാനമെടുത്തത്. അതിന്റെ പ്രായോഗിക വശം വരുമ്പോൾ ഒരു കുറ്റകൃത്യം തടയുന്നതിനുവേണ്ടി പോകുന്ന പോലീസുദ്യോഗസ്ഥന് ഇത് ചിലപ്പോൾ ഒരു ബാധ്യതയായി മാറാറുണ്ട് എന്ന അങ്ങയുടെ നിരീക്ഷണത്തോട് ഞാൻ യോജിക്കുകയാണ്. ഗവൺമെന്റിന് അത് ഏത് രൂപത്തിൽ പരിശോധിക്കാൻ പറ്റുമെന്ന് നോക്കട്ടെ. ഞാൻ അതിൽ pleading guilty ആണ്. എനിക്ക് അതിനകത്ത് ഒരു അഭിപ്രായം പറയാൻ കഴിയില്ല.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>.: സർ, അങ്ങ് ഇവിടെ വനിതാ പോലീസ് ഉദ്യോഗസ്ഥകളുടെ ഡ്രസ്സിനെക്കുറിച്ചാണ് പറയുന്നത്. ഏറ്റവും നന്നായിട്ടുള്ള ഡ്രസ്സാണ് പാന്റ്സും ഷർട്ടും. ശ്രീ. പി. സി. ജോർജ് പറഞ്ഞതു പോലെ ഷർട്ട് ഇൻസെർട്ട് ചെയ്യുമ്പോഴാണ് പ്രശ്നം മുഴുവൻ വരുന്നത്. ശ്രീമതി ഹിലാരി ക്ലിന്റൺ ഇവിടെ വന്നപ്പോഴും അവരും വളരെ മോഡസ്റ്റായ പാന്റ്സാണ് ഇട്ടിരുന്നത്. അതുകൊണ്ട് ഒരു ചെറിയ മാറ്റമുണ്ടാക്കാൻ കഴിയുമെങ്കിൽ ഐ.പി.എസ്. ഉദ്യോഗസ്ഥകളുടെ കാര്യമടക്കം ശ്രീ. ജോർജ് പറഞ്ഞ പ്രശ്നം പരിഹരിക്കാൻ പറ്റും. അതിനെക്കുറിച്ച് അങ്ങേക്ക് വല്ലതും പറയാനുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>.: സർ, വനിതാ പോലീസുകാരുടെ യൂണിഫോം സംബന്ധിച്ച് നടക്കുന്ന ചർച്ച സഭയുടെ നിലവാരത്തിനനുസരിച്ചുള്ളതല്ല എന്ന അഭിപ്രായം എനിക്കുണ്ട്. അത് പറയാൻ കാരണം, അവർ യൂണിഫോം ധരിച്ചാലുണ്ടാകാവുന്ന ദൃശ്യ പ്രത്യേകതകളെ സംബന്ധിച്ച് പറയുമ്പോൾ അത് നന്നായിട്ട് തോന്നുന്നില്ല. പ്രശ്നമെന്താണെന്നുവച്ചാൽ യൂണിഫോമിലല്ല. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ നോട്ടത്തിലുള്ള പ്രശ്നമാണ്. അതിനെ നമ്മൾ കാണുന്നതിലുള്ള പ്രശ്നമാണ്. അവർക്ക് ഡ്യൂട്ടി ചെയ്യാൻ ഏറ്റവും നല്ല ഫിറ്റായിട്ടുള്ള യൂണിഫോം പാന്റ്സും ഷർട്ടും തന്നെയാണെന്നാണ് എന്റെ അഭിപ്രായം. അതിനേക്കാൾ മികച്ചതാണ് സാരി എന്ന് പറയാൻ കഴിയുമോ? ഈ പാന്റ്സും ഷർട്ടും ഒഴിവാക്കി സാരിയിലേയ്ക്ക് പോകണമെന്നു പറയുന്നതിലെ ദുരുദ്ദേശവും മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: പോലീസിൽ പുരുഷൻമാർക്ക് വസ്ത്രം നിശ്ചയിച്ചപ്പോൾ സാധാരണ സിവിൽ വസ്ത്രമായ പാന്റ്സും ഷർട്ടും തൊപ്പിയുമാണ് കൊടുത്തത്. പണ്ട് പഞ്ചാബിവേഷമായിരുന്ന ചുരിദാർ സ്ത്രീകൾ ഇന്ന് ഇവിടെ വ്യാപകമായി ഉപയോഗിക്കുകയാണ്. അപ്പോൾ എന്തുകൊണ്ട് ചുരിദാർ കൊടുത്തുകൂടാ. പുരുഷൻമാർക്ക് കാക്കി കൊടുത്തു എന്നുള്ളത് മാത്രമല്ലേയുള്ളൂ. എന്തുകൊണ്ട് കാക്കി ചുരിദാറും തൊപ്പിയും കൊടുത്തുകൂടാ? വെറും സാരിയിലേക്ക് മടങ്ങണമെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ നിങ്ങൾക്ക് രണ്ടാൾക്കും വഴങ്ങാം. അല്ലെങ്കിൽ ഈ പ്രസംഗം തന്നെ എന്റെ കൈയിൽ നിന്ന് നിങ്ങൾ റാഞ്ചി കൊണ്ടുപോകും. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം യൂണിഫോമിനകത്ത് കാലോചിതമായ മാറ്റം വരുത്തണം എന്നുള്ളതാണ്. മനുഷ്യന്റെ ശാരീരികഘടനയ്ക്ക് അനുസരിച്ചുള്ള യൂണിഫോം വേണം. അത് ഒരു അസാംസ്കാരിക പ്രവർത്തനമായി പോകത്തക്കവിധത്തിലുള്ള ചർച്ചയിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ച ഒരു ചോദ്യമുണ്ട്. ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിൽ വനിതാ പോലീസിന് കൊടുക്കുന്ന യൂണിഫോമിൽ ചുരിദാറുമുണ്ട്. അപ്പോൾ ഞാൻ പറയുന്നു, അവർക്ക് ജോലി ചെയ്യാൻ കഴിയണം. അതേ സമയം അവർക്കൊരു ഭാരമായി മാറുന്ന ഒരു യൂണിഫോമാകരുത്. ആ രൂപത്തിലേയ്ക്ക് ഇത് കണ്ടെത്തുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കണം. അത് ഈ നിയമത്തിന്റെ ഭാഗമാക്കിയതുകൊണ്ടു മാത്രമാണ് ഞാൻ ചർച്ച ചെയ്തത്. അല്ലാതെ ഈ ചർച്ചയിൽ ഞാൻ കൊത്തി കൊണ്ടുവന്ന് ഇതൊരു വിഷയമാക്കാൻ ശ്രമിച്ചതല്ല.

ശ്രീമതി ജെ. അരുന്ധതി : സർ, വനിതാ പോലീസുകാർ ഞങ്ങളോട് പറഞ്ഞിട്ടുള്ളത്, ഇന്നത്തെ ഡ്രസ് അവർക്ക് വളരെ ഇഷ്ടമാണ്, സൗകര്യമാണെന്നാണ്. പക്ഷെ ഇടയ്ക്ക് ഷർട്ട് ഇൻ ചെയ്യണമെന്ന് ഒരു നിർദ്ദേശം പോലീസ് വകുപ്പിൽ നിന്നു വന്നു. ഇൻ ചെയ്യുന്നത് അവർക്ക് എല്ലാ സമയത്തും സാധിക്കുന്നതല്ല. അതുകൊണ്ട് ഇന്നത്തെ രീതിയിലുള്ള ആ യൂണിഫോമാണ് അവർക്ക് അനുയോജ്യമെന്നാണ് അവർ വ്യക്തിപരമായി ഞങ്ങളോട് പറഞ്ഞിട്ടുള്ളത്. അതിനോട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് യോജിക്കാൻ കഴിയുമോ?

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യമാണ് ഈ പാവം പി.സി.ജോർജ് പറഞ്ഞത്. അതിനാണ് അവിടെ കിടന്ന് ചാടിയത്. മനസ്സിലായോ. ഞാൻ അതേ പറഞ്ഞിട്ടുള്ളൂ. എന്നോടും വനിതാ പോലീസിൽപ്പെട്ടവർ പറഞ്ഞ കാര്യമാണിത്. ഷർട്ട് ഇൻസെർട്ട് ചെയ്യാൻ പറഞ്ഞ് അവരെ ഉപദ്രവിക്കുകയാണ്. അത് വേണ്ട, അത് ചെയ്യരുത് എന്നേ പറഞ്ഞിട്ടുള്ളൂ. അതിനാണ് നിങ്ങൾ കിടന്ന് ചാടിയത്. കാര്യമറിയാതെ ചാടരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. പി. സി. ജോർജ് അതൊരു വഴക്കാക്കിയോ സെന്റിമെന്റലാക്കിയോ കൊണ്ടുപോകരുത്. അവർ അവരുടേതായ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം പറഞ്ഞു. ആ അഭിപ്രായം നമുക്ക് സ്വീകരിക്കാൻ പറ്റുമെങ്കിൽ സ്വീകരിക്കുക. ഞാൻ എന്റേതായൊരു അഭിപ്രായം പറയുന്നു. ആ അഭിപ്രായത്തിൽ കേരള വനിതകളെ ഡീസന്റായി ബഹുജനമദ്ധ്യത്തിൽ അവതരിപ്പിക്കണം എന്നു തന്നെയാണ് എന്റെ തീം. അതിനോട് വിയോജിപ്പുണ്ടെങ്കിൽ പറഞ്ഞുകൊള്ളു.

ശ്രീമതി കെ. കെ. ലതിക : പഴയ നൃത്തസദസ്സിലൊക്കെ സ്ത്രീയുടെ ശരീരഘടന ആസ്വദിച്ച ആളുകളൊക്കെയുണ്ട്. ശരീരഘടന ആസ്വദിക്കാനല്ലല്ലോ വരുന്നത്. സ്ത്രീയായാലും പുരുഷനായാലും അവർ ജോലിക്കു വരികയാണ്. അവരുടെ ജോലിക്ക് സൗകര്യമായ, ചിലപ്പോൾ ഏതെങ്കിലും ക്യാമ്പയിൻ വരുന്ന സമയത്ത് അതിൽ കയറി അടിക്കേണ്ടിവരും, വെടിവയ്ക്കേണ്ടിവരും. ആ സമയത്ത് അവർക്ക് പറ്റിയ ഒരു വസ്ത്രമാണ് വേണ്ടത്. അതല്ലാതെ സ്ത്രീയുടെ ശരീരഘടന ആസ്വദിക്കാൻ പോന്ന വസ്ത്രമല്ല വേണ്ടത്. എന്തിനാണ് വെറുതെ ശരീരഘടന ആസ്വദിക്കാൻ പോകുന്നത്? അതിന്റെ ആവശ്യമില്ലല്ലോ. അവർക്ക് എന്താണോ ജോലി, ആ ജോലിക്ക് ആവശ്യമായ വസ്ത്രം. ചുരിദാറിന് ഷാളൊക്കെയിട്ട് അത് കുത്തിവച്ച് ഇവർക്ക് പണിയെടുക്കാൻ പറ്റുമോ? ഇവിടെ വരുന്നതുപോലെ സാരിയുടുത്തു വരാൻ പറ്റുമോ എം. എൽ. എമാരുപോലും ഇവരുടെ ശരീരഘടനയെക്കുറിച്ച് ഇങ്ങനെ വല്ലാത്ത രൂപത്തിൽ ചിന്തിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീമതി ലതിക, കാര്യം അറിയാതെയാണെങ്കിലും നിരുപദ്രവകാരിയായ എന്റെ മേൽ ചാടി വീണത് വലിയ കഷ്ടമായിപ്പോയി. ഞാൻ ഇതിനകത്ത് നിരപരാധിയാണ്. അതുകൊണ്ട് അങ്ങയുടെ സ്വതസിദ്ധമായ ഒരു ആവേശത്തോടുകൂടി എന്റെയും മേൽ ചാടി വീഴാൻ വന്നത് ശരിയായില്ല. ഞാൻ എത്രയോ സാധുവായ നാട്ടിൻപ്പുറത്തുകാരൻ. അതുകൊണ്ട് എന്നെയങ്ങു വിട്ടുകളയു. വേറെ കാര്യങ്ങളിലേയ്ക്ക് പോകാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗ്രാമത്തിലാണ്. അതാണ് നാട്ടിൻപ്പുറമെന്നു പറഞ്ഞത്.

ശ്രീമതി പി. അയിഷാ പോറ്റി : അങ്ങ് വനിതാ പോലീസുകാർക്ക് കാലോചിതമായ യൂണിഫോം വേണമെന്നു പറഞ്ഞു. അത് എങ്ങനെയാണെന്നുള്ളത് ഇതുവരെ പറഞ്ഞു കേട്ടില്ല. നല്ല നിലയ്ക്ക് അപ്പിയർ ചെയ്യിക്കത്തക്കവണ്ണം എന്നാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി. പക്ഷെ ഇപ്പോഴും നല്ല അപ്പിയറൻസല്ലേ? പുരുഷൻമാർക്കും വേണ്ടേ ഡീസന്റായിട്ടുള്ള അപ്പിയറൻസ്? സ്ത്രീകളുടെ വിഷയങ്ങൾ സംസാരിക്കുമ്പോൾ സ്ത്രീകൾക്കുമാത്രം എല്ലായിടത്തും ഓരോരോ പ്രത്യേകതകൾ പറയുന്നത് ശരിയാണോ? തുല്യതയ്ക്കു വേണ്ടി നമ്മൾ വാദിക്കുമ്പോൾ സ്ത്രീയും പുരുഷനും ഒരുമിച്ച് എല്ലാ കാര്യങ്ങളിലും ഇടപെടണമെന്നും ഏതു മേഖലയിലും പ്രവർത്തിക്കണമെന്നും പറയുമ്പോൾ സ്ത്രീക്കു മാത്രം പ്രത്യേകമായി ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്നുപറയുന്നതിൽ ശരിയുണ്ടോ? കൺവീനിയന്റായിട്ടുള്ള വേഷം കൊടുക്കണം. ഇപ്പോൾ നിലവിൽ കൺവീനിയന്റായിട്ടുള്ള വേഷമാണ്. ഇൻസെർട്ട് ചെയ്യുന്ന കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. പക്ഷെ ശ്രീ. പി.സി.ജോർജ് പറഞ്ഞ കാര്യത്തോട് നല്ല വിയോജിപ്പുണ്ട്. വലിയ വണ്ണമുള്ള സ്ത്രീകൾ. ഞാൻ അത് ആവർത്തിക്കുന്നില്ല. പുരുഷൻമാരും അങ്ങനെയല്ലേ. സ്ത്രീകളിലും പുരുഷൻമാരിലും അങ്ങനെയില്ലേ? അത്തരത്തിൽ സ്ത്രീകളുടെ കാര്യം വരുമ്പോൾ മാത്രം അങ്ങനെ രണ്ടായി കാണുന്നത് ശരിയാണോ എന്നുള്ളതാണ് എന്റെ ചോദ്യം?

[10.00A.M]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ തുല്യതാവാദത്തോട് ഞാൻ യോജിക്കുകയാണ്. പക്ഷെ ഗ്രാമപ്രദേശത്ത് കർഷകത്തൊഴിലാളി മുണ്ട് മടക്കികുത്തി പണിക്കുപോകുന്നു. തുല്യതയുടെ പേരിൽ നമ്മുടെ സഹോദരിമാരെ അങ്ങനെ വിടാൻ പറ്റുമോ? ചില സന്ദർഭത്തിൽ നമുക്ക് ചെയ്യേണ്ട ചില നടപടികളുണ്ട്. ആ നടപടികൾ അതിന്റേതായ രൂപത്തിൽ പൊയ്ക്കോട്ടെ. ഇവിടെ വരുന്നത് ഒഫിഷ്യലായിട്ടുള്ള നടപടിയാണ്. ആ ഒഫിഷ്യൽ നടപടിയിൽ അവർക്ക് ജോലി ചെയ്യാൻ പ്രാപ്തമായ രൂപത്തിൽ യൂണിഫോം ധരിക്കണം. അതേസമയം ജനങ്ങളുടെ മുന്നിൽ വിമർശനവിധേയമാകാതെ അവർക്ക് ഡ്യൂട്ടി നിർവ്വഹിക്കണം. അതിന് കഴിയത്തക്ക വിധത്തിലേയ്ക്ക് പോകണം. ഇവിടെ എന്നോട് ചോദിച്ചു, അതിന് പറ്റുന്ന ഡിസൈൻ ഉണ്ടോയെന്ന്. ഞാൻ ഒരു ഡിസൈനറല്ല. ക്ലോത്ത് ഡിസൈനിംഗ് ഒന്നും എന്റെ പണിയിൽപ്പെട്ടതല്ല. അതുന്നുമുറിച്ച് ഡിസൈൻ ചെയ്യാൻ പറ്റുന്ന ഒരു പണി എനിക്കില്ല. അതുകൊണ്ട് എനിക്ക് അത് അറിയുകയുമില്ല.

ശ്രീ. സി. പി. മുഹമ്മദ്: അങ്ങ് ഈ സഭയിൽ ഒരു പാവപ്പെട്ട അംഗമാണെന്ന് പറഞ്ഞു. അതൊക്കെ ഞങ്ങൾ അംഗീകരിച്ചു. ഈ സഭയിലെ വീരശൂര പരാക്രമിയായ ശ്രീ. ജോർജിനെ പാവം ജോർജ് എന്ന് പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിച്ചത് ശരിയാണോ?

ശ്രീ. മുരളി പെരുനെല്ലി : ബഹുമാനപ്പെട്ട പി.സി ജോർജും തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അംഗങ്ങളും വനിതാ പോലീസുകാരുടെ യൂണിഫോമിനെ സംബന്ധിച്ച വളരെ ഗൗരവമേറിയ ചർച്ചയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ വനിതാ എം.എൽ.എ.-മാർ ഈ ചർച്ചയിൽ പങ്കെടുക്കുന്ന സമയത്ത് മറ്റ് രണ്ടുപേരും പ്രയോഗിച്ച പദപ്രയോഗങ്ങൾ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ ഗൗരവമേറിയ ചർച്ച നടക്കുമ്പോൾ വനിതകളുടെ മുഖത്തുനോക്കി ചാടി വീഴുക, ഇളകിയാടുക എന്നൊക്കെയുള്ള പദപ്രയോഗം ശരിയല്ല. അത് പിൻവലിക്കണം. വനിതാ പോലീസിന്റെ യൂണിഫോമിനെക്കുറിച്ച് സംസാരിക്കുമ്പോൾ വനിതാ മെമ്പർമാരോടും അൽപ്പം മര്യാദയായി പെരുമാറണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞ സമയത്ത് മുരളി സീറ്റിലില്ലായിരുന്നു. വെറുതെ ഒരു ആക്ഷേപം പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സി. കെ. പി. പത്മനാഭൻ</u>: വേഷത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചാണ് പരിശോധിക്കുന്നത്. പക്ഷെ സാരിയുടുത്തുവരുന്ന വനിതാ പോലീസുകാർ പാന്റിലേയ്ക്ക് മാറാൻ ഇടയായത് നിങ്ങളുടെ ഒരു പ്രസ്ഥാനം സെക്രട്ടേറിയറ്റിനു മുൻപിൽ സമരരംഗത്ത് വനിതാ പോലീസുകാരുടെ സാരി അഴിച്ചതിന്റെ ഫലമായിട്ടാണ് എന്ന കാര്യം അങ്ങേയ്ക്കറിയാമോ? അങ്ങനെ മഹത്തായ സംഭാവന ചെയ്ത അങ്ങ് ഒന്നുകൂടി ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അങ്ങ് ഏത് യുഗത്തിലാണ് സംസാരിക്കുന്നത് എന്ന് എനിക്കറിയില്ല. ശ്രീ. സി. കെ. പി. പത്മനാഭനെ പോലെ സീനിയറായിട്ടുള്ള ഒരാളായതുകൊണ്ട് എനിക്കതിൽ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. മറുപടി എന്റെ നാവിൽ വരുന്നുണ്ട്. അങ്ങയോടുള്ള ബഹുമാനംകൊണ്ട് ഞാൻ അത് റിസർവ്വ് ചെയ്യുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: വളരെ ഗൗരവതരമായ ഒരു ബില്ലിന്റെ ചർച്ചയിൽ ഇങ്ങനെ വല്ലാത്ത രീതിയിൽ ഈ ചർച്ച പോകുമ്പോൾ വിഷമം തോന്നുകയാണ്. സ്ത്രീകൾക്ക് പോലീസ് സേനയിൽ കംഫർട്ടബിളായിട്ടുള്ള വേഷമാണ് പാന്റും ഷർട്ടും എന്ന് മനസ്സിലായിട്ടുണ്ട്. അത് ഓരോരുത്തരുടെയും അളവിനനുസരിച്ച് തയ്പ്പിച്ച് കൊടുക്കാനും സാധിക്കും. സഭയ്ക്കകത്ത് ഇത്തരം പരാമർശങ്ങൾ ഒഴിവാക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സഭയ്ക്കകത്തല്ലെങ്കിൽ സഭയ്ക്ക് പുറത്ത് ചർച്ച ചെയ്തോളൂ. പക്ഷെ യൂണിഫോം ഡീസന്റ് ആയിരിക്കണം. എനിക്ക് ആ കാര്യത്തിൽ വിട്ടുവീഴ്ചയുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അവസാനിപ്പിക്കാം. ഡീസന്റ് യൂണിഫോം ആയിരിക്കണം. ആ യൂണിഫോം പോലീസിന്റെ യൂണിഫോമുമായി ഐഡന്റിഫൈ ചെയ്ത് നിൽക്കണം. ആ യൂണിഫോമിനെ മറ്റു പലതുമായി മിക്സ് ചെയ്യരുത്. അങ്ങനെ മിക്സ് ചെയ്യുമ്പോൾ പോലീസ് യൂണിഫോമിന് ഇന്ന് കിട്ടുന്ന മതിപ്പ് കുറഞ്ഞുപോകും. അത് കുറയാൻ ഇട വരരുത്. അതുകൊണ്ട് എന്റെ പൊതു വിമർശനം ഒരു ഉയർന്ന പ്രതലത്തിൽ കാണണം. എന്റെ പൊതു വിമർശനത്തെ സ്ത്രൈണ രൂപത്തിൽ ചുറ്റിക്കറക്കിക്കൊണ്ടുവന്ന് അത് ഒരു ഉള്ളൂർ കവിതപോലെ ആക്കാനുള്ള ശ്രമത്തിനോട് എനിക്ക് യോജിപ്പുമില്ല. വ്യത്യസ്തമായ സാഹചര്യത്തിൽ നിന്നാണ് എന്റെ കാഴ്ചപ്പാട് പറയുന്നത്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഏകദേശം 15 മിനിട്ടായിട്ടും യൂണിഫോമിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ തുടർച്ചയായി പറഞ്ഞ് അവസാനിപ്പിക്കുമ്പോഴും ശ്രീ. തിരുവഞ്ചൂർ നാലോ അഞ്ചോ സജഷൻ വയ്ക്കുകയാണെങ്കിൽ അതിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സജഷൻ വയ്ക്കണമെങ്കിൽ എന്നെ ആഭ്യന്തര വകുപ്പുമന്ത്രിയും ഗവൺമെന്റും ചുമതലപ്പെടുത്തിയാൽ മതി. ഞാൻ എന്റെ സജഷൻ അറിയിച്ചു കൊടുക്കാം. യൂണിഫോമിനെ സംബന്ധിച്ച എന്റെ കാഴ്ചപ്പാട് പറഞ്ഞുകഴിഞ്ഞു. ഇനിയുള്ളത് ഗവൺമെന്റിന്റെ ഭാഗമാണ്. അവർ തീരുമാനിച്ചുകൊള്ളട്ടെ. ഇപ്പോൾ ഉള്ളതുപോലും വേണ്ട എന്ന് തീരുമാനിച്ചാൽ അങ്ങനെ ആയിക്കൊള്ളട്ടെ. എനിക്ക് അതിനെക്കുറിച്ചൊന്നും പരാതിയില്ല. വനിതകൾക്കുള്ള സംരക്ഷണം നല്ലതാണ്. വനിതകളെ ആക്ഷേപിക്കുന്നതിന് ഇടയാകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കുന്നതിനായി മൂന്നു വർഷം വരെ തടവു കൊടുക്കുന്ന ഒരു നിലയിലേയ്ക്ക് കൊണ്ടുപോയിട്ടുണ്ട്. പക്ഷേ അതിനകത്ത് സേവന ദാതാവ് ഇതിന്റെ പേരിൽ നടപടിയെടുത്തില്ലായെങ്കിൽ സേവനദാതാവിനെകൂടി ശിക്ഷിക്കാൻ പറ്റുന്ന രൂപത്തിലേക്ക് ഈ നിയമം കൊണ്ടുവരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സെക്രട്ടേറിയറ്റ് വളപ്പിൽ വച്ച് മോശമായ ഒരു സാഹചര്യമുണ്ടായാൽ പ്രതിയെ നമ്മൾ പിടിക്കണം. പ്രതിക്കെതിരെ നടപടിയെടുക്കണം. സെക്രട്ടേറിയറ്റിലെ ഉന്നതനായ ആളായ ചീഫ് സെക്രട്ടറിയ്ക്കെതിരെ കേസ്സ് എടുക്കാൻ പറ്റുമോ? സെക്രട്ടേറിയറ്റ് വളപ്പിനകത്ത് ഒരു സ്ത്രീക്ക് അപമാനം വന്നാൽ ആ അപമാനമുണ്ടായ സാഹചര്യത്തെക്കുറിച്ച് പോലീസിൽ കൃത്യമായി കംപ്ലെയിന്റ് ചെയ്യാൻ തയ്യാറാകാതെ വരുന്ന സേവന ദാതാവിനെതിരെ നടപടിയെടുക്കാൻ പറ്റും. എന്നുപറഞ്ഞാൽ സെക്രട്ടേറിയറ്റ് വളപ്പിൽ വച്ച് അങ്ങനെ ഒരു സംഭവമുണ്ടായാൽ ചീഫ് സെക്രട്ടറിയെ മൂന്നു വർഷം ജയിലിലിടാം.

ശ്രീമതി പി. അയിഷാ പോറ്റി: ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞതിനോട് എനിക്ക് പറയാനുള്ള ഒരു കാര്യം, സ്ത്രീകൾക്കെതിരായുള്ള ഒരു നടപടി ഏത് പ്രിമിസസ്സിൽ വന്നാലും ആ പ്രിമിസസ്സിന്റെ കൺട്രോളിലുള്ള ഉദ്യോഗസ്ഥന് പരാതി കൊടുക്കാൻ ഒരു വകുപ്പ് ഇതിനകത്തുണ്ട്. അങ്ങനെ പരാതി കൊടുത്താൽ ഒരു ആക്ഷനും എടുക്കാതെ അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നാൽ പിന്നെ എന്താണ് ചെയ്യേണ്ടത്? അവർക്ക് ഒരു ഉത്തരവാദിത്വവുമില്ലേ? ഓഫീസിൽ വർക്ക് ചെയ്യുന്ന ഒരാൾ വളരെ മോശപ്പെട്ട രീതിയിൽ ഒരു പ്രവൃത്തി ഒരു സ്ത്രീയോട് കാണിക്കുന്നുവെന്ന് വയ്ക്കുക. അപ്പോൾ അവിടെ കൺട്രോളുള്ള മേലുദ്യോഗസ്ഥന് കംപ്ലെയിന്റ് കൊടുത്താലും ആക്ട് ചെയ്യാതിരുന്നാൽ ഓഫീസ് നന്നായി കൊണ്ടുപോകണമെന്നുള്ള ഉത്തരവാദിത്വമില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇപ്പോൾ തന്നെ സി.ആർ.പി.സി.ക്കകത്ത് അബെറ്ററിനും കോ-അക്യൂസ്ഡും ആയിട്ട് രണ്ട് പ്രൊവിഷൻ വച്ചിട്ടുള്ളത് വക്കീലായ അങ്ങേക്കറിയില്ലേ? ഒന്ന് അവർക്ക് അതിൽ ഡയറക്ട് ഇൻവോൾമെന്റുണ്ടെങ്കിൽ അബെറ്റ്മെന്റിനുള്ള കുറ്റകൃത്യത്തിന് അവർ പ്രതിയാകും. അതല്ലെങ്കിൽ ഇത് കണ്ടിട്ടും അവർ ആ കൂട്ടത്തിൽ നിൽക്കുന്നുവെങ്കിൽ അവർ കോ-അക്യൂസ്ഡ് ആകും. ഈ രണ്ട് പ്രൊവിഷനും അതിനകത്ത് നിൽക്കുകയാണ്. ഇവിടെ പ്രശ്നം എന്താണ്? ആ സേവന ദാതാവ് - കെ.എസ്.ആർ.ടി.സി. ആണെങ്കിൽ കെ.എസ്.ആർ.ടി.സി. എം.ഡി.-യാണ്.

അതിന്റെ മാനേജിംഗ് ഡയറക്ടറാണ്. ഒരു പൊതുമേഖലാ സ്ഥാപനത്തിലാണെങ്കിൽ അതിന്റെ എം.ഡി.യാണ്.അവരാരും ഇതിനകത്ത് ഡയറക്ട് ഇൻവോൾവ്മെന്റ് ഉള്ളവരല്ല. അതേ സമയം സേവനദാതാവ് എന്നു പറയുന്നത് ആ വ്യക്തി തന്നെയാണ്. അപ്പോൾ സേവന ദാതാവിനെതിരെ നടപടിയെടുക്കുമെന്നു പറഞ്ഞാൽ എം.ഡി.-യെ പിടിച്ച് അകത്താക്കേണ്ടിവരും.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ബഹുമാനപ്പെട്ട അംഗം അതിന്റെ അർത്ഥം വേറേ രീതിയിലേക്ക് ഇന്റർപ്രിട്ട് ചെയ്തുകൊണ്ടുപോകുകയാണ്. ഒരിക്കലും ഈ വകുപ്പിനകത്ത് ചേർത്തിരിക്കുന്ന ഇന്റൻഷൻ ഇതല്ല. എന്റെ ചുമതലയിലുള്ള ഒരു സ്ഥാപനത്തിൽ നടക്കുന്ന ഒരു പ്രശ്നത്തിൽ നടപടിയെടുക്കണ്ടേ? അല്ലെങ്കിൽ പിന്നെ ആരാണ് ചെയ്യുന്നത്. ശരിക്കു പറഞ്ഞാൽ ആ തരത്തിലുള്ള ഒരു ഇന്റൻഷനാണ് ഈ വകുപ്പിൽ വന്നിട്ടുള്ളത്. ഇത് നിർബന്ധമായിട്ടുണ്ടായില്ലെങ്കിൽ ഇവിടെ എന്തും നടക്കില്ലേ? ആർക്കും ചോദിക്കാനും പറയാനും ആകാത്ത അവസ്ഥ വരില്ലേ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അങ്ങ് സൂചിപ്പിക്കുന്നത് ഇമ്മീഡിയറ്റ് സുപ്പീരിയർ എന്നുള്ള അർത്ഥത്തിലായിരിക്കാം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ഇമ്മീഡിയറ്റ് സുപ്പീരിയർ എന്നുമാത്രമല്ല ഇമ്മീഡിയറ്റ് സുപ്പീരിയർ ആയാലും ആർക്ക് പരാതി കൊടുത്താലും ആ പരാതി കിട്ടുന്ന ആൾ ഇതിനനുസൃതമായി നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഇതിനകത്തെ ഇന്റൻഷനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: പരാതി കൊടുക്കണം. പരാതി പോലീസ് സ്റ്റേഷനിൽ എത്തിച്ചാൽ മതി. അതേസമയം ഞാൻ പറയുന്നത് സേവനദാതാവിനെ ഇതിൽ കൊണ്ടുവന്നുകഴിഞ്ഞാൽ- ബഹുമാനപ്പെട്ട സ്പീക്കർ, ഇതിനകത്തെ സേവനദാതാവ് ആരാണ്? സ്പീക്കറാണ്. ഇതുപോലൊരു ചർച്ചയിൽ ഇതു കൊണ്ടുവരാൻ കഴിയാത്തതുകൊണ്ട് ഞാൻ ആ ഭാഗം പറയുന്നില്ല. ലെജിസ്ലേച്ചർ കോംപ്ലക്സിലെ സേവന ദാതാവ് ആരാണ്? നമ്മുടെ ഹെഡ് ആണ്, സ്പീക്കർ. സെക്രട്ടേറിയേറ്റിലാണെങ്കിൽ ചീഫ് സെക്രട്ടറിയാണ്. ഒരു പൊതുമേഖലാ സ്ഥാപനമാണെങ്കിൽ മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ആണെങ്കിൽ മാനേജിംഗ് ഡയറക്ടറാണ്. സേവന ദാതാവ് എന്നുപറയുന്നത് അതിന്റെ ഏറ്റവും സുപ്പീരിയർ ആയിട്ടു നിൽക്കുന്ന എക്സിക്യൂട്ടീവ് ആഫീസറാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ഇത്രയും സംസാരിക്കുമ്പോൾ മനസ്സിലാകാത്ത കാര്യം നടപടിയെടുത്തില്ലെങ്കിൽ മാത്രമേ അവർക്കെതിരെ ആക്ഷൻ വരുന്നുള്ളൂ. നമുക്ക് ഒരാൾ ഒരു പരാതി തന്നാൽ നമ്മൾ അതിന്മേൽ ആക്ഷനെടുക്കണ്ടേ? എടുക്കണമെന്നല്ലേ പറഞ്ഞിട്ടുള്ളൂ. എടുത്തില്ലെങ്കിലല്ലേ ഈ ശിക്ഷ വരുന്നുള്ളൂ. അത് ന്യായമായ കാര്യമല്ലേ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സമ്മതിച്ചു, ഞാൻ ആഭ്യന്തര മന്ത്രിക്ക് ഒരു പെറ്റിഷൻ കൊടുക്കുകയാണ്. നടപടിയെടുത്തില്ലെങ്കിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർഷം ശിക്ഷിക്കാൻ പറ്റുമോ? എനിക്ക് ഇതുപോലുള്ള കാര്യത്തിൽ ഇന്ന ഇന്ന അവഗണനകൾ ഉണ്ടായിട്ടുണ്ട്. മോശമായ പെരുമാറ്റമുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി നടപടിയെടുക്കണമെന്നുപറഞ്ഞ് ഞാൻ മുഖ്യമന്ത്രിയ്ക്ക് ഒരു പെറ്റിഷൻ കൊടുക്കുകയാണ്. മുഖ്യമന്ത്രി നടപടിയെടുത്തില്ലെങ്കിൽ ഒരു കൊല്ലത്തേയ്ക്ക് ജയിലിടാൻ പറ്റുമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, നമ്മുടെ കോളേജുകളിൽ നേരത്തെ ധാരാളമായി റാഗിംഗ് നടന്നുവന്നിരുന്നു. അങ്ങനെ റാഗിംഗ് നടത്തുന്നവർക്കെതിരായി കോളേജു മാനേജുമെന്റ് നടപടി സ്വീകരിക്കുന്നില്ലെങ്കിൽ മാനേജുമെന്റുകൾക്കെതിരായി നടപടി സ്വീകരിക്കണമെന്ന് സുപ്രീം കോടതി തന്നെ ഇപ്പോൾ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള നിലപാടുകളിലേക്കാണ് പോകുന്നത്. അതിനു സമാനമായ ഒരു നടപടിക്രമം മാത്രമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതിനെന്താണ് തെറ്റുള്ളത്.

ശ്രീമതി ജെ. അരുന്ധതി: സർ, ഇതിൽ 119-(2)-ൽ പറയുന്നത് കുറ്റം ചെയ്ത ആൾ കുറ്റക്കാരനാണെന്നുള്ളത് കണ്ടുകൊണ്ടുതന്നെ അയാളുടെ പേരിൽ നടപടിയെടുക്കുന്നത് അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ശിക്ഷ, ശിക്ഷയെന്നുപറയുമ്പോൾ മറ്റൊന്നുമല്ല..........................അപ്പോൾ കുറ്റക്കാരനെ സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു വ്യതിയാനമല്ലേ നമ്മളിവിടെ കൊണ്ടുവരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ കുറ്റം ചെയ്ത ആളും കുറ്റം തടയാൻ ശ്രമിക്കാത്ത ആളും ഒരേ തെറ്റാണോ ചെയ്യുന്നത്. കുറ്റം ചെയ്ത ആൾ, ഉദാഹരണമായി ഞാൻ ഒരു കൊലപാതകം ചെയ്യുന്നു എന്നിരിക്കട്ടെ. നടക്കുകയില്ല, എന്നാലും ഇരിക്കട്ടെ. അത് തടയാൻ മറ്റൊരാളിന് പറ്റിയില്ല, ശ്രീ. പി.സി.ജോർജ് തൊട്ടടുത്ത് നിൽപ്പുണ്ട്. തടയാൻ അദ്ദേഹത്തിന് പറ്റുന്നുമില്ല. എന്നെ വിടുകയും ശ്രീ. ജോർജിനെ ശിക്ഷിക്കുകയും ചെയ്യുന്നത് ഏതു നീതിബോധമാണ്. അതുകൊണ്ട് കുറ്റത്തിനൊത്ത വിധത്തിലുള്ള ശിക്ഷയായാണ് കൊടുക്കേണ്ടത്. അതാണ് നമ്മുടെ ക്രിമിനൽ പ്രൊസീഡ്യുയർ കോഡിലെയും നമ്മുടെ ലീഗൽ എത്തിക്സിലെയും പ്രധാനപ്പെട്ട വശം, കുറ്റത്തിനനുയോജ്യമായ ശിക്ഷ, അതാണ് പ്രശ്നം.

ശ്രീമതി ജെ. അരുന്ധതി: സർ .... (തടസം) ....

ശ്രീ. പി. സി. ജോർജ്: ഇപ്പോൾ സ്ത്രീ എന്നുപറഞ്ഞാൽ നിങ്ങളാണ്. സമ്മതിച്ചു. എങ്കിലും ഒരു പൗരനായതുകൊണ്ട് എന്റെ അഭിപ്രായം പറയുകയാണ്. തെറ്റിദ്ധരിക്കരുത്, കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകളുടെ സീറ്റുണ്ട്. ആ സീറ്റിൽ ഒരു പുരുഷൻ കയറിയിരുന്നു. ഒരു സ്ത്രീ ചെന്നു. മാറിയിരുന്നില്ല, പോലീസ് സ്റ്റേഷനിൽ വണ്ടികൊണ്ടുപോയി നിർത്തുമ്പോൾ പോലീസ് ഇറങ്ങിവന്നാണ് കേസ് എടുക്കുന്നത് കണ്ടക്ടർ അവിടെയുണ്ട്. കണ്ടക്ടർ അവരോട് മാറിയിരിക്കാൻ പറഞ്ഞിട്ട് കേട്ടില്ല. അപ്പോൾ പ്രതിയായി ആരു വരും? കെ.എസ്.ആർ.ടി.സി. എം.ഡി. പ്രതിയായിട്ടുവരുമെന്നാണ് പറയുന്നത്. മനസ്സിലായില്ലേ? ഞാനൊരു പ്രൈവറ്റ് ബസ് ഓണറാണ്.

ഞാനാണ് അവിടെ ജോലിക്കാരെ നിശ്ചയിച്ചിരിക്കുന്നത്. പക്ഷെ ആ പ്രൈവറ്റ് ബസിന്റെ വനിതയുടെ സീറ്റിൽ ഒരാൾ കയറിയിരുന്നു. കണ്ടക്ടർക്ക് അവനെ അടിച്ചിറക്കിവിടാൻ പറ്റുമോ? അത് പറയാനല്ല പറ്റൂ. അവൻ സത്യസന്ധമായി ഈ പുരുഷൻ ആ വനിതയുടെ സീറ്റിൽ കയറിയിരുന്നു എന്ന് സാക്ഷിമൊഴി പറഞ്ഞില്ലെങ്കിൽ അവൻ കുറ്റക്കാരനാണ്. അല്ലെങ്കിൽ അവനെ ശിക്ഷിക്കണം. ഞാൻ ബസ് വാങ്ങിയതുകൊണ്ട് എന്നെ ശിക്ഷിക്കണമെന്നു പറയാൻ ഇത് കാട്ടാളഭരണം വല്ലതുമാണോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> നമ്മളിപ്പോൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പതിനൊന്നു വർഷം തികയുന്ന ആദ്യത്തെ ആഴ്ചയിലാണ് ഈ നിയമം ഉണ്ടാക്കുന്നത്. നമ്മുടെ നിയമം പരിഷ്കൃതമായിരിക്കണം. നമ്മുടെ നിയമം പൂർവ്വകാല പ്രാബല്യത്തോടുകൂടി നമ്മുടെ പ്രതികാരം തീർക്കുന്നതിനാകരുത്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> നേരത്തെ അങ്ങ് സംസാരിച്ചതുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. കുറ്റം ചെയ്യുന്നവനെയല്ലേ ശിക്ഷിക്കേണ്ടത് എന്ന് ചോദിച്ചു. നമ്മുടെ ക്രിമിനൽ നിയമത്തിൽത്തന്നെ വച്ചിട്ടില്ലേ, ഒരു കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ആളും, അബെറ്റ് ചെയ്യുന്ന ആളും കുറ്റക്കാരനല്ലേ? അപ്പോൾ അതുപോലെ ആ അബെറ്റ്മെന്റിന്റെ വേറൊരു രീതിയല്ലേ കുറ്റം ചെയ്യുന്നത് കണ്ടുകൊണ്ട് അതിനെതിരെ നടപടിയെടുക്കാതിരിക്കുന്നത്? ആ സെക്ഷൻ ഇല്ലാതെ ഇവരെയൊന്ന് നിയന്ത്രിക്കാൻ നമുക്ക് കഴിയുമോ? നമ്മൾ സമൂഹത്തിനുവേണ്ടിത്തന്നെയല്ലേ ഈ നിയമം ഉണ്ടാക്കുന്നത്? അപ്പോൾ അതിനകത്ത് പഴുതുകൾ ഇടാതെ പരമാവധി നല്ല നിലയ്ക്ക് സഹായം കിട്ടുന്ന തരത്തിലുള്ള നിയമങ്ങളല്ലേ ഉണ്ടാകേണ്ടത്? അപ്പോൾ 119-ാം വകുപ്പ് അങ്ങനെ തന്നെ ഉണ്ടാകേണ്ടതല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> അങ്ങ് ഒരു അഭിഭാഷകയല്ലേ, കുറ്റം ചെയ്യുന്നതും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നതും, കുറ്റം തടയാൻ കഴിയാതെ നിസ്സഹായനായി നിൽക്കുന്നതും രണ്ടും രണ്ടല്ലേ? കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നത് കോ-അക്യൂസ്ഡ് ആണ്. അതിനെ പ്രേരിപ്പിക്കുന്നത് അബെറ്റ്മെന്റ് ആകാം. കുറ്റം തടയാൻ കഴിയാതെ ഒരാൾ മാറിനിൽക്കുന്നു, അവനും ഒരേ രൂപത്തിൽ, ഒരേ ത്രാസിൽ തൂക്കാവുന്ന ഒരേ നുകത്തിൽ കയറ്റാവുന്ന തെറ്റാണോ അവർ ചെയ്യുന്നത്. അതുകൊണ്ട് ഇതിനെ രണ്ടും രണ്ടായി കാണണം.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> പരിഷ്കൃത യുഗത്തിൽ മാത്രമല്ല, പ്രാകൃതമായ ഗോത്ര സംസ്കൃതിയിൽപ്പോലും കാണികളായ, തടയാൻ ശ്രമിച്ചിട്ടില്ലാത്തവരെ ശിക്ഷിച്ചിട്ടില്ല. കൗരവ സഭയിൽ വച്ച് വസ്ത്രാക്ഷേപം ചെയ്ത ദ്രൗപതിയ്ക്കെതിരെ അക്രമം നടന്നപ്പോൾ നിസ്സഹായനായി നോക്കിനിന്ന ഭീഷ്മപിതാമഹനടക്കമുള്ളവരെ ചരിത്രം കുറ്റപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇത് പ്രാകൃത വ്യവസ്ഥിതിയിലും പരിഷ്കൃത വ്യവസ്ഥിതിയിലും ഒരിക്കലും ആശാസ്യമല്ലാത്ത വകുപ്പാണ് എന്ന് അങ്ങേയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അറിയാവുന്നത് മാത്രമല്ല. ശ്രീ. സി. പി. പറഞ്ഞപ്പോൾ അത് കുറച്ചുകൂടി സാഹിത്യമായി. ഞാൻ പറയുമ്പോൾ നാടൻഭാഷയായി. ആ ഒരു വ്യത്യാസമേയുള്ളൂ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ മാത്രമല്ല, അതിൽ ഇടപെട്ട് സംസാരിച്ച എല്ലാപേരെയും ചേർത്തിട്ടാണ് ഞാൻ നേരത്തെ പറഞ്ഞത്. അപ്പോൾ അത് അങ്ങനെ പോകരുത് എന്നുള്ളതുകൊണ്ടാണ് പറഞ്ഞത്. ഇപ്പോൾ ശ്രീ. സിപി. മുഹമ്മദ് പറഞ്ഞത് കൗരവ സദസ്സിൽ അന്ന് കൃഷ്ണൻ മാജിക് കാണിച്ചില്ലായിരുന്നെങ്കിൽ ഭീഷ്മപിതാമഹനടക്കം കുറ്റത്തിന് ഇരയാകുമായിരുന്നു എന്നാണ്. അന്ന് കൃഷ്ണൻ മാജിക് കാണിച്ചതുകൊണ്ടാണ്. ഇപ്പോൾ ഇത്തരം സ്ഥലങ്ങളിൽ മാജിക് കാണിക്കാൻ ആരുമില്ല. അതുകൊണ്ടാണ് ഇത്തരം കുറ്റകൃത്യങ്ങൾ വേണ്ട സമയത്ത് റിപ്പോർട്ടു ചെയ്യുകയും നടപടിയെടുക്കുകയും ചെയ്യാത്തവരെയടക്കം കുറ്റം ചുമത്തേണ്ടിവരുന്നത് .

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സത്യം പറഞ്ഞാൽ അങ്ങ് ശ്രീ. കൃഷ്ണന്റെ മാജിക്കിലേക്ക് മടങ്ങിവന്നത് ഞാൻ സമ്മതിച്ചു. സത്യം പറഞ്ഞാൽ ഇപ്പോൾ ജനിതക കമ്മ്യൂണിസ്റ്റാണ് മാർക്സിസ്റ്റ് പാർട്ടി സ്വാഭാവിക കമ്മ്യൂണിസ്റ്റ് രീതിയിൽനിന്ന് വ്യത്യസ്തമായി ഒരു ജനിതക കമ്മ്യൂണിസ്റ്റായി നിങ്ങൾ മാറുന്നു എന്നുള്ളതിന്റെ ചില സൂചനകൾ ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ് അങ്ങേക്ക് എന്താണ് പറയാനുള്ളത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> കമ്മ്യൂണിസ്റ്റുകാരും ഭൗതിക വാദികളാണ്. പക്ഷെ കേവല ഭൗതികവാദികളായിട്ടല്ല. ആത്മീയത നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലല്ല ഞങ്ങൾ പറയുന്നത്. പക്ഷെ കൃഷ്ണന്റെ മാജിക് എന്ന് ഞാൻ പറഞ്ഞത് കൃഷ്ണൻ ഇടപെട്ടു എന്നുള്ളതാണ് വസ്തുത. പിന്നീട് എല്ലാം എഴുതിച്ചേർത്തവർ കൃഷ്ണൻ മാജിക് കാണിച്ചു എന്നുള്ള രീതിയിൽ വരുന്നതാണ്. കൃഷ്ണൻ ധീരനായിട്ടുള്ള ഒരു യുവാവായിരുന്നു. മാനഭംഗം ചെയ്യപ്പെടുന്ന ഒരു സ്ത്രീയെ രക്ഷിക്കാൻ അന്നത്തെ ശ്രീകൃഷ്ണൻ ഇടപെട്ടു എന്നുള്ളതാണ് വസ്തുത.

<u>ശ്രീ. കെ. കെ. ഷാജു</u>: ശ്രീകൃഷ്ണന്റെ ദിവ്യത്വം മാജിക് എന്നു മാറ്റിപറഞ്ഞത് ഭൗതികവാദികളായതുകൊണ്ടാണെന്ന് അങ്ങേയ്ക്കു മനസ്സിലായോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അവർ ഭൗതികവാദികളല്ല, അവർ മൗലികവാദികളാണ്. അവർ സത്യം പറഞ്ഞാൽ ചെയ്തുകൊണ്ടിരിക്കുന്നത് മൗലിക പ്രവർത്തനങ്ങളിൽ പലതുമാണ്. ഞാൻ അത് വിശദീകരിക്കുന്നില്ല. ബില്ലിനെ കൊല്ലരുത്. ആ നിലയിലേക്ക് പോയതുകൊണ്ട് ഞാൻ അത് സൂചിപ്പിച്ചു എന്നെയുള്ളൂ.

<u>ശ്രീ. കെ. രാജു</u> : സർ, 113 കുറ്റങ്ങളും ശിക്ഷകളും അതിൽ 113 (1) യഥാർത്ഥത്തിൽ പോലീസിന് നൽകുന്ന സംരക്ഷണമാണ്. പോലീസ് ഉത്തമവിശ്വാസത്തിൽ ഒരു പ്രവൃത്തി ചെയ്യുന്നു അപ്പോൾ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു പിഴവ് വന്നാൽ ആ പോലീസിന് നൽകുന്ന ഒരു സംരക്ഷണമാണ് അതിൽ പറയുന്നത്. എന്നാൽ അതിനുശേഷം (2) യാതൊരു കോടതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥന് എതിരെ ആരോപിക്കപ്പെട്ടതും ഈ ആക്ടിന്റെ കീഴിലുള്ളതുമായ യാതൊരു കുറ്റത്തിനും നടപടിയെടുക്കാൻ പാടുള്ളതല്ല എന്നു പറഞ്ഞാൽ പോലീസ് ആക്ഷനിലൂടെ ഈ ആക്ടിൻപ്രകാരമുള്ള ഒരു കുറ്റം അവർ ചെയ്താൽ കോടതിയെ സമീപിക്കാൻ പാടില്ല എന്നു പറയുന്ന ഒരു ക്ലോസ് ഇതിൽ ചേർക്കേണ്ടതുണ്ടോ? പോലീസിനെ സംരക്ഷിക്കുകയാണ്. പോലീസിന് സംരക്ഷണം ആവശ്യമാണ്. നിയമപരമായി അവർ പെരുമാറുമ്പോൾ പോലീസിന് സംരക്ഷണം ആവശ്യമാണ്. അതിന് ഉതകുന്ന ഒരു ക്ലോസാണ് 113(1) എന്ന് പറയുന്നത്. അങ്ങ് വായിച്ചിട്ടുണ്ടാകും. എന്നാൽ അതിനുശേഷം രണ്ടാമത് ഒരു പ്രാവശ്യംകൂടി എഴുതി ചേർത്തിരിക്കുന്നു. അത് ആവശ്യമില്ല. അത് സെലക്ട് കമ്മിറ്റിയിലും ചർച്ച വന്നതാണ്. അതുകൊണ്ട് വരുന്നത്, പോലീസ് നിയമത്തിന് ഇമ്മ്യൂണാകുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകുന്നു എന്ന് വരും. അതുകൊണ്ട് രണ്ട് ഒഴിവാക്കിക്കൊണ്ട് ഒന്ന് മാത്രം നിലനിർത്തിയാൽ പോരെ. അതിനെക്കുറിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ ശ്രീ. കെ. രാജു പറഞ്ഞതാണ് പൊതു വിമർശനത്തിന്റെ കാതൽ. പോലീസിന് ഇമ്മ്യൂണിറ്റി കൊടുക്കരുത്. പോലീസിന് ഇമ്മ്യൂണിറ്റി കൊടുത്തു കഴിഞ്ഞാൽ പിന്നെ പൗരന് രക്ഷയില്ല. പൗര ജീവിതം താളം തെറ്റും. ആ താളം തെറ്റുന്ന സാഹചര്യത്തിലേക്ക് പോയാൽ നമ്മുടെ സമൂഹത്തിന്റെ ഇക്വലിബ്രിയം ഇല്ലാതാകും. അത് ഇല്ലാതാക്കുന്ന രൂപത്തിലേക്ക് പോകരുത് എന്ന് തന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അങ്ങ് പറഞ്ഞ ആ വിമർശനത്തെ ഞാൻ അംഗീകരിക്കുകയാണ്. ഇന്നലെ ഉണ്ടായ ഒരു സംഭവം കൂടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിലെ കൗൺസിലർ ശ്രീമതി ഒ. ബീന എനിക്ക് അയച്ച ഒരു കത്താണ്. അതിനകത്ത് അവർ പറയുന്നത് എസ്റ്റേറ്റ് വാർഡ് കൗൺസിലറായി ഞാൻ ഇലക്ഷൻ നോമിനേഷൻ കൊടുത്ത ദിവസം മുതൽ നാളിതുവരെയും സി.പി.ഐ.(എം) ഗുണ്ടാപ്രവർത്തകർ എന്റെ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും എന്നെ ഭീഷണിപ്പെടുത്തുകയും ഇപ്പോൾ അവസാനം ഡിസംബർ 31 -ന് രാത്രി 12.45 -ന് എന്റെ വീട് ആക്രമിക്കുകയും വീടിന് നേരെ ബോംബ് എറിയുകയും ചെയ്തു. തുടർന്ന് നേമം പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയും ചെയ്തു. മൂന്ന് ദിവസം പിന്നിട്ടിട്ടും ഈ പരാതിക്കെതിരെ യാതൊരു നിയമനടപടികളും എടുത്തിട്ടില്ല. ഇതിനെക്കുറിച്ചുള്ള വാർത്തകൾ പ്രധാനപ്പെട്ട എല്ലാ മാധ്യമങ്ങളിലും വന്നിട്ടുണ്ട്. ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇവിടെ നമ്മുടെ വനിതാ സ്നേഹികൾ എന്ന ചോദ്യം ചെയ്ത ആളുകളൊക്കെയുണ്ടല്ലോ? ആരെയും ഇവിടെ ഇപ്പോൾ കാണുന്നില്ലല്ലോ? ഇതൊരു വനിതാ കൗൺസിലറുടെ പരാതിയാണ്. ഈ പോലീസ് നിയമത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്ദർഭത്തിൽ ഒരു അശുഭലക്ഷണം എന്നുള്ള നിലയിൽ ഒരു പോലീസ് സ്റ്റേഷന് അകത്ത് നിന്ന് ഇങ്ങനെ ഒരു പീഡനം ഒരു വനിതാ കൗൺസിലർക്ക് ഉണ്ടാകുന്നത് ശരിയാണോ എന്നുള്ളത് ഞാൻ അങ്ങയുടെ മനഃസാക്ഷിക്ക് വിടുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് തെറ്റിദ്ധാരണകൊണ്ടോ ഇത് ശ്രദ്ധിക്കാത്തതുകൊണ്ടോ എന്ന് എനിക്കറിയില്ല. ഞാൻ എസ്റ്റേറ്റ് വാർഡ് കൗൺസിലറുമായി ബന്ധപ്പെട്ടതാണ്. എന്റെ മണ്ഡലത്തിന് അടുത്താണ്. ന്യൂ ഇയറിന് തലേ ദിവസം കുറെ ആൾക്കാർ ഇവരുടെ വീടിന് മുന്നിൽ വന്നു കുറച്ച് ബഹളമൊക്കെയുണ്ടാക്കി. അത് സി.പി.ഐ. (എം) അല്ല കോൺഗ്രസുമല്ല, ബി.ജെ.പി.-യുമല്ല. അവിടെയുള്ള കുറച്ച് ചെറുപ്പക്കാർ ന്യൂ ഇയർ ആഘോഷിച്ചതാണ്. അത് ദുരുദ്ദേശപരമായി സി.പി.ഐ. (എം) എന്ന് പറയുകയാണ്. എന്നുമാത്രമല്ല ആ കൗൺസിലർ പറഞ്ഞതുതന്നെ ഇത് അറിഞ്ഞ് ഏതാണ്ട് 10-15 മിനിറ്റിനകം തന്നെ അവിടത്തെ സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അടക്കമുള്ള പോലീസ് ആഫീസർമാർ സ്ഥലത്ത് വരുകയും ആവശ്യമായ വകുപ്പുകൾ പ്രകാരം കേസ് എടുക്കുകയും ചെയ്തു. അപ്പോൾ വളരെ കറക്ടായിട്ട് പോലീസ് ആക്ട് ചെയ്തിരിക്കുകയാണ്. അതിൽ സി.പി.ഐ. (എം)-ന് ബന്ധമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. വി. ശിവൻകുട്ടി, ശ്രീമതി ഒ.ബീന എനിക്ക് എഴുതിയ കത്താണ്, അവരുടെ ലെറ്റർ ഹെഡ്ഡിലെഴുതിയ കത്താണ് ഞാനിവിടെ കാണിക്കുന്നത്. അങ്ങേക്ക് സംശയമുണ്ടെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ പരിശോധനക്ക് വിടുന്നതിന് ഞാനിത് ടേബിൾ ചെയ്യാം. അവരുടെ നേരിട്ടുള്ള പരാതിയാണ്. അവർ എനിക്ക് എഴുതിയിരിക്കുകയാണ്. ഇത് ശരിയല്ല. അങ്ങ് കൂടി ഇതിനെക്കുറിച്ച് ശ്രദ്ധിക്കണം. ഞാൻ പറയുന്നത് നമ്മുടെ നാട്ടിലെ സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങിയിട്ടുള്ള ഒരു ജനപ്രതിനിധിയായ ഒരു കൗൺസിലർക്ക് ഇങ്ങനെ ഒരു പീഡനം ഏൽക്കേണ്ടി വരുകയും അതിൽ നിന്ന് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഒരു പോലീസ് സ്റ്റേഷനിൽ അഭയം പ്രാപിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ പോലീസ് മൂന്നു ദിവസമായി നടപടി എടുത്തിട്ടില്ല എന്നുള്ള അവരുടെ വേദനയിൽ കുറിച്ച ഒരു കത്താണിത്. ഇത് നമ്മുടെ കേരളത്തിന് അപമാനമാണ്. ഈ സംസ്കാരത്തിന്റെ സമ്പന്നതയുള്ള തലസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥലത്ത്. ശ്രീ. വി. ശിവൻകുട്ടിക്ക് കൂടി നേരിട്ടറിയാം എന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. വളരെ കഷ്ടമായിപ്പോയി. ഒരിക്കലും ചെയ്യരുതാത്തതായിരുന്നു. ഇനിയെങ്കിലും ഇതിനുമേൽ നടപടി എടുക്കുന്നതിന് തയ്യാറാവണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കെ. ഷാജു : അങ്ങ് ഈ ബില്ലിനെ സംബന്ധിച്ച് പറഞ്ഞ് അവസാനിപ്പിക്കുകയാണല്ലോ? ഈ ബിൽ 2010-11 ലെ കേരള പോലീസ് ബില്ല് എന്നുള്ളതിന് അപ്പുറം ഇത് കുറ്റവാളികളെ സംരക്ഷിക്കുന്ന ബില്ലാണ് ഇതെന്ന ഒരു പൊതു ചർച്ച നമ്മുടെ നാട്ടിലുണ്ട്. കുറ്റവാളികൾക്ക് സംരക്ഷണം കിട്ടുന്നതിനെപ്പറ്റിയാണല്ലോ അങ്ങ് ഇപ്പോൾ പറഞ്ഞു കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് അപ്പുറത്ത് നിന്ന് പറഞ്ഞതനുസരിച്ച് സ്ത്രീകളും അമ്മമാരും സഹോദരിമാരും ഭാര്യമാരും കുട്ടികളും ഒക്കെ അപ്പുറത്തിരിക്കുന്നവർക്ക് മാത്രമെയുള്ളു ഇപ്പുറത്തിരിക്കുന്നവർക്ക് ഇല്ലെന്ന രൂപത്തിലാണല്ലോ ഇവിടെ പറഞ്ഞു കേട്ടത്. അതുപോലെ ഞങ്ങളൊക്കെ ആണുങ്ങളാണ്. നിങ്ങളുടെ ഒരു സർട്ടിഫിക്കറ്റ് അക്കാര്യത്തിൽ വേണ്ട. ഞാൻ പറഞ്ഞു വരുന്നത് പരോൾ കൊടുക്കുന്ന രീതിയെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചോയെന്ന് എനിക്കറിയത്തില്ല ഈ നിയമത്തിൽ. ശിക്ഷിക്കപ്പെട്ട ആൾക്കാർക്കാണല്ലോ പരോൾ കൊടുക്കേണ്ടത്. പരോൾ കൊടുക്കുന്നത് അങ്ങേയറ്റം ലിബറലാക്കിയിരിക്കുകയാണ്. ശിക്ഷാ രീതിയെസംബന്ധിച്ച് അങ്ങ് വക്കീൽകൂടിയാണല്ലോ. അങ്ങയ്ക്ക് അറിയാമല്ലോ. മൂന്ന് തരത്തിലുള്ള ശിക്ഷാ രീതിയുണ്ട്. ഒന്ന് പ്രിവന്റീവായിട്ടുള്ളതുണ്ട്. ഡെഫർമേറ്റീവായിട്ടുള്ളതുണ്ട്. പിന്നെ സമൂഹത്തിൽ റോൾ മോഡലാകേണ്ടതുണ്ട്. ഈ മൂന്ന് തരത്തിലുള്ള ശിക്ഷകളാണ് വരുന്നത്. അങ്ങനെ ശിക്ഷിക്കപ്പെടുന്ന ആളുകളിൽ ഏത് വിഭാഗത്തിലുള്ളവർക്ക് പരോൾ കൊടുക്കാം ഏത് വിഭാഗത്തിലുള്ളവർക്ക് പരോൾ കൊടുത്തുകൂടാ? നമ്മുടെ ജയിൽ എ.ഡി.ജി.പി.യായിട്ടുള്ള ബഹുമാന്യനായ ശ്രീ. രാമൻ ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന ഒരു അഫിഡവിറ്റിനകത്ത് പറഞ്ഞിരിക്കുന്നത്, കണ്ണൂർ ജയിലിൽ റെയിഡ് നടത്തിയപ്പോൾ ആറര കിലോ കോഴിയിറച്ചി, കഞ്ചാവ്, മൊബൈൽ ഫോൺ ഇവയൊക്കെ കിട്ടിയെന്നാണ്. ഇത് സാധാരണ ഗതിയിലുള്ള കുറ്റവാളികൾ ഉപയോഗിക്കുന്ന സാധനമല്ല. സ്ഥിരം കുറ്റവാളികൾ ഉപയോഗിക്കുന്നതാണ്. അങ്ങനെയുള്ള സ്ഥിരം കുറ്റവാളികൾക്കുപോലും എളുപ്പത്തിൽ പരോൾ കൊടുക്കാൻ കഴിയുന്ന ഒരുപാട് നിർദ്ദേശങ്ങൾ ഈ നിയമത്തിൽ കടന്നു വരുകയാണ്. ഇതടക്കമുള്ള പ്രശ്നങ്ങളുണ്ട്. ഇതെല്ലാംകൂടി ഉൾപ്പെട്ട് വരുന്നത് ഇത് പ്രതികൾക്ക് സംരക്ഷണം നൽകുന്ന, ഇത് കുറ്റവാളികളായി ശിക്ഷിക്കപ്പെട്ട ആളുകൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നില്ല എന്നുള്ളത് ഒഴിച്ചാൽ ബാക്കിയുള്ളതെല്ലാം ഇതിനകത്ത് റെഡിയാണ്. ഇത് ഗൗരവതരമായി അങ്ങ് പരിശോധിക്കുന്നുണ്ടോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എന്റെ സ്നേഹിതൻ ശ്രീ. കെ. കെ. ഷാജു സംസാരിച്ചപ്പോൾ പറയുകയുണ്ടായി സ്ത്രീകൾ ഇപ്പുറത്ത് മാത്രമേയുള്ളൂ അപ്പുറത്തുള്ളവരെ കാണുന്നില്ലെന്നാണ്. അപ്പുറത്ത് ഇരിക്കുന്ന സ്ത്രീകൾ ആരാണെന്ന് വ്യക്തമാക്കിയാൽ കൊള്ളാം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞങ്ങളുടെ സ്ത്രീകൾ വീട്ടിലുണ്ട്. നിങ്ങളുടെ സ്ത്രീകൾ അസംബ്ലിയിലുണ്ട്. അത് സ്വാഭാവികമല്ലേ. ഞാൻ ശ്രീ. കെ. കെ. ഷാജു പറഞ്ഞതിനോട് യോജിക്കുന്നു, അതിന്റെ കൂടെ ഞാൻ അനുബന്ധംകൂടി ചേർക്കുന്നു. ഈ നിയമത്തിലൊന്നും പിടികിട്ടാത്ത ഒരു വശമുണ്ട്. ഒരു കൊലപാതകം നടക്കുന്നു. കൊലപാതകം നടക്കുന്ന സ്ഥലത്ത് പ്രതിയെ അതിന്റെ നിക്ഷിപ്ത കക്ഷികൾ തന്നെ ഹാജരാക്കുകയാണ്. കൊല നടത്തുന്ന വ്യക്തി വേറെ, പ്രതിയായി പ്രത്യക്ഷപ്പെടുന്നയാൾ വേറെ. എങ്ങനെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ പറ്റും. ഈ നിയമത്തിനകത്ത് അങ്ങനെയുള്ള ആളുകൾക്ക് എതിരെ എന്തെങ്കിലും നടപടി എടുക്കാൻ പറ്റുമോ...

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത് ശ്രീ. കെ. കെ. ഷാജു പറഞ്ഞതിനോട് യോജിക്കുകയാണെന്നാണ്. അങ്ങ് ഒരു നിയമ ബിരുദധാരിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. കെ. കെ. ഷാജു ഇവിടെ പറഞ്ഞത് ശിക്ഷിക്കപ്പെട്ട കുറ്റവാളികൾക്ക് പരോൾ കൊടുക്കുന്നതുസംബന്ധിച്ചാണ്. ആ പരോൾ വ്യവസ്ഥകൾ ഈ ബില്ലിന്റെ പരിധിയിൽ വരുന്നതല്ലായെന്നും അത് പ്രിസൺ റൂളിന്റെ ഭാഗമാണെന്നുള്ള കാര്യവും അങ്ങേക്ക് അറിയാമല്ലോ? എന്നിട്ടും ശ്രീ. കെ. കെ. ഷാജുവിനെപ്പോലെയുള്ള ആളുകൾ ഉന്നയിച്ചിട്ടുള്ള തെറ്റായിട്ടുള്ള വാദഗതി അങ്ങ് അംഗീകരിക്കുന്നത് അങ്ങ് എടുത്തിട്ടുള്ള നിയമ ബിരുദത്തിനുപോലും നിരക്കുന്നതല്ല എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. കെ. കെ. ഷാജുവിന് ബദലായി അങ്ങ് പറഞ്ഞതും ഞാൻ അംഗീകരിക്കുകയാണ്. അപ്പോൾ പ്രശ്നം തീർന്നല്ലോ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്. ഇവിടെ കുറ്റവാളികൾ നമ്മുടെ നിയമത്തിന് പുറത്ത് പോവുകയാണ്. യഥാർത്ഥ കുറ്റവാളികൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് കുറ്റവാളികൾ രംഗത്ത് വരുകയാണ്. കോടതിയിൽപ്പോലും ആ കുറ്റവാളികളെ അവരുടെ മുമ്പിൽ കിട്ടാതെ പോവുകയാണ്. കോടതിയുടെ മുമ്പിൽ വരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ പലപ്പോഴും ഇവരെ വെറുതെ വിടുകയാണ്. ശരിയാണോ? എനിക്ക് ശ്രീ. കെ. കെ. ഷാജുവിനോടുള്ള ബന്ധം അങ്ങേക്ക് അറിയാമല്ലോ. ശ്രീ. കെ.കെ. ഷാജു പറയുന്നത് തെറ്റാണെന്ന് ഞാൻ പറയുമോ? ഞാൻ ഉയർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കേരള ജനസമൂഹം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഇവിടെ യഥാർത്ഥ കുറ്റവാളികൾക്ക് ചെല്ലും ചെലവും കൊടുത്ത് അവർ ചില സങ്കേതങ്ങളിൽ ജീവിക്കുകയാണ്. അതേ സമയം ഒരു കുറ്റവും ചെയ്യാത്തവനെ താൽക്കാലികമായി കുറ്റവാളിയായി കൊണ്ടു പോവുകയാണ്. കേരളത്തിലെ പ്രസക്തമായ രാഷ്ട്രീയ കൊലപാതകങ്ങളിൽ കുറ്റവാളികളായിട്ടുള്ള ആളുകൾ പ്രത്യക്ഷപ്പെടാതെ അവിടെയെല്ലാം വെറും ഡ്യൂപ്ലിക്കേറ്റുകളെ പ്രത്യക്ഷപ്പെടുത്തുന്നതിന്റെ എത്രയോ ഉദാഹരണങ്ങളുണ്ട്. കോടതിയുടെ മുമ്പിൽ ചെല്ലുമ്പോൾ ഐ വിറ്റ്നസ്സിനു പോലും ഈ പ്രതിയെ ഐഡന്റിഫൈ ചെയ്യാൻ കഴിയുന്നില്ല. ഇങ്ങനെ വരുന്ന ഒരു പ്രതിഭാസം കേരള സമൂഹത്തിൽ നിൽക്കുകയാണ്. ആ പ്രതിഭാസത്തെ നേരിടാൻ എന്താണ് മാർഗ്ഗം? അതിനുള്ള മാർഗ്ഗം ഈ നിയമത്തിനകത്ത് കൊണ്ടുവന്നിട്ടില്ല. അങ്ങനെ ബോധപൂർവ്വമായി പോലീസ് ഉദ്യോഗസ്ഥന്മാർ ഡ്യൂപ്ലിക്കേറ്റായ പ്രതികളെയാണ് ഇതിൽ ഉൾക്കൊള്ളിക്കുന്നതെങ്കിൽ ആ ഉദ്യോഗസ്ഥന് എതിരായി നടപടി എടുക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു പ്രൊവിഷൻ ഇതിൽ വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ: യഥാർത്ഥ കുറ്റവാളിയെന്നു പറഞ്ഞാൽ, ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയതിൽ യഥാർത്ഥ കുറ്റവാളികളല്ല. യഥാർത്ഥത്തിൽ ചുറ്റുപാടുകളും സമൂഹവുമാണ് ഓരോ പൗരനെയും കുറ്റവാളിയാക്കി മാറ്റുന്നത്. ഇവിടെ അന്യന്റെ ശബ്ദം സംഗീതംപോലെ ആസ്വദിക്കുന്ന ഒരു നല്ല നാളെ കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന ഒരു സർക്കാർ അതിനനുസരിച്ചാണ് ഇത്തരം നിയമനിർമ്മാണങ്ങൾ ഉണ്ടാക്കുന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ സാഹിത്യ നിരൂപണത്തെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ അതിനകത്തെ സാംഗത്യമായ വശത്തെക്കുറിച്ച് ഞാൻ യോജിക്കുന്നില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്? ഇവിടെ കുറ്റം ചെയ്യുന്ന ആളിനെ നിയമത്തിന് മുമ്പിൽ കൊണ്ടു വരണം. ഈ കുറ്റവാളിയെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിന്റെ ട്രാൻസിഷൻ നടത്തുന്ന പ്രോസസ് പൂർത്തീകരിക്കേണ്ടത് ആരാണ്? പോലീസ് ഉദ്യോഗസ്ഥനാണ്. ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസിയാണ്. അവിടെയാണ് ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചത് ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും രണ്ട് ആക്കണം എന്ന്. അത് നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനകത്തുതന്നെ ഈ പരാതികൾ വരുന്നതുകൊണ്ടാണ് കേസ് മറ്റു ചില സ്ഥലങ്ങളിലേക്ക് അന്വേഷണത്തിന് പോകണമെന്നുള്ള ആവശ്യം കേരളത്തിൽ പൊതുവായി വരുന്നത്. യഥാർത്ഥ കുറ്റവാളി പ്രത്യക്ഷത്തിൽ വരുന്നില്ല. ആ കുറ്റവാളി ഏതോ ഒരു ഗോഡൗണിൽ ജീവിക്കുകയാണ്. അതേ സമയം നിരപരാധിയെ കുറ്റവാളിയുടെ വേഷം കെട്ടിച്ച് കോടതിയുടെ മുമ്പിൽ കൊണ്ടുവരികയാണ്. എന്നിട്ട് ആ കുറ്റവാളിയുടെ കുടുംബ ചെലവും കോടതിയിൽ വന്നെത്തുന്ന ഈ ഹതഭാഗ്യവാന്റെ കുടുംബ ചെലവും മുഴുവൻ ശിക്ഷാ കാലാവധിയിലേക്ക് ഒരു വിഭാഗം ആളുകൾ ഏറ്റെടുക്കുകയാണ്. എന്നിട്ട് അവർക്ക് പെൻഷൻ കൊടുക്കുന്നതുപോലെ എല്ലാ സൗകര്യങ്ങളും എത്തിച്ചു കൊടുക്കുകയാണ്. കുറ്റവാളി പ്രവർത്തനത്തിന്റെ ഈ വിഷ്യസ് സർക്കിൾ പൊളിക്കുന്നതിനു വേണ്ടി എന്ത് നടപടിയാണ് ഈ നിയമത്തിനകത്തുള്ളത്. ഇത് നിയമത്തെ കവച്ചുകടക്കുകയാണ്. നിയമത്തെ മുറിച്ചു കടക്കുകയാണ്. അത് ശരിയാണോ? ആധുനിക യുഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവണതയ്ക്കെതിരായി ഒരു നടപടിയും ഈ നിയമത്തിനകത്തില്ല. എന്നുപറഞ്ഞാൽ, ഈ നിയമത്തിൽ മുറിച്ചു കടന്നുകൊണ്ടിരിക്കുന്ന ഒരു വിഭാഗം ആളുകൾക്ക് സ്വച്ഛന്ദമായി മുന്നോട്ടു പോകുന്നതിനുള്ള ഒരു അനുകൂലമായ സാഹചര്യം ഉണ്ടാക്കുകയാണ്. ആ സാഹചര്യംകൂടി ഇല്ലാതാക്കിക്കൊണ്ട് ഈ നിയമം കുറ്റമറ്റതാക്കിമാറ്റുന്നതിനുവേണ്ട നടപടികളുണ്ടാകണം. 1960-ന് ശേഷം 2010-ൽ, 2010 എന്നാണ് ബില്ലിന്റെ പേരെങ്കിലും 2011-ൽ ഈ നിയമം അങ്ങ് അവതരിപ്പിച്ചതിലും എനിക്ക് സന്തോഷമേയുള്ളൂ. പക്ഷേ ഇതിനകത്ത് ഒരുപാട് പോരായ്മകളാണ്. ഇതിനകത്ത് ധാരാളം പരിമിതികളാണ്. ഇതിനകത്ത് അങ്ങേയ്ക്കും ചെയ്യാൻ കഴിയാത്ത ചില പ്രവർത്തനമുണ്ട്. അതായത് ഈ കുറ്റവാളികൾ രക്ഷപ്പെട്ടു പോകുന്ന ഒരു വശമാണിരിക്കുന്നത്. അതിനെക്കൂടി ഈ നിയമത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി കുറ്റമറ്റതാക്കി മാറ്റണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ അവതരിപ്പിച്ച 2010-ലെ കേരള പോലീസ് ബിൽ വളരെയേറെ ഗുണം ചെയ്യുമെന്നുള്ള പ്രതീക്ഷയാണ് എല്ലാവർക്കുമുള്ളത്. എന്നാൽ ഇതിൽ വന്നുകൂടിയിട്ടുള്ള വിവിധങ്ങളായ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഈ നിയമത്തിന്റെ രൂപീകരണ ഘട്ടത്തിൽ കേരള നിയമസഭ ഏറ്റവും ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ് എന്നുള്ളത് കണക്കിലെടുക്കുമ്പോൾ ഇവിടെ ഉന്നയിക്കപ്പെടുന്ന ഡിസെന്റുകൾ അതിന്റേതായ പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്റെ ഡിസെന്റ് പോലീസിന്റെ ഡ്യൂട്ടി സംബന്ധിച്ചുള്ളതതാണ്. എട്ട് മണിക്കൂർ ഡ്യൂട്ടി നിശ്ചയിക്കുക എന്നുള്ളത് യഥാർത്ഥത്തിൽ ന്യായമായും നീതിപൂർവ്വമായി നടപ്പിലാക്കേണ്ട ഒരു കാര്യമാണ്. അധിക ജോലി ചെയ്യേണ്ടി വന്നാൽ അതിന് ആനുകൂല്യങ്ങൾ കൊടുക്കുക. പ്രത്യേകമായ പരിഗണന കൊടുക്കുക എന്നുള്ളത് ന്യായമാണ്. എട്ടു മണിക്കൂർ ഡ്യൂട്ടി നിശ്ചയിക്കാൻ കഴിയുന്നില്ല എന്നു പറയുന്നത് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന് അനുയോജ്യമാണോ?. അതുകൊണ്ട് അത് ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. അതുപോലെ ഒന്നു രണ്ട് പ്രശ്നങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, സെലക്ട് കമ്മിറ്റി ചർച്ചകൾക്കു ശേഷം വിവിധ പ്രതികരണങ്ങൾ വരുമ്പോൾ അതിലൊന്ന് ക്ലോസ് 32 ആണ്. ക്ലോസ് 32, പോലീസ് ഉദ്യോഗസ്ഥന്റെ വിശദീകരണ ബാധ്യത. 'ഏതൊരാളിനോ അല്ലെങ്കിൽ അയാളുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഏതെങ്കിലും പ്രതിനിധിക്കോ തന്റെ ശരീരത്തെയോ സ്വത്തിനെയോ കീർത്തിയെയോ പ്രതികൂലമായി ബാധിച്ച ഏതൊരു പോലീസ് നടപടിയുടെയും കാരണം അന്വേഷിക്കുന്നതിനും അറിയുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിനോ, വിചാരണയ്ക്കോ രാഷ്ട്രത്തിന്റെ സുരക്ഷാ താല്പര്യത്തിനോ ഹാനികരമാകുമെന്ന കാരണത്താൽ, ഏതെങ്കിലും ആളിന് വിവരം നൽകാതിരിക്കുന്നതിന് ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ തടസ്സമായിരിക്കയില്ല. ഇതിൽ പൂർണ്ണമായ അവ്യക്തത നിൽക്കുകയാണ്. നെഗറ്റീവാണോ പോസിറ്റീവാണോ എന്ന് കൺഫ്യൂഷൻ ഉണ്ടാകുന്ന വിധത്തിൽ ക്ലോസ് 32 കാണുകയാണ്. കൂടുതൽ ക്ലാരിറ്റി ഉണ്ടാകുന്ന വിധത്തിൽ ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. അതുപോലെ മറ്റൊരു പ്രധാന വിഷയം ക്ലാസ് 91 ആണ്. കേരള പോലീസ് സേനയിൽ പ്രധാനപ്പെട്ട ഒരു വിഭാഗമെന്നു പറയുന്നത് സായുധ പോലീസ് ബറ്റാലിയനുമായി ബന്ധപ്പെട്ടതാണ്. ഇവിടെ പോലീസ് കോൺസ്റ്റബിൾമാരിൽ, എല്ലാ മേഖലകളിലും ജോലി ചെയ്യുന്നവരിൽ ഉന്നതബിരുദധാരികളും അതുപോലെ നിയമ ബിരുദധാരികളുമായിട്ടുള്ള ആളുകളെയും മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ കഴിയുന്ന ഒരു സമീപനം ഈ നിയമത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ അതിന് കഴിയുന്ന ഒരു സ്ഥിതിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് എത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളതും ഇവിടെ പ്രത്യേകമായി ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. അതുകൊണ്ട് നിയമം വിജിലൻസ് തുടങ്ങി, ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഉൾപ്പെടെ വരുന്ന വ്യവസ്ഥകൾ വരുമ്പോൾ അവിടെ നിയമ ബിരുദധാരികൾക്ക് പ്രത്യേകമായ ഒരു പരിഗണന കൊടുക്കുവാൻ കഴിഞ്ഞാൽ സമൂഹത്തിൽ പോലീസിനെ സംബന്ധിച്ചിടത്തോളം വിശ്വാസ്യത വർദ്ധിക്കുവാനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് ഗവൺമെന്റ് എടുക്കുന്ന അല്ലെങ്കിൽ നിയമപരിഷ്ക്കാരങ്ങൾ നടക്കുന്നതൊക്കെ അർത്ഥപൂർണ്ണമാണെന്നത് ജനങ്ങൾക്ക് ബോധ്യപ്പെടാനും ഇടവരുകയാണ്. പോലീസിലെ എല്ലാ വിഭാഗത്തിലുമുള്ള നിയമബിരുദധാരികളുടേതും ഒരു കേഡർ ഉണ്ടാക്കുന്നത് ഈ കാലഘട്ടത്തിന് ആവശ്യമാണെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

<u>ശ്രീ. കെ. കെ. ഷാജു</u>: അങ്ങ് ക്ലാസ് 91-നെപ്പറ്റി പറഞ്ഞു. ക്ലാസ് 90-ലെ മറ്റ് സേനകളിൽനിന്നും ഉള്ള പോലീസുകാരെ ഡി. ജി. പി. ക്ക് വേണമെങ്കിൽ താൽക്കാലികമായി ലോക്കൽ പോലീസിലേക്കോ മറ്റോ കൊടുക്കാം എന്നുള്ള നിലയിലുള്ള ഒരു ഭാഗമുണ്ട്. ഏകീകൃത പോലീസ് സേന എന്നു പറയുന്ന പോലീസ് സങ്കല്പം ഇതോടുകൂടി അട്ടിമറിക്കപ്പെടുകയാണ്. താൽക്കാലികമായി എന്നു പറയുമ്പോൾ സ്ഥിരമായി മറ്റേതെങ്കിലും സേനയിൽ ജോലി കിട്ടുന്ന ആളിന് ലോക്കൽ പോലീസിലേക്ക് പോകുവാൻ കഴിയുകയില്ല. അങ്ങനെ പോകാൻ കഴിയും എന്നുള്ള നിലയെല്ലാംകൂടി ചേർത്തുകൊണ്ടുള്ള ഒരു പോലീസ് സംവിധാനം വരുമെന്നുള്ളതാണ് നമ്മൾ പൊതുവെ പ്രതീക്ഷിച്ചിരുന്നത്. കേന്ദ്രപോലീസ് നിയമത്തിൽ ആ നിലയിലാണ് മാറ്റം വന്നിരിക്കുന്നത് എന്നാണ് പറയപ്പെടുന്നത്. അതിന്റെ ഡീറ്റെയിൽസ് എനിക്ക് അറിയുകയില്ല. അങ്ങനെയാണെങ്കിൽ ഈ പുതിയ പോലീസ് ബിൽ വരുമ്പോൾ കേരള പോലീസിലും ഒരു ഏകീകൃത പോലീസ് സംവിധാനം വരേണ്ടതല്ലേ? അതുമാത്രമല്ല, ആംഡ് പോലീസിലൊക്കെയുള്ള ഒരു സബ് ഇൻസ്പെക്ടർ, അദ്ദേഹം ആ ജോലിയിൽ പ്രവേശിച്ച് റിട്ടയർ ചെയ്യുന്നതുവരെ അവിടെത്തന്നെ തുടരുകയാണ്. ലോക്കലിലേക്ക് പോകാൻ പറ്റുന്നില്ല. മറ്റ് സേനാവിഭാഗങ്ങളിൽ നിന്നുള്ളവർക്ക് ലോക്കലിലേക്ക് പോരാൻ പറ്റുന്നില്ല. ഈ പുതിയ പോലീസ് ബിൽ കേരള നിയമസഭ പാസ്സാക്കുമ്പോൾ അത് അന്വർത്ഥമാക്കുന്ന ഒരു ഒറ്റ പോലീസ് സേന എന്നുള്ള സങ്കല്പംകൂടി യാഥാർത്ഥ്യമാകുന്നു എന്നുള്ള രീതിയല്ലേ വരേണ്ടത്?

<u>ശ്രീ. മോൻസ് ജോസഫ്</u>: യഥാർത്ഥത്തിൽ അതാണ് സംഭവിക്കേണ്ടത്. സെലക്ട് കമ്മിറ്റിയുടെ ചർച്ചയിൽ ആ വിഷയം വിശദമായി വന്നതാണ്. പക്ഷേ അതിനുള്ള പരിമിതികളും ചർച്ച ചെയ്തതാണ്. അതുകൊണ്ട് പ്രായോഗികമായ നിരവധിപ്രശ്നങ്ങളുണ്ട്. മുഴുവൻ കാര്യങ്ങളും ഒരേ രീതിയിൽ സ്വീകരിക്കുവാൻ കഴിയുകയില്ല എന്നുള്ള സ്ഥിതി കാണേണ്ടതുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് ക്ലാസ് 91-ന്റെ കാര്യത്തിലും ഒരു പരിശോധന കൂടി നടത്തുവാൻ ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അതുപോലെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുമ്പോൾ പരമാവധി പഞ്ചായത്തുകളിൽ പുതിയ പോലീസ് സ്റ്റേഷൻ എന്നുള്ളതിന് ഒരു പ്രത്യേക പരിഗണന നൽകേണ്ടതാണ്. അതിനു കഴിയുന്ന നിലയിലേയ്ക്ക് വരണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമ ഭേദഗതിയിൽ പരിഷ്കാരങ്ങളൊക്കെ നടക്കുമ്പോൾ ഇതെങ്ങനെ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കി മാറ്റാൻ കഴിയും? അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പുതിയ പോലീസ് സ്റ്റേഷനുകൾ തന്നെയാണ്. സാമ്പത്തികമായ പ്രശ്നങ്ങളും ബാധ്യതകളുമൊക്കെ ഒരു ഭാഗത്ത് ഉണ്ടെങ്കിൽപ്പോലും വികേന്ദ്രീകരണത്തിലേക്കുകൂടി കാര്യങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞെങ്കിൽ മാത്രമേ പ്രയോജനമുള്ളൂ. പുതിയ പോലീസ് സ്റ്റേഷനെന്നു പറയുമ്പോൾ പുതിയ ഡിവൈ.എസ്.പി. ആഫീസുകൾ, പുതിയ സി. ഐ. ആഫീസുകൾഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ചു കൂടി സംസ്ഥാനം ആലോചിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന തിക്കുമുട്ടലുകൾ, പോലീസ് സേനയിലെ അംഗബലത്തിന്റെ കുറവ്, ഇത്തരം പ്രശ്നങ്ങളെല്ലാം ഇന്ന് ഗൗരവമായിത്തന്നെ പരിഷ്ക്കാരത്തോടൊപ്പം തന്നെ യഥാർത്ഥത്തിൽ നടക്കേണ്ടതായിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: വികേന്ദ്രീകരണത്തെക്കാളേറെ പ്രധാനം പോലീസിലുള്ള ആധുനികവത്കരണമാണ്. പഴയതുപോലെയല്ല. കുറ്റവാളികളെ തച്ച് ഭേദ്യം ചെയ്ത് കേസ് തെളിയിക്കുന്ന യുഗം കഴിഞ്ഞുപോയി. ഇന്ന് ആധുനിക ശാസ്ത്ര സാങ്കേതിക സിദ്ധികളുടെ അപാരമായ ഒരു കാലഘട്ടമാണ്. അതിനനുസരിച്ച് കേരളത്തിലെ പോലീസ് സൗകര്യങ്ങൾ മാറിയിട്ടില്ല. ലാബ് സൗകര്യങ്ങൾ അപ് ടു ഡേറ്റല്ല. ചില കേസ്സുകളിൽ ഭേദ്യം വേണ്ടി വരും. ക്രിമിനൽ കേസ്സുകളിൽ പ്രത്യേകിച്ച് കളവു കേസ്സുകളിൽ ഒരിക്കലും സാക്ഷികൾ ഉണ്ടാകാറില്ല. അങ്ങനെയുള്ള അനിവാര്യമായ സാഹചര്യങ്ങളിൽ അല്ലാതെ മനുഷ്യത്വരഹിതമായ പീഡന മുറകൾ സ്വീകരിക്കുന്ന സാഡിസ്റ്റുകൾ ഇപ്പോഴും പോലീസിലുണ്ട്. അതുകൊണ്ട് ഇവിടെ അവർക്ക് വേണ്ടത് ബി.എൽ. ബിരുദമല്ല, ആധുനിക മനഃശാസ്ത്രത്തിലും കുറ്റാന്വേഷണ വൈദഗ്ദ്ധ്യത്തിലുമുള്ള ഏറ്റവും ശാസ്ത്രീയമായ പരിശീലനം കൊടുക്കുക എന്നുള്ളതാണ്. പട്ടാളത്തിന്റെ അച്ചടക്കമുണ്ട്. പക്ഷേ പട്ടാളത്തിന്റെ ഒരു സൗകര്യവും പോലീസ് ഉദ്യോഗസ്ഥർക്കില്ല. പ്രൊഫഷണൽ ടാക്സ് മിലിട്ടറിക്കും പാരാ-മിലിട്ടറിക്കും ഇല്ല. പക്ഷേ പോലീസുദ്യോഗസ്ഥർക്കുണ്ട്. എട്ടുമണിക്കൂർ ജോലിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു ഭാഗത്ത് പരിഷ്കൃത യുഗത്തിലേക്ക് പോകുക എന്ന് പറയുകയും പ്രാകൃതമായ ഒരു വ്യവസ്ഥിതിയിൽനിന്ന് മാറാനുള്ള മനസ്സില്ലാതെ ഇരിക്കുകയും ചെയ്യുന്നു. ഇതല്ലേ അടിസ്ഥാനപരമായ പ്രശ്നം?

ശ്രീ. മോൻസ് ജോസഫ്: തീർച്ചയായും. ഞാൻ എന്റെ പ്രസംഗം തുടങ്ങിയതുതന്നെ ആ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടാണ്. ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ഇതിൽ രണ്ട് ഭാഗങ്ങളാണുള്ളത്. ഒരു ഭാഗമാണ് ഈ പരിഷ്ക്കാരങ്ങളിൽ വരുന്നത്. മറു ഭാഗത്തു വരുന്ന പ്രശ്നങ്ങൾ കൂടി വരുമ്പോഴാണ് ഇത് പൂർണ്ണമാകുന്നത്. ആ പൂർണ്ണതയിൽ എത്തിക്കാൻ കഴിയുക എന്നുള്ളത് ഇത്രയും വലിയ ഒരു ജോലി ചെയ്യുമ്പോൾ തീർച്ചയായും അതും കൂടി ഇതിന്റെ അനുബന്ധമായി തുടർന്ന് നടക്കേണ്ടതുണ്ട് അതിനുകൂടി കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാൻ പോലീസ് സ്റ്റേഷനുകൾ കൂടുതൽ ആരംഭിക്കണമെന്നുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ സൂചിപ്പിച്ചു. ശ്രീ. സി. പി. മുഹമ്മദ് ഇവിടെ ആധുനികവൽക്കരണത്തെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. സേനയിലെ ശുദ്ധീകരണം ഒരു പ്രധാനപ്പെട്ട കാര്യമായി അങ്ങ് കാണുന്നില്ലേ? കാരണം ഗുണ്ടാ ബന്ധമുള്ള പോലീസുകാരുടെ പേരുവിവരം അടങ്ങുന്ന റിപ്പോർട്ട് അഡീഷണൽ ഡി.ജി.പി. തന്നെ കൊടുത്തു എന്നുപറഞ്ഞ് റിപ്പോർട്ട് വന്നു. ഞാൻ അത് സംബന്ധിച്ച വിവരം അന്വേഷിക്കുകയുണ്ടായി. നേരത്തെ അങ്ങ് ക്ലോസ് 31, 32 എന്നിവയെ സംബന്ധിച്ച് പറയുകയുണ്ടായി. വിവരാവകാശ നിയമത്തിൽ ഇല്ലാത്ത പ്രൊട്ടക്ഷൻ ഉപയോഗിച്ച്, ആ പേര് പോലും പുറത്ത് വിടുന്നില്ല. യഥാർത്ഥത്തിൽ ഗുണ്ടയും പോലീസും തമ്മിൽ ഏതെങ്കിലും തരത്തിൽ ബന്ധപ്പെടാൻ കഴിയുമോ? കുരിശും പിശാചും തമ്മിൽ യോജിക്കാൻ കഴിയുന്ന ഘട്ടത്തിൽ മാത്രമേ ഗുണ്ടയും പോലീസും തമ്മിൽ യോജിക്കാൻ പറ്റുകയുള്ളൂ. അത്തരം ഒരു ഘട്ടത്തിൽ, അത്തരക്കാരുടെ പേരുവിവരം പുറത്തു വിടുകയും അവരെ സാമൂഹികമായി ബഹിഷ്കരിക്കുകയും ചെയ്യേണ്ട ഒരു ഘട്ടത്തിൽ അവരെ സംരക്ഷിക്കുന്ന നിലപാട് പോലീസ് സേന സ്വീകരിക്കുന്നത് ശരിയാണോ?

ശ്രീ. മോൻസ് ജോസഫ്: നമ്മുടെ സംസ്ഥാനത്ത് വളരെ ഗൗരവമായി ഉന്നയിക്കപ്പെട്ടിരിക്കുന്ന പ്രശ്നമാണ്. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട, കുറ്റകൃത്യങ്ങൾക്കെതിരായി നിലപാട് സ്വീകരിച്ചു നിൽക്കേണ്ട മേഖലയാണ് പോലീസ്. പോലീസുകാരിൽ തന്നെ കുറ്റവാളികൾ നിലനിൽക്കുന്നു എന്നു പറയുന്നത് നമ്മുടെ നിയമ പരിഷ്കരണത്തിന്റെ കാലഘട്ടത്തിൽ ഏറ്റവും ഗൗരവമായി കാണേണ്ട പ്രശ്നമാണ്. ഇത് അടിച്ചമർത്തപ്പെടേണ്ട, കർശനമായി നേരിടേണ്ടതായ വിഷയമാണ്. ഉന്നത പോലീസ് ഉദ്യോഗസ്ഥരോ സാധാരണ പോലീസ് ഉദ്യോഗസ്ഥരോ ആരായിരുന്നാൽപോലും നമ്മുടെ സമൂഹത്തിൽ ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടാൻ ഇടവരുന്ന കാര്യമാണിത്. ഇവിടെ ശ്രീ. സി. പി. മുഹമ്മദും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ചൂണ്ടിക്കാണിച്ച വിഷയങ്ങൾ രണ്ടും ഗൗരവമേറിയത് തന്നെയാണ്. ആ നിലയിൽ കണക്കാക്കുമ്പോൾ പോലീസിൽ നിന്ന് കുറ്റകൃത്യങ്ങൾ വരാൻ ഇടയാകുന്ന സാഹചര്യങ്ങൾ കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് നമുക്ക് ഇടപെടലുകൾ നടത്താൻ കഴിയണം.

ശ്രീ. കെ. കെ. ഷാജു: അങ്ങ് പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഇടയിലെ കുറ്റവാളികളെ സംബന്ധിച്ചാണ് പറയുന്നത്. പോലീസ് സേനയിലെ ട്രാൻസ്ഫർ പോലുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ മണലും ചരലും ഉള്ള പ്രദേശത്തേക്ക്, പാറമടയുള്ള പ്രദേശത്തേക്ക്, അതിർത്തിയിൽ നിന്ന് ചരക്കുകൾ വരുന്ന പ്രദേശത്തേക്കൊക്കെ പ്രത്യേകമായ താൽപര്യത്തോടുകൂടി പോകാനുള്ള വ്യഗ്രത കാണിക്കുകയും അത്തരം വ്യഗ്രത കാണിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് റേറ്റ് നിശ്ചയിച്ച് ട്രാൻസ്ഫർ കൊടുക്കുകയുമൊക്കെ ചെയ്യുന്ന ഒരു സാഹചര്യം നിലനിൽക്കുമ്പോൾ അങ്ങ് പറയുന്നതിനകത്ത് എന്ത് അർത്ഥമാണുള്ളത്?

ശ്രീ. മോൻസ് ജോസഫ്: പോലീസ് സേനയുടെ സംശുദ്ധമായ ഒരു അന്തരീക്ഷത്തെ മുന്നിൽ കണ്ടുകൊണ്ട് ഇത്തരം സാഹചര്യങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

സംഭവിക്കുന്നത് ഒഴിവാക്കപ്പെടണം, അവസാനിപ്പിക്കണം എന്നുള്ള ഒരു കാഴ്ചപ്പാട് യഥാർത്ഥത്തിൽ രാഷ്ട്രീയത്തിനതീതമായി തന്നെ ഉണ്ടാകേണ്ട കാര്യമാണ്. അത് സംരക്ഷിക്കപ്പെടേണ്ട കാര്യമാണ്. നമ്മൾ കണക്കാക്കുന്ന ആത്മാർത്ഥതയും സംശുദ്ധമായ ഒരു അന്തരീക്ഷം നാളെ നിലനിൽക്കേണ്ട ആവശ്യകതയുമൊക്കെ ഉറപ്പുവരുത്തുന്നതിന് ഇത്തരം കാര്യങ്ങൾ ആവശ്യമാണ്. ഇങ്ങനെയുണ്ടാകുന്ന നിർഭാഗ്യകരമായ സാഹചര്യങ്ങൾ, പോലീസിൽ തന്നെ വരുന്ന ഇതുപോലുള്ള കള്ളക്കളികൾ, ഇതെല്ലാം അവസാനിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. അതിന് ഈ നിയമ പരിഷ്ക്കരണം തീർച്ചയായും സഹായകരമായിത്തീരട്ടെ എന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എം. കെ. പ്രേംനാഥ്:</u> ലോക്കപ്പ് മർദ്ദനമാണ് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം. ഇതിനെതിരായിട്ടുള്ള ശക്തമായ നടപടി ഈ നിയമത്തിൽ ഉണ്ടോയെന്ന് പരിശോധിക്കണം. ലോക്കപ്പ് മർദ്ദനം ചെയ്യുന്ന പോലീസുകൾക്കെതിരായി നടപടി എങ്ങനെയെടുക്കും?

<u>ശ്രീ. മോൻസ് ജോസഫ്:</u> ഇവിടെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുന്ന വിവിധ പ്രശ്നങ്ങളുണ്ട്. ഇതിൽ നിന്ന് തന്നെ വ്യക്തമാകുന്നത് ഇനിയും നമുക്ക് കൂടുതൽ ജാഗ്രതയോടുകൂടിയുള്ള പരിശോധന ബില്ലിന്റെ കാര്യത്തിൽ ആവശ്യമാണെന്നുള്ളത് തന്നെയാണ്. കേരളത്തിന്റെ ഒരു പൊതു വികാരമാണ് ഓരോ അംഗങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ പോസിറ്റീവായിട്ടുള്ള സമീപനം സ്വീകരിച്ച് പരിഷ്ക്കരണത്തിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഈ ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ നടപടികൾ പൂർത്തീകരിക്കാൻ കഴിയണം. എന്റെ ഡിസന്റ് ഞാൻ ചൂണ്ടിക്കാണിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തിന്റെ നിയമനിർമ്മാണത്തിൽ ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണമാണ് പോലീസ് ആക്ട് നവീകരിച്ചുകൊണ്ട് നമ്മൾ ചെയ്യുന്നത്. ഇവിടെ എല്ലാവരും ആവർത്തിച്ച് പറഞ്ഞതുപോലെ കൊളോണിയൽ സംവിധാന കാലത്തുണ്ടായിരുന്ന പോലീസ്, ജനാധിപത്യ സംവിധാനത്തിലേക്കുള്ള പോലീസാക്കുന്ന മാറ്റമാണ് യഥാർത്ഥത്തിൽ ഈ നിയമനിർമ്മാണത്തിലൂടെ നമുക്കിവിടെ നടപ്പിലാക്കേണ്ടത്. തീർച്ചയായും ശിലായുഗത്തിൽ മനുഷ്യർ ഇരപിടിക്കാൻ മാത്രം നിന്നിരുന്ന ഒരു കാലഘട്ടത്തിൽ പോലീസുണ്ടായിരുന്നില്ല. പോലീസ് ഉണ്ടായത്, സമൂഹമായി മനുഷ്യൻ ജീവിക്കാൻ തുടങ്ങിയ കാലഘട്ടത്തിലാണ്. ആ സമൂഹത്തിന്റെ നിലനിൽപ്പിനാധാരമായ നിയമ വ്യവസ്ഥകളും നീതി ന്യായ വ്യവസ്ഥകളും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ, ആ നിയമവും നീതിയും ന്യായവും നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പോലീസ് എന്ന ഒരു പ്രാകൃതമായ സംവിധാനം ആദ്യം ഉണ്ടാകുകയും പിന്നീട് അത് ഒരു കാലഘട്ടത്തിൽ, രാജഭരണത്തിലും മറ്റ് ജനാധിപത്യ വിരുദ്ധ ഭരണങ്ങളിലുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ആ ഭരണകൂടത്തിന്റെ ഇൻസ്ട്രുമെന്റായി മാറുകയും ഒരു പരിധി വരെ ജനങ്ങളുടെ ശത്രുവായി മാറുകയും ചെയ്ത ഒരു സാഹചര്യമുണ്ടായത്. നമ്മുടെ നാട്ടിൽ നടക്കുന്ന സാമൂഹിക സാമ്പത്തിക മാറ്റങ്ങൾക്കനുസൃതമായി പോലീസിലും മാറ്റങ്ങൾ ഉണ്ടാവേ മതിയാകൂ. വേൾഡ് ഓർഡർ തന്നെ വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുകയാണ്. ലോക സാമ്പത്തിക ക്രമത്തിൽ വ്യത്യാസമുണ്ടാകുന്നു. മനുഷ്യാവകാശ സംരക്ഷണത്തെക്കുറിച്ചുള്ള പുതിയ അദ്ധ്യായങ്ങൾ രചിക്കപ്പെടുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ജനാധിപത്യ വിരുദ്ധ ചേരികളുടെ ഭാഗത്തുനിന്നും മനുഷ്യന്റെ അവകാശങ്ങളും പൗരന്റെ അവകാശങ്ങളും ഹനിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടായിരിക്കാം. ലോകത്തിലെ ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് അറിയപ്പെടുന്ന ഇന്ത്യയിൽ, പാർലമെന്ററി ജനാധിപത്യത്തിന് വലിയ പ്രസക്തിയുള്ള ഈ രാജ്യത്ത് പോലീസിനെ നവീകരിക്കുകയും പോലീസിന് വേണ്ടി ഒരു നിയമനിർമ്മാണം നടപ്പിലാക്കുകയും ചെയ്യുമ്പോൾ, അടിസ്ഥാനപരമായി ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. തീർച്ചയായും പോലീസ് ന്യായം നടപ്പിലാക്കാനും നീതി നടപ്പിലാക്കാനുമുള്ള ജനങ്ങളുടെ ഒരു സംവിധാനം എന്നുള്ള നിലയിലേയ്ക്ക് മാറ്റപ്പെടേണ്ടതായിട്ടുണ്ട്. ഇവിടെ പോലീസിന് നിയമ നിർമ്മാണം നടത്തുമ്പോഴും പഴയ കാലത്തുണ്ടായിരുന്ന നിയമത്തിലെ ചട്ടങ്ങൾ പരിഷ്കരിക്കുമ്പോഴും പോലീസിന് കൂടുതൽ അധികാരങ്ങൾ കൊടുക്കുമ്പോഴും നമുക്ക് ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിമിതികളുമുണ്ട്. ആ പരിമിതികളെന്നു പറയുന്നത്, നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന, നമ്മുടെ പൗരൻമാർക്ക് കൊടുക്കുന്ന മൗലികമായ അവകാശങ്ങൾ, മറ്റ് പല കാര്യങ്ങളിലും നമ്മുടെ ഭരണഘടന നിർദ്ദേശിക്കുന്ന കാര്യങ്ങൾ; ആ ഭരണഘടനയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമേ, ഭരണഘടനയുടെ പ്രൊവിഷൻസിനകത്തുനിന്നു മാത്രമേ നമുക്ക് ഈ നിയമനിർമ്മാണവും നടത്താൻ കഴിയുകയുള്ളൂ. ഭരണഘടന ഒരു പൗരന് നൽകുന്ന അവകാശങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഒരു പ്രൊവിഷൻ ഈ നിയമത്തിൽ എഴുതിച്ചേർക്കപ്പെട്ടാൽ അത് നിലനിൽക്കാൻ കഴിയാത്തതായി മാറുകയും ചെയ്യും. അതുപോലതന്നെയാണ് ക്രിമിനൽ പ്രൊസീഡ്യൂവർ കോഡ് എന്നുപറയുന്നത്. ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിന്റെ പ്രൊവിഷൻസിന് എതിരായും ഈ നിയമനിർമ്മാണത്തിന്റെ ഭാഗമായി കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട്, ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്ന കാര്യത്തിലാണെങ്കിലും അറസ്റ്റ് ചെയ്തതിനുശേഷമുള്ള നടപടിക്രമത്തിന്റെ കാര്യത്തിലാണെങ്കിലും ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേക്ക് പ്രവേശിക്കുന്ന വിഷയങ്ങളാണെങ്കിലും ഒരു കേസ് പോലീസ് സ്റ്റേഷനിൽ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണെങ്കിലും ഭരണഘടനയുടെ നിർദ്ദേശങ്ങളും ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിലെ നിർദ്ദേശങ്ങളും ഇക്കാര്യത്തിൽ സുപ്രീംകോടതി പല പ്രാവശ്യം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ, - ഞാൻ നിർദ്ദേശങ്ങൾ എന്ന് മാത്രമേ പറയുകയുള്ളൂ - ആ നിർദ്ദേശങ്ങൾ ഗൈഡൻസ് എന്ന രീതിയിൽ നൽകിയിട്ടുള്ള ഭരണഘടനയുടെ പ്രൊവിഷൻസിനും ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിലെ സെക്ഷനുകൾക്കും നൽകിയിട്ടുള്ള വ്യാഖ്യാനങ്ങൾക്കും അനുസരിച്ച് മാത്രമേ ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം നടത്താൻ കഴിയുകയുള്ളൂ എന്നുള്ള പരിമിതികൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇവിടെ ഏറ്റവും പ്രധാനമായി പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യാ എന്നുള്ള കേസിനെ അടിസ്ഥാനമാക്കിയാണ് ഈ നിയമ നിർമ്മാണം മുഴുവൻ നടത്തുന്ന ഒരു സാഹചര്യം ഉണ്ടായത്. നമുക്കറിയാം. അതിന്റെ ചരിത്രം പരിശോധിച്ചാൽ 1977-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ, ഈ പരിഷ്കരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ പോലീസ് കമ്മീഷനെ നിയോഗിച്ചു. 1981-ൽ നാഷണൽ പോലീസ് കമ്മീഷൻ റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. എന്നാൽ നാഷണൽ പോലീസ് കമ്മീഷൻ കൊടുത്ത റിപ്പോർട്ട് നടപ്പാക്കാൻ ഉണ്ടായ കാലതാമസത്തെത്തുടർന്നാണ് പ്രകാശ് സിംഗ് എന്നുപറയുന്ന റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥൻ സുപ്രീം കോടതിയെ സമീപിച്ചത്. സുപ്രീംകോടതി 2006 സെപ്റ്റംബർ മാസം 22-ാം തീയതി, നേരത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സുപ്രധാനമായ ഒരു വിധിപ്രഖ്യാപനം നടത്തി. ആ വിധിപ്രഖ്യാപനത്തിൽ യഥാർത്ഥത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് ആക്ടുകൾ നവീകരിക്കുകയും പോലീസ് സേനയെ നവീകരിക്കുകയും ചെയ്യേണ്ടതിന്റെ നിർദ്ദേശങ്ങൾ ഉണ്ടായി. ലോ ആന്റ് ഓർഡർ സ്റ്റേറ്റ് സബ്ജക്ടായതുകൊണ്ട് സ്റ്റേറ്റ് ലെജിസ്ലേച്ചറിനാണ് ആ നിയമനിർമ്മാണത്തിനുള്ള അധികാരം. അതുകൊണ്ടാണ് ആ നിയമനിർമ്മാണത്തിനുള്ള ചില ഡയറക്ഷൻസ്, നിയമസഭയിലായതുകൊണ്ട് പറയാമല്ലോ, അക്കാര്യത്തിൽ എനിക്ക് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആർട്ടിക്കിൾ 32 അനുസരിച്ചാണെങ്കിലും നിർദ്ദേശങ്ങൾ കൊടുക്കാനുള്ള അർഹത സുപ്രീം കോടതിക്കുണ്ട്. മാത്രമല്ല, നമ്മുടെ നിലവിലുള്ള പോലീസ് നിയമങ്ങളിലോ ഏതെങ്കിലും നിയമങ്ങളിലോ ഭരണഘടനയ്ക്ക് വിരുദ്ധമായോ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന് വിരുദ്ധമായോ ഉള്ള പ്രൊവിഷൻസുണ്ടെങ്കിൽ ആ പ്രൊവിഷൻസ് നവീകരിക്കണമെന്ന് ആവശ്യപ്പെടാനുമുള്ള അധികാരം സുപ്രീംകോടതിക്കുണ്ട്. പക്ഷേ പ്രകാശ് സിംഗ് കേസ്സിൽ സുപ്രീം കോടതി അമിതമായ അധികാരം ഉപയോഗിച്ചിരിക്കുന്നുവെന്നുള്ള ആക്ഷേപം എനിക്കുണ്ട്. ആ അമിതമായ അധികാരമെന്നു പറയുന്നത് ലെജിസ്ലേഷൻ നടത്താനുള്ള ലെജിസ്ലേച്ചറിന്റെ അധികാരത്തെ കവർന്നെടുത്തിരിക്കുകയാണ്. എന്നിട്ട് സംസ്ഥാന ലെജിസ്ലേച്ചറുകൾ ആർട്ടിക്കിൾ 32 അനുസരിച്ചുള്ള നിർദ്ദേശം നടപ്പിലാക്കിയില്ലെങ്കിൽ അത് നടപ്പിൽവന്നതുപോലെ കണക്കാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്, അതായത് സുപ്രീം കോടതി നിയമമുണ്ടാക്കിയതായി കണക്കാക്കണമെന്ന്. അത് സുപ്രീം കോടതിക്കുള്ള അധികാരമല്ല, ഒരു കോടതിക്കുമുള്ള അധികാരമല്ല. നിയമനിർമ്മാണം നടത്താനുള്ള പൂർണ്ണമായ അധികാരം സംസ്ഥാന ലെജിസ്ലേച്ചറുകൾക്കും ഇൻഡ്യൻ പാർലമെന്റിനുമുള്ളതാണ്. പാർലമെന്റിനും ലെജിസ്ലേച്ചറുകൾക്കുമുള്ള നിയമനിർമ്മാണം നടത്താനുള്ള അധികാരത്തിൻമേലുള്ള നഗ്നമായ കടന്നുകയറ്റമാണ് ഈ വിധിയുടെ ഒരു ഭാഗം. ഞാൻ ഈ വിധിയെ തള്ളിപ്പറയുകയല്ല, ഈ വിധിയിലെ നിർദ്ദേശങ്ങൾ പലതും സ്വീകാര്യമായ നിർദ്ദേശങ്ങളാണ്. ജനാധിപത്യപരമായ നിർദ്ദേശങ്ങളാണ്, ഭരണഘടനാപരമായ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളാണ്. പക്ഷേ അതിന്റെ ഒരു ഭാഗത്ത് ലെജിസ്ലേച്ചറിനുള്ള അധികാരത്തെ കവർന്നെടുത്തുകൊണ്ട് ലെജിസ്ലേറ്റ് ചെയ്യാനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട് എന്നു വരുത്തിത്തീർക്കുന്നത് നമ്മുടെ ബാലൻസ് ഓഫ് പവറിന് നല്ലതല്ല. നമ്മുടെ ജനാധിപത്യത്തെ താങ്ങി നിർത്തുന്ന മൂന്ന് പ്രധാനപ്പെട്ട പില്ലറുകൾ തമ്മിലുള്ള ചെക്ക് ഓഫ് ബാലൻസിന് വിഘാതമായിട്ടുള്ള ഓവർലാപ്പിംഗ്, അധികാരം ഓവർലാപ്പ് ചെയ്യുന്ന ഒരു വിധി അതിലുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും ഭരണഘടനാ വിരുദ്ധമായ ആ നിർദ്ദേശങ്ങൾ വച്ചുകൊണ്ട് നിയമനിർമ്മാണം നടത്തിയാൽ അതിനെ ചോദ്യം ചെയ്യാം, അല്ലെങ്കിൽ അൺകോൺസ്റ്റിറ്റ്യൂഷണൽ ആണെന്ന് പ്രഖ്യാപിക്കാൻ, അൾട്രാവയേഴ്സ് ആണെന്ന് പ്രഖ്യാപിക്കാനൊക്കെയുള്ള അധികാരങ്ങൾ കോടതിക്കുണ്ട്. അതൊക്കെ നമ്മുടെ അസംബ്ലിയും ഭരണഘടനയും കോടതികൾക്ക് നൽകിയിട്ടുണ്ട്. അങ്ങനെ ലഭിച്ചിട്ടുള്ള അധികാരത്തിന്റെ അപ്പുറത്തേക്ക് മറികടന്നുകൊണ്ട് യഥാർത്ഥത്തിൽ അങ്ങനെയൊരു കൺക്ലൂഷൻ സ്റ്റേറ്റ് ലെജിസ്ലേച്ചറുകൾ അത് ചെയ്തില്ലെങ്കിൽ സാധാരണ കോടതികൾ പറയാറുള്ളത്, അങ്ങനെ സ്റ്റേറ്റ് ലെജിസ്ലേച്ചറിനോട് ഇത് നടത്താൻവേണ്ടി ആവശ്യപ്പെടാനോ നിർദ്ദേശിക്കാനോ ഉള്ള അധികാരം മാത്രമേയുള്ളൂ എന്നാണ്. അത് ചെയ്തില്ലെങ്കിൽ നിയമ നിർമ്മാണം നടപ്പാക്കിയതായി കണക്കാക്കപ്പെടുമെന്നത് ഭരണ ഘടനയുടെ ഏത് പ്രൊവിഷൻ പരതിയാലും അങ്ങനെയൊരു അധികാരം കോടതിക്ക് ഒരു സ്ഥലത്തും ലഭിക്കുന്നില്ല. ഇല്ലാത്ത അധികാരമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. പക്ഷേ ഇതിൽ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളുണ്ട്. പോലീസിനെക്കുറിച്ചുള്ള പ്രധാനപ്പെട്ട ആക്ഷേപം പോലീസ് ഭരണകൂടത്തിന്റെ ഇൻസ്ട്രുമെന്റായി മാറുന്നുവെന്നുള്ളതാണ്. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളേയും പരിശോധിച്ചാൽ അതാത് ഗവൺമെന്റുകൾ അവരുടെ മർദ്ദനോപകരണമായും മറ്റ് കാര്യങ്ങൾ നടത്തിയെടുക്കുന്നതിനുമുള്ള ജനാധിപത്യ വിരുദ്ധ ഉപകരണവുമായി പോലീസിനെ മാറ്റുന്നുവെന്ന ആക്ഷേപമാണുള്ളത്. അമിതമായ രാഷ്ട്രീയം, അമിതമായ കൈകടത്ത്, എക്സ്റ്റേണൽ ഇൻഫ്ളുവൻസ് പോലീസിൽ പല രീതിയിലുമുണ്ടാകുന്നു. അതെല്ലാം തടയുന്നതിനുവേണ്ടിയാണ്, പോലീസിന്റെ കാര്യങ്ങളെല്ലാം തീരുമാനിക്കുന്നതിനുവേണ്ടിയാണ് ഒരു സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ സ്ഥാപിക്കാൻ ഇതിൽ പറയുന്നത്. രണ്ടാമത്തെ പ്രധാനപ്പെട്ട നിർദ്ദേശമെന്ന് പറയുന്നത് ഡിജിപി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ സ്റ്റെബിലിറ്റിയാണ്. അവർ പോസ്റ്റ് ചെയ്യപ്പെടുന്ന സ്ഥലത്തുനിന്നും അവർ നിരന്തരമായി ട്രാൻസ്ഫർ ചെയ്യപ്പെടാതിരിക്കാൻ വേണ്ടി, രാഷ്ട്രീയത്തിന്റെയോ ഭരണകൂടത്തിന്റെയോ സമ്മർദ്ദത്തിന്റെ ഒരു ഖഡ്ഗം അവരുടെ തലയ്ക്കുമീതെ എപ്പോഴുമുണ്ട്. അതൊഴിവാക്കാൻ ഡി. ജി. പി. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർക്ക് നിബന്ധനകൾക്ക് വിധേയമായി ഫിക്സഡ് ടെനുവർ കൊടുക്കണമെന്നുള്ള നിർദ്ദേശമാണ്. മൂന്നാമത്, പോലീസ് കംപ്ലയിന്റ് അതോറിറ്റി, പോലീസ് ഉദ്യോഗസ്ഥൻമാരെക്കുറിച്ചും പോലീസിനെക്കുറിച്ചുമുള്ള പരാതികൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കംപ്ലയിന്റ് അതോറിറ്റി, അതുപോലെ പോലീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, അവരുടെ പോസ്റ്റിംഗ്, ട്രാൻസ്ഫറുകൾ തുടങ്ങിയവ പരിഗണിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്. ഇതെല്ലാമാണ് സുപ്രീം കോടതി വിധിയിലുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ. അത് ഓരോന്നെടുത്ത് പരിശോധിക്കുമ്പോൾ നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ നിർദ്ദേശങ്ങൾ എങ്ങനെയാണ്..

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങ് ഇവിടെ ഡി.ജി.പി. നിയമനത്തെ കുറിച്ചുള്ള സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളെപ്പറ്റിയാണ് പറഞ്ഞത്. ഒരു ഡി.ജി.പി. സംസ്ഥാനത്തെ ഏറ്റവും ഉന്നതനായ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ മുൻകാല സർവ്വീസും അതുപോലെ ഭരണപരിചയവും വിശ്വാസവും വരുന്ന ആളെ അല്ലേ ഗവൺമെന്റിന് ഡി.ജി.പി.യായി വയ്ക്കാൻ കഴിയുകയുള്ളു? അത് നിർദ്ദേശത്തിലുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് സീനിയർ മോസ്റ്റായിട്ടുള്ള ആളെ നിയമിക്കണമെന്നാണ്. നമ്മുടെ നിയമത്തിൽ സീനിയറായിട്ടുള്ള ആളുകളുടെ ഇടയിൽനിന്നുള്ള ഒരാളെ സെലക്ട് ചെയ്യണമെന്നുള്ള രീതിയിലാണ് കൊണ്ടുവന്നിരിക്കുന്നത്. ഭരണകൂടത്തിനും അഡ്മിനിസ്ട്രേഷനും അതിനുള്ള അധികാരമുണ്ടെന്ന് വിശ്വസിക്കുകയാണ്. സുപ്രീം കോടതിയുടെ ബേസിക് പ്രിൻസിപ്പിൾ വല്ലാതെ വയലേറ്റ് ചെയ്ത് സീനിയറായിട്ടുള്ള ആളുകളിൽനിന്ന് ഏറ്റവും സീനിയറായ ആളെ സെലക്ട് ചെയ്യണമെന്നുള്ളത് ആവശ്യമായ മാറ്റം അവർ വരുത്തി. സീനിയേഴ്സിൽനിന്ന് ഒരാളെ ചൂസ് ചെയ്യാനുള്ള അധികാരം ഭരണകൂടത്തിനുണ്ട്, ഗവൺമെന്റിനുണ്ട്. ഗവൺമെന്റിനുള്ള അധികാരത്തെ ഉപേക്ഷിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെതന്നെ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പറഞ്ഞിരുന്നത്, ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്ന പാനലിൽ നിന്നുള്ള ജഡ്ജിയെ വയ്ക്കണമെന്നാണ്. ഇവിടെ അങ്ങനെയല്ല നമ്മൾ നേരിട്ട് തെരഞ്ഞെടുക്കുകയാണെന്നുള്ള വ്യത്യാസം മാത്രമാണ് യഥാർത്ഥത്തിൽ ഉണ്ടായിരിക്കുന്നത്. ഈ നാല് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എങ്ങനെയാണ് നിലവിലുള്ള പോലീസ് ആക്ടിന്റെയകത്ത് ഭേദഗതികളായി ഉൾപ്പെടുത്തിരിക്കുന്നുയെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇതിനകത്ത 'intention of the legislation' ഉണ്ട്. ആധുനികമായ ഒരു ലോകത്തിനനുസരിച്ച് പോലീസിനെ വാർത്തെടുക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പോലീസിനെ നവീകരിക്കാനുള്ള നടപടികൾ, നേരത്തെ പറഞ്ഞതുപോലെ സാമ്പത്തിക, സാമൂഹ്യക്രമങ്ങൾ മാറിയതനുസരിച്ച് പോലീസിന്റെ ഉത്തരവാദിത്തങ്ങളിലും ചുമതലകളിലുമുണ്ടായിരിക്കുന്ന വ്യത്യാസം. യഥാർത്ഥത്തിൽ പോലീസ് പൂർണ്ണമായും നവീകരിക്കപ്പെടേണ്ട ഒന്നാണ്. അതിന് ആധുനികമായ സങ്കേതങ്ങളും ശാസ്ത്രീയമായ സംവിധാനങ്ങളും പോലീസിനുണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് ദൗർഭാഗ്യവശാൽ അത്തരം

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളൊന്നും പോലീസിനില്ല. നമ്മുടെ പോലീസിന്റെ കുറ്റാന്വേഷണ വൈദഗ്ദ്ധ്യത്തെക്കുറിച്ച് നല്ല പേരുണ്ടായിരുന്ന ഒരു കാലഘട്ടത്തിലുണ്ടായിരുന്ന സൗകര്യങ്ങളുടെ അതേ അവസ്ഥയിൽ തന്നെ പോലീസ് ഇന്നും നിൽക്കുകയാണ്. പുതിയ സംവിധാനങ്ങളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. എന്നാൽ കുറ്റവാളികളുടെ ലോകം അതിന് സമാന്തരമായി ഏറ്റവും ശാസ്ത്രീയമായും അഡ്വാൻസായിട്ടുമുള്ള ടെക്നോളജി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് മുന്നോട്ടു പോകുമ്പോൾ ....

<u>ശ്രീ. എം. വി. ശ്രേയാംസ്കുമാർ</u> : ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ച് പറയുമ്പോൾ ഇന്ന് ടെററിസ്റ്റുകൾ ഉപയോഗിക്കുന്ന പുതിയൊരു മാർഗ്ഗമുണ്ട്. ഇ-മെയിൽ സന്ദേശമയച്ചാൽ പിടിക്കപ്പെടും. ഇ-മെയിൽ ഐ.ഡി. ക്രിയേറ്റ് ചെയ്ത് അതിന്റെ പാസ് വേർഡ് ഷെയർ ചെയ്ത് അവർ മെസേജ് ഡ്രാഫ്റ്റാക്കി വയ്ക്കുകയാണ്. മറ്റെ ആൾ അത് തുറന്ന് അതിലെ സന്ദേശം വായിക്കുന്ന സ്ഥിതിയുണ്ട്. ഇത്തരത്തിൽ ആധുനികമായ രീതികൾ അവർ അവലംബിക്കുമ്പോൾ പോലീസ് സേനയെ ശരിയായ രീതിയിൽ ട്രെയിൻ ചെയ്ത് മോഡണൈസ് ചെയ്തില്ലെങ്കിൽ ഈ കുറ്റകൃത്യങ്ങൾ തടയാൻ സാധിക്കുമോ?

<u>ശ്രീ. വി. ഡി. സതീശൻ:</u> തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. കമ്മ്യൂണിക്കേഷൻ സംവിധാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ......... ഇപ്പോൾ സെലക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ആന്ധ്രയിലെ ഏറ്റവും ആധുനികമായ പോലീസ് സംവിധാനമുള്ള `Grey Hounds പോലീസ് ഫോഴ്സിനെ നമ്മൾ കണ്ടു. അവർ ഉപയോഗിക്കുന്ന കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ, ആന്ധ്രയിലെ നക്സലുകളുമായി പോരാടുന്ന പോലീസ് ഫോഴ്സാണത്. ആന്ധ്രയിലെ കൊടുംകാടുകളിലുള്ള നക്സൽ ഗ്രൂപ്പുകളുടെ കയ്യിലുള്ള കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ ഏറ്റവും ആധുനികമായ സംവിധാനങ്ങളാണ്. അതുമായി കോംപീറ്റ് ചെയ്യാൻ കഴിയുന്ന കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളാണ് ആ പോലീസിന് അവിടത്തെ ഗവൺമെന്റ് നൽകിയിരിക്കുന്നത്. ഏറ്റവും എഫക്ടീവായിട്ടുള്ള സംവിധാനങ്ങളുണ്ടാകണം. സംസ്ഥാനത്ത് ഒരു കുറ്റവാളിയെ കസ്റ്റഡിയിലെടുത്താൽ ചോദ്യം ചെയ്യാനുള്ള ആധുനികമായ 'interrogation room' പോലും സംസ്ഥാനത്ത് ഇല്ല. ഇപ്പോൾ എവിടെയൊക്കെ കൊണ്ടുപോകുന്നുവെന്ന് പോലീസ് മാത്രമേ അറിയുകയുള്ളൂ. പോലീസ് ക്ലബ്ബിലോ അല്ലെങ്കിൽ വേറെ ഏതെങ്കിലും സ്വകാര്യ സ്ഥലത്തോ കുറേ ഉദ്യോഗസ്ഥൻമാർകൂടി ഉണ്ടാക്കിയിരിക്കുന്ന സംവിധാനങ്ങൾ മാത്രമേയുള്ളൂ. എല്ലാ വികസിത രാജ്യങ്ങളിലുമുള്ള 'interrogation room' പോലും നമ്മുടെ സംസ്ഥാനത്തില്ല. തെളിവുകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള ആധുനിക സംവിധാനങ്ങൾ - പോളിഗ്രാഫ് ആയാലും ബ്രെയിൻ മാപ്പിംഗ് ആയാലും നാർക്കോ അനാലിസിസ് ആയാലും- ഇതെല്ലാം ബാംഗ്ളൂരിൽ മാത്രമേയുള്ളൂ. നമ്മൾ അവിടെ ബുക്ക് ചെയ്ത് കാത്തിരിക്കുകയും ഒഴിവ് സമയം വരുമ്പോൾ പ്രതികളേയും കൊണ്ട് അവിടെ ചെന്ന് തെളിവെടുക്കേണ്ട ഗതികേടിലാണ് പോലീസ് ഇത്തരം സാങ്കേതിക സംവിധാനങ്ങൾ, ആധുനികമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങൾ. ഇപ്പോൾതന്നെ ആധുനികമായ രീതിയിലുള്ള സൈബർ ക്രൈമുകളാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇനിയും ഉണ്ടാകാൻ പോകുന്ന ഇക്കണോമിക് ഒഫൻസ്, സാമ്പത്തിക കുറ്റങ്ങളിൽ 75 ശതമാനവും ഉണ്ടാകാൻ പോകുന്നത് സൈബർ ക്രൈമുമായി ബന്ധപ്പെട്ട സാമ്പത്തിക കുറ്റങ്ങളാണ്. സാമ്പത്തിക കുറ്റങ്ങൾ അന്വേഷിക്കാനുള്ള സംവിധാനം ഇപ്പോൾതന്നെ പോലീസിന് പരിമിതമാണ്. യഥാർത്ഥത്തിൽ ഡോക്യുമെന്റുകൾ സ്ക്രൂട്ടിണി നടത്താനുള്ള സംവിധാനം -സി.ബി.ഐ. പോലുള്ള ഫോഴ്സിന് സെപ്പറേറ്റ് ഇക്കണോമിക് വിംഗ് ഉണ്ട്. ഇക്കണോമിക് ഒഫൻസ് കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേക ബ്രാഞ്ചുകൾ തന്നെയുണ്ട്. അവർക്ക് പ്രത്യേകമായ പരിശീലനമുണ്ട്. അതിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും ഐ.സി.ഡബ്ല്യു.എ. പാസ്സായ ആളുകളുടേയും എല്ലാം ലീഗൽ സൈഡിൽ നിന്നുള്ള എയ്ഡ് അടക്കം കിട്ടുന്നതിനുള്ള സംവിധാനങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒരു ഇക്കണോമിക് ഒഫൻസ് നടന്നാൽ അത് പഠിച്ച് എടുത്ത്, അതിന്റെ തെളിവുകൾ ശേഖരിച്ച്, ആ ഡോക്യുമെന്റുകൾ പരിശോധിച്ച് എങ്ങനെയാണ് ഒരു ഇക്കണോമിക് ഒഫൻസ് രൂപപ്പെടുന്നതെന്ന് നിശ്ചയിക്കാൻ വേണ്ടിയുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. പ്രത്യേകിച്ച് ഇന്ന് നടക്കാൻ പോകുന്നത് മുഴുവൻ സൈബർ ക്രൈമാണ്. ഇക്കണോമിക് ഒഫൻസ്. സാമ്പത്തിക കുറ്റങ്ങൾ മുഴുവൻ നടക്കാൻ പോകുന്നത് സൈബർ ക്രൈമാണ്. അതിനുവേണ്ടിയുള്ള നവീകരണ പദ്ധതികൾ വളരെ അഡ്വാൻസായി ആരംഭിച്ചില്ലെങ്കിൽ പല കുറ്റവാളികളും നിയമത്തിന്റെ മുമ്പിൽനിന്ന് രക്ഷപ്പെടുന്ന ഒരവസ്ഥയുണ്ടാകും.

11.00A.M.]

അതുപോലെതന്നെ ഈ ബില്ലിനകത്ത് സ്പെഷ്യലൈസ്ഡ് റെസ്പോൺസീവ് യൂണിറ്റിനെക്കുറിച്ചെല്ലാം പറയുന്നുണ്ട്. അത്യാവശ്യ സമയത്ത് പ്രതികരിക്കുന്നതിനുവേണ്ടിയുള്ള പോലീസ് സംവിധാനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പ്രകൃതി ദുരന്തമുണ്ടായാലോ അല്ലെങ്കിൽ വലിയ കലാപമുണ്ടായാലോ പ്രത്യേകമായ അടിയന്തരഘട്ടങ്ങളുണ്ടായാലോ എങ്ങനെയാണ് അത്തരം പോലീസ് സംവിധാനങ്ങൾ പ്രതികരിക്കുന്നത് എന്നത് അവർക്ക് ലഭിക്കുന്ന കർശനമായ ട്രെയിനിംഗിനെ ആശ്രയിച്ചിരിക്കും. അതിനുവേണ്ടി സെലക്ട് ചെയ്യപ്പെടുന്ന വ്യക്തികൾക്ക് കൊടുക്കുന്ന പരിശീലനം ഇതുമായി ബന്ധപ്പെട്ടിരിക്കും. അതുപോലെ പ്രകൃതിയെ ചൂഷണം ചെയ്യുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇതൊന്നും ആദ്യകാലത്ത് പോലീസ് ആക്ട് ഉണ്ടായിരുന്ന കാലത്തുള്ളതല്ല. പ്രകൃതിയെ ചൂഷണം ചെയ്യപ്പെടുന്നത്, മണൽ വാരൽ ഉൾപ്പെടെ, വനങ്ങളിൽ നടത്തുന്ന അതിക്രമം ഉൾപ്പെടെ. പാറ പൊട്ടിക്കുന്നതുൾപ്പെടെ, മണ്ണെടുക്കുന്നതുൾപ്പെടെയുള്ള പ്രകൃതിയുമായി ബന്ധപ്പെട്ട ചൂഷണം, ആ ചൂഷണവും കുറ്റകൃത്യങ്ങളുടെ പുതിയൊരു ബ്രാഞ്ചായി വരികയാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, പോലീസ് ശ്രദ്ധിക്കേണ്ട മറ്റൊരു ഭാഗമാണ് ട്രാഫിക് സംവിധാനങ്ങൾ. ഇന്ന് കേരളത്തിലെ പല നഗരങ്ങളിലും

ഇഴഞ്ഞാണ് വാഹനസഞ്ചാരം നടക്കുന്നത്. അതുകൊണ്ടുതന്നെ പോലീസ് ശ്രദ്ധിക്കേണ്ട ഒരു വിഷയമായി ട്രാഫിക്കിനെ മാറ്റുകയും അതിലൊരു ഗവേഷണവും അതിനൊരു പരിഹാരമാർഗ്ഗവുമുണ്ടാക്കണം. ഇനി വിദേശത്തു പോയി നാം മറ്റ് നഗരങ്ങളിലെ ട്രാഫിക് സംവിധാനം കണ്ടാലും ശരി അതനുസരിച്ചുള്ള ഒരു സിസ്റ്റമുണ്ടാക്കാനുള്ള നടപടികൂടി ഈ ബില്ലിൽ വരേണ്ടതല്ലേ?

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, തീർച്ചയായും. ഞാൻ അതിലേക്ക് വരുന്നുണ്ട്. ഇന്ന് കേരളം നേരിടുന്ന ഏറ്റവും സുപ്രധാനമായ പ്രശ്നങ്ങളിലൊന്നാണ് ട്രാഫിക്. നമ്മുടെ പരിമിതമായ റോഡുകൾ, മോശമായ റോഡുകൾ, വാഹനങ്ങളുടെ പെരുപ്പം, ട്രാഫിക് ഒഫൻസുകൾ വർദ്ധിക്കുന്നത്, ഇതെല്ലാം ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ട്രാഫിക് വിംഗ് ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വൈദഗ്ദ്ധ്യമുള്ള ആളുകളുടെ വിദഗ്ദ്ധോപദേശത്തോടുകൂടിയുള്ള ട്രാഫിക് സംവിധാനങ്ങൾ വരേണ്ടതാണ്. ഇന്നിപ്പോൾ സാമാന്യബോധം കൊണ്ടും യുക്തികൊണ്ടും ഉണ്ടാക്കുന്ന ട്രാഫിക് സംവിധാനങ്ങൾ മാത്രമേ നമ്മുടെ എല്ലാ നഗരങ്ങളിൽപ്പോലുമുള്ളൂ. കൊച്ചിയിലായാലും കോഴിക്കോടായാലും തിരുവനന്തപുരത്തായാലും ഏറ്റവും കൂടുതൽ ട്രാഫിക് ഉള്ള നഗരങ്ങളിൽപ്പോലും ട്രാഫിക് രംഗത്ത്, വൈദഗ്ദ്ധ്യം ലഭിച്ച ആളുകളുടെ സേവനങ്ങൾ ഉപയോഗിക്കുന്നില്ല. നമ്മുടെ സാമാന്യ യുക്തിയനുസരിച്ച്, സാമാന്യ ബോധമനുസരിച്ചുള്ള സംവിധാനങ്ങൾ മാത്രമാണ് നടത്തുന്നത്. എനിക്ക് തോന്നുന്നത് സംസ്ഥാനത്ത് പോലീസിൽത്തന്നെ ട്രാഫിക്കിനെക്കുറിച്ച് കൂടുതൽ പഠിച്ച ഉദ്യോഗസ്ഥന്മാരുണ്ടാകാം. കൂടുതൽ ആളുകളെ അതിനെക്കുറിച്ച് പഠിക്കാൻ മറ്റ് രാജ്യങ്ങളിൽ, അല്ലെങ്കിൽ കേരളത്തിന് പുറത്ത് അയച്ച് പഠിപ്പിക്കാനും വൈദഗ്ദ്ധ്യം നേടാനും വിദഗ്ദ്ധമായ ഒരു ആസൂത്രണത്തിന്റെ പിൻബലത്തോടുകൂടി ട്രാഫിക് വിംഗിനെ നവീകരിക്കാനും വേണ്ടിയുള്ള സംവിധാനങ്ങൾ വേണം. ഞാൻ ഇത്തരം കാര്യങ്ങൾ സൂചിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണം, ഞാൻ പറഞ്ഞ അടിസ്ഥാനപരമായ പ്രശ്നം, സാമൂഹിക-സാമ്പത്തികക്രമം മാറിയതനുസരിച്ച് പോലീസിന്റെ ഉത്തരവാദിത്വത്തിലും ജോലിയിലും ഗൗരവതരമായ മാറ്റമുണ്ടായിരിക്കുകയാണ്. ആ മാറ്റത്തെ നമ്മൾ കാണാതെപ്പോയാൽ കുറ്റവാളികൾക്ക് രക്ഷപ്പെടുന്നതിനുള്ള ഒരുപാട് അവസരങ്ങൾ നമ്മൾതന്നെ തുറന്നു കൊടുക്കുന്ന അവസ്ഥ ഉണ്ടാകാൻ പോകുകയാണ്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ:</u> സർ, കോഴിക്കോട് പോലീസ് കമ്മീഷണർ ശ്രീ. വിജയൻ ഒ. ആർ. സി. എന്നൊരു സ്കീം 'Our Responsibility to Children' കൊണ്ടുവന്നു. കുട്ടികളുടെ ഇടയിലാണ് ഏറ്റവും കൂടുതൽ ഡ്രഗ് അഡിക്ട്സ് ഉണ്ടാകുന്നത്. അതായത് സ്കൂളുകളിൽത്തന്നെ വളരെയധികം ഡ്രഗ്സ് ഉപയോഗിക്കുകയും അതുപോലെ അബ്യൂസ് ആയിട്ടുള്ള പല സംഗതികൾ ഉപയോഗിക്കുകയും ചെയ്യുന്ന ഒരു പ്രവണത ഇന്ന് വരുന്നുണ്ട്. അവരാണ് നാളെ ക്രിമിനലുകളായി മാറാൻ പോകുന്നത്. അതിനെ തടയാൻവേണ്ടിയുള്ള വളരെ ക്രിയാത്മകമായ സമീപനം

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. അതിന് നിയമനിർമ്മാണം മാത്രമല്ല അവരോടുള്ള സമീപനത്തിൽ എങ്ങനെ മാറ്റം വരുത്താമെന്നതിനെപ്പറ്റിയും ആലോചിക്കണം. ഈയൊരു പ്രവണത ആദ്യം ചിലപ്പോൾ പാൻപരാഗിൽ നിന്നുമാവും തുടങ്ങുക. 14 വയസ്സുള്ള ഒരു കുട്ടിയുടെ ശരീരത്തിൽ ഒരു സെന്റീമീറ്റർ സ്ഥലം പോലും ബാക്കിയില്ല മരുന്ന് കുത്താൻ. അത്രയധികം ഭയാനകമായ കാഴ്ചയാണ് നാം സ്കൂളുകളിൽ കാണുന്നത്. അത് തടയാൻ എന്തൊക്കെ നടപടികളാണ് നാം സ്വീകരിക്കേണ്ടത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വളരെ ഗൗരവതരമായ കാര്യമാണ് മെമ്പർ പറഞ്ഞത്. ഇത്രയും മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ ബോധവൽക്കരണം നടത്താനും ജനങ്ങളും പോലീസും തമ്മിലുള്ള അകലം കുറയ്ക്കാനും നടപടി സ്വീകരിക്കണം. മാത്രമല്ല ആധുനിക ലോകം പുതിയ കുറ്റകൃത്യങ്ങളുടെ ലോകമാണ്. ആ പുതിയ ലോകത്തിൽ ഇത്തരം കാര്യങ്ങളിൽ പോലീസ് ഇടപെടുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ, കുഞ്ഞുങ്ങളുടെ ഭാവിയെക്കരുതി പോലീസ് ഇടപെടുന്നുണ്ട് എന്നെല്ലാമുള്ള തോന്നലുകൾ പോലീസിനെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കാൻവേണ്ടി പ്രേരിപ്പിക്കും. എന്റെ സങ്കൽപ്പത്തിലുള്ള പോലീസിന് രണ്ട് മുഖമുണ്ട്. ഒന്ന്, ഒരു വലിയ ട്രാഫിക്കുള്ള ജംഗ്ഷനിൽ നിൽക്കുന്ന ഒരു പോലീസുകാരൻ അവിടെ റോഡ് ക്രോസ് ചെയ്യാൻ വിഷമിക്കുന്ന ഒരു കുട്ടിയെ കൈ പിടിച്ച് അപ്പുറത്തെത്തിക്കുന്ന ഒരു പോലീസുകാരന്റെ മുഖം, മറുവശത്ത് കലാപസന്നദ്ധരായി നിൽക്കുന്ന ഒരു വലിയ ആൾക്കൂട്ടത്തെ സ്വന്തം ജീവൻ പണയം വച്ച് നേരിടുന്ന ഒരു പോലീസുകാരന്റെ മുഖം. പോലീസിന് രണ്ട് എക്സ്ട്രീം ആയിട്ടുള്ള മുഖങ്ങളുമുണ്ട്. നിയമലംഘനം നടത്തുന്നവരോട്, നാട്ടിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുവാൻ ശ്രമിക്കുന്നവരോട്, രാജ്യത്തിന് നേരെ ഭീഷണിയുയർത്തുന്നവരോട്. അവരോടുള്ള കർശനമായ നിലപാട് ഒരു വശത്ത് മറുവശത്ത് ജനങ്ങളുമായി കൂടുതൽ അടുപ്പമുണ്ടാക്കുന്ന തരത്തിൽ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിയുന്നൊരു സംവിധാനം ഉണ്ടാകണം. എപ്പോഴും പറയാറുണ്ട് പോലീസ് വല വിരിച്ചിരിക്കുകയാണ്, കുറ്റവാളി ഉടൻ കുടുങ്ങും എന്ന്. പണ്ട് പോലീസ് വല വിരിച്ചിരിക്കുകയാണെന്നുപറഞ്ഞാൽ കുറ്റവാളി ആ വലയിൽ കുടുങ്ങിയിരിക്കും. ഇപ്പോൾ ഒന്നുകിൽ വലയിൽപ്പെടുകയില്ല, അല്ലെങ്കിൽ വലയിലെ കണ്ണികൾ ഭേദിച്ച് കുറ്റവാളി കടന്നുപോകും. കാരണം പോലീസും ജനങ്ങളും തമ്മിലുള്ള റേഷ്യോ വളരെ കുറവാണ്. ഇവിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഈ റേഷ്യോ വളരെ കുറവാണ് എന്നുള്ള കാര്യം സൂചിപ്പിച്ചു. കുറച്ചുപോലീസ് കൊണ്ട് വലിയ ഡെൻസിറ്റി ഓഫ് പോപ്പുലേഷനുള്ള ഒരു സംസ്ഥാനത്ത് നമുക്കുള്ള ഇൻഫർമേഷൻ കിട്ടുകയെന്നുപറഞ്ഞാൽ വളരെ എളുപ്പമായ കാര്യമല്ല. പോലീസിന്റെ വലയിലെ കണ്ണികൾ ജനങ്ങളായി മാറുന്ന ഒരു സംവിധാനമുണ്ട് എങ്കിൽ ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം നല്ല സുദൃഢമാണെങ്കിൽ നമുക്ക് കൂടുതൽ ഇൻഫർമേഷനുകൾ കിട്ടുന്നതിനും കുറ്റവാളികൾ കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ കിട്ടുകയും അല്ലെങ്കിൽ കുറ്റകൃത്യം ചെയ്തുകഴിഞ്ഞതിനുശേഷം ആൾക്കൂട്ടത്തിൽ ഒളിക്കുന്ന കുറ്റവാളിയെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനു വേണ്ടിയും സാധിക്കും. അതുകൊണ്ട് ജനങ്ങളുടെ പിന്തുണയുണ്ടെങ്കിൽ ആ പോലീസ് വിരിച്ചിരിക്കുന്ന വലയിലെ കണ്ണികളായി ജനങ്ങളെ മാറ്റാൻ കഴിയുന്നൊരു ബന്ധം പോലീസും ജനങ്ങളുമായി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, അങ്ങ് വളരെ പ്രസക്തമായൊരു കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. മാറുന്ന കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ നമ്മുടെ പോലീസിന് അംഗസംഖ്യയില്ല. അതിന് സംവിധാനമില്ല. ഇന്ന് ഏറ്റവും അധികം വ്യാജമരുന്നുകൾ വിൽക്കുന്നത്, ഏറ്റവുമധികം തട്ടിപ്പ് നടക്കുന്നത്, ഏറ്റവുമധികം മദ്യാസക്തിയുണ്ടാകുന്നത്, ഏറ്റവുമധികം സ്ത്രീപീഡനം നടക്കുന്നതൊക്കെ കേരളത്തിലാണ്. മലയാള മനോരമയിൽ അടുത്ത ദിവസം നാഗമാണിക്യത്തിന്റെ കഥ, ഏറ്റവും വ്യാജമരുന്നുകൾ, ഏലസ്സുകൾ എന്നിവയെപ്പറ്റി വന്നിട്ടുണ്ട്. ഇതിനൊക്കെ സെക്ഷൻ 420 വച്ച് കേസ് എടുക്കുകയെന്നുള്ളതല്ലാതെ ശാസ്ത്രീയമായി കുറ്റാന്വേഷണം നടത്താനുള്ള ഒരു സംവിധാനമില്ല. ശ്രീ. എം. വി. ശ്രേയാംസ് കുമാർ പറഞ്ഞതുപോലെ മയക്കുമരുന്നു കുത്തിവയ്ക്കുന്നത്, ഇതൊക്കെ ഭാവി തലമുറയോടുള്ള ഒരു ക്രൂരതയാണ്. അതുകൊണ്ട് ഈ മേഖലകളിലൊക്കെ കൈവയ്ക്കാൻ നമ്മുടെ പോലീസ് സംവിധാനം മാറേണ്ടതല്ലേയെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തന്നെയാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു പോയിന്റ്. ഇപ്പോൾ പറഞ്ഞത് ജനങ്ങളും പോലീസുമായി കൂടുതൽ അടുക്കുക എന്നാണ്. പണ്ട് ഉണ്ടായിരുന്ന ഒരു ഫിയർ കോംപ്ലക്സിന്റെ അടിസ്ഥാനത്തിലാണ് പോലീസിനെ ജനങ്ങൾ കണ്ടിരുന്നത്. അപ്പോൾ പഴയ സിനിമയിൽ കാണുന്നതുപോലെ ഏഡ് കുട്ടൻപിള്ള എന്ന കൺസെപ്ടാണ്. പണ്ട് സിനിമയിൽ പോലീസ് ഒരു ഗ്രാമത്തിലിറങ്ങിയാൽ ആളുകൾ ഓടി വീടിനകത്തേക്ക് കയറും. എന്നിട്ട് വീടിന്റെ ജനാല പാളി പതുക്കെ തുറന്നുവച്ചിട്ട് അതിലൂടെയാണ് പോലീസിനെ ഭയത്തോടെ നോക്കുന്നത്. അങ്ങനെയൊരു ഫിയർ കോംപ്ലക്സിന്റെ അടിസ്ഥാനത്തിൽ മാത്രം കുറ്റകൃത്യങ്ങൾ ഇല്ലാതാകുന്ന ഒരു കാലത്തല്ല ഇപ്പോൾ നമ്മൾ ജീവിക്കുന്നത്. അങ്ങനെയൊരു ഭയത്തിന്റെ അടിസ്ഥാനത്തിൽ, അങ്ങനെയൊരു ഭയം ഉണ്ടാകണമെങ്കിൽ എന്ത് കുറ്റകൃത്യം ചെയ്താലും നാളെ പോലീസിന്റെ വലയിലാകുമെന്നുള്ള ഒരു ഭയം കുറ്റവാളിയുടെ മനസ്സിൽ ഉണ്ടാക്കാൻ കഴിഞ്ഞാൽ ഒരു പക്ഷേ ഈ കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാം. അല്ലെങ്കിൽ പഴയ കാലത്തുണ്ടായിരുന്നതുപോലെ മീശ പിരിച്ച് വച്ച് ഭയപ്പെടുത്തി സംസ്കൃതവാക്കുകൾ ഉപയോഗിച്ച് ആളുകളെ വിരട്ടിയൊന്നും കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാൻ കഴിയുന്ന ഒരു കാലത്തല്ല നമ്മൾ ജീവിക്കുന്നത്. കാരണം ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചതുപോലെ കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിന് മാറ്റങ്ങൾ വന്നിരിക്കുന്നു. തട്ടിപ്പുകളായും

LIBRARY ARCHIVES Kerala Legislative Assembly

സൈബർ ക്രൈമുകളായും പ്രകൃതി ചൂഷണമായും സാമ്പത്തിക കുറ്റങ്ങളായുമുള്ള കുറ്റകൃത്യങ്ങളായി മാറിവന്നിരിക്കുന്നു. വിദേശരാജ്യങ്ങളിൽപ്പോലും അവർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഐഡന്റിറ്റിയുമായി ബന്ധപ്പെട്ട ക്രൈം ആണ്. പാസ്പോർട്ട് മോഷ്ടിച്ചുകൊണ്ടുപോകുകയും അത് ഉപയോഗിച്ചുകൊണ്ട് അതിലെ ഫോട്ടോ മാറ്റി അതിന്റെ പേരിൽ വലിയ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്നു. അവസാനം പോലീസ് അന്വേഷിച്ചു വരുമ്പോൾ നിരപരാധിയായ ഒരാളിന് നഷ്ടപ്പെട്ട പാസ്പോർട്ട് ഉപയോഗിച്ചു കൊണ്ടാണ് ഒരു കുറ്റവാളി കുറ്റം ചെയ്തിരിക്കുന്നത് എന്ന് കാണാനാകും. അതുപോലുള്ള കുറ്റകൃത്യങ്ങൾ ആധുനിക ലോകത്ത് വർദ്ധിച്ചുവരുന്നു. മാത്രമല്ല പത്തിലൊന്ന് മലയാളികൾ ജീവിക്കുന്നത് കേരളത്തിന് പുറത്താണെന്ന് നമുക്കറിയാം. വിദേശങ്ങളുമായി ബന്ധപ്പെട്ട് ഒരുപാട് കുറ്റകൃത്യങ്ങളുടെ സാധ്യതകൾ ഉണ്ട്. ആ കുറ്റകൃത്യങ്ങളുടെ, കുറ്റവാളികളുടെ ലോകമെന്നുപറയുന്നത് വളരെ വലുതായിക്കൊണ്ടിരിക്കുകയും ശാസ്ത്രീയവും ആധുനികവുമായ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് അവർ കുറ്റകൃത്യങ്ങൾ ചെയ്യുകയും ചെയ്യുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: അങ്ങ് പറഞ്ഞ കാര്യങ്ങളോട് യോജിക്കുകയാണ്. ഈ ആധുനിക കാലഘട്ടത്തിൽ വളരെ ആക്ടീവായി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് പോലീസ് ആക്റ്റ് ചെയ്യുകയാണ്. അങ്ങനെ ആക്റ്റ് ചെയ്യുമ്പോൾ പോലീസിനെക്കൂടി നമ്മൾ മോഡേണൈസ് ചെയ്യണം. എന്നു പറയുമ്പോൾ ഇന്ന് പോലീസിന്റെ പെരുമാറ്റ ഘടന.. ക്ലോസ് 99-ൽ പറയുന്ന 'വ്യക്തിപരമായ ദാസ്യവൃത്തി നിരോധിക്കുന്നു എന്നുപറയുന്നത് വളരെ പ്രോഗ്രസ്സീവായിട്ടുള്ള കാര്യമാണ്. അതോടൊപ്പം തന്നെ പോലീസ് ഡിപ്പാർട്ട്മെന്റിനകത്തുതന്നെ hierarchical-ലായി മുകളിലിരുന്ന് കടുപ്പമുള്ള പച്ചത്തെറി പറയുക എന്ന സമ്പ്രദായം ഉണ്ടെന്ന് അറിയാൻ കഴിയുന്നു. അതുപോലെതന്നെ പോലീസ് സ്റ്റേഷനിൽ വരുന്ന ആളുകളോട് തെറി പറയുന്നു. സൈബർ ഒഫൻസുകളുടെ ഈ കാലഘട്ടത്തിൽ നമ്മൾ ഇതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട്, തെറി പറയുന്ന സമ്പ്രദായം പഴയ സമ്പ്രദായമാണ് അത് മാറിയിട്ട് പോലീസിന്റെ morale ബൂസ്റ്റ് ചെയ്ത് ഈ സംവിധാനത്തിലേയ്ക്ക് പോകേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: ഞാൻ അതാണ് നേരത്തെ സംസ്കൃത വാക്കുകൾ എന്ന് ഉപയോഗിച്ചത്. നമ്മൾ വിദേശ രാജ്യങ്ങളിലൊക്കെ പോകുന്ന ആളുകളാണ്. നമ്മൾ യാത്ര ചെയ്യുമ്പോൾ നമ്മളെ ഡ്രൈവ് ചെയ്തുകൊണ്ടുപോകുന്ന അവിടത്തെ സുഹൃത്ത് പോകുമ്പോഴും പോലീസ് പിടിക്കാറുണ്ട്. പക്ഷേ ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുള്ളത് വണ്ടി സൈഡിലേക്ക് ഒതുക്കി നിർത്തിക്കഴിഞ്ഞാൽ വണ്ടിയുടെ ഡ്രൈവിംഗ് സീറ്റിൽനിന്ന് ആൾ ഇറങ്ങേണ്ട കാര്യമില്ല. ആ പോലീസുകാരൻ നമ്മുടെ അടുത്തേക്ക് വന്ന് വളരെ നന്നായി അഭിവാദ്യമൊക്കെ ചെയ്തിട്ടാണ് നമ്മൾ നടത്തിയിരിക്കുന്ന ഒഫൻസിനെക്കുറിച്ച് പറയുന്നത്. അവിടെ ഒഫൻസിനുള്ള പണിഷ്മെന്റിന്റെ കാര്യത്തിലോ ഫൈനിന്റെ കാര്യത്തിലോ ഒരു വിട്ടുവീഴ്ചയും ചെയ്യാറില്ല. പക്ഷേ നമ്മോടുള്ള പെരുമാറ്റം വളരെ ഹൃദ്യവും

LIBRARY ARCHIVES Kerala Legislative Assembly

ആകർഷകവുമാണ്. പുറത്തുള്ള എല്ലാ സ്ഥലങ്ങളിലും അങ്ങനെതന്നെയാണ്. ഇവിടെ ചിലപ്പോൾ ഫൈനിലും അല്ലെങ്കിൽ ശിക്ഷിക്കുന്ന കാര്യത്തിലുമൊക്കെ വിട്ടുവീഴ്ച ചെയ്യും. പക്ഷേ ആദ്യം അയാളെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ല. പെരുമാറ്റത്തിലും സമീപനത്തിലും മാറ്റം വരുത്തേണ്ട കാലം കടന്നുപോയിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇവിടെ സുപ്രീംകോടതിയുടെ നിർദ്ദേശത്തിലുമുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടാക്കി മാറ്റണമെന്നുള്ളതാണ്. നമ്മൾ അതിന്റെ പ്രൊവിഷൻ ഇതിൽ കൊടുത്തിട്ടുണ്ട്. പക്ഷേ അത് നിർബന്ധബുദ്ധിയോടുകൂടി സമയബന്ധിതമായി ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ അന്വേഷണ സംവിധാനവും ക്രമസമാധാന പരിപാലനവും രണ്ടാക്കി തിരിച്ചില്ലെങ്കിൽ നമ്മൾ എത്ര പറഞ്ഞാലും കേരളത്തിലെ പോലീസിന് ഒരു കുറ്റകൃത്യവും അന്വേഷിച്ച് കുറ്റവാളിയെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാൻ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പോലീസ് ചെയ്തുകൊണ്ടിരിക്കുന്ന റുട്ടീൻ ഡ്യൂട്ടി എന്താണ്? ഇപ്പോൾ ഉത്സവ സീസണാണ്. ഉത്സവ സീസണിൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരെല്ലാം രാത്രി മുഴുവൻ ഉത്സവ പറമ്പുകളിലും പള്ളിപ്പെരുന്നാളിനും ഗാനമേള നടക്കുന്ന സ്ഥലത്തും അടിപിടിയുണ്ടാകുന്ന സ്ഥലത്തും ബഹളമുണ്ടാകുന്ന സ്ഥലത്തുമാണ്. നമുക്ക് തന്നെ രാത്രി കിടന്നുറങ്ങാൻ പറ്റുന്നില്ല. ഗാനമേള ഉണ്ടാകുന്ന സ്ഥലത്ത് രാത്രി രണ്ടുമണിയാകുമ്പോൾ നമ്മളെയും വിളിക്കുകയാണ്. വി.ഐ.പി.-കളുടെ സെക്യൂരിറ്റി, ദിവസേനയുണ്ടാകുന്ന പ്രശ്നങ്ങൾ. പ്രധാനപ്പെട്ട ഒരു ക്രൈം ആ പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ നടന്നാൽ അന്വേഷണത്തിന്റെ കണ്ടിന്യുവിറ്റി ഒരിക്കലുമുണ്ടാകുന്നില്ല. ചിലപ്പോൾ ചില വാർത്തകളും ബഹളങ്ങളുമൊക്കെ ഉണ്ടാകുമ്പോൾ അന്വേഷിക്കാൻ പോകും. രണ്ടുദിവസം കഴിയുമ്പോൾ പുതിയൊരു വാർത്തയുണ്ടാകുമ്പോൾ പഴയ വാർത്തകൾ പോകും. വാർത്തകൾ പോകുന്നതോടെ അന്വേഷണം അവസാനിക്കുന്ന ഘട്ടമാണ്. അപ്പോൾ ഇൻവെസ്റ്റിഗേഷനിൽ ശാസ്ത്രീയമായി ഇടപെടാനോ പുതിയസാങ്കേതങ്ങൾ ഉപയോഗിക്കാനോ, കൂടുതൽ മൈൻഡ് അപ്ലൈ ചെയ്യാനോ, കൂടുതൽ സമയം ചെലവഴിക്കാനോ കഴിയാതെ അന്വേഷണം പാതി വഴിയിൽ നിന്നുപോകുകയും കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ ഒരു അവസരം ഇന്നുണ്ടാകുന്നു. കാരണം ദൈനംദിന ജോലികൾ വളരെ കൂടുതലായി പോലീസിന് വർദ്ധിച്ചിരിക്കുന്നു. മാത്രമല്ല കൂടുതൽ ജോലികൾ ചെയ്യേണ്ടതായുണ്ടാകുന്ന സമ്മർദ്ദം, മനസ്സ് കൂടുതൽ കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണത്തെ കൂടുതൽ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ അവർക്ക് സാധിക്കാതെ വരുന്നു. അതുകൊണ്ടാണ് പല കേസ്സുകളിലും കേരളത്തിലെ പോലീസിന്റെ അന്വേഷണം പൂർത്തിയാക്കാൻ കഴിയുന്നില്ല എന്നുള്ള പരാതികൾ ഉണ്ടാകുന്നത്. പണ്ട് ഏത് കേസ് അന്വേഷിച്ചാലും അന്വേഷിച്ച് പൂർത്തിയാക്കാനുള്ള ഒരു പിൻബലവും അല്ലെങ്കിൽ അതിനുവേണ്ടിയുള്ള ഒരു ആർജ്ജവവും കേരളത്തിലെ പോലീസിനുണ്ടായിരുന്നു. ഇന്ന് ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുണ്ടായിരിക്കുന്ന, ദൈനംദിന ജോലികളിലുണ്ടായിരിക്കുന്ന, സ്റ്റേഷൻ ഡ്യൂട്ടിയിലൊക്കെ ഉണ്ടായിരിക്കുന്ന അമിതമായ ഭാരം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നു. അതുകൊണ്ട് കേരളത്തിലെ പോലീസ് സേനയുടെ നവീകരണവുമായി ബന്ധപ്പെട്ട് ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമ്പോൾ ആദ്യം ചെയ്യേണ്ട നടപടി ഇൻവെസ്റ്റിഗേഷനും ലോ ആന്റ് ഓർഡറും സെപ്പറേറ്റ് ആക്കുക എന്നുള്ളതാണ്. അതിനുള്ള സംവിധാനങ്ങൾ വേണം, അതിനുള്ള സ്വാതന്ത്ര്യം വേണം, അതിനുള്ള സങ്കേതങ്ങൾ വേണം.

ശ്രീ. പള്ളിപ്രം ബാലൻ: കുറ്റകൃത്യങ്ങൾ തടയുന്നതിനും അതുപോലെ തന്നെ കേസുകൾ കണ്ടുപിടിക്കുന്നതിനുമുൾപ്പെടെ ജനങ്ങളുമായി പോലീസ് കൂടുതൽ ബന്ധപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ പോലീസിന് കൂടുതൽ ആധുനിക സൗകര്യങ്ങളും കേസ്സ് തെളിയിക്കുന്നതിനാവശ്യമായ ഉപകരണങ്ങളുമുൾപ്പെടെ ലഭിക്കുകയും അതിനാവശ്യമായ പരിശീലനവും ലഭിക്കുകയും വേണമെന്നല്ലേ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: തീർച്ചയായിട്ടും. ഞാൻ അത് സൂചിപ്പിക്കുകയും ചെയ്തു. അല്ലാതെ നമുക്ക് ഇപ്പോഴത്തെ കാലത്ത് കുറ്റാന്വേഷണം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയില്ല. ഞാൻ നിയമത്തിലേയ്ക്ക് കടക്കുകയാണ്. മൂന്നുനാല് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്ലോസ് 18 'സംസ്ഥാന പോലീസ് മേധാവി. സുപ്രീംകോടതിയുടെ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്നത് ഏറ്റവും സീനിയറായ ഒരാളെ ഡി.ജി.പി. ആയി നിയമിക്കണമെന്നാണ്. ഇവിടെ ക്ലോസ് 18-(2)-ൽ പറഞ്ഞിരിക്കുന്നത് ' ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതോ ആയ. ഇന്ത്യൻ പോലീസ് സർവ്വീസിന്റെ സംസ്ഥാന കേഡറിലെ ഉദ്യോഗസ്ഥർക്കിടയിൽനിന്നും സംസ്ഥാന പോലീസ് സേനയെ നയിക്കുന്നതിനുള്ള പ്രാപ്തിയും മൊത്തമായ സേവന ചരിത്രവും തൊഴിൽ സംബന്ധമായ അറിവ്, പരിചയം എന്നിവയും കണക്കിലെടുത്ത് സർക്കാർ ഒരു സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കേണ്ടതാണ് എന്നാണ്. പക്ഷെ ഇതിനകത്ത് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതോ ആയ ഒരാളിൽ നിന്ന് ഒരു ഡി. ജി. പി.-യെ തെരഞ്ഞെടുക്കാൻ പറയുന്നത് ശരിയല്ല. ഗവൺമെന്റിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. സുപ്രീംകോടതി പറഞ്ഞതുപോലെ തന്നെ ഈ നിയമം കൊണ്ടുവന്ന് ഏറ്റവും സീനിയറായിട്ടുള്ളവരെ നിയമിക്കണമെന്ന് പറയുന്നത് ശരിയല്ല. ഗവൺമെന്റിന് ഒരു ഡിസ്ക്രീഷൻ അക്കാര്യത്തിലുണ്ടാകണം. ഗവൺമെന്റിന് അക്കാര്യത്തിലുള്ള വിവേചനം സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ഒരാളെ പരിഗണിക്കുന്നത് ശരിയല്ല. നിലവിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ആളുകളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കണം. മറ്റേത് ഒഴിവാക്കണം. ഇതിൽ എഴുതിവച്ചിരിക്കുന്നതനുസരിച്ച് സ്ഥാനക്കയറ്റം ലഭിക്കാത്ത ഒരാളെപ്പോലും പരിഗണിക്കാൻ കഴിയാവുന്ന അവസ്ഥയിലേയ്ക്ക് വരും. അതുപോലെ ഇവിടെ സൂചിപ്പിച്ചു ഇൻവെസ്റ്റിഗേഷനും ലോ ആന്റ് ഓർഡറും സെപ്പറേറ്റാക്കണം എന്ന്. ക്ലോസ്-23. 'സർക്കാരിന് ഒരു പ്രദേശത്തെ ജനസംഖ്യയോ നിലവിലുള്ള സാഹചര്യമോ കണക്കിലെടുത്ത് വിനിർദ്ദേശിക്കാവുന്ന അത്തരം പ്രദേശത്ത് വേഗത്തിലുള്ളതും ഫലപ്രദവും പ്രൊഫഷണലുമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനായി ഉത്തരവുവഴി

LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാന പരിപാലന ചുമതലയുള്ള പോലീസിൽനിന്നും അന്വേഷണ ചുമതലയുള്ള പോലീസിനെ വേർതിരിക്കാവുന്നതാണ്. ഇങ്ങനെ എഴുതി വച്ചതുകൊണ്ട് യാതൊരുവിധ പ്രയോജനവുമുണ്ടാകുന്നില്ല. ഇപ്പോൾത്തന്നെ പോലിസിന് അതിനുള്ള അധികാരമുള്ളതാണ്. വേണമെങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ക്രൈംബ്രാഞ്ച് പോലുള്ള സംവിധാനങ്ങൾ ഉള്ളതാണ്. സ്വതന്ത്രമായി അത്തരം അന്വേഷണങ്ങൾ ആവശ്യമുള്ള എല്ലാ കേസ്സുകളിലും ഇൻവെസ്റ്റിഗേഷന് വേണ്ടി മാത്രമുള്ള ഒരു സെപ്പറേറ്റ് ബ്രാഞ്ച്, സംസ്ഥാനത്ത് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിച്ചപ്പോൾ സ്പെഷ്യാലിറ്റി കേഡറും അഡ്മിനിസ്ട്രേറ്റീവ് കേഡറും ഉണ്ടായതുപോലെതന്നെ ലോ ആന്റ് ഓർഡറിനുവേണ്ടിയുള്ള പ്രത്യേക കേഡറും അന്വേഷണത്തിനുവേണ്ടിയുള്ള ഒരു സെപ്പറേറ്റ് കേഡറും നിർബന്ധമായുമുണ്ടാക്കണം. അതുപോലെ ക്ലോസ്-37, സ്വകാര്യ സ്ഥലങ്ങളിൽ പോലീസ് കയറുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്. ക്ലോസ് 37-ൽ പറയുന്നത് 'സുരക്ഷ ഉറപ്പാക്കുന്നതിനോ ആസന്നമായ അപകടം ഒഴിവാക്കുന്നതിനോ വേണ്ടി ഓരോ പോലീസ് ഉദ്യോഗസ്ഥനും ആചാരം മര്യാദ, സ്വകാര്യത, ഔചിത്യം എന്നിവയ്ക്ക് തക്കതായ പരിഗണന നൽകിക്കൊണ്ട് ശരിയെന്നും മതിയായതെന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥന് ന്യായീകരണ ബാദ്ധ്യസ്ഥതയും ഉത്തരവാദിത്തവും ഉള്ള കാരണമുണ്ടെങ്കിൽ ഏതൊരു സ്വകാര്യ സ്ഥലത്തും പ്രവേശനമുണ്ടായിരിക്കുന്നതാണ്. എന്നാണ്. ഇതിലെ പ്രൊവിഷൻസിൽ പലതിലും നമ്മുടെ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ സെക്ഷൻ 47, 100, 165 എന്നീ വകുപ്പുകൾക്ക് വിരുദ്ധമായിട്ടുള്ള ചില പരാമർശങ്ങൾ ഉണ്ട്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ സെക്ഷൻ 47-നും 100-നും 165-നും അനുബന്ധമായ രീതിയിൽ ഇത് റീ-ഡ്രാഫ്റ്റ് ചെയ്തില്ലെങ്കിൽ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന് വിരുദ്ധമായ ഒരു പ്രൊവിഷൻ ആകും. ഇത് നിൽക്കില്ല. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന് ഇൻകൺസിസ്റ്റന്റായ ഒരു പ്രൊവിഷൻ കൊടുക്കാനുള്ള അധികാരം നമുക്കില്ല. അതുപോലെ ക്ലോസ്-34, പോലീസിന് പരാതി നൽകുന്നത്, അത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ജനങ്ങളുമായി പോലീസ് ബന്ധപ്പെടുന്ന സ്ഥലം എന്നുപറയുന്നത് പരാതിയുമായി ഒരാൾ പോലീസ് സ്റ്റേഷനിൽ ചെല്ലുന്നതാണ്. സാധാരണ പോലീസിനെ സാധാരണക്കാരായ ജനങ്ങൾ നോക്കിക്കാണുന്നത് അതാണ്. ക്ലോസ് 34-ൽ പറയുന്നത് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ രേഖാമൂലമായോ ആംഗ്യത്തിലൂടെയോ അടയാളത്തിലൂടെയോ അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണിക്കോ ആയ ഉപാധികളിലൂടെയോ നൽകാവുന്നതും പ്രസ്തുത പരാതി, കള്ളപ്പേരിലയച്ചതെന്നോ 'പേരു വയ്ക്കാതെയുള്ളതെന്നോ പ്രകടമായും അസത്യമായതെന്നോ നിസ്സാരമെന്നോ അർത്ഥശൂന്യമെന്നോ സംശയിക്കാൻ തക്കന്യായമായ കാരണമില്ലാത്ത പക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ അതിൻമേൽ ഉചിതമായ നിയമനടപടി എടുക്കാൻ ബാധ്യസ്ഥനായിരിക്കുന്നതാണ് എന്നാണ്. അതിന് വല്ലാത്ത ഒരു വിവേചനാധികാരം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതും ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ നിബന്ധനകൾക്ക് വിരുദ്ധമാണ്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഈ വകുപ്പിൽ എഴുതിച്ചേർത്തിരിക്കുകയാണ്. തുടക്കത്തിൽ '1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി' എന്നൊരു വാക്ക് പ്രയോഗിക്കുകയും എന്നാൽ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഇതിനകത്ത് എഴുതിവച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. അപ്പോൾ പരാതി തള്ളിക്കളയാനുള്ള വിവേചനാധികാരം, പരിധികളില്ലാത്ത വിവേചനാധികാരം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കൊടുക്കുകയാണ്. ശരിയായ രീതിലാണോ ഈ വിവേചനാധികാരം സ്റ്റേഷൻ ഹൗസ് ഓഫീസർ പ്രയോഗിച്ചത് എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളത്? ആ സംവിധാനത്തെക്കുറിച്ചൊന്നും പോലീസ് ആക്ടിൽ പറയുന്നില്ല. അടിസ്ഥാനരഹിതമായിട്ടാണ് അത്തരം പരാതികൾ തള്ളിക്കളഞ്ഞതെന്ന് പരാതിക്കാരന് തോന്നുകയാണെങ്കിൽ ഏത് ഉദ്യോഗസ്ഥനാണോ തള്ളിക്കളഞ്ഞത് അദ്ദേഹത്തിന്റെ ഇമ്മീഡിയറ്റ് ഓഫീസർക്ക് പരാതി കൊടുക്കാൻ വേണ്ടിയുള്ള ഒരു അവസരം കൂടി ആ പരാതിക്കാരന് നൽകണം. ഇല്ലെങ്കിൽ മിക്ക സ്ഥലങ്ങളിലും അമിതമായ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് ജനങ്ങൾ കൊടുക്കുന്ന ജെന്യുവിൻ ആയിട്ടുള്ള പരാതികൾ മറ്റാളുകളുടെ സ്വാധീനത്തിന് വഴങ്ങി തള്ളിക്കളയുന്ന ഒരു അവസ്ഥ ഉണ്ടാകും. അത് വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. പരാതി കൊടുക്കുന്ന മേഖല എന്ന് പറയുന്നത് പോലീസും ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധമുള്ള കാര്യമാണ്. അതുപോലെ ക്ലോസ് 48-നെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞു. ഞാൻ ഒന്നുകൂടി പറയുകയാണ്. കുറ്റാരോപിതർക്കുള്ള വൈദ്യ പരിശോധന-'ഏതൊരു യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറും അദ്ദേഹത്തിന്റെ മുമ്പാകെ വൈദ്യ പരിശോധനയ്ക്കായി ഒരു പോലീസ് ഉദ്യോഗസ്ഥൻ ഹാജരാക്കുന്ന, കുറ്റം ആരോപിക്കപ്പെട്ടതോ സംശയിക്കപ്പെട്ടതോ ആയ ഒരാളെ ആ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരം, സന്ദർഭോചിതമായും ന്യായവുമായ രീതിയിൽ ആവശ്യമായ വൈദ്യപരിശോധന നടത്തുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണർ എന്നുപറഞ്ഞാൽ, സംസ്ഥാനത്ത് ഇപ്പോൾ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഡോക്ടർമാരും ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണർമാരാണ്. സർക്കാർ ആശുപത്രിയിൽ പോയി സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ കയ്യിൽനിന്നും വൈദ്യപരിശോധന നടത്തി വാങ്ങുന്നതിനുപകരം ഏതെങ്കിലും ഡിസ്പെൻസറി നടത്തുന്ന ഡോക്ടറോ അല്ലെങ്കിൽ പ്രാക്ടീസ് ഇല്ലാതിരിക്കുന്ന ഡോക്ടറോ പോലീസിനെ സ്വാധീനിക്കാൻ കഴിയുന്ന പോലീസ് ഉദ്യോഗസ്ഥനോ സ്വാധീനിക്കാൻ കഴിയാവുന്ന ഒരു ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണറെയോ ഉപയോഗിക്കാൻ പാടില്ല. അത് നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. ഇത് ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യപ്പെടും. അത് നമ്മുടെ സംസ്ഥാനത്ത് ധാരാളം പ്രശ്നങ്ങളുണ്ടാക്കും. നിരപരാധികളായ ആളുകളെ, അവരെ ഹരാസ് ചെയ്യുന്നതിനുവേണ്ടി പോലീസിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാൻ സാധ്യതയുള്ള ഒരു വകുപ്പാണ് ക്ലോസ്-48. അതിന് ആവശ്യമായ ഭേദഗതികളുണ്ടാകണം. അതുപോലെ ക്ലോസ് 64-ലെ കമ്മ്യൂണിറ്റി പോലീസിംഗിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ നേരത്തെ സൂചിപ്പിച്ചതുകൊണ്ട് അത് ആവർത്തിക്കുന്നില്ല. ക്ലോസ് 90-ൽ 'പോലീസ് ഏത് വിഭാഗത്തിലും സേവനമനുഷ്ഠിക്കണമെന്ന് പറയുന്നുണ്ട്. സംസ്ഥാന പോലീസിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരെ തെരഞ്ഞെടുത്തതും, നിയമിച്ചതും ഏതു വിഭാഗത്തിലാണെങ്കിലും, സംസ്ഥാന പോലീസ് മേധാവി ഉത്തരവിടുന്നപക്ഷം അവർ പോലീസ് സേനയിൽ നിർവ്വഹിക്കേണ്ട ഏതൊരു ജോലിയിലും താൽക്കാലികമായി നിയമിക്കപ്പെടുവാൻ ബാധ്യസ്ഥനാണ്. ഇത് ക്ലോസ് 21-ൽത്തന്നെ വളരെ വ്യക്തമായി ഓരോ ബ്രാഞ്ചുകളിൽ വർക്ക് ചെയ്യാനുള്ള അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ക്ലോസ് 21-ൽ സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട് വീണ്ടും ക്ലോസ് 90-ൽ ഈ അധികാരം കൊണ്ടുവരുന്നത് അത് ഒരു നല്ല ലക്ഷ്യത്തോടുകൂടിയല്ല. യഥാർത്ഥത്തിൽ പോലീസ് ഉദ്യോഗസ്ഥർ ഏതുബ്രാഞ്ചിലും സേവനമനുഷ്ഠിക്കണമെന്നാണ് ഇവിടെ പറയുന്നത്. നിലവിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ലോക്കൽ പോലീസ്, ആംഡ് റിസർവ്, ആംഡ് ബറ്റാലിയൻ എന്നിവയിൽ പ്രത്യേകം പ്രത്യേകമാണ്. ആംഡ് ബറ്റാലിയൻ, ആംഡ് റിസർവ്, ലോക്കൽ പോലീസ് എന്ന വിധത്തിൽ കേരള പോലീസ് സേനയെ ഇപ്പോൾ വിഭജിച്ചിരിക്കുകയാണ്. ഈ വിഭാഗത്തിന്റെ ജോലിയുടെ സ്വഭാവവും പ്രൊമോഷൻ സാധ്യതയും അവർക്ക് ലഭിക്കുന്ന പരിശീലനവുമെല്ലാം വ്യത്യസ്തമാണ്. ആംഡ് റിസർവിന് ലഭിക്കേണ്ട പരിശീലനമല്ല ലോക്കൽ പോലീസിന് കിട്ടുന്നത്. ഈ വകുപ്പുപ്രകാരം ലോക്കൽ പോലീസിൽ ജോലി നോക്കുന്ന പോലീസ് കോൺസ്റ്റബിൾ മുതൽ ഡിവൈ.എസ്.പി. വരെയുള്ള ഉദ്യോഗസ്ഥന്മാർ ബറ്റാലിയനിലും ആംഡ് റിസർവിലും ജോലി നോക്കേണ്ടതായും തിരിച്ച് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും പോലീസ് കോൺസ്റ്റബിൾ മുതൽ എ.സി. വരെയുള്ളവർ ലോക്കൽ പോലീസിൽ ജോലി നോക്കേണ്ടതായും വരുന്നു. ഇത് സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾക്കും പോലീസിന്റെ കാര്യക്ഷമതയ്ക്കും ഐ.പി.എസ്.കൺഫർ ചെയ്യുന്ന കാര്യങ്ങൾക്കും ഉൾപ്പെടെ നിയമപരമായ വ്യവഹാരങ്ങൾക്ക് വഴി തുറന്നുവിടുന്ന സാധ്യതകളാണ്. അങ്ങനെ ഒരു മെർജർ പോലീസ് ആക്ടിലൂടെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് കുറച്ചുകൂടി ക്ലാരിഫൈ ചെയ്ത് പറയണം. ലോക്കൽ പോലീസിനെയും ആംഡ് ബറ്റാലിയനെയും ആംഡ് റിസർവിനെയും മെർജ് ചെയ്യാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു എന്നുള്ളത് പറയണം. ഇവിടെ ഒരു വളഞ്ഞ വഴിയിലൂടെ 90-ാമത്തെ ക്ലോസ് കൊണ്ടുവന്നിരിക്കുകയാണ്. ഇവിടെ ഇവർക്ക് രണ്ടു പേർക്കും കിട്ടുന്നത് വ്യത്യസ്തമായ ട്രെയിനിംഗാണ്, വ്യത്യസ്തമായ പരിശീലനമാണ്. ആംഡ് ബറ്റാലിയനിലെ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നിയമപരമായി കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനമൊന്നും ലഭിച്ചിട്ടില്ല. എസ്.ഐ. മുതൽ മേലോട്ടുള്ള ആളുകൾക്ക്, ലോക്കൽ പോലീസിലുള്ള ആളുകൾക്ക് ലഭിച്ചിരിക്കുന്ന, ഒരു പോലീസ് സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിനുവേണ്ടി ലഭിച്ചിരിക്കുന്ന പരിശീലനങ്ങളൊന്നും മറ്റുള്ളവർക്ക് ലഭിച്ചിട്ടില്ല. അങ്ങനെ ഇത് രണ്ടും ഇന്റഗ്രേറ്റ് ചെയ്യുന്ന ഒരു നടപടിയായി ക്ലോസ്-90 മാറും എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. അത് പുനഃപരിശോധിക്കണം. അതുപോലെ ക്ലോസ്-94, പോലീസ് ഉദ്യോഗസ്ഥരുടെ ജോലി സമയം - 'പോലീസ് ഉദ്യോഗസ്ഥർ ആവശ്യാനുസരണം എത്രസമയം ജോലി ചെയ്യുവാനും ബാധ്യസ്ഥരാണെങ്കിലും സാധാരണയായി ഒരു ദിവസം എട്ട് മണിക്കൂറിൽ കൂടുതൽ ജോലി അവരിൽ നിന്ന് പ്രതീക്ഷിക്കുവാൻ പാടുള്ളതല്ല.' അത് നിർദ്ദേശക തത്വങ്ങൾ എഴുതിവയ്ക്കുന്നതുപോലെ മാൻഡേറ്ററിയല്ലാതെ ഒരു ക്ലോസ് വച്ചിരിക്കുകയാണ്. അത്രയേ ഇപ്പോൾ പരിമിതിയുള്ളൂ. പക്ഷേ ഗൗരവതരമായി നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം യുണൈറ്റഡ് നേഷൻസിന്റെയും ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെയും ഉൾപ്പെടെയുള്ള ലോകത്തിലെ എല്ലാ സംവിധാനങ്ങളിലും എട്ട് മണിക്കൂർ ജോലി എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്. എന്നാൽ വളരെ അപൂർവ്വമായ അവസരങ്ങളിൽ, അടിയന്തര ഘട്ടങ്ങളിൽ അല്ലാതെ എട്ട് മണിക്കൂറിൽ കൂടുതൽ ജോലി ഒരാളിൽനിന്ന് ലഭിച്ചാൽ അയാളുടെ ഫിസിക്കൽ ആന്റ് മെന്റൽ സിറ്റുവേഷൻ പരിഗണിച്ചുകൊണ്ട് അയാളിൽ നിന്നുള്ള കോൺട്രിബ്യൂഷൻ എന്തായിരിക്കും. അയാളിലുള്ള ഔട്ട്പുട്ട് എന്തായിരിക്കുമെന്നുള്ളത് പരിഗണിക്കേണ്ടേ? അത് നമ്മൾ പരിഗണിക്കുന്നുണ്ടോ? പലപ്പോഴും വളരെ മോശമായ വാക്കുകൾ പറയുന്നതും തെറ്റായി പ്രവർത്തിക്കുന്നതും തെറ്റായ സമീപനമുണ്ടാകുന്നതുമെല്ലാം കൂടുതൽ സമയം ജോലി ചെയ്യുകയും അമിതമായ ജോലി ഭാരം ഉണ്ടാകുന്നതും കൊണ്ടാണ്. ഒരു ആധുനിക പോലീസ് സംവിധാനത്തിൽ ആദ്യം നമ്മൾ പ്രയോറിറ്റി കൊടുക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ജോലി സമയം എട്ട് മണിക്കൂർ ആക്കി കുറയ്ക്കണം. അതിന് സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജനമൈത്രി പോലീസിംഗിന്റെ കാര്യത്തിൽ അത് ഉദ്ദേശിച്ചതുപോലെ വിജയിക്കാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം പോലീസ് സേനയിലെ അംഗങ്ങളുടെ എണ്ണക്കുറവാണ്. എല്ലാ പോലീസ് സ്റ്റേഷനിൽനിന്നും ഇരുപത് പേരെ ജനമൈത്രി പോലീസിംഗിന് വിട്ടു. അതിനുപകരം അവിടെ പോലീസ് ഉണ്ടായിട്ടില്ല. നേരത്തെ 20 പേരുംകൂടി ചെയ്തിരുന്ന ജോലി അവരുടെ അഭാവത്തിൽ മറ്റുള്ളവർ ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വരുന്നു. നമ്മുടെ പല പരീക്ഷണങ്ങളും, വിജയകരമായി പര്യവസാനിക്കേണ്ടിയിരുന്ന പല പരീക്ഷണങ്ങളും നമ്മൾ ആഗ്രഹിക്കുന്നതുപോലെ, നമ്മൾ ഇഷ്ടപ്പെടുന്നതുപോലെ തീരാത്തതിന്റെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പോലീസ് സേനയിലെ അംഗങ്ങളുടെ എണ്ണക്കുറവാണ്. അമിതമായി ജോലി ചെയ്യുകയും, കൂടുതൽ സമയം ജോലി ചെയ്യുകയും ചെയ്യുന്നതുകൊണ്ട് മാനസികവും ശാരീരികവുമായ സമ്മർദ്ദത്തിന് അടിമപ്പെടുന്നതിനാൽ പോലീസിന്റെ കയ്യിൽ നിന്ന് ജനങ്ങൾ ആഗ്രഹിക്കാത്ത തരത്തിലുള്ള പ്രവർത്തനങ്ങളുണ്ടാകുന്നു. അതുപോലെ ക്ലാസ് 101-ൽ വകുപ്പുതല ശിക്ഷണ നടപടികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 311-ലെ ചില

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ടുള്ള കാര്യങ്ങൾ കൂടി ഇതിനകത്തുണ്ട്. തീർച്ചയായും സാധാരണ സർവ്വീസിലുണ്ടായിരിക്കുന്നതിൽനിന്നും വ്യത്യസ്തമായി ഒരു ഫോഴ്സ് എന്നുള്ള അർത്ഥത്തിൽ പോലീസിൽ കുറച്ചുകൂടി കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷെ ഇതുമായി ബന്ധപ്പെട്ട് ശിക്ഷണ നടപടികൾ സ്വീകരിക്കുമ്പോൾ അതിലെ അഗ്രീവ്ഡായിട്ടുള്ള ആളുകൾ കോടതിയിൽ പോയാൽ കോടതി നോക്കുമ്പോൾ ആർട്ടിക്കിൾ 311 വയലേറ്റ് ചെയ്തിട്ടുണ്ടായെന്നുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം വരും. അതുകൊണ്ട് ഈ വകുപ്പും 101-ഉം ആർട്ടിക്കിൾ 311 അനുസരിച്ച് കുറെക്കൂടി മോഡിഫൈ ചെയ്യേണ്ടതാണ്. ഇല്ലെങ്കിൽ ശിക്ഷണ നടപടികൾ ഉണ്ടാകുമ്പോൾ കോടതിയിൽ പോയി ആ ശിക്ഷണ നടപടികൾ റദ്ദ് ചെയ്യുന്നതിനുള്ള സാധ്യതകൾ കൂടുതലായി ഉണ്ടാകും. കുറെക്കൂടി മോഡിഫൈ ചെയ്താൽ ഒരു ഫോഴ്സ് എന്നുള്ള അടിസ്ഥാനത്തിൽ. സംസ്ഥാന സിവിൽ സർവ്വീസിൽ ഉണ്ടാകുന്നതുപോലെ പോലീസ് ഫോഴ്സിൽ ഉണ്ടാകണമെന്നല്ല പറയുന്നത്. വ്യത്യാസമാണ്. എല്ലാ ഫോഴ്സുകൾക്കും പ്രത്യേകമായ കാര്യങ്ങളാണ്. എങ്കിലും ആർട്ടിക്കിൾ 311-ന്റെ പ്രകടമായ വയലേഷൻ ഇവിടെ ഉണ്ടാകുന്നുവെന്നുള്ള ഒരു പരാതിയുണ്ട്. അതുപോലെ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ചുമതലകൾ യാതൊരു ശുപാർശയുടെയും അടിസ്ഥാനത്തിലല്ലാതായി മാറും. കാരണം വെറുതെ അഡൈ്വസ് ചെയ്യാമെന്നല്ലാതെ പ്രത്യേകിച്ച് ഒരു കാര്യവുമില്ലാതെ വെറും അഡൈ്വസറി നേച്ചർ മാത്രമേ അവർക്ക് കൊടുത്തിട്ടുള്ളൂ. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല, 105-ാം വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിലും ആവശ്യമായ മാറ്റങ്ങൾ വരണം. കാരണം സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ ലംഘിച്ചു എന്നുള്ളതിന്റെ പേരിൽ വിമർശനങ്ങൾക്ക് വിധേയമാകാതെ ആവശ്യമായ മാറ്റങ്ങൾ അതിൽകൂടി വരുത്തേണ്ടതുണ്ട്. അതുപോലെ ക്ലോസ് 110, പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി. ആ പോലീസ് കംപ്ലെയ്ന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നിർദ്ദേശത്തിൽ ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്ന പാനൽ ഓഫ് ജഡ്ജസിൽ നിന്ന് ഒരാളെ ചൂസ് ചെയ്യാനാണ് പറയുന്നത്. എന്നാൽ, ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജി അതോറിറ്റിയുടെ ചെയർപേഴ്സണായി ഇരിക്കേണ്ടതാണ് എന്നാണ് ഇവിടെ പറയുന്നത്. അപ്പോൾ ഒരാളെ ചൂസ് ചെയ്യുവാനുള്ള പൂർണ്ണമായ അധികാരം ഗവൺമെന്റിന് ലഭിച്ചിരിക്കുകയാണ്. ഇതൊക്കെയാണ് വ്യത്യാസങ്ങളായി വന്നിരിക്കുന്നത്. അതുപോലെ ക്ലോസ് 119-ൽ സ്ത്രീകൾക്കെതിരായിട്ടുള്ള കുറ്റത്തെ സംബന്ധിച്ചാണ്. ഇവിടെ വലിയൊരു ചർച്ച നടന്ന വിഷയമാണ്. ക്ലോസ് 2-ൽ പറഞ്ഞിരിക്കുന്നതിൽ എന്താണ് കുഴപ്പം? ബന്ധപ്പെട്ട സേവനദാതാവിനോടോ പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ അവരുടെ സാന്നിദ്ധ്യത്തിൽ ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം നടന്നുവെന്ന് പ്രസ്തുത കുറ്റത്തിന് ഇരയായ സ്ത്രീ അവരോട് പരാതിപ്പെടുകയാണെങ്കിൽ, അവർ തൽസമയം കുറ്റകൃത്യം തടയുവാനോ അതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനോ ന്യായമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാതെ ബോധപൂർവ്വം വീഴ്ച വരുത്തുന്നത് കുറ്റകരമായിരിക്കും. അങ്ങനെയുള്ള കുറ്റത്തിനും കുറ്റസ്ഥാപനത്തിനും മേൽ ആയിരം രൂപ വരെ പിഴ ഈടാക്കേണ്ടതാണ്. ആ പ്രൊവിഷനിൽ ഒരു തെറ്റുമില്ല. കാരണം നേരത്തെ പറയുന്നത് ഏതൊരു സ്ഥലത്തുവച്ചും സ്ത്രീകളുടെ ന്യായമായ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുന്ന രീതിയിൽ ഫോട്ടോ, വീഡിയോ എന്നിവ എടുക്കുകയോ പ്രചരിപ്പിക്കുകയോ പൊതു സ്ഥലങ്ങളിൽ സ്ത്രീകളുടെ അന്തസ്സ് ഹനിക്കുന്ന തരത്തിലുള്ള ലൈംഗികചേഷ്ടകളോ പ്രവർത്തികളോ ചെയ്യുകയാണെങ്കിൽ അയാളെയോ കുറ്റസ്ഥാപനത്തിന്മേലോ മൂന്നു വർഷം വരെ ആകാവുന്ന തടവോ 10,000 രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അപ്പോൾ കുറ്റം ചെയ്യുന്ന ആളിനും കുറ്റം കണ്ടു നിൽക്കുന്ന ആളിനും ഒരേ ശിക്ഷയാണെന്നാണ് ഇവിടെ ചർച്ച വന്നത്. അല്ല, ഒരേ ശിക്ഷയല്ല കൊടുത്തിരിക്കുന്നത് കുറ്റം ചെയ്യുന്ന ആളിന് മൂന്ന് വർഷം വരെ തടവും 10,000 രൂപവരെ പിഴയുമാണ്. ഇവിടെ സേവനദാതാവ് ആരാണെന്ന് ക്ലോസ് 2-ൽ ഡിഫൈൻ ചെയ്തിട്ടുണ്ട്. ആയിരം രൂപ മാത്രമേയുള്ളൂ. അപ്പോൾ ഒരേ ശിക്ഷയല്ല കൊടുക്കുന്നത്. ആ സേവനദാതാവിന് ഉത്തരവാദിത്തമുണ്ട്. ആ സേവനദാതാവിന്റെ സാന്നിദ്ധ്യത്തിൽ കുറ്റം നടക്കുമ്പോൾ അത് തടയാൻ ശ്രമിക്കാത്ത ആൾ, രണ്ടുമൂന്നു കാര്യങ്ങൾ വന്നാൽ മാത്രമേ അതൊരു ക്രൈം ആവുകയുള്ളൂ. അതായത്, അവരോട് ഈ സ്ത്രീ പരാതിപ്പെടണം, ഇവരുടെ സാന്നിദ്ധ്യത്തിലായിരിക്കണം കുറ്റകൃത്യം നടക്കുന്നത്. മാത്രമല്ല അവരുടെ സാന്നിദ്ധ്യത്തിൽ കുറ്റകൃത്യം നടക്കുമ്പോൾ ഈ സ്ത്രീ അവരോട് പരാതിപ്പെടണം. ആ സമയത്ത് ഇവർ കുറ്റകൃത്യം തടയാനോ ബന്ധപ്പെട്ട അധികാരികളെ അറിയിക്കാനോ ന്യായമായ നടപടി സ്വീകരിക്കാതെ ബോധപൂർവ്വം വീഴ്ച വരുത്തുക എന്നത് വലിയ കുറ്റമാണ്. അതിന് ആയിരം രൂപ പോര എന്നാണ് എന്റെ അഭിപ്രായം. അത് വളരെ ഗൗരവമുള്ള കുറ്റമാണ്. ഒരു മേലുദ്യോഗസ്ഥനോ, മേലുദ്യോസ്ഥയോ, കീഴുദ്യോഗസ്ഥനോ അവരുടെ കീഴുദ്യോസ്ഥയായ ഒരു സ്ത്രീയെ ഒരാൾ അപമാനിക്കുകയോ മോശമായി പെരുമാറുകയോ ചെയ്താൽ അത് നോക്കിയിരിക്കുക, ഒന്നും മിണ്ടാതിരിക്കുക, വേണമെങ്കിൽ ഇപ്പുറത്തുകൂടി കണ്ണുകൊണ്ട് പ്രോത്സാഹിപ്പിക്കുക. അതെല്ലാം ചെയ്തിട്ട് അവസാനം അറിയിക്കേണ്ട ആളുകളെ അറിയിക്കാതിരിക്കുക. ബോധപൂർവ്വം അത് തടയാൻ ശ്രമിക്കാതിരിക്കുക അത് ഗൗരവമുള്ള കുറ്റമാണ്. അതിന് 1000 രൂപ പിഴ എന്നുള്ളത് വർദ്ധിപ്പിച്ച് കുറേക്കൂടി വലിയ പിഴയാക്കി മാറ്റണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇതാണ് പ്രധാനമായി പറയുവാനുള്ള നിർദ്ദേശങ്ങൾ. തീർച്ചയായും ഇതിന്റെ ക്ലോസ് ബൈ ക്ലോസ് അമെന്റ്മെന്റ്സ് വരുന്ന സ്ഥലത്ത് ഇതിൽ കുറേക്കൂടി മാറ്റങ്ങൾ ഉണ്ടാകണം. എന്നാലും ഗൗരവതരമായ ഒരു മാറ്റം ഈ നിയമത്തിൽ ഉണ്ടായിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനായി ഉണ്ടാക്കിയിരിക്കുന്ന കമ്മിറ്റികൾ നന്നായി പഠനം നടത്തുകയും സെലക്ട് കമ്മിറ്റി അതിന്മേൽ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അത് കുറ്റമറ്റതായിരിക്കില്ല. നമ്മുടെ

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കുറേക്കൂടി മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള നിയമനിർമ്മാണത്തിന്റെ പ്രൊവിഷൻസാണ് നടത്തിയിരിക്കുന്നത്. സുപ്രീം കോടതിയുടെ നിർദ്ദേശം നമുക്കുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഭരണഘടനയുടെ സമ്മർദ്ദവും ക്രിമിനൽ പ്രൊസീഡ്യുവർ കോഡുമുണ്ട്. ഇതിൽനിന്നെല്ലാമുള്ള സമഗ്രമായ ഒരു നിയമനിർമ്മാണം ഈ രീതിയിൽ നടത്താൻ കഴിഞ്ഞുവെന്നുള്ളത് ഈ സഭയ്ക്ക് അഭിമാനകരമായ ഒരു കാര്യമാണ് എന്ന് ഞാൻ വിശ്വസിക്കുകയാണ്. തീർച്ചയായും നിയമമെന്ന് പറയുന്നത് ഒരിക്കലും ഇരുമ്പുലക്കയല്ല. വീണ്ടും അതിൽ മാറ്റമുണ്ടായിക്കൊണ്ടിരിക്കും. വരും കാലങ്ങളിൽ പോലീസുകാർക്ക് കാലാനുസൃതമായ നിരവധി ഭേദഗതികൾ ഉണ്ടാക്കി ഇന്ത്യയിലെ ഏറ്റവും സമഗ്രമായ ഒരു പോലീസ് നിയമം ഉണ്ടാക്കാൻ കഴിയട്ടെ എന്ന് പറഞ്ഞുകൊണ്ടും ഇതിനുവേണ്ടി സംഭാവനകൾ ചെയ്ത എല്ലാ നിയമസഭാംഗങ്ങളെയും ഉദ്യോഗസ്ഥന്മാരെയും, ഇതിന് നല്ല നിർദ്ദേശങ്ങൾ സമർപ്പിച്ച അഭിഭാഷകർ ഉൾപ്പെടെയുള്ള ജനങ്ങളോടും നമ്മൾ നന്ദിയുള്ളവരായിരിക്കണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1960-ലെ കേരളാ പോലീസ് ആക്ട് റദ്ദാക്കി ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പുതിയ ബില്ലിൽ നൂതനവും വിപ്ലവകരമായ വലിയ പരിഷ്ക്കാരങ്ങളൊന്നും ഉൾക്കൊള്ളുന്നില്ല. വർത്തമാനകാലഘട്ടത്തിലെ സ്ഥിതി വിശേഷങ്ങളും സാഹചര്യങ്ങളും വിവരസാങ്കേതിക വിദ്യാരംഗത്തുള്ള പുരോഗതിയും കണക്കിലെടുത്ത് വിവരാവകാശ നിയമത്തിന്റെ സാധ്യതകൾക്കനുസൃതമായ ചില മാറ്റങ്ങൾ പുതിയ ബില്ലിൽ ഉണ്ടെന്നുള്ളത് നിഷേധിക്കുന്നില്ല. അതേ അവസരത്തിൽ പൗരാവകാശവും വ്യക്തിസ്വാതന്ത്ര്യവും ലംഘിക്കുന്ന വകുപ്പുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ആധികാരികതയും മനുഷ്യമുഖവും നിയമപ്രാബല്യവും നൽകുന്ന സുപ്രധാനമായ നിയമനിർമ്മാണം കുറേക്കൂടി ഗൗരവത്തോടെ സർക്കാർ കാണേണ്ടിയിരുന്നുവെന്നാണ് എന്റെ അഭിപ്രായം. നാഷണൽ പോലീസ് കമ്മീഷന്റെ ശുപാർശകളും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ നിയമപരിഷ്ക്കാര കമ്മീഷൻ ശുപാർശകളും വിശദമായി ചർച്ച ചെയ്യപ്പെടേണ്ടതും അതിനനുസരിച്ചുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടേണ്ടതുമായിരുന്നു. സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പിൽ നിന്നും ലഭിച്ച പല നല്ല നിർദ്ദേശങ്ങളും ബില്ലിൽ ഉൾപ്പെട്ടിട്ടില്ല എന്നാണ് അടുത്ത ദിവസങ്ങളിൽ പത്രങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയേക്കാളും ജനകീയ സമിതികളെക്കാളും ജനപ്രതിനിധികളെക്കാളും കൂടിയ അധികാരങ്ങൾ ഡി. ജി. പി.ക്കും മറ്റു പോലീസ് ഉദ്യോഗസ്ഥന്മാർക്കും നിക്ഷിപ്തമാക്കുന്ന ചില വകുപ്പുകൾ കാണാൻ കഴിയുന്നുണ്ട്. ഓരോ പോലീസ് സ്റ്റേഷനിലും മതിയായ സംഖ്യാബലം,

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉണ്ടാകണമെന്ന് വകുപ്പ് 3-ൽ പറയുന്നു ണ്ടെങ്കിലും നമ്മുടെ ഏറ്റവും വലിയ പ്രശ്നവും അവിടെത്തന്നെയാണ്. പ്രാദേശിക തലത്തിൽ പോലീസുകാരുടെ എണ്ണം വളരെ പരിമിതമാണെന്നുള്ള തുകൊണ്ടുതന്നെ മറ്റു വകുപ്പുകളിൽ പറഞ്ഞിട്ടുള്ളതുപോലെ അവരുടെഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നില്ല. പോലീസിന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായും സമയബന്ധിതമായും തൃപ്തികരമായും നടക്കണമെങ്കിൽ മതിയായ അംഗസംഖ്യ പോലീസിന് വേണ്ടതായിട്ടുണ്ട്. ഒരു പരാതി വ്യാജമാണോ അല്ലയോ എന്ന് അന്വേഷണം നടത്താതെ തന്നെ പോലീസിന് തീരുമാനിക്കാൻ കഴിയുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങനെ മനസ്സിലാക്കാമെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. പോലീസ് അധികൃതരിൽ നിന്നുണ്ടാകുന്ന എല്ലാത്തരം കുറ്റങ്ങളും ഒഫീഷ്യൽ ഡ്യൂട്ടിയുടെ പരിധിയിൽപ്പെടുത്തി നിയമാനുസൃതം നിയമസംരക്ഷണം നൽകാൻ ഡി.ജി.പി.-ക്ക് അധികാരം നൽകുന്ന വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല. പോലീസ് സ്റ്റേഷനിൽ നിന്ന് പ്രതികൾക്ക് നിയമാനുസൃതം സേവനം ലഭിക്കുന്നത് ന്യായമായ പ്രായോഗികതയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് 8-ാം വകുപ്പിൽ നിർദ്ദേശിക്കുന്നത് എന്തിനുവേണ്ടിയാണ്. ഈ ന്യായവും പ്രായോഗികതയും നിശ്ചയിക്കുന്നത് ആരാണ്? ഇന്ത്യൻ ഭരണഘടനയിൻകീഴിൽ ജീവിക്കുന്ന ഒരു പൗരന് ഈ ആക്ടിൻകീഴിലുള്ള സേവനം കിട്ടാനും പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ കാണാനും കാര്യങ്ങൾ അറിയിക്കുവാനും നിയന്ത്രണം വയ്ക്കുന്നത് നീതികരിക്കാൻ കഴിയില്ല. ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കാണാനും പൊതുജനത്തിന് ഈ ബില്ലിൽ അനുമതി നൽകിയിട്ടുണ്ട്. ഇവിടെയും ന്യായം നിശ്ചയിക്കുന്നത് ആരാണ് എന്ന് മനസ്സിലാകുന്നില്ല. പൊതുജനങ്ങൾ പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതികൾക്ക് കൈപ്പറ്റ് രസീത് ലഭിക്കുവാൻ അർഹതയുണ്ടെന്ന പ്രഖ്യാപനങ്ങൾ ഉണ്ടെങ്കിലും ഒരിക്കലും അത്തരം രസീതുകൾ സാധാരണക്കാർക്ക് ലഭിക്കാറില്ല. ഇപ്പോഴും കൈപ്പറ്റ് രസീത് നൽകണമെന്ന് വ്യവസ്ഥയിൽ പറയുന്നുണ്ടെങ്കിലും അത് ഫോറത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. മാത്രമല്ല, രസീത് നിശ്ചിത ഫോറത്തിലാക്കുകയും അതിന്റെ ക്രമനമ്പർ പരാതി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സ്ഥിരം രജിസ്റ്ററിൽ ചേർത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്താൽ മാത്രമേ രസീത് നൽകുന്ന വ്യവസ്ഥ പ്രായോഗികമാവുകയുള്ളൂ. ഭൂമി സംബന്ധമായ തർക്കങ്ങൾ തീർപ്പാക്കുന്നതു സംബന്ധിച്ച കാര്യങ്ങളിൽ പോലീസിന് ഇടപെടാമെങ്കിലും ഭൂപരിഷ്ക്കരണ പ്രോത്സാഹന ചുമതല പോലീസിനെ ഏൽപ്പിക്കുന്നത് റവന്യൂ വകുപ്പിന്റെ ചുമതലയിലുള്ള കൈകടത്തലായി മാറുകയില്ലേ? 29-ാം വകുപ്പ് പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം സംബന്ധിച്ചാണ് പരാമർശിക്കുന്നത്. എന്നാൽ യാതൊരു പ്രകോപനവുമില്ലാതെ സ്ത്രീജനങ്ങളോടും സാധാരണക്കാരോടും അസഭ്യമായും പരുഷമായ തരത്തിലുമുള്ള പെരുമാറ്റം പലപ്പോഴും പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. പൊതുജനങ്ങളോടുള്ള ഇത്തരത്തിലുള്ള പെരുമാറ്റം ഒരുതരത്തിലും അനുവദിക്കാൻ പാടുള്ളതല്ല എന്ന വ്യവസ്ഥ ഈ വകുപ്പിൽ ഉൾപ്പെടുത്തുകയും അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നുള്ളതുകൂടി ഈ ബില്ലിൽ വ്യക്തമാക്കേണ്ടതുണ്ട്. 31-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് കസ്റ്റഡിയിലുള്ള വ്യക്തികളെ പ്രദർശിപ്പിക്കുവാനോ അവരുടെ ഫോട്ടോയെടുക്കുന്നത് അനുവദിക്കുവാനോ പത്രസമ്മേളനം നടത്തുവാനോ പാടുള്ളതല്ല എന്നതുസംബന്ധിച്ചാണ്. എന്നാൽ കേസ്സന്വേഷണത്തിന്റെ വിവിധഘട്ടങ്ങളിൽ കസ്റ്റഡിയിലുള്ള വ്യക്തികളെ പ്രദർശിപ്പിക്കുകയും പത്രസമ്മേളനം നടത്തുകയും പതിവാണ്. 31-ാം വകുപ്പിന്റെ ലംഘനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ കർശന നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തണം. 38-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും കായികശക്തിയുള്ള പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ സേവനം പോലീസിന് ആവശ്യപ്പെടാവുന്നതാണെന്നും അങ്ങനെ ന്യായമായ കാരണങ്ങളില്ലാതെ യാതൊരാളും ആ ആവശ്യം നിരാകരിക്കാൻ പാടില്ല എന്നുമുള്ള വ്യവസ്ഥ ഒരു പൗരാവകാശ ലംഘനമായി കാണേണ്ടിവരും. ആ വ്യക്തി സന്നദ്ധനാണെങ്കിൽ മാത്രമേ അങ്ങനെയൊരു സേവനം നൽകാൻ കഴിയുകയുള്ളൂ. അയാളെ അതിനുവേണ്ടി നിർബന്ധിക്കുവാൻ അധികാരമുണ്ട് എന്ന് പറയുന്നത് ന്യായീകരിക്കാൻ കഴിയില്ല. മാത്രമല്ല, അത് പൗരാവകാശ ലംഘനമായി കാണേണ്ടതായിവരും. 50-ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ പരിക്കേറ്റ ആളെ മജിസ്ട്രേറ്റിനു മുമ്പാകെ കൊണ്ടുവരാൻ പറ്റാത്ത ആരോഗ്യസ്ഥിതിയാണെങ്കിൽ സംഭവത്തിന്റെയും സാഹചര്യത്തിന്റെയും വിവരണം സ്റ്റേഷൻ ഓഫീസർ ഉടൻ തന്നെ മജിസ്ട്രേറ്റിന് അയച്ചുകൊടുക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മെഡിക്കൽ ആഫീസർക്കും പരിക്കുപറ്റിയ ആൾക്കും നൽകേണ്ടതും ആയത് അവർക്കെപ്പറ്റിയ വിവരം അംഗീകരിച്ച് രേഖാമൂലം എഴുതി വാങ്ങണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഈ വകുപ്പ് ഏറെ ദുർവിനിയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. കസ്റ്റഡിയിലുള്ള ആളെ ഏറെ ദേഹോപദ്രവമേൽപ്പിച്ച് പരിക്കേൽപ്പിച്ചതിനുശേഷം മജിസ്ട്രേറ്റിനുമുമ്പാകെ ഹാജരാക്കാതെ നീതിനിഷേധത്തിന് ഇടയാക്കുവാൻ സാധ്യതയുണ്ട്. അതിനാൽ ഈ വകുപ്പിൽ കാലോചിതമായ മാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട്. വകുപ്പ് 113 (2)-ൽ യാതൊരു കോടതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഒരു പോലീസുദ്യോഗസ്ഥനെതിരെ ആരോപിക്കപ്പെട്ടതും ഈ ആക്ടിൻകീഴിലുള്ളതുമായ ഏതൊരു കുറ്റത്തിനും നടപടിയെടുക്കാൻ പാടുള്ളതല്ല എന്ന് പറയുന്നു. ഈ വകുപ്പ് പോലീസുദ്യോഗസ്ഥരെ സഹായിക്കാനും പരാതിക്കാർക്ക് നീതികിട്ടാൻ കാലതാമസമുണ്ടാക്കുവാനും വേണ്ടിയുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം പോലീസിനും വ്യക്തിക്കും സർക്കാരിന്റെ അനുമതി ലഭിക്കാൻ പല കടമ്പകളും കടക്കേണ്ടിവരുന്നു. ഇത് നീതിനിഷേധത്തിന് കാരണമാകും. അതിനാൽ ഈ വകുപ്പ് നീക്കംചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. വകുപ്പ് 113ൽ (2),'യാതൊരു കോടതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ ആരോപിക്കപ്പെട്ടതും ഈ ആക്ടിൻ കീഴിലുള്ളതുമായ ഏതൊരു കുറ്റത്തിനും നടപടിയെടുക്കുവാൻ പാടുള്ളതല്ല' എന്നുപറയുന്നു. ടി വകുപ്പ് പോലീസ് ഉദ്യോഗസ്ഥരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനും പരാതിക്കാർക്ക് നീതി കിട്ടാൻ കാലതാമസമുണ്ടാക്കാനും വേണ്ടിയുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം പോലീസിനും വ്യക്തിക്കും സർക്കാരിന്റെ അനുമതി കിട്ടാൻ പല കടമ്പകളും കടക്കേണ്ടി വരുന്നതാണ്. ഇത് നീതിനിഷേധത്തിന് കാരണമാകും. അതിനാൽ ഈ വകുപ്പ് നീക്കം ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വകുപ്പ്-115, 'പോലീസ് ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നതും ഭയപ്പെടുത്തി അപഹരിക്കുന്നതും' എന്ന ഈ വകുപ്പിൽ 'കുറ്റം ചെയ്താൽ കുറ്റസ്ഥാപനത്തിൻമേൽ ഏഴ് വർഷംവരെയാകാവുന്ന ഒരു കാലയളവിലേയ്ക്ക് തടവോ പന്ത്രണ്ട് മാസത്തെ ശമ്പളത്തിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടണ'മെന്നാണ് പറയുന്നത്. ടി വകുപ്പിൽ പറയുന്ന പന്ത്രണ്ട് മാസത്തെ ശമ്പളത്തിൽ കവിയാത്ത പിഴ കുറ്റകൃത്യത്തെ ലഘൂകരിച്ച് കാണാനേ ഉപകരിക്കൂ. ആ പിഴ വെറും തമാശയായി തോന്നുകയാണ്. കാരണം ഏഴ് വർഷം വരെ തടവ് ഒഴിവാക്കി, അതിനുപകരം പന്ത്രണ്ട് മാസത്തെ ശമ്പളം മാത്രം പിഴയായി നൽകാമെന്ന് പറയുന്നത് കുറ്റകൃത്യത്തിന് ആനുപാതികമായ ശിക്ഷയല്ല. അത് ഭേദഗതി ചെയ്യേണ്ടതാണ്. റോഡ് അപകടങ്ങളിൽപ്പെട്ട് ഗുരുതരമായി പരിക്കേൽക്കുന്നവരെ രക്ഷപ്പെടുത്താൻ പൊതുവിൽ ആളുകൾ മുന്നോട്ടുവരാത്തതിന്റെ പ്രധാന കാരണം പിന്നീട് അവർ പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങേണ്ടി വരുമെന്നും ഇവരെ വാഹനാപകട കേസുകളിൽ സാക്ഷിയാക്കി കേസ് രജിസ്റ്റർ ചെയ്യുമെന്നും കരുതിയാണ്. ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ നമ്മുടെ ബില്ലിൽ ഇല്ല. ആയതിനാൽ വാഹനാപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്തുന്നവരുടെ കാര്യത്തിൽ പ്രോത്സാഹജനകമായ സമീപനമുണ്ടാകണം. ഇതിനാവശ്യമായ വകുപ്പുകൾ ഈ ബില്ലിൽ എഴുതിച്ചേർക്കണമെന്നും ഞാൻ നിർദ്ദേശിക്കുകയാണ്. പോലീസിന്റെ കാര്യക്ഷമതയും അവരുടെ പ്രവർത്തനങ്ങളും കൂടുതൽ കുറ്റമറ്റതാക്കണമെങ്കിൽ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന് പറയുന്നതോടൊപ്പം തന്നെ പോലീസുകാരുടെ ശോചനീയമായ സ്ഥിതിയിലുള്ള ക്വാർട്ടേഴ്സുകളെല്ലാം പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങളുമുണ്ടാകണം. ഡ്രൈവിംഗ് പരിചയമില്ലാത്ത പോലീസുകാരുണ്ട്. പോലീസുകാർക്ക് മുഴുവനായും ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള തീരുമാനമുണ്ടാകണം. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് പോലീസുകാരുടെ സ്ഥലം മാറ്റം സംബന്ധിച്ചാണ്. ഇപ്പോൾ സ്വന്തം ജില്ലകളിൽ 10 ശതമാനം പോലീസുകാർക്ക് പോസ്റ്റിംഗ് നൽകുന്നുണ്ട്. അത് 25 ശതമാനമെങ്കിലുമാക്കി വർദ്ധിപ്പിച്ചാൽ കുറേക്കൂടി അവരുടെ എഫിഷ്യൻസി വർദ്ധിപ്പിക്കാൻ സാധിക്കും. ഇത്രയും കാര്യങ്ങളാണ് ചുരുക്കത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ 2010 എന്നുപറഞ്ഞുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതെങ്കിലും ഇപ്പോൾ 2011 ആയ സ്ഥിതിക്ക് ഈ ബില്ലിന്റെ പേര് 2011 എന്നാക്കി മാറ്റുന്നതായിരിക്കും കുറേക്കൂടി നല്ലതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വിയോജനം ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീ. പി. എം. എ. സലാം: സർ, എന്റെ ഡിസന്റ് ഞാൻ രേഖപ്പെടുത്തുകയാണ്. അര നൂറ്റാണ്ട് പിന്നിട്ട ഒരു ബില്ലാണ് നമ്മൾ ഇപ്പോൾ ഭേദഗതിവരുത്തി

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബില്ലായി ഇവിടെ അവതരിപ്പിക്കുന്നത്. 1960-ൽ നിലവിൽ വന്ന ഒരു ആക്റ്റിൽ സമഗ്രമായ ഒരു മാറ്റവുമായാണ് ഇപ്പോൾ രംഗത്ത് വരുന്നത്. ഈ ബില്ലിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്നത് 'പോലീസിൽ നിക്ഷിപ്തമായ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നില്ലെന്നും പോലീസിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ നിയന്ത്രണങ്ങൾക്ക് വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമായതിനാലും' എന്നാണ്. ഈ രണ്ട് കാര്യങ്ങളിലാണ് ഇന്ന് നമ്മുടെ സമൂഹം വളരെയേറെ വിവാദപരമായ ചർച്ചകളിലേക്ക് പോയിക്കൊണ്ടിരിക്കുന്നത്. പോലീസ് അതിന്റെ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുന്നു എന്നതും പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നതുമാണ് സമൂഹത്തിലെ ഏറ്റവും വലിയ ആക്ഷേപം. സമൂഹവുമായി ഏറ്റവും അടുത്ത് ബന്ധപ്പെടുന്ന സേനാംഗങ്ങൾ എന്ന നിലയ്ക്ക് പോലീസിന്റെ പ്രവർത്തനം ജനജീവിതവുമായി വളരെയേറെ ബന്ധപ്പെട്ട് കിടക്കുന്നതാണ്. അതുകൊണ്ടുതന്നെ പോലീസ് കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് സമൂഹം ന്യായമായും ആഗ്രഹിക്കുന്നു. പോലീസിന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ച് പറയുമ്പോൾ ഏറ്റവും പ്രധാനമായി അതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കാവുന്നത് അംഗങ്ങളുടെ സംഖ്യാ കുറവ് തന്നെയാണ്. പോലീസ് സേനാംഗങ്ങളുടെ കുറവ് എല്ലാവരും അംഗീകരിക്കുന്നതാണ്. ഭരണകക്ഷിയും അതുപോലെ തന്നെ ആഭ്യന്തര വകുപ്പുമന്ത്രിയുമൊക്കെ ഇക്കാര്യത്തിൽ ഏക അഭിപ്രായക്കാരാണ്. പക്ഷെ ഇതിന് എങ്ങനെ പരിഹാരമുണ്ടാകും എന്നത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ ആശ്രയിച്ചാണിരിക്കുന്നത്. ആവശ്യത്തിന് സേനാംഗങ്ങളെ നൽകാൻ സാധിക്കാതെ പോകുന്ന ഒരു ഭരണകൂടമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് സേനാംഗങ്ങളെ കൊടുക്കാൻ കഴിയുന്നില്ല. സേനാംഗങ്ങൾ ആവശ്യത്തിന് ഇല്ലാത്തതുകൊണ്ട് പോലീസിന്റെ പ്രവർത്തനം കാര്യക്ഷമവുമാകുന്നില്ല. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ആധുനിക കാലഘട്ടത്തിൽ ഇവിടെ പറഞ്ഞ പുതിയ തരം ഒരുപാട് കുറ്റങ്ങൾ, സമൂഹത്തിൽ വർദ്ധിച്ചുവന്നിരിക്കുന്ന സൈബർ കുറ്റകൃത്യങ്ങളായാലും സാമ്പത്തിക കുറ്റങ്ങളായാലും, ഇതിനനുസൃതമായി സേനാംഗങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഒരുപാട് കാലമായി ഒരുപാട് മുറവിളികൾ ഇവിടെ നടന്നുവരുന്നതാണ്. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും ഡിഫറൻഷ്യേറ്റ് ചെയ്യണം. അത് സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളിൽപ്പെട്ടതാണ്, ജസ്റ്റിസ് തോമസ് കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. പക്ഷെ അത് നടപ്പാക്കുന്നതിന് മതിയായ സജ്ജീകരണം ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് നമുക്കറിയാം. എന്തുകൊണ്ടാണ് അത് ഉൾപ്പെടുത്താത്തത്? ആവശ്യത്തിന് സേനാംഗങ്ങൾ ഇല്ലാത്തതാണ് കാരണം. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും തികച്ചും വ്യത്യസ്തമായ രണ്ട് മേഖലകളാണ്. പോലീസ് സേനാംഗങ്ങളെ റിക്രൂട്ട് ചെയ്യുമ്പോൾ അവർക്ക് കൊടുക്കുന്ന പരിശീലനങ്ങൾ, ട്രെയിനിംഗ് ഒരേ രൂപത്തിലുള്ളതാണ്. പക്ഷെ ഇൻവെസ്റ്റിഗേഷനിലും ലാ ആന്റ് ഓർഡറിലും വ്യത്യസ്ത ട്രെയിനിംഗുകളാണ്. ഈ രണ്ട് മേഖലകളിലും സ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായിരിക്കണം. പക്ഷേ ഇവിടെ രണ്ട് മേഖലയ്ക്കും കൊടുക്കുന്നത് ഒരേ ട്രെയിനിംഗാണ്. ഇത് വേർതിരിച്ചുകഴിഞ്ഞാൽ ഇവർക്ക് വ്യത്യസ്തങ്ങളായ ട്രെയിനിംഗ് കൊടുത്ത് ഓരോരുത്തരേയും അവരവരുടെ മേഖലകളിൽ പ്രാവീണ്യമുളളവരാക്കാൻ നമുക്ക് സാധിക്കും. മാത്രവുമല്ല, ഈ രണ്ട് വിഭാഗങ്ങളും കൂടി ഒരുമിച്ച് പോകുന്നതുകൊണ്ട് ഇൻവെസ്റ്റിഗേഷനും നടക്കുന്നില്ല, ലാ ആന്റ് ഓർഡർ സിറ്റ്വേഷൻ ഡീൽ ചെയ്യാൻ ആവശ്യമായ ആളുകൾ ഇല്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകുകയാണ്. ഒരു പരാതി കൊടുത്താൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരുപാട് കാലതാമസം വരുന്നു. ഒരു കുറ്റകൃത്യത്തെക്കുറിച്ചുളള ഇൻവെസ്റ്റിഗേഷൻ അനന്തമായി നീണ്ടുപോകുകയാണ്. ഒരു കുറ്റകൃത്യം നടന്നുകഴിഞ്ഞാൽ അത് കോടതിയിൽ വിചാരണ ചെയ്യപ്പെടുന്നതിന് വർഷങ്ങളാണ് എടുക്കുക, പതിറ്റാണ്ടുകൾ എടുക്കുന്നു എന്ന് വേണമെങ്കിൽ പറയാം. ഇൻവെസ്റ്റിഗേഷനാവശ്യമായ സജ്ജീകരണവും സന്നാഹങ്ങളും നമുക്കില്ല എന്നതുതന്നെയാണ് ഇതിനുള്ള കുറവ്. അര നൂറ്റാണ്ട് കഴിഞ്ഞ് ഇത്തരം ഒരു നിയമവുമായി നമ്മൾ മുന്നോട്ടു വരുമ്പോഴെങ്കിലും ഈ മൗലികമായ കുറവ്, അടിസ്ഥാനപരമായ ആവശ്യം, അത് പരിഹരിക്കാൻ കാര്യക്ഷമമായി ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല എന്നത് ഖേദകരമായിത്തന്നെ നമ്മുടെ മുമ്പിൽ നിൽക്കുന്ന ഒരു വസ്തുതയാണ്. റീ-സ്ട്രക്ച്ചറിംഗ് ഓഫ് പോലീസ് എന്നുപറയുന്നത് സ്വാഭാവികമായും ഇത് തന്നെയാണ്. അതുപോലെതന്നെ ട്രെയിനിംഗിനെക്കുറിച്ച് പറയുമ്പോൾ, ഇപ്പോൾ അടുത്ത കാലത്ത് അറിയാം ട്രെയിനിംഗിന്റെ ഭാഗമായി, റിക്രൂട്ട്മെന്റിന്റെ ഭാഗമായൊക്കെ നടന്ന നിയമനപരീക്ഷകളിൽപ്പോലും ആൾമാറാട്ടം നടത്തുന്നു. പോലീസിന് വേണ്ടിയുള്ള നീന്തൽ പരിശീലന പരീക്ഷയിൽ പങ്കെടുത്തത് ആൾ മാറിയിട്ടാണ്. ഇവിടെ തീക്കട്ടയിൽ ഉറുമ്പ് അരിക്കുന്ന ഒരു പ്രതീതിപോലുമുണ്ട്. ഇത്തരം ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വ്യത്യസ്തങ്ങളായ സ്കിൽ വേണ്ട ആളുകൾക്ക് ഒരേ ട്രെയിനിംഗ് കൊടുത്ത് പോലീസ് സേനയിലേയ്ക്ക് കൊണ്ടുവരുന്നതു കൊണ്ടാണ് പലപ്പോഴും നമ്മുടെ കുറ്റാന്വേഷണ രംഗം തന്നെ ആവശ്യത്തിന് ജനോപകാരപ്രദമായ രീതിയിൽ അല്ലെങ്കിൽ സമൂഹത്തിന്റെ വിശ്വാസത്തിനനുസരിച്ച് അവരുടെ പ്രതീക്ഷകൾക്കനുസരിച്ച് വളരാൻ സാധിക്കാതെ പോകുന്നത്. പതിറ്റാണ്ടുകളായി ഒരുപാട് കേസുകൾ നമ്മുടെ മുമ്പിലുണ്ട്. പലതും എഴുതിത്തള്ളുന്നവയാണ്. അന്വേഷണ നടപടിയിൽ എത്താതെ പോകുന്നവയാണ്. ഇതുപോലെ ഇൻവെസ്റ്റിഗേഷൻ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട ഒരുപാട് കേസുകളുണ്ട്. ഇപ്പോൾ ചില പ്രതികളെ പിടിച്ചു എന്നുപറഞ്ഞ് മാധ്യമങ്ങളിൽ വലിയ പ്രചരണങ്ങൾ കൊടുക്കാറുണ്ട്. ഒന്നുരണ്ടു ദിവസം അതിന്റെ പ്രചരണങ്ങളൊക്കെ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കും. പിന്നെ അതെവിടെപ്പോയി എന്നറിയാത്ത ഒരു സ്ഥിതിവിശേഷം ഒരുപാടുണ്ട്. എന്റെ ജില്ലയിൽ, മലപ്പുറം ജില്ലയിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സാഹിബിനൊക്കെ നന്നായറിയാം; ഒരു പ്രധാന പ്രതിയെ പോലീസ് പിടിച്ചു. അത് കേരളത്തിലൊക്കെ ആഘോഷിച്ചു - കൊടാലി ശ്രീധരൻ. ഒരുപാട് മൊഴികൾ അദ്ദേഹത്തിൽ നിന്ന് കിട്ടി. പക്ഷേ പിന്നീട് അതിന്റെ അന്വേഷണം എവിടെ എത്തിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും അറിഞ്ഞുകൂടാ. അതുപോലെ തന്നെ നിരവധി കേസുകളുണ്ട്. കോഴിക്കോട്, എന്റെ മണ്ഡലത്തിൽപ്പെട്ട പാളയം എന്ന സ്ഥലത്ത് ഒരു ജുവലറി കവർച്ച നടന്നു. മൂന്നുനാല് വർഷങ്ങളായി, ഇതുവരെ പ്രതിയെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ഓഫീസിന് തൊട്ടടുത്തുള്ള കോഴിക്കോടുള്ള ഒരു വീട്ടിൽ മോഷണം നടന്നു. കുറേക്കഴിഞ്ഞ് വേറൊരു കേസിൽ പിടിച്ചപ്പോൾ ഈ പ്രതിയെ കിട്ടി. പ്രതി മോഷണം നടത്തി, പതിനാൽപ്പത് പവൻ സ്വർണ്ണം ഉണ്ടായിരുന്നു. പ്രതിയെ കിട്ടി സ്വർണ്ണം അന്വേഷിച്ച് പോയപ്പോൾ സ്വർണ്ണം വിറ്റ കട പൂട്ടിയിരിക്കുന്നു. സ്വർണ്ണ കച്ചവടം അവസാനിപ്പിച്ച് ആ കടയുടെ ഉടമസ്ഥൻ ഗൾഫിലേയ്ക്ക് പോയിരിക്കുന്നു. പ്രതിയെ കിട്ടിയതുകൊണ്ട് ഈ സാധനം നഷ്ടപ്പെട്ടവന് വല്ല കാര്യവുമുണ്ടോ? അവന്റെ സാധനം തിരിച്ചു കിട്ടണ്ടേ? അതിനുള്ള ഒരു സംവിധാനത്തിനായി ഒരുപാട് ഉദ്യോഗസ്ഥന്മാരുമായി ഞാൻ സംസാരിച്ചു. അദ്ദേഹം ഗൾഫിലേയ്ക്ക് കടന്നിരിക്കുന്നു, രക്ഷയില്ല. സ്വർണ്ണക്കട പൂട്ടിയിരിക്കുന്നു. ഇത്തരം ഒരുപാട് അപാകതകൾ ഉണ്ട്. സമൂഹം പോലീസിൽ നിന്ന് എന്താണോ പ്രതീക്ഷിക്കുന്നത് അത് നൽകാൻ കഴിയാത്ത ഒരു സാഹചര്യം പോലീസിൽ ഉണ്ടായിരിക്കുന്നു. ഇത് നിലവിൽ ഉണ്ട്. അതിന് പരിഹാരം എന്നു പറയുന്നത്, ഇത്തരമൊരു ആക്ട് വരുമ്പോൾ, ഒരു നിയമം വരുമ്പോൾ, നമ്മൾ അതിനുള്ള വ്യവസ്ഥകൾ കൂട്ടിച്ചേർക്കണമെന്നുള്ളതാണ്. കാര്യക്ഷമമായി പോലീസ് പ്രവർത്തിക്കണമെന്ന് പീഠികയിലുമൊക്കെ പറയുമ്പോൾ ആ കാര്യക്ഷമത ഉണ്ടാക്കിക്കൊടുക്കേണ്ട ഭരണകൂടത്തിന് അല്ലെങ്കിൽ നിയമം ഉണ്ടാക്കിക്കൊടുക്കുന്നവർ ആ നിയമത്തിൽ അതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതെ പോകുന്നത് സത്യത്തിൽ സമൂഹത്തെ നിരാശപ്പെടുത്തും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അതുപോലെ തന്നെ ഇതിൽ ആദ്യം പറയുന്ന കാര്യം അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നില്ല എന്നതാണ്. ഇപ്പോഴത്തെ സ്ഥിതിവിശേഷം വളരെയധികം ഖേദകരമാണ്. നേരത്തെ പറഞ്ഞതുപോലെ മണൽ, മണ്ണ് എന്നിവ അനധികൃതമായി കടത്തുന്ന മാഫിയകളുടെ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രതിസ്ഥാനത്ത് നിൽക്കുന്നത് പോലീസ് തന്നെയാണ്. സാധാരണക്കാരന് അവന്റെ ഗൃഹനിർമ്മാണത്തിനോ അത്യാവശ്യങ്ങൾക്കോ മണല് കിട്ടാനില്ല. പക്ഷേ മണൽ മാഫിയയുമായി ബന്ധപ്പെട്ട് പോലീസ് അടങ്ങുന്ന ഉദ്യോഗസ്ഥന്മാർ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് പകൽ വെളിച്ചംപോലെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഇത് നിയന്ത്രിക്കപ്പെടാൻ സാധിക്കുന്നില്ല, ഇല്ലായ്മ ചെയ്യാൻ സാധിക്കുന്നില്ല. നമുക്ക് തന്നെ അറിയാം ആഭ്യന്തര വകുപ്പിന്റെ റെക്കോർഡുകളിൽ പറയുന്നത് കുറ്റവാളികളുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ റെക്കോർഡുകൾ അവിടെയുണ്ടെന്നാണ്. ഇതിന്റെ അർത്ഥമെന്താണ്? ഇത്തരം സന്ദർഭങ്ങളിൽ പോലീസിനെക്കുറിച്ചുള്ള വിശ്വാസ്യത വർദ്ധിപ്പിക്കാനുള്ള സാഹചര്യമാണ് ഇവിടെ ഉണ്ടാകേണ്ടത്. കമ്മ്യൂണിറ്റി പോലീസിംഗ് ഒരു നല്ല കാര്യമാണ്. പോലീസിന്റെ സംവിധാനത്തിൽ ജനങ്ങളും പോലീസുമായുള്ള ബന്ധത്തിൽ വളരെയേറെ മാറ്റങ്ങൾ കമ്മ്യൂണിറ്റി പോലീസിംഗ് കൊണ്ട് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അത് കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേക്കും നമുക്ക് വ്യാപിപ്പിക്കാൻ സാധിക്കാത്തത്, വിപുലമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്തത് പോലീസ് സേനാംഗങ്ങളുടെ കുറവ് തന്നെയാണ്. നേരത്തെ നഗരങ്ങളിൽ 20 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചു പിന്നീട് 22 എണ്ണത്തിൽ കൂടി ദീർഘിപ്പിച്ചു. ഈ നാല്പത്-അൻപത് പോലീസ് സ്റ്റേഷനുകളിൽ മാത്രം കമ്മ്യൂണിറ്റി പോലീസിംഗ് ഒതുങ്ങി നിൽക്കുന്നു. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഗുണം ഇന്ന് സമൂഹം അനുഭവിക്കുന്നതാണ്. പോലീസ് ഡിപ്പാർട്ടുമെന്റിന് അതറിയാം നമ്മുടെ ഭരണകൂടത്തിനും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കും ഒക്കെ അത് നന്നായി അറിയാം. ഞാൻ പ്രതിനിധാനം ചെയ്യുന്ന കോഴിക്കോട് ജില്ലയിൽ നഗരത്തിൽ തന്നെ 6 പോലീസ് സ്റ്റേഷനുകളിൽ ഇത് പരീക്ഷിക്കുന്നുണ്ട്. പ്രകടമായ മാറ്റം അതുകൊണ്ട് ഉണ്ടായിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ജനങ്ങളെ ഭീതിപ്പെടുത്താനും ഭയപ്പെടുത്താനും പേടിപ്പിക്കാനുമൊക്കെയുള്ള ഒരു ഉപകരണമാണ് പോലീസ് എന്നതിൽ നിന്ന് മാറി ജനങ്ങളുടെ മിത്രമാണ് പോലീസ്, അവരുടെ പ്രയാസങ്ങളിൽ അവരോടൊപ്പം നിൽക്കേണ്ടവരാണ് എന്നൊക്കെയുള്ള ഒരു ബോധം ജനങ്ങളിലുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ തന്നെ ഏറ്റവും നല്ല കമ്മ്യൂണിറ്റി പോലീസിംഗ് നടക്കുന്നത് എന്റെ മണ്ഡലത്തിൽപ്പെട്ട ചമ്മങ്ങാട് പോലീസ് സ്റ്റേഷനിലാണ്. അത് വളരെയേറെ ഗുണകരമായിട്ടുണ്ട്. അതിന്റെ ഗുണം കേരളത്തിലെ മറ്റെല്ലാ ജനങ്ങൾക്കും മറ്റെല്ലാ പ്രദേശങ്ങൾക്കും ലഭ്യമാകണമെങ്കിൽ അവിടേയ്ക്ക് കൂടി വ്യാപിപ്പിക്കണം. ഇപ്പോൾ തന്നെ നമുക്ക് അഡ്മിനിസ്ട്രേഷനും ലാ ആന്റ് ഓർഡറിനും ആവശ്യമായ സേനാംഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ഇതെങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കും. അതുകൊണ്ട് പോലീസിനെ കൊണ്ടുള്ള ഗുണം ജനങ്ങൾക്ക് പൂർണ്ണമായും ലഭ്യമാകാത്ത ഒരു സാഹചര്യമുണ്ട് എന്ന് അറിഞ്ഞുകൊണ്ട് തന്നെയാണ് നമ്മൾ ഈ നിയമം പാസ്സാക്കുന്നത്. അതിന്റെ പ്രായോഗികതയിൽ സംശയമുണ്ടാകുക സ്വാഭാവികമാണ്. അതു പോലെ ഇവിടെ സൂചിപ്പിക്കപ്പെട്ട സൈബർ കുറ്റകൃത്യങ്ങൾ-സൈബർ കുറ്റകൃത്യങ്ങൾ വളരെയേറെ വർദ്ധിച്ചുവരുന്നു. സാമ്പത്തിക കുറ്റങ്ങൾ. അതാണ് ഇന്ന് ലോകത്ത് മുഴുവൻ നടക്കുന്നത്. ഇന്റർനെറ്റ് വഴിയും മൊബൈൽ ഫോണിലൂടെയും ഒക്കെ വരുന്ന സാമ്പത്തിക തട്ടിപ്പുകൾ അടക്കമുള്ളവ ഒരുപാട് വർദ്ധിച്ചുവരുന്നുണ്ട്. ഇതൊക്കെ കണ്ടുപിടിക്കുന്നതിന് ആവശ്യമായ പരിശീലനം നമ്മുടെ സേനാംഗങ്ങൾക്ക് നൽകാനുള്ള സംവിധാനമുണ്ടാക്കണം. സൈബർ കുറ്റകൃത്യങ്ങൾ നമ്മളൊക്കെ കരുതുന്നതിന്റെ അപ്പുറത്തേയ്ക്ക്. നമുക്ക് പ്രതീക്ഷിക്കാവുന്നതിന്റെയും അപ്പുറത്തേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. ഇതെക്കുറിച്ച് അന്വേഷിക്കാനും തെളിയിക്കാനും ആവശ്യമായ പ്രാവീണ്യം...............

ശ്രീ. സാജു പോൾ: പോലീസ് സേനാംഗങ്ങളുടെ ചുമതലാ ബാഹുല്യം എന്ന് അങ്ങ് പറഞ്ഞല്ലോ; ഇന്നിപ്പോൾ ഉത്സവങ്ങൾ മുതൽ മറ്റ് ചടങ്ങുകൾ പ്രധാന പരിപാടികളെല്ലാം നടത്തുന്നിടത്ത് പോലീസ് എത്തേണ്ട സ്ഥിതിയാണ്. സൈബർ കുറ്റങ്ങൾ ട്രാഫിക് നിയന്ത്രണം ഇങ്ങനെ പോലീസിനില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ചുമതലകളില്ല. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിൽ കേരളീയർ ഏറ്റവും പിന്നിലാണ്. അതുപോലെ തന്നെ അവശിഷ്ടങ്ങൾ കൊണ്ടുപോയി തള്ളുന്ന കാര്യം, ഇങ്ങനെ ഒരുപാട് വിഷയങ്ങളിൽ വളരെ നിയമവിരുദ്ധമായ, നിഷേധാത്മകമായ, സാമൂഹ്യവിരുദ്ധമായ ഒരു സമീപനം ഈ സാക്ഷരസുന്ദരമായ കേരളത്തിലെ കുറെയേറെ ആളുകൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ നാട്ടിലൊക്കെ പാചകവാതക സിലിണ്ടർ വിതരണം ചെയ്യുന്നിടത്തു പോലും പോലീസ് പോയി നിൽക്കേണ്ട അവസ്ഥയാണ്. പാചകവാതകം ദുരുപയോഗം ചെയ്യുന്നതുകൊണ്ടാണ് ഇതുവേണ്ടിവരുന്നത്. യഥാർത്ഥത്തിൽ കേരളീയർ അക്ഷരസാക്ഷരതയും കമ്പ്യൂട്ടർ സാക്ഷരതയുമൊക്കെ ആർജ്ജിച്ചുവെങ്കിലും പ്രവൃത്തി സാക്ഷരതയും നിയമ സാക്ഷരതയും ഇല്ല എന്നുള്ളത് വലിയൊരു പ്രശ്നമാണ്. നിയമസാക്ഷരത ജനങ്ങൾക്ക് സൃഷ്ടിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയാൽ പോലീസിന്റെ പല മേഖലകളിലും നിന്നുള്ള അവരുടെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്താൻ കഴിയും എന്നൊരു അഭിപ്രായം അങ്ങേക്ക് ഉണ്ടോ?

<u>ശ്രീ. പി. എം. എ. സലാം</u>: തീർച്ചയായും ജനങ്ങൾ നിയമ വ്യവസ്ഥയുമായി സഹകരിക്കാത്ത ചുറ്റുപാടുണ്ടാകുമ്പോഴാണല്ലോ നമ്മൾ പോലീസ് സേനയുടെ സഹായം അഭ്യർത്ഥിക്കുന്നത്. പോലീസ് സേനയുടെ ആവശ്യം അപ്പോഴാണല്ലോ വരുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ബഹുമാനപ്പെട്ട മെമ്പർ സാജുപോൾ പറഞ്ഞതിന് അനുബന്ധമായി ഒരു കാര്യം അങ്ങയോട് ചോദിക്കുകയാണ്; നമുക്ക് ഇപ്പോൾ സ്റ്റുഡന്റ് പോലീസ് സമ്പ്രദായം കൂടി വന്നിട്ടുണ്ട് അതിൽ നല്ലൊരു റിസൾട്ട് ഉണ്ടാകുന്നത് കാണാൻ കഴിയുന്നുണ്ട്. ചെറുപ്പക്കാരായിട്ടുള്ളവരാണ് പലപ്പോഴും ട്രാഫിക് റൂൾസ് ഒക്കെ തെറ്റിച്ച് ഭയങ്കര സ്പീഡിൽ വണ്ടിയോടിച്ച് പോകുന്നത്. അത് ചെറുപ്പത്തിന്റേതായിട്ടുള്ള പ്രശ്നം കൊണ്ടാവാം. അതൊക്കെ മാറ്റിയെടുക്കാൻ ഈ സ്റ്റുഡന്റ് പോലീസ് കൂടുതൽ കുട്ടികളിലേക്ക് വ്യാപിപ്പിച്ച് കൂടുതൽ ആളുകളെ അതിൽ ഉൾപ്പെടുത്തുകയും അതുപോലെ കമ്മ്യൂണിറ്റി പോലീസിംഗ് കൂടി എല്ലായിടത്തുമാകുമ്പോൾ കുറ്റകൃത്യങ്ങൾ നല്ലനിലയ്ക്ക് തടയാൻ കഴിയില്ലേ?

<u>ശ്രീ. പി. എം. എ. സലാം</u>: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് നന്നായി. സ്റ്റുഡന്റ് പോലീസിംഗ് ആരംഭിച്ചതും അത് വിജയമാണെന്ന് സ്ഥാപിച്ചതും കോഴിക്കോടാണ്. സംസ്ഥാന യൂത്ത് ഫെസ്റ്റിവൽ കോഴിക്കോട് നടന്നപ്പോൾ അതിന്റെ സംഘാടനത്തിനും നിയന്ത്രണത്തിനും വേണ്ടിയാണ് ആദ്യമായി സ്റ്റുഡന്റ് പോലീസിംഗ് രൂപീകരിച്ച് പ്രവർത്തിച്ചത്. വളരെ നല്ല റിസൾട്ടാണ് ഉണ്ടായത്. അത് മറ്റ് മേഖലകളിൽ കൂടി പരീക്ഷിച്ചു. ക്രമസമാധാന നില നിലനിർത്താനല്ല സ്റ്റുഡന്റ് പോലീസിനെ ഉപയോഗപ്പെടുത്തിയത്. ഇപ്പോൾ അവിടെ സ്റ്റുഡന്റ് പോലീസിംഗിന് വേണ്ടി സെലക്ട് ചെയ്ത കുട്ടികളുടെ സ്കൂളുകളിൽ വലിയ മാറ്റങ്ങളാണ് വന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: എൻ.സി.സി. പോലുള്ള വളരെ വിപുലമായ, ദേശീയോത്ഗ്രഥനത്തിനുകൂടി സഹായിക്കുന്ന ഒരു സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്നിടത്താണ് സ്റ്റുഡന്റ് പോലീസിംഗ് എന്ന സെക്കണ്ടറി ഐറ്റം വന്ന് കയറുന്നത് എന്നുള്ളത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ; നാഷണൽ കേഡറ്റ് കോർപ്സ്. അതാണ് ഏറ്റവും വിപുലമായ അടിസ്ഥാനത്തിൽ പോകുന്നത് പിന്നെ അതോടൊപ്പം തന്നെ സ്കൗട്ട്സുമുണ്ട്. ഈ ഉത്തരവാദിത്വം അവർക്ക് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? എന്തുകൊണ്ട് അവർക്ക് നൽകിയിട്ടില്ല എന്നുള്ളത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. എം. എ. സലാം: ഇവിടെ പറഞ്ഞതുപോലെ എൻ.സി.സി. സ്റ്റുഡന്റ് കേഡറ്റുകളെയൊക്കെ ഉപയോഗപ്പെടുത്തുന്നുണ്ട്. അവരുടെ മതിയായ അംഗസംഖ്യ ലഭ്യമാകാത്തതുകൊണ്ടാണ് ഇത്തരമൊരു പരീക്ഷണം നടത്തിയത്. അത് വളരെ വിജയകരമായി കണ്ടു, പ്രത്യേകിച്ച് യൂത്ത് ഫെസ്റ്റിവൽ സംഘാടന സമയത്ത് എൻ.സി.സി.-യുടെ ഉത്തരവാദിത്വപ്പെട്ട മേലധികാരികളിൽ നിന്ന് സഹായകരമല്ലാത്ത നിലപാട് അന്ന് കോഴിക്കോട് ഉണ്ടായിട്ടുണ്ട്. സ്റ്റുഡന്റ് പോലീസിംഗ് അന്ന് കോഴിക്കോട് യൂത്ത് ഫെസ്റ്റിവലിന്റെ സംഘാടനത്തിനും കുട്ടികളെ നിയന്ത്രിക്കുന്നതിനുവേണ്ടിയും ഉപയോഗപ്പെടുത്തി എന്നതിനപ്പുറം ഈ കുട്ടികളെ ഉപയോഗിച്ചകൊണ്ട് കിട്ടിയ ഗുണം ഈ കുട്ടികൾ പ്രതിനിധാനം ചെയ്യുന്ന സ്കൂളുകളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു എന്നതാണ്. നേരത്തെ എൻ.സി.സി.-യും സ്കൗട്ടുമൊക്കെ ഉപയോഗപ്പെടുത്തിയിരുന്നത് അവരുടെ ട്രെയിനിംഗ് ഡ്രില്ല് അതുപോലെയുള്ള കാര്യങ്ങൾക്ക് അവർക്ക് ഉപകരിക്കുമായിരുന്നു.

ശ്രീ. എം. ഉമ്മർ: അങ്ങയുടെ ശ്രദ്ധയിൽ 18-ാം വകുപ്പ് കൊണ്ടുവരികയാണ്. മുൻപിലത്തെ ആക്ടിൽ 51(എ) മദ്യപിച്ച് ബഹളമുണ്ടാക്കുക, പൊതുസ്ഥലങ്ങളിൽ വിരൽചൂണ്ടിയൊക്കെ പറയുകയാണെങ്കിൽ അവർക്ക് ഈ വകുപ്പ് പ്രകാരം ജയിൽ ശിക്ഷ നിർബന്ധമായിരുന്നു. ഇപ്പോൾ ഇത് മറ്റുവകുപ്പുകളുടെ കൂടെ കൂട്ടിച്ചേർത്തിട്ട് ജയിൽ ശിക്ഷ മാൻഡേറ്ററിയല്ല. യഥാർത്ഥത്തിൽ ഇന്ന് മദ്യപിച്ച് ബഹളമുണ്ടാക്കി പൊതുസ്ഥലത്ത് അപകടകരമായ രീതിയിൽ മോശമായി പെരുമാറുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മദ്യാസക്തി കൂടിക്കൊണ്ടിരിക്കുകയാണ്. മദ്യാസക്തിക്ക് എതിരായി കാമ്പയിൻ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ 51(എ)- യിൽ ജയിൽ മാൻഡേറ്ററി എന്നത് ഒഴിവാക്കിയിരിക്കുന്നു. അത് പണ്ട് നിർബന്ധമായിരുന്നു. ഇപ്പോൾ അതല്ലാതാക്കിയിട്ടുണ്ട് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. രാജു: അങ്ങ് സംസാരിച്ചപ്പോൾ ക്രമസമാധാനവും അതുപോലെ അന്വേഷണവും വേർതിരിക്കലുമായി ബന്ധപ്പെട്ട് ഒരു പുതിയ പരിഷ്കാരത്തിലേക്ക് വരുമ്പോൾ കുറച്ചുകൂടി മുന്നിൽ കണ്ടുകൊണ്ട് അതിന് വ്യക്തമായ ഒരു വകുപ്പ് എഴുതി ചേർത്തുകൊണ്ട് പോകണം എന്നുള്ള നിലയിൽ അങ്ങ് സംസാരിക്കുകയുണ്ടായി. എന്നാൽ ആക്ടിന്റെ 23 എന്ന് പറയുന്ന വകുപ്പനുസരിച്ച് ക്രമസമാധാനത്തിൽ നിന്നും അന്വേഷണം വേർതിരിക്കൽ അതിനെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്, സൂചന വളരെ വ്യക്തവുമാണ്. ഈ ആക്ട് നിലവിൽ വരുന്നതോടുകൂടി അങ്ങനെ ചെയ്യണം

എന്ന് പറയുന്നില്ലാ എന്നേയുള്ളൂ. പക്ഷേ ഒരു ഗവൺമെന്റിന് മേലിൽ തുടർന്നങ്ങോട്ട് എപ്പോൾ വേണമെങ്കിലും, പോലീസ് സേനയിൽ ആളുകൾ കൂടുന്നതനുസരിച്ചോ അതിനുള്ള സ്ട്രെങ്ത് കിട്ടുന്നതനുസരിച്ചോ ഒക്കെ അത്തരത്തിൽ ക്രമസമാധാനവും അന്വേഷണവും വേർതിരിക്കാൻ കഴിയില്ല അതിന് അവസരം കൊടുക്കുന്ന തരത്തിലുള്ള ഒരു വകുപ്പ് തന്നെയാണ് ഇതിൽ എഴുതി ചേർത്തിട്ടുള്ളത്. ക്രമസമാധാന ചുമതലയുള്ള പോലീസിൽ നിന്നും അന്വേഷണ ചുമതല വേർതിരിക്കാവുന്നതാണ് എന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ പറയുന്നതുകൊണ്ട് പിന്നീട് ഭരിക്കുന്നവർക്ക് അത് ചെയ്യാൻ കഴിയും. അതിന് എനേബ്ലിംഗ് പ്രൊവിഷനാണിത്.

12.00 Noon]

ശ്രീ. പി. എം. എ. സലാം: വേർതിരിക്കാവുന്നതാണെന്നേ പറഞ്ഞുള്ളൂ. അതിനർത്ഥം വേർതിരിക്കാതെയുമിരിക്കാം എന്നാണ്. വേർതിരിക്കണമെന്നാണ് ഞാൻ വാദിക്കുന്നത്. ഈ നിയമത്തിൽതന്നെ അതിനുള്ള സാഹചര്യമുണ്ടാകണം. അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട അംഗം അതുണ്ട് എന്ന് ചൂണ്ടിക്കാണിച്ചത്. ആ പ്രാധാന്യത്തിൽ ഒന്നുകൂടി അടിവരയിട്ടുകൊണ്ട് അത് നിർബന്ധമാണെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ പറഞ്ഞത് സ്റ്റുഡന്റ് പോലീസ് കേഡറ്റിനെക്കുറിച്ചാണ്. അതുകൊണ്ടുണ്ടായ ഗുണം ആ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കാണാം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാരൊക്കെ സംസാരിച്ചപ്പോൾ പറഞ്ഞത് നമ്മുടെ കൗമാരപ്രായക്കാരിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയെക്കുറിച്ചും അതുപോലെ മറ്റ് അനാശാസ്യ കാര്യങ്ങളെക്കുറിച്ചുമാണ്. സ്കൂളുകളിൽ പഠിക്കുന്ന 13-ഉം 14-ഉം വയസ്സായ കുട്ടികൾ തെറ്റുകളിലേക്ക് നീങ്ങിപ്പോകുന്നു. അത് ഹൈസ്കൂളിന്റെ അച്ചടക്കത്തെ ബാധിക്കുന്നു, പഠനനിലവാരത്തെ ബാധിക്കുന്നു, റിസൾട്ടിനെ ബാധിക്കുന്നു. അതുകൊണ്ട് വിദ്യാലയങ്ങളിലെ കുട്ടികൾ തെറ്റിലേക്ക് പോകുന്നതിനെ കുട്ടികൾതന്നെ തടുക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുന്നു. ഈ കുട്ടികളാണ് ആ സ്കൂളിലെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. മറ്റ് കുട്ടികൾക്ക് മാതൃകയാകുന്നു, അവർ തെറ്റിലേയ്ക്ക് പോകുന്നത് നിയന്ത്രിക്കുന്നു, സ്വന്തം കാര്യങ്ങൾ നോക്കാനും ആ വിദ്യാലയത്തിലെ അച്ചടക്കവും കുട്ടികളുടെ ജീവിതനിലവാരവും സംശുദ്ധിയുമൊക്കെ ഉറപ്പുവരുത്താൻ സ്റ്റുഡന്റ് കേഡറ്റിലെ കുട്ടികൾ വളരെയധികം ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ കുട്ടികൾ വരുന്ന സ്കൂളുകളിൽ വളരെയേറെ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് ആ സ്കൂളിന്റെ ഉത്തരവാദിത്വപ്പെട്ട മേലധികാരികൾതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് മാത്രമല്ല കേരളത്തിന്റെ പല സ്ഥലങ്ങളിലും സ്റ്റുഡന്റ് കേഡറ്റ് പോലീസ് നിലവിലുണ്ട്. അവർ ക്രമസമാധാനനില പരിശോധിക്കുന്നതിനോ ട്രാഫിക് കൈകാര്യം ചെയ്യുന്നതിനോ ലാ ആന്റ് ഓർഡർ സംരക്ഷിക്കുന്നതിനോ അല്ല ഇപ്പോൾ ഉപയോഗപ്പെടുന്നത്. അതാത് സ്കൂളുകളിലെ ചെറിയ കുട്ടികൾ തെറ്റുകളിലേക്ക് നീങ്ങിപ്പോകുന്നതിനെ തടയുന്നതിന് സ്വയംബോധവൽക്കരണത്തിന് നിയന്ത്രണത്തിനുമുള്ള ഒരു സംവിധാനമെന്ന നിലയിൽ വളരെയേറെ ഉപകാരപ്പെടുന്നുണ്ട് എന്നതാണ് സത്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : ബഹുമാനപ്പെട്ട മെമ്പർ, സ്റ്റുഡന്റ് പോലീസായാലും സ്കൗട്ട് ആയാലും എൻ.സി.സി. ആയാലും ഇതൊക്കെതന്നെ ഒരു ആശയം വിദ്യാർത്ഥികളിലും ജനങ്ങളിലും എത്തിക്കുന്നുണ്ട്. നീതിയും നിയമവും കാത്തുസൂക്ഷിക്കാൻ ഞങ്ങളെല്ലാം കാക്കി ഉടുപ്പിടാത്ത പോലീസുകാരാണെന്നുള്ള ബോധത്തിലേയ്ക്ക് മൊത്തം സമൂഹത്തെ കൊണ്ടുവരികയെന്നതല്ലേ യഥാർത്ഥത്തിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ലോക പോലീസിൽ ഏറ്റവും മഹത്തായത് സ്കോട്ട്ലാന്റുകാരുടെ പോലീസാണ്. ആ പോലീസിന്റെ മുദ്രാവാക്യംതന്നെ ജനങ്ങളുടെയിടയിൽ പറയുന്നത് ഞങ്ങൾ കാക്കി ഉടുപ്പിട്ടിട്ടുള്ള പൗരൻമാരാണെന്നും ജനങ്ങൾ കാക്കി ഉടുപ്പിടാത്ത പോലീസുകാരാണെന്നുമുള്ള ബോധമാണ്. ആ ബോധത്തിലേക്ക് മൊത്തം സമൂഹത്തെ കൊണ്ടുപോകാനുള്ള മഹത്തായ പ്രവർത്തനത്തിന്റെ ഭാഗമായിട്ടല്ലേ ഈ നിയമനിർമ്മാണം ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. എം. എ. സലാം: നിയമനിർമ്മാണത്തിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ല. അത് ഫലവത്താകണമെങ്കിൽ, നമ്മുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കണമെങ്കിൽ ശ്രദ്ധാപൂർവ്വം വരുത്തേണ്ട മാറ്റത്തെക്കുറിച്ച് മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇപ്പോൾ കോഴിക്കോട് മറ്റൊരു സംവിധാനം കൂടിയുണ്ട്, ORC (Our Responsibility to Children). ഇങ്ങനെ വഴിതെറ്റിപ്പോകുന്ന അല്ലെങ്കിൽ സാഹചര്യത്തിന്റെ സമ്മർദംകൊണ്ട് തെറ്റിലേക്ക് വഴിമാറുന്ന കുട്ടികളെ സഹായിക്കാനും ആ കുടുംബത്തെ രക്ഷിക്കാനുംവേണ്ടി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സംവിധാനം കോഴിക്കോട് പ്രവർത്തിക്കുന്നു. ഒരുപാട് രക്ഷിതാക്കൾ ഈ സംവിധാനവുമായി ബന്ധപ്പെടും. ഇത് കുട്ടികളെ കുറ്റവാളികളായി കാണാതെ അല്ലെങ്കിൽ കുട്ടികളെ സമൂഹത്തിന്റെ മുമ്പിൽ അപരിഷ്കൃതരായോ തെറ്റ് ചെയ്യുന്നവരായോ മുദ്രകുത്തപ്പെടാതെ മാനസികമായ കൗൺസിലിംഗ്പോലെയുള്ള സംവിധാനങ്ങളിലൂടെ ബോധവൽക്കരണത്തിലൂടെ ആ കുട്ടികളെ നേർവഴിയിലേക്ക് കൊണ്ടുവരാൻ രക്ഷിതാക്കളുടെകൂടി പ്രേരണയോടെ പ്രവർത്തിക്കുന്ന നല്ല സംവിധാനമാണ്. വളരെയേറെ ഗുണങ്ങൾ അതുകൊണ്ട് ഉണ്ടായിവരുന്നുണ്ട്. ബഹുമാന്യനായ സാജു പോൾ നേരത്തേ പറഞ്ഞതു പോലെ ഇതൊക്കെ സമൂഹത്തിൽ ബോധവൽക്കരണം ഉണ്ടാക്കുന്നു എന്നതിന്റെ തെളിവുകളാണ്. ഇത്തരം കാര്യങ്ങളൊക്കെ നടന്നുപോകുന്നുണ്ട്. അപ്പോൾ സമൂഹത്തിൽ തങ്ങളുടെ പുതിയ തലമുറ വഴിതെറ്റി പോകാതിരിക്കാനും നേർവഴിക്ക് വരാനുമൊക്കെയുള്ള ആഗ്രഹമുണ്ട്. അതിനുവേണ്ടിയുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അത്തരം ശ്രമങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിൽ സമഗ്രമായ ഒരു പോലീസ് നിയമം കൊണ്ടുവരുമ്പോൾ പൂർണ്ണമായും സമൂഹത്തിന്റെ വിശ്വാസത്തിനും, പ്രതീക്ഷകൾക്കും, പ്രത്യാശകൾക്കും അനുസരിച്ച് അത് സമഗ്രമായിരിക്കണമെന്ന് മാത്രമേ ഇവിടെ ആവശ്യപ്പെടുന്നുള്ളൂ. അതിന് ഏറ്റവും പ്രധാനപ്പെട്ട കാര്യം ആവശ്യമായ...........

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: നമ്മുടെ സമൂഹത്തിൽ വ്യാപകമാകുന്ന കുറെയേറെ നിയമലംഘനങ്ങളെക്കുറിച്ച് 120-ൽ പറയുന്നുണ്ട്. അതിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന ഒരു വ്യവസ്ഥ പ്രത്യേകമായി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുണ്ട്. 120 -(എഫ്) 'ജലസ്രോതസ്സുകളെയോ ജലവിതരണത്തെയോ പൊതുശുചീകരണ നടപടികളെയോ മലിനമാക്കുകയോ....'. എന്ന പ്രശ്നം ഇതിൽ പറയുന്നുണ്ട്. നേരത്തെ അത് ശ്രീ. സാജുപോൾ പറയുകയുണ്ടായി. കേരളത്തിൽ വളരെ വ്യാപകമായിട്ടുള്ള ഒരു കാര്യമാണ്. വളരെ അപകടകരമായിട്ടുള്ള ഒരു പ്രവണതയുമാണ്. ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ മാലിന്യം കൊണ്ടുവന്ന് തള്ളിയ സംഭവം ഈ അടുത്ത കാലത്താണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. പല പാടങ്ങളിലും തോടുകളിലുമൊക്കെ മാലിന്യം കൊണ്ടുപോയി തള്ളുകയാണ്. ഇത് കേരളത്തിലെ വലിയ പ്രശ്നമായി മാറുകയാണ്. പക്ഷേ ഇതിനകത്തുള്ള ശിക്ഷ ഇതിൽ പറയുന്നത് ....(ബഹളം)........... ഉണ്ട്. പക്ഷേ ഇതിൽ...............(ബഹളം)........... പറയുന്നുണ്ട്. പക്ഷേ ഇതിനകത്ത് പറയുന്ന ശിക്ഷ ഒരു വർഷംവരെ തടവോ 5,000 രൂപ പിഴയോ എന്നതു മാത്രമാണ്. യഥാർത്ഥത്തിൽ ഇത്രയും വലിയകുറ്റകൃത്യത്തിന് ഇതിൽ പറയുന്ന ശിക്ഷ പോരായെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

ശ്രീ. പി. എം. എ. സലാം: ഇവിടെ ഈ നിയമം മുഖ്യമായും കൈകാര്യം ചെയ്യുന്നത് കുറ്റവും ശിക്ഷയുമല്ല. അതിന് ഒരുപാട് തരത്തിലുള്ള നിയമങ്ങൾ രാജ്യത്തുണ്ട്. ഐ. പി. സി.യും മറ്റ് കാര്യങ്ങൾക്ക് അനുബന്ധമായ നിയമങ്ങളുമൊക്കെ നിരവധിയുണ്ട്. ഇവിടെ നമ്മുടെ പോലീസിന്റെ നിയന്ത്രണം, കാര്യക്ഷമമായ പ്രവർത്തനം എന്നിവയ്ക്ക് ഉപയുക്തമായ രീതിയിൽ സമഗ്രമായ നിയമമാണ് ഉദ്ദേശിക്കപ്പെടുന്നത്. അതുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മലിനീകരണം, സൈബർ കുറ്റങ്ങൾ, സാമ്പത്തിക കുറ്റങ്ങൾ........ ഇതുപോലെയുള്ള കുറ്റങ്ങൾ എല്ലാ മേഖലയിലും വർദ്ധിച്ചുവരികയാണ്. വർദ്ധിച്ച് വരുന്നതിനനുസരിച്ച് പോലീസ് സംവിധാനത്തെ കാര്യക്ഷമമാക്കണം അതാണ് ഈ നിയമത്തിന്റെ ഒരു ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് പോകണമെങ്കിൽ നേരത്തെ പറഞ്ഞതുപോലെ ജനസംഖ്യാനുപാതികമായി പോലീസ് സേനയുണ്ടാകണം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ആദ്യം ചർച്ച ആരംഭിച്ചപ്പോൾതന്നെ പറഞ്ഞു 500 പേർക്ക് ഒരു പോലീസ് എങ്കിലും എന്ന ലോകത്താകമാനമുള്ള ഒരു സംവിധാനത്തിലേക്ക് നമ്മൾ വരണം എന്ന്. അതുപോലെതന്നെ പോലീസ് സേനാംഗങ്ങളുടെ കുറവ് നികത്തുന്നതോടൊപ്പംതന്നെ പോലീസ് സ്റ്റേഷനുകൾക്കും കൃത്യമായ പരിധിയുണ്ടാകണം. വയലും തോടുമൊക്കെ നീന്തിക്കടന്ന് പോകേണ്ടുന്ന പോലീസ് സ്റ്റേഷനുകളുണ്ട്. മണിക്കൂറുകൾ യാത്ര ചെയ്താൽപോലും പരിധിയ്ക്കകത്ത് എത്താൻ കഴിയാത്ത പോലീസ് സ്റ്റേഷനുകളുണ്ട്. ഇത്തരം സ്റ്റേഷനുകളിൽനിന്ന് ജനങ്ങൾക്ക് നീതി ലഭ്യമാകാൻ സമയം വൈകും. നമ്മുടെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നതുപോലെ മാസങ്ങളും വർഷങ്ങളും എടുക്കുമ്പോൾ നീതിയും നിഷേധിക്കപ്പെടുകയല്ലേ? നാം സാധാരണ പ്രസംഗിക്കാറുള്ളതാണ്, വൈകി ലഭിക്കുന്ന നീതി നിഷേധിക്കപ്പെടുന്ന നീതിക്ക് തുല്യമാണെന്ന്. അതാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത് നീതി നിഷേധത്തിന് അല്ലെങ്കിൽ നീതി വൈകിക്കുന്നതിനുമൊക്കെ...... വൈകിക്കപ്പെടുന്ന നീതി നീതിനിഷേധത്തിന് തുല്യമാണെന്ന് സാധാരണയായി പറയാം. നീതി നിഷേധത്തിനും ഇതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ പരിഹാരം ലഭ്യമാകുന്നതിനും പരാതിക്കാരന്റെ സങ്കടങ്ങൾക്ക് നിവർത്തി വരുന്നതിനുമൊക്കെ അനാവശ്യമായ കാലതാമസങ്ങൾ ഉണ്ടാകുന്നു. സമൂഹത്തിന് പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതിന് കാരണം സേനാംഗങ്ങളുടെ കുറവുതന്നെയാണ്. അത് നികത്തുവാനുള്ള ....

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: വളരെ പ്രധാനപ്പെട്ട ഒന്നാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റി. അതിൽ ജില്ലാ ജഡ്ജിമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ ജനറൽ ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർ.... ഉദ്യോഗസ്ഥൻമാർ മാത്രമാണ് ഇതിൽ പ്രധാനം. ഇതിൽ പ്രധാനപ്പെട്ട ഒരു പൗരാവകാശ പ്രവർത്തകനോ അല്ലെങ്കിൽ പൊതുവായിട്ടുള്ള ആളുകളോ ഒന്നുമില്ല. അത് വലിയൊരു ന്യൂനതയാണ്.

<u>ശ്രീ. പി. എം. എ. സലാം</u>: അത്തരം അതോറിറ്റികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദപ്പെട്ട മേലധികാരി ഉണ്ടാകണമെന്ന ഭേദഗതി വന്നിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഏതായിരുന്നാലും ഇത്തരം കാര്യങ്ങളൊക്കെ പരിശോധിച്ച് ഈ നിയമനിർമ്മാണത്തിന്റെ ഭേദഗതിയിൽ വരുന്നുണ്ട്. ആ കൂട്ടത്തിൽ അവതരിപ്പിച്ച് നമുക്ക് ആവശ്യമായ പരിഹാരം. അമ്പതുറ്റാണ്ട് പിന്നിട്ട ഒരു നിയമത്തിനുപകരം സമഗ്രമായ ഒരു പുതിയ നിയമം കൊണ്ടുവരികയും കേരളത്തിലെ പോലീസ് സംവിധാനം മെച്ചപ്പെട്ടതാക്കാനുള്ള ലക്ഷ്യബോധമുണ്ടാക്കുകയും ചെയ്ത ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടും അനുമോദിച്ചുകൊണ്ടും എന്റെ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇങ്ങനെ ഒരു നിയമം ഉണ്ടാക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചതിന്റെ കാര്യം നമുക്ക് അറിയാം. പ്രത്യേകിച്ച് സുപ്രീംകോടതിയുടെ വിധി, കേന്ദ്ര ഗവൺമെന്റിന്റെ ഡയറക്ഷനുമൊക്കെ വന്നപ്പോൾ ഒരു ഗതിയും പരഗതിയുമില്ലാതെ വന്നതുകൊണ്ട് നിയമം ഒന്ന് മാറ്റിക്കളയാം എന്ന ഒരു മാനസിക നിലയിലേക്ക് ആഭ്യന്തര വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും എത്തിയിരിക്കുന്നത് ഞാൻ കാണുന്നു. ഈ നിയമം, സുപ്രീം കോടതി, എനിക്ക് അഭിപ്രായ വ്യത്യാസം ഇല്ല. സുപ്രീംകോടതി പറയുന്നതെല്ലാം ഇവിടെ കേൾക്കുന്ന ജോലിയാണ് ഇന്ത്യൻ പാർലമെന്റിന് എന്നെനിക്ക് തോന്നലില്ല. പാർലമെന്റ് പറയുന്ന കാര്യം സുപ്രീംകോടതി കേൾക്കുന്നതാണ് കുറച്ചുകൂടി മര്യാദയെന്നാണ് എന്റെ ഒരു കാഴ്ചപ്പാട്. കാരണം അതാണ് ജനാധിപത്യം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ജുഡീഷ്യറിയുടെ കടന്നുകയറ്റമാണ്. ജുഡീഷ്യറി എന്തും പറയും? അതിന്റെ പിറകെ നടക്കുന്ന നിലയിലേക്ക് എക്സിക്യൂട്ടീവും ഭരണാധികാരികളും മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇവിടെ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത് അനുസരിച്ചാണെങ്കിൽ ഏകീകൃത നിയമം പാസ്സായാൽ ഏകീകൃതം അല്ല വികേന്ദ്രീകൃത നിയമമാണ് ഉണ്ടാകുന്നത്. പോലീസിൽ ആംഡ് ഫോഴ്സ് ഉണ്ട്, കെ.എ.പി. ഉണ്ട്. പല വിഭാഗങ്ങളുണ്ട്. ഇതിനെ ഒന്നിപ്പിച്ചെടുക്കാൻ ഇതുവരെ കഴിയുന്നില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നുണ്ടോ? ഈ നിയമം പാസ്സായാൽ ഇതേപടി തന്നെ പോകുക. നിയമം കൊണ്ടുവരുന്ന ആളുകളുടെ വിശ്വാസ്യതയാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവരുന്ന നിയമമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ കൂടി ഇരുന്നുകൊണ്ടുള്ള ഒരു ഗവൺമെന്റാണിത്. വിശ്വാസം ഇല്ലാത്തതിന് കാരണമായി ഒരു ഉദാഹരണം പറയാം. ഈ അടുത്തകാലത്താണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റിപ്പോർട്ട് വന്നത് എന്ന് അങ്ങേക്ക് അറിയാം. ആ എയർപോർട്ട് അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. അതിന്റെ വൈസ് ചെയർമാൻ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. അല്ലേ? അതിന്റെ all in all കോടിയേരി ബാലകൃഷ്ണനാണ്. അതിൽ തർക്കം വേണ്ടല്ലോ? മുഖ്യമന്ത്രി അതിന്റെ കല്ലിടീൽ കർമ്മത്തിൽ പങ്കെടുത്ത് പ്രസംഗിക്കുന്നത് കേട്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. അങ്ങ് ഒരു ജനകീയനാണ് എന്ന ജനങ്ങളുടെ ചിന്താഗതിക്ക് മാറ്റം വരുത്താതിരിക്കാൻ കഴിയുന്ന ഒരു പ്രസംഗം അദ്ദേഹം നടത്തി. സന്തോഷകരമായ കാര്യമാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഷെയർ കൊടുക്കുമ്പോൾ അത് ജനങ്ങളുടേതാകും, സമ്പന്നന്മാരുടേത് ആകില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എന്ന് പറയുന്ന നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി 14-ാം തീയതി നടത്തിയ ഒരു പ്രസംഗത്തിൽ ഈ കാര്യം എടുത്തു പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണനും വി. എസ്. പക്ഷത്തേയ്ക്ക് വന്നല്ലോ, ആ അഭിപ്രായത്തോട് യോജിച്ചല്ലോ എന്ന് എനിക്ക് സന്തോഷം തോന്നി. ഞാൻ ....(ബഹളം)...... ബില്ലിലേയ്ക്ക് വരികയാണ്. എനിക്ക് ഒച്ചയില്ല. ശബ്ദമില്ല. പനിയാണ്. ഉപദ്രവിക്കരുത്. അപ്പോൾ എനിക്ക് സന്തോഷം തോന്നി. അത് കഴിഞ്ഞ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എന്ന ആഭ്യന്തര വകുപ്പുമന്ത്രിയോട് ഈ കണ്ണൂർ വിമാനത്താവളത്തിന്റെ കച്ചവടം എങ്ങനെയാണ് എന്ന് ഞാൻ ചോദിച്ചു. ചോദിക്കാതിരിക്കാൻ പറ്റില്ലല്ലോ? അദ്ദേഹം എന്നോട് പറഞ്ഞു, കണ്ണൂർ ജില്ലയിലുള്ള മുഴുവൻപേർക്കും, ആവശ്യപ്പെടുന്നവർക്ക് ഷെയർ കൊടുക്കും. അങ്ങ് പറഞ്ഞത് നിഷേധിക്കുന്നില്ലല്ലോ? ഞാൻ ഈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഗവേണിംഗ് ബോഡി കൂടിയതിന്റെ മിനിട്ട്സ് ഒന്ന് വാങ്ങിച്ചു. "Minutes of the 5th Board meeting of M/s Kannur International Airport Ltd., held at 10.30 a.m. on Wednesday, the 10th November 2010 at the Chief Minister's Conference Hall, Government Secretariat, Thiruvananthapuram" . ഇത് വാങ്ങിച്ചെടുത്തപ്പോൾ എന്റെ അകവാള് വെട്ടിപ്പോയി കോടിയേരി. നടുങ്ങിപ്പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-ാം തീയതി കല്ലിട്ടുകൊണ്ട് പ്രസംഗിക്കുകയാണ്. ഞാൻ ഒറ്റ സമ്പന്നനെയും വിടുകയില്ല. എല്ലാ പാവങ്ങൾക്കും, ആവശ്യപ്പെട്ടവർക്ക് കൊടുക്കും എന്നൊക്കെ പ്രഖ്യാപിച്ചു. പക്ഷേ ആ മിനിട്ട്സിൽ എന്താണ് സർ, പി. സി. ജോർജ് എഴുതിയതല്ലല്ലോ. ആ മിനിട്ട്സിൽ പറഞ്ഞിരിക്കുന്നത് വായിച്ചുകേൾപ്പിക്കാം. Managing Director informed that the Company had received written offers from the Leela Group, Mumbai and IL&FS Group Mumbai jointly agreeing to take 30% of the equity as against

their original request for 52% and M/s. Menon Aviation and Hospitality Ltd. and Group Companies, Mumbai requesting for 26% of the equity....."

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) : ഇത് പോലീസ് ബിൽ ആണ്.

ശ്രീ. പി. സി. ജോർജ് : ആ പോലീസിലേയ്ക്കാണ് വരുന്നത്. ... (ബഹളം).... എനിക്ക് പ്രൊട്ടക്ഷൻ വേണം. ഞാൻ വിശ്വാസ്യതയുടെ പ്രശ്നമാണ് പറയുന്നത്. ഈ ഗവൺമെന്റിന്റെ വിശ്വാസ്യതയുടെ കാര്യമാണ് പറയുന്നത്. സത്യം പറഞ്ഞാൽ കേൾക്കാൻ, ഇത്ര വിഷമം എന്താണ്? ....(തടസം)...............

ശ്രീ. പി. വിശ്വൻ : ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. റൂൾ 284(viii). ഇവിടെ ബഹുമാനപ്പെട്ട മെമ്പർ 'used his right of speech for the purpose of obstructing the business of the Assembly'. ഈ അസംബ്ലിയുടെ മഹത്തായ നിയമനിർമ്മാണത്തെ തടയാൻ ഇതുമായി ബന്ധമില്ലാത്ത വിഷയങ്ങൾ അവതരിപ്പിക്കുകയാണ്. അത് അസംബ്ലിയുടെ യഥാർത്ഥ മൂല്യങ്ങൾ തടയാൻ, obstructing the business of the Assembly. ഇത് അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. അത് പോയിന്റ് ഓഫ് ഓർഡർ ആണ്.

ശ്രീ. പി. സി. ജോർജ് : എനിക്ക് സപ്പോർട്ട് ചെയ്യുന്ന ഒരു ആക്ടാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്. ആ റൂൾ അനുസരിച്ചുതന്നെ ഞാൻ അത് പറഞ്ഞ മതിയാകൂ. അവിടെയാണ് പ്രശ്നം.

മി. സ്പീക്കർ : അങ്ങ് പോലീസ് ബില്ലിലേക്ക് വരിക. വിമാനത്താവള ബിൽ അല്ല.

ശ്രീ. പി. സി. ജോർജ് : വിമാനത്താവള ബിൽ അല്ല. ഞാൻ പോലീസ് ബില്ലിലേയ്ക്കാണ് കടന്നുവരുന്നത്. കുറേ സത്യങ്ങൾ കേരള നിയമസഭ അറിയണ്ടേ? കേരളത്തിലെ ജനങ്ങൾ അറിയണ്ടേ?

മി. സ്പീക്കർ : പോലീസ് ബില്ലിലേക്ക് വരാൻ ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. സി. ജോർജ് : പോലീസ് ബില്ലിലേക്കാണ് വന്നത്. പോലീസിന്റെ കാര്യങ്ങൾ കറക്ട് ചെയ്യാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. അല്ലാതല്ല ഞാൻ പറയുന്നത്. മനസ്സിലായോ. "The Board considered the request for allotment of equity by Leela Group and IL&FS as well as Menon Aviation and Hospitality Ltd. It was noted that the Project cost could not be firmed till the TFR prepared earlier was revised by the consultants. For the purpose of calculation of the paid up capital, the following assumptions have to be taken. The Project cost may be taken as ₹1230 Crs. and DR of 126:1 may be taken. The total paid up equity therefore, may be ₹ 500 Crs". ഇനിയാണ് പ്രധാനപ്പെട്ടത്. "The Board

LIBRARY ARCHIVES Kerala Legislative Assembly

decided to allot 32% of equity (₹ 160 Crs.) to Leela Group and IL&FS and 16% (₹ 80 Crs.) to Menon Aviation and Hospitality Ltd. based on the request received and 1% for subscription by other interested investors. The Companies will be required to make the payment for the equity allotted at the earliest, failing which it will be deemed that the Company is not interested in subscribing to the equity offerred". സർ, അതിന്റെ അർത്ഥമെന്താണെന്ന് ഒന്ന് ആലോചിച്ചേ? അതായത് ആകെയുള്ള നൂറ് ശതമാനം ഷെയറിൽ നാൽപ്പത്തിയെട്ട് ശതമാനം ഷെയറും ഈ രണ്ട് മുതലാളിമാർക്കായി കച്ചവടം ചെയ്തിരിക്കുന്നു. ഇത് മിനിട്ട്സ് ആണ്. ഡിസിഷനാണ്. ബാക്കി ഒരു ശതമാനം ആർക്ക് വേണമെങ്കിലും കൊടുക്കാമെന്ന് വന്നിരിക്കുകയാണ്. ഇങ്ങനെ ചെയ്തുവച്ചിട്ട് ഇങ്ങനെ പ്രസംഗിക്കുന്ന രാഷ്ട്രീയ നേതൃത്വമാണ് നമുക്കുള്ളത്. കൊച്ചിയിൽ അന്താരാഷ്ട്ര വിമാനത്താവളും ഉണ്ട് എന്ന് മനസ്സിലാക്കണം. അതിന്റെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വേണ്ടേ? കേന്ദ്ര ഗവൺമെന്റിന്റെ നിയമങ്ങളുണ്ട്. ആ നിയമം അനുസരിച്ചാണ് ....

<u>മി. സ്പീക്കർ</u> : ശ്രീ പി. സി. ജോർജ്, ഇവിടെ എല്ലാവരും നന്നായി സംസാരിച്ചു. എത്ര നന്നായി കൊണ്ടുപോയതാണ്. എല്ലാപേരും നന്നായി സംസാരിച്ചു............

<u>ശ്രീ. പി. സി. ജോർജ്</u> : ഞാൻ മാന്യമായിട്ടാണ് സംസാരിക്കുന്നത്. ഇതുപോലെ ഉത്തരവാദിത്വപ്പെട്ട ആളുകൾ ചീറ്റിംഗ് നടത്തുമ്പോൾ അവരുടെ പേരിൽ കേസ് എടുക്കാൻ നിയമം ഉണ്ടോ ഈ ബില്ലിൽ? അതാണ് എനിക്ക് അറിയേണ്ടത്. ആരാണ് ചീറ്റിംഗ് നടത്തുന്നത്? മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ള ഗവൺമെന്റ് ചീറ്റിംഗ് നടത്തുകയാണ്. ജനങ്ങളെ കബളിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. പി. സി. ജോർജ്, പ്ലീസ്, പ്ലീസ്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ചർച്ചകളുടെ പരിധി നാം നിശ്ചയിക്കണം. ബിൽ പാസ്സാക്കണമെന്ന പ്രമേയം സംബന്ധിച്ച ചർച്ച ബില്ലിനെ അനുകൂലിക്കണമെന്നുള്ളതോ ബിൽ തള്ളണമെന്നുള്ളതോ ആയ വാദങ്ങളിൽ ഒതുങ്ങി നിൽക്കേണ്ടതാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് എല്ലാ പരിധികളും ലംഘിച്ചുകൊണ്ട് പോകുകയല്ലേ? റൂൾ 92 ലംഘിച്ചുകൊണ്ട് പോകുകയാണ്. അങ്ങല്ലേ അത് നോക്കേണ്ടത്?

<u>മി. സ്പീക്കർ</u> : നന്നായി പറയാവുന്ന വിഷയങ്ങളുണ്ടല്ലോ ശ്രീ. പി.സി. ജോർജ്. ഇത് ശരിയല്ല.

<u>ശ്രീ. പി. സി. ജോർജ്</u> : ശരിയല്ലാത്തത് എന്താണ്?

<u>മി. സ്പീക്കർ</u> : പോലീസ് ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ എത്രയോ വിഷയങ്ങൾ പറയാനുണ്ട്. പോലീസ് വിഷയത്തെ കുറിച്ച് എന്തൊക്കെ പറയാനുണ്ട്. അങ്ങേക്ക് പോലീസിനെ കുറിച്ച് പറയാനുണ്ടെങ്കിൽ പറയുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. ഇതുപോലെ ....

ശ്രീ. വി. ശിവൻകുട്ടി : ഞാൻ ഉന്നയിച്ച റൂൾ 92-ന് മേൽ അങ്ങ് റൂളിംഗ് നൽകിയിട്ടില്ല. എന്റെ പോയിന്റ് ഓഫ് ഓർഡറിന് അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ : പോലീസ് ബില്ലിനെ കുറിച്ചാണ് ചർച്ച നടക്കുന്നത് നടന്നതെല്ലാം നല്ല ചർച്ചയായിരുന്നു. ഇത് അങ്ങനെ വഴിതെറ്റിക്കേണ്ട. അങ്ങ് പറയാനുള്ളത് പോലീസ് ബില്ലിനെ കുറിച്ച് പറഞ്ഞാൽ മതി.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : പോലീസും വിമാനത്താവളവും തമ്മിൽ ബന്ധമുണ്ട്.

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി, പോലീസും വിമാനത്താവളവും തമ്മിൽ എന്താണ് ബന്ധം? അങ്ങ് പറഞ്ഞു കഴിഞ്ഞോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി : വിമാനത്താവളങ്ങൾക്ക് പോലീസ് കാവൽ ഇല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ വക കാര്യങ്ങളൊക്കെ തടയാനുള്ള വ്യവസ്ഥ ഈ ബില്ലിൽ വേണം എന്നല്ലേ അങ്ങ് സമർത്ഥിക്കുന്നത്?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. സി. ജോർജ്: അതാണ് പ്രശ്നം. ഞാൻ അത്രയേ പറഞ്ഞുള്ളു. ഇവിടെ മുഖ്യമന്ത്രി ഉൾപ്പെടെ ജനങ്ങളെ കബളിപ്പിക്കുന്ന പ്രസ്താവന നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അവരെ പിടിക്കാൻ കഴിയുന്ന നിയമം ഉണ്ടാകേണ്ടതല്ലേ? ആ നിയമം ഇതിനകത്തുണ്ടോ?. അതാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഞാൻ ചോദിച്ചത്. ഞാൻ ഒരു കാര്യം കൂടി പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിഞ്ഞല്ലോ?

ശ്രീ. പി. സി. ജോർജ്: അങ്ങ് എന്നോട് ക്ഷമിക്കണം. എന്റെ പ്രസംഗ സമയത്ത് അങ്ങ് ഓടിവന്നു കയറിയിരുന്നപ്പോൾ എനിക്ക് തോന്നി, ഞാൻ മുമ്പ് അങ്ങയോട് പറഞ്ഞതാണ്. അങ്ങ് എനിക്ക് ഏറ്റവും ബഹുമാനപ്പെട്ട ആളാണ്.

ശ്രീ. എ. കെ. ചന്ദ്രൻ: ചെയറിനെ ആക്ഷേപിച്ചു സംസാരിക്കാൻ പാടുണ്ടോ?

ശ്രീ. പി. സി. ജോർജ്: ചെയറിനെ ആക്ഷേപിച്ചതല്ല. കണ്ടോ, മിണ്ടിയാൽ കുറ്റമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് പോലീസ് ബില്ലിനെ കുറിച്ച് പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: പറയാൻ അനുവദിക്കാതെ ഇങ്ങനെ എഴുന്നേറ്റപ്പോൾ മുതൽ തടസ്സപ്പെടുത്തുവാൻ തുടങ്ങിയാൽ എന്തു ചെയ്യും. ഇവിടെ സംസാരിച്ചു തുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട തിരുവഞ്ചൂരിനോട് ഞാനൊരു കാര്യം ചോദിച്ചു. ചോദിച്ച ഉടനെ സ്ത്രീകളെക്കുറിച്ച് കുറ്റം പറഞ്ഞതായി പറഞ്ഞ് എല്ലാവരും എഴുന്നേറ്റു. അവസാനം വന്നു നിന്നത് എന്താണ്? ഞാൻ പറഞ്ഞത് തന്നെ ശരിയെന്ന് ഇവിടെ അംഗീകരിച്ച് പിരിയുകയും ചെയ്തു. ഇവിടെ ആരും സ്ത്രീകൾക്ക് എതിരല്ല. ഞാൻ സ്ത്രീകൾക്ക് പാര വയ്ക്കുന്നവനുമല്ല. പക്ഷെ ഈ സമൂഹം ഇന്ന് അതുപോലെയാകില്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. .... (ബഹളം)... ഇങ്ങനെ ബഹളം വച്ചാലോ. കേൾക്കാനുള്ള സൻമനസ്സു കാണിക്കൂ. നിങ്ങൾക്ക് എന്താണ് വിഷമം. ഈ ജനുവരി ഒന്നാം തീയതി എനിക്കുണ്ടായൊരു അനുഭവം പറയാം. എനിക്കത് പറയാൻ മടിയില്ല. നിങ്ങൾ ബഹളം വച്ചാലൊന്നുംഓടുന്നവനല്ല ഞാൻ. ഞാനങ്ങനെ ഓടാൻ ഉദ്ദേശിക്കുന്നില്ല. എത്ര സമയമെടുത്താലും.... ഞാൻ ഫ്ളോറിൽ നിൽക്കുകയാണ്. എന്റെ അവകാശം സ്ഥാപിച്ചേ ഞാൻ പോകൂ. ഞാൻ ഐ.പി.എസ്.-ഉം ഐ.എ.എസ്.-ഉം അല്ല. ജീവിതത്തിലെ പാരമ്പര്യം, ജനസമ്പർക്കം, മനസ്സിലായില്ലേ. ഒരു പതിനഞ്ചു വയസു മുതൽ ജനങ്ങളോടു സമ്പർക്കപ്പെട്ട് ജീവിക്കുന്നവനാണ് ഞാൻ. എന്റെ അനുഭവങ്ങളാണ് ഞാൻ ഈ പറയുന്നത്. ആരും വിഷമിച്ചിട്ട് കാര്യമില്ല. സ്ത്രീകളുടെ മഹത്വം പറയുന്നു. ഞാൻ സ്ത്രീകളെ ബഹുമാനിക്കുന്നു. സ്ത്രീ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ്. ഇതെല്ലാമാണ് സ്ത്രീ ദേവിയാണ് പക്ഷെ അതുപോലെതന്നെ സ്ത്രീ താടകയുമാണ്. എല്ലാമാണ്. ഇത് അംഗീകരിക്കേണ്ടതല്ലേ. ഈ ഒന്നാം തീയതി രാവിലെ.....

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇത് ശരിയല്ല. സ്ത്രീ അമ്മയാണ് ദേവിയാണ് എന്നു പറഞ്ഞിട്ട് സ്ത്രീ താടകയാണെന്നുകൂടി പറഞ്ഞു.

ശ്രീ. പി. സി. ജോർജ്: സ്ത്രീ ബിജിമോളുമാണ്. രണ്ട് അനുഭവം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഒന്നാം തീയതി രാവിലെ ആദ്യം എന്റെ വീട്ടിൽ ബെല്ലടിച്ചത് ഒരു സ്ത്രീയാണ്. അഞ്ചേമുക്കാൽ മണി. രാവിലെ എഴുന്നേറ്റു നോക്കിയപ്പോൾ ഒരു സ്ത്രീ നിൽക്കുന്നു. സ്ത്രീയാണ് നിൽക്കുന്നതെന്ന് എന്റെ ഭാര്യയാണ് എന്നോട് പറഞ്ഞത്. അതുകൊണ്ട് വേഗം എഴുന്നേറ്റ് ഞാൻ ഇറങ്ങിചെന്നു. അവരെ എന്റെ ഓഫീസ് മുറിയിൽ കയറ്റിയിരുത്തി എന്നിട്ട് ഞാൻ മുഖം കഴുകി കസേരയിൽ കയറിയിരുന്നു. ചോദിച്ചപ്പോൾ അവരുടെ പരാതി, അവരുടെ ഭർത്താവിനെ ഈരാറ്റുപേട്ട പോലീസ് കൊണ്ടു പോയിരിക്കുന്നു. എന്താണ് പ്രശ്നമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ ആ സ്ത്രീ വലിയ വായിൽ കരയുകയാണ്. എന്റെ ഭർത്താവിനെ ഉടനെ വിടണമെന്നതാണ് അവരുടെ ഡിമാന്റ്. ചോദിച്ചപ്പോൾ രണ്ടാം ഭർത്താവാണ്. എന്തിനാണ് പിടിച്ചുകൊണ്ടു പോയതെന്ന് ഞാൻ ചോദിച്ചപ്പോൾ, എന്റെ ആദ്യഭർത്താവിൽ രണ്ട് പെൺകുഞ്ഞുങ്ങളുണ്ടായിരുന്നു. അവർ അനാഥമന്ദിരത്തിലായിരുന്നു, അവരെ വീട്ടിൽ കൊണ്ടുവന്നതാണ്. പക്ഷെ ഇന്നലെ അവരെ തിരികെ കൊണ്ടുവിട്ടു. തിരികെ കൊണ്ടുചെന്നു വിട്ടപ്പോൾ എന്താണെന്ന് അറിയില്ല. എന്റെ ഭർത്താവിനെ രാത്രി പോലീസ് വന്ന്

പിടിച്ചുകൊണ്ടുപോയി. ആ സമയത്ത് ആറു മണിയേ ആയിട്ടുള്ളൂ. മൊബൈലിൽ വിളിച്ചു നോക്കാമെന്നു പറഞ്ഞ് എസ്.ഐ.-യെ വിളിച്ചപ്പോൾ ഫോൺ ഔട്ട് ഓഫ് റേയിഞ്ചാണ്. ഏഴുമണിക്ക് ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ വിളിച്ചു ചോദിച്ചപ്പോൾ പറഞ്ഞത് എന്നെ ഞെട്ടിച്ചു. പത്രത്തിൽ വാർത്തയുണ്ട്. ഈ ഭർത്താവ് ആ സ്ത്രീയുടെ ആദ്യ ഭർത്താവിന്റെ 14-ഉം 15-ഉം വയസ്സുള്ള പെൺമക്കളെ, രണ്ടു പേരെയും റേപ്പ് ചെയ്തിരിക്കുകയാണ്. ബാക്കി കൂടി പറയുമ്പോൾ നിങ്ങൾക്ക് അതിന്റെ വേദന മനസ്സിലാകും. ഞാൻ ഇങ്ങനെ സംസാരിക്കുന്നത് എന്തുകൊണ്ടാണെന്ന്. പെൺകുട്ടികളുടെ മെഡിക്കൽ ഇൻസ്പെക്ഷൻ കഴിഞ്ഞ് പോലീസ് അയാളെ അറസ്റ്റ് ചെയ്ത് അകത്തുകൊണ്ട് ഇട്ടിരിക്കുകയാണ്. ഭർത്താവിനെ ഇറക്കി കിട്ടണമെന്നാണ് ആ സ്ത്രീയുടെ ആവശ്യം ഞാൻ ചോദിച്ചു, എന്റെ പൊന്നു സഹോദരി, നിങ്ങളുടെ രണ്ടു പെൺമക്കളെയല്ലേ അയാൾ മോശമായി ഇങ്ങനെ ചെയ്തിരിക്കുന്നത്. അയാളെ ഇറക്കണമെന്നു പറയുന്നതിൽ എന്താണ് നീതി. ഉടനെ ആ സ്ത്രീ ഒരു മടിയും കൂടാതെ എന്നാൽ ഇറക്കിവിട്ടിട്ടേ പോകുന്നുള്ളൂ എന്നു പറഞ്ഞ് എന്റെ വീടിന്റെ മുൻവശത്ത് ഇരിപ്പായി. ഭർത്താവിനെ വിട്ടുകിട്ടുന്നതിന് എം.എൽ.എ. ഇടപെടണം. സ്ത്രീയാണ് അത്. ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് പത്തു-പതിനഞ്ച് ആളുകൾ, പല നിവേദകർ ആ സമയത്ത് വന്നു. ഞാൻ അവസാനം ആ സ്ത്രീയെ വീട്ടിൽ നിന്ന് ഇറക്കിവിട്ടത്.... ഒരു സ്ത്രീയോട് ഇറങ്ങിപോകാൻ കടുപ്പിച്ച് പറയാൻ പറ്റുമോ. അവസാനം ആ സ്ത്രീയോട് മറ്റൊന്നു പറഞ്ഞു, വനിതാ പോലീസിനെ വിളിച്ചു വരുത്തി അറസ്റ്റ് ചെയ്യിക്കുമെന്ന്, അപ്പോഴാണ് ആ സ്ത്രീ ഇറങ്ങിപോയത്. അതും ഒരു സ്ത്രീയാണ്. ഒരു അനുഭവം കൂടി പറയുന്നു. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് ഒരു കുടുംബത്തിലെ വഴക്ക് തീർക്കാൻ വന്നിരുന്നു. ഭാര്യയോടും ഭർത്താവിനോടും ഞാൻ സംസാരിച്ചപ്പോൾ ഭർത്താവ് മാന്യൻ, ഭർത്താവിന്റെ ചേട്ടൻ മോശം. പക്ഷേ സംസാരിച്ചെല്ലാം തീർത്ത് യോജിപ്പിച്ച് രണ്ടിനെയും ഒരുമിപ്പിച്ചു. തടനാട് പഞ്ചായത്തിലെ പതിനാലാം വാർഡിലാണ്. ഈ പഞ്ചായത്ത് ഇലക്ഷന് തൊട്ട് മുമ്പ് ആ സ്ത്രീ മണ്ണെണ്ണയൊഴിച്ച് ആത്മഹത്യ ചെയ്തു. ആത്മഹത്യയാണെന്ന് ആ നാട്ടിലെ ജനങ്ങൾക്ക് മുഴുവനുമറിയാം. ഭർത്താവ് ഒരു നിരപരാധി. ഭർത്താവിന്റെ ചേട്ടൻ നിരപരാധി. മെഡിക്കൽ കോളേജിൽ വച്ച് ആ സ്ത്രീ മജിസ്ട്രേറ്റിന്റെ മുമ്പിൽ കൊടുത്ത മരണമൊഴി എന്താണെന്ന് അറിയുമോ? ഭർത്താവും ചേട്ടനും ചേർന്ന് എന്നെ മണ്ണെണ്ണയൊഴിച്ച് തീവച്ചു കൊന്നെന്നാണ്. ഇന്നും ഭർത്താവും ഭർത്താവിന്റെ ചേട്ടനും ജയിലിൽ കിടക്കുകയാണ്. മനസ്സിലാക്കണം, അപ്പോൾ ഞാൻ സ്ത്രീത്വത്തിനെതിരായല്ല പറയുന്നത്. സ്ത്രീകളോട് ബഹുമാനമുണ്ട്, പക്ഷേ സ്ത്രീകൾ പറയുന്നതു മുഴുവൻ ശരിയാണെന്നു ചിന്തിച്ചുകൊണ്ടു പോയാൽ ഇതുപോലെയുള്ള നിരപരാധികൾ....

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പറഞ്ഞതെല്ലാം സ്ത്രീത്വത്തിനെതിരായിട്ടാണ്.

ശ്രീ. പി. സി. ജോർജ്: അങ്ങനെയല്ല സത്യം പറയുമ്പോൾ എന്തിനാണ് വിഷമിക്കുന്നത്. അങ്ങ് മനസ്സിലാക്കണം. ഞാൻ സ്ഥലത്തിന്റെ പേരു

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ടാണ് പറയുന്നത്. എന്റെ നാട്ടിൽ വോട്ടു ചെയ്യുന്ന ജനമുണ്ട്. ആ ജനത്തിന് ബോദ്ധ്യമുള്ള കാര്യമാണ് ഞാൻ പറയുന്നത്. ഇവിടെ വേറൊരു പ്രശ്നം ഞാൻ ചോദിക്കട്ടെ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : പാവപ്പെട്ട ഒരു സ്ത്രീ പൊള്ളലേറ്റു മരിച്ചാൽ ആ സ്ത്രീ മരണമൊഴി കൊടുത്തത് തെറ്റാണെന്ന് ഒരു അംഗം ഇങ്ങനെ ഇവിടെ പറയുന്നത് ശരിയാണോ. മരണപ്പെട്ടുപോയ ഒരു സ്ത്രീയുടെ മൊഴിയെപ്പോലും അപമാനിക്കുന്ന രീതിയിലുള്ള അങ്ങയുടെ സംസാരം ശരിയായില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. പി. സി. ജോർജ്: ഇതാണ് പ്രശ്നം. ആ സ്ത്രീയുടെ സഹോദരൻമാരുടെ മുന്നിൽ വച്ച്, തടനാട് പഞ്ചായത്തിലെ പൊതുയോഗത്തിൽ അത് ആത്മഹത്യയാണെന്ന് ബോദ്ധ്യമുണ്ടെന്ന് ഞാൻ പറഞ്ഞതല്ലേ. എനിക്ക് ബോദ്ധ്യമുണ്ട്. ആത്മഹത്യയാണെന്ന് ബോദ്ധ്യമുള്ളത് ഇനിയും പറയും. മരണമൊഴിപോലും കള്ളം കൊടുത്തുവെന്ന് പറയുന്നത് സങ്കടകരമല്ലേ? ആ നാട്ടിലെ ജനം മുഴുവൻ, ആ സ്ത്രീയുടെ കുടുംബം മുഴുവൻ ഞാൻ പറയുന്നത് ശരിയെന്നു പറയുന്നുണ്ട്. മനസ്സിലായോ.. ... (ബഹളം).... അങ്ങനെ പറഞ്ഞിട്ടൊന്നും കാര്യമില്ല. ശരിയാണെന്നു തോന്നുന്ന കാര്യം ഞാൻ പറയും. എന്റെ നിയോജക മണ്ഡലത്തിലെ കാര്യം പറയാൻ എനിക്ക് സ്വാതന്ത്ര്യമില്ലേ ... (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... ശ്രീ. പി. സി. ജോർജ്, ഇത്തരം ഒന്നുരണ്ടു സംഭവങ്ങൾ വച്ച് ജനറലൈസ് ചെയ്ത് പറയേണ്ടതില്ല. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാം. നമ്മൾ പറയുന്ന സമയത്ത് ജനറലൈസ് ചെയ്തു കഴിഞ്ഞാൽ അർത്ഥം വേറെയായി പോകും.

ശ്രീ. പി. സി. ജോർജ്: എനിക്ക് മനസ്സിലാകുന്നില്ല. എന്റെ കാര്യം പറയാൻ എനിക്ക് സ്വാതന്ത്ര്യമില്ലേ. എന്നാൽ ഞാൻ വേറെ അസംബ്ലിയിൽ പോകാം. സത്യം പറയാൻ പാടില്ല. ....(ബഹളം)...

ശ്രീ. വി. ശിവൻകുട്ടി: സർ, 'ഞാൻ വേറെ അസംബ്ലിയിൽ പോകണമോ 'യെന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. അദ്ദേഹം തീർച്ചയായും പോകേണ്ടതില്ല. അദ്ദേഹം ഇലക്ട് ചെയ്യപ്പെട്ട കേരള അസംബ്ലിയിൽ തന്നെ ഇരിക്കുകയല്ലേ. പക്ഷേ ചട്ടങ്ങളൊക്കെ അനുസരിക്കാൻ അദ്ദേഹവും ബാദ്ധ്യതപ്പെട്ടതാണ്. റൂൾ 287-ൽ പറയുന്നതെന്താണ്, വിരസത തോന്നുന്നവിധം ആവർത്തനപരമായി പ്രസംഗം നടത്തിയാൽ ചെയർ ഇടപെട്ട് അത് നിർത്തണമെന്നാണ് 287-ൽ പറയുന്നത്. അതാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. അത് നിർത്തണം.

ശ്രീ. പി. സി. ജോർജ്: ആർക്കാണ് വിരസത തോന്നുന്നത്. ...(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അങ്ങ് അവസാനിപ്പിക്കണം. പ്രസംഗം കഴിഞ്ഞോ?

ശ്രീ. പി. സി. ജോർജ്: തീർന്നില്ല. എനിക്ക് കുറച്ചു പറയാനുണ്ട്. അതു കഴിഞ്ഞേ അവസാനിപ്പിക്കുന്നുള്ളൂ. ശ്രീ. കൃഷ്ണയ്യരുടെ..... കൃഷ്ണയ്യരെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ എനിക്ക് ഇവിടെ ജീവിക്കാമോ? കൃഷ്ണയ്യരെന്നു പറയുന്ന വലിയ മനുഷ്യനെ എനിക്ക് ഇഷ്ടമാണ്. അദ്ദേഹം പത്തുതൊണ്ണൂറു വയസ്സു കഴിഞ്ഞ് കണ്ണും ചെവിയൊന്നും കേൾക്കാത്ത ബുദ്ധിമുട്ടുള്ള മനുഷ്യനാണ്. പക്ഷെ മുൻ എം.എൽ.എ. എന്ന നിലയിൽ 1,80,000 രൂപ നിയമസഭയിൽ നിന്ന് റി-ഇംബേഴ്സ് ചെയ്ത് അദ്ദേഹം മൂക്കുകണ്ണാടി വച്ചിട്ടുണ്ട്. അത് ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയുമോ? ....(ബഹളം)..... അത് ഇഷ്ടപ്പെട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: നിലവാരമില്ലാത്ത ഒരു ചർച്ചയിലേയ്ക്ക് പോകരുത്. ഇത് നിയമസഭയല്ലേ? എല്ലാപേരും ഇങ്ങനെയൊക്കെ ആകുന്നതല്ലേ? ഇതൊന്നും ശരിയായ കാര്യമല്ല. ഇങ്ങനെയൊക്കെ പറയാൻ പാടില്ല. വളരെ മോശം. അങ്ങ് പറയാനുള്ളത് പറഞ്ഞ് അവസാനിപ്പിക്കണം. ഇത് പോലീസിനെക്കുറിച്ചുള്ള ചർച്ചയാണ്. ആവശ്യമുള്ള ചർച്ച നടക്കണം. അങ്ങ് പോലീസിനെക്കുറിച്ചുള്ള ചർച്ച നടത്തുക. അല്ലെങ്കിൽ അവസാനിപ്പിക്കുക. ഇത് ശരിയല്ല.

ശ്രീ. പി. സി. ജോർജ്: കേരള കൗമുദിയിൽ 'എഴുതിയിരിക്കുന്നത്. സ്ത്രീകളെ ശല്യം ചെയ്താൽ മൂന്നു വർഷം തടവും പിഴയും. കേരള കൗമുദിയിലെ ഏറ്റവും വലിയ വാർത്തയാണ്. നിഷേധിക്കാൻ പറ്റുമോ? സത്യം പറഞ്ഞാൽ കുഴപ്പമുണ്ടാകുമെന്ന് പറയുന്നത് വലിയ വിഷമമുണ്ടാക്കുന്ന കാര്യമാണ്. 'നിങ്ങൾ എന്നെ കോൺഗ്രസ്സ് ആക്കി . ശ്രീ. എ. പി. അബ്ദുള്ള കുട്ടി എഴുതിയ പുസ്തകമാണ്. അദ്ദേഹം എഴുതി വച്ചിരിക്കുന്നത് തലശ്ശേരി കൂത്തുപറമ്പ് മേഖലയിൽ ചെറുപ്പക്കാർക്ക് നല്ല വിവാഹബന്ധം ലഭിക്കുന്നില്ല. വിവാഹ പ്രായമെത്തിയിട്ടും പെൺകുട്ടികളെ വിവാഹം ചെയ്ത് അയയ്ക്കാൻ കഴിയുന്നില്ല കുട്ടികളുടെ വിദ്യാഭ്യാസം പോലും പലപ്പോഴും അനിശ്ചിതത്വത്തിലാകുന്നു. ഭൂമിയുടെ വില കേരളത്തിൽ ഏറ്റവും കുറഞ്ഞ പ്രദേശം ഈ മേഖലയിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊക്കെ എല്ലാവരും വായിച്ചതല്ലേ?

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നാട്ടിൽനിന്നുള്ള ഒരു എം.എൽ.എ.യാണ് ഇത് പറയുന്നതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയായിരുന്നു. അപ്പോൾ അതിന്റേതായ മാറ്റങ്ങൾ ഉണ്ടാകണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കറിയാം സെലക്ട് കമ്മിറ്റിയിൽ ഞാൻ വളരെ ശക്തമായി എതിർത്തതാണ്. ഈ നിയമം വരുമ്പോൾ സ്ത്രീകളുടെ മൊഴിയനുസരിച്ച് കേസ്സെടുത്താലുണ്ടാകുന്ന അപകടത്തെക്കുറിച്ച് ഞാൻ പറഞ്ഞതല്ലോ. ഒരു സ്ത്രീ ഇരിക്കേണ്ട സീറ്റിൽ ഒരു പുരുഷൻ ഇരുന്നാൽ കണ്ടക്ടർക്ക് അയാളെ ബസ്സിൽനിന്നും ഇറക്കി വിടാൻ പറ്റുമോ? സ്ത്രീകൾക്കുള്ള സീറ്റ് പ്രൊട്ടക്ട് ചെയ്യണം. അതിൽ ആർക്കും തർക്കമില്ല. സ്ത്രീയുടെ സീറ്റിലിരിക്കുന്ന ഒരു പുരുഷനെ എഴുന്നേൽപ്പിച്ച് വിടുന്നത് കണ്ടക്ടറുടെ ജോലിയാണെന്ന് പറഞ്ഞാൽ ബസ്സിൽ സംഘട്ടനമുണ്ടാകും. കാരണം, മര്യാദയില്ലാത്തവനാണല്ലോ സ്ത്രീകളുടെ സീറ്റിൽ കയറിയിരിക്കുന്നത്. പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്ന് വണ്ടി എത്തിച്ചിട്ട് കേസ്സെടുക്കാനേ കണ്ടക്ടർക്ക് പറ്റുകയുള്ളു. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടറെ പ്രതിയാക്കാനോ ബസ്സിന്റെ ഉടമയെ പ്രതിയാക്കാനോ പറ്റുകയില്ല. ഈ നിയമം അനുസരിച്ച് ആയിരം രൂപ പിഴ നിശ്ചയിച്ചിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ എം.ഡി. എത്ര രൂപ പിഴ അടയ്ക്കേണ്ടിവരും? എന്തിനാണ് പുരുഷനും സ്ത്രീയും എന്നുള്ള ഡിസ്ക്രിമിനേഷൻ വയ്ക്കുന്നത്? എല്ലാ നിയമങ്ങളിലും സ്ത്രീകൾക്കു പ്രത്യേകമായ പരിഗണന വച്ച് മുന്നോട്ടു പോയാൽ ഭാവിയിൽ ഉണ്ടാകാൻ പോകുന്ന അപകടം വളരെ വലുതാണെന്ന് ഞാൻ ചിന്തിക്കുന്നതുകൊണ്ട് പറയുന്നതാണ്. സ്ത്രീകളുടെ കാര്യം പറയുമ്പോൾ ഭരണപക്ഷത്തുനിന്നുള്ള സ്ത്രീകൾ ചാടിയെഴുന്നേൽക്കുകയാണ്. പ്രതിപക്ഷത്ത് സ്ത്രീകളാരും ഇല്ലാത്തതുകൊണ്ട് പ്രശ്നമില്ല. അടുത്ത ഇലക്ഷൻ കഴിയുമ്പോൾ ആ പ്രശ്നം തീരും. അതുവരെ സഹിക്കേണ്ടിവരും. ഈ നിയമത്തിൽ ഒട്ടേറെ വൈകല്യങ്ങളുണ്ട്. ആറ് മാസം കഴിയുമ്പോൾ ഉമ്മൻചാണ്ടി ഗവൺമെന്റ് വന്ന് അത് മാറ്റിക്കൊള്ളും. അതുകൊണ്ട് അതിനകത്ത് കാര്യമൊന്നുമില്ല.

ശ്രീ. കെ. കെ. ഷാജു: ബസ്സിൽ സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരിക്കുന്നതിനെക്കുറിച്ചാണല്ലോ അങ്ങ് പറഞ്ഞു വരുന്നത്? ബസ്സിനകത്ത് സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരിക്കരുത് എന്ന് എഴുതി വച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഏത് സീറ്റിലും സ്ത്രീകൾക്ക് ഇരിക്കാം എന്നല്ലേ എഴുതി വയ്ക്കേണ്ടത്?

ശ്രീ. പി. സി. ജോർജ്: അങ്ങനെയൊരു വാചകം എന്റെ വനിതാ സഹോദരിമാരിൽനിന്നും കിട്ടുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും ബസ്സിൽ ഇഷ്ടമുള്ള സീറ്റിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇരിക്കാം. കേരളത്തിലെ സ്ത്രീകളുടെ മനസ്സിൽ ഇരിക്കുന്ന ആഗ്രഹം പുരുഷൻ അടുത്തിരിക്കാൻ പാടില്ല എന്നാണ്. ഞാൻ ചോദിക്കുന്നത് എന്തു കൊണ്ടാണ് ബസ്സിൽ സീറ്റ് റിസർവ് ചെയ്യുന്നത്? ഇഷ്ടമുള്ളിടത്ത് ഇരിക്കട്ടെ. എല്ലാറ്റിനും 50 ശതമാനം സംവരണമായില്ലേ? പ്രായമുള്ള ഒരു മനുഷ്യൻ വരുമ്പോൾ ഒരു സ്ത്രീ എണീറ്റ് മാറിക്കൊടുത്താൽ ഒന്നും സംഭവിക്കില്ല. അതു കൊണ്ട് അങ്ങനെയുള്ള മര്യാദയൊക്കെ ഉണ്ടാക്കുകയാണ് നല്ലത്. നമ്മുടെ സമൂഹത്തിൽ സ്ത്രീയും പുരുഷനും എന്നുള്ള ഡിസ്ക്രിമിനേഷൻ വരുത്തി നാടിനെ നശിപ്പിക്കരുത് എന്നാണ് എന്റെ വിനയത്തോടെയുള്ള അപേക്ഷ.

ശ്രീമതി ഇ. എസ്. ബിജിമോൾ: അങ്ങ് പതിരുപത്തഞ്ച് വർഷമായി തുടർച്ചയായി മത്സരിച്ച് എം.എൽ.എ. ആയിക്കൊണ്ടിരിക്കുയാണ്. സ്ത്രീയും പുരഷനും തുല്യരാണ് എന്നുള്ളതുകൊണ്ട് അടുത്ത പ്രാവശ്യം അങ്ങയുടെ സീറ്റിൽ ഒരു സ്ത്രീയെ മത്സരിപ്പിക്കാമോ?

ശ്രീ. പി. സി. ജോർജ്: എന്റെ സീറ്റിൽ ആരെയാണ് മത്സരിപ്പിക്കുന്നതെന്ന് ഞാനാണ് തീരുമാനിക്കുന്നത്. ......(ബഹളം)...... ബഹളം കഴിയട്ടെ ഞാൻ സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇല്ല. അങ്ങ് സംസാരിക്കൂ.

<u>ശ്രീ. പി. സി. ജോർജ്:</u> നിങ്ങൾ അങ്ങനെ പേടിപ്പിച്ചാൽ പി. സി. ജോർജ് പേടിക്കുകയില്ല. വളരെ വ്യക്തമായി രണ്ടുത്തരവും പറയാം. ഞാൻ കേരള കോൺഗ്രസ് എം-ൽ ലയിച്ചത്. ചെറിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ പൊട്ടനൊന്നുമല്ല. ഞങ്ങൾ ഒരു എഗ്രിമെന്റ് വച്ചിട്ടുണ്ട്. മനസ്സിലായോ? .....(ബഹളം)... എനിക്ക് ഒളിച്ചുകളിയൊന്നുമില്ല. എന്റെ പാർട്ടിയുടെ ചെയർമാൻ ഇപ്പോൾ ശ്രീ. കെ. എം. മാണി എന്നുപറയുന്ന മാണിസാർ ആണ്. മനസ്സിലായോ? എന്തിനാണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്. എന്റെ മാനസികനിലയിലേയ്ക്ക് നിങ്ങളും വളരൂ. എന്തുകൊണ്ട് വളരുന്നില്ല. എന്റെ ചോദ്യം അതാണ്. കേരളാ കോൺഗ്രസ് ഒന്നിക്കുന്ന സാഹചര്യത്തിൽ അങ്ങനെ ചെയ്തിട്ടുണ്ട്. ഞാൻ അതിൽ വിശ്വസിക്കുന്നു. ഞാൻ കേരളാ കോൺഗ്രസുമായുള്ള യോജിപ്പിൽ ഉറച്ചുനിൽക്കുന്നു. എന്റെ പാർട്ടിയുടെ ചെയർമാൻ മാണി സാറാണ്. തർക്കമൊന്നുമില്ല. എന്താണ് സംശയം? പക്ഷേ സീറ്റിന്റെ കാര്യം? ആ സീറ്റിന്റെ കാര്യം. കേരളാ കോൺഗ്രസ് ചെയർമാനായ മാണിസാർ തന്നെ........ തിരുനക്കര മൈതാനത്ത് 140 സീറ്റിലേയും ഐക്യ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച സമയം പി.സി. ജോർജ്. പൂഞ്ഞാർ എന്ന് ആ പൊതുയോഗത്തിൽ പ്രഖ്യാപിച്ചു. അതുകൊണ്ടാണ് ഞാൻ ഇതുപറഞ്ഞത്. മനസ്സിലായോ? അല്ലാതെ എന്റെ സൗകര്യംപോലെ പറഞ്ഞതല്ല. മനസ്സിലായില്ലേ? പ്രഖ്യാപിച്ചു. അതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. പിന്നെ സീറ്റിന്റെ കാര്യം. ജനങ്ങൾ അംഗീകരിക്കുന്ന എം. എൽ. എ.-ആണ്. അതുകൊണ്ട് ഈ പോലീസ് ബില്ലിൽ ഞാൻ കാണുന്ന ഒരു അപാകത ഇതുതന്നെയാണ്. പോലീസ് ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി ചർച്ചയിലൊക്കെ എനിക്ക് ശ്രീ. കോടിയേരിയോട് ബഹുമാനം തോന്നി. വളരെ മാന്യമായ സമീപനമാണ് ചെയർമാൻ എന്നുള്ള നിലയിൽ അദ്ദേഹം എടുത്തത്. പക്ഷേ സ്ത്രീകളുടെ കാര്യം വന്നപ്പോൾ അദ്ദേഹവും വീട്ടിലിരിക്കുന്ന ഭാര്യയെ പേടിച്ചിട്ടാണോ എന്ന് എനിക്കറിയില്ല. സ്ത്രീവശം ചേർന്നു, കൂറ് മാറി. അന്ന് അവിടെവച്ചു ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട ചെയർമാൻ, എനിക്ക് യോജിപ്പില്ല. ആണല്ലോ, തർക്കമുണ്ടെങ്കിൽ പറഞ്ഞോ. എനിക്ക് ഒരു ദേഷ്യവുമില്ല. വിശ്വൻ മാസ്റ്ററേ, വിശ്വം മാസ്റ്ററുടെ ഭാര്യ വിശ്വം മാസ്റ്ററെ സ്നേഹിക്കുന്നതിൽ കൂടുതലായി ഹൃദയത്തിൽ വച്ച് എന്നെ പൂജിക്കുന്ന എന്റെ ഭാര്യ, ഉഷയുടെ പേര് സന്തോഷത്തോടുകൂടി ഈ സഭയിൽ ഞാൻ പറയുന്നു. മനസ്സിലായില്ലേ? 1981 ജനുവരി 25-ാം തീയതി ഞാൻ താലികെട്ടി എന്റെ വീട്ടിൽകൊണ്ടുവന്ന എന്റെ ഭാര്യ ഉഷ, വളരെ സംതൃപ്തമായ ജീവിതം നയിച്ചുകൊണ്ട് എന്നോടൊപ്പമുണ്ട്. പേടിക്കണ്ട, ഒരു കുഴപ്പവുമില്ല. ഫോൺനമ്പർ വേണമെങ്കിൽ തരാം. വിളിച്ചു ചോദിച്ചോ? പറയും. ഇത്രയും സംതൃപ്തിയുള്ള ഭാര്യ നിങ്ങൾക്കാർക്കും കിട്ടുകയില്ല. ഞാൻ നിർത്തുകയാണ്. പോലീസ് ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാനങ്ങളൊക്കെ കറങ്ങിയതാണ്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വിജയൻ മാസ്റ്റർ പറഞ്ഞതുകൊണ്ട് പറയുകയാണ് സ്കോട്ട്ലന്റ്യാർഡിലാണ് ഏറ്റവും നല്ല പോലീസ് സേന എന്നുപറഞ്ഞു. നമ്മുടെ കേരള പോലീസിന്റെ അത്രയും കഴിവുള്ളവരാണ് സ്കോട്ട്ലന്റ് യാർഡ് പോലീസുകാർ എന്നു ഞാൻ കരുതുന്നില്ല. പോലീസ് അക്കാഡമിയിൽ ചെന്നു. പോലീസ് അക്കാഡമിയിൽ ചെന്നപ്പോൾ അവിടെ അക്കാഡമിയിൽ എഴുതിവച്ചിരിക്കുന്ന ബോർഡ് ഞാൻ നോക്കി. അവിടത്തെ ആദ്യത്തെ സ്വർണ്ണ മെഡൽ ജേതാവ് ആരാണെന്ന് അറിയാമോ? നമ്മുടെ ഇപ്പോഴത്തെ ഡി ജി പി -യാണ് കേരളത്തിന് അഭിമാനമല്ലേ? അപ്പോൾ ഏറ്റവും പ്രഗത്ഭൻമാരായ പോലീസുദ്യോഗസ്ഥൻമാർ, ഐ.പി.എസ്.-കാരുള്ള ഒരു സ്റ്റേറ്റും ഒരു ഡിപ്പാർട്ടുമെന്റുമാണ് നമ്മുടേത്. പക്ഷേ അവരെ ശരിയായി വിനിയോഗിക്കുന്നില്ല എന്നുള്ളതാണ് നമ്മുടെ പരാജയം. യാതൊരു സംശയവും വേണ്ട. ശരിയായി അവരെ വിനിയോഗിക്കാൻ കഴിയണം. ഇവിടെ സി.ബി.ഐ. നോക്കിയിട്ടുപോലും രക്ഷപ്പെടാതെ, അതായത് നമ്മുടെ ഒരു എ.ഡി.ജി.പി, ഐ. ജി. ആയിരുന്നപ്പോൾ അദ്ദേഹം ഉണ്ടാക്കിയ കേസ് എഴുതി കുത്തിക്കെട്ടിവച്ചിട്ട് സി. ബി. ഐ. വന്നിട്ടും ഇപ്പോൾ അതുതന്നെ ചുമന്ന് കേസ് കൊടുക്കേണ്ട ഗതിയിലാണ് അവർ. എന്താണ് കാരണം? അത് എഴുതി തെളിവെല്ലാം ഉണ്ടാക്കിവച്ച ആ ഉദ്യോഗസ്ഥൻ അത്രയും പ്രഗത്ഭനാണ്, എസ് കത്തി, ഞാൻ കൂടുതലൊന്നും പറയുന്നില്ല മനസ്സിലായില്ലേ? എസ് കത്തി കേസ് എന്തായി? സിബിഐ. വന്നന്വേഷിച്ചിട്ട് ഫലം കിട്ടിയോ? ആ എസ് കത്തിക്ക് തുല്യമായി, അതേ രീതിയിൽ കേസെല്ലാം ഉണ്ടാക്കിവച്ചു. സി. ബി. ഐ.-ക്കാരനും അതുതന്നെ എഴുതിക്കൊടുക്കേണ്ട ഗതിയിലായി. അത്ര അതിപ്രഗത്ഭൻമാരായ പോലീസുദ്യോഗസ്ഥന്മാരാണ് കേരളാ പോലീസിലുള്ള ഐ. പി. എസ്സുകാർ. അതുപോലെ ഐ.പി.എസ്. അല്ലാത്ത ഉദ്യോഗസ്ഥന്മാരുണ്ട്. എത്രയോ പ്രഗത്ഭൻമാരാണ്. അപ്പോൾ പോലീസുകാരുടെ കാര്യങ്ങളിൽ തീർച്ചയായും അങ്ങനെയൊരു തീരുമാനമെടുത്ത് പോകണം. പോലീസിന് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നുള്ളതാണ് ഏറ്റവും വലിയ പരാജയമെന്ന് എനിക്ക് തോന്നുന്നു. അതുപോലെ പോലീസ് വെൽഫെയർ ഫണ്ട്, ഗവൺമെന്റിന്റെ പങ്കാളിത്തം അതിനകത്ത് ഉറപ്പാക്കിയിട്ടില്ല. എന്റെ കാഴ്ചപ്പാടാണ്. അതു ചെയ്യണ്ടേ? അത് ചെയ്യാത്തതെന്താണ്? അതുപോലെ സൈബർകുറ്റകൃത്യങ്ങൾ എങ്ങനെ നിയന്ത്രിക്കാൻ പറ്റും എന്നു നാം പരിശോധിക്കണം. പോലീസുകാരുടെ എക്യുപ്മെന്റ്സിനേക്കാൾ എത്രയോ വലിയ എക്യുപ്മെന്റ്സാണ് കള്ളൻമാരുടെ കൈയിൽ ഇരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ ഇതുപോലെ കൂടിവരുന്ന അവസരത്തിൽ അതിനെ നേരിടാനുള്ള ശക്തമായ വകുപ്പുകൾ ഈ നിയമത്തിൽ ചേർത്തിട്ടില്ല. അതുപോലെ യൂണിവേഴ്സിറ്റി നിയമനത്തെ സംബന്ധിച്ച് നമുക്കറിയാം. ഞാൻ കൂടുതലൊന്നും പറയുന്നില്ല. പോലീസ് ഡിപ്പാർട്ടുമെന്റിൽ വന്ന തെളിവ് ഞാൻ അങ്ങയോട് സെലക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. പി.എസ്.സി. നിർദ്ദേശിച്ചതിലും കൂടുതൽ യോഗ്യതയുള്ളവരെയാണ് നിയമിച്ചത്. കുറ്റപ്പെടുത്താൻ കഴിയില്ല. എങ്കിലും ആവശ്യമില്ലാത്ത വിവരദോഷം പോലീസ് വാങ്ങിച്ചെടുക്കേണ്ട കാര്യമില്ലായിരുന്നു എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ആധുനിക കാലഘട്ടത്തിന് യോജിച്ച ശാസ്ത്രീയമായ കുറ്റാന്വേഷണ മുറകളെപ്പറ്റി മനസ്സായി ഇതിനകത്തുൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് ഞാൻ എന്റെ ഡിസന്റ് ഇവിടെ രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വിയോജനക്കുറിപ്പ് എഴുതിയ അംഗങ്ങളുടെ പ്രസംഗം തീർന്നു. ഇനി ഭേദഗതികളാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കും മീഡിയാക്കാർക്കുമുള്ള ഭക്ഷണം കോഫീഹൗസിൽ ഏർപ്പാട് ചെയ്തിട്ടുണ്ടെന്ന് ഒരു അറിയിപ്പുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വാസ്തവത്തിൽ ആവശ്യമുള്ള കുറേ കാര്യങ്ങളൊക്കെ ഈ ബില്ലിലുണ്ട്. ഒരു കാര്യം ഞാൻ പറയട്ടെ. ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിലുണ്ടാക്കിയ നിയമമാണിത്. ആ നിയമത്തിന് കുറെയൊക്കെ കാലാനുസൃതമായ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ പോലും 1960-ൽ കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ ആഭ്യന്തര മന്ത്രിയായിരുന്നു ശ്രീ. പി.ടി. ചാക്കോ. അദ്ദേഹത്തിന്റെ കാലത്താണ് 1960-ൽ കേരളാ പോലീസ് ആക്ട് എന്ന പേരിൽ ഒരു നിയമം നിലവിൽ വന്നത്. ആ നിയമത്തിനും കാലാനുസൃതമായ കുറേ മാറ്റങ്ങൾ വേണ്ടിവന്നു. കുറച്ചൊക്കെ ഇവിടെ വരുത്താൻ സാധിച്ചു. വാസ്തവത്തിൽ അടുത്തകാലത്ത് കാണുന്ന ഒരു പ്രവണത ഏതു നിയമം വന്നാലും സബ്ജക്ട് കമ്മിറ്റിക്ക് വിടുക, സബ്ജക്ട് കമ്മിറ്റി അതിന്റെ ജനറൽ ഡിസ്കഷൻ കഴിഞ്ഞാൽ ഉടനെതന്നെ അവിടെപ്പോയിരുന്ന് മണിക്കൂറുകൾ കൊണ്ട് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുണ്ടാക്കി കൊണ്ടുവരികയെന്നുള്ളതാണ്. എന്നാൽ ഇതിനകത്ത് ഗവൺമെന്റ്, പ്രത്യേകിച്ച് ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പുലർത്തിയ മനോഭാവം അംഗീകരിക്കാതെ നിർവ്വാഹമില്ല. അദ്ദേഹം ഈ ബിൽ സെലക്ട് കമ്മിറ്റിയ്ക്ക് വിടാൻ തീരുമാനിച്ചു. സെലക്ട് കമ്മിറ്റി ഇതിനെ സംബന്ധിച്ച് വളരെയധികം ചർച്ച നടത്തി, ചില സംസ്ഥാനങ്ങളൊക്കെ സന്ദർശിച്ചു. അവിടുത്തെ കാര്യങ്ങളൊക്കെ പഠിച്ചു. ഞാൻ ആ സെലക്ട് കമ്മിറ്റിയിൽ ഇല്ലെങ്കിലും കുറെ കാര്യങ്ങൾ മനസ്സിലാക്കി. ഇവിടെ പ്രതിപക്ഷത്തെ പല മെമ്പർമാരും പറഞ്ഞ പല കാര്യങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ റിപ്പോർട്ട് ഇവിടെ വന്നിട്ടുള്ളത്. ഇത് വളരെ ആവശ്യമായിട്ടുള്ള നിയമം തന്നെയാണ്. എന്നാലും ചില അപാകതകളുണ്ട്. അതാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആ അപാകതകളൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചതുകൊണ്ട് അത് വീണ്ടും ആവർത്തിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഈ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം പക്ഷഭേദം കൂടാതെ പോലീസ് ഉദ്യോഗസ്ഥൻമാർ ഈ നിയമം നടപ്പിലാക്കണം എന്നുള്ളതാണ്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. അത് നേരത്തെ തന്നെയുള്ളതാണ്. പക്ഷേ ഒന്നുകൂടി അതിന് പ്രാധാന്യം കൊടുക്കുന്നു എന്നുള്ളതാണ്. ഒരു കാര്യം ഞാൻ പറയട്ടെ, ഇന്ന് അത് നടക്കുന്നുണ്ടോയെന്നുള്ള കാര്യം നമ്മൾ പരിശോധിക്കണം. ഇന്ന് ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, ഇത് കുറച്ച് കൂടിപ്പോയി എന്നുള്ളതു മാത്രമേയുള്ളൂ. ഇത് എല്ലാ കാലത്തും ചില ഉദ്യോഗസ്ഥന്മാർ - പോലീസിൽ കഴിവുറ്റ നല്ല ഉദ്യോഗസ്ഥരുണ്ട്. ഇപ്പോൾ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

തന്നെയുണ്ടാക്കുന്ന കാര്യത്തിൽ പ്രമുഖമായ പങ്ക് വഹിച്ചത് നമ്മുടെ സംസ്ഥാനത്തിന്റെ ഡി. ജി. പി. യും ഉദ്യോഗസ്ഥന്മാരും തന്നെയാണ്. പ്രമുഖമായ പങ്കാളിത്തം അവരുടേതുതന്നെയാണ്. അപ്പോൾ കഴിവുറ്റ ഉദ്യോഗസ്ഥന്മാരുണ്ട്. അവരെല്ലാം ഉണ്ടെങ്കിലും ചില ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർക്ക് നിഷ്പക്ഷത പാലിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അത് ഏതു കാലത്തുമുണ്ട്. അത് ഇപ്പോൾ കുറച്ച് കൂടിയെന്നുമാത്രമേയുള്ളൂ. അതു മാത്രമാണ് എനിക്ക് പറയാനുള്ളത്. വാസ്തവത്തിൽ ഇന്നത്തെ നിയമസമാധാനത്തിന്റെ തകർച്ചയ്ക്കുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഈ നിഷ്പക്ഷത പോലീസ് കൈവിടുന്നു എന്നുള്ളതാണ്. ഇതുപോലുള്ള elements ഉപയോഗപ്പെടുത്തി മുന്നോട്ടു പോകുന്നതിന്റെ ഫലമായിട്ടാണ് ഇന്നു കാണുന്ന ഈ സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായത്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, അങ്ങ് നിഷ്പക്ഷതയെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ വേറെ ഒരു വശമാണ് പറയുന്നത്. നിഷ്പക്ഷമായി ജോലിചെയ്യാൻ പോലീസുകാരെ നമ്മൾ സമ്മതിക്കാത്ത സാഹചര്യമുണ്ട്. പ്രത്യേകിച്ച് രാഷ്ട്രീയക്കാരും ജനപ്രതിനിധികളും. നമുക്ക് ഒരു നിയമവും മറ്റുള്ളവർക്ക് വേറൊരു നിയമവും. ഇതിന് കുറ്റക്കാർ നമ്മൾ തന്നെയല്ലേ; അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: അതുതന്നെയാണ് എന്റെയും അഭിപ്രായം. രാഷ്ട്രീയക്കാർക്ക് പങ്കാളിത്തമുണ്ട്, ഭരണക്കാർക്ക് കൂടുതലുണ്ട്. യാതൊരു സംശയവും അക്കാര്യത്തിലില്ല. ഇതിൽ വലിയൊരു പങ്ക് രാഷ്ട്രീയക്കാർക്കുണ്ട്. അതിൽ ഗവൺമെന്റിന് കൂടുതലുണ്ട് എന്നുള്ളത് വസ്തുതയാണ്. അത്തരവസരത്തിൽ ചില ഉദ്യോഗസ്ഥന്മർ, എനിക്കുതന്നെ അറിയാം. ഞാൻ ആളുടെ പേരൊന്നും പറയുന്നില്ല, ഇപ്പോൾ സർവ്വീസിലില്ല. ഒരു പോലീസ് ആഫീസർ ഞാൻ മന്ത്രിയായിരിക്കുമ്പോൾ എന്റെ അടുത്ത് വന്നു പറഞ്ഞു. അങ്ങനെയുള്ള ചില ഉദ്യോഗസ്ഥന്മാരുമുണ്ട്. അന്നു ഞാൻ അങ്ങനെയൊക്കെ ചെയ്തിരുന്നു. അന്നത്തെ മന്ത്രിയും മന്ത്രിസഭയും പറയുന്നത് അനുസരിച്ചു, അതുപോലെ ഞാൻ ഇന്നും ചെയ്യും, കാരണം ഗവൺമെന്റിൽ ഞാനുണ്ട്, ഇതുപോലെ ചെയ്യും. വളരെ വിശ്വസ്ത സേവകനാണ്. അങ്ങനെയുള്ള ചില സേവകന്മാരുമുണ്ട്. അതും ബഹുമാനപ്പെട്ട ശ്രേയാംസ് കുമാർ കാണണം എന്ന ഞാൻ പറയുന്നുള്ളൂ. ഏതായാലും ഇവരെ നിഷ്പക്ഷമായി വിടുകയാണെങ്കിൽ കുറെയൊക്കെ പരിഹാരം ഉണ്ടാക്കാൻ സാധിക്കും എന്നാണ് എന്റെ പക്ഷം. അതുപോലെ മനുഷ്യന്റെ ജീവനും സ്വത്തിനും രക്ഷ നൽകാനുള്ള ഉത്തരവാദിത്തം യഥാർത്ഥത്തിൽ നമ്മുടെ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് സ്റ്റേറ്റിന്റേതാണ്. അത് നിർവ്വഹിക്കപ്പെടേണ്ട വിഭാഗം പോലീസാണ്. യാതൊരു സംശയവുമില്ല. പ്രാഥമികമായി ഈ കാര്യങ്ങളൊക്കെ ചെയ്യേണ്ടതും പോലീസാണ്. പോലീസ് ചെയ്യുമ്പോൾ അത് പോലീസിന്റെ ഡ്യൂട്ടിയാണ്. അത് പോലീസ് ഏതൊരു പൗരനുവേണ്ടിയും ചെയ്യണം. അത് ചെയ്യുമ്പോൾ അവന്റെ സ്വത്ത്, അവന്റെ ജീവൻ അതിന് സംരക്ഷണം, അത് കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ളതാണ്. അതിന്റെ ഓപ്പറേറ്റീവ് പാർട്ടിൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്തമുള്ളത് പോലീസിനാണ്. പക്ഷേ ഒരു കാര്യം ജീവനും സ്വത്തിനും സംരക്ഷണം നൽകുമ്പോൾ ഒരു മനുഷ്യൻ ആക്രമിക്കാൻ വന്നാൽ ആ മനുഷ്യനെ വെടിവയ്ക്കാനുള്ള അധികാരം സെൽഫ് ഡിഫൻസാണ്. സെൽഫ് ഡിഫൻസിന് അവകാശമുണ്ട് എന്നു മാത്രമല്ല അവന്റെ പേരിൽ നടപടി എടുക്കാനും പോലീസിന് അധികാരമുണ്ട്. വന്യ മൃഗങ്ങൾ ആക്രമിക്കാൻ വന്നാലോ. ഈ പറയുന്ന ഫണ്ടമെന്റൽ റൈറ്റ് എവിടെ പോയി? എന്റെ നിയോജക മണ്ഡലത്തിൽ 15 ഓളം ആളുകളെ അടുത്ത കാലത്ത് കാട്ടാന കൊന്നു. അവർക്ക് സംരക്ഷണം വേണ്ടേ? അവിടെ പോലീസ് എന്ത് ചെയ്തു? പോലീസ് അവിടെ അനങ്ങാതെ നിന്നു. മിനിഞ്ഞാന്ന് എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലുള്ള ഒരാൾ, അയാളുടെ മുഴുവൻ കൃഷിയും പന്നി വന്നു നശിപ്പിച്ചു. മൂന്ന് ഏക്കറിൽ രണ്ടാളുകൂടി പാർട്ണറായി പാട്ടത്തിന് വാങ്ങി കൃഷി ചെയ്തതാണ്. അതുമുഴുവൻ കൂട്ടായി പന്നി വന്നു നശിപ്പിച്ചു. ബാങ്കിൽ നിന്ന് ലോൺ എടുത്തതാണ്. സ്വന്തമായി ഭൂമിയില്ല. ആ പാവപ്പെട്ടയാൾ രാവിലെ എണീറ്റുവന്ന് ഒരു മരത്തിനു മുകളിൽ കയറിയിട്ട് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. അവസാനം കളക്ടറും ബാക്കിയുള്ള ആളുകളൊക്കെ ഓടി ചെന്ന് പറഞ്ഞ് കാലുപിടിച്ച് ഉച്ചയാകുമ്പോഴേയ്ക്ക് അദ്ദേഹം ഇറങ്ങി. അദ്ദേഹം പറഞ്ഞത് എനിക്ക് ഇനി മരിക്കുകയാണ് നല്ലതെന്നാണ്. അവിടെ സംരക്ഷണം വേണ്ടേ മനുഷ്യന്? അദ്ദേഹത്തിന്റെ കൃഷി മുഴുവനും നശിപ്പിച്ചതിന് സംരക്ഷണം നൽകാനുള്ള ബാദ്ധ്യത ഈ സംസ്ഥാനത്തെ പോലീസിനില്ലേ? ഒരാളെ ആന കൊല്ലുകയാണ്. ആ ആനയെ അതിൽനിന്ന് പിന്തിരിപ്പിക്കാനും ആ മനുഷ്യന്റെ ജീവന് സംരക്ഷണം നൽകാനുമുള്ള അധികാരം പോലീസിനുണ്ടാകണ്ടേ. അതിന് പോലീസ് തയ്യാറാകേണ്ടതല്ലേ? ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. മനുഷ്യനെ ഉപദ്രവിക്കുന്നു, മനുഷ്യനെ കൊല്ലുന്നു, മനുഷ്യന്റെ സ്വത്ത്, കൃഷി ഇതെല്ലാം നശിപ്പിക്കുന്നു. ഈ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പോലീസുകാരൻ ഇതിന് ഒരു നടപടി കൈക്കൊണ്ടിട്ടുണ്ടോ? ഇവിടെ നിയമം ഉണ്ടല്ലോ. പോലീസ് പ്രൊട്ടക്ഷൻ ആക്ട് അതനുസരിച്ച് hunt ചെയ്യാനുള്ള അധികാരമില്ലേ? ഇവിടെ മനുഷ്യന് എന്തുമാവാം. ഞാൻ പറയുന്നു, ഈ നിയമത്തിൽ ക്ലാരിറ്റി വരുത്തണം. മനുഷ്യനിൽനിന്നും മൃഗങ്ങളിൽനിന്നും മറ്റുള്ളവരിൽനിന്നും ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള വ്യവസ്ഥ പോലീസിന് നൽകണം. അതിന് ഇവിടെ പറഞ്ഞിരിക്കുന്നത്, (ബി) വകുപ്പിൽ എല്ലാ ആളുകളുടേയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, മനുഷ്യാവകാശങ്ങൾ, അന്തസ്സ് എന്നിവ നിയമാനുസൃതം സംരക്ഷിക്കുക: അത് പോലീസിന്റെ കടമയാണ്. അത് മനുഷ്യനിൽ നിന്നുണ്ടാകുന്ന അക്രമമാണെങ്കിലും കൊള്ളാം മൃഗങ്ങളിൽ നിന്നുള്ള അക്രമമാണെങ്കിലും കൊള്ളാം മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. അതിനുള്ള വ്യവസ്ഥ, അതിൽ ചെറിയ ഒരു ഭേദഗതി വേണം എന്നാണ് എന്റെ പക്ഷം. ഇവിടെ നമ്മുടെ ഫോറസ്റ്റുകാർ പോലീസുകാരെ വിരട്ടുകയല്ലേ. അവർ ഒന്ന് അങ്ങോട്ട് ഓടി ചെന്നാൽ, ഒരു പടക്കം എറിഞ്ഞാൽ, വിരട്ടുന്ന ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റല്ലേ നമ്മുടെ സംസ്ഥാനത്തുള്ളത്? കൃഷി നശിച്ചാലും ആളെ കൊന്നാലും എന്ത് ചെയ്താലും വിരോധമില്ല അവർക്ക് സംരക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ ഈ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തയ്യാറാവില്ല. അവർക്ക് സംരക്ഷണം നൽകാനുള്ള ഭരണഘടനാപരമായ ബാദ്ധ്യത ഈ സംസ്ഥാനത്തെ പോലീസിനുണ്ട്. അതിനുള്ള വ്യവസ്ഥ ഇതിൽ കൊണ്ടുവരണം അതിന് സെൻട്രൽ ആക്ട് എതിരല്ല. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ സെക്ഷൻ 11 (2). അതിൽവരെ ഇക്കാര്യം പറയുമ്പോൾ എന്തുകൊണ്ട് ഈ നിയമത്തിൽ പറഞ്ഞുകൂടാ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതു കൊണ്ട് ആ വ്യവസ്ഥ ഇതിനകത്ത് കൊണ്ടുവരണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറയുന്നത് ഗൗരവമേറിയ കാര്യമാണ്. അദ്ദേഹത്തിന്റെ വാക്കുകേട്ടിട്ട് തോന്നുന്നു ഇവിടെ ആദ്യമായിട്ടാണ് കാട്ടാനകൾ പുറത്തേക്ക് വരുന്നതെന്ന്, ആദ്യമായിട്ടാണ് കൃഷിയിടങ്ങളിലേക്ക് വരുന്നതെന്ന്, ആദ്യമായിട്ടാണ് കാട്ടാന ആളുകളെ കൊല്ലുന്നതെന്ന്. അദ്ദേഹവും വനം വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ ഇതൊക്കെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് നഷ്ടപരിഹാരം പതിനായിരം രൂപയായിരുന്നു. അത് ഞങ്ങൾ 50,000 രൂപയായി വർദ്ധിപ്പിച്ചു. അത് കൃത്യമായി ഞങ്ങൾ കൊടുക്കുന്നുണ്ട്. ആൾ മരിച്ചാൽ പഴയ കാലത്തെ സംഖ്യ 50,000 രൂപയായിരുന്നു ഞങ്ങളത് മൂന്ന് ലക്ഷം രൂപയാക്കി. അതും കൃത്യമായിട്ട് കൊടുക്കുന്നു. ഇതെല്ലാമാണെങ്കിൽപ്പോലും പരിഹാരമായിട്ടില്ല. ആദ്യമായിട്ട് കേരളത്തിൽ പാമ്പ് കടിച്ച് ആൾ മരിച്ചാൽ നമ്മൾ സഹായിക്കാൻ ഒരു പദ്ധതിയുണ്ടാക്കി. ആർക്കും വേണ്ടെങ്കിൽ വേണ്ട. പാക്ഷേ പലരും വാങ്ങുന്നുണ്ട്. ശ്രീ. ആര്യാടന് ഇത് കൊച്ചാക്കിക്കാം. അപേക്ഷ തരുന്നുണ്ട്. മാത്രമല്ല ഇതെല്ലാം കൃത്യമായി കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ഈ ഗവൺമെന്റാണ് ഫെൻസിംഗിനുവേണ്ടി കിടങ്ങ് കുഴിക്കാൻ വേണ്ടി, സംഖ്യ ചോദിക്കുന്നത്. അദ്ദേഹത്തിനറിയാം സംഖ്യ മതിയാകുന്നില്ല. കേന്ദ്ര ഗവൺമെന്റ് സഹായിക്കണം. ഇക്കാര്യത്തിൽ, കേരളത്തിന്റെ ആവശ്യങ്ങൾ രൂക്ഷമാണ്, വലുതാണ്. അത് പരിഗണിച്ചുകൊണ്ട് ഈ വിഷയത്തിൽ ഇടപെടാൻവേണ്ടിയുള്ള പരിശ്രമത്തിൽ സഹായിക്കാനായി കേന്ദ്ര ഗവൺമെന്റ് കൂടി ...... ഞാൻ പൂർത്തിയാക്കട്ടെ. കാട്ടുപന്നിയുടെയും ......

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം ചുരുക്കണം.

ശ്രീ. ബിനോയ് വിശ്വം: ഞാനൊന്ന് പറയട്ടെ, സഹകരിക്കൂ. ഞാനൊന്ന് പൂർത്തിയാക്കട്ടെ. ഒറ്റവാക്ക് ഞാൻ പറയട്ടെ.

1.00 P.M.]

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ഒരു മന്ത്രിക്ക് വഴങ്ങിക്കൊടുത്താൽ ചോദ്യം ചോദിച്ചതല്ലാതെ........., ഇവിടെ ഫോറസ്റ്റ് ആക്ടല്ല ചർച്ച ചെയ്യുന്നത്.. ഇവിടെ പോലീസ് ആക്ടിലെ 4(ബി)യിൽ ഇങ്ങനെ ഒരു ഭേദഗതി വേണമെന്ന് ഞാൻ പറഞ്ഞാൽ, അദ്ദേഹത്തിന്റെ വകുപ്പിൽ ആളെ കൊന്നാലും കുഴപ്പമില്ല, ഞങ്ങൾ പൈസ കൊടുക്കുന്നുണ്ട് എന്നാണ് പറയുന്നത്. അത് ഗവൺമെന്റും പ്രതിപക്ഷവും തമ്മിലുള്ള കൺസെപ്റ്റിന്റെ വ്യത്യാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ പറഞ്ഞതിലുള്ള അപ്രിഹെൻഷൻ വളരെ കറക്ടാണ്. പക്ഷേ അത് ഈ പോലീസ് ആക്ടിലെ ഭേദഗതി കൊണ്ട് കഴിയുകയില്ല. സെൻട്രൽ ആക്ട് ഭേദഗതി വരുത്തിയാലേ അതിന് കഴിയൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട ബാലനോട് ഞാൻ നന്ദി പറയുന്നു. ഈ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ആക്ട് 1972-ലെ സെക്ഷൻ 11(2) അനുസരിച്ച് ആന്ധ്രാപ്രദേശ് ഗവൺമെന്റ്. ഓർഡർ കൊടുത്തു, അവിടെ നടപ്പിലാക്കി. ഇവിടെ എന്തു വന്നാലും കേന്ദ്രം......... എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. ലോട്ടറി ആണെങ്കിലും കേന്ദ്രം. ഇവിടെ ബണ്ട് കെട്ടാനും കേന്ദ്രം. കുഴിയെടുക്കാനും കേന്ദ്രം. മനസ്സിലായോ? പിന്നെ നിങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്? ഞാൻ ചോദിക്കട്ടെ, ഒരു മര്യാദ വേണ്ടേ? ചോദ്യം ചോദിച്ചാൽ, ഇവിടെ പറഞ്ഞു വരുന്നതെന്താണ്, ആളെക്കൊന്നാലും വേണ്ടില്ല, പണം കൊടുക്കുന്നില്ലേ എന്ന്. ഞങ്ങൾക്ക് ആ കൺസപ്റ്റില്ല. കൃഷി മുഴുവൻ നശിപ്പിച്ചു. ....അത് താങ്കളുടേതാണ് എന്നേതല്ല. ഒരു കാര്യത്തിൽ ഒരു വിമർശനം നടത്തിയാൽ അത് വേണ്ട എന്നല്ല. നിങ്ങൾ പത്തു കോടി രൂപ കൊടുത്താൽ ഈ ജീവൻ നഷ്ടപ്പെട്ടത് വീണ്ടും കിട്ടുമോ? നിങ്ങൾ പണത്തിനാണ് പ്രാധാന്യം കൊടുക്കുന്നത് ജീവനല്ല. ഞങ്ങൾ ജീവനാണ് പ്രാധാന്യം കൽപ്പിക്കുന്നത്. അവിടെയിരിക്കുന്ന ആളുകളെങ്കിലും ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ ബില്ലിനകത്തുനിന്ന് സംസാരിക്കുമ്പോൾ അതിൽനിന്ന് അകറ്റിക്കൊണ്ടു പോകാനായി ഒരു മന്ത്രി ശ്രമിച്ചാൽ എന്താണ് ചെയ്യുക? ആ മന്ത്രിയെക്കുറിച്ച് ഞാൻ എന്തു പറയാനാണ്? ഞാൻ ബില്ലിൽ നിൽക്കുമ്പോൾ ബില്ലിന്റെ പുറത്തേയ്ക്കു പോയിട്ട് എത്ര ന്യായീകരിക്കും? ആളെക്കൊല്ലുന്നതും ന്യായീകരിക്കുന്ന ഒരു മന്ത്രി കേരളത്തിൽ ആദ്യമാണ്. കൃഷി നശിപ്പിക്കുന്നതിന് പണം കൊടുക്കുന്നു എന്നുപറഞ്ഞ് ന്യായീകരിക്കുന്ന ഒരു മന്ത്രി ഈ സംസ്ഥാനത്തിന് അപമാനമാണ്.

ശ്രീ. കെ. എം. മാണി: ഞാൻ ശ്രീ. ആര്യാടൻ മുഹമ്മദിനോട് ഒരു സംശയം ചോദിക്കുന്നുവെന്നേയുള്ളൂ. ഒരാളുടെ കൃഷി മുഴുവൻ ഒരു കാട്ടുപന്നി ഇറങ്ങി നശിപ്പിച്ചാൽ ആ കാട്ടു പന്നിയെ വെടിവെയ്ക്കാൻ ഒരു പൗരന്, ഒരു കൃഷിക്കാരന് അവകാശമുണ്ടെന്നും ആ കാട്ടുപന്നിയെ വെടിവെച്ചാൽ ആ കൃഷിക്കാരനെതിരെ കേസ് ഉണ്ടാകരുതെന്നുമല്ലേ ഉദ്ദേശത്തിന്റെ സാരാംശം. അങ്ങനെയാണെങ്കിൽ നമ്മൾ എല്ലാവരുംകൂടി ഇരുന്ന് ആലോചിക്കേണ്ട ഒരു കാര്യമല്ലേ? വളരെ ഗൗരവമായ ഒരു കാര്യമല്ലേ അത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: അതും വളരെ അത്യാവശ്യമാണ്. അത് ഞാൻ കഴിഞ്ഞ പ്രാവശ്യം ഇവിടെ പറഞ്ഞ കാര്യമാണ്. അന്ന് അങ്ങില്ലാത്ത ഒരു ക്ഷീണം ഉണ്ടായിരുന്നു. ഇപ്പോൾ ഞാൻ പറയുന്നത്, ഇവിടെ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനെപ്പറ്റി നാലാമത്തെ ക്ലോസ്സിൽ (ബി)യിൽ പറയുന്നുണ്ട്. ഞാൻ ഒന്നുകൂടി ക്ലാരിറ്റി വരുത്തുകയാണ്. നിയമത്തിൽ എപ്പോഴും വേണ്ടത് ക്ലാരിറ്റി ആണല്ലോ? അത് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മാണി സാറിനും അറിയാം. അപ്പോൾ ക്ലാരിറ്റി വരുത്താൻ മനുഷ്യന്റെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നിടത്ത് മനുഷ്യനിൽനിന്ന് ഉണ്ടാകുന്ന ഭീഷണിക്കും മൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീഷണിക്കും ഇന്ന് സംരക്ഷണം നൽകാനുള്ള ബാധ്യത പോലീസിനുണ്ട് എന്നു വരണമെന്നേ ഞാൻ പറഞ്ഞുള്ളൂ. അതിന് സെൻട്രൽ ഗവൺമെന്റിന്റെ സഹായമൊന്നും വേണ്ട. ഇവിടെ സെൻട്രൽ ഗവൺമെന്റ് സാങ്ചറിയിലുള്ളതുപോലും ഹണ്ട് ചെയ്യുകയാണ്. ജീവനും സ്വത്തിനും അപകടം വരുന്നുവെങ്കിൽ എന്നാണ് 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ പറയുന്നത്. അത് ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടോ എന്ന് എനിക്ക് അറിയുകയില്ല. ഞാൻ കഴിഞ്ഞ ദിവസം അത് ഇവിടെ അസംബ്ലിയിൽ ക്വാട്ട് ചെയ്യുകയും ചെയ്തു. വനം വകുപ്പുമന്ത്രി പറയുന്നതുപോലെ അങ്ങ് എല്ലാം സെൻട്രലിനെ പറയേണ്ട കാര്യമില്ല. അങ്ങ് സെൻട്രൽ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ ചിലതൊക്കെ പറഞ്ഞു. ഏതായാലും ഞാൻ ആ കാര്യങ്ങൾ വിടുന്നു. ഇവിടെ വർഗ്ഗീയ സംഘട്ടനം, അതുപോലെ വർഗ്ഗീയ സംഘട്ടനത്തേക്കാൾ വർഗ്ഗീയവാദം, ഭീകര പ്രവർത്തനം, ഇത് നമ്മുടെ സംസ്ഥാനത്തും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളർന്നു വരികയാണ് അതിനുള്ള വ്യവസ്ഥകൾ (സി)-യിൽ പറയുന്നുണ്ട്. പക്ഷേ അതിൽ എനിക്ക് പറയാനുള്ളത് കുറച്ചുകൂടി ശക്തമായ, പ്രത്യേകമായ സേനതന്നെ അതിനുവേണം എന്നുള്ളതാണ്. അവർക്ക് പ്രത്യേകമായ ട്രെയിനിംഗ് വേണം, അവർക്ക് പ്രത്യേകമായ പരിശീലനം നൽകണം. നമ്മുടെ സംസ്ഥാനം ഇന്ന് വാസ്തവത്തിൽ റിക്രൂട്ട്മെന്റ് സെന്ററായിപ്പോലും മാറുന്നുണ്ട്. അതിന്റെ പ്രാധാന്യം നമ്മൾ കാണണം. എല്ലാ കാര്യങ്ങളും ഉണ്ടെങ്കിലും അതനുസരിച്ചുകൊണ്ട് ഇവിടെ കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ, ഈ നിയമത്തിൽ നാലാം വകുപ്പിൽതന്നെ (ഇ) അപായങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും പൊതുജനത്തെ സംരക്ഷിക്കുക എന്നത്, അവിടെയാണ് ഞാൻ മൃഗങ്ങളുടെ കാര്യം പറഞ്ഞത്. ശ്രീ പി സി ജോർജ് ചില കാര്യങ്ങൾ പറഞ്ഞപ്പോൾ ചില എതിർപ്പുകളൊക്കെ വന്നു. അതിൽ ഒരു കാര്യം എനിക്ക് പറയാനുള്ളത്, ചിലത് മിസ്യൂസ് ചെയ്യുന്നുണ്ട്. ശ്രീ. ജോർജ് എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്ക് അറിയുകയില്ല. മിക്കവാറും ശ്രീ. ജോർജ് ഉദ്ദേശിച്ചത് അതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ഹരിജൻ അട്രോസിറ്റീസ് ആക്ട് ഉണ്ട്. വാസ്തവത്തിൽ പോലീസും ആ കാര്യത്തിൽ നിരപരാധികളാണ്. ഒരു കേസ്സുണ്ടായിക്കഴിഞ്ഞാൽ ഉടൻതന്നെ ഒരു ഷെഡ്യൂൾഡ് കാസ്റ്റിനെ അല്ലെങ്കിൽ ഷെഡ്യൂൾഡ് ട്രൈബിനെ കൊണ്ടുപോയി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യിപ്പിച്ച്, ജാതിപ്പേര് വിളിച്ചു, എന്നെ പീഡിപ്പിച്ചു എന്നു പറഞ്ഞ് ഒരു സ്റ്റേറ്റ്മെന്റ് കൊടുത്താൽ, പോലീസിന് യാതൊരു നിവൃത്തിയുമില്ല. അറസ്റ്റ് ചെയ്ത് ആളെ രണ്ടു ദിവസം ജയിലിൽ കിടത്തിയിട്ടാണ് ജാമ്യം കിട്ടുന്നത്. കേസ് വിട്ടുകൊടുക്കും. ആ കേസ് എടുക്കുന്നത് ഡിവൈ.എസ്.പി. -യാണ്. പെരിന്തൽമണ്ണ ഡിവൈ.എസ്.പി.യെപ്പോലുള്ള ആളാണെങ്കിൽ പറയേണ്ടല്ലോ? അതുപോലുള്ള ഒരു ഒരു ഡിവൈ.എസ്.പി.-യെ വച്ചാൽ പിന്നെ ആ കാര്യങ്ങളൊക്കെ പറയണോ? ഞാൻ അതിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നില്ല. ഏതായാലും എന്തും ചെയ്യാൻ മടിയില്ലാത്ത ഒരു ഡിവൈ.എസ്.പി. ആണ്. അതുകൊണ്ട് ഞാൻ അത് വിടുന്നു. ഏതായാലും അതൊന്ന് അന്വേഷിക്കണം. ഷെഡ്യൂൾഡ് കാസ്റ്റിനേയും ഷെഡ്യൂൾഡ് ട്രൈബിനേയും ദ്രോഹിക്കുവാൻ ധാരാളം ആളുകളുണ്ട്. അവരുടെ സ്വത്ത് പിടിച്ചെടുക്കുവാൻ, അവരുടെ ഭൂമി പിടിച്ചെടുക്കുവാൻ അവരെ ഇന്നും ദ്രോഹിക്കുന്ന വിഭാഗങ്ങളുണ്ട്. അവരെ കർശനമായി നേരിടുകതന്നെ വേണം. അതേ അവസരത്തിൽ അവരെ സംരക്ഷിക്കുവാനാണ് ഹരിജൻ അട്രോസിറ്റീസ് ആക്ട്. സെൻട്രൽ ആക്ട് കൊണ്ടുവന്നത്. ആ ആക്ട് ഇവിടെ മിസ്യൂസ് ചെയ്യുന്നുണ്ട്. വാസ്തവത്തിൽ അവരും പാവങ്ങളാണ്. അവരെ കൊണ്ടുപോയി കിടത്തി സ്റ്റേറ്റുമെന്റ് കൊടുപ്പിക്കുക. ഇൻവെസ്റ്റിഗേറ്റ് ചെയ്തു വന്നാലില്ല. അത് സെൻട്രൽ ആക്ടാണ്, അതിന്റെ പ്രയാസങ്ങളുണ്ടെന്നുള്ള കാര്യം എനിക്ക് അറിയാം. എന്നാലും ശ്രീ. പി. സി. ജോർജ് പറഞ്ഞതിന്റെ സ്പിരിറ്റ് ഞാൻ മനസ്സിലാക്കുന്നു. അത്തരത്തിലുള്ള കേസുകൾ വന്നാൽ ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി അറസ്റ്റ് ചെയ്യുന്നതും ആ മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുന്നതും അല്ലേ പതിവ്? പെട്ടെന്നുള്ള ഒരു അന്വേഷണമെ കിലും നടത്തിക്കൊണ്ടു ചെയ്യുന്നതല്ലേ ഉത്തമം എന്ന് ആലോചിക്കണ മെന്നുമാത്രമാണ്. എനിക്ക് പറയാനുള്ളത്. ഞാൻ അതേ പറയുന്നുള്ളൂ. അതുപോലുള്ള കാര്യങ്ങളായിരിക്കും ശ്രീ. പി. സി. ജോർജ് ഉദ്ദേശിച്ചതെന്നാണ് എനിക്ക് തോന്നുന്നത്

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, ഇതിൽ ഇപ്പോൾ നിങ്ങൾ പറഞ്ഞ വിഷയത്തിൽ സാക്ഷി മൊഴി എടുത്ത് പ്രതിയെ അറസ്റ്റ് ചെയ്യണമെന്നാണ് പറയുന്നത്. പക്ഷേ ഒരുവസ്തുത ഞാൻ പറയാം. കണ്ണൂർ ജില്ലയിൽ കമ്മിറ്റി കൃത്യമായി ചേരുന്നുണ്ട്. ഇന്നലെ അതിന്റെ മിനിട്സ് എനിക്ക് അയച്ചു തന്നു. ഈ കേസ്സിൽ വലിയ രൂപത്തിൽ ആക്ഷേപം വരുന്നത് ജാതിപ്പേര് വിളിച്ചു, പെണ്ണിനെ കയറിപ്പിടിച്ചു, ബലാൽസംഗം ചെയ്തു, ഇത്തരത്തിലുള്ള കേസ്സുകളാണ്. ഇങ്ങനെ ആക്ഷേപം കൊടുത്തുകഴിഞ്ഞാൽ ഈ സാക്ഷി മൊഴിക്കു വേണ്ടി ഈ വിഭാഗത്തിന്റെ സാക്ഷി മൊഴി പ്രാധാന്യത്തിലെടുക്കുന്നില്ല. മറ്റു വിഭാഗമാണെങ്കിൽ ജാതിയുടെ പേര് പറയുന്നുമില്ല. ഇങ്ങനെ ചില പ്രദേശങ്ങളിൽ മാത്രം അത് നടക്കുന്നു. അങ്ങനെ ഒറ്റപ്പെടുന്നതോടൊപ്പംതന്നെ ഞാൻ ഒരു ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ഇങ്ങനെയൊരു സംഭവം ഒരു പഞ്ചായത്തിൽ നടന്നാൽ ആ പഞ്ചായത്ത് മൊത്തം ഇത് ഏറ്റെടുത്ത് ജനകീയമായി ഇത്തരം കുറ്റവാളികളെ ഒറ്റപ്പെടുത്തുന്നതിലേയ്ക്ക് പ്രഖ്യാപനം നടത്തണം. ആ നിലയിലേക്ക് അത് കൊണ്ടുവരണം. അല്ലാതെ പല സ്ഥലത്തും സാക്ഷിയെകിട്ടാൻ പോകുന്നില്ല. പല സ്ഥലത്തും കിട്ടുന്നില്ല എന്നു മാത്രമല്ല, കേസ്സുകൾ അവസാനം തള്ളിപ്പോകുകയും ചെയ്യുന്നുണ്ട്. അങ്ങനെ ഒരു വിലപേശലാണ് ഇന്നും പല സ്ഥലങ്ങളിലും ബോധപൂർവ്വമായി നടക്കുന്നത്. പലപ്പോഴും നടക്കുന്നുണ്ട്. ഇതിനെതിരെ കണിശമായ ഒരു നിലപാടാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. അങ്ങ് അതിനോട് യോജിക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പൂർണ്ണമായി യോജിക്കുന്നുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു അന്തസ്സിന്റെ സ്ഥിതി.

LIBRARY ARCHIVES Kerala Legislative Assembly

കയറി പിടിച്ചെന്നൊന്നും പറയുകയില്ല. ഇവിടെ സ്ത്രീകളാരും ഇപ്പോൾ ഇല്ലാത്തതുകൊണ്ടല്ല ഞാൻ പറയുന്നത്. അങ്ങനെ വളരെ ചുരുക്കം സ്ത്രീകൾ മാത്രമേ പറയൂ. എന്നാൽ അങ്ങനെയുള്ളവരും ഉണ്ട്. പക്ഷേ അതിൽ ഒരു പ്രിലിമിനറി അന്വേഷണം നടത്തി ചെയ്യണം. അങ്ങനെയുണ്ടെങ്കിൽ സാക്ഷി കിട്ടുന്നില്ലെന്നുവച്ച് അവൻ ചെയ്തതാണെങ്കിൽ അവനെ സമൂഹ ദ്രോഹിയായി കണക്കാക്കി അവനെ പരസ്യ വിചാരണ പോലും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി.ഡി. സതീശൻ:</u> ഇന്ത്യൻ പീനൽകോഡിൽ തന്നെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് റേപ്പ് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ സുപ്രീംകോടതി അതിനൊരു ഇന്റർപ്രെട്ടേഷൻ കൊടുത്തിട്ടുണ്ട്. അതിന് വിധേയമാകുന്ന വിക്റ്റിം കൊടുക്കുന്ന മൊഴി മാത്രം മതിയെന്നു പറഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് തെളിവുണ്ടാക്കേണ്ട ബാധ്യത സാധാരണ ക്രിമിനൽ നിയമങ്ങളിൽനിന്ന് വ്യത്യസ്തമായി സ്ത്രീകളിൽനിന്ന് എടുത്ത് മാറ്റിയിരിക്കുകയാണ്. ഒരു പ്രത്യേക പ്രിവിലേജ് കൊടുത്തിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പൊതുവെ സ്ത്രീകൾ അങ്ങനെ പറയില്ല. സുപ്രീം കോടതി പറഞ്ഞതിൽ ഒന്നുകൂടി പറഞ്ഞു. ഒരു സ്ത്രീയെ നോക്കുന്നത് ദുരുദ്ദേശ്യപരമാണെന്ന് ആ സ്ത്രീക്ക് തോന്നിയാലും മതിയെന്ന്. ഈ പറയുന്ന വിധിന്യായത്തിൽ പറഞ്ഞു. അങ്ങനെ പറയുന്ന സ്ത്രീകൾ വളരെ കുറവാണ്. ചിലരുണ്ട്. ശ്രീ. പി. സി. ജോർജിന്റെ വീട്ടിൽ ചെന്ന ആളെപ്പോലെ ചിലർ ഉണ്ടാകും. ഇല്ല എന്ന് ഞാൻ പറയുന്നില്ല. അതൊക്കെ വളരെ കുറവാണ്. അത് നമ്മൾ ജനറലൈസ് ചെയ്യേണ്ട. ജനറലി ഇതാണ് പൊസിഷൻ എന്നാണ് എന്റെ പക്ഷം. വേറൊരു കാര്യം ഉള്ളത്, പോലീസ് ഏതൊരു അന്യായം വന്നാലും അതിന് വാസ്തവത്തിൽ എഫ്.ഐ.ആർ. ഇടണം. അത് നിർബന്ധമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട കാര്യമാണ്. ചില കേസിൽ എഫ്.ഐ.ആർ. ഇടാൻ പോലീസ് മടിക്കും. ഒരു ഉദാഹരണം പറയാം സാധാരണ കാണുന്ന ഒരു കളവാണ് ഗ്യാസ് സിലിണ്ടർ തട്ടിക്കൊണ്ട് പോകൽ. അതിന് ഒരു എഫ്.ഐ.ആർ. ഇട്ടെങ്കിൽ മാത്രമേ പകരം സിലിണ്ടർ അവിടുന്ന് കിട്ടുകയുള്ളൂ. എഫ്.ഐ.ആർ. ഇടുകയില്ല. അത് പിന്നേയും അന്വേഷിക്കണം, അത് ഫോർമാലിറ്റിയാണ് എന്ന് പറഞ്ഞ് നിൽക്കുന്ന പോലീസുണ്ട്. അതുകൊണ്ട് എഫ്.ഐ.ആർ. ഇടണം. ഒരു പാസ്പോർട്ട് കളവ് പോയാലും അതിന് ഒരു എഫ്.ഐ.ആർ. ആവശ്യമാണ്. എഫ്.ഐ.ആർ. ഇടുകയില്ല. അങ്ങനെയുള്ള പോലീസുമുണ്ട്. തെളിവു കിട്ടുകയില്ല. ആരോടും കാശ് വാങ്ങിയിട്ടൊന്നുമല്ല. എഫ്.ഐ.ആർ. ഇട്ടാൽ അത് അന്വേഷിച്ച് അതിന്റെ തെളിവും റിപ്പോർട്ടും കാര്യങ്ങളുമായി നടക്കേണ്ടി വരും എന്നുദ്ദേശിക്കുന്ന പോലീസുകാർ ചില സ്റ്റേഷനിലുണ്ട്. അത് നിർബന്ധമാക്കണം. പാസ്പോർട്ട് കിട്ടണമെങ്കിൽ എന്ത് വേണം? പാസ്പോർട്ട് നഷ്ടപ്പെട്ടു എന്നുള്ളത് വേണം. എഫ്.ഐ.ആർ.-ന്റെ കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

വേണം. അതുപോലെ പല കാര്യങ്ങളിലും ഇങ്ങനെ വരുന്നുണ്ട്. അതുകൊണ്ട് എഫ്.ഐ.ആർ. നിർബന്ധമായും എഴുതണം. അങ്ങനെ ചെയ്യാതെ ഏതെങ്കിലും ഒരു സ്റ്റേഷൻ ഓഫീസർ ചെയ്താൽ ആ ഓഫീസറുടെ പേരിൽ ശക്തമായ നടപടി കൈക്കൊള്ളണം. 12-ാം വകുപ്പിലാണ് അത് പറയുന്നത്: ഒരു ജനറൽ ഡയറി സൂക്ഷിക്കണമെന്ന് പറയുന്നുണ്ട്. ഒരാൾ ഒരു പെറ്റീഷൻ കൊടുത്തു, ആ പെറ്റീഷന്റെ ഡേറ്റ്, അയാളുടെ പേര്. എഫ്.ഐ.ആർ. -ന്റെ വിവരം, അതിന്റെ ഇൻവസ്റ്റിഗേഷൻ നടത്തിയ കാര്യം. അന്യായം നടത്തിയ ആളിന്റെ പേർ, പ്രതിയുടെ പേർ എല്ലാം 12-ാം വകുപ്പിൽ അനുശാസിക്കുന്നുണ്ട്. ഇതിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത് വളരെ നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഇത് വരുമ്പോൾ എന്റെ ഭയപ്പാട്, പെറ്റീഷൻ തന്നെ വേണ്ടെന്ന് വയ്ക്കുമോ എന്നുള്ളതാണ്. ചില കേസിൽ അങ്ങനെ കാണുന്നുണ്ട്. പെറ്റീഷൻ തന്നെ ചവറ്റ് കുട്ടയിൽ ഇടുന്ന സമ്പ്രദായം മാറ്റണം. 12-ാം വകുപ്പ് ശക്തമായി നടപ്പാക്കണം. അതിന് വല്ല വീഴ്ചയും വന്നാൽ ശക്തമായ നടപടിയുണ്ടാകണം. അതിന് 13-ാം വകുപ്പിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കുറേ ആളുകളെപ്പറ്റി പറഞ്ഞിട്ടുണ്ട്.അവരൊക്കെയാണ് ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ടവർ എന്ന് പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ ലോക്കൽ ബോഡീസിന്റെ പ്രതിനിധിയും വേണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റീസ്, പഞ്ചായത്ത്, അതിന്റെ പ്രസിഡന്റും വേണം. എന്താണ് അന്വേഷിക്കുന്നത്? ഈ റിക്കോർഡ് കീപ്പ് ചെയ്തോ? അവർക്ക് അവരുടെ കസ്റ്റഡിയിൽ വച്ച് എന്തെങ്കിലും ഉപദ്രവം ഉണ്ടായിട്ടുണ്ടോ? ഇതൊക്കെ പരിശോധിക്കാനുള്ള അവകാശമാണ് പതിമൂന്നാം വകുപ്പിൽ ചില പ്രസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ളത്. ആ പറയുന്ന കൂട്ടത്തിൽ സ്റ്റേഷൻ ഡയറിയും കസ്റ്റഡി സൗകര്യവും പരിശോധിക്കുവാൻ അർഹതയുള്ള ആളുകൾ എന്ന് പറഞ്ഞിട്ട് സബ്ക്ലാസ് (1) സംസ്ഥാന മനുഷ്യാവകാശകമ്മീഷന്റേയോ സംസ്ഥാന വനിതാ കമ്മീഷന്റെയോ സംസ്ഥാന പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കമ്മീഷന്റേയോ സംസ്ഥാന അല്ലെങ്കിൽ ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റികളുടേയോ ചെയർപേഴ്സൺമാർക്കും അംഗങ്ങൾക്കും പോലീസ് സ്റ്റേഷനിൽ പ്രവേശിച്ച് 12-ാം വകുപ്പ് സൂക്ഷിച്ചിരിക്കുന്ന ഏതൊരു ജനറൽ ഡയറിയിലെയും ഉൾക്കുറിപ്പുകളും കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള ഏതൊരാളിന്റെയും സ്ഥിതിയും നേരിട്ട് പരിശോധിക്കാവുന്നതാണ്. അതാണ് 12-ാം വകുപ്പ്. ഒരു കാര്യം കൂടി ഞാൻ പറയുന്നു. മെമ്പർമാർ വേണ്ട. ലോക്കൽ ബോഡീസിന്റെ കോർപ്പറേഷന്റെ മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺസിനെക്കൂടി അതിൽ ഉൾപ്പെടുത്തണം. കസ്റ്റഡിയിൽ വച്ച് അക്രമം നടക്കുകയാണെങ്കിൽ പെട്ടെന്ന് അവിടെ എത്തിപ്പെടാൻ കഴിയുന്നത് അവർക്കാണ്. അത് പോയി നോക്കാനും പരിശോധിക്കാനുമുള്ള അവകാശം ഇക്കൂട്ടത്തിൽ അവർക്കും കൂടി നൽകുന്നത് വളരെയധികം പ്രയോജനം ചെയ്യും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. 12-ാം വകുപ്പിന്റെ ഏറ്റവും സുഗമമായ പ്രവർത്തനത്തിന് അത് അത്യാവശ്യം കൂടിയാണ് എന്നാണ് എന്റെ പക്ഷം. പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. തമിഴ്നാട് പ്രദേശത്തൊക്കെ നാൽപത് നാൽപ്പത്തയ്യായിരം ജനസംഖ്യയുണ്ടെങ്കിൽ ഒരു പോലീസ് സ്റ്റേഷനാണ്. നമ്മൾ പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അവർക്ക് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. നമുക്ക് ഒരു ഫാഷൻ ആയി ഏത് യോഗത്തിലും പോലീസിനെ കല്ലെടുത്തെറിയാവുന്ന സാഹചര്യം ഉണ്ടാക്കുന്നത് ശരിയല്ല. അവരുടെ morale നിലനിർത്തിക്കൊണ്ടുവേണം കാര്യങ്ങൾ നടത്താൻ, ഏത് ഭരണകൂടമാണെങ്കിലും, പറഞ്ഞതു കേട്ടില്ലെങ്കിൽ ഉടൻ പോലീസ് സ്റ്റേഷനിൽ കയറി പോലീസുകാരനെ അടിക്കുക, സ്റ്റേഷനിൽനിന്ന് പ്രതിയെ കൂട്ടിക്കൊണ്ടുവരിക, അതൊന്നും ഈ രാജ്യത്ത് നിയമ സമാധാനം സംരക്ഷിക്കാൻ പര്യാപ്തമാവില്ല. എന്ന് മാത്രമല്ല, പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കണം. ഇപ്പോൾ ഞാൻ പറയുന്നു, തമിഴ്നാട് പ്രദേശത്ത് എന്റെ അറിവിൽ നാൽപത് നാൽപത്തയ്യായിരത്തോളം ജനസംഖ്യയുണ്ടെങ്കിൽ ഒരു പോലീസ് സ്റ്റേഷനുണ്ട്. ഇവിടെ ഒരു ലക്ഷം ഒന്നര ലക്ഷം ജനസംഖ്യയ്ക്കൊക്കെയാണ് ഒരു പോലീസ് സ്റ്റേഷൻ ഉള്ളത്. പോലീസ് സ്റ്റേഷന്റെ എണ്ണം വർദ്ധിപ്പിക്കണം. അൻപതിനായിരം ജനസംഖ്യയുണ്ടെങ്കിൽ അവിടൊരു പോലീസ് സ്റ്റേഷൻ നിർബന്ധമായും വേണം. ആയിരം മുതൽ ആയിരത്തഞ്ഞൂറ് വരെയുള്ള ആളുകൾക്കെങ്കിലും ഒരു പോലീസ് ആവശ്യമാണ്. നിർബന്ധമായും വേണം. ബാക്കിയെല്ലാം സഹിക്കാം. ഈ നിയമസമാധാനം സംരക്ഷിക്കാൻ പോലീസിനെക്കൊണ്ടേ കഴിയൂ. അതുകൊണ്ട് അവരുടെ മാൻപവർ കൂട്ടണം. അവർക്ക് ബാക്കിയുള്ള സൗകര്യങ്ങൾ കൂട്ടിക്കൊടുക്കണം. ഇക്കാര്യത്തിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പിശുക്കത്തരം കാണിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. അതിന് ശാസ്ത്രീയമായിട്ടുള്ള എല്ലാ കാര്യങ്ങളും അവർക്ക് സൗകര്യപ്പെടുത്തിക്കൊടുക്കണം. അത് അത്യാവശ്യമാണ്. അല്ലാതെ നിയമത്തിൽ കുറേ കാര്യങ്ങൾ പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. പോലീസിന്റെ എണ്ണമില്ലാതെ പറ്റില്ല. ഒരു കാര്യം കൂടി ഞാൻ പറയാം. നമ്മുടെ അതിർത്തികളിൽ വളരെ ഭീഷണിയാണ്. സംസ്ഥാനത്തിന്റെ അതിർത്തികൾ എടുത്തു നോക്കിയാൽ അധികവും മലയോരമേഖലകളാണ്. ആ മലയോരങ്ങളിലൊക്കെ ഈ സ്റ്റാന്റേർഡ് വച്ചുകൊണ്ടുള്ള പോലീസ് പോര. അവിടെ ഇരുപത്തയ്യായിരം ജനസംഖ്യയ്ക്ക് ഒരു പോലീസ് സ്റ്റേഷൻ എങ്കിലും വേണം. എന്ന് മാത്രമല്ല അഞ്ഞൂറ് മുതൽ എഴുന്നൂറ്റൻപത് വരെ ജനസംഖ്യയ്ക്ക് ഒരു പോലീസുകാരൻ വേണം. അത് കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ, എസ്.ഐ., സർക്കിൾ ഇൻസ്പെക്ടർ, ഡിവൈ.എസ്.പി. എല്ലാം കൂടിയാണ് ഞാൻ പറയുന്നത്. അതിനനുസരിച്ച സൗകര്യങ്ങൾ സംസ്ഥാന അതിർത്തികളിൽ ആവശ്യമാണ്. അവിടെയെല്ലാം മലയോരമാണ്.

<u>ശ്രീ. എം. ചന്ദ്രൻ</u>: പോലീസ് സ്റ്റേഷനുകളുടെയും പോലീസുകാരുടെയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഈ നാട്ടിലെ കുറ്റകൃത്യങ്ങൾ തടയാൻ കഴിയുമെന്നുള്ള വിശ്വാസത്തിലാണ് അങ്ങ് എണ്ണം വർദ്ധിപ്പിക്കണമെന്ന് പറയുന്നത്. യഥാർത്ഥത്തിൽ അങ്ങനെ കഴിയുമോ? കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ള ജനങ്ങളിൽ മഹാഭൂരിപക്ഷവും സംഘടിതരാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിലോ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ സംഘടനകളിലൊ ഒക്കെ അംഗങ്ങളായിട്ടുള്ളവരാണ് ഇവിടുത്തെ ജനങ്ങൾ. ഈ പ്രസ്ഥാനങ്ങളെല്ലാം ശക്തമായ ഇടപെടൽ നടത്തി കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാനും അതുവഴി പോലീസിന്റെ എണ്ണവും പോലീസ് സ്റ്റേഷന്റെ എണ്ണവും കുറച്ചുകൊണ്ടുവരാനും കഴിഞ്ഞാൽ അതല്ലേ നമ്മുടെ സമൂഹത്തിന് ഏറ്റവും ഗുണകരമായിട്ടുള്ളത്? നമ്മുടെ സമൂഹത്തിന്റെ മാന്യത അതല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: കഴിയുമെങ്കിൽ പോലീസും പട്ടാളവും ഒന്നുമില്ലാത്ത ഒരു State less position ആണ് നല്ലത്. അതാണല്ലോ മാർക്സും ഗാന്ധിജിയുമൊക്കെ ആഗ്രഹിച്ചത്. ഇൻഡ്യ മുതൽ അയർലന്റ് വരെ അങ്ങനത്തെ ഗ്രാമസമൂഹങ്ങളുണ്ടായിരുന്നല്ലോ? ആ സ്വപ്നലോകത്താണ് ശ്രീ. എം. ചന്ദ്രൻ. ഞാൻ കുറച്ചുകൂടി പ്രായോഗികമായിട്ടാണ് നീങ്ങുന്നത്. അതുകൊണ്ടാണ് ഞാൻ ഈ അഭിപ്രായം പറയുന്നത്. ഏതായാലും ഒരു കാര്യം ഞാൻ പറയുന്നു, എന്റെ പ്രസംഗത്തിൽ ആദ്യ ഭാഗത്ത് ഞാൻ പറഞ്ഞത് നിഷ്പക്ഷമായി കൈകാര്യം ചെയ്യണം എന്നാണ്. അതാണ് ശ്രീ. ശ്രേയാംസ് കുമാർ ചോദിച്ചത്. അദ്ദേഹം ചോദിച്ചു, രാഷ്ട്രീയക്കാർക്ക് ഉത്തരവാദിത്തമില്ലേയെന്ന്. ശരിയാണല്ലോ. അതുപോലെ ഭരണകക്ഷിക്കാർക്ക് ഉത്തരവാദിത്തമില്ലേ? രാഷ്ട്രീയക്കാർക്ക് മൊത്തത്തിൽ ഉത്തരവാദിത്തമില്ലേ? പോലീസുകാരെ നിഷ്പക്ഷമായി വിട്ടുകൊടുത്തുകഴിഞ്ഞാൽ, വളരെ ന്യായമായി ചെയ്യാൻ കഴിവുള്ള പോലീസുകാർ ഇവിടെയുണ്ട്. അതിന് നമ്മൾ തടസ്സം നിൽക്കുന്നു. ആദ്യമായി വേണ്ടത് ആ നിഷ്പക്ഷതയാണ്. നിഷ്പക്ഷമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് കൊടുക്കുകയാണ് വേണ്ടത്. അവർക്ക് കൊടുക്കണം. എല്ലാ സ്ഥലത്തും ഒരുപോലെ പോലീസ്സ്റ്റേഷൻ ഇല്ലാതാക്കിയാലൊന്നും നടക്കില്ല. ദിവസവും പത്രമെടുത്ത് നോക്കിയാൽ നടക്കുന്ന കവർച്ചയും കൊള്ളയുമൊക്കെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയ്യിക്കുന്നതാണോ? അല്ലല്ലോ? ഇവിടുത്തെ പോലീസ് ചെയ്യിക്കുന്നതാണോ? ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ ചെയ്യിക്കുന്നതാണോ? അതിനെയൊക്കെ കർശനമായി തടയാൻ സാധിക്കണം. അതിന് പോലീസിന്റെ മാൻപവർ കൂട്ടണം. പോലീസ് സ്റ്റേഷന്റെ എണ്ണം കൂട്ടണം. നിലവിലുള്ളത് പോര. യാതൊരു സംശയവും വേണ്ട. ക്രൈം വർദ്ധിച്ചുവരുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പരിശോധിച്ചാൽ......... ഞാൻ അതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. ശ്രീ. എം. ചന്ദ്രൻ ചോദിച്ചതുകൊണ്ടു മാത്രം പറഞ്ഞു.

ശ്രീ. കെ. സി. ജോസഫ്: സമീപ കാലത്ത് പോലീസിന് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം കൊടുത്ത ഏക മുഖ്യമന്ത്രി ശ്രീ എ.കെ. ആന്റണിയാണ്. അന്ന് ശ്രീ. കെ. ജെ. ജോസഫ്, ഐ. പി. എസ്. ഡി.ജി.പി. ആയിരുന്നു. അദ്ദേഹത്തിന് ഫുൾ ഫ്രീഡം കൊടുത്തു. അതിന്റെ ഫലം പോലീസിലുണ്ടായി. പക്ഷെ പിന്നീടെല്ലാം ഭരിക്കുന്ന പാർട്ടിയുടെ നിയന്ത്രണമാണ് പോലീസിലുണ്ടായത്. അതൊരു സുഖകരമായ കാര്യമല്ല. അത് അനാശാസ്യമായ രീതിയിലേയ്ക്കല്ലേ കാര്യങ്ങൾ കൊണ്ടുപോകാൻ സഹായിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: അതുതന്നെയാണ് ഞാൻ പറഞ്ഞത്. അതിൽ നമ്മളും മോശമൊന്നുമായിരുന്നില്ല. പക്ഷെ ഇവർ കുറെ കൂടും. ഇവരിൽനിന്നാണ് നമ്മൾ പഠിച്ചത്. 1957 വരെ ഇങ്ങനെയുള്ള ഏർപ്പാടൊന്നുമില്ല. പിന്നെ 1960-കളിൽ പി. ടി. ചാക്കോ അതൊക്കെ നിയന്ത്രിച്ചല്ലോ. വളരെ പ്രഗത്ഭനായിരുന്ന ഒരു ആഭ്യന്തര മന്ത്രിയായിരുന്നല്ലോ പി. ടി. ചാക്കോ. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് നിയന്ത്രിക്കാൻ തീരുമാനിച്ചാൽ ഒരു ദിവസം ആ കസേരയിൽ ഇരിക്കുമോ? നമ്മുടെ സംസ്ഥാനം അതുപോലെ ആയില്ലേ? ഒരു കാര്യം ഞാൻ പറയാം. രാഷ്ട്രീയക്കാർ പോലീസ് സ്റ്റേഷനിൽ ഇടപെടാൻ പാടില്ലെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. യോജിപ്പില്ലെന്ന് ഞാൻ പറയാൻ കാരണം, എല്ലാവരും ഒരു പോലെയുള്ള ഉദ്യോഗസ്ഥൻമാരാണെങ്കിൽ ഓ.കെ. അതല്ല. ഇന്നും നമ്മുടെ നാട്ടിൻപുറങ്ങളിൽ സമ്പന്നൻമാരുടെ ഏജന്റുമാരായി പ്രവർത്തിക്കുന്ന പോലീസുകാരുണ്ട്. ഏജന്റുമാരെ വച്ച് പ്രവർത്തിക്കുന്ന ചില പോലീസുകാരുണ്ട്. ചില ഡിവൈ എസ് പി മാരൊക്കെ........ ഞാൻ അത് പറയുന്നില്ല.........അവർ ആളെ വിടുകയാണ്. എന്നിട്ട് ബാർഗെയിൻ ചെയ്യുകയാണ്. മറ്റേയാൾ ഏർപ്പാടു ചെയ്യുക, കാശ് വാങ്ങുക അങ്ങനെയുള്ള ഏർപ്പാടൊക്കെയുണ്ട്. അവിടെയൊക്കെ ഒരു പരിധിവരെ രാഷ്ട്രീയമാകാം. പക്ഷെ ഒരു പരിധിക്കപ്പുറം രാഷ്ട്രീയക്കാരൻ പോകാൻ പാടില്ല. രാഷ്ട്രീയക്കാരന്റെ ചട്ടുകമായി പോലീസുകാർ മാറാൻ പാടില്ല. വളരെ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന പോലീസുകാരുണ്ട്. ധാരാളം പേരെ എനിക്കറിയാം. മറിച്ചുള്ള ഡിവൈ.എസ്.പി.മാരെയും അതുപോലെയുള്ളവരേയും എനിക്കറിയാം. പരമാവധി അവരെ നിഷ്പക്ഷമായി വിടുന്നതാണ് നല്ലത്. അങ്ങനെ വന്നാൽ.............

ശ്രീ എം. ചന്ദ്രൻ: അങ്ങ് ഇപ്പോൾ രാഷ്ട്രീയ ഇടപെടൽ ന്യായീകരിക്കുകയാണ്. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. രാഷ്ട്രീയക്കാർക്ക് പോലീസ് സ്റ്റേഷനിൽ ഇടപെടേണ്ട ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഒരു പരാതിക്കാരൻ ഒറ്റയ്ക്ക് പോലീസ് സ്റ്റേഷനിൽപ്പോയി പരാതി കൊടുക്കാൻ ധൈര്യപ്പെടുന്നില്ല. അതിന് ഏതെങ്കിലും ഒരു രാഷ്ട്രീയക്കാരനെ സമീപിക്കുന്നു, ആ രാഷ്ട്രീയക്കാരൻ അതിന്റെ ഒപ്പം പോകാൻ നിർബന്ധിക്കപ്പെടുകയാണ്. ഇപ്പോഴാണെങ്കിൽ ഫോണും മറ്റു സൗകര്യങ്ങളുമൊക്കെ വർദ്ധിച്ചതുകൊണ്ട് ഫോണിൽ ഇടപെടും. അല്ലാതെ പ്രതി മാത്രമല്ല. അന്യായക്കാരൻപോലും ഒരു പോലീസ് സ്റ്റേഷനിൽ ഒറ്റയ്ക്കുപോയി പരാതി കൊടുക്കാൻ ധൈര്യപ്പെടാത്ത ഒരു സമൂഹത്തിൽ രാഷ്ട്രീയക്കാരുടെ ന്യായമായ ഇടപെടൽ ഉണ്ടായെങ്കിലേ ജനങ്ങൾക്ക് നീതി കിട്ടൂ എന്നുള്ള അഭിപ്രായമാണ് എനിക്കുമുള്ളത്. അത് അങ്ങയുടെ അഭിപ്രായമല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഉണ്ട്. ഒരു കാര്യം ഞാൻ പറയാം. പരാതികൾ കൊണ്ടുചെല്ലാൻ ആളുകൾ ഭയപ്പെടുന്നുവെന്നുള്ളത് കേരളത്തെ സംബന്ധിച്ച് മുഴുവൻ ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ എട്ടുപത്തു കൊല്ലം മുമ്പ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്ന കാലത്ത് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് പരിശോധിച്ചു. അന്ന് ഞാൻ പ്രതിപക്ഷത്തുള്ള എം.എൽ.എ. ആണ്. പി.എ.സി.-യുടെ ചെയർമാനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് വന്നപ്പോൾ ചന്ദ്രൻ എന്നുപേരുള്ള ഒരാളാണ് അന്നത്തെ ഡി. ജി. പി. ഇന്നത്തെ ഡി. ജി. പി. അന്നത്തെ ഹെഡ്ക്വാർട്ടേഴ്സ് ഐ.ജി. ആണെന്നാണ് എന്റെ ഓർമ്മ. അന്ന് കമ്മിറ്റിയിൽ ഞങ്ങൾ വിറ്റ്നെസ്സിനെ എക്സാമിൻ ചെയ്യുമ്പോൾ അന്നും ക്രൈംറിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് കേരളത്തിലാണ് ഏറ്റവും കൂടുതൽ ക്രൈം ഉള്ളത്. അന്ന് ഇന്നത്തെ ഡി.ജി.പി.പി.എ.സി-യുടെ മുമ്പിൽ പറഞ്ഞ ഒരു മറുപടി ഞാൻ ഓർക്കുകയാണ്. അദ്ദേഹം അന്നുപറഞ്ഞ മറുപടി എന്താണെന്ന് ചോദിച്ചാൽ ഭയമില്ലാത്തതുകൊണ്ട് ആളുകൾ ഏതൊരു ചെറിയ കേസ്സും കൊണ്ടുപോയി കൊടുക്കും. ബാക്കി നോർത്ത് ഇൻഡ്യൻ സംസ്ഥാനങ്ങളിൽ അങ്ങനെ കൊടുക്കുന്നില്ല എന്നാണ്. എന്നാൽ ബംഗാളിനെക്കാൾ കൂടുതൽ ഭയം കുറഞ്ഞ സംസ്ഥാനമാണ് കേരളം. എന്നാലും ചില പോലീസ് ഓഫീസർമാരെ ഭയപ്പെടാറുണ്ട്. അവരെ ഭയപ്പെടുന്നത് അവർ നിഷ്പക്ഷരല്ലാത്തതുകൊണ്ടാണ്. അവർ പൂർണ്ണമായും നിഷ്പക്ഷരാണെങ്കിൽ ഈ ഭയപ്പാടിന് അവകാശമില്ല എന്നാണ് എന്റെ പക്ഷം. എന്നാലും ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിൽ ശ്രീ. എം. ചന്ദ്രൻ പറഞ്ഞതുപോലെ കുറച്ചൊക്കെ ഇടപെട്ടില്ലെങ്കിൽ കൂടുതൽ കുഴപ്പത്തിലേയ്ക്ക് പോകുന്ന പോലീസ്സ്റ്റേഷനും പോലീസ് ഓഫീസർമാരുമുണ്ട്. ഇടപെട്ടിട്ടുപോലും ശരിയാകാത്ത പോലീസ് ഓഫീസർമാരുമുണ്ട്. ശ്രീ. എം. ചന്ദ്രന്റെ ആ വാദത്തോട് എനിക്ക് യോജിപ്പാണ്. പക്ഷേ നമുക്ക് മാറ്റാൻ കഴിയുന്നത് പൂർണ്ണമായും നിഷ്പക്ഷതയോടുകൂടി ഉയർന്ന ഉദ്യോഗസ്ഥൻമാരെ പൂർണ്ണമായി സ്വതന്ത്രരാക്കി വിട്ടാൽ ഇതിന് കുറെ പരിഹാരമാകുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും രാഷ്ട്രീയക്കാർ ഇടപെടാൻ പാടില്ലെന്നുള്ളതിനോട് എനിക്ക് യോജിപ്പില്ല. ഇതുമാത്രമേ ഞാൻ പറയുന്നുള്ളൂ. പോലീസിന്റെ ട്രെയിനിംഗിൽ കുറേക്കൂടി മാറ്റങ്ങൾ വരുത്തണം. കുറച്ചൊക്കെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനിയും കുറേക്കൂടി മാറ്റം വരുത്തണം. ഒരുകാര്യംകൂടി, പോലീസ് ട്രെയിനിംഗ് കഴിഞ്ഞ് വന്നൊരാളെ നിങ്ങൾ ഡ്യൂട്ടിക്ക് ഇട്ടാൽ അവിടെയാണ് ലാത്തിച്ചാർജ്ജും അടിയും കൂടുതലുണ്ടാകുന്നത്. കാരണം അവർക്ക് ഇത് പ്രയോഗിക്കാൻ അവസരം വേണ്ടേ? നേരെമറിച്ച് ട്രെയിനിംഗിൽ കുറേക്കൂടി മാറ്റം ഉണ്ടാകണം. 1857-ൽ വിക്ടോറിയ മഹാറാണിയുടെ വിളംബരം കഴിഞ്ഞയുടനെ ഒരു പോലീസ് നിയമം വന്നു. ആ നിയമത്തിൽനിന്നാണ് പിന്നീടുള്ള നിയമങ്ങളൊക്കെ വന്നത്. അന്ന് നമ്മുടെ രാജ്യത്തുണ്ടായ ശിപായി ലഹളയെ അടിച്ചൊതുക്കാൻവേണ്ടി ബ്രിട്ടീഷുകാരുണ്ടാക്കിയ ഒരു നിയമത്തിൽനിന്നാണ് ചില കാര്യങ്ങളൊക്കെ വന്നത്. അതിന്റെ ഒരു ഭാഗം ഇപ്പോഴും നമ്മുടെ നിയമത്തിലുണ്ട്. ചിലത് വേണ്ടിവരും. വേണ്ട എന്ന് എനിക്ക് അഭിപ്രായമില്ല. ആ കൺസപ്റ്റിൽനിന്ന് പൂർണ്ണമായി ഇതിനെ മാറ്റാൻ നമുക്ക് സാധിച്ചിട്ടില്ല. കുറെയൊക്കെ കമ്മ്യൂണിറ്റി പോലീസിംഗ് കൊണ്ടു സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. അതൊരു നല്ല പരിപാടിയായിത്തന്നെയാണ് എനിക്ക് തോന്നുന്നത്. കമ്മ്യൂണിറ്റി പോലീസിംഗ് കൊണ്ട് കുറേ കാര്യങ്ങളൊക്കെ നടക്കുമെന്നാലും നിഷ്പക്ഷമായി കാര്യങ്ങൾ ചെയ്യാനുള്ള ഒരു തയ്യാറെടുപ്പ് രാഷ്ട്രീയക്കാരും പ്രത്യേകിച്ച് ഭരണകക്ഷിക്കാരും ആ നിലയിൽ പെരുമാറാൻ ഉദ്യോഗസ്ഥൻമാരെയും

LIBRARY ARCHIVES Kerala Legislative Assembly

ശീലിപ്പിക്കുകയാണ് ഇതിന് ഏറ്റവും ഉത്തമമായ മാർഗ്ഗമെന്നാണ് എന്റെ അഭിപ്രായം. ട്രെയിനിംഗിൽ കുറെ വ്യത്യാസം വരണം. ചില കാര്യങ്ങൾ പറയുമ്പോൾ, പോലീസിൽ കുഴപ്പക്കാരില്ലെന്ന് ഞാൻ പറയില്ല. പോലീസുകാരിൽ ധാരാളം കുഴപ്പക്കാരുണ്ട്. പക്ഷേ ഒരുകാര്യം നാം കാണേണ്ടത്, ഈ കുഴപ്പങ്ങൾ തീർക്കാനുള്ള വ്യവസ്ഥകളൊക്കെ നമുക്ക് വേണം. അവർക്കുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ നമുക്ക് സാധിക്കണം. ഓൾ ഇൻഡ്യ സർവ്വീസ് റൂൾസ് എടുത്തുനോക്കിയാൽ അതിൽ കാണുന്നത്, ഐ.എ.എസ്-കാർക്കും ഐ.പി.എസ്. കാർക്കും ഐ.എഫ്.എസ്. കാർക്കും ബാധകമായ ഓൾ ഇൻഡ്യാ സർവ്വീസ് റൂൾസിൽ പറയുന്ന കാര്യം, ഏതു വിധം ട്രെയിനിംഗ് ആണെങ്കിലും ആ ട്രെയിനിംഗ് എല്ലാം ഡ്യൂട്ടിയായിട്ടാണ് കണക്കാക്കുന്നത്. ഒരാൾക്ക് ഐ.എഫ്.എസ്. സെലക്ഷൻ കിട്ടി, ഒരാൾക്ക് ഐ.എ.എസ്. സെലക്ഷൻ കിട്ടി ആ ട്രെയിനിംഗിന് പോകുന്നത് രണ്ടുകൊല്ലമാണെങ്കിൽ ഓൾ ഇൻഡ്യാ സർവ്വീസ് റൂൾസ് അനുസരിച്ച് ആ രണ്ടു കൊല്ലം അയാൾ സർവ്വീസിലാണ്. എന്നാൽ നമ്മുടെ പാവപ്പെട്ട പോലീസുകാരെ സംബന്ധിച്ച് അത് ബാധകമല്ല. അവന്റെ ട്രെയിനിംഗ് പീരിയഡിൽ മാറ്റം വരുന്നുണ്ട്. അവന്റെ ട്രെയിനിംഗ് പീരിയഡ് ഡ്യൂട്ടിയല്ല, ഇതുവരെ ഡ്യൂട്ടിയായി കണക്കാക്കിയിരുന്നില്ല. ഇപ്പോൾ കണക്കാക്കുന്നു. അങ്ങനെ ഡ്യൂട്ടിയായി കണക്കാക്കുമ്പോൾ എന്റെ ഒരു അഭിപ്രായം ആ കാര്യത്തിലുള്ളത്, പിരിഞ്ഞ ആളുകൾക്ക് അതിന്റെ ആനുകൂല്യം കിട്ടണമെന്നുള്ളതാണ്. നിലവിലുള്ള ആളുകൾക്ക് ആനുകൂല്യം കിട്ടണ്ടേ? യാതൊരു സംശയവും എനിക്ക് ഇല്ല. പിരിഞ്ഞ ആളുകൾ കോടതിയിൽ പോയാൽ അതൊരു ഡിസ്ക്രിമിനേഷനായി കണക്കാക്കി അവർക്ക് ഇത് ലഭിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. പിരിഞ്ഞ ആളുകളോട് കോടതിയിൽ പോകാൻവേണ്ടി പറയുന്നതിനേക്കാൾ ഭേദം അവർക്കുകൂടി ഇതനുവദിച്ച്കൊടുക്കുന്നതായിരിക്കും നല്ലത്. അതുപോലെ നിലവിൽ സർവ്വീസിലുള്ള ആളുകൾക്ക് മാത്രം നൽകാതെ പുതിയ റിക്രൂട്ട്സിന് മാത്രമാണെങ്കിൽ അതൊരു ക്ലിയർ ഡിസ്ക്രിമിനേഷനാണ്. ഡിസ്ക്രിമിനേഷനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതി ധാരാളം റൂളിംഗ്സ് നൽകിയിട്ടുണ്ട്. അതുകൊണ്ട് അതുകൂടി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി ക്ലാസ് 34-നെക്കുറിച്ചാണ് എനിക്ക് ഒരു കാര്യം പറയാനുള്ളത്. ക്ലാസ് 34-ൽ പറയുന്നത് "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ രേഖാമൂലമോയോ ആംഗ്യത്തിലൂടെയോ അടയാളത്തിലൂടെയോ അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണികമോ ആയ ഉപാധികളിലൂടെയോ നൽകാവുന്നതും പ്രസ്തുത പരാതി കള്ളമാണെന്നോ പേരു വയ്ക്കാതെയുള്ളതെന്നോ പ്രകടമായും അസത്യമായതെന്നോ നിസ്സാരമെന്നോ അർത്ഥശൂന്യമെന്നോ സംശയിക്കാൻ തക്ക ന്യായമായ കാരണമില്ലാത്തപക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ അതിൻമേൽ ഉചിതമായ നിയമനടപടി എടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്" എന്നാണ്. ഒരു കാര്യം പൂർത്തിവയ്ക്കണമെന്നു ഉദ്ദേശിച്ച ഒരു പോലീസുകാരന് ഏറ്റവും സൗകര്യമായ വ്യവസ്ഥയാണ് ഇത് അദ്ദേഹത്തിന് ഉത്തരവിലുള്ളതാണ്. ഒരു ഇൻവെസ്റ്റിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പോലും നടത്താതെ, ഒരു പ്രാഥമികമായ അന്വേഷണം പോലും നടത്താതെ ഞാൻ ഇതാണ് വിശ്വസിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് ഒരു കളവ് കേസ് പൂഴ്ത്തിവയ്ക്കാൻ ഒരു ഉദ്യോഗസ്ഥൻ ശ്രമിച്ചാൽ അതിന് സംരക്ഷണം നൽകുന്ന വ്യവസ്ഥയാണ് ഇത്. അത് ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഒരു കളവ് കേസ് നടന്നു. ഒരാൾ പെറ്റീഷൻ കൊടുക്കുന്നു. കളവ് കേസിലെ പ്രതികളെ സംശയിച്ചുകൊണ്ടാണ് പറയുക. പലപ്പോഴും ആ സംശയമുള്ള ആളുകൾ വെളിയിൽവന്നുവെന്ന് വരില്ല. ചിലപ്പോൾ അവരല്ലാതെ പേര് ഇല്ലാതെ പരാതി അയച്ചേയ്ക്കും. അല്ലെങ്കിൽ ടെലിഫോണിൽ പറഞ്ഞേയ്ക്കും. അതുപോലെ കൊലക്കേസിലുണ്ടാകാം. അങ്ങനെ വരുന്ന കേസ്സുകളിൽ വേറൊരു ഉദ്യോഗസ്ഥന് തോന്നുകയാണ് ഇത് ശരിയല്ല. അതിന് ഒരു അന്വേഷണം നടത്താതെ, ഒന്നും ചെയ്യാതെ പെട്ടന്ന് അദ്ദേഹത്തിന് തോന്നുന്നു ഇത് ശരിയല്ല എന്നുപറഞ്ഞാൽ കേസ്സില്ല. അത് ശരിയാണോ സർ? അതിനും അന്വേഷണം വേണം. എന്നിട്ട് ഇത് കള്ള അന്യായമാണെന്ന് റെക്കോർഡ് ചെയ്യണം. അത് അദ്ദേഹത്തിന്റെ ഡ്യൂട്ടിയായി കണക്കാക്കണം. അതല്ലെങ്കിൽ വലിയ റിയാക്ഷനുണ്ടാക്കും 34-ാം വകുപ്പ് എന്നാണ് എന്റെ പക്ഷം. അതുപോലെ തന്നെ ക്ലാസ് 50- ഒരു പ്രതിയെ കസ്റ്റഡിയിലെടുത്താൽ ആ പ്രതിയെ ഭരണഘടനയുടെ 154-ാം ആർട്ടിക്കിൾ അനുസരിച്ച് ആ പ്രതിയെ നമ്മൾ 24 മണിക്കൂർ കൊണ്ട് കോടതിയുടെ മുമ്പിൽ ഹാജരാക്കണം. നിയമം അതാണ്. ആ പ്രതിയെ 24 മണിക്കൂർ കൊണ്ട് കോടതിയിൽ ഹാജരാക്കണം. ഒരേ കേസ്സിന്റെ പരാതി കിട്ടിയാൽ നമ്മുടെ നിയമം എന്താണ്. അത് ബ്രിട്ടീഷുകാർ ഉണ്ടാക്കിയതാണെങ്കിലും നല്ല നിയമം തന്നെ. 24 മണിക്കൂർകൊണ്ട് എഫ്.ഐ.ആർ. കോടതിയിൽ എത്തിക്കണം. പിന്നെ മാനിപ്പുലേറ്റ് ചെയ്യാൻ സൗകര്യം കിട്ടരുത്. അതാണല്ലോ അതിന്റെ ഉദ്ദേശം. അതുപോലെ ഒരു പ്രതിയെ കിട്ടിക്കഴിഞ്ഞാൽ 24 മണിക്കൂർ കൊണ്ട് അദ്ദേഹത്തിനെ കോടതിയുടെ മുമ്പാകെ ഹാജരാക്കണം, മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കണം. നിലവിലുള്ള നിയമമാണ്. ഇതിൽ വന്നിട്ടുള്ളത് എന്താണ്, 50-ാം വകുപ്പിൽ വന്നിട്ടുള്ളത് എന്താണ്? 50-ാം വകുപ്പിൽ പറയുന്നത് അങ്ങനെയുള്ള ഒരു കേസ് വന്നുകഴിഞ്ഞാൽ, ഒരാൾ രോഗിയാണ് എന്നുമനസ്സിലാക്കിക്കഴിഞ്ഞാൽ അദ്ദേഹത്തിനെ "ശാരീരികമായി പരിക്കേറ്റ സ്ഥിതിയിൽ ഏതെങ്കിലും ആളിനെ പോലീസ് കസ്റ്റഡിയിൽ എടുക്കുമ്പോഴോ ഒരു പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ ബലപ്രയോഗം കൊണ്ട് ശരീരത്തിൽ പരിക്കേറ്റ ആൾ പരിക്കിനെപ്പറ്റി പരാതിപ്പെടുമ്പോഴോ പരിക്കു പറ്റിയ കാര്യം പോലീസ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുമ്പോഴോ അത്തരം ആളെ ഏറ്റവും അടുത്തുള്ള യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടുപോകേണ്ടതും ആ മെഡിക്കൽ പ്രാക്ടീഷണർ പരിക്കിനെപ്പറ്റിയും അത് എങ്ങനെ സംഭവിച്ചുവെന്നും ആരാഞ്ഞറിഞ്ഞ് രേഖപ്പെടുത്തേണ്ടതാണ്." 24 മണിക്കൂറുകൊണ്ട് അദ്ദേഹത്തെ മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കണമെന്നുള്ള കേന്ദ്ര നിയമത്തിന് കടകവിരുദ്ധമായൊരു വകുപ്പാണ് ഇത്. അങ്ങനെ ഒരു വകുപ്പ് ഉൾപ്പെടുത്തി ഒരു ലെജിസ്ലേഷനുണ്ടാക്കാൻ ഭരണഘടനാപ്രകാരം ഈ സ്റ്റേറ്റ് ലെജിസ്ലേച്ചർ കോംപീറ്റന്റ് അല്ല. ആർട്ടിക്കിൾ 251, ആർട്ടിക്കിൾ 254 ഇത് രണ്ടും അനുസരിച്ച് സ്റ്റേറ്റ് ലെജിസ്ലേച്ചർ കോംപീറ്റന്റ് അല്ല. അത് ഭരണഘടനാവിരുദ്ധമായിട്ടുള്ളതാണ്. സെൻട്രൽ ആക്ടാണെങ്കിലും ......

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, 50-ൽത്തന്നെ (i) (ii) തുടർച്ച വരുമ്പോൾ മജിസ്ട്രേറ്റിന് മുമ്പിൽ ഹാജരാക്കേണ്ടതും റെസീപ്റ്റ് വാങ്ങിക്കേണ്ടതാണെന്നും ചേർത്തിട്ടുണ്ടല്ലോ. അപ്പോൾ വേറൊരിടത്തുകൊണ്ടു പോകണമെന്ന് അധീഷണൽ...(തടസ്സം)......

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, മനസ്സിലായി ...(തടസ്സം)...ആ ആർട്ടിക്കിൾ പരിക്കേറ്റ ആളെ ഒരു മജിസ്ട്രേറ്റ് മുമ്പാകെ കൊണ്ടുപോകുന്നതിന് അയാളുടെ ആരോഗ്യാവസ്ഥ അനുവദിക്കുമെങ്കിൽ...... അല്ലെങ്കിൽ വേണ്ട. അത് ആരാണ് തീരുമാനിക്കുന്നത്? ഈ അറസ്റ്റ് ചെയ്യുന്ന ആളാണ് തീരുമാനിക്കുന്നത്. അങ്ങനെയാണെങ്കിൽ മതി അല്ലെങ്കിൽ വേണ്ട ...(തടസ്സം)... മനസ്സിലായോ? ഈ ആളെ അറസ്റ്റ് ചെയ്താൽ പോലീസ് നല്ല നാലെണ്ണം കൊടുത്തു. നല്ല പരിക്കാണ്. നല്ല പരിക്ക്.... ആ പരിക്കുള്ള ആളെ ആശുപത്രിയിൽ കൊണ്ടുപോകണ്ട. അതും ഗവൺമെന്റ് ആശുപത്രിയിൽ വേണ്ട. ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പിൽ കൊണ്ടുപോയാൽ മതി. ഈ പോലീസുകാരൻ പറയുന്നതുകേൾക്കുന്ന മെഡിക്കൽ ഓഫീസറാണെങ്കിലോ? ..... ഞാൻ ഇവിടെ പറയുന്നത് ഒരാൾ അങ്ങനെ മരണപ്പെടുന്ന ആളാണ്, അങ്ങനെയുള്ളൊരു ഭയപ്പാട് ഉണ്ടെങ്കിൽ ഞാൻ ഒന്നേ പറയുന്നുള്ളൂ. ....(തടസ്സം).......... അതെ. അതായിക്കോട്ടെ. എന്റെ മുഴുവൻ പ്രസംഗവും കേട്ടിട്ട് ശ്രീ. എ. കെ. ശശീന്ദ്രൻ പറയുക. അങ്ങനെയൊരു വകുപ്പ് 154-ൽ ഇല്ലന്നേ. അത് സെൻട്രൽ ആക്ടിലാണ് ഉള്ളത്. അതിന് വിരുദ്ധമായിട്ടാണ് ഇത്. എന്നുമാത്രമല്ല വേറൊരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. ഇനി അങ്ങനെ ഒരാൾ മരിക്കാൻപോകുകയാണെന്നുള്ളതാണെങ്കിൽ ഡോക്ടറെ കാണിച്ചോട്ടെ. ഞാൻ എതിരല്ല. Immediate ആയി.......... മജിസ്ട്രേറ്റിനെ വിവരം അറിയിക്കണം. Immediately, not within 24 hours. ......(തടസ്സം).... within hours. എന്നാൽത്തന്നെ അധികാരമില്ല. കോംപീറ്റൻസി ഇല്ല എന്നാണ് എന്റെ പക്ഷം. എന്നാൽത്തന്നെ കോംപീറ്റൻസിയില്ല. ആർട്ടിക്കിൾ 251-ഉം ആർട്ടിക്കിൾ 254 -ഉം അനുസരിച്ച് കോംപീറ്റൻസി ഇല്ല. അങ്ങനെ വച്ചാൽപോലും സ്റ്റേറ്റ് ലെജിസ്ലേച്ചറിന് കോംപീറ്റൻസി ഇല്ല എന്നാണ് എന്റെ പക്ഷം. ഏതായാലും ഞാൻ അത് വിടുന്നു. അത് വാസ്തവത്തിൽ വലിയ പ്രത്യാഘാതമുണ്ടാക്കുന്ന ഒന്നാണ് എന്നുമാത്രമല്ല ഈ പറയുന്ന കസ്റ്റഡി മരണങ്ങൾക്ക്, കസ്റ്റഡിയിൽ വച്ച് ആളുകളെ ദ്രോഹിക്കുന്നതിന് ഏറ്റവും വലിയ സൗകര്യമായിരിക്കും അതെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് സ്റ്റേറ്റ് ലെജിസ്ലേച്ചറിന്റെ കോംപീറ്റൻസി സംബന്ധിച്ചുതന്നെ എനിക്ക് അഭിപ്രായമില്ല. അതുകൊണ്ട് ആ കാര്യം പരിഗണിക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. വി. ഡി. സതീശനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ.സി. ജോസഫുമൊക്കെ കാര്യങ്ങൾ പറഞ്ഞു. അതൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ക്ലോസ്-96 (3) .... 'അപ്രകാരം അറിയിച്ചില്ല എന്ന ഒറ്റക്കാരണത്താൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ പ്രസ്തുത അഴിമതി യിലോ പീഡനത്തിലോ പങ്കാളിയായോ സംരക്ഷകനായോ സഹായിയായോ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുവെന്ന് കരുതപ്പെടാൻ പാടുള്ളതല്ല്' ഒരു പൊലീസുകാരന്റെ മുൻപിൽ വച്ച് ഒരു പോലീസ് ഓഫീസർ ഒരു പ്രതിയെ കസ്റ്റഡിയിൽ വച്ച് മർദ്ദിച്ച് അവശനാക്കിക്കഴിഞ്ഞാൽ ആ അവശനാക്കിയ കാര്യം അദ്ദേഹം അറിയിച്ചില്ലെങ്കിൽ അദ്ദേഹം അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥരെ അറിയിച്ചില്ലെങ്കിൽ അത് ഒരു അച്ചടക്ക ലംഘനമായി കണക്കാക്കാൻ കഴിയില്ല. എന്നുപറഞ്ഞാൽ ഒരു യഥാർത്ഥ സാക്ഷിയെ ഒഴിവാക്കാൻ വേണ്ടി ഒരു വകുപ്പുണ്ടാക്കുന്നു എന്നല്ലേ അതിന്റെ അർത്ഥം. അത് ഇയാളുടെ ഡ്യൂട്ടിയായി കണക്കാക്കണം. ഒരു പൊലീസ് കോൺസ്റ്റബിളിന്റെ മുൻപിൽ വച്ച് അല്ലെങ്കിൽ ഒരു എസ്.ഐ.-യുടെ മുൻപിൽ വച്ച് സർക്കിൾ ഇൻസ്പെക്ടറോ. ഡിവൈ.എസ്.പി.-യോ എസ്.പി.-യോ ഒരു പ്രതിയെ മർദ്ദിക്കുന്നു, ആ പ്രതി അതോടുകൂടി പരിക്കേൽക്കുന്നു. ചിലപ്പോൾ മരിക്കുന്നു. ആ വിവരം മേലുദ്യോഗസ്ഥരെ അറിയിക്കാനുള്ള ബാധ്യത ഈ എസ്.ഐ.-ക്ക് ഇല്ല എന്നു വന്നാൽ അതിന്റെ അർത്ഥമെന്താണ്? യഥാർത്ഥത്തിലുള്ള സാക്ഷിയെ ഒഴിവാക്കാൻ ഈ വകുപ്പ് കൂട്ടുനിൽക്കുന്നു. യഥാർത്ഥത്തിൽ ആ എസ്ഐ. ആണ് പറയേണ്ടത് അല്ലെങ്കിൽ അവിടെയുള്ള പോലീസുകാരാണ് പറയേണ്ടത്. അത് അവരുടെ ഡ്യൂട്ടിയാണ് ഇന്നയാളാണ് മർദ്ദിച്ചത്, അയാളുടെ മർദ്ദനം കൊണ്ടാണ് അത് സംഭവിച്ചത് എന്ന് പറയാനുള്ള ബാധ്യതയിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കുന്നു. മർദ്ദകനായ പോലീസ് ഓഫീസറെ സഹായിക്കാനുള്ള ഒരു വ്യവസ്ഥയാണ് ഇത്. ഈ വ്യവസ്ഥ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. അത് ഒരിക്കലും ശരിയല്ല. എന്നുമാത്രമല്ല അത് യഥാർത്ഥത്തിൽ ഏറ്റവും തെറ്റായ ഒരു വ്യവസ്ഥയാണ്. അത് ഒരിക്കലും അംഗീകരിക്കപ്പെടാൻ പാടില്ലാത്തതാണ് എന്നാണ് എന്റെ പക്ഷം. അത് നമ്മുടെ സെൻട്രൽ ആക്ടിന് എതിരായിട്ടുള്ള വ്യവസ്ഥയാണ്. ഐ.പി.സി.-ക്ക്പോലും എതിരാണെന്നാണ് എന്റെ പക്ഷം. യഥാർത്ഥ സാക്ഷിയെ ഒഴിവാക്കാൻ വേണ്ടിയുള്ള വകുപ്പുണ്ടാക്കുകയാണ് ചെയ്യുന്നത്. അത് ഒരിക്കലും ശരിയാകില്ല. അതു കൊണ്ട് ആ വകുപ്പ് പൂർണ്ണമായും ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്ന് മാത്രമല്ല, ഇത് അദ്ദേഹത്തിന്റെ ബാധ്യതയായി കണക്കാക്കണം. അത് ചെയ്തില്ല എങ്കിൽ അദ്ദേഹംപോലും ആ കേസ്സിൽ പ്രതിയായി കണക്കാക്കുകയാണ് വേണ്ടത്. അതിനുള്ള വ്യവസ്ഥയാണ് അതിൽ വേണ്ടത്. അയാൾ അങ്ങനെ ചെയ്താൽ അയാളെ കോ-അക്യൂസ്ഡ് ആയിട്ട് കൊണ്ടുവരണം. ഇത്രയും കാര്യങ്ങളേ എനിക്ക് പറയാനുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതൊന്നും ആവർത്തിക്കുന്നില്ല. 1960-ന് ശേഷം പി.ടി. ചാക്കോയ്ക്ക് ശേഷം ഇതുപോലെ ഒരു ബിൽ കൊണ്ടുവന്നു. കുറേ അപാകതകൾ ഇനിയുമുണ്ട്. എന്നാലും ഇത് നല്ല ഒരു സംരംഭമായി ഞാൻ കാണുന്നു. ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. പി. ജയരാജൻ) : സർ. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ കേരള സംസ്ഥാനം മാതൃകാപരമായിട്ടുള്ള പല നിയമനിർമ്മാണങ്ങളും നടത്തിയ സംസ്ഥാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ നിലയിൽ ഇൻഡ്യയ്ക്ക് തന്നെ മാതൃകയായിട്ടുള്ള നിയമനിർമ്മാണ പ്രക്രിയയിലാണ് ഈ സഭ ഏർപ്പെട്ടിട്ടുള്ളത്. നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ പോലീസ് എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്ന ദിശാബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പുതിയ ബിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ രൂപപ്പെട്ടിട്ടുള്ളത്. ഇവിടെ നേരത്തെ ശ്രീ. വി.ഡി. സതീശൻ എം.എൽ.എ. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ജനാധിപത്യ വ്യവസ്ഥയിലെ പോലീസ് .സംവിധാനം എങ്ങനെയായിരിക്കണം എന്നതാണ് ഈ ബിൽ പരിഗണിക്കുന്ന അവസരത്തിൽ നമ്മുടെയൊക്കെ മുൻപിലുണ്ടാവേണ്ടത്. ജനാധിപത്യ വ്യവസ്ഥയിൽ പൂർണ്ണമായി അതിന്റെ തത്വങ്ങൾ നടപ്പിലാക്കുന്ന സ്ഥിതിയല്ല ഈ രാജ്യത്തുള്ളത് എന്ന് നാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായിട്ടുള്ള സമ്പന്ന വർഗ്ഗങ്ങൾ ജനാധിപത്യ വ്യവസ്ഥയുടെ സത്ത തന്നെ തകർക്കാനുള്ള നടപടികളാണ് ഇൻഡ്യാ രാജ്യത്ത് കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്. ഇന്ന് ദേശീയ രംഗത്ത് ഉയർന്നുവന്നിട്ടുള്ള ഭീമമായിട്ടുള്ള അഴിമതി, കുംഭകോണം അവയിലൂടെ വരുന്ന വലിയ പണം അത് ജനാധിപത്യ വ്യവസ്ഥയ്ക്കുതന്നെ, അതിന്റെ വേരുതന്നെ പിഴുതുമാറ്റിക്കൊണ്ടിരിക്കുകയാണ്. ഈയിടെ ഐ.എം.എഫ്-ന്റെ മുൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. കാർ-ന്റെ നേതൃത്വത്തിൽ ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി എന്നു പറയുന്ന ഒരു സംഘടന നടത്തിയ പഠന റിപ്പോർട്ട് പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. അതിൽപ്പറയുന്നത്, 1948-ന് ശേഷം 2008-വരെ ഈ രാജ്യത്തെ നിയമവിരുദ്ധമായ പണസമാഹരണം എങ്ങനെ വിദേശത്തേയ്ക്ക് പോയി എന്നതാണ്, ആ ജനാധിപത്യ വ്യവസ്ഥയിൽ നിയമവിരുദ്ധമായ സമ്പത്തിന്റെ രൂപീകരണം എങ്ങനെ പ്രയോഗിച്ചുവെന്നുള്ളതാണ് ആ സംഘടന നടത്തിയ പഠന റിപ്പോർട്ടിൽ പറയുന്നത്. അതനുസരിച്ച് 2000-നും 2008-നുമിടയിൽ അഞ്ചുലക്ഷത്തിഎഴുപതിനായിരം കോടി രൂപ, നിയമവിരുദ്ധമായ പണം വിദേശത്തേയ്ക്ക് പോയിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത് അത് കള്ളപ്പണമാണ്. അങ്ങനെ വിദേശത്തേയ്ക്ക് പോകുക മാത്രമല്ല ചെയ്യുന്നത്. വിദേശത്തെ സ്വകാര്യ ബാങ്കുകളിൽ ആരുടെ നിക്ഷേപമാണെന്ന് അറിയാതെ നിക്ഷേപിക്കുന്ന ഈ നിയമവിരുദ്ധമായിട്ടുള്ള പണം രാജ്യത്തെ വോട്ടർമാരുടെ വോട്ട് വിലയ്ക്ക് വാങ്ങാനടക്കം ഉപയോഗിക്കുകയാണ്, രാഷ്ട്രീയ പാർട്ടികളെ വിലയ്ക്ക് വാങ്ങാൻ ഉപയോഗിക്കുകയാണ്, ഗവൺമെന്റിന്റെ നയരൂപീകരണം ഇന്നതായിരിക്കണമെന്ന് കൽപ്പിക്കാൻ വേണ്ടി ഉപയോഗിക്കുകയാണ്. രൂപീകരിക്കപ്പെടുന്ന മന്ത്രിസഭയിൽ, സംസ്ഥാന മന്ത്രിസഭയിൽ മന്ത്രിമാരുടെ തീരുമാനം എടുക്കേണ്ടത് മുഖ്യമന്ത്രിയാണ്, കേന്ദ്രമന്ത്രിമാരെ തീരുമാനിക്കുന്നത് ഭരണഘടനാപരമായി പ്രധാനമന്ത്രിയാണ്. പക്ഷെ പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ അല്ല. ഈ അഴിമതിപ്പണം മന്ത്രിമാരെ നിശ്ചയിക്കുന്ന നിലയ്ക്കാണ് ഈ രാജ്യത്തെ സ്ഥിതിഗതികൾ വന്നിട്ടുള്ളത്. അപ്പോൾ ഭരണഘടനയും നിയമങ്ങളും ഉണ്ടായതുകൊണ്ട് കാര്യമില്ല. ജനാധിപത്യ വ്യവസ്ഥ അർത്ഥപൂർണ്ണമാകണമെങ്കിൽ ഇത്തരത്തിലുള്ള ജനാധിപത്യ വ്യവസ്ഥയുടെ വേരുതന്നെ പിഴുതെടുക്കുന്ന പണാധിപത്യം ഇല്ലാതാകണം. ജനാധിപത്യ വ്യവസ്ഥയിൽ ഒരു പോലീസ് നിയമ പരിഷ്ക്കരണത്തെക്കുറിച്ച് നമ്മൾ ആലോചിക്കുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ വ്യവസ്ഥയുടെ സത്ത തന്നെ തകർക്കുന്ന നിലയ്ക്ക് ഇൻഡ്യയിലെ വൻകിട കോർപ്പറേറ്റുകൾ രാജ്യത്തെ രാഷ്ട്രീയ വ്യവസ്ഥയിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ഇപ്പോൾ പുറത്തുവന്നിട്ടുള്ള റാഡിയ ടേപ്പുണ്ടല്ലോ, ആ നീര റാഡിയ എന്നു പറയുന്ന അധികാര ദല്ലാളിനോട് ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തകയായിട്ടുള്ള, കോർപ്പറേറ്റ് ആയിട്ടുള്ള അനിൽ അംബാനി ഫോണിലൂടെ പറയുകയാണ്, 'സോണിയയുടെ കാര്യം ഞാൻ ഏറ്റു' എന്ന്. കോൺഗ്രസ്സ് എന്റെ വാണിജ്യശാലയല്ലേ.. പുറത്തുവന്നിട്ടുള്ള റാഡിയ ടേപ്പിലുള്ളതാണ്. ദേശീയ രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. അപ്പോൾ ഗവൺമെന്റിന്റെ നയം തീരുമാനിക്കുന്നത് കോർപ്പറേറ്റുകൾ, മന്ത്രിമാരെ തിരുമാനിക്കുന്നത് കോർപ്പറേറ്റുകൾ, ഇവിടെ സാധാരണ ഒരു പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറെ അവിടത്തെ സമ്പന്ന പ്രമാണിമാർ ഏത് ഭരണം വന്നുകഴിഞ്ഞാലും സ്വാധീനിക്കുന്നു. ഞാൻ ബില്ലുമായി ബന്ധപ്പെട്ട കാര്യം എന്ന് പറഞ്ഞത് അതാണ്. അപ്പോൾ ജനാധിപത്യ വ്യവസ്ഥയുടെ സത്തയെത്തന്നെ തകർക്കുന്ന തരത്തിലുള്ള പണാധിപത്യമാണ് ഇവിടെ നടക്കുന്നത്. നമ്മുടെ രാജ്യത്തെ ഭരണഘടനയെയും നിയമങ്ങളെയും അതിലെ വ്യവസ്ഥകളെയുമൊക്കെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. പോലീസ് എന്നു പറയുന്നത് ഒരു മർദ്ദന സംവിധാനമാണ്. അടിച്ചമർത്തലിന്റെ ഉപകരണമായിട്ടാണ് പോലീസ് രൂപപ്പെട്ടത്. പക്ഷേ ആ അടിച്ചമർത്തലിന്റെ ഉപകരണത്തിൽത്തന്നെ പാർലമെന്ററി ജനാധിപത്യ വ്യവസ്ഥ ജനങ്ങൾക്കു നൽകുന്ന അവകാശങ്ങൾ ഉപയോഗിച്ചുകൊണ്ട് പരാമവധി ജനങ്ങൾക്ക് ഇടപെടാൻ കഴിയും. അതിന്റെ ഏറ്റവും വലിയ തെളിവാണ് നമ്മുടെ കേരളത്തിൽ വന്നിട്ടുള്ള ഈ പുതിയ ബിൽ. ബഹുമാനപ്പെട്ട മന്ത്രി സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സഹിതം ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞല്ലോ, സ്വാതന്ത്ര്യത്തിന് ശേഷം ബ്രിട്ടീഷ് ഗവൺമെന്റുണ്ടാക്കിയ പോലീസ് നിയമപരിഷ്ക്കരണത്തിനുവേണ്ടി നടത്തിയ വിവിധങ്ങളായ കാര്യങ്ങൾ പറഞ്ഞല്ലോ. അടിയന്തിരാവസ്ഥയ്ക്കു ശേഷം അടിയന്തിരാവസ്ഥയിലെ അതിക്രമങ്ങൾ രാജ്യത്തിലെ ജനപ്രതിനിധികളിലും രാഷ്ട്രീയപ്രസ്ഥാനങ്ങളിലും സമൂഹത്തിലുമുണ്ടാക്കിയിട്ടുള്ള പ്രതികരണങ്ങളെതുടർന്ന് ധർമ്മവീര കമ്മീഷൻ രൂപീകരിച്ചു. യാതൊരു ഫലവുമുണ്ടായില്ല, മാറ്റങ്ങളുമുണ്ടായില്ല. സുപ്രീം കോടതി കേസ് പരിഗണിച്ചു. ആ സുപ്രീം കോടതിയുടെ പ്രകാശ് സിംഗ് കേസിൽ വ്യക്തമായിട്ടുള്ള വിധി പറഞ്ഞു. ആ വിധി വന്നിട്ട് എത്ര കാലമായി? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുൻകയ്യെടുത്തുകൊണ്ട് പോലീസ് നിയമം പരിഷ്ക്കരിക്കാനുള്ള ഒരു വലിയ പരിശ്രമത്തിലാണ് ഏർപ്പെട്ടിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഈ പുതിയ ബിൽ വന്നിട്ടുള്ളത്. ഇവിടെ ഭരണഘടനയുടെയും നിയമങ്ങളുടെയും കാര്യങ്ങളൊക്കെ നമ്മൾ പറയുന്നുണ്ട്. ഭരണഘടനയിൽ പൗരന്റെ അവകാശങ്ങൾ പറഞ്ഞിട്ടുണ്ട്. നിയമങ്ങളിൽ അവ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ ഭരണഘടന ലംഘനം, നിയമങ്ങളുടെ ലംഘനം രാജ്യത്ത് ഘോഷയാത്രയായി നടന്നിട്ടുള്ള അനുഭവങ്ങളും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിലുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശം ലംഘിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട അവസരമായിരുന്നു അടിയന്തിരാവസ്ഥയുടെ കാലം. ആ അടിയന്തിരാവസ്ഥയുടെ കാലത്ത് നടന്നിട്ടുള്ള നിരവധി പോലീസ് അതിക്രമങ്ങൾ രാജ്യത്തുടനീളവും കേരളത്തിലും നടക്കുകയുണ്ടായി. കേരളത്തിൽ നടന്നിട്ടുള്ള അത്തരം നിഷ്ഠൂരമായിട്ടുള്ള കൃത്യങ്ങൾ, പോലീസ് ലോക്കപ്പുകളിൽ നിരപരാധികളായിട്ടുള്ള ആളുകൾപോലും കൊല്ലപ്പെട്ട സംഭവങ്ങൾ, ഈ രാജ്യത്ത് വലിയ കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. അതിന്റെയെല്ലാം ഫലമായിട്ടാണ് നിലവിലുള്ള പോലീസ് സംവിധാനം, പോലീസ് നിയമങ്ങൾ പരിഷ്ക്കരിക്കണമെന്നുള്ള ചിന്ത രാജ്യത്ത് ശക്തിപ്പെട്ടത്. നക്സലൈറ്റായിരുന്ന വർഗ്ഗീസിനെ വെടിവച്ചുകൊന്ന കേസിൽ അന്നത്തെ പോലീസുദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ടത് ഈയിടെയാണ്. ഇവിടെ രാഷ്ട്രീയ വിമുക്തമായിട്ടുള്ള പോലീസ് സംവിധാനത്തെക്കുറിച്ചൊക്കെ നമ്മളിങ്ങനെ ഘോരഘോരം പ്രസംഗിക്കുന്നു. യഥാർത്ഥത്തിൽ ഈ ശിക്ഷിക്കപ്പെട്ട ലക്ഷ്മണയുൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ മാത്രമായിരുന്നോ വർഗ്ഗീസിനെ പിടികൂടി പിടിച്ചുകൊല്ലാൻ നേതൃത്വം കൊടുത്തത്? രാഷ്ട്രീയ നേതൃത്വത്തിന് വല്ല പങ്കുമുണ്ടോയെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. പക്ഷെ ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. അപ്പോൾ നക്സലൈറ്റുകളെ അടിച്ചമർത്തുന്നതിന്റെ പേരിൽ രാജ്യത്തെ ഭരണഘടനയും നിയമങ്ങളും ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള ഭരണം ഈ കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അതൊന്ന് ഓർമ്മിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. അതുപോലെതന്നെയാണ് ഈച്ചരവാര്യരുടെ മകൻ രാജന്റെ സംഭവം. ആ രാജന്റെ മൃതദേഹംപോലും കിട്ടിയിട്ടില്ലല്ലോ? ഈ കേരളത്തിലല്ലേ അത് നടന്നത്? അപ്പോൾ ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് നമ്മൾ ഘോരഘോരം പ്രസംഗിച്ചിട്ടെന്താണ് കാര്യം? ആ പ്രസംഗത്തിന് വിരുദ്ധമായ പ്രവർത്തനമാണ് ഇന്ത്യയിലും കേരളത്തിലും നടന്നത് എന്നതാണ് ഞാനിവിടെ ഓർമ്മിപ്പിക്കുന്നത്. നിയമങ്ങളുടെ ദുരുപയോഗം പറയുമ്പോൾ നിങ്ങൾക്കറിയാം, TADA. TADA എന്നു പറയുന്നത് എന്താണ്? വിദേശ ശക്തികളുടെ സഹായത്തോടുകൂടി രാജ്യത്തിനകത്ത് വിധ്വംസക പ്രവർത്തനം നടത്തുന്ന ശക്തികളെ നേരിടാൻ വേണ്ടിയാണ് ഭീകരപ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ഒരു നിയമം രാജ്യത്ത് നടപ്പാക്കപ്പെട്ടത്, പാർലമെന്റ് പാസ്സാക്കിയത്. ആ TADA കേസിലെ ഒരു പ്രതിയായിരുന്നു ഞാൻ. അത് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഈ കാര്യം പറയുന്നത്. ആ TADA എവിടെയാണ് നടപ്പാക്കിയത്; ഏത് ഗവൺമെന്റാണ് നടപ്പാക്കിയത്. കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നടപ്പാക്കിയത്. രാഷ്ട്രീയ സംഘർഷവുമായി ബന്ധപ്പെട്ട കേസിൽ ഈ TADA നിയമം പ്രയോഗിക്കാനുള്ള തീരുമാനം ആരാണ് എടുത്തത്? അന്നത്തെ നമ്മുടെ സംസ്ഥാന ഗവൺമെന്റാണ്. കണ്ണൂരിലെ ഒരു സംഘർഷവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഭീകര പ്രവർത്തകന്മാരെ തടയുന്നതിനുവേണ്ടി രാജ്യത്തിലെ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമം ഈ കേരളത്തിലെ പോലീസിനെക്കൊണ്ട് നടപ്പാക്കി. അത് ആരാണ് നടപ്പാക്കിയത്? രാഷ്ട്രീയ വിമുക്തമായിട്ടുള്ള പോലീസിനെക്കുറിച്ച് വലിയ ഘോരഘോര പ്രസംഗം നടത്തുന്ന ആളുകളാണ് ഈ TADA അനുസരിച്ചുള്ള വകുപ്പ് രാഷ്ട്രീയ സംഘർഷത്തിൽ പ്രയോഗിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി നിർദ്ദേശിച്ചിട്ടുള്ളത്. അത് ഞാനിവിടെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ ദേശീയ തലത്തിൽതന്നെ വലിയ വാർത്താ പ്രാധാന്യം നേടിയിട്ടുള്ള ഒരു കാര്യമാണല്ലോ ഛത്തീസ്ഗഢിൽ അവിടത്തെ മനുഷ്യാവകാശ പ്രവർത്തകനായ ബിനായക് സെൻ ഇപ്പോൾ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട വിഷയം. കാരണമെന്താണ്? ഛത്തീസ്ഗഢ് സംസ്ഥാനത്ത് നക്സൽ പ്രവർത്തനം നടക്കുന്നു. ആ നക്സൽ പ്രവർത്തനങ്ങളെ ഉൻമൂലനം ചെയ്യാനുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി. ആ ഉന്മൂലന പദ്ധതിയോട് വിയോജിച്ച മനുഷ്യാവകാശ പ്രവർത്തകനായിട്ടുള്ള ബിനായക് സെന്നിന് എതിരായിട്ട് കൊലക്കേസ് ചാർജ്ജ് ചെയ്തു. ഇപ്പോൾ ജീവപര്യന്തം തടവിന് ശിക്ഷിച്ചിരിക്കുകയാണ്. രാജ്യത്താകെ മനുഷ്യാവകാശ പ്രവർത്തകന്മാരുടെ ശക്തമായിട്ടുള്ള പ്രതിഷേധം ഉയർന്നുവന്നിരിക്കുകയാണ്. ഇതുപോലെതന്നെ വളരെ പ്രധാനമാണ് നമ്മുടെ രാജ്യത്ത് പല സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന വ്യാജ ഏറ്റുമുട്ടലുകൾ. നിയമമില്ലാത്തതുകൊണ്ടാണോ അതു നടക്കുന്നത്? ഈ പോലീസ് ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗമാണ് ഞാൻ. ആ സെലക്ട് കമ്മിറ്റി അംഗമെന്നുള്ള നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോടൊപ്പം ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ സന്ദർശിക്കാൻ അവസരം ലഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി തമിഴ്നാട്, ആന്ധ്രപ്രദേശ്, മുംബൈ, എന്നീ സംസ്ഥാനങ്ങളിൽ പോയി. അപ്പോൾ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് നിയമങ്ങളുടെ അവസ്ഥ, പോലീസ് സംവിധാനത്തിന്റെ സ്ഥിതി ഇതൊക്കെ പഠിക്കാൻ അവസരം ലഭിക്കുകയുണ്ടായി. അപ്പോഴാണ് നമ്മുടെ കേരളത്തിന്റെ മെച്ചം നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇവിടെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ കുറെ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ഈ നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട ഒരു പോലീസ് സംവിധാനമാണ് കേരളത്തിലുള്ളതെന്ന് അഭിമാനപൂർവ്വം നമുക്ക് പറയാൻ കഴിയണം. അത് ഭരണപക്ഷമോ പ്രതിപക്ഷമോ വ്യത്യാസമില്ലാതെ ആ കാര്യം ഉദ്ഘോഷിക്കാൻ കഴിയണം. എന്തുകൊണ്ട്? ഹൈദ്രാബാദിൽ ആന്ധ്രാ പോലീസിലെ ഡി. ജി. പി. അടക്കമുള്ള ഉദ്യോഗസ്ഥരുമായി നമ്മൾ ഇത് ചർച്ചചെയ്യുകയുണ്ടായി. മുംബൈ പോലീസിന്റെ ആസ്ഥാനത്ത് പോയും ചർച്ചചെയ്തു. അപ്പോൾ ആന്ധ്രാപ്രദേശിലെ പോലീസും മുംബൈയിലെ പോലീസും കുറ്റാന്വേഷണ കാര്യത്തിലൊക്കെ കുറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതേസമയം ഈ രണ്ട് പോലീസിനെക്കുറിച്ചുമാണ് ഏറ്റവും കൂടുതൽ ആക്ഷേപത്തിനിടയായിട്ടുള്ള ചില സംഭവങ്ങൾ നടന്നിട്ടുള്ളത്. അതെന്താണെന്ന് പറഞ്ഞാൽ വ്യാജ ഏറ്റുമുട്ടലുകളാണ്. അതായത് കുറ്റവാളികളെ ഏറ്റുമുട്ടലിൽ കൊലപ്പെടുത്തി എന്നുപറഞ്ഞുകൊണ്ട് യഥാർത്ഥത്തിൽ കസ്റ്റഡിയിലുള്ള കുറ്റവാളികളെ പിടിച്ചു കൊണ്ടുപോയി വെടിവച്ച് കൊല്ലുക. ഇതാണ് വ്യാജ ഏറ്റുമുട്ടലുകൾ. ആ വ്യാജ ഏറ്റുമുട്ടലുകളെ സംബന്ധിച്ച് ഞങ്ങൾ ചോദിച്ചു. മുംബൈ പോലീസിന്റെ ആസ്ഥാനത്ത് നടന്ന ചർച്ചയിൽ, ശ്രീ. തിരുവഞ്ചൂരും ഈ കമ്മിറ്റിയിലെ അംഗമാണ്. ആ ചോദ്യം പോലും അവരുടെ റിക്കാർഡിൽ നിന്നും ഡിലീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് കളഞ്ഞു. കേരള നിയമസഭയുടെ ഭാഗമായിട്ടുള്ള സ്റ്റാഫ് ആ ചോദ്യം രേഖപ്പെടുത്തിയെങ്കിൽ ഞങ്ങളുടെ ചർച്ച കഴിഞ്ഞപ്പോൾ മുംബൈ പോലീസിന്റെ ആസ്ഥാനത്തുനിന്നും ഡിക്റ്റേറ്റ് ചെയ്യുന്ന ജീവനക്കാരനോടുപറഞ്ഞു, ആ ചോദ്യം ഉൾപ്പെടുത്തണ്ട. ഏറ്റുമുട്ടൽ വിദഗ്ദ്ധന്മാരാണ് മഹാരാഷ്ട്രയിലെയും ആന്ധ്രാപ്രദേശിലെയും പോലീസിന്റെ ഉന്നത തലപ്പത്തിരിക്കുന്നവർ. ഇവിടെയൊക്കെ ഭരിക്കുന്നത് ആരാണ്? രാഷ്ട്രീയ നേതൃത്വത്തിന് വല്ല പങ്കുമുണ്ടോ? ഇന്ന് ഈ ഫേക്ക് എൻകൗണ്ടർ സംബന്ധിച്ച് രാജ്യത്തിൽ വലിയ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ കോൺഗ്രസ് നേതൃത്വത്തിന് എന്താണ് പറയാനുള്ളത്? മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും ആരാണ് ഭരിക്കുന്നത്? ഏറ്റവും കൂടുതൽ വ്യാജ ഏറ്റുമുട്ടലുകൾ നടക്കുന്ന സംസ്ഥാനങ്ങൾ ഇവ രണ്ടുമാണ്. അവിടെ ഏറ്റുമുട്ടൽ വിദഗ്ദ്ധന്മാരുണ്ടത്രേ. വെബ്സൈറ്റിൽ നിന്നും ഇതുസംബന്ധിച്ച് ചില വിവരണങ്ങൾ എടുത്തപ്പോൾ അതിൽ പറയുന്നത് ഫേക്ക് എൻകൗണ്ടർ സ്പെഷ്യലിസ്റ്റുകൾ ഈ സംസ്ഥാനത്തുണ്ടെന്നാണ്. ഓരോ ഉദ്യോഗസ്ഥന്റെയും പേരിന് നേരെ ഇത്ര ആളുകളെ വെടിവച്ചു കൊന്ന പോലീസ് ഉദ്യോഗസ്ഥന്മാർ, ഇതാണ് എൻകൗണ്ടർ സ്പെഷ്യലിസ്റ്റുകൾ. ഇവിടെ നമ്മുടെ ജനാധിപത്യത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്ന കോൺഗ്രസ് ഭരിക്കുന്ന ആന്ധ്രയിൽ, അതുപോലെതന്നെ മഹാരാഷ്ട്രയിൽ ഇൻസ്പെക്ടർ പ്രദീപ് ശർമ്മ, അദ്ദേഹത്തിന്റെ ബോഡി കൗണ്ട് എത്രയാണെന്ന് അറിയാമോ? 113 പേരെയാണ് വെടിവച്ച് കൊലപ്പെടുത്തിയത്. നമ്മുടെ കേരളം എത്രമാത്രം വ്യത്യസ്തമാണ്. എത്രമാത്രം ഉയർന്നിട്ടാണ് കേരളം നിൽക്കുന്നത്. അതിൽ നമ്മൾ അഭിമാനിക്കണ്ടേ? അതുപോലെതന്നെ എൻകൗണ്ടർ സ്പെഷ്യലിസ്റ്റ് ദയാ നായക്, ബോഡികൗണ്ട് 83 ആണ്, 83 ആളുകളെ വെടിവച്ചുകൊന്ന ഉദ്യോഗസ്ഥൻ, യോഗ്യൻ. പ്രഫുൽ ബോത്സ്ലേ, ബോഡി കൗണ്ട് 90, 90 ആളുകളെ വെടിവച്ചുകൊന്ന യോഗ്യൻ. ഇത് മഹാരാഷ്ട്രയിലാണ്. സച്ചിൻ... ...ബോഡികൗണ്ട് 63, രവീന്ദ്ര അങ്കറെ ബോഡികൗണ്ട് 51, ഈ ഇന്ത്യാ രാജ്യത്ത് ജനാധിപത്യത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്ന കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുള്ള ചില അനുഭവങ്ങൾ മാത്രം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അങ്ങ് പറഞ്ഞതൊക്കെ അങ്ങേക്ക് മാത്രം അറിയാവുന്ന കാര്യമാണ്. ആ കമ്മിറ്റിയിൽ ഉണ്ടായിരുന്ന ഞങ്ങൾക്ക് അറിയില്ല. ഞാൻ ഒരു കാര്യം പറയട്ടെ; അവിടെ ജയിലിലിരുന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഭീകര നേതാക്കന്മാരുണ്ട്. ദാവൂദ് ഇബ്രാഹിമിനെപ്പോലെയും ഛോട്ടാ രാജനെപ്പോലെയും ഇന്ത്യക്ക് പുറത്തുനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളുടെ ഏജന്റുമാരായി അവരുടെ എൻകൗണ്ടറിൽ പോയ ആളുകളുടെ പേരാണിത്. സത്യം പറഞ്ഞാൽ അവർക്ക് വിശിഷ്ട സേവാ മെഡലും അതിനപ്പുറവും കൊടുത്തെങ്കിൽ മാത്രമേ ഈ രാജ്യത്തെ ജനാധിപത്യം നിലനിൽക്കുകയുള്ളൂ. രാജ്യത്തെ തകർക്കാൻ, ജനാധിപത്യത്തെ തകർക്കാൻ കള്ളപ്പണം ഉണ്ടാക്കാൻ വേണ്ടി രാജ്യത്തിനുപുറത്തും രാജ്യത്തിനകത്തെ ജയിലുകളിലുമിരുന്ന് ഓപ്പറേറ്റ് ചെയ്യുന്ന അതിവിദഗ്ദ്ധരായ ഗുണ്ടാസംഘത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ അവസാനത്തെ കണ്ണിയാണ് ഈ പോകുന്നത്. അതിനകത്ത് ശ്രീ. ജയരാജൻ ദുഃഖിക്കരുതെന്ന് അവർ അന്നേരം പറഞ്ഞത് ഞാൻ ഒന്നു കൂടി ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. പി. ജയരാജൻ:</u> അതായത്, ഇന്ത്യയിലെ മനുഷ്യാവകാശ പ്രവർത്തകന്മാർ പുറത്തുകൊണ്ടുവന്ന കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. നമ്മൾ ഈ ബില്ലിലേക്ക് കടക്കുന്ന അവസരത്തിൽ, അതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഈ ബില്ലിന്റെ പ്രത്യേകത എന്താണ്? ബ്രിട്ടീഷ് ഗവൺമെന്റ് ഉണ്ടാക്കിയതും, 1960-ൽ ഇവിടെ അതനുസരിച്ച് വലിയ മാറ്റങ്ങൾ വരുത്താതെ പാസ്സാക്കിയതുമായ നിയമമാണല്ലോ ഇവിടെ പരിഷ്ക്കരിക്കുന്നത്. അങ്ങനെ പരിഷ്ക്കരിക്കുന്ന അവസരത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഒരുകാര്യം നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. അതിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരുകാര്യത്തോട് ഞാൻ യോജിക്കുന്നു. അതായത്, ഈ പറയുന്ന ഭീകരന്മാരുമായി നേരിട്ട് ഏറ്റുമുട്ടി കൊലചെയ്യപ്പെട്ടവരുണ്ട്. രക്തസാക്ഷിത്വം വരിച്ച, വീരമൃത്യുവരിച്ച പോലീസ് ഉദ്യോഗസ്ഥന്മാരുണ്ട്. അത് ഞാൻ കാണാതിരിക്കുന്നില്ല. അതേസമയം, ഈ തരത്തിലുള്ള ഏറ്റുമുട്ടൽ വിദഗ്ദ്ധന്മാരും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. ഒരു കാര്യം ഞാൻ അംഗീകരിക്കുന്നു. അതായത് മുംബൈ പോലീസ് ആസ്ഥാനത്ത് ഞങ്ങൾ ചർച്ച ചെയ്തപ്പോൾ അവിടത്തെ അധോലോക സംഘങ്ങളുമായി നേരിട്ട് ഏറ്റുമുട്ടി മരണപ്പെട്ട സംഭവങ്ങളുണ്ട്. പക്ഷേ ചില മൃഗങ്ങൾക്ക് മനുഷ്യന്റെ രക്തത്തിന്റെ രുചി അറിഞ്ഞുകഴിഞ്ഞാൽ പിന്നെ മനുഷ്യനെ ആക്രമിക്കാൻ തുടങ്ങുമല്ലോ? അതുപോലെ ഈ നിയമവിരുദ്ധ ഭീകരന്മാരുടെ അധോലോക സംഘങ്ങളെ നേരിടാനുള്ള അനുമതി കൊടുത്തപ്പോൾ പടിപടിയായി കള്ളക്കേസ് ചുമത്തിക്കൊണ്ട് പല നിലയ്ക്കുള്ള സാമ്പത്തികമായിട്ടുള്ള സ്വാധീനത്തിനു മേൽ ഈ ഉദ്യോഗസ്ഥന്മാർ നടത്തിയ നിയമവിരുദ്ധ കൃത്യങ്ങളുണ്ട്. അത് കാണാതിരിക്കുകയാണ് ശ്രീ. തിരുവഞ്ചൂർ നിർഭാഗ്യവശാൽ ചെയ്യുന്നത്.

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> ഈ വാർത്തയനുസരിച്ച്, ഭീകരവാദികളുടെ പട്ടികയിൽ ഒരു പ്രശസ്ത പത്രപ്രവർത്തകയായ ഷാഹിദയെക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഭരണാധികാരികൾക്ക് ഇഷ്ടമില്ലാത്തവരെയൊക്കെ ഇങ്ങനെ ഭീകരരുടെയും ജനാധിപത്യധ്വംസനം നടത്തുന്നവരുടെയും പട്ടികയിൽപ്പെടുത്തി ഇത്തരം ഏറ്റുമുട്ടലിൽ ഇങ്ങനെ കൊലപ്പെടുത്താം എന്നല്ലേ ഈ പറഞ്ഞതിന്റെ അർത്ഥം.

<u>ശ്രീ. പി. ജയരാജൻ:</u> അദ്ദേഹം കോൺഗ്രസ്സിന്റെ നേതാവായതുകൊണ്ട് ന്യായീകരിച്ച് ന്യായീകരിച്ച് അവിടേക്കാണ് എത്തുന്നത്. ഞാൻ പറഞ്ഞത്, ഇപ്പോൾ കേരളത്തിൽ നിങ്ങൾ......................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഷാഹിദയുടെ കേസ്സും ഈ കേസും രണ്ടും രണ്ടല്ലേ? ഷാഹിദയുടെ കേസ് അവിടത്തെ ബി.ജെ.പി. ഗവൺമെന്റ് അവർക്കെതിരായി കേസ്സ് എടുത്തതിന് ഈ കേരള സമൂഹം എല്ലാവരും ഒരു പോലെ എതിർക്കുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം എല്ലാഭാഗത്തുമുള്ള ആളുകൾ ഒരുപോലെ എതിർക്കുകയാണ്. ഒരു പത്രപ്രവർത്തകയെ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ വിട്ടുകൊടുക്കാൻ പറ്റുമോ? അതാണ്. പക്ഷെ ഈ പറയുന്നത് എന്റയർലി ഡിഫറന്റാണ്. രാജ്യദ്രോഹ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾ അവരോട് ഏറ്റുമുട്ടിയതിൽ ശ്രീ. ജയരാജൻ പറഞ്ഞ ഒരുഭാഗമുണ്ട്. ഏതാണ്? പോലീസ് മരിച്ചിട്ടുണ്ട്. അതിന്റേയൊക്കെ നമ്പർ കൂടുതലാണ്. എത്രയോ പോലീസ് സ്റ്റേഷൻ ആക്രമിച്ചു. എത്രയോ പോലീസുകാരെ കൊന്നു അതെല്ലാം നടക്കുന്നു. ആ പോലീസുകാരെന്താ ആ വീട്ടിലെ അംഗങ്ങളായതു കൊണ്ടല്ല. ഇന്ത്യയുടെ സുരക്ഷിതത്വത്തിൽ പ്രവർത്തിക്കുന്നവരാണെന്നുള്ളതു കൊണ്ടാണ് അവരെ കൊന്നത്. അപ്പോൾ ഭീകരന്മാർക്ക് അനുകൂലമായ ഒരു വാദഗതിയിലേക്ക് അങ്ങ് ഈ ചർച്ച കൊണ്ടുപോകുന്നത് ഓർഡറിലാണോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. ജയരാജൻ: ഞാൻ ലളിതമായിട്ടൊരു ചോദ്യം അങ്ങോട്ട് ചോദിക്കാം. മഹാരാഷ്ട്രയിലെയും ആന്ധ്രയിലെയും കാര്യമാണല്ലോ ഇവിടെ പറഞ്ഞ് തർക്കിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ? വർഗ്ഗീസ് ഏറ്റുമുട്ടലിലാണോ കൊല്ലപ്പെട്ടത്. വളരെ ലളിതമായിട്ടുള്ള ചോദ്യമല്ലേ? തിരുവഞ്ചൂരിനെപ്പോലെയുള്ള കോൺഗ്രസ്സ് നേതാക്കൾ മറുപടി പറയാമല്ലോ? അന്ന് കേരളം ആരാണ് ഭരിച്ചത്? അപ്പോൾ വർഗ്ഗീസിനെ ഏറ്റുമുട്ടലിലാണ് കൊലപ്പെടുത്തിയത് എന്ന് പ്രമുഖ പത്രങ്ങളിൽ വാർത്തവരുത്തിക്കുകയാണ്. അന്ന് വലിയ നിലയ്ക്കല്ലേ മലയാള മനോരമ പത്രം വാർത്തകൊടുത്തത്. ഏറ്റുമുട്ടലിന്റെ ദൃശ്യങ്ങളും അതിന്റെ സന്ദർഭങ്ങളുമൊക്കെ വിവരിച്ചുകൊണ്ട് പത്രം വാർത്ത കൊടുത്തു. യഥാർത്ഥത്തിൽ ഏറ്റുമുട്ടലായിരുന്നില്ല. പിടികൂടി അതിഭീകരമായി മർദ്ദിച്ചശേഷം വെടിവച്ച് കൊല്ലുകയായിരുന്നു. അതിന്റെ വെളിപ്പെടുത്തൽ വന്നു. അതിന് സി.ബി.ഐ. കോടതി ആ പ്രതിയെ ശിക്ഷിക്കുകയും ചെയ്തല്ലോ? ഇതുപോലെയുള്ള സംഭവങ്ങൾ ഇന്ത്യയിൽ പലയിടത്തും നടക്കുന്നു എന്നതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ പോലീസ് സംവിധാനമായാലും മറ്റ് അന്വേഷണ ഏജൻസികളായാലും ബാഹ്യമായിട്ടുള്ള സമ്മർദ്ദങ്ങൾക്ക് വിധേയമാകുന്നത് തീർച്ചയായിട്ടും നമ്മൾ തടയേണ്ടതുണ്ട്. നിയമത്തിൽ അതിന് വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ഇന്ത്യയിലെ പ്രമുഖമായിട്ടുള്ള അന്വേഷണ ഏജൻസിയാണല്ലോ സിബിഐ. ഇപ്പോൾ കേരളത്തിലെ ചില കേസ്സുകളൊക്കെ സി.ബി.ഐ.-ക്ക് വിടണമെന്നുള്ള ആവശ്യമാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. ആ സി.ബി.ഐ.-യെത്തന്നെ രാഷ്ട്രീയമായി ദുരുപയോഗം ചെയ്തിട്ടുള്ള എത്രയെത്ര അനുഭവങ്ങളുണ്ട്. ഞാൻ വിശദമായി അത്തരം കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അതേസമയം കേരളത്തിലെ ഗവൺമെന്റ് തന്നെ, കഴിഞ്ഞ ഏഴു വർഷമായി സി.ബി.ഐ.-ക്ക് വിട്ട കേസുകളുടെ അവസ്ഥയെന്താണ്? 2002-മുതൽ കഴിഞ്ഞ ഏഴു വർഷക്കാലമായി വിവിധ ജില്ലകളിലായി 33 കേസ്സുകൾ സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ അഞ്ച് കേസുകൾ സിവിൽസപ്ലൈസുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ബാക്കിയുള്ള 28 കേസ്സുകളിൽ 13 കേസ്സുകൾ സി ബി ഐ അന്വേഷണത്തിൽ ഇതുവരെ തെളിഞ്ഞിട്ടില്ല. അങ്ങനെ വിട്ട കേസുകളിൽ ഒന്നാണല്ലോ നമ്മുടെ പോൾ എം.ജോർജ് കേസ്. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസംഗിക്കുന്ന അവസരത്തിൽ വളരെ സാമർത്ഥ്യപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞൊഴിഞ്ഞു. എന്താണ് നിങ്ങൾ ആവശ്യപ്പെട്ടത്. സി.ബി.ഐ.-ക്ക് വിടണം എന്നല്ലേ? യു.ഡി.എഫ്. ആവശ്യപ്പെട്ടത് സിബിഐക്ക് വിടണമെന്നാണ്. സി.ബി.ഐ. ഇപ്പോൾ കണ്ടെത്തി കുറ്റപത്രം കൊടുത്തിരിക്കുകയാണ്. കേരള പോലീസ് അന്വേഷിച്ച് കണ്ടെത്തിയതിനപ്പുറം ഒറ്റയക്ഷരം കൂട്ടിച്ചേർക്കാൻ സിബിഐ.-യ്ക്ക് ആയില്ല എന്നുള്ളതല്ലേ വസ്തുത?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> കേരള പോലീസ് കണ്ടെടുത്ത തൊണ്ടിസാധനം 20 കിലോമീറ്റർ കിഴക്കുനിന്നാണ്. എന്നാൽ സി.ബി.ഐ. കണ്ടെടുത്ത തൊണ്ടിസാധനം സംഭവ സ്ഥലത്തുനിന്ന് എട്ട് കിലോമീറ്റർ പടിഞ്ഞാറുമാറിയാണ്. അപ്പോൾ കേരളാ പോലീസിന്റെ കണ്ടെത്തലും സി.ബി.ഐ.-യുടെ കണ്ടെത്തലും തമ്മിലുള്ള അകലം 28 കിലോമീറ്ററാണ്. കുത്താനുപയോഗിച്ച തൊണ്ടിസാധനം തെളിവായി കിട്ടിയില്ലെങ്കിൽ പിന്നെ ആ കേസുതന്നെ പോയില്ലേ? യഥാർത്ഥത്തിൽ ആ കേസ് തെളിയിക്കുവാനുള്ള സാഹചര്യത്തിൽ സി.ബി.ഐ. വന്നെത്തിയിരിക്കുകയാണ്.

<u>ശ്രീ. പി. ജയരാജൻ:</u> കേസ് പരിഗണിക്കുന്ന കോടതി വിധിക്കേണ്ട കാര്യമാണല്ലോ. അത് കോടതിക്കുതന്നെ നമുക്ക് വിട്ടുകൊടുക്കാം. നമ്മൾ രണ്ടുകൂട്ടരും വാദിച്ച് സമർത്ഥിക്കേണ്ടകാര്യമല്ല. അതേസമയം കേരളത്തിലെ പോലീസ് കണ്ടെത്തിയ പ്രതികളിൽ ഒരാളുപോലും മാറിയിട്ടുണ്ടോ? അപ്പോൾ അത്രയും സാമർത്ഥ്യപൂർവ്വം അന്വേഷിച്ച പോലീസിന്റെ നടപടിയെ തെറ്റായിട്ടുള്ള നിലയ്ക്കാണ് ദുസ്വാധീനത്തിന് വിധേയമായിട്ടാണ് എന്ന് വാദിച്ച് ഉറപ്പിച്ചതാണ് ശ്രീ. തിരുവഞ്ചൂർ. ആ നിങ്ങളാണ് അന്ന് നിയമസഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇവിടെ പോൾ എം. ജോർജ് വധകേസ്സുമായി ബന്ധപ്പെട്ടു കൊണ്ട് അടിയന്തരപ്രമേയം കൊണ്ടുവന്നിട്ട് ആ കേസ്സിലെ യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്തുകയാണെന്ന് വാദിച്ച ആളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ആ തിരുവഞ്ചൂരിനോടാണ് ഞാൻ ചോദിക്കുന്നത്. ......(ബഹളം).........ഇതെന്താണ് ഞാൻ വഴങ്ങിയിട്ടൊന്നുമില്ല, നേരത്തെ വഴങ്ങിയല്ലോ? വഴങ്ങാതെയും പ്രസംഗിക്കുന്നത് ശരിയാണോ? അപ്പോൾ ശ്രീ. തിരുവഞ്ചൂരാണ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നത്. യഥാർത്ഥ പ്രതികളെ രക്ഷിക്കുവാൻ വേണ്ടി രാഷ്ട്രീയ നേതൃത്വവും ഭരണ നേതൃത്വവും ഇടപെടുന്നുവെന്നെല്ലാം ആക്ഷേപിച്ചു. ആ തിരുവഞ്ചൂരുൾപ്പടെയുള്ളവരോടാണ് ഞാൻ ചോദിക്കുന്നത്. അതിൽ കേരളാ പോലീസ് കണ്ടെത്തിയ ഒറ്റ പ്രതിയെയും മാറ്റാൻ സി.ബി.ഐ.യുടെ സമഗ്രമായിട്ടുള്ള അന്വേഷണത്തിനും കഴിഞ്ഞോ? ഇല്ല എന്നതാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ വേറൊരു കാര്യം, ശ്രീ. തിരുവഞ്ചൂർ ഉൾപ്പെടെയുള്ള ആളുകൾ എല്ലാ അന്വേഷണത്തിനും സിബിഐ. വേണം സിബിഐ. വേണമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ? കേരളത്തിൽ നടന്നിട്ടുള്ള തീവ്രവാദപ്രവർത്തനങ്ങളെപ്പറ്റി നമ്മളെല്ലാം ഉത്ക്കണ്ഠാകുലരാണ്. തീവ്രവാദപ്രവർത്തനത്തിനെതിരായി ശക്തമായ നടപടി വേണമെന്ന അഭിപ്രായക്കാരുമാണ്. കേരളത്തിൽ നിങ്ങളുടെ ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ഒരു കമ്മീഷനാണല്ലോ മാറാട് അന്വേഷണ കമ്മീഷൻ. ജോസഫ് തോമസ് കമ്മീഷൻ.

LIBRARY ARCHIVES Kerala Legislative Assembly

ആ കമ്മീഷൻ, ഇതിന്റെ പിന്നിൽ ഒരു വൻഗൂഢാലോചനയുണ്ട്. ഇതിന്റെ പിന്നിൽ സാമ്പത്തികമായിട്ടുള്ള ഉറവിടമുണ്ട്, ഇതിനെക്കുറിച്ചെല്ലാം അന്വേഷിക്കാൻവേണ്ടി സി.ബി.ഐ.-യെ ഏൽപ്പിക്കണം എന്നാണ് ശുപാർശ ചെയ്തത്. മാറാട് കമ്മീഷന്റെ ശുപാർശയനുസരിച്ച് കേരളത്തിലെ ഗവൺമെന്റ് അത് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ട് എന്താണ് സി.ബി.ഐ. ഏറ്റെടുക്കാത്തത്? അതിന്റെ പിന്നിലുള്ള വിദേശ സാമ്പത്തിക സ്രോതസ്സ്, അതിന്റെ പിന്നിലുള്ള ഗൂഢാലോചന ഇവയെല്ലാം അന്വേഷിക്കണമെന്ന് പറഞ്ഞിട്ട് സി.ബി.ഐ. എന്താണ് അന്വേഷിക്കാത്തത്? അവിടെയാണ് സി.ബി.ഐ.-യെപ്പോലെയുള്ള അന്വേഷണ ഏജൻസിയെ കോൺഗ്രസ്സ് രാഷ്ട്രീയമായി ഉപയോഗിക്കുന്നുവെന്ന കാര്യം നമുക്ക് വെളിപ്പെടുന്നത്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ഇവിടെ സി.ബി.ഐ.-ക്കെതിരെ വളരെ വാചാലമായി സംസാരിക്കുകയാണ്. അങ്ങയുടെ കക്ഷി നേതാവായ നമ്മുടെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ 29-11-2010-ൽ ശ്രീ. ചിദംബരത്തിനയച്ച കത്തിൽ പറയുന്നത്, "Let me first of all convey my appreciation for your concerted efforts through the NIA and other agencies to seriously tackle the issues connected with terrorists and external fundings for these terrorist organizations, some of whom have been direct links in the state of Kerala". അദ്ദേഹം ആവശ്യപ്പെടുന്നത്- "In view of the above, I request you that the union of India immediately invoke the powers under Section 6 of the Lotteries Act prohibiting the sales of the lotteries being organized/sold in the name of royal Govenment of Bhutan......" ബാക്കി വായിക്കുന്നില്ല. "....... as all the violations pointed out by the Government of Kerala are to be investigated thoroughly by the CBI or NIA". കേരളത്തിന്റെ മുഖ്യമന്ത്രി, കേരളത്തിൽ നിന്ന് 80,000 കോടി തട്ടിക്കൊണ്ടുപോയ ലോട്ടറി സംഭവത്തിൽ, ഈ നടപടി പൂർത്തിയാകണമെങ്കിൽ സി. ബി. ഐ. അന്വേഷണം വേണമെന്ന് പറയുകയും അങ്ങ് സി. ബി. ഐ.-യെ ബ്ലാക്ക്മെയിൽ ചെയ്യുകയും ചെയ്യുന്നത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ശ്രീ. പി. ജയരാജൻ: ഞാൻ ഇവിടെ ലോട്ടറി കേസ് സംബന്ധിച്ച ഒരു കാര്യവും പറഞ്ഞിട്ടില്ലല്ലോ? സി. ബി. ഐ. എന്നുപറയുന്ന അന്വേഷണ ഏജൻസിയെ രാഷ്ട്രീയമായി ദുരുപയോഗം ചെയ്യുന്ന പാർട്ടിയാണ് കോൺഗ്രസ്സ്. അതിന്റെ തെളിവാണ് ഞാൻ പറയുന്നത്. സി.ബി.ഐ. എന്നുപറയുന്ന അന്വേഷണ ഏജൻസി ആകെ തെറ്റാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. അതുകൊണ്ട് .....(ബഹളം)...... ഞാൻ പറയുന്നത് കേൾക്കൂ? അതായത് കേരളത്തിലെ ഗവൺമെന്റ് സി. ബി. ഐ.-യുടെ അന്വേഷണത്തിന് ആവശ്യപ്പെട്ടല്ലോ; ഏത് കാര്യത്തിൽ? ലോട്ടറി കേസിൽ മാത്രമല്ല, മാറാട് കേസ് സി. ബി. ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് കത്ത് അയച്ചില്ലേ? നിങ്ങളുടെ ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ലോട്ടറി കേസിന്റെ കാര്യം വന്നപ്പോൾ പെട്ടെന്ന് ചാടി എഴുന്നേറ്റ് പത്രസമ്മേളനം നടത്തിയല്ലോ? കേരളത്തിൽ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സംശയം നിലനിൽക്കുന്ന സംഭവത്തിൽ നിങ്ങളുടെ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വി. എസ്. മുഖ്യമന്ത്രിയായിട്ടുള്ള ഈ ഗവൺമെന്റ് തീരുമാനിച്ച് അയച്ചല്ലോ?എന്താണ് ഇതേവരെനടപ്പാക്കാത്തത്? ലോട്ടറി കേസ് ഇപ്പോഴാണല്ലോ വന്നത്? വർഷങ്ങൾക്കുമുമ്പ് മാറാട് കേസിന്റെ സാമ്പത്തികമായിട്ടുള്ള ഉറവിടം സംബന്ധിച്ചും അതിന്റെ പിന്നിലുള്ള വലിയ ഗൂഢാലോചന സംബന്ധിച്ചും കേരളത്തിലെ ഗവൺമെന്റ് മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അയച്ചിട്ടുള്ള ആ അന്വേഷണത്തിന്റെ സ്ഥിതിയെന്തായി എന്ന് അറിയാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട കോൺഗ്രസ്സ് ബഞ്ചിനോട് ഞാൻ ഇവിടെ അഭ്യർത്ഥിച്ചിട്ടുള്ളത്. ....(ബഹളം).....അതിനാണ് മറുപടി പറയേണ്ടത്. അതിന് മറുപടി പറയാതെ മറ്റ് കാര്യങ്ങൾ പറഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല. ഇൻഡ്യയിൽ ...(ബഹളം).....ഇല്ല ഇപ്പോൾ വഴങ്ങുന്നില്ല. ഇൻഡ്യയിൽ ഏറ്റവും മികച്ച ക്രമസമാധാന നിലയുള്ള സംസ്ഥാനമാണ് കേരളം. അന്തർദ്ദേശീയതലത്തിൽത്തന്നെ ലോകത്തിൽ ഏറ്റവും സുരക്ഷിതവും സുന്ദരവുമായിട്ടുള്ള സ്ഥലങ്ങളുടെ പട്ടികകളുടെ മുൻനിരയിലാണ് കേരളമുള്ളത്. ക്രമസമാധാനപാലനത്തിന് ലഭിച്ച ദേശീയ അന്തർദ്ദേശീയ പുരസ്ക്കാരങ്ങൾ തന്നെ ഇതിന്റെ തെളിവാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക. പോയിന്റ് ഉണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്റെ പ്രധാനപ്പെട്ട ചോദ്യം ഒരു ഗവൺമെന്റിന് രണ്ട് സമീപനം പറ്റില്ല. ആ രണ്ട് സമീപനത്തിൽ ഒന്ന് സി. ബി. ഐ. അന്വേഷണത്തിനുവേണ്ടി ഒരു കേസ് നടത്തുന്നതിന് കേരള ഗവൺമെന്റ് നോക്കി. സി. ബി. ഐ. കേസെടുക്കാൻ മൂന്ന് നിബന്ധനകളാണ്.

(1) സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടാൽ സി. ബി. ഐ-യ്ക്ക് ഏറ്റെടുക്കാം.

(2) സുവോമോട്ടോ, സി. ബി. ഐ.-ക്ക് കേസെടുക്കണമെന്ന് തോന്നിയാൽ അവർക്ക കേസെടുക്കാം.

(3) സംസ്ഥാന ഗവൺമെന്റിന് അങ്ങനെ നടക്കുന്നില്ലെങ്കിൽ കോടതി വഴി ഒരുകേസ് കൊടുത്ത്കോടതിയിൽനിന്ന് സി. ബി.ഐ. അന്വേഷണത്തിന് പോകാം. എന്റെ ചോദ്യം, അങ്ങനെ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ട് സി. ബി. ഐ......

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല. ഇത് പോയിന്റ് ഓഫ് ഓർഡർ അല്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതെങ്ങനെയാണ്, റൂൾ ബുക്കിൽ ഇല്ലാത്ത പോയിന്റ് പറഞ്ഞാൽ, റൂൾ ബുക്കിലെ ഏത് പോയിന്റാണ് ഞാൻ പറയാൻ പോകുന്നത്? ഞാൻ റൂൾ ബുക്കിനകത്തെ ഏത് പോയിന്റാണ് പറയാൻ പോകുന്നത്? ചെയർ പറയുക.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ബില്ലിലേക്ക് വരിക. ബില്ലുമായി ബന്ധപ്പെട്ടത് പറയുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്നാൽ ബില്ലിൽ ചോദിക്കാം. ബില്ലിലല്ല, എനിക്ക് ജയരാജന്റെ പ്രസംഗത്തിലാണ് പ്രശ്നം. എന്റെ പ്രസംഗം ബില്ലിലല്ല. ബില്ലിൽ എന്റെ പ്രസംഗം തീർന്നു. ജയരാജന്റെ പ്രസംഗത്തിലാണ് എന്റെ ചോദ്യം. ഞാൻ ചോദിക്കുന്നു, കേരള ഗവൺമെന്റ് അങ്ങനെ സി.ബി.ഐ. -ക്ക് കൊടുക്കണമെന്ന് തീരുമാനിച്ചിട്ട് സി.ബി.ഐ. എടുത്തില്ലെങ്കിൽ നിങ്ങൾക്ക് കോടതിയെ സമീപിക്കാമല്ലോ? അഞ്ച് കൊല്ലമായിട്ടെന്തേ നിങ്ങളുടെ കൈ അനങ്ങിയില്ല. അപ്പോൾ നിങ്ങൾക്കും വേണ്ട എന്നുതന്നെയായിരുന്നു.

ശ്രീ. പി. ജയരാജൻ: അപ്പോൾ എന്റെ വാദം ശരിയാണെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് ഞങ്ങൾ രാഷ്ട്രീയമായി സി.ബി.ഐ. -യെ സ്വാധീനിച്ചിട്ട് മാറാട് കേസ് സംബന്ധിച്ച സി.ബി.ഐ. അന്വേഷണം വേണ്ട എന്ന രീതിയിൽ ഇടപെട്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ കോടതിയിൽ പൊയ്ക്കോ എന്നാണ് കോൺഗ്രസ്സിന്റെ നേതാവ് ഇവിടെ പറഞ്ഞിട്ടുള്ളത്. അത് നിർഭാഗ്യകരമാണ്. യഥാർത്ഥത്തിൽ സി.ബി.ഐ. എന്നുപറയുന്ന അന്വേഷണ ഏജൻസിയെ കോൺഗ്രസ്സ് രാഷ്ട്രീയമായി ഉപയോഗിക്കുന്നു എന്നതിന്റെ തെളിവാണ് ഇത്. കാരണമെന്താണെന്ന് പറഞ്ഞാൽ, ആ സിബിഐ അന്വേഷണം എടുത്തുകഴിഞ്ഞാൽ, അതിന്റെ ഗൂഢാലോചനയിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ കൂടെയുള്ള യു.ഡി.എഫ്.-ലെ ഒരു കക്ഷിയുടെ പ്രധാനപ്പെട്ട നേതാവ് തന്നെ പ്രതിയാകും. ആ ഭയപ്പാട് കൊണ്ട് കോൺഗ്രസ്സ് തന്നെ സിബിഐ -യെ ഉപയോഗിച്ചുകൊണ്ടാണ് ആ അന്വേഷണം ഏറ്റെടുക്കാതിരിക്കുന്നത്. കേരളത്തിലെ മെച്ചപ്പെട്ട ക്രമസമാധാനപാലനത്തിന്റെ കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. കാലഹരണപ്പെട്ട അന്വേഷണ രീതികൾ ഉപേക്ഷിച്ച് ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് ആവശ്യമായിട്ടുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയാണ് കേരളത്തിലെ പോലീസ് ചെയ്തിട്ടുള്ളത്. ഗുരുതരമായ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഗണ്യമായിട്ടുള്ള കുറവാണ് കേരളത്തിൽ ഉണ്ടായത്. ഇൻഡ്യ മുഴുവൻ തീവ്രവാദികൾ ചെറുതും വലുതുമായിട്ടുള്ള സ്ഫോടന പരമ്പരകൾ നടത്തിയപ്പോൾ നമ്മുടെ സംസ്ഥാനത്ത് അത്തരം സംഭവങ്ങൾ ഉണ്ടാകാതെ ജാഗ്രത പുലർത്തുകയുണ്ടായി. നിസ്സാരമായ വിവരങ്ങൾ പോലും കണക്കിലെടുത്താണ് ഗൗരവമായ ഈ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ കണ്ടെത്താനുള്ള നടപടികൾ കേരളത്തിലെ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. ഇൻഡ്യയിലെ ഏറ്റവും മികച്ച ക്രമസമാധാന നിലയുള്ള സംസ്ഥാനമായിട്ട് ഇൻഡ്യ ടുഡേ മാഗസിൻ തന്നെ കേരളത്തെയാണ് തെരഞ്ഞെടുത്തത്. പ്രശസ്ത ധനകാര്യ ശാസ്ത്രജ്ഞനായ വിവേക് വിഡ്രോയ് നേതൃത്വം നൽകിയ ഒരു സംഘമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ അവാർഡ് നിർണ്ണയം തന്നെ നടത്തിയത്. കമ്മ്യൂണിറ്റി പോലീസിംഗ് പ്രവർത്തനത്തിലൂടെ തീവ്രവാദ പ്രവർത്തനങ്ങൾ തടഞ്ഞതിന് ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ചീഫ് ഓഫ് പോലീസിന്റെ അന്താരാഷ്ട്ര പുരസ്കാരം തന്നെ കൊച്ചി പോലീസിന് ലഭിക്കുകയുണ്ടായി. ലോകത്തിൽ ആകെയുള്ള പോലീസ് തലവന്മാരുടെ കൂട്ടായ്മയാണ്, വസ്തുനിഷ്ഠമായ നിരവധി പരിശോധനയ്ക്കുശേഷം ആ പുരസ്കാരം പ്രഖ്യാപിച്ചത്. കേരളത്തിൽ 2009-ൽ കൊലപാതകങ്ങളുടെ എണ്ണത്തിൽ ഗണ്യമായിട്ടുള്ള കുറവുണ്ടായി. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നത് ഇതാണ്. 1991-ൽ 561-ഉം 2001-ൽ 463-ഉം 2006-ൽ 393-ഉം കൊലപാതകങ്ങൾ നടന്ന സ്ഥാനത്ത് 2009-ൽ അത് 321 ആയി കുറഞ്ഞു. ഗുരുതരമായ കുറ്റകൃത്യങ്ങളുടെ നിരക്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ തീവ്രവാദത്തെക്കുറിച്ച്, നമ്മൾ ഗൗരവമായിട്ടുള്ള പരിശോധന അർഹിക്കുന്ന ഒരു കാര്യമാണ്. സംസ്ഥാനത്ത് കുറേക്കാലമായി രഹസ്യമായി നടന്നുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ കണ്ടുപിടിച്ച് കേസ് എടുത്ത സംസ്ഥാനമാണ് കേരളം. 2006 ആഗസ്റ്റിൽ ബിനാനിപുരത്ത് നടന്ന സിമി ക്യാമ്പിനെക്കുറിച്ചും 2008 ജൂണിൽ നടന്ന വാഗമൺ ക്യാമ്പിനെക്കുറിച്ചും രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്വയം കേസെടുക്കുകയുണ്ടായി. തീവ്രവാദ കേസുകൾ ഡി.ഐ.ജി.-യുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക സംഘമാണ് അന്വേഷിക്കുന്നത്. കാശ്മീരിൽ നാല് മലയാളികൾ കൊല്ലപ്പെട്ട സംഭവത്തെ തുടർന്ന് അതിന്റെ ആസൂത്രണത്തെക്കുറിച്ച് പോലീസിന് മനസ്സിലാക്കാൻ കഴിയുകയുണ്ടായി. യഥാർത്ഥത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും തീവ്രവാദ ആക്രമണങ്ങൾ നടന്നുവെങ്കിലും കേരളം അതിൽ നിന്ന് രക്ഷപ്പെട്ട് നിൽക്കുന്നത്; അത് ആകസ്മികമായി നടന്നിട്ടുള്ള ഒന്നല്ല പോലീസിന്റെ നിരന്തരമായിട്ടുള്ള ജാഗ്രതയുടെ ഫലമായിട്ടാണ്. മുംബൈയിൽ തീവ്രവാദ ആക്രമണമുണ്ടായിട്ടും മഹാരാഷ്ട്രയിലെ പൂനയിൽ തീവ്രവാദ ആക്രമണം ആവർത്തിക്കപ്പെട്ടു. വർഷങ്ങളായി കോൺഗ്രസ്സിന്റെ ഭരണമുള്ള സംസ്ഥാനമാണ് മധ്യപ്രദേശും ആസ്സാമും അടക്കമുള്ള സംസ്ഥാനങ്ങൾ. ഡൽഹി അങ്ങനെ ഒരു സംസ്ഥാനമാണ്. ഇവിടങ്ങളിലൊക്കെ തീവ്രവാദ ആക്രമണങ്ങൾ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന കാര്യമാണ്. അപ്പോൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. നിങ്ങൾക്കറിയാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് നായനാർക്കെതിരായി ഒരു വധഗൂഢാലോചന നടന്നല്ലോ? തടിയന്റവിട നസീർ പ്രതിയായിട്ടുള്ള ആ കേസ്, വധോദ്യമ കേസ് പോലും എഴുതിത്തള്ളാൻ നടപടിയെടുക്കുകയാണ് യു. ഡി. എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അപ്പോൾ ഈ നിലയിൽ തീവ്രവാദ കേസ്സുകൾ അന്വേഷിച്ച് നടപടി എടുക്കുന്നതിലും യു.ഡി.എഫ്. ഗവൺമെന്റിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടുള്ള നിലപാടാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. പ്രമാദമായിട്ടുള്ള കേസ്സുകളിലൊക്കെ പഴുതില്ലാത്ത നിലയിലുള്ള അന്വേഷണമാണ് നടത്തിയത്. ടോട്ടൽ ഫോർ യു സാമ്പത്തിക തട്ടിപ്പ് കേസ്, അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂരിലെ കാരണവർ വധക്കേസ്, ഇന്റർനെറ്റിലൂടെ പണം തട്ടിയെടുക്കുന്ന വിവിധ കേസ്സുകൾ, ചേലമ്പ്ര-പേരിയ പൊന്നിയം ബാങ്ക് കവർച്ചകൾ, നിരവധി ക്ഷേത്രക്കവർച്ചകൾ ഇതെല്ലാം ഫലപ്രദമായിട്ട് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താൻ കേരളത്തിലെ പോലീസിന് കഴിയുകയുണ്ടായി. ഇതുപോലെ തന്നെ വ്യാജ സന്യാസിമാർക്കും ആത്മീയ വ്യാപാരികൾക്കും തികച്ചും എതിരായിട്ടുള്ള നടപടികൾ കേരളത്തിലെ ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. സ്ത്രീപീഡന കേസിൽ സ്വാമി അമൃതചൈതന്യ എന്ന സന്തോഷ് മാധവന് 16 വർഷം കഠിന തടവാണ് കേരളത്തിലെ പോലീസിന്റെ ഇടപെടലിന്റെ ഫലമായിട്ട് വാങ്ങിച്ചുകൊടുക്കാൻ കഴിഞ്ഞത്. അതുപോലെ തന്നെ ജനമൈത്രി പോലീസ്, വളരെ ഫലപ്രദമായിട്ട് നടപ്പാക്കുകയാണിപ്പോൾ. പ്രതിപക്ഷത്തുള്ള അംഗങ്ങൾക്കടക്കം ഇതിനെ അംഗീകരിക്കേണ്ടി വന്നു. അവരെല്ലാം ഇതിൽ സഹകരിച്ചുകൊണ്ടിരിക്കുകയാണ്. മുൻപ് നായനാർ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് കമ്മ്യൂണിറ്റി പോലീസിംഗിന് ചർച്ച ആരംഭിച്ചത്. അപ്പോൾ അന്ന് കോൺഗ്രസ്സിലെ നേതാക്കന്മാർ ഇത് കമ്മ്യൂണിറ്റി പോലീസിംഗ് അല്ല ഇത് കമ്മ്യൂണിസ്റ്റ് പോലീസ് എന്ന് ആക്ഷേപിക്കുകയാണ് ഉണ്ടായത്. ഇപ്പോൾ അത് ഫലപ്രദമായിട്ട് നടപ്പാക്കിയപ്പോൾ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ജനങ്ങളുടെ എല്ലാ നിലയിലുമുള്ള സഹകരണം കേരളത്തിലെ പോലീസിന് ലഭിക്കുകയുണ്ടായി. അത് ഈ ഗവൺമെന്റിന്റെ സമർത്ഥമായിട്ടുള്ള ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് ഉണ്ടായത്. ഈയൊരു പശ്ചാത്തലത്തിലാണ് ഈ പോലീസ് നിയമ പരിഷ്ക്കരണത്തെ നമ്മൾ കാണുന്നത്. ജനാധിപത്യപരമായിട്ടുള്ള പോലീസിംഗിന്റെയും ഉത്തരവാദിത്തമുള്ള പോലീസിന്റെയും നിയമത്തിൽ വളരെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടേണ്ടതുണ്ട്. നേരത്തെ പറഞ്ഞതുപോലെ പ്രകാശ് സിംഗ് കേസ്സിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇപ്പോഴുള്ള വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുള്ളത്. പോലീസിന്റെ കർത്തവ്യങ്ങളുടെ നിർവ്വചനത്തിൽ മനുഷ്യാവകാശങ്ങളോടുള്ള പ്രതിബദ്ധതയുണ്ടാവണം എന്നതാണ് സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശത്തിന്റെ ഒന്നാമത്തെ സത്ത എന്ന് പറയുന്നത്. കർത്തവ്യ നിർവ്വഹണത്തിൽ മനുഷ്യാവകാശങ്ങളോടുള്ള പ്രതിബദ്ധതയുണ്ടാവണം. എന്റെ കയ്യിൽ 1960-ലെ പോലീസ് ആക്ടുണ്ട്. അതിൽ അദ്ധ്യായം -V, പോലീസിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങളും കർത്തവ്യങ്ങളും-അത് വായിച്ചുകഴിഞ്ഞാൽ പോലീസിന്റെ ഡ്യൂട്ടി എന്നതല്ലാതെ ഉദ്യോഗസ്ഥന്മാർക്ക് ഇന്നയിന്ന അധികാരങ്ങളുണ്ട്, ആ അധികാരങ്ങളെ സംബന്ധിച്ച് മാത്രമാണ് അതിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ പുതിയ ബില്ലിൽ വ്യവസ്ഥകൾ പരിശോധിച്ചാൽ മനുഷ്യാവകാശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യവസ്ഥകൾ ഈ പോലീസിന്റെ കർത്തവ്യങ്ങളുടെ ഭാഗമായിട്ടുതന്നെ ഇതിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ട് അദ്ധ്യായം -V ൽ ഇത് വ്യക്തമായിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾക്കുപുറമേ പോലീസിന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിച്ച നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് പോലീസിന്റെ കർത്തവ്യങ്ങളും ചുമതലകളും മനുഷ്യാവകാശ സംരക്ഷണവുമായി ബന്ധപ്പെടുത്തി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതിൽ 4-ാം വകുപ്പിൽ പോലീസിന്റെ ചുമതലകൾ, അതിൽ "(ബി) എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, മനുഷ്യാവകാശങ്ങൾ, അന്തസ്സ് എന്നിവ നിയമാനുസരണം സംരക്ഷിക്കുക" അപ്പോൾ മനുഷ്യാവകാശങ്ങൾക്ക് ഇത്രയേറെ പ്രാധാന്യം കൊടുത്തിട്ടുള്ള ഒരു ബില്ലാണ് നമ്മുടെ നിയമസഭ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത് വന്നിട്ടില്ല, അതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. അതാണ് ഈ നിയമ നിർമ്മാണത്തിന്റെ ഒരു പ്രത്യേകത. ഇതുപോലെ തന്നെ രണ്ടാമത്തും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശത്തിന്റെ സത്ത, നിയമവാഴ്ചയും സാമൂഹ്യനീതിയും അടിസ്ഥാനമാക്കി പോലീസിനുമേലുള്ള ജനാധിപത്യപരമായിട്ടുള്ള നിയന്ത്രണവും മേൽനോട്ടവും ഉറപ്പുവരുത്തേണ്ടതുണ്ട് എന്നതാണ്. ഇതിന്റെ ഭാഗമായി ഈ ബില്ലിൽ സംസ്ഥാന സുരക്ഷാ കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കും ആഭ്യന്തര വകുപ്പു സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും പുറമേ ആഭ്യന്തര വകുപ്പുമന്ത്രി ഇതിന്റെ ചെയർമാനായിരിക്കും. നിയമ വകുപ്പുമന്ത്രി ഇതിൽ അംഗമാണ്, പ്രതിപക്ഷ നേതാവ് അംഗമായിരിക്കും. ഇതുകൂടാതെ നാമനിർദ്ദേശം ചെയ്യുന്ന 3 അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കും, മാത്രമല്ല അതിലൊരാൾ വനിതയും കൂടിയാണ്. അപ്പുറത്ത് സംസാരിക്കുന്ന അവസരത്തിൽ സ്ത്രീകളോടുള്ള വിരോധമാണ് പലപ്പോഴും പ്രകടിപ്പിക്കപ്പെടുന്നത്. സ്ത്രീകളോടുള്ള വിരോധമായിട്ടാണ് നേരത്തെ ചില അംഗങ്ങൾ പ്രസംഗിക്കുമ്പോൾ നമുക്കൊക്കെ ബോദ്ധ്യമായിട്ടുള്ളത്. എന്നാൽ ഈ സുരക്ഷാ കമ്മീഷനിൽ തന്നെ ഒരു വനിതാ അംഗം നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മറ്റ് രണ്ടുപേർ ക്രമസമാധാനപാലനം, ഭരണനിർവ്വഹണം എന്നുമാത്രമല്ല മനുഷ്യാവകാശങ്ങളിൽ പരിജ്ഞാനമുള്ള ആളുകളായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇത്തരത്തിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശത്തിന്റെ രണ്ടാമത്തെ പ്രധാന സത്തയും ഈ ബില്ലിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നതാണ് നാം കാണേണ്ടത്. മൂന്നാമതായിട്ട്, പോലീസ് സംഘടനയ്ക്കകത്ത് പര്യാപ്തവും നീതിയുക്തവും ശക്തവുമായിട്ടുള്ള ആഭ്യന്തര അച്ചടക്ക 'സംവിധാനമുണ്ടാകണം. പോലീസിന് സ്വാതന്ത്ര്യം കൊടുക്കണം, രാഷ്ട്രീയ വിമുക്തമായിരിക്കണം എന്നെല്ലാം പറഞ്ഞുകൊണ്ട് നടത്തിയിട്ടുള്ള ഇടപെടലിന്റെ ഭാഗമായി പോലീസിന്റെ അതിക്രമങ്ങളാണ് പലപ്പോഴും അനുഭവമായിട്ടുള്ളത്. എന്നാൽ പോലീസിന് ഇങ്ങനെയെല്ലാം ഉള്ള സ്വാതന്ത്ര്യങ്ങൾ കൊടുക്കുക, പോലീസ് സംഘടനയുണ്ടാക്കുക, പോലീസ് അസോസിയേഷനുകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുക, എന്നൊക്കെ പറഞ്ഞാൽ അത് പോലീസിന്റെ ആഭ്യന്തര അച്ചടക്കം ഇല്ലാതാക്കും എന്നുള്ള വാദഗതി ഉന്നയിക്കപ്പെടുകയുണ്ടായി. എന്നാൽ ഈ ബില്ലിലെ 5-ാം വകുപ്പിൽ പോലീസിന്റെ ആഭ്യന്തര അച്ചടക്കം സംരക്ഷിക്കുന്നതിനുവേണ്ട വ്യക്തമായിട്ടുള്ള വ്യവസ്ഥകൾ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട സത്ത, പോലീസിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ ഭാഗമായി ആഭ്യന്തര-ബാഹ്യ സംവിധാനങ്ങൾ തമ്മിലുള്ള സഹകരണം അത്യാവശ്യമാണ് എന്നതാണ്. ഇത് സെക്ഷൻ 13-ൽ അദ്ധ്യായം 4-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് ഈ വ്യവസ്ഥയിലുള്ളത്. "സ്റ്റേഷൻ ഡയറിയും

LIBRARY ARCHIVES Kerala Legislative Assembly

കസ്റ്റഡി സൗകര്യവും പരിശോധിക്കാൻ അർഹതയുള്ള ആളുകൾ; സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയോ സംസ്ഥാന വനിതാ കമ്മീഷന്റെയോ സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന്റെയോ സംസ്ഥാന/ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റികളുടെയോ ചെയർപേഴ്സൺമാർക്കും അംഗങ്ങൾക്കും പോലീസ് സ്റ്റേഷനിൽ പ്രവേശിച്ച് 12-ാം വകുപ്പനുസരിച്ച് സൂക്ഷിച്ചിരിക്കുന്ന ഏതൊരു ജനറൽ ഡയറിയിലെയും ഉൾക്കുറിപ്പുകളും കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്ന ഏതൊരാളിന്റെയും സ്ഥിതിയും നേരിട്ട് പരിശോധിക്കാവുന്നതാണ്." കസ്റ്റഡിയിലുള്ള ആളുകളുടെ ദേഹപരിശോധനയടക്കം അദ്ദേഹത്തിന്റെ ശാരീരിക സ്ഥിതിയടക്കം പരിശോധിക്കുവാനുമുള്ള അധികാരം നൽകുന്ന വ്യവസ്ഥയാണ് ഇതിനകത്തുള്ളത്. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥയായിട്ടാണ് അതിനെ കാണുന്നത്. എന്നുമാത്രമല്ല മേൽപ്പറഞ്ഞവിധം പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന ഏതൊരാളും അദ്ദേഹത്തിന്റെ സന്ദർശനം തൽസമയം ഡയറിയിൽ രേഖപ്പെടുത്തേണ്ടതും തന്റെ നിരീക്ഷണത്തിന്റെ ചുരുക്കം ജില്ലാ പോലീസ് മേധാവിയെ എത്രയും പെട്ടെന്ന് അറിയിക്കേണ്ടതും അത്തരം നിരീക്ഷണങ്ങിന്മേൽ ആവശ്യമായേക്കാവുന്ന തുടർ നടപടികൾ ജില്ലാ പോലീസ് മേധാവി എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുമാണ്. അപ്പോൾ നിർബന്ധമായും സ്വീകരിച്ചിരിക്കേണ്ട വ്യവസ്ഥയടക്കം ബന്ധപ്പെട്ട കമ്മീഷൻ അംഗങ്ങൾ അടക്കം നടത്തിയ പരിശോധനയെ തുടർന്ന് രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾ അനുസരിച്ച് പോലീസ് മേധാവി നടപടി സ്വീകരിക്കേണ്ട ആവശ്യകതയും ഇതിനകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ അജ്ഞാതമായിട്ട് പോലീസിന് എതിരായിട്ടുള്ള പരാതികൾ നൽകുന്നതിന് ചുരുങ്ങിയത് ഒരു സ്വതന്ത്ര ഏജൻസിയെങ്കിലും ഉണ്ടാകണം. ഇത് വളരെ പ്രധാനപ്പെട്ട ഒരുകാര്യമാണ്. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്ത്യയിലെ പല സംസ്ഥാന ഗവൺമെന്റുകളും കരട് ബില്ല് രൂപപ്പെടുത്തിയിട്ടുണ്ട്. സെലക്ട് കമ്മിറ്റി അംഗമെന്ന നിലയ്ക്ക് പല സംസ്ഥാനങ്ങളും രൂപപ്പെടുത്തിയിരിക്കുന്ന കരട് ബില്ലുകളും വായിച്ച് നോക്കുമ്പോൾ അവിടെയൊന്നും പോലീസ് കംപ്ലെയിന്റ് അതോറിറ്റിയില്ല. പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് വ്യവസ്ഥയില്ലാത്ത പുതിയ നിയമനിർമ്മാണത്തെക്കുറിച്ചാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ആലോചിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ ഈ പുതിയ ബില്ലിൽ പോലീസിന്റെ നടപടികൾ സംബന്ധിച്ചുള്ള പരാതികൾ നൽകുന്നതിനും അതനുസരിച്ച് നടപടി എടുക്കാനും. ഇതിൽ 110-ാം വകുപ്പനുസരിച്ച് സംസ്ഥാന തലത്തിലുള്ള പോലീസ് കംപ്ലെയിന്റ് അതോറിറ്റി അതുപോലെ ജില്ലാ തലങ്ങളിലുള്ള പോലീസ് കംപ്ലെയിന്റ് അതോറിറ്റി വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുകയാണ്. വിരമിച്ച ഹൈക്കോടതി ജഡ്ജി സംസ്ഥാന തലത്തിലും വിരമിച്ച ജില്ലാ ജഡ്ജി ജില്ലാ തലത്തിലും കംപ്ലെയിന്റ് അതോറിറ്റികളുടെ ചെയർപേഴ്സണായി ഇരിക്കുന്നതാണ്. ഇവിടെ നമുക്ക് സർക്കുലേറ്റ് ചെയ്തിട്ടുള്ള ആദ്യ ബില്ലിന്റെ രൂപം മാത്രമല്ല, ഇതിന് മറ്റൊരു ഭേദഗതി ഇപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗിക ഭേദഗതിയായി നിർദ്ദേശിച്ചിരിക്കുകയാണ്. അതനുസരിച്ച് സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ ഭാഗമായി അതിനകത്ത് നേരത്തെ പറഞ്ഞിട്ടുള്ളത് ഒന്ന്, സംസ്ഥാന അതോറിറ്റിയിലുള്ള അംഗങ്ങളെ സംബന്ധിച്ചാണ്. ഹൈക്കോടതിയിൽനിന്ന് വിരമിച്ച ഒരു ജഡ്ജി അതോറിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കും. പ്രിൻസിപ്പൽ സെക്രട്ടറിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ. കൂടാതെ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ. ഇതിനാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. അതായത് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നൽകുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ കുറയാത്ത പദവിയിൽനിന്നും വിരമിച്ച അനുയോജ്യരായ ഉദ്യോഗസ്ഥരുടെ മൂന്നംഗ പാനലിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി. രണ്ട്, സംസ്ഥാനത്തെ ലോകായുക്ത നൽകുന്ന അനുയോജ്യരായ റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ മൂന്നംഗ പാനലിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി. എന്നുപറഞ്ഞാൽ പോലീസിനെതിരെയുള്ള പരാതികൾ അന്വേഷിക്കുന്നതിന് നേരത്തെ നമുക്ക് സർക്കുലേറ്റ് ചെയ്തതിൽ പോരായ്മയുണ്ടെന്ന് കണ്ടെത്തിക്കൊണ്ടാണ് പുതിയ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. അതിനകത്ത് ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റി, സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി..... സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ ഹൈക്കോടതിയിൽനിന്നും റിട്ടയേർഡ് ചെയ്തിട്ടുള്ള ജഡ്ജിയാണ് ചെയർപേഴ്സൺ. അതേസമയം പോലീസ് അഡീഷണൽ ഡയറക്ടറിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനും പ്രിൻസിപ്പൽ സെക്രട്ടറിയും അതിനകത്ത് ഉണ്ടാകും. ഇതൊക്കെ ഉദ്യോഗസ്ഥൻമാരാണ്. ജഡ്ജി മാത്രമാണ് പുറുത്തുനിന്നുള്ള ആൾ. പോലീസിനെക്കുറിച്ചുള്ള പരാതികളെ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് കുറെക്കൂടി ഇൻഡിപെൻഡന്റായിട്ടുള്ള, സ്വതന്ത്രമായി കാര്യങ്ങൾ തീരുമാനിക്കുന്ന ആളുകളെക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ സ്വാഭാവികമായും പോലീസിനെതിരായിട്ടുള്ള ഏത് പരാതിയിലും ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമല്ലാത്ത ആളുകൾ, മൂന്ന് ആളുകൾ അതിൽ വരികയാണ്. ബാക്കി രണ്ട് ആളുകളാണ്. ആ നിലയ്ക്ക് പോലീസിന്റെ അതിക്രമങ്ങളെ സംബന്ധിച്ചോ മറ്റ് നിയമപരമല്ലാത്ത നടപടികളെ സംബന്ധിച്ചോ അന്വേഷിച്ച് നടപടിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായിട്ടുള്ള സംവിധാനമാണ് 110-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്. മറ്റൊരു കാര്യം, ജനപ്രതിനിധികൾക്ക് പോലീസിനുമേൽ മേൽനോട്ടാധികാരം ഉണ്ടായിരിക്കണം എന്നതാണ്. പോലീസിന്റെ നടപടികളെ സംബന്ധിച്ചുള്ള പരാതികൾ ബന്ധപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയെ അറിയിക്കുന്നതിനുള്ള അവകാശത്തോടൊപ്പം ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർക്കും നഗരസഭാധ്യക്ഷൻമാർക്കും നിയമസഭാ പാർലമെന്റ് അംഗങ്ങൾക്കും തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് മുമ്പാകെ നൽകുന്നതിന് 111-ാം വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുകയാണ്. ....(ബഹളം)......... എങ്ങനെയാണ് വ്യവസ്ഥയില്ലാതെ കൊടുക്കുന്നത്? .... (ബഹളം)......... അല്ല, നിയമത്തിന്റെ പിൻബലം...... അങ്ങ് നിയമപണ്ഡിതൻകൂടിയാണല്ലോ. ഞാൻ നിയമപണ്ഡിതനല്ല. പക്ഷേ ഞാൻ മനസ്സിലാക്കിയിടത്തോളം..........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇതിനകത്ത് അങ്ങനെ ഒരു വ്യവസ്ഥ വച്ചില്ലായെന്നുതന്നെ ഇരിക്കട്ടെ, നമുക്ക് കംപ്ലെയിന്റ് കൊടുക്കാനുള്ള അർഹതയില്ലേ? നമ്മൾ അത് കൊടുക്കുമല്ലോ. അപ്പോൾ പിന്നെ വ്യവസ്ഥ അതിനകത്ത് പ്രസക്തമല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. ജയരാജൻ</u>: അതായത് നിയമത്തിലില്ലാത്ത ഒരു കാര്യത്തിന്റെ ബലവും നിയമത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഒരു കാര്യത്തിന്റെ ബലവും ഏതാണ് കൂടുതൽ? അങ്ങ് നിയമപരമായി ചിന്തിക്കുമ്പോൾ ഏതാണ് കൂടുതൽ? നിയമത്തിൽ അത് വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റിന് തന്റെ പഞ്ചായത്തിലുള്ള ഒരാളെ പോലീസിന്റെ ഏതെങ്കിലും അതിക്രമം സംബന്ധിച്ച പരാതി നേരിട്ട് കൊടുക്കുന്നു. അതുകൂടാതെ തനിക്ക് ബോധ്യമുള്ള കാര്യങ്ങൾവച്ച് പഞ്ചായത്ത് പ്രസിഡന്റിനോ മുനിസിപ്പൽ ചെയർമാനോ എം.എൽ.എ.-യ്ക്കോ എം.പി.-ക്കോ ഈ പരാതി സംബന്ധിച്ച് പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് പരാതി നൽകാമെന്നുള്ള നിയമവ്യവസ്ഥ തീർച്ചയായും പോലീസിന്റെ അതിക്രമങ്ങൾ തടയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉറപ്പാണ്. അതിന്റെ ഒരു പ്രധാനപ്പെട്ട ഉപാധിയാണ് ഞാൻ ഇവിടെ പറയുന്നത്. ഏഴാമത്തെ കാര്യം, പോലീസും ജനങ്ങളും തമ്മിലുള്ള നിയമപരമായ സംവദിക്കൽ വ്യവസ്ഥ ചെയ്യണം. ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതുപോലെ ഈ വ്യവസ്ഥ ഒന്നുമില്ലെങ്കിലും പോലീസും ജനങ്ങളും തമ്മിൽ ഇപ്പോൾ സംവദിക്കുന്നുണ്ടല്ലോ, ഇല്ലേ? ഇപ്പോൾ നിയമം ഒന്നുമില്ല. പക്ഷേ പോലീസും ജനങ്ങളും തമ്മിൽ പല രൂപത്തിൽ സംവദിക്കുന്നുണ്ടല്ലോ. അപ്പോൾ അതിന് നിയമപരമായിട്ടുതന്നെ പരിരക്ഷ കിട്ടുന്ന നിലയ്ക്കുള്ള വ്യവസ്ഥയാണ് ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. കമ്മ്യൂണിറ്റി പോലീസിംഗിനെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചു. ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായിട്ടുള്ള തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഇവിടെ നേരത്തെ ഈ ബിൽ പൈലറ്റ് ചെയ്തപ്പോൾ തടസ്സവാദമുന്നയിച്ചുകൊണ്ട് പ്രതിപക്ഷത്തുനിന്നും ഒരു ആവശ്യം ഉന്നയിക്കുകയുണ്ടായി. അതായത് അതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടം സംബന്ധിച്ചാണ് വിമർശനം ഉന്നയിച്ചതെങ്കിലും, അതായത് ട്രെയിനിംഗ് പിരീഡ് ഡ്യൂട്ടിയായി കണക്കാക്കുമെന്നുള്ള വ്യവസ്ഥ വരുമ്പോൾ അതിനെതിരെയുള്ള എതിർപ്പായിട്ടാണ് രൂപപ്പെട്ടത്. യഥാർത്ഥത്തിൽ പ്രതിപക്ഷമടക്കം അതിനെ അനുകൂലിക്കേണ്ടതാണ്. കാരണം കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ......... ഫലത്തിൽ നിങ്ങൾ അതിനെ എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്നാണ് എന്റെ വിമർശനം. .... (ബഹളം)......... അത് എന്റെ സേഫ്റ്റിക്ക് അല്ല. അത് ഉദ്യോഗസ്ഥൻമാരുടെ ....(ബഹളം)......... തീർച്ചയായും അത് ഉണ്ടാകുമല്ലോ. നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ നിയമവ്യവസ്ഥ പാലിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ് അതിന്റെമേൽ സാമ്പത്തികമായി എന്ത് ഭാരം വരുമോ അത് ഗവൺമെന്റ് കണ്ടെത്തുമല്ലോ. അക്കാര്യം കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. കാരണം മറ്റ് സേവനതുറകളിലെല്ലാമുള്ള ഉദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ് പിരീഡ് സർവ്വീസായി കണക്കാക്കുന്നു. അപ്പോൾ സർവ്വീസായി പരിഗണിച്ചുകൊണ്ട്, അവർക്കുകൂടി ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

പിരീഡ് സർവ്വീസായി പരിഗണിക്കുന്ന ഒരു വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ എല്ലാ നിലയിലും സ്വാഗതം ചെയ്യുന്ന ഒരു നിർദ്ദേശമാണ് ഇവിടെ വന്നിട്ടുള്ളത്. ഞാൻ മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഏറ്റവും മാതൃകാപരമായിട്ടുള്ള ഒരു നിയമനിർമ്മാണ പ്രക്രിയയിലാണ് ഈ സഭ ഏർപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും ഈ ബില്ലിനെ പൊതുവിൽ അനുകൂലിക്കണം. അതിൽ ചില മാറ്റങ്ങൾക്കു വേണ്ടിയുള്ള ക്ലാസ് ബൈ ക്ലോസ് ഭേദഗതികൾ കൊടുത്തിട്ടുണ്ട്. ആ ഭേദഗതികൾ വസ്തുനിഷ്ഠമായി പരിശോധിച്ചുകൊണ്ട് പരിഗണന അർഹിക്കുന്നവ പരിഗണിക്കാൻ തയ്യാറായാൽ ഈ ബിൽ നമുക്ക് ഏകകണ്ഠമായിതന്നെ പാസ്സാക്കാൻ കഴിയും. അങ്ങനെ കേരളം ഇന്ത്യയ്ക്ക് ഒരിക്കൽകൂടി മാതൃകാപരമായ ഒരു നിയമ നിർമ്മാണപ്രക്രിയ നടത്തിയിരിക്കുന്നുവെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തുന്ന നിലയ്ക്ക് നമുക്ക് മുന്നോട്ടുപോകാൻ കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബിൽ ഇത്രയും സമഗ്രമായ രൂപത്തിൽ അവതരിപ്പിക്കുന്നതിന് ആവശ്യമായ മേൽനോട്ടം നടത്തുക, അതോടൊപ്പംതന്നെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള നിയമങ്ങളെ സംബന്ധിച്ച് പഠിക്കാനും ആവശ്യമായിട്ടുള്ള മാറ്റം വരുത്തുവാനും തയ്യാറായിക്കൊണ്ട് മുന്നോട്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ബന്ധപ്പെട്ട എല്ലാവരെയും അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സഖാവ് പി. ജയരാജൻ സൂചിപ്പിച്ചതു പോലെ കേരളത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിലെ എന്നുമാത്രമല്ല നമ്മുടെ രാജ്യത്ത് തന്നെ ഉണ്ടായിട്ടുള്ള നിയമനിർമ്മാണ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് ഇവിടെ ഇന്ന് ചർച്ച ചെയ്യുന്നത്. 1861-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് കൊണ്ടുവന്ന നിയമം നമ്മുടെ രാജ്യത്തെ ജനങ്ങളെല്ലാം അടിമകളായിരുന്ന ഒരു കാലഘട്ടത്തിൽ കൊണ്ടുവന്ന ഒരു നിയമമാണ്. ആ നിയമത്തിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. ഇവിടെ അധിനിവേശം സ്ഥാപിച്ചിരിക്കുന്ന ബ്രിട്ടീഷുകാരുടെ ഭരണം നിലനിറുത്തുവാൻ വേണ്ടി, ശത്രുപക്ഷത്ത് നിൽക്കുന്ന ജനങ്ങളെ അടിച്ചമർത്താൻ വേണ്ടി കൊണ്ടുവന്ന നിയമമാണ്. 1960-ൽ ആ നിയമത്തെ തന്നെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് നമ്മുടെ കേരളത്തിലും വേറെ നിയമം കൊണ്ടുവന്നത്. സ്വാതന്ത്ര്യം കിട്ടി 65 വർഷത്തിനുശേഷമാണ് സത്യത്തിൽ നമ്മുടെ രാജ്യത്തിന് ഒരു ജനാധിപത്യവ്യവസ്ഥയിൽ എങ്ങനെ ഒരു പോലീസ് നിയമം ഉണ്ടാകണമെന്നതിനെ കുറിച്ച് നമ്മൾ ആലോചിക്കാൻ തുടങ്ങിയത്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സഖാവ് പി. ജയരാജൻ ഉൾപ്പെടെയുള്ളവർ ഭരണ-പ്രതിപക്ഷ കക്ഷികളിലെ ബഹുമാനപ്പെട്ട അംഗങ്ങളാണ്. അവർ ഈ നിയമത്തെക്കുറിച്ച് പല വിമർശനങ്ങളും പറയുകയുണ്ടായി. ഇവിടെ ഈ ബിൽ അവതരിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കമ്മ്യൂണിസ്റ്റുകാരനായ വളരെ പ്രധാനപ്പെട്ട നേതാവാണ്. കേരളത്തിലും ഇന്ത്യയിലും പലപ്പോഴും ഭരണകൂട ഭീകരത ഏറ്റവും അധികം നേരിട്ടിട്ടുള്ള ആളുകൾ കമ്മ്യൂണിസ്റ്റുകാരായ ആളുകളാണ്. കൊടിയ മർദ്ദനങ്ങളും പീഡനങ്ങളും ജയിൽവാസവും എല്ലാം അനുഭവിച്ചിട്ടുള്ളവരിൽ മഹാഭൂരിപക്ഷം പേരും കമ്മ്യൂണിസ്റ്റുകാരായിട്ടുള്ള ആളുകളാണ്. അതുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റുകാരായിട്ടുള്ള ആളുകൾ ഭരണത്തിൽ വരുമ്പോൾ ഈ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട് എന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. 1957-ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോഴാണ് കസ്റ്റഡി മരണത്തിനെതിരായി, ലോക്കപ്പ് മർദ്ദനത്തിനെതിരായി, മൂന്നാം മുറയ്ക്കെതിരായി നിലപാട് സ്വീകരിച്ചത്. അതിനുകാരണം മൂന്നാം മുറ ഒരുപാട് അനുഭവിച്ചവരാണ് കമ്മ്യൂണിസ്റ്റുകാർ എന്നുള്ളതുകൊണ്ടാണ്. പോലീസുകാരുടെ മൂന്നാം മുറ അനുഭവിച്ച ഒരുപാട് ചരിത്രം നമുക്കറിയാം. തോപ്പിൽ ഭാസിയുടെ 'ഒളിവിലെ ഓർമ്മകൾ' ഒക്കെ വായിച്ചുകഴിഞ്ഞാൽ കണ്ണീരണിഞ്ഞുപോകുന്ന പീഡനത്തിന്റെ കഥകൾ നമുക്കെല്ലാവർക്കും അറിയാം. ഞാൻ അത് ഇവിടെ വിശദമാക്കാൻ ആഗ്രഹിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകാർക്ക് അധികാരം കിട്ടിയപ്പോഴൊക്കെ തന്നെ അക്കാര്യങ്ങളിൽ, പ്രത്യേകിച്ച് പോലീസ് സേനയെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കാനും ജനങ്ങളുടെ ശത്രുക്കളല്ല പോലീസുകാരെന്ന് വരുത്തുവാനുമുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് മൂന്നാം മുറ അവസാനിപ്പിക്കണമെന്ന് തീരുമാനിച്ചത്. സഖാവ് പി.കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ് പോലീസുകാർക്ക് സംഘടിക്കുവാൻ വേണ്ടി സ്വാതന്ത്ര്യം കൊടുക്കണമെന്ന് തീരുമാനിച്ചത്. ആ കാലഘട്ടത്തിലാണ് അവരുടെ ഡ്രസ് കോഡിൽ മാറ്റമുണ്ടാക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ഈ പറയുന്ന പോലീസ് നിയമത്തിൽതന്നെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചപ്പോൾ പറയുകയുണ്ടായി, കേന്ദ്രത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരിക്കൽമാത്രമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായിരിക്കുന്ന ഒരാൾ ആഭ്യന്തര വകുപ്പുമന്ത്രിയായത്, സഖാവ് ഇന്ദ്രജിത്ത് ഗുപ്തയാണ്. സുപ്രീം കോടതിയുടെ വിധി വരുന്നതിനു മുമ്പ് തന്നെ 1977-ലെ നാഷണൽ പോലീസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ഇന്ത്യയിലെ എല്ലാ മുഖ്യമന്ത്രിമാർക്കും കത്തയയ്ക്കുകയും പോലീസിനെ സ്വതന്ത്രമായ, ജുഡീഷ്യറി പോലെ സ്വതന്ത്രമായ ഒരു സംവിധാനത്തിലേയ്ക്ക് കൊണ്ടുവരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ആ നടപടിയിലേക്ക് പോയതും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ സഖാവ് ഇന്ദ്രജിത്ത് ഗുപ്തയാണ്. ഇടതുപക്ഷ പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളുമൊക്കെ തന്നെ ഇന്ത്യയിൽ അധികാരം കിട്ടിയപ്പോഴെല്ലാം അധികാരം സ്ഥാപിച്ചെടുക്കാൻ വേണ്ടി, അധികാരം അരക്കിട്ട് ഉറപ്പിക്കാൻ വേണ്ടി ഭരണകൂടത്തിന്റെ ഭാഗമായി പോലീസ് സേനയെ ജനങ്ങൾക്ക് എതിരായിട്ടുള്ള ഒരു സേനയാക്കി മാറ്റാനല്ല ശ്രമിച്ചത്. മറിച്ച് ജനങ്ങളോട് ചേർന്ന് നിൽക്കുന്ന, ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന, അവരെ സംരക്ഷിക്കുന്ന നിയമപാലകരാക്കി മാറ്റിയെടുക്കാൻവേണ്ടിയാണ് കമ്മ്യൂണിസ്റ്റുകാർ ശ്രമിച്ചിട്ടുള്ളത് എന്നതിന്റെ അവസാനത്തെ ഉദാഹരണമാണ്

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇന്ത്യൻ ചരിത്രത്തിൽ മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയാകുന്ന രൂപത്തിൽ ഒരു നിയമം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമുക്കറിയാം നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. നമ്മുടെ നാട്ടിൽ ജനാധിപത്യം സ്ഥാപിക്കപ്പെട്ടിട്ട് അറുപത്തിമൂന്ന് വർഷങ്ങളായിട്ടുണ്ടെങ്കിൽ പോലും ഭരണകൂടത്തിന്റെ ഇടപെടലുകൾ വളരെ ഗുരുതരമായ വിധത്തിൽ പ്രതിലോമകരമായ വിധത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന് ഉദാഹരണമായി ഇവിടെ നേരത്തെ വ്യാജ ഏറ്റുമുട്ടലിനെ കുറിച്ചൊക്കെത്തന്നെ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. വ്യാജ ഏറ്റുമുട്ടൽ മാത്രമല്ല നമ്മുടെ നിയമപരിപാലന രംഗത്ത് പോലീസിനെ മാത്രമല്ല ജുഡീഷ്യറിയെ പോലും ദുരുപയോഗം ചെയ്യുന്ന,സ്വാധീനിക്കാൻ കഴിയുന്ന വിധത്തിലേക്ക് നമ്മുടെ ജനാധിപത്യ വ്യവസ്ഥ തരംതാണുകൊണ്ടിരിക്കുകയാണ്. അതാണ് ബിനായക് സെന്നിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചത്. ഛത്തീസ്ഗഢിലെ കമ്മ്യൂണിസ്റ്റുകാരായിട്ടുള്ള ആളുകളെ കള്ളക്കേസിൽ കുടുക്കി നക്സലൈറ്റുകളാണെന്ന് പറഞ്ഞുകൊണ്ട് ജയിലിൽ അടച്ചുകൊണ്ടിരിക്കുകയാണ്. ബിനായക് സെന്നിനെ ജയിലിൽ അടച്ച കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജുഡീഷ്യറിയിൽ തന്നെ. നമുക്കറിയാം സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസായിരുന്ന കെ. ജി. ബാലകൃഷ്ണനെ കുറിച്ചുപോലും ഇന്ന് വലിയ വിമർശനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ മരുമകൻ കോൺഗ്രസ് നേതാവായിരിക്കുന്ന ആൾ ജുഡീഷ്യറിയെ കോർപ്പറേറ്റുകളും തമ്മിലുള്ള നക്സസിന്റെ ഭാഗമായി നിന്നതിന്റെ പുതിയ പുതിയ കഥകൾ വെളിച്ചത്തു വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ജനാധിപത്യം വളരുമ്പോഴും ജനാധിപത്യം വളർന്നുകൊണ്ടിരിക്കുന്നുവെന്ന് പറയുമ്പോഴും ജനാധിപത്യ അവകാശങ്ങൾ വളരുന്നു എന്നൊക്കെ പറയുമ്പോഴും അങ്ങ് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരെ കുറിച്ച് പറഞ്ഞതുപോലെയല്ല ഞാൻ പറയുന്നത്. ഇവിടെ പ്രത്യേകിച്ച് കോൺഗ്രസ് സ്നേഹിതന്മാർക്ക് വിഷമം ഉണ്ടാകാനല്ല വിഷയമല്ല ഞാൻ പറയുന്നത്. വസ്തുതകൾ പറയുകയാണ്. കോൺഗ്രസ് പലപ്പോഴും അധികാരം കിട്ടിയപ്പോഴൊക്കെ തന്നെ ചെയ്യുന്നത്. ഈ പോലീസ് സംവിധാനത്തെയും ജുഡീഷ്യറിയെയും പലപ്പോഴും ഭരണകൂടത്തെ നിലനിറുത്താൻ വേണ്ടിയുള്ള ആയുധമാക്കി ഉപയോഗിക്കുക എന്നുള്ളതാണ്. അതുകൊണ്ടാണ് പലപ്പോഴും ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ പല സംഭവങ്ങൾ ഇവിടെ ഉണ്ടാകുമ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെങ്കിലും ശരി. കേന്ദ്രത്തിൽ ഇന്ദ്രജിത്ത്ഗുപ്ത ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ പോലും ഇങ്ങനെ ചെയ്തതിന് ഉദാഹരണം പറയാൻ വേണ്ടിയിട്ടാണ് സൂചിപ്പിച്ചത്. അപ്പോൾ ബ്രിട്ടീഷുകാരുടെ കാലത്ത് ജനങ്ങളെ ശത്രുക്കളായി കണ്ടിരുന്ന ആ സ്ഥിതിക്ക് ഇന്ന് മാറ്റമുണ്ടായി. യു.ഡി.എഫ്.-ന്റെ ഭരണകാലം പരിശോധിച്ചുനോക്കുക. ഇതിനകത്തിപ്പോൾ നമ്മുടെ ശ്രീ. പി. സി. ജോർജ് സ്ത്രീകൾക്കെതിരായ നിയമമാണെന്ന് പറയുകയുണ്ടായി. ഈ നിയമത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. അവരുടെ അവകാശങ്ങൾക്കുവേണ്ടി വളരെ പ്രാധാന്യം ഈ ബില്ലിൽ കൊടുക്കുന്നുണ്ട്. കഴിഞ്ഞ രണ്ടാഴ്ചമുമ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു വലിയ ഫോട്ടോ നമ്മൾ കാണുകയുണ്ടായി. അതിന് മുമ്പ് കണ്ട ഫോട്ടോയാണ്. പക്ഷെ അതിൽ പ്രത്യേകമായി പ്രസിദ്ധീകരിച്ചു. എന്താണ്? മുത്തങ്ങയിൽ പോലീസ് നടത്തിയ ആക്രമത്തിൽ ഒരു ആദിവാസി സ്ത്രീ നാല് വയസ്സുകാരിയായ കുട്ടിയെ എടുത്ത് തോളത്തുവച്ചിരിക്കുന്നു. ആ കുട്ടിയുടെ തലയിൽ നിന്നും ചോര ഒലിക്കുകയാണ്. ആ കുട്ടിയുടെ തല ഒരു പോലീസുകാരൻ തല്ലിപ്പൊളിച്ചു. വളരെ ദയനീയമായ ചിത്രം. ഒരു പത്രക്കാരൻ അത് തടയാൻ ശ്രമിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇവിടെ ഇലക്ട്രിക് ലാത്തി കൊണ്ടുവന്നത് എന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. ഫൈബർ ലാത്തി ഇൻട്രൊഡ്യൂസ് ചെയ്തത് ഇവിടെയാണ്. അതൊക്കെ ഞങ്ങൾ എടുത്തുമാറ്റി. ആണിവച്ച ലാത്തിയുണ്ടാക്കിയത് ഇവിടെയാണ്. ഞാൻ പറയുന്നത് ഒരു ജനാധിപത്യ വ്യവസ്ഥയിൽ നമ്മുടെ ഭരണാധികാരികൾക്കെതിരായി സ്വാഭാവികമായും എതിർപ്പുകളുണ്ടാകും. ജനങ്ങൾ ശത്രുക്കളല്ല, പ്രതിപക്ഷ ശബ്ദം ഉണ്ടാകും.

ശ്രീ. കെ.സി. ജോസഫ്: സർ, അങ്ങ് വളരെ വാചാലമായി കോൺഗ്രസിന്റെ ഭരണകാലത്തെ പോലീസിനെ കുറിച്ച് പറയുകയാണ്. ഒരു കാര്യം അങ്ങ് മറന്നുപോകരുത്. ഈ സഭയിലും പുറത്തും ബഹുമാന്യനായ കെ. കരുണാകരനെതിരായുണ്ടായ വലിയ ഒരു ആക്ഷേപം രാജൻ കേസും അതുപോലെ വർഗ്ഗീസിന്റെ കൊലപാതകവുമാണ്. ഈ രണ്ട് സംഭവം ഉണ്ടാകുമ്പോഴും കേരളത്തിന്റെ മുഖ്യമന്ത്രി അങ്ങയുടെ നേതാവായ സി. അച്ചുതമേനോനായിരുന്നു. അങ്ങയുടെ പാർട്ടിക്ക് കൂടി പങ്കാളിത്തമുള്ള കാര്യത്തിൽ അങ്ങുകൂടി ഞങ്ങളെ ബ്ലെയിം ചെയ്യുകയാണ് ഇപ്പോൾ.

ശ്രീ. വി. എസ്. സുനിൽ കുമാർ: അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് ഞങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട്. അന്നത്തെ ഏറ്റവും വലിയ പ്രശ്നം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കരുണാകരനും മുഖ്യമന്ത്രിയും തമ്മിലുള്ള വ്യത്യാസമുണ്ടായതാണ് പോലീസിന്റെ പ്രത്യേകത. അതാണ് പ്രധാനപ്പെട്ട കാര്യം. നമ്മൾ തർക്കിക്കേണ്ട വിഷയം അതല്ല. കോൺഗ്രസുകാരെ കുറിച്ച് പറയുമ്പോൾ കോൺഗ്രസ് ഗവൺമെന്റുകളെ കുറിച്ച് ഒരു വസ്തുത പറയുകയാണ്. എ. കെ. ആന്റണി ഗവൺമെന്റിനെ കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഉമ്മൻചാണ്ടി ഗവൺമെന്റിനെ കുറിച്ച് പറയുകയുണ്ടായി. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ, ജനാധിപത്യ വ്യവസ്ഥയിൽ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഏത് ഗവൺമെന്റാണെങ്കിലും കോൺഗ്രസ് ആയിക്കൊള്ളട്ടെ, കമ്മ്യൂണിസ്റ്റുകാർ ആയിക്കൊള്ളട്ടെ ഗവൺമെന്റുകൾക്കെതിരായി ഒരുപാട് ജനാധിപത്യ സമരങ്ങൾ വരും. എതിർപ്പുകൾ നേരിടേണ്ടിവരും. ആ സമയങ്ങളിലെല്ലാം തന്നെ ജനങ്ങളെ ശത്രുപക്ഷത്ത് നിറുത്തി പോലീസിനെ ശത്രുസൈന്യമാക്കി മാറ്റുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. അതാണ് പോലീസിനെ നിഷ്പക്ഷമായി കൊണ്ടുപോകണമെന്ന് ഇന്ദ്രജിത്ത് ഗുപ്ത പറഞ്ഞത്. ഞാൻ ആ വിഷയങ്ങളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. ഇനി ഒരുപാട് സമയം സംസാരിക്കാൻ ഇല്ല എന്നതുകൊണ്ടാണ്. ഇവിടെ ഈ നിയമത്തിലേയ്ക്ക് ഞാൻ വരികയാണ്. ഈ നിയമത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നുണ്ട്. വ്യക്തിപരമായ ദാസ്യവൃത്തി 99-ാം വകുപ്പു പ്രകാരം നിരോധിച്ചിരിക്കുകയാണ്. പോലീസ് ഡിപ്പാർട്ടുമെന്റിനകത്ത് ഉദ്യോഗസ്ഥന്മാർ പലപ്പോഴും ക്യാമ്പ് ഫോളോവേഴ്സായിരിക്കുന്ന ആളുകളെയൊക്കെ വീട്ടിൽ പല കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിവാദങ്ങളൊക്കെ വരികയുണ്ടായി. ടി.വി.യിലുമൊക്കെ പല വാർത്തകൾ വരികയുണ്ടായി. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ താഴെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാരെ പലപ്പോഴും ദാസ്യവൃത്തിക്ക് ഉപയോഗിക്കുന്നുണ്ട്. അത് ബ്രിട്ടീഷുകാരുടെ കാലത്തെ ഒരു കീഴ്വഴക്കമാണ്. അത് തുടർന്നുവന്നുവെന്ന് മാത്രമേയുള്ളൂ. അവരെ കുറ്റം പറയാൻ കഴിയില്ല. ദാസ്യവൃത്തി നിരോധിച്ചിരിക്കുന്നു. വ്യക്തിപരമായ ദാസ്യവൃത്തി നിരോധിച്ചിരിക്കുന്നുവെന്ന് നിയമം വ്യക്തമായി പറയുമ്പോഴും. ഇതിൽ പ്രധാനമായും നമ്മൾ ഊന്നൽ കൊടുക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം പോലീസിന്റെ ദാസ്യവൃത്തി ആരോടായിരിക്കണം? പോലീസ് സേനയുടെ ദാസ്യവൃത്തി ജനങ്ങളോടായിരിക്കണം. ജനങ്ങളെ സംബന്ധിച്ച് മാതൃകാപരമായി പ്രവർത്തിക്കുന്ന പോലീസ് സേന എന്ന് പറയുന്നത് ജനാധിപത്യ സമൂഹത്തിൽ ജനങ്ങൾക്കുള്ള അവകാശമാണ്. ആ അവകാശത്തെ ചോദ്യം ചെയ്യാൻ നമുക്കാർക്കും അധികാരമില്ല. ജനാധിപത്യ വ്യവസ്ഥയിൽ പോലീസുകാർ ദാസന്മാർ ആയിരിക്കേണ്ടത് ജനങ്ങളോടായിരിക്കണം. ഏതു ഗവൺമെന്റിന്റേതാണെങ്കിലും ഭരണപക്ഷത്തിന്റെ അമിതമായ ഇടപെടലുകളെക്കുറിച്ച് ഇവിടെ പലരും പറയുകയുണ്ടായി. പോലീസ് സ്റ്റേഷനിലേയ്ക്ക് വരുമ്പോൾ ആരെയും കൂട്ടാതെ പോകാറുണ്ടെന്ന് പറഞ്ഞാലും ശരി സാധാരണ ജനങ്ങളുടെ ഒരു ഫീലിംഗ് എന്ന് പറഞ്ഞാൽ പോലീസ് സ്റ്റേഷനിലേയ്ക്ക് പോകുമ്പോൾ ഏതെങ്കിലും ഒരാൾ വേണമെന്നുള്ളതാണ്. പലപ്പോഴും ഭരണകക്ഷിയിൽ നിന്നോ പ്രതിപക്ഷത്തു നിന്നോ അപ്പുറത്തുനിന്നോ ഇപ്പുറത്തുനിന്നോ ആളുകൾ ഇടപെട്ടുകഴിഞ്ഞാൽ പോലീസ് പലപ്പോഴും ഭരണകക്ഷിയുടെ ഭാഗത്തുനിന്നും ഇടപെട്ടവർ ആരാണ് എന്ന് നോക്കിക്കൊണ്ട് കാര്യങ്ങൾ നിശ്ചയിക്കുന്ന സ്ഥിതിവിശേഷം പല ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. അത് ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്ക് പറയാൻ കഴിയുന്ന കാര്യമാണ്. അക്കാര്യങ്ങളിൽ എല്ലാം തന്നെ മാറ്റമുണ്ടാക്കാൻ കഴിയണം. ജനങ്ങൾക്ക് പോലീസ് സേനയെ കുറിച്ച് ഉണ്ടാകേണ്ട വികാരം അവരുടെ ശത്രുക്കളെന്നല്ല. ശത്രു സൈന്യമല്ല. മറിച്ച് നമ്മുടെ രാജ്യത്തെ നിയമപരിപാലനത്തിനുവേണ്ടിയുള്ള ആളുകളാണ് പോലീസ് എന്ന വികാരം ഉണ്ടാകണം. അതിന്, അടിമുടി മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം ഇതിനകത്ത് വരുന്നുണ്ട്. പരിശീലന കാര്യത്തിലൊക്കെതന്നെ വലിയ മാറ്റമുണ്ടാകണം. പോലീസിന്റെ സംസാരരീതി, സമീപനരീതി, നമ്മൾ പലപ്പോഴും വിദേശ രാജ്യങ്ങളിലൊക്കെ സഞ്ചരിക്കുമ്പോൾ, നമ്മൾ സഞ്ചരിക്കുന്ന വണ്ടി തടഞ്ഞുനിറുത്തി ഒരു പോലീസുകാരൻ സംസാരിക്കുമ്പോൾ, അവർ വളരെ മാന്യമായി ഏറ്റവും ആദരവോടുകൂടി സംസാരിക്കുമ്പോൾ, ഇവിടെ ഇത്രയൊക്കെ അഭ്യസ്തവിദ്യരായിട്ടുള്ള ആളുകളൊക്കെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിൽ ഉണ്ടെങ്കിലും തുടക്കത്തിൽ അവർ വളരെ മാന്യന്മാരായി മാറുകയും പിന്നെ പിന്നെ അവർ വീണ്ടും പഴയ പടിയിലേയ്ക്ക് പോകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. അത് നമ്മുടെ പരിശീലനത്തിലെയും തുടർന്നുവരുന്ന പല കീഴ്‌വഴക്കങ്ങളുടെയും ഭാഗമായിട്ടുള്ളതാണ്. അതുകൊണ്ട് പോലീസ് സേനയുടെ സ്വഭാവ സവിശേഷതയുടെ അലകും പിടിയും മാറ്റാൻ കഴിയുന്നവിധത്തിൽ മാറ്റമുണ്ടാകണം. നേരത്തെ ഒരംഗം പറഞ്ഞതുപോലെ നിയമം കൊണ്ടുവന്നതുകൊണ്ടുമാത്രം കാര്യമില്ല. നിയമം ഇല്ല എന്നുള്ള കുറവല്ല നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആ നിയമം പരിപാലിക്കുവാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം എന്നുള്ളതാണ്. ഇവിടെ പോലീസ് സ്റ്റേഷൻ കൂടുതൽ വേണോ, പോലീസ് സേന കൂടുതൽ വേണോ എന്നുള്ള കാര്യത്തെക്കുറിച്ച് പല അംഗങ്ങളും ചർച്ച ചെയ്യുകയുണ്ടായി. Cost Revenue Analysis എന്ന ഒരു കേന്ദ്ര ഏജൻസി പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഏജൻസിയാണ്. അവർ പഠനം നടത്തി കണ്ടുപിടിച്ച ഒരു പ്രധാനപ്പെട്ട കാര്യം, അത് ഈ സഭ വളരെ ഗൗരവത്തോടുകൂടി കാണേണ്ട വിഷയമാണ്. ഏറ്റവുമധികം പ്രവർത്തന സമ്മർദ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്ന സേന കേരളത്തിലെ പോലീസാണ്. 781 ജനങ്ങൾക്ക് ഒരു പോലീസുകാരനാണ് കേരളത്തിലുള്ളത്. 781 പേർക്ക് ഒരു പോലീസെന്ന റേഷ്യോ ആണ് കേരളത്തിലുള്ളത്. ഡൽഹിയിലത് 285 പേർക്ക് ഒരാളാണെങ്കിൽ കാശ്മീരിൽ 196 : 1 ആണ്. ത്രിപുരയിൽ 159 : 1-ഉം ലക്ഷദ്വീപിൽ 234 : 1 എന്ന നിലയിൽ കണക്ക് പോകുകയാണ്. കേരളത്തിലെ സ്ഥിതി 781 എന്നു പറയുമ്പോൾ ഒരു പോലീസുകാരൻ, ഡിവൈ.എസ്.പി.-യോ എസ്.പി.-യോ ഡി.ജി.പി.-യോ ആയിക്കൊള്ളട്ടെ. അദ്ദേഹത്തിനുണ്ടാകുന്ന പ്രവർത്തനസമ്മർദ്ദം എത്രമാത്രം വലുതാണ് എന്ന് സൂചിപ്പിക്കുന്ന പഠനറിപ്പോർട്ടാണ് പുറത്തുവന്നിരിക്കുന്നത്. ആ റിപ്പോർട്ടിൽതന്നെ പറയുന്ന പ്രധാനപ്പെട്ട കാര്യം, കാസർഗോഡ് ജില്ലയിലെ 63 പോലീസുകാർ 277 പേരുടെ ജോലി നിർവ്വഹിക്കുന്നു എന്നാണ്. 63 പോലീസുകാർ ചേർന്ന് 277 പോലീസുകാരുടെ ജോലി ചെയ്യുന്നു എന്നു പറഞ്ഞാൽ പോലീസുകാരുടെ സമ്മർദ്ദം എത്രമാത്രം വലുതാണ് എന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ ഈ നിയമത്തിൽ തന്നെ പറയുന്ന ഒരു കാര്യം എല്ലാ പഞ്ചായത്തുകളിലും പോലീസ് സ്റ്റേഷൻ ആകാവുന്നതാണ് എന്നാണ്. പക്ഷെ അത് ആകാവുന്നതാണ് എന്നല്ല, ആകണം. പോലീസുകാരുടെ പ്രവർത്തനപരിധി, എന്റെ മണ്ഡലത്തിലെ ഒരു പോലീസ് സ്റ്റേഷൻ പണ്ടുകാലത്ത് 1942-ൽ അന്തിക്കാട്ട് സമരക്കാലത്ത് ബ്രിട്ടീഷുകാർ സ്ഥാപിച്ചതാണ്. അന്തിക്കാട് സർക്കിളിൽ അഞ്ചു പഞ്ചായത്തുകളാണ്. ഇപ്പോഴും ഒരു മാറ്റവും വരുത്തിയിട്ടില്ല. ഈ അഞ്ചു പഞ്ചായത്തുകളിലും ലക്ഷക്കണക്കിനാളുകൾ താമസിച്ചുകൊണ്ടിരിക്കുകയാണ്. ആ ഒരു പോലീസ് സ്റ്റേഷൻകൊണ്ട് എങ്ങനെയാണ് അവിടെ ക്രമസമാധാനപാലനം നടത്തുക? അപ്പോൾ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഫിനാൻസിന്റെ പ്രശ്നമാണ്. ഫിനാൻസിന്റെ പ്രശ്നം പറഞ്ഞുകൊണ്ട് മറ്റിവയ്ക്കേണ്ട വിഷയമാണോ ക്രമസമാധാനപാലനം? ഇത് ജനങ്ങളുടെ അവകാശമാണ്. ക്രമസമാധാനപരിപാലനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടാകുക എന്നുള്ളത് ജനങ്ങളുടെ അവകാശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പോലീസ് സ്റ്റേഷൻ ഒന്നും വേണ്ടാത്ത ഒരു കാലം വരണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. ഇവിടെ വിശ്വൻ മാഷ് പറഞ്ഞതുപോലെ. മറ്റുള്ളവരുടെ വാക്കുകൾ സംഗീതം പോലെ ആസ്വദിക്കുന്ന ഒരു കാലം വരും. 'സഹജാതവൃന്ദൻമൊഴി സംഗീതമായി തോന്നുന്ന കാലം വരും' എന്ന് ഒ.എൻ.വി. കുറുപ്പ് പറഞ്ഞതുപോലെ അങ്ങനെയുള്ള കാലത്ത് പോലീസ് സ്റ്റേഷന്റെ ആവശ്യമില്ല. പക്ഷെ ഇപ്പോൾ നമുക്ക് പോലീസ് സ്റ്റേഷൻ ആവശ്യമാണ്. അവിടെ പോലീസുകാർ ആവശ്യമാണ്. സൗകര്യങ്ങൾ ആവശ്യമാണ്. ആധുനികമായ ശാസ്ത്രസാങ്കേതികവിദ്യകൾ അവിടെയുണ്ടാകണം. കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട്, 90 ശതമാനം പോലീസുകാരും അതിനുവേണ്ട വിദഗ്ദ്ധമായ പരിശീലനമുള്ളവരല്ല. മാത്രമല്ല പോലീസ് സേനയിലെ ശാസ്ത്രസാങ്കേതിക വിഭാഗമെന്നു പറയുന്ന അല്ലെങ്കിൽ അതിന്റെ സംവിധാനമെന്നു പറയുന്നത് കംപാരിറ്റീവ്ലി നല്ലതാണെങ്കിലും ഇപ്പോഴത്തെ ആധുനിക സ്ഥിതിവിശേഷം വച്ചുകൊണ്ട് അന്താരാഷ്ട്രതലത്തിൽ നോക്കുമ്പോൾ മോശപ്പെട്ട സ്ഥിതി ഇപ്പോൾ കേരളത്തിലുണ്ട്.

ശ്രീ. കെ. കെ. ഷാജു: പോലീസ് സേനയെ കുറച്ചുകൂടി മെച്ചപ്പെട്ടതാക്കാൻ ആധുനികമായ പരിശീലനവും മറ്റു കാര്യങ്ങളും വേണമെന്നുള്ള അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. പോലീസുകാർക്ക് കാലഘട്ടത്തിന് അനുരോധമായിട്ടുള്ള പരിശീലനം വേണമെന്ന് പറയുന്നതോടൊപ്പം തന്നെ പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന ആളുകളുടെയും മൈൻഡ് സെറ്റിൽ മാറ്റം വരണ്ടേ? നിങ്ങളുടെ പാർട്ടിയുടെ നിയമസഭാ ലീഡർ, ബഹുമാന്യനായ മന്ത്രി സി. ദിവാകരനടക്കമുള്ള ആളുകൾ പോലീസ് സ്റ്റേഷനിൽ ചെന്ന് ബലമായി പ്രതികളെ മോചിപ്പിച്ചു കൊണ്ട് പോയ ആ മൈൻഡ് സെറ്റും മാറേണ്ടതല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ശ്രീ. ഷാജു, ഇവിടെ ഇരിക്കുന്ന ഞങ്ങളാരും മോശക്കാരൊന്നുമല്ല. പോലീസ് സ്റ്റേഷനിൽ പലപ്പോഴും കയറുകയും മർദ്ദനമേൽക്കുകയും ചെയ്ത ആൾക്കാരാണ്. അതുകൊണ്ട് പോലീസ് സ്റ്റേഷനിൽ കയറി ആളുകളെ പിടിച്ചിറക്കികൊണ്ടുവന്നു എന്ന കെട്ടുകഥ ഇവിടെ വന്നു പറഞ്ഞാൽ അതിനുള്ള മറുപടി പറയാൻ എനിക്ക് കഴിയില്ല. പോലീസ് സ്റ്റേഷനിൽ പോകേണ്ടി വന്ന സമയത്ത് പോലീസ് സ്റ്റേഷനിൽ പോകും. ജനങ്ങൾക്കുവേണ്ടി ഇടപെടേണ്ട സമയത്ത് ഇടപെടേണ്ടിവരും. അതിനകത്ത് ഒരു സംശയവും വേണ്ട. ഇനി നാളെയും ആ വക കാര്യങ്ങളുണ്ടാകും.

ശ്രീ. രാജു എബ്രഹാം: ബഹുമാന്യനായ എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീമതി ഗൗരിയമ്മ കൃഷിമന്ത്രിയുമായിരുന്നപ്പോൾ നിവേദനം കൊടുക്കാൻ വേണ്ടി ഫാദർ വടക്കേമുറിയച്ചൻ വന്നിരുന്ന കഥ അങ്ങേയ്ക്ക് അറിയുമോ? നിവേദനം കൊടുക്കാൻ വന്ന അച്ചനെ പിടിച്ച് അകത്തിട്ട് പതിനാലു ദിവസം ഉണ്ട തീറ്റിച്ച് തെക്കേമുറിയിലാക്കിയാണ് മടക്കി അയച്ചതെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്തരമൊരു നടപടി ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനുള്ളപ്പോൾ നടക്കുന്നില്ല എന്നുള്ളതും അങ്ങേക്ക് അറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : പാതിരിയച്ചൻമാർ ഏറ്റവും കൂടുതൽ മർദ്ദനമേറ്റിരിക്കുന്നത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. പാതിരിയച്ചൻമാർ ഇതുപോലെ അടികൊണ്ടൊരു കാലം ഉണ്ടായിട്ടില്ല. ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : വിഷയത്തിൽ മാത്രം ചർച്ച പോകട്ടെ. പോലീസ് മാത്രമാകട്ടെ.

ശ്രീ. പി. സി. ജോർജ്: അച്ചൻമാർ എന്തിനാണ് തല്ല് കൊള്ളുന്ന പണിക്ക് പോകുന്നത്? അച്ചൻമാർ അങ്ങനെ തല്ലുകൊള്ളുന്ന പണിക്കൊന്നും പോകണ്ട. ഒരു അച്ചൻ കയറി ഓഫീസിൽ ഇരിക്കുകയാണ്. എനിക്ക് പോകാൻ സൗകര്യമില്ല എന്ന് പറയുമ്പോൾ 'പോകൂ' എന്ന് മന്ത്രി പറയുന്നു. 'എനിക്ക് സൗകര്യമില്ല പോകാൻ', എന്ന് പറഞ്ഞാൽ പിന്നെ പോലീസുകാർ എന്തു ചെയ്യണം. അച്ചനാണെങ്കിലും ആരാണെങ്കിലും പൗരാവകാശം തുല്യമാണ്. എനിക്കും വൈദികനും പൂജാരിക്കും മൊല്ലാക്കയ്ക്കും എല്ലാം തുല്യമായ അധികാരം കൊടുത്താൽ മതി. മനസ്സിലായില്ല. എനിക്ക് പോകാൻ സൗകര്യമില്ലെന്നു പറഞ്ഞുകൊണ്ട് ഒരു മന്ത്രിയുടെ ഓഫീസിൽ കയറി ഒരു അച്ചൻ ഇങ്ങനെ കുത്തിയിരിക്കുകയാണ്. പൊന്നച്ചോ പോകൂ, എനിക്ക് സൗകര്യമില്ല. അച്ചോ പോകൂ, എനിക്ക് സൗകര്യമില്ല, ഞാനിവിടെ ഇരിക്കും. പിന്നെ മന്ത്രി അറസ്റ്റു ചെയ്യിക്കുകയല്ലാതെ എന്തു ചെയ്യണം. പിടിച്ചു തിന്നാൻ പറ്റുമോ! അതു കൊണ്ട് ഇങ്ങനെയൊക്കെ ആവശ്യമില്ലാതെ മതമൊന്നും പറയേണ്ടതില്ല. മതത്തെയും അച്ചൻമാരെയും അതുപോലെ പൂജാരിയെയും ഒന്നും ഇവിടെ കൊണ്ടുവന്ന് വട്ട് തട്ടേണ്ടതില്ല, അവർ അവരുടെ കാര്യം നോക്കട്ടെ.

ശ്രീ. വി. എസ്. സുനിൽ കുമാർ: ശ്രീ. പി. സി. ജോർജ്. അങ്ങ് കഴിഞ്ഞ ഇലക്ഷനിൽ ഈ പടം വച്ചാണ് വോട്ട് ചോദിച്ചതെന്ന കാര്യം മറന്നു പോകേണ്ട. അത് മറക്കണ്ട.

ശ്രീ. പി. സി. ജോർജ്: ഞാൻ ഇന്നേവരെയും ആരുടെയും പടം വച്ച് വോട്ട് പിടിച്ച് നിയമസഭയിൽ വന്നവനല്ല. ഏഴ് തവണ ഇലക്ഷനിൽ നിന്ന തിൽ ആറെണ്ണത്തിലും ജയിച്ചിട്ടുണ്ട്. ഒരു അച്ചന്റെയും ഫോട്ടോ വച്ച് വോട്ട് പിടിച്ചിട്ടുള്ളവനല്ല പി. സി. ജോർജ്. താന്റെയൊക്കെ കൂടിയാണ് ഇത് പറയുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ശ്രീ. പി. സി. ജോർജ് സംസാരിച്ച് മാണിസാറിന്റെ കയ്യിലുള്ള സീറ്റു കൂടി കളയേണ്ട.

ശ്രീ. സാജു പോൾ : അച്ചൻമാരെ മർദ്ദിക്കുന്നതിനെക്കുറിച്ച് ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ ഒരു പള്ളിയിൽ പ്രാർത്ഥനാനിരതരായിരുന്ന അച്ചൻമാരെയാണ് ഓടിച്ചിട്ടടിക്കുകയും അതിനുശേഷം കളമശ്ശേരി എ. ആർ. ക്യാമ്പിൽ കൊണ്ടുപോയി മുട്ടുകാലിൽ നിർത്തി കുർബാന ചൊല്ലിക്കുകയും ചില പോലീസുകാർ അച്ചൻമാരുടെ താടിയിൽ പിടിച്ചുവലിച്ച് ഇത് വെപ്പുതാടിയാണോടാ മറ്റവനെ എന്ന് ചോദിക്കുകയും ചെയ്ത വിവരം ശ്രീ. സുനിൽ കുമാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : ശ്രീ. സാജു പോൾ, പള്ളിയിലെ അച്ചൻമാരെ മാത്രമല്ല നമ്മുടെ ഈ ഗ്യാലറിയിൽ ഇരിക്കുന്ന പത്രസുഹൃത്തുക്കളുണ്ടല്ലോ, നേരത്തെ ഷാഹിനയുടെ കാര്യം പറഞ്ഞതുപോലെ, എത്ര പത്രക്കാരെയാണ്, മരിച്ചുപോയ മാതൃഭൂമിയിലെ ശങ്കരനാരായണൻ ഉൾപ്പെടെയുള്ള ആളുകളെ എറണാകുളത്തും കോഴിക്കോടുമൊക്കെയിട്ട് മർദ്ദിച്ചതിന്റെ കഥ നമുക്ക് അറിയില്ലേ. ഇവിടെ ജനങ്ങളെ മാത്രമല്ല അന്ന് ഗവൺമെന്റിന് എതിരായിരുന്ന പത്രക്കാരെ ഉൾപ്പെടെ, പത്രക്കാരെ തല്ലാൻ വേണ്ടി അന്ന് ആണി വച്ച ലാത്തി ഉപയോഗിച്ചു. അപ്പോൾ പത്രക്കാരെ ഉൾപ്പെടെയുള്ള ആളുകളെ മർദ്ദിക്കാൻ അന്നത്തെ ഗവൺമെന്റ് ഒരു മടിയും കാണിച്ചിട്ടില്ല. ഇതൊക്കെത്തന്നെ മറന്നുപോകാൻ പാടില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ ഇതൊരു ജനാധിപത്യ വ്യവസ്ഥയിൽ...... നമുക്ക് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ് 64 വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ജയരാജ് സൂചിപ്പിച്ചപോലെ വേറൊരു സംസ്ഥാനത്തും ഇത് വന്നിട്ടില്ല. ഇവിടെ ഒരുപാടു കാര്യം ചെയ്യുകയാണ്. പോലീസ് വെൽഫെയർ ബ്യൂറോ കൊണ്ടുവരുന്നു, പോലീസിന്റെ സുരക്ഷാകമ്മീഷൻ കൊണ്ടുവരുന്നു. പോലീസ് കംപ്ലയിന്റ് അതോറിറ്റി കൊണ്ടുവരുന്നു. പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് കൊണ്ടുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം കൊടുക്കാൻവേണ്ടി പ്രൊവിഷൻസ് കൊണ്ടുവരുന്നു. അതിനു പുറമെ പരിസ്ഥിതി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇടപെടാനും സംരക്ഷിക്കാനും വേണ്ടിയുള്ള നിയമങ്ങൾ ഇതിനകത്ത് കൊണ്ടുവന്ന് വളരെ സമഗ്രമായി ഒരു ആധുനിക ജനാധിപത്യ സമൂഹത്തിൽ എങ്ങനെയായിരിക്കണം ഒരു പോലീസ് എന്നതിനെക്കുറിച്ചുള്ള വളരെ ഉയർന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണമാണ് ഇതിനകത്ത് വന്നിരിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ബഹുമാനപ്പെട്ട സുനിൽ കുമാർ ഇവിടെ വളരെ ആവേശപൂർവ്വം മനുഷ്യാവകാശത്തെക്കുറിച്ചൊക്കെ പറയുന്നതു കേട്ടു. കേരളത്തിൽ തീവ്രവാദവും നക്സലിസവും ഫലപ്രദമായി നേരിടുകയും അമർച്ച ചെയ്യുകയും ചെയ്തത് സഖാവ് അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് എന്ന കാര്യം അങ്ങ് മറക്കുന്നുണ്ടോ? അത് മറന്നു പറയരുത്. അദ്ദേഹം സി. എം. ആയിരിക്കുമ്പോഴാണ് കേരളത്തിൽ വളരെ ഫലപ്രദമായി നക്സലിസത്തെയും തീവ്രവാദത്തെയും നേരിടുകയും അത് തീർക്കുകയും ചെയ്തത്. അങ്ങ് മറക്കരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ.: കരുണാകരന്റെ ഉരുട്ടലിനോട് അച്യുതമേനോൻ യോജിച്ചിട്ടില്ല. അത് മനസ്സിലാക്കണം. ഈ കഴിഞ്ഞ ദിവസം അടിയന്തരാവസ്ഥയിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ച ആളുകൾക്ക് പെൻഷൻ വേണമെന്ന് പറഞ്ഞ സമരത്തിൽ പങ്കെടുക്കാൻ പോയ ആളാണ് ഞാൻ. അടിയന്തരാവസ്ഥക്കാലത്ത് നടന്ന വളരെ മൃഗീയമായ ജനാധിപത്യ ധ്വംസനത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കുന്നില്ല. അത് തിരുത്തികൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി തുറന്നു പറഞ്ഞിട്ടുള്ള കാര്യമാണ്. മാത്രവുമല്ല ഒരു കാര്യം കൂടി പറയാം. ഇവിടെ നക്സലൈറ്റ് പോലുള്ള തീവ്രവാദ ശക്തികളെ അടിച്ചമർത്തിയത് ഭരണകൂടത്തെ ഉപയോഗിച്ചുകൊണ്ട് മാത്രമല്ല, പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുകൊണ്ടു മാത്രമല്ല. നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ അപ്പുറത്ത് രാഷ്ട്രീയമായ നിലയിൽ ശക്തമായ രാഷ്ട്രീയ ഇടപെടൽ കൂടി ഉണ്ടായി. എങ്ങനെയാണ് ഇടപെടൽ ഉണ്ടായത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ ഇവിടത്തെ അടിസ്ഥാന ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി, ആദിവാസികളുടെയാണെങ്കിലും എസ്. സി. വിഭാഗത്തിന്റേതാണെങ്കിലും കർഷകത്തൊഴിലാളിയുടേതാണെങ്കിലും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി മുന്നിൽ നിന്നു പ്രവർത്തിച്ചു. നിയമനിർമ്മാണങ്ങൾ കൊണ്ടുവന്ന് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാൽ തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് സ്ഥാനമുണ്ടാകില്ലെന്നതിന്റെ ഉദാഹരണം കൂടിയാണ് കേരളം. അത് മനസ്സിലാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അടിയന്തിരാവസ്ഥക്കാലത്ത് എല്ലാം എതിർത്തുകൊണ്ടിരുന്നതാണ്, അതിനെക്കുറിച്ചൊന്നും അംഗീകരിക്കുന്നില്ല എന്ന് അങ്ങു പറഞ്ഞു. 1977-ൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം നടന്ന കേരളത്തിലെ തെരഞ്ഞെടുപ്പിൽ അങ്ങയുടെ പാർട്ടിയടക്കം ഞങ്ങളുടെ പാർട്ടിയടക്കം ഒരുമിച്ചുനിന്ന് 111 സീറ്റുകളോടുകൂടി നമ്മൾ അധികാരത്തിൽ വന്നപ്പോൾ അന്നത്തെ പാർട്ടി നേതൃത്വത്തിന്റെ അഭിപ്രായം ഇതല്ലായിരുന്നു എന്നുള്ള വിവരം അങ്ങേക്ക് അറിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വ തീരുമാനം അതാത് പാർട്ടി കോൺഗ്രസ്സിലാണ് തീരുമാനിക്കുന്നത്. നിങ്ങളെ പോലെ സോണിയാ ഗാന്ധിക്ക് തീരുമാനിക്കാവുന്ന കാര്യമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാർട്ടി കോൺഗ്രസ്സുകളിൽ നയപരമായ തീരുമാനമെടുക്കും. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അടിയന്തിരാവസ്ഥയെ പിന്തുണച്ചു കാണും. പിന്നീട് പി. കെ. വാസുദേവൻ നായർ മന്ത്രിസഭയിൽ നിന്ന് രാജിവച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗമായി മാറിയതും ചരിത്രമാണ്. രാഷ്ട്രീയ നിലപാടുകൾ, കാലത്തിനനുസരിച്ച് സത്യസന്ധമായ രാഷ്ട്രീയ നിലപാടുകൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഏതു കാലത്തും സ്വീകരിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കേരളത്തിൽ നക്സലിസം തീർത്തത് അടിയന്തിരാവസ്ഥക്കാലത്തല്ല. അതു മാത്രമല്ല വർഗ്ഗീസ് കൊല്ലപ്പെടുന്ന സമയത്ത് കരുണാകരൻ ആഭ്യന്തര വകുപ്പു മന്ത്രിയല്ലതാനും. കേരളത്തിൽ വളരെ ഫലപ്രദമായി നക്സലിസത്തെ നേരിട്ടത് അച്യുതമേനോന്റെ കാലത്താണ്, അന്ന് സി. എച്ച്. മുഹമ്മദ്കോയ ഹോം മിനിസ്റ്ററായിട്ടുണ്ട്. അപ്പോൾ ആ കാര്യം മറന്നുകൊണ്ട് അങ്ങ് സംസാരിക്കുന്നത് ശരിയാണോ?

3.00 P.M.]

ശ്രീ. വി. എസ്. സുനിൽ കുമാർ: കോൺഗ്രസ്സിന്റെ ഭരണകാലത്താണ് എന്ന് അങ്ങ് പറയുന്നത് ശരിയാണെങ്കിൽ ഇപ്പോൾ നക്സലൈറ്റുകൾ ഏറ്റവും കൂടുതൽ തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന പല സ്ഥലങ്ങളിലും

നിങ്ങൾ ഭരിക്കുന്നില്ല; അവിടെ പറ്റുന്നില്ലല്ലോ. മാവോയിസ്റ്റുകളെ അനുകൂലിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുന്നില്ലേ? ബംഗാളിൽ മാവോയിസ്റ്റുകളുടെ കൂടെ നിൽക്കുകയാണ്. മറ്റു പല സ്ഥലങ്ങളിലും മാവോയിസ്റ്റുകൾ തഴച്ചു വളരുന്നതിന് അവസരമുണ്ടായിക്കൊണ്ടിരിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: നക്സലൈറ്റ് പ്രസ്ഥാനത്തെ കേരളത്തിൽ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞുവെന്ന് പറയുമ്പോൾ ഇൻഡ്യയിലെ പല സംസ്ഥാനങ്ങൾക്കും ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. അവിടെ ഏറ്റവും തീഷ്ണമായി ഗവൺമെന്റ് ഫോഴ്സ് ഉപയോഗിക്കുന്നുണ്ട്. നക്സലൈറ്റ് പ്രസ്ഥാനം സാമൂഹ്യാവസ്ഥയിൽനിന്നും ഉരുത്തിരിഞ്ഞു വരുന്നതാണ്. അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം ദാരിദ്ര്യാവസ്ഥയാണ്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുകയും സാമൂഹ്യ വ്യവസ്ഥയിൽ വരുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിലുമാണ് ഇവിടെ ഇത് ഒഴിവാക്കാൻ കഴിഞ്ഞത്. ഫോഴ്സ് ഉപയോഗിച്ചാണെങ്കിൽ ആന്ധ്രാപ്രദേശ്, ഒറീസ, ഛത്തീസ്ഘട്ട്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് മാറ്റത്തിന്റെ ആവശ്യമില്ല. ഫോഴ്സ് ഉപയോഗിച്ചുതന്നെ നിങ്ങൾക്ക് മാറ്റം വരുത്താൻ കഴിയില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: പോലീസുമായി ബന്ധപ്പെട്ട കാര്യം ചർച്ച ചെയ്യണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: നക്സലൈറ്റും പോലീസുമായി ബന്ധമുള്ളതുകൊണ്ട് പറയുന്നതാണ്. നക്സലൈറ്റുകളാണെങ്കിലും ഇതുപോലെയുള്ള തീവ്രവാദ പ്രവർത്തനങ്ങളാണെങ്കിലും പോലീസിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് തടയാൻ കഴിയുന്നതല്ല. അത് പ്രധാനപ്പെട്ട പ്രശ്നമാണ്. പോലീസിന്റെ, ഭരണകൂടത്തിന്റെ ഭീകരത അല്ലെങ്കിൽ അടിച്ചമർത്തലുകൾ കൊണ്ടുമാത്രം ജനങ്ങൾക്കിടയിൽനിന്നും വരുന്ന ഏത് രീതിയിലുള്ള പ്രവർത്തനമാണെങ്കിലും ശരി അതിനെ തടയാൻ കഴിയില്ല. രാഷ്ട്രീയമായി പരിഹാരമുണ്ടാക്കേണ്ട വിഷയങ്ങളാണ്. ആ നിലയിലാണ് കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്നത്. സെക്ഷൻ 59-ൽ കുറ്റകൃത്യങ്ങളിൽ ഇടപെട്ടിട്ടില്ല എന്നുള്ളതിന്റെ സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഒരു പ്രൊവിഷൻ പറയുന്നുണ്ട്. ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയുടേയും ആഭ്യന്തര വകുപ്പു സെക്രട്ടറിയുടേയും മുൻപാകെ നിവേദനം സമർപ്പിച്ച ഒരു വിഷയമാണ്. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ കംപ്യൂട്ടർ സ്ഥാപിച്ചിരിക്കുകയാണ്. 2000 മുതൽ 2010 വരെയുള്ള കാലയളവിൽ ഏതൊരു സ്റ്റേഷനിലുമുള്ള കേസുകളെല്ലാം തെളിഞ്ഞുവരും. ലൈസൻസില്ലാതെ വണ്ടിയോടിച്ച കേസ്സാണെങ്കിലും എല്ലാ കാര്യങ്ങളും അതിനകത്ത് വരികയാണ്. കപ്പൽശാലകളിലോ റിഗ്ഗുകളിലോയൊക്കെ ജോലി ചെയ്യാൻ പോകുന്ന ചെറുപ്പക്കാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. എസ്. പി. -മാരുടെയടുത്ത് പോകുമ്പോൾ വണ്ടിയോടിച്ച കേസ്സുകളിലും എന്തെങ്കിലും പെറ്റി കേസ്സുൾപ്പെടെ അയാൾ ഇന്നയിന്ന കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടയാളാണ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ട് സർട്ടിഫിക്കറ്റ് കൊടുക്കുകയാണ്. അവർക്കൊക്കെ പിന്നെ ജോലി കിട്ടാൻ പറ്റാത്ത സ്ഥിതിവിശേഷമുണ്ടാകുകയാണ്. ഒരുപക്ഷേ പലയാളുകളും ദുരുപയോഗം ചെയ്യുന്നതുകൊണ്ട് ഗവൺമെന്റ് സ്ട്രിക്ടായിട്ടുള്ള ചില നോംസ് കൊണ്ടുവന്നതായിരിക്കാം. പക്ഷേ നമ്മുടെ സമൂഹത്തിലെ ചെറുപ്പക്കാരായ ആളുകൾ അയാളുടെ പതിനെട്ടോ ഇരുപതോ വയസ്സിൽ ഒരു തെറ്റുകൊണ്ട് മദ്യപിച്ച് വാഹനമോടിച്ച് ആയിരം രൂപ പിഴയടച്ചാൽ ആ ഒരു കുറ്റത്തിന്റെ പേരിൽ അയാൾക്ക് ജോലിപോലും കിട്ടാൻ പറ്റാത്ത സ്ഥിതി വിശേഷമുണ്ടാക്കാൻ പറ്റിയ വിധത്തിൽ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതുണ്ടോ? കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ ആ കൊടുക്കുന്ന വ്യക്തി ക്രിമിനൽ പശ്ചാത്തലമുള്ളയാളാണെങ്കിൽ കൊടുക്കുന്നത് സൂക്ഷിച്ചു വേണം. പക്ഷേ ഒരു സാധാരണ പൗരന് അങ്ങനെ സംഭവിക്കുമ്പോൾ സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും അതിനകത്ത് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനമുണ്ടാകണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. തീർച്ചയായും നമ്മുടെ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും നിർണ്ണായകമായിട്ടുള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഇന്ന് പ്രത്യേകമായി ഒരു ദിവസംതന്നെ എടുത്തുകൊണ്ട്, വളരെ ജനാധിപത്യപരമായ നിലയിൽ ജനങ്ങളുടെയിടയിൽ ഇറങ്ങിക്കൊണ്ട് സഖാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ സെലക്ട് കമ്മിറ്റിയിൽ വളരെ വിശാലമായ നിലയിൽ ചർച്ചകൾ നടത്തിയും എല്ലാ വിഭാഗം ആളുകളുടേയും അഭിപ്രായം രൂപീകരിച്ചുകൊണ്ടുമാണ് ഇങ്ങനെ ഒരു നിയമം ഈ നിയമസഭയിൽ കൊണ്ടു വന്നിരിക്കുന്നത്. അതുകൊണ്ട് ഏകകണ്ഠമായി ഈ നിയമം പാസ്സാക്കിയെടുത്തു കൊണ്ട് നമ്മുടെ നിയമസഭയെ ചരിത്രത്തിൽ ഏറ്റവും വലിയ ഒരു നിയമ നിർമ്മാണം ഉണ്ടാക്കി എന്ന ഒരു ഖ്യാതികൂടി നമുക്ക് ചേർക്കാൻവേണ്ടി കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്തു കൊണ്ട് ബഹുമാന്യരായ മെമ്പർമാരും വിയോജനക്കുറിപ്പ് അവതരിപ്പിച്ച് സംസാരിച്ച സർവ്വശ്രീ. കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, വി. ഡി. സതീശൻ, പി. കെ. അബ്ദുറബ്ബ്, പി.എം.എ. സലാം, പി. സി. ജോർജ്, ഈ ഏഴ് അംഗങ്ങൾ ഉൾപ്പെടെ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചിട്ടുള്ള സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ തുടങ്ങിയ പത്തുപേരും ഈ ചർച്ചയിൽ പ്രകടിപ്പിച്ചിട്ടുള്ള ഒന്നുരണ്ട് പരാമർശങ്ങൾ ഒഴിച്ചാൽ പൊതുവിൽ വളരെ നല്ല നിലവാരം പുലർത്തിയിട്ടുള്ള ഒരു ചർച്ചയാണ് ഇവിടെ നടന്നിട്ടുള്ളത്. നിയമനിർമ്മാണ പ്രക്രിയയിൽ നമുക്ക് ഇങ്ങനെയും ഇടപെടാൻ സാധിക്കും എന്നുള്ളതിന്റെ ഉത്തമ മാതൃകയാണ് ഇവിടെ വിവിധ മെമ്പർമാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ വ്യക്തമാക്കുന്നത്. ക്രിയാത്മകമായ വിധത്തിൽ ഈ നിയമനിർമ്മാണത്തോട് മെമ്പർമാർ പ്രതികരിക്കുന്നു എന്നുള്ളതാണ് ഈ ചർച്ചയ്ക്കിടയിൽ ദൃശ്യമായിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം എന്ന് ചൂണ്ടിക്കാണിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുന്നു. വകുപ്പു തിരിച്ചുള്ള പരിശോധനാ ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ ഒട്ടേറെ ഭേദഗതികൾ സ്വീകരിക്കേണ്ടുന്നവയുണ്ട്. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ചില കാര്യങ്ങളിൽ ആ വകുപ്പ് എടുക്കുന്ന സന്ദർഭത്തിൽ തീരുമാനിക്കാവുന്നതാണ്. ഉൾക്കൊള്ളിക്കേണ്ടുന്ന ക്രിയാത്മകമായ കുറെ നിർദ്ദേശങ്ങൾ തന്നെ വന്നതായി കാണുന്നു. വളരെ വിശദമായി തന്നെ ഈ ബില്ലിന്റെ വശങ്ങളിലേയ്ക്ക് ചില മെമ്പർമാർ പോയിട്ടുണ്ട് എന്ന് ഭേദഗതികൾ പരിശോധിച്ചു നോക്കിയാൽ കാണാൻ സാധിക്കും. 2000-ലെ പോലീസ് ആക്ടിൽ ചില പിശക് വന്നത് ഈ ഘട്ടത്തിൽ ചൂണ്ടിക്കാണിച്ചു എന്നുള്ളത് മെമ്പർമാർ വളരെ ജാഗ്രതയോടുകൂടി ഈ ബില്ലിനെ സമീപിച്ചു എന്നുള്ളതിന് തെളിവാണ്. ഇവിടെ പൊതുവിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾക്കു മാത്രമേ ഞാൻ ഇപ്പോൾ മറുപടി പറയാൻ ഉദ്ദേശിക്കുന്നുള്ളു. അതിൽ പ്രധാനമായും ഇവിടെ ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നു എന്നൊരു പ്രശ്നം ഇവിടെ ചില മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചുകൊണ്ടും മുൻകാലങ്ങളെ അപേക്ഷിച്ചുകൊണ്ടും മെച്ചപ്പെട്ടു വരുന്നു എന്നുള്ളതാണ് കണക്കുകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. ക്രമസമാധാനപാലനത്തിൽ കേരളം കുറച്ചു വർഷങ്ങളെയായി മറ്റു സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട നിലയിലാണ് നിൽക്കുന്നത്. ഇൻഡ്യ ടുഡേ എല്ലാ വർഷവും ഇത് സംബന്ധിച്ച പരിശോധന നടത്തുന്ന ഒരു പ്രമുഖ മീഡിയയാണ്. ഈ വർഷവും ലാ ആന്റ് ഓർഡറിനുള്ള ദേശീയ പുരസ്കാരം കേരളത്തിനാണ് ഇൻഡ്യ ടുഡേ നൽകിയിട്ടുള്ളത്. അവർ പറഞ്ഞ ഒരു കാര്യം ശ്രദ്ധിക്കേണ്ടതാണ്. നന്നായി ഭരിക്കപ്പെടുന്ന സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ക്രമസമാധാനം വളരെ നിർണ്ണായകമാണ്. ക്രമസമാധാന നില നന്നായിരിക്കുന്നിടത്ത് ആവശ്യത്തിന് പോലീസുകാരുണ്ടാകും. പ്രതിശീർഷ പോലീസിന്റെ എണ്ണം ഇവിടെ കണക്കിലെടുക്കുന്നു. കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണത്തിലെ കുറവും ഇത് നടപ്പിലാക്കുന്നതിന്റെ പ്രതിഫലനമാണ്. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നിടത്ത് ക്രമസമാധാനപാലനവും വളരെ മോശമായിരിക്കുന്നു. കലാപങ്ങളുടെ മൂന്ന് ഘടകങ്ങളാണ് ഞങ്ങൾ ഭരണത്തിന്റെ അളവായി എടുത്തിട്ടുള്ളത്. അതിനാൽ കൊല, തട്ടിക്കൊണ്ടുപോകൽ, ബലാൽസംഗം, പീഡനം, എന്നിവയുടെ പങ്കിന്റെ കുത്തനെയുള്ള കണക്കാണ് എടുക്കുന്നത്. ഇത് പരിശോധിച്ചുകൊണ്ടാണ് 2005, 2006, 2007, 2008, 2009 ഈ വർഷങ്ങളിലെല്ലാം ലാ ആന്റ് ഓർഡറിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുള്ളത്. മാർക്ക് നോക്കിയാൽ 4.75 ശതമാനം നമുക്ക് കിട്ടിയപ്പോൾ രണ്ടാം സ്ഥാനത്തുള്ള തമിഴ്നാടിന് 2.53 ശതമാനം മാത്രമേ കിട്ടിയിട്ടുള്ളു. ക്രമസമാധാന പാലനത്തിന് കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് മുൻകൈ നേടാൻ സാധിച്ചിട്ടുണ്ട് എന്നത് ഇവിടെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാരും നമ്മുടെ സംസ്ഥാനത്തെ സാക്ഷരതാബോധവും ജനങ്ങളുടെ സാമൂഹ്യ വീക്ഷണത്തിൽ വന്നിട്ടുള്ള മാറ്റവുമൊക്കെ ഇതിൽ പ്രതിഫലിച്ചിട്ടുണ്ട്. ഒരു സംസ്ഥാനത്തെ ക്രമസമാധാനത്തെ സംബന്ധിച്ച് നോക്കുമ്പോൾ മർദ്ദനം ഒരു പ്രധാന ഘടകമാണ്. 2006-ൽ 393 കൊലപാതകം ഈ സ്റ്റേറ്റിൽ നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2007-ൽ 367, 2008-ൽ 362, 2009-ൽ 343, 2010 അവസാനിച്ചപ്പോൾ അത് 335 ആയി. ദേശീയ തലത്തിൽ ഒരു ലക്ഷം ജനസംഖ്യയ്ക്ക് നാലു കൊലപാതകങ്ങൾ നടക്കുന്നുണ്ട്. മുമ്പ് കേരളത്തിൽ ഒരു ലക്ഷം ജനസംഖ്യയ്ക്ക് രണ്ടു കൊലപാതകങ്ങൾ വീതമാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ അത് ഒരു ലക്ഷം ജനസംഖ്യക്ക് ഒന്നിൽതാഴെയായി കുറഞ്ഞു. പൊളിറ്റിക്കൽ മർഡർ ആണല്ലോ നിങ്ങൾക്ക് അറിയേണ്ടത്. പൊളിറ്റിക്കൽ മർഡറിന്റെ സ്ഥിതി നോക്കിയാൽ 2010-ലാണ് കേരളത്തിൽ ഏറ്റവും കുറച്ച് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നത്. ആറ് കൊലപാതകം മാത്രമാണ്. 2006-ൽ പത്ത് 2007-ൽ പത്ത്. 2008-ലാണ് ഒരു വർദ്ധനവ് ഉണ്ടായത് - 20 ആണ്. 2009-ൽ ഒൻപത്, 2010-ൽ ആറ്, ഈ തരത്തിൽ പൊളിറ്റിക്കൽ മർഡറിലും കുറവ് സംഭവിച്ചു എന്നുള്ളത് കേരളത്തിലെ രാഷ്ട്രീയ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന ഒരു മാറ്റമാണ്. രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘർഷത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഒരു വലിയ മാറ്റം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇതിൽ വന്നിട്ടുള്ള ഒരു മാറ്റമാണ്. ഗുണ്ടാ മർദ്ദനം, ഈ ഗുണ്ടകൾ തമ്മിലുള്ള വെട്ടിക്കൊലപാതകങ്ങൾ, ഞങ്ങൾ 2006-ൽ അധികാരത്തിൽ വന്നപ്പോൾ 20 സംഭവങ്ങളാണ്. പിന്നെ 2007-ൽ ഒമ്പതായി, 2008-ൽ ആറായി, 2009-ൽ ആറായി, 2010-ൽ രണ്ടായി. പ്രകടമായി വന്നിട്ടുള്ള മാറ്റമാണ്. ഭവനഭേദനത്തിൽ കുറവ് സംഭവിച്ചു. റേപ്പിൽ കുറവ് സംഭവിച്ചു. വെഹിക്കിൾ തെഫ്ടിൽ വളരെയധികം കുറവ് സംഭവിച്ചു. ഈ തരത്തിൽ വന്നിട്ടുള്ള പ്രകടമായ മാറ്റമാണ് ക്രമസമാധാന പാലനത്തിൽ മെച്ചം എന്നുള്ള നിലയിലേയ്ക്ക് എത്തിയിട്ടുള്ളത്. പക്ഷേ ഇതുമാത്രം പോരാ, കുറ്റകൃത്യങ്ങൾ ഇനിയും നമുക്ക് കുറച്ചു കൊണ്ടുവരണം. മെച്ചപ്പെട്ട ക്രമസമാധാനം ജനങ്ങൾക്ക് നൽകിക്കൊണ്ട് ജനങ്ങളുടെ സൈ്വരജീവിതം ഉറപ്പുവരുത്തുകയെന്നുള്ളത് ഏതൊരു പരിഷ്കൃത സമൂഹത്തിലും അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള കുറെയധികം നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞ കൂട്ടത്തിലുണ്ട്. ഒന്ന് ഇവിടെ പറഞ്ഞത്, പോലീസിന്റെ അംഗസംഖ്യ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസിന്റെ അംഗസംഖ്യ ഇനിയും വർദ്ധിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ അംഗസംഖ്യ വച്ചുകൊണ്ട് നമുക്ക് കാര്യങ്ങൾ വേണ്ടത്ര ചെയ്യാൻ കഴിയുകയില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ നിർദ്ദേശത്തോട് പൂർണ്ണ യോജിപ്പാണ് എനിക്കുള്ളത്. അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കുറെയധികം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി നിലവിലുള്ള ഒഴിവുകൾ നികത്തുക എന്നതിനാണ് ആദ്യ പരിഗണന കൊടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിലൊക്കെ രണ്ടായിരം മൂവായിരം ഒഴിവുകൾ പോലീസിൽ ഉണ്ടാകുമ്പോഴാണ് നിയമനപ്രക്രിയ ആരംഭിക്കുന്നത്. അതുമാറ്റി ഓരോ വർഷവും പോലീസിലുള്ള റിക്രൂട്ട്മെന്റ് ഒഴിവ് വരുന്ന മുറയ്ക്ക് നടത്താനുള്ള സ്ഥിതിവിശേഷത്തിലേയ്ക്ക് എത്തിച്ചു. സീറോ വേക്കൻസിയുള്ള ഒരു ഡിപ്പാർട്ടുമെന്റാക്കി മാറ്റാനുള്ള ഒരു പ്രക്രിയ ഈ വർഷത്തോടുകൂടി പൂർത്തീകരിക്കപ്പെടും. ഇതിന്റെ ഫലമായി പതിനായിരത്തിഎട്ടുപേരെയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പി.എസ്.സി. വഴി പോലീസിലേക്ക്

നിയമിച്ചിട്ടുള്ളത്. പുതിയതായി സൃഷ്ടിച്ച തസ്തിക - നിയമനം വെറും ഒഴിവു നികത്തൽ മാത്രമല്ല. 2688 തസ്തിക ഈ ഗവൺമെന്റ് വന്നശേഷം പോലീസിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. എ.ആർ. ബറ്റാലിയൻ, പുതിയതായി ആരംഭിച്ചു. ഈ തരത്തിലുള്ള വർദ്ധനവ് വന്നതോടൊപ്പം - പോലീസ് തന്നെ ചെയ്യേണ്ടതല്ലാത്ത ഒരുപാട് ജോലികൾ പോലീസ് ചെയ്യേണ്ടിവരുന്നുണ്ട്. അത് ഒഴിവാക്കിയെടുക്കുന്നതിനുവേണ്ടി മൂവായിരം എക്സ് മിലിട്ടറിക്കാരെ ഹോംഗാർഡുകളായി നിയമിച്ചു. പോലീസിന്റെ അംഗസംഖ്യയിൽ ക്രമാനുഗതമായ വർദ്ധനവ് വേണമെന്ന് പ്രതിപക്ഷ മെമ്പർമാരും ഭരണപക്ഷത്തുള്ള അംഗങ്ങളും ഉന്നയിച്ചിട്ടുള്ള അഭിപ്രായത്തോട് ഗവൺമെന്റിന് പൂർണ്ണമായി യോജിപ്പുണ്ട്. പോലീസ് സ്റ്റേഷന്റെ എണ്ണവും വർദ്ധിപ്പിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതയായി 11 പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഇനി മൂന്നു പോലീസ് സ്റ്റേഷൻ കൂടി ഈ ഫെബ്രുവരി മാസത്തിനുള്ളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ വേഗം പൂർത്തീകരിക്കപ്പെടും.

<u>ശ്രീ. പി. സി. ജോർജ്</u>: അതിൽ വാഗമൺ ഉണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ഇല്ല. വാഗമൺ ഇത്തവണത്തേതിൽ വന്നിട്ടില്ല. ഇനി ബഡ്ജറ്റിൽ പ്രഖ്യാപിച്ചാൽ മാത്രമേ പുതിയ പോലീസ് സ്റ്റേഷനുകൾ നമുക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ എട്ടു തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചത് പോലീസിന്റെ അംഗസംഖ്യയിൽ ഒരു വർദ്ധനവ് വരുത്താൻ സഹായിച്ചിട്ടുള്ള ഒരു പ്രധാനപ്പെട്ട ഘടകമാണ്. അടുത്തവർഷത്തേയ്ക്ക് പത്തു തീരദേശ പോലീസ് സ്റ്റേഷനുകൾക്കുകൂടി കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. അപ്പോൾ ഘട്ടംഘട്ടമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുക. അതുവഴി പോലീസിന്റെ അംഗസംഖ്യ കൂട്ടുക. ഇതാണ് പ്രധാനമായി സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മറ്റൊന്ന് പോലീസിന്റെ അംഗസംഖ്യ വളരെയധികം കൂട്ടിക്കൊണ്ട് ക്രമസമാധാനം മെച്ചപ്പെടുത്താൻ സാധിക്കുമെന്നത് പല സംസ്ഥാനത്തിന്റേയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ശരിയല്ല. ഇപ്പോൾ ജമ്മുകാശ്മീരിൽ അഞ്ച് ആൾക്ക് ഒരു പോലീസുകാരനുണ്ട്. പോലീസ്, മിലിട്ടറി, സി.ആർ.പി.എഫ്, ബി.എസ്.എഫ്. ഒക്കെ ചേർന്നുകൊണ്ട് അഞ്ച് ജമ്മുകാശ്മീർകാർക്ക് ഒരു പോലീസുകാരൻ വീതമുണ്ട്. എന്നിട്ട് അവിടത്തെ സ്ഥിതിയെന്താണെന്ന് നമുക്കൊക്കെ ഇപ്പോൾ അറിയാവുന്നതാണ്. അങ്ങനെയൊരു പ്രത്യേക സാഹചര്യം വന്നാൽ പോലീസിന്റെ അംഗസംഖ്യ കൂട്ടിയതുകൊണ്ട് മാത്രം സ്ഥിതിഗതികൾ നമുക്ക് നേരെയാക്കാൻ സാധിക്കുകയില്ല. അങ്ങനെയൊരു സ്ഥിതിവിശേഷം മുമ്പ് ഉണ്ടായിരുന്നില്ല. ഇപ്പോൾ അടുത്തകാലത്ത് ആ സ്ഥിതി വർദ്ധിച്ചതോടുകൂടിയാണ് പോലീസിന്റേയും മിലിട്ടറിയുടേയും എണ്ണം വൻതോതിൽ വർദ്ധിപ്പിക്കേണ്ടിവന്നിരിക്കുന്നത്. അങ്ങനെയുള്ള സ്ഥിതിവിശേഷത്തിലേക്ക് ഒരു സ്റ്റേറ്റ് എത്താതിരിക്കുക എന്നതാണ് പോലിസിംഗിൽ ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം എന്നതാണ് ഗവൺമെന്റ് കാണുന്നത്. മറ്റൊന്ന് ഇവിടെ പറഞ്ഞത് പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷമാകണം, അതുതന്നെയാണ് ഗവൺമെന്റിന്റെയും അഭിപ്രായം. നിഷ്പക്ഷമായ പോലീസ് സംവിധാനത്തിനുമാത്രമേ നീതിന്യായ നിർവ്വഹണം കൃത്യമായി നടത്താൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. കെ. സി. ജോസഫ് പറഞ്ഞു, ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ എടുത്തിരുന്ന നിലപാട്, അതുപിന്നെ ശ്രീ. ഉമ്മൻ ചാണ്ടിക്കും തുടരാൻ സാധിച്ചില്ല എന്ന്.

ശ്രീ. കെ. സി. ജോസഫ്: അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിന്റെ അർത്ഥം അതാണല്ലോ. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് സ്വീകരിച്ച പോലീസ് നിലപാട് എന്തായിരുന്നു? എല്ലാ സ്ഥലംമാറ്റത്തിനും അധികാരം ഡി.ജി.പി. -ക്ക് കൊടുത്തു എന്നുപറഞ്ഞത് ശരിയല്ല. സർക്കിൾ ഇൻസ്പെക്ടർമാർ വരെയുള്ള സ്ഥലംമാറ്റത്തിന്റെ അധികാരം ഡിജിപി-ക്കാണ്. അത് ഇന്നും ഡി. ജി. പി.-ക്കാണ്, ഞങ്ങളത് മാറ്റിയിട്ടില്ല. ഡിവൈ.എസ്.പി. മുതലുള്ള എല്ലാ ആഫീസർമാരെയും അന്നു മാറ്റിയത് ഗവൺമെന്റാണ്. സാങ്കേതികം തന്നെയാണ് പ്രശ്നം. അങ്ങനെ പോലീസിന് എല്ലാ അധികാരവും വിട്ടുകൊടുത്തിരുന്നുവെങ്കിൽ എസ്.പി.-മാർ മുതലുള്ള എല്ലാവരെയും മാറ്റാനുള്ള അധികാരം ഡിജിപി.-ക്ക് കൊടുത്താൽ പോരായിരുന്നോ? അങ്ങനെ അധികാരവും വിട്ടുകൊടുത്തിട്ടില്ല. ഞാനത് പരിശോധിച്ചു. അപ്പോൾ അന്നു ചെയ്തതുതന്നെയാണ് ഇപ്പോഴും ഞങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നത്. അപ്പോൾ അതിനൊരു മാറ്റവും വരുത്തിയിട്ടില്ല. ഈ സ്ഥലംമാറ്റം മുതലായ പ്രശ്നങ്ങളെ സംബന്ധിച്ച് ഈ നിയമത്തിനകത്തുതന്നെ ചില വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരമാവധി അതു പാലിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ശ്രീ. ഇന്ദ്രജിത്ഗുപ്ത, അദ്ദേഹം അയച്ച കത്തിനകത്ത് പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യം ഇപ്പോഴും വളരെ റെലവന്റാണെന്ന് എനിക്കു തോന്നുന്നു. അദ്ദേഹം പറഞ്ഞു, The popular perception all over the country appears to be that many of the deficiencies in the functioning of the police in our country have arisen largely due to an overdone of unhealthy and petty political interference at various levels starting from transfer and posting of policemen of different ranks, misuse of police for partisan purposes patronage quite often extended to corrupt police personel". ഇതാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇത് ഇപ്പോൾ മാത്രമല്ല ബ്രിട്ടീഷ് ഭരണകാലത്തുള്ള അവസ്ഥതന്നെയാണ്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ നോക്കുമ്പോഴും ഇത് ഇപ്പോൾ മാത്രം നിലനിൽക്കുന്ന കാര്യമല്ല എന്നു കാണാൻ കഴിയും. 1902-ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിയമിച്ച ഒരു കമ്മീഷൻ, ഒരു ഫ്രെയിസർ കമ്മിഷൻ, ആ ഫ്രെയിസർ കമ്മീഷൻ പറഞ്ഞ ഒരു കാര്യം, "The police force is far from efficient. It is generally regarded as corrupt and oppressive and it has utterly failed to secure the confidence and cordial co-operation of the police....." എന്ന് 1902-ൽ തന്നെ പറഞ്ഞിരിക്കുകയാണ്. അതിൽനിന്നു നോക്കുമ്പോൾ ഇപ്പോഴും ഇത് തട്ടിമുട്ടി ഇങ്ങനെ നിൽക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് വസ്തുത. ഏതായാലും ഈ കാര്യത്തിൽ നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെയും നമ്മുടെയെല്ലാം നിലപാടിൽ മാറ്റങ്ങൾ വരുന്നു എന്നുള്ളതാണ് ഈ ചർച്ച വ്യക്തമാക്കുന്നത്. ഇവിടെത്തന്നെ പറഞ്ഞതുപോലെ നിരവധി റിപ്പോർട്ടുകൾ മുൻപെല്ലാം ഉണ്ടായിയെങ്കിലും ഇത്തരത്തിലുള്ള ഒരു മാറ്റത്തിനുവേണ്ടിയുള്ള ശ്രമം നടന്നിട്ടില്ല. ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു, സുപ്രീം കോടതിയുടെ ഇടപെടൽ നമുക്ക് ഇതിന് സഹായകമായി എന്ന്. അദ്ദേഹം പറഞ്ഞത് ഒരു വസ്തുതയാണ്. ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളിലും ഈ പ്രക്രിയ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി സുപ്രീം കോടതിയുടെ ആ ഇടപെടൽ സഹായകരമായിട്ടുണ്ട്. സുപ്രീം കോടതി ഇടപെടേണ്ടിവന്നത് നമ്മൾ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിന്റെ ഫലമായിട്ടാണെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഭരണഘടനാനുസൃതമായിട്ട് അധികാരം സുപ്രീം കോടതിക്കുണ്ട്. ആ അധികാരം പ്രയോഗിക്കാൻ സുപ്രീം കോടതിക്ക് സാധിക്കുകയും ചെയ്യും. എന്നാൽ അതിനുപകരം അത് നിയമമാക്കുക എന്ന പ്രക്രിയയിലേയ്ക്ക് ഇടപെടുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പറഞ്ഞ അഭിപ്രായത്തോട് എനിക്ക് പൂർണ്ണ യോജിപ്പാണുള്ളത്. ഇത് ശ്രീ. വി.ഡി. സതീശന്റേയോ എന്റേയോ അഭിപ്രായമല്ല. ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റിലെയും മുഖ്യമന്ത്രിമാരുടേയും ആഭ്യന്തര മന്ത്രിമാരുടേയും സമ്മേളനം അന്നത്തെ നിയമവകുപ്പുമന്ത്രി, ഇപ്പോൾ കർണ്ണാടക ഗവർണ്ണറായി പോയിരിക്കുന്ന ശ്രീ. ഭരദ്വാജ്, അദ്ദേഹം വിളിച്ചുകൂട്ടുകയും ഞങ്ങൾ ഇതുസംബന്ധിച്ച് വിശദമായി ചർച്ചചെയ്യുകയും ചെയ്തത് ഞാൻ ഇപ്പോൾ ഓർക്കുകയാണ്. ഒരു സ്റ്റേറ്റിൽ നിന്നുംവന്ന ഹോം മിനിസ്റ്റേഴ്സും ഈ സുപ്രീംകോടതി ജഡ്ജുമെന്റിനെ അനുകൂലിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റും അവസാനം പറഞ്ഞു, ഞങ്ങൾക്ക് ഇതിനോട് യോജിപ്പില്ല എന്ന്. അന്ന് ശ്രീ. ശിവരാജ് പാട്ടീലായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. അദ്ദേഹം പറഞ്ഞു ഇത് അതേപടി നിങ്ങൾ നടപ്പിലാക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. സ്റ്റേറ്റിൽ ഇതിനെ സംബന്ധിച്ചുള്ള ഭേദഗതികൾ കൊണ്ടുവരണം എന്ന് നിർദ്ദേശിച്ചുകൊണ്ടാണ് എല്ലാ സ്റ്റേറ്റുകളും ഈ പ്രക്രിയയിലേക്ക് പോകാനുള്ള സാഹചര്യം ഉണ്ടായത്. അതുകൊണ്ട് ഇന്ന് കുറെയധികം മാറ്റങ്ങൾ നമുക്ക് വരുത്താൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ സുപ്രീംകോടതി പറഞ്ഞ കാര്യങ്ങൾ ഏതെല്ലാം സ്റ്റേറ്റ് നടപ്പിലാക്കി എന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി സുപ്രീംകോടതി ജസ്റ്റീസ് കെ.ടി.തോമസിനെ നിയോഗിച്ചിട്ടുണ്ട്. ജസ്റ്റീസ് കെ.ടി. തോമസ് ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ട് വായിക്കേണ്ടതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ചിലപ്പോൾ കിട്ടിയിട്ടുണ്ടാകും. ഒരു സ്റ്റേറ്റും ഇത് നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിയിട്ടില്ലെന്ന് മാത്രമല്ല ചില സ്റ്റേറ്റുകളെ സംബന്ധിച്ച് ഒരു പ്രതികരണം പോലും ചെയ്തിട്ടില്ല. "The State Security Commission, Andhra State - not constituted; selection and tenure of DGP, Andhra - no order issued". ഇങ്ങനെ ആന്ധ്ര, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് തുടങ്ങിയിട്ടുള്ള ഒട്ടനവധി പ്രമുഖസംസ്ഥാനങ്ങൾ ഈ പറയുന്ന നിർദ്ദേശങ്ങൾ ഒന്നും നടപ്പിലാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഇപ്പോഴും സന്നദ്ധമായിട്ടില്ല. പക്ഷെ എന്നിരുന്നാലും ഇതിൽ ചില മാറ്റങ്ങൾ വേണം എന്നുള്ളതുകൊണ്ട് നമുക്ക് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തുറന്ന മനസ്സോടുകൂടിയാണ് ഈ പ്രശ്നത്തെ ഗവൺമെന്റ് സമീപിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള കുറെയധികം മാറ്റങ്ങളോടുകൂടിയിട്ടുള്ള ഒരു ബിൽ കൊണ്ടുവരാൻ നമ്മൾ സന്നദ്ധമായത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ആറ് കാര്യങ്ങളെ സംബന്ധിച്ച് നേരത്തെതന്നെ ഇവിടെ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. നമ്മൾ അവിടെ നിൽക്കാതെ ഒരു പടികൂടി മുന്നോട്ട് പോയി എന്നതാണ് നമുക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന അഭിമാനകരമായിട്ടുള്ള വസ്തുത. ഇനി ചിലമാറ്റങ്ങൾ നമ്മൾ വരുത്തുന്നില്ലെങ്കിൽ കോടതിക്ക് ഇനിയും ഇടപെടാൻ അവസരം കിട്ടും. ഇപ്പോൾ തമിഴ്നാട്, ഈ നിയമനിർമ്മാണവും സുപ്രീംകോടതി പറഞ്ഞതൊന്നും അവർ നടപ്പിലാക്കിയിട്ടില്ല. തമിഴ്നാട് ഗവൺമെന്റ് ഡി.ജി.പി.-യെ നിശ്ചയിച്ചു. ആ ഡി.ജി.പി.-യെ നിശ്ചയിച്ചത് ഇതിൽ നിന്ന് വിരുദ്ധമായിട്ടാണെന്ന് കണ്ടപ്പോൾ ആ ഓർഡർ തന്നെ ക്യാൻസൽ ചെയ്തു. ചില മേഖലകളിൽ കോടതിക്ക് ഇടപെടാൻ നമ്മൾ അവസരം സൃഷ്ടിച്ചുകൊടുക്കാതെ നിയമനിർമ്മാണ സഭയിലെ അംഗങ്ങൾതന്നെ ഈ ഉത്തരവാദിത്തം നിർവ്വഹിക്കണമെന്നതുകൊണ്ടാണ് വളരെ ബുദ്ധിമുട്ടിയിട്ടാണെങ്കിലും ഈ ദിവസം ഇത് പാസ്സാക്കിയെടുക്കണം എന്ന ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് ഈ ബിൽ അവതരിപ്പിച്ചത്. മറ്റൊന്ന് ഇവിടെ പറഞ്ഞത് എട്ട് മണിക്കൂർ ഡ്യൂട്ടി, ഇത് നമ്മൾ തത്വത്തിൽ അംഗീകരിക്കുകയാണ്. പക്ഷെ ഒറ്റയടിക്ക് 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കുക എന്നു പറയുന്നത് നമ്മുടെ സ്റ്റേറ്റിൽ ഇന്നത്തെ സ്ഥിതിക്ക് പ്രായോഗികമല്ല. പിന്നെ ഞങ്ങൾ ഇനി ഒരുകാലത്തും അധികാരത്തിൽ വരാൻ പോകുന്നില്ല എന്ന ഉദ്ദേശമാണെങ്കിൽ ഞങ്ങൾക്ക് ഇത് ഇവിടെ എഴുതി വച്ചിട്ട് പോകാം. പക്ഷെ ഞങ്ങളങ്ങനെ ഉദ്ദേശിക്കുന്നില്ല. യാഥാർത്ഥ്യബോധത്തോടുകൂടി ഈ പ്രശ്നത്തെ സമീപിക്കണം. 8 മണിക്കൂർ ഡ്യൂട്ടി എന്നുള്ളത് ഈ ഗവൺമെന്റ് വന്നപ്പോൾ 51 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നേരത്തെ നായനാർ മന്ത്രിസഭ ഉണ്ടായിരുന്ന 1996 - 2001 കാലത്ത് അന്നും കുറെയധികം പോലീസ് സ്റ്റേഷനിൽ 8 മണിക്കൂർ ഡ്യൂട്ടി ഉണ്ടായിരുന്നു. പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് അത് നിർത്തലാക്കി. ഞങ്ങൾ വീണ്ടും വന്നപ്പോഴാണ് ആ പ്രക്രിയ പുനരാരംഭിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം തന്നെ 51 പോലീസ് സ്റ്റേഷനുകളിലേയ്ക്ക്കൂടി 8 മണിക്കൂർ ഡ്യൂട്ടി വ്യാപിപ്പിക്കും. അപ്പോൾ 51-ഉം 51-ഉം കൂടിയാകും. അങ്ങനെ 102 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടിയാകും.

<u>ശ്രീ. കെ. സി. ജോസഫ്</u> : ഈ പറഞ്ഞ 51 പോലീസ് സ്റ്റേഷനിൽപോലും ജോലിസമയം 8 മണിക്കൂറായി ക്ലിപ്തപ്പെടുത്തിയിട്ടില്ലായെന്നും 8 മണിക്കൂർ കഴിഞ്ഞ് ജോലി ചെയ്യുന്നവർക്ക് ഒരു ആനുകൂല്യവും കൊടുക്കുന്നില്ലയെന്ന പരാതി പോലീസുകാർക്കുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതുസംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്തെങ്കിലും പ്രായോഗികമായ പ്രശ്നങ്ങൾ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ തരത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അതിന് നമുക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതാണ്. ഒറ്റയടിക്ക് മുഴുവൻ പോലീസ് സ്റ്റേഷനിലും ഇത് പ്രവർത്തികമാക്കാൻ കഴിയാത്തത് അംഗസംഖ്യയിലെ കുറവുകൊണ്ടാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഒരു വലിയ മാറ്റം പോലീസിൽ വരാൻ പോവുകയാണ്. ആംഡ് റിസർവും ലോക്കൽ പോലീസിനെയും സംയോജിപ്പിക്കുകയാണ്. അതിനുള്ള നടപടികളൊക്കെ പൂർത്തിയായി കഴിഞ്ഞു. ഓർഡർ ഇറങ്ങി കഴിഞ്ഞു. അങ്ങനെ വരുമ്പോൾ നമുക്ക് കൂടുതൽ പോലീസുകാരെ ലാ ആന്റ് ഓർഡറിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞിട്ടുള്ള ഈ നിർദ്ദേശങ്ങൾ എത്രത്തോളം കൂടുതൽ സ്ഥലത്ത് പ്രാവർത്തികമാക്കാൻ കഴിയും എന്ന് ആലോചിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ അതുമായി ബന്ധപ്പെട്ട ഒരു വിഷയം ഉന്നയിച്ചിരുന്നു. ആംഡ് റിസർവും ലോക്കൽ പോലീസുംകൂടി മെർജ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇതിന് രണ്ടിനും വ്യത്യസ്തമായ ട്രെയിനിംഗാണ് കൊടുത്തിരിക്കുന്നത്. ലോക്കൽ പോലീസ് കൈകാര്യം ചെയ്യുന്ന നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ലോക്കൽ പോലീസിനുവേണ്ടിയിട്ടുള്ള പ്രത്യേക പോലീസ് സംവിധാനത്തിനു മാത്രമാണ് അതിന്റെ പരിശീലനം കൊടുത്തിട്ടുള്ളത്. ആംഡ് റിസർവിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഈ നിയമപരമായി ലോക്കൽ പോലീസ് സ്റ്റേഷനിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാനുള്ള നിയമപരമായ പരിശീലനം കിട്ടിയിട്ടില്ല. അതുമാത്രമല്ല രണ്ടിന്റെയും സെലക്ഷൻ പ്രോസസ്സ് വളരെ വ്യത്യസ്തമായ സെലക്ഷൻ പ്രോസസ്സാണ്. ഇത് നാളെ പ്രൊമോഷൻ കാര്യത്തിലും ഐ.പി.എസ്. കൺഫർ ചെയ്യുന്ന കാര്യത്തിൽ ഉൾപ്പെടെയുള്ള ഒരുപാട് പ്രശ്നങ്ങളിൽ നിയമപരമായ വ്യവഹാരങ്ങൾക്കുള്ള സാധ്യതകൾ തുറന്നിടുകയാണ്. എന്താണ് ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള സമീപനം എന്നത് ഞാൻ ചോദിച്ചിരുന്നു. ഒന്ന് വ്യക്തമാക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതിൽ ഇങ്ങനെ ഒരുപാട് ആശങ്കകൾ ഈ പ്രശ്നത്തിലുണ്ടായിരുന്നു. ഇത് വളരെ മുമ്പുള്ള നിരവധി കമ്മീഷനുകളുടെ റിപ്പോർട്ട് പ്രകാരമാണ് ഇങ്ങനെ ഒരു സംയോജനം വേണമെന്ന് തീരുമാനിച്ചത്. മറ്റ് പല സംസ്ഥാനങ്ങളിലും ഈ സംയോജനം വരുത്തിക്കഴിഞ്ഞു. ഇതിൽ മുമ്പ് കാലത്തെ സംബന്ധിച്ചുള്ള റിക്രൂട്ട്മെന്റ് എ.ആർ.-ലേക്ക് വേറെ ബെറ്റാലിയനിലേയ്ക്ക് വേറെയാണ്. ഇപ്പോൾ എല്ലാ പോലീസുകാരെയും റിക്രൂട്ട് ചെയ്യുന്നത് ബെറ്റാലിയനിലേയ്ക്കാണ്. ബെറ്റാലിയനിൽ നിശ്ചിത വർഷം സേവനം അനുഷ്ഠിച്ചശേഷമാണ് എ. ആർ.-ലേക്ക് വരുന്നത്. എ.ആർ.-ൽ നിശ്ചിത വർഷം പ്രവർത്തിച്ച ആളുകളെയാണ് ഇപ്പോൾ ലോക്കലിലേയ്ക്ക് മാറ്റുന്നത്. അങ്ങനെ ലോക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന പോലീസുകാർ ഇന്നത്തെ സ്ഥിതിയിൽ ഒരു നല്ല പ്രായമുള്ള ആൾക്കാർ മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ എ. ആർ.-ലേക്കുള്ള ആളുംകൂടി ലോക്കലിലേക്ക് വരുമ്പോൾ പോലീസ് സ്റ്റേഷനിൽ യുവത്വത്തിന്റെ വർദ്ധനവുണ്ടാകും. കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകമാകും. ട്രെയിനിംഗ് ഇപ്പോൾ എല്ലായിടത്തും ഒരുപോലെയുള്ള ട്രെയിനിംഗാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. പഴയ ട്രെയിനിംഗ് രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബറ്റാലിയനിലേക്ക് പ്രവേശനം കിട്ടുന്ന സന്ദർഭത്തിൽ തന്നെ ഇതിന്റെ എല്ലാ പരിശീലനവും കൊടുക്കുന്നുണ്ട്. ലാ ആന്റ് ഓർഡറിന്റെ ഭാഗമായിട്ട് പ്രവർത്തനം ചെയ്യേണ്ട ആളുകൾക്ക് പ്രത്യേകമായ പരിശീലനം കൊടുക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രായോഗികമായി ഇതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ പോകുന്നില്ല. മറ്റൊന്ന് ഇവിടെ പറഞ്ഞത്, പോലീസുകാരുടെ പരിശീലന കാലയളവിനെ സംബന്ധിച്ചാണ്. അതിനോട് രണ്ട് ഭാഗത്തുനിന്നും യോജിപ്പാണ് ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളത്. പരിശീലന കാലയളവ് ഡ്യൂട്ടിയായിട്ട് പരിഗണിക്കണമെന്നുള്ളതാണ് അഭിപ്രായം. ഇതിന് റൂൾസ് വഴി ഒരു പ്രൊവിഷനുണ്ടാക്കി ഇത് ചെയ്യാൻ ഗവൺമെന്റിനെ ഉത്തരവാദിത്തം ഏല്പിക്കുകയാണ് ഇതിൽ ചെയ്യുന്നത്. ഇതിന് മുമ്പ് 2001 -ൽ യു. ഡി. എഫ്-ന്റെ മാനിഫെസ്റ്റോയിൽതന്നെ പറഞ്ഞിരുന്നു, പോലീസുകാരുടെ പരിശീലന കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുമെന്ന്. ആ കാലത്ത് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോഴെങ്കിലും നമുക്കത് ചെയ്യാൻ സാധിക്കുന്നതായിരിക്കും നല്ലത്. അതിന് എല്ലാവരും സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 8 മണിക്കൂർ ഡ്യൂട്ടി എന്നതും 2001-ലെ യുഡിഎഫ്-ന്റെ മാനിഫെസ്റ്റോയിൽ ഉണ്ടായിരുന്നു. 5 വർഷമായിട്ട് നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് പ്രഖ്യാപനത്തിലല്ല പ്രശ്നമുള്ളത്. നമുക്കത് പ്രായോഗികമാക്കാൻ എത്രത്തോളം സാധിക്കും. അതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വകുപ്പുകളാണ് ഈ നിയമത്തിനകത്ത് ഇപ്പോൾ ഉൾക്കൊള്ളിക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. മറ്റൊന്ന്, മുമ്പ് രണ്ട് ഇൻക്രിമെന്റ് കൊടുത്തുകൊണ്ട് ഈ പ്രശ്നം തീർക്കാൻ ശ്രമിച്ചുവെന്നു പറയുന്നുണ്ട്. എന്നാൽ ആ ഫയൽ കാണുന്നില്ല. ഞാൻ അത് പരതി നോക്കി. അങ്ങനെയൊന്നു കാണുന്നില്ല. ഇതു വളരെ തർക്ക പ്രശ്നമായിരുന്നു. അതുകൊണ്ടാണ് ഇതിന് പരിഹാരം കാണണം എന്ന് ഇപ്പോൾ തീരുമാനിച്ചത്. മറ്റൊന്ന്, നിയമാനുസൃതമായിട്ടുള്ള ഉത്തരവ് മാത്രമേ അനുസരിക്കേണ്ടതുള്ളു എന്ന് പറയുന്ന പ്രശ്നം പലപ്പോഴും വിവാദങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഒരു പ്രശ്നമാണ്. ഇതിപ്പോൾ പുതിയതായിട്ടുള്ള ഒരു വകുപ്പല്ല. നിലവിലുള്ള 1960-ലെ കേരള പോലീസ് ആക്ട് സെക്ഷൻ 29 (എ), അതിനകത്ത് പറയുന്നുണ്ട്, "29. Duties of Police Officers:- It shall be the duty of every police officer to - (a) promptly serve every summons, obey and execute all orders and warrants lawfully issued to him by any competent authority, and endeavour by all lawful means to give effect to the lawful commands of his superior officers;" അതുകൊണ്ട് ഇതിപ്പോൾ പുതിയതായിട്ട് ഞങ്ങൾ ചേർത്തതല്ല. നേരത്തെ 1960-ലെ പോലീസ് ആക്ടിൽ തന്നെയുള്ള ഭാഗം എടുത്ത് ചേർത്തുവെന്നുമാത്രമേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നമ്മൾ 1960-ലെ പോലീസ് ആക്ടിന് അമെന്റ്മെന്റ് കൊണ്ടുവരികയാണ്. അതുകൊണ്ട് സ്വാഭാവികമായും കാലോചിതമായ മാറ്റത്തെക്കുറിച്ച് നമ്മൾ ആലോചിക്കണമല്ലോ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ഈ തീരുമാനം, ഈ ഓർഡർ ലാ ഫുൾ ആണോ അല്ലയോ എന്ന് തീരുമാനിക്കേണ്ട ഉദ്യോഗസ്ഥൻ അതിൽ താഴെയുള്ള ഉദ്യോഗസ്ഥനാണ്. ഒരു മേലുദ്യോഗസ്ഥന്റെ നിർദ്ദേശം താഴെയുള്ള ഒരു ആളിന്റെ ഡിസ്ക്രിഷന് വിട്ടുകൊടുക്കുന്നുവെന്നുള്ളതാണ് അർത്ഥം. ഇവിടെ പോലീസിന്റെ ഒരു ഡിസിപ്ലിനറി ഫോഴ്സിനകത്ത് അങ്ങനെയൊന്നു കൊണ്ടുവന്നു കഴിഞ്ഞാൽ കീഴുദ്യോഗസ്ഥന് ഈ ഉത്തരവ് ലാ ഫുൾ ആണോ അല്ലയോ എന്ന തർക്കത്തിന്റെ പേരിൽ അംഗീകരിക്കാതെ, നടപ്പാക്കാതെ നിൽക്കാനുള്ള ഒരു സ്പെയ്സ് നമ്മൾ കൊടുക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ വിമർശനം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : അങ്ങനെ നിയമവിരുദ്ധമായി ഉത്തരവ് കൊടുത്തതിന്റെ പേരിലാണല്ലോ ഇപ്പോൾ ഐ.ജി. ജയിലിലായിട്ടുള്ളത്. അതുകൊണ്ട് നിയമവിധേയമായിട്ടുള്ള ഉത്തരവുകൾ മാത്രമേ ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാൻ പാടുള്ളൂ എന്ന് 1960-ലെ പോലീസ് ആക്ടിൽ തന്നെയുള്ള കാര്യം മാത്രമേ ഇപ്പോഴത്തെ നിയമത്തിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളൂ. അതൊരു പുതിയ കാര്യമല്ല.

<u>ശ്രീ. കെ. സി. ജോസഫ്</u> : ഉത്തരവ് കിട്ടുന്ന ഉദ്യോഗസ്ഥന് ആ ഉത്തരവ് നിയമവിധേയമാണോയെന്ന് പരിശോധിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്താൽ ഒരു ഉത്തരവും നടപ്പിലാക്കാൻ സാധിക്കുകയില്ല. അനുസരിക്കാനേ ഉദ്യോഗസ്ഥന് ബാധ്യതയുള്ളൂ. ഉത്തരവ് കൊടുക്കുന്ന ആളിന്റെ റെസ്പോൺസിബിലിറ്റിയാണ് അത് ലീഗലായിരിക്കണമെന്നുള്ളത്. ഉത്തരവ് കിട്ടുന്ന ഉദ്യോഗസ്ഥൻ ആ ഉത്തരവ് എടുത്ത് നിയമം നോക്കാൻ പോയാൽ എവിടെപ്പോയി നിൽക്കുമെന്ന് അങ്ങ് ആലോചിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: നിയമവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒരു പോലീസ് ഓഫീസർക്കും അധികാരമില്ല. അയാൾക്ക് ഇഷ്ടമില്ലാത്തവരെയൊക്കെ വെടിവയ്ക്കണമെന്നു പറഞ്ഞാൽ ആരെങ്കിലും അനുസരിക്കേണ്ട കാര്യമുണ്ടോ? അതുകൊണ്ട് ഇത് 1960 മുതലേ തുടരുന്ന വകുപ്പിനുള്ളിലെ കാര്യമാണ്. പുതിയ ഒരു കാര്യമായി ഇതിനകത്ത് എഴുതിച്ചേർത്തിട്ടില്ല. പലരും വിചാരിക്കുന്നത് ഇത് ഒരു പുതിയ കാര്യമാണെന്നാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഇത് പ്രത്യേകമായി പരിശോധിച്ചു. ഇത് നേരത്തെയുള്ള വകുപ്പിൽത്തന്നെയുള്ള കാര്യമാണ്. പുതിയൊരു കാര്യവും ഇതിൽ ഉൾപ്പെടുത്തുന്നില്ല. പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങളെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ ആ വകുപ്പ് വരുമ്പോൾ നമുക്ക് ആലോചിക്കാം. ഇവിടെ പറഞ്ഞിട്ടുള്ള ഒന്നുരണ്ട് കാര്യങ്ങൾ സ്പെഷ്യൽ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടുള്ളതാണ്. അത് പ്രത്യേകമായ സാഹചര്യങ്ങളിലുള്ള ഒരു കാര്യം മാത്രമാണ്. പ്രത്യേക സന്ദർഭങ്ങളിൽ അത്തരത്തിലുള്ള സ്ഥിതി വിശേഷങ്ങൾ വേണ്ടിവരും. അത് കൈകാര്യം ചെയ്യാനുള്ള പ്രൊവിഷൻ വേണമെന്നുള്ളതുകൊണ്ടാണ് അത് ചേർത്തത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സാധാരണ പോലീസ് സ്റ്റേഷൻ എന്നു പറയുന്ന സംവിധാനം ഉണ്ട്. ഇത്ര വില്ലേജുകളുണ്ടാകണം ഇത്ര ഏരിയ ഉണ്ടാകണം എന്നൊക്കെ പോലീസിന്റെ നോട്ടിഫിക്കേഷനകത്തുതന്നെ ഉണ്ടാകും. സ്പെഷ്യൽ പോലീസ് സ്റ്റേഷൻ അവിടെ വന്നു കഴിയുമ്പോൾ ഇതിൽനിന്നും വ്യത്യസ്തമായി വരും. കാരണം ഇതിന്റെ ഏരിയ കാർവ് ചെയ്തിട്ടാണ് പുതിയ പോലീസ് സ്റ്റേഷൻ, a police station within a police station വരുന്നത്. മിനിമം റിക്വയർമെന്റ്സ് ഇല്ലാത്ത ഒരു പോലീസ് സ്റ്റേഷനായി അത് വരുകയാണ്. അപ്പോൾ നിയമപരമായി അതിന് ലോക്കസ് സ്റ്റാന്റിയുണ്ടോ? അങ്ങനെ വരുന്ന പോലീസ് സ്റ്റേഷന് എന്ത് സ്റ്റാറ്റസ്സാണ് കൊടുക്കുന്നത് എന്നുള്ളതാണ് എന്റെ ചോദ്യം. അതിനോട് അനുബന്ധമായി പോലീസ് സ്റ്റേഷനെ ഏല്പിച്ചിരിക്കുന്ന ജോലി ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കാൻ പറ്റുമെന്നുകൂടി എഴുതിവച്ചിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സ്പെഷ്യൽ പോലീസ് സ്റ്റേഷൻ എങ്ങനെയാണ് സ്ഥാപിക്കേണ്ടത് എന്നത് സംബന്ധിച്ച് ഈ ക്ലോസ്സിനകത്ത് വിശദാംശങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ എന്തെങ്കിലും അഭിപ്രായങ്ങളുണ്ടെങ്കിൽ ആ ക്ലോസ് എടുക്കുമ്പോൾ നമുക്ക് പരിശോധിക്കാം. സെക്യൂരിറ്റി കമ്മീഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യം, റിട്ടയർഡ് ഹൈക്കോടതി ജഡ്ജികൂടി ഇതിനകത്ത് വേണമെന്നുള്ളതാണ്. ആ നിർദ്ദേശം ഒഫീഷ്യൽ ഭേദഗതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമ വകുപ്പുമന്ത്രിയും ഗവൺമെന്റ് സെക്രട്ടറിയും എല്ലാവരുംകൂടി വരുമ്പോൾ ഇതിനകത്തുള്ള ഗവൺമെന്റിന്റെ ആളുകളുടെ എണ്ണം കൂടും എന്നൊരു പ്രശ്നമുണ്ട്. അതിന്റെ ആവശ്യമില്ല. ഗവൺമെന്റിന്റെ ഒഫീഷ്യൽസ്സിന്റെ എണ്ണം കൂട്ടാൻ പാടില്ല എന്നുള്ളതാണ് ഒരു പൊതു കാഴ്ചപ്പാട്. ഇപ്പോൾ ഒപ്പിടുന്നതിന് വിരോധമുണ്ടായിട്ടല്ല, കൂടുതൽ ഗവൺമെന്റിന്റെ പ്രതിനിധികൾ ഉൾപ്പെടുത്തേണ്ടതില്ല എന്നുള്ളതുകൊണ്ടാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> നിയമ വകുപ്പുമന്ത്രി ഇല്ലെങ്കിൽപ്പോലും ലാ സെക്രട്ടറിയാണ് യഥാർത്ഥത്തിൽ ഇതിനകത്ത് വരേണ്ടത്. മന്ത്രി ചെയർമാനായിരിക്കുന്ന, തുല്യതയുള്ള രണ്ടു മന്ത്രിമാർ. ആഭ്യന്തര വകുപ്പു മന്ത്രി അതിന്റെ ചെയർമാൻ. പിന്നീട് ഒരു നിയമ വകുപ്പുമന്ത്രി അതിൽ ഇല്ലെങ്കിൽപ്പോലും ലാ സെക്രട്ടറിയാണ് അതിനകത്ത് വരേണ്ടത് എന്നുള്ളതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ടാണ് ഇത് സൂചിപ്പിച്ചത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, പോലീസിന്റെ യൂണിഫോം സംബന്ധിച്ചാണ്. പോലീസിന് ഇന്ന യൂണിഫോം എന്ന് നമ്മുടെ ബില്ലിനകത്ത് പറഞ്ഞിട്ടില്ല. മുമ്പ് പോലീസ് യൂണിഫോം പരിഷ്ക്കരിച്ചിട്ടുണ്ട്. പോലീസിന്റെ യൂണിഫോം എങ്ങനെ പരിഷ്ക്കരിക്കണമെന്നുള്ളത് തീരുമാനിക്കുവാനുള്ള അധികാരം മാത്രമാണ് കൊടുക്കുന്നത്. ഇന്ന യൂണിഫോം ആണെന്ന് ഇതിനകത്ത് പറഞ്ഞിട്ടില്ല. മാത്രമല്ല, കാക്കിയെ സംബന്ധിച്ച് മാറ്റണമെന്ന അഭിപ്രായം പല കോണുകളിൽനിന്നും ഉയർന്നു വന്നു. ഇതും പരിശോധിച്ച ഒരു കാര്യമാണ്. ഐ.പി.എസ്. ഓഫീസേഴ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോം തീരുമാനിക്കുന്നത് ഇന്ത്യാ ഗവൺമെന്റാണ്. അപ്പോൾ ഐ.പി.എസ്. ഓഫീസേഴ്സിന് കാക്കിയും മറ്റ് പോലീസ് ഉദ്യോഗസ്ഥർക്ക് കാക്കിയല്ലാത്ത ഒരു വേഷമാകുമ്പോൾ അത് ഉണ്ടാക്കുവാനിടയുള്ള പ്രശ്നങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ്...

ശ്രീ. ആര്യാടൻ മുഹമ്മദ്: ഖാദി ആക്കിയാൽ മതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വെള്ള ഖാദിയോ? അങ്ങനെയാണെങ്കിൽ ശ്രീ. ആര്യാടനേയും പോലീസിനേയും കണ്ടാൽ മനസ്സിലാകാത്ത ഒരു അവസ്ഥ വരില്ലേ? അതുകൊണ്ട് അവരെ തിരിച്ചറിയാൻ പറ്റുന്ന തരത്തിൽ ഒരു ഡ്രസ് വേണം. അത് എന്താണെന്നുള്ളത് തീരുമാനിക്കാനുള്ള അധികാരം ഇതിനകത്ത് നിക്ഷിപ്തമാക്കി എന്നു മാത്രമേയുള്ളു. ഇന്ന യൂണിഫോം എന്ന് നമ്മൾ ഇതിനകത്ത് എഴുതി വയ്ക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: പോലീസിന്റെ വേഷം കാക്കി തന്നെയായിരിക്കും. അതിൽ ഒരു സംശയവും വേണ്ട. വാളെടുക്കുന്നവനെല്ലാം ഇപ്പോൾ കാക്കിയിട്ടുകൊണ്ട് റോഡിൽ ഇറങ്ങിയിരിക്കുകയല്ലേ? ഏത് വാതിൽക്കൽ ചെന്നാലും ഒരു കാക്കിക്കാരൻ നിൽപ്പുണ്ട്. അത് നമുക്ക് നിയന്ത്രിക്കുവാൻ കഴിയുകയില്ലേ? അത് നിയന്ത്രിക്കുവാനുള്ള നടപടി സ്വീകരിക്കണം. പോലീസ് മാത്രം കാക്കി ഇടട്ടെ. ഒരു കുഴപ്പവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പോലീസിന്റെ അതേ യൂണിഫോമല്ല ബാക്കിയുള്ള കാക്കിക്കാർ പ്രത്യക്ഷപ്പെടുന്നത്. പല തരത്തിലുള്ള കാക്കിക്കാരുണ്ടെങ്കിലും പല തരത്തിലുള്ളതാണ്. പല വേഷങ്ങൾ നമുക്കുണ്ടല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോർപ്പറേഷനിലെ ഹെൽത്ത് ഇൻസ്പെക്ടർക്കു പോലും പോലീസിന്റെ അതേ യൂണിഫോമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് കാക്കി നിറം മാത്രമായിരിക്കും. യൂണിഫോം അതായിരിക്കുകയില്ല. അതിൽ വ്യത്യാസങ്ങളുണ്ടാകും.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ പറഞ്ഞതുപോലെ കടകൾ. കല്യാണമണ്ഡപങ്ങൾ അതുപോലെയുള്ള സ്ഥലങ്ങളിലൊക്കെ കാക്കിക്കാരെ കാണുന്നു. ഒരുകാര്യം ചെയ്തുകൂടെ, ഈ പോലീസിന്റെ യൂണിഫോം വേറെ ആർക്കും ഉപയോഗിക്കുവാൻ പാടില്ല എന്ന് വരുത്തിക്കൂടെ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ശ്രീ. ആര്യാടൻ പറഞ്ഞത് ശരിയാണ്. പോലീസിന്റെ യൂണിഫോം പോലീസിനു മാത്രമേ ഉപയോഗിക്കാവൂ. അത് മറ്റുള്ളവർ ഉപയോഗിച്ചാൽത്തന്നെ കുറ്റമാണ്. അവർക്കെതിരായി നടപടിയെടുക്കുവാൻ ഇപ്പോൾത്തന്നെ സാധിക്കും. മറ്റൊന്ന്, ഇവിടെ ശ്രീ. മോൻസ് ജോസഫ് നിരവധി അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ലോക്കപ്പ് മർദ്ദനങ്ങളെ സംബന്ധിച്ചുള്ളതാണ്. പോലീസ് സ്റ്റേഷനിൽനിന്ന് ലോക്കപ്പ് വേർതിരിക്കണമെന്നുള്ളത് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ പ്രധാനപ്പെട്ട ഒരു ശുപാർശയാണ്. ഇത് പ്രായോഗികമാകുമോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് വലിയ പ്രശ്നങ്ങളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും ഇവിടെ പരീക്ഷണാടിസ്ഥാനത്തിൽ മണ്ണാർകാട് പോലീസ് സ്റ്റേഷനോട് അനുബന്ധിച്ച് ലോക്കപ്പ് ഇപ്പോൾ തുടങ്ങിയിരിക്കുകയാണ്. അവിടെയുള്ള മൂന്നു നാല് പോലീസ് സ്റ്റേഷനുകളിൽ രാത്രികാലത്ത് ലോക്കപ്പിൽ ആരും ഉണ്ടാകുവാൻ പാടില്ല. അങ്ങനെ ആരെയെങ്കിലും ഒമ്പതു മണിക്കുശേഷം സൂക്ഷിക്കുന്നുണ്ടെങ്കിൽ ഇവിടെ പ്രത്യേകം കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടുംകൂടി സെൻട്രലൈസ്ഡ് ലോക്കപ്പ് സിസ്റ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് വിജയകരമാണെന്ന് തെളിയിച്ചാൽ നമുക്ക് മറ്റ് സ്ഥലത്തേക്കുകൂടി വ്യാപിപ്പിക്കുവാൻ സാധിക്കും. പരീക്ഷണാടിസ്ഥാനത്തിൽ ഇവിടെ അത് ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളിൽ മറ്റൊന്ന്, ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യമാണ്. ഇവിടെ ഭരണഘടനയ്ക്കും മറ്റ് നിയമങ്ങൾക്കും കേന്ദ്ര നിയമങ്ങൾക്കും വിധേയമായി മാത്രമേ നമുക്ക് നിയമനിർമ്മാണം നടത്താൻ സാധിക്കൂ. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണ് നമ്മൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ചിലപ്പോൾ ഭാവിയിൽ ഇതിൽ ഭേദഗതികൾ ആവശ്യമായി വന്നേക്കാം. പോലീസിനെ മോഡണൈസ് ചെയ്യണമെന്നുള്ള ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. കുറ്റകൃത്യങ്ങളുടെ രൂപങ്ങൾക്ക് വളരെ മാറ്റം വരികയാണ്. അതിനനുസരിച്ചു കൊണ്ട് അതിൽ ഇടപെടാൻ കഴിയുന്ന ഒരു സേനയായി പോലീസിനെ മാറ്റും. അംഗസംഖ്യ വർദ്ധനവിനേക്കാൾ വൈദഗ്ദ്ധ്യമുള്ള ഒരു പോലീസ് സേന എന്നുള്ളതാണ് നമ്മൾ ലക്ഷ്യമിടേണ്ടത്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുന്നത്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വരുമ്പോൾ അത് കൈകാര്യം ചെയ്യാനുള്ള സംവിധാനം സി. ബി. ഐ.-യിലുള്ള കാര്യം പറഞ്ഞു. അതുപോലുള്ള സംവിധാനത്തെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതായി വരും. സൈബർ ക്രൈംസ് നേരിടുന്നതിനു പ്രാപ്തമായിട്ടുള്ള സംവിധാനം പോലീസിനകത്ത് ഉണ്ടാക്കി തുടങ്ങിയിട്ടേയുള്ളൂ. അത് ഇന്നത്തേതിനേക്കാൾ കാലോചിതമായി വികസിപ്പിക്കേണ്ടതുണ്ട്. അതു പോലെതന്നെ ട്രാഫിക് പരിഷ്ക്കരണം. ട്രാഫിക്കിൽ ഇടപെടുന്ന പോലീസുകാർ, അവരുടെ സ്വഭാവം, അവരുടെ ഡ്യൂട്ടി സമയം ഇവ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ വേണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ട്രാഫിക്കിൽ ഡ്യൂട്ടിക്ക് പോകുന്ന പോലീസുകാർക്ക് മറ്റ് പോലീസുകാർ ചെയ്യുന്നത്ര ജോലി ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. അതിനും വ്യക്തമായ ക്രമീകരണങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ശ്രേയാംസ്കുമാർ ഒരു ചോദ്യം ചോദിച്ച സന്ദർഭത്തിൽ ഉയർന്ന പ്രശ്നങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. മയക്കുമരുന്നിനും മദ്യത്തിനും അടിമപ്പെട്ടു പോകുന്ന ആളുകളെ മോചിപ്പിക്കുവാൻ ഇപ്പോൾ കോഴിക്കോട് സിറ്റി പോലീസ് ഒരു പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ക്രൈം ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർതിരിക്കണമെന്നുള്ളത് സംബന്ധിച്ച് സുപ്രീംകോടതി പറഞ്ഞത് പത്തു ലക്ഷം ജനസംഖ്യയിൽ കൂടുതലുള്ള പട്ടണങ്ങളിൽ ക്രൈം ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർതിരിക്കണമെന്നുള്ളതാണ്. പക്ഷേ കേരളത്തിൽ അങ്ങനെയുള്ള ഒരു സിറ്റിയില്ല. പത്തു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള സിറ്റികൾ ഇല്ലെങ്കിലും കേരളത്തിലെ മൂന്നു സിറ്റികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും വേർതിരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മറ്റ് സ്ഥലങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കുക എന്നത് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന പ്രധാനപ്പെട്ട ഒരു കാര്യമായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ ലാ ആന്റ് ഓർഡർ എന്നു പറയുന്നത് വികസനത്തിന്റെകൂടി ഭാഗമാണ്. പ്ലാൻ ഫണ്ടിൽ സാധാരണ പോലീസിന് ഒന്നും നൽകാറില്ല. കാരണം പ്ലാനിന്റെ ഭാഗമല്ല പോലീസ് എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. പ്ലാനിംഗ് ബോർഡുമായി നടന്ന ചർച്ചയ്ക്കിടയിൽ ഇത് പ്രധാന പ്രശ്നമായി ഉന്നയിച്ചുകൊണ്ട്, ഈ ഗവൺമെന്റ് വന്നതിനു ശേഷം പ്ലാനിന്റെ ഭാഗമായി പോലീസിന് പണം നൽകുന്ന നിലയിലേയ്ക്ക് ഒരു ചുവടുവയ്പ് നടത്താൻ സാധിച്ചിട്ടുണ്ട്. ഇത് കാണിക്കുന്നത് ഒരു സംസ്ഥാനത്തിന്റെ വികസനം ഉറപ്പ് വരുത്തണമെങ്കിൽ ക്രമസമാധാനപാലനം ഭദ്രമാണെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്നുള്ളതാണ്. അതുകൊണ്ട് തന്നെ പ്ലാനിന്റെ ഭാഗമായിത്തന്നെ പോലീസിന് വേണ്ടിയുള്ള തുക കണ്ടെത്തി ഇക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള ശ്രദ്ധ പതിപ്പിച്ചുകൊണ്ട്, പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇവിടെ പലരും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ നടപ്പിൽ വരുത്തണമെന്നുള്ള കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. പരാതികൾ രജിസ്റ്റർ ചെയ്യണമെന്നുള്ള ഇവിടെ പറഞ്ഞ കാര്യങ്ങളോടെല്ലാം ഗവൺമെന്റിന് യോജിപ്പാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. സ്വന്തം ജില്ലകളിൽ സ്ഥലംമാറ്റം കൊടുക്കുന്നത് തെറ്റാണെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. മുൻപ് ഒരു ഡി.ജി.പി. ഇതു സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിച്ചതായി കാണുന്നുണ്ട്. സ്വന്തം ജില്ലയിൽ സ്ഥലംമാറ്റം പാടില്ല, സ്വന്തം ഭാര്യ വീടിനടുത്ത് തീരെ പാടില്ല എന്നുപറഞ്ഞ് സർക്കുലർ ഇറക്കിയതായിട്ട് കാണുന്നുണ്ട്. അതൊക്കെ ഈ ഗവൺമെന്റ് വന്ന് മാറ്റിയിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കണം എന്ന് ശ്രീ. പി. എം. എ. സലാം പറയുകയുണ്ടായി. കമ്മ്യൂണിറ്റി പോലീസിംഗ് ഇപ്പോൾ അൻപത് പോലീസ് സ്റ്റേഷനിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. അടുത്തഘട്ടം എന്ന നിലയിൽ അൻപത് സ്ഥലത്തു കൂടി വ്യാപിപ്പിക്കും. സംസ്ഥാനത്ത് 142 പോലീസ് സ്റ്റേഷനുകളിലായി കമ്മ്യൂണിറ്റി പോലീസ് സിസ്റ്റം വരുന്ന അവസ്ഥ ഉണ്ടാകും. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞ പ്രശ്നം വൈൽഡ് ലൈഫ് ആക്ടുമായി ബന്ധപ്പെട്ടതാണ്. പോലീസ് ആക്ടിനകത്ത് ഉൾപ്പെടുത്തിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കേന്ദ്ര ആക്ടിൽ, വൈൽഡ് ലൈഫ് ആക്ടിനകത്ത് തന്നെ ചില വ്യവസ്ഥകൾ അതിൽ ഉൾക്കൊള്ളിച്ചതായി കാണുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നമ്മുടെ ഫണ്ടമെന്റൽ റൈറ്റാണ് സ്വത്തും ജീവനും രക്ഷ എന്നുള്ളത്. അത് നൽകേണ്ട ബാധ്യത പോലീസിനുണ്ട്. മൃഗം ആയാലും മനുഷ്യനായാലും ആരായാലും സെൻട്രൽ ആക്ടായ 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്,. അതിന്റെ സെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

11-(2)-ൽ ഹണ്ട് ചെയ്യാനുള്ള അധികാരം വരെ നൽകുന്നുണ്ട്. അത് വേറെ കേസ്. ഇവിടെ പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാധ്യത സ്റ്റേറ്റിനുണ്ട്. അത് നിർവ്വഹിക്കേണ്ടത് പ്രധാനമായും പോലീസാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഒന്നേ ഞാൻ പറയുന്നുള്ളൂ. ഇത് ഉൾക്കൊള്ളിച്ചില്ലെങ്കിൽ മൃഗങ്ങൾ ജനങ്ങളെ കൊന്നാലും നശിപ്പിച്ചാലും പോലീസിന് ഒരു ഉത്തരവാദിത്വം ഇല്ലെന്നല്ലേ അർത്ഥം. മനുഷ്യനായാലും മൃഗങ്ങളായാലും ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി മുഴക്കുന്നുണ്ടെങ്കിൽ അത് സംരക്ഷിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. അത് നിർവ്വഹിക്കേണ്ടത് പോലീസാണ്. അതുകൊണ്ട് അവിടെ മനുഷ്യനും മൃഗങ്ങളും എന്ന് വ്യക്തമാക്കുക മാത്രമേ വേണ്ടൂ. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ ടച്ച് ചെയ്യുന്നില്ല മറ്റൊന്നിലും ടച്ച് ചെയ്യുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ 4-ാം വകുപ്പിൽ പോലീസിന്റെ ചുമതലകൾ എന്ന സ്ഥലത്ത് (ഇ) അപായങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും പൊതുജനത്തെ സംരക്ഷിക്കുക എന്നൊരു ക്ലോസ് ഇതിനകത്തുണ്ട്. അത് ബഹുമാനപ്പെട്ട അംഗം പറഞ്ഞ തരത്തിൽ ....

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു ക്ലാരിറ്റി കിട്ടണമെങ്കിൽ ഈ ഭാഗത്തു കൂടി മനുഷ്യനും മൃഗവും എന്ന് ക്ലിയറായി പറയാവുന്നതേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് പറഞ്ഞ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972, അതിൽ 11-ാം വകുപ്പ് വ്യക്തമായി പറയുന്നത്

" The Wild Life (Protection) Act, 1972. (11):

(a) the Chief Wild Life Warden may, if he is satisfied that any wild animal specified in Schedule I has become dangerous to human life or is so disabled to diseased as to be beyond recovery, by order in writing and stating the reasons therefore, permit any person to hunt such animal or cause such animal to be hunted;' എന്നാണ് അതിന്റെ ബി-യിൽ,

(b) the Chief Wild Life Warden or the authorised officer may, if he is satisfied that any wild animal specified in Schedule II, Schedule III or Schedule IV, has became dangerous to human life or to property (including standing crops on any land) or is so disabled or diseased as to he beyond recovery, by order in writing and stating the reasons therefor, permit any person to hunt such animal or cause such animal to be hunted". എന്നുപറഞ്ഞ് ഈ നിയമത്തിനകത്ത് ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനുതന്നെ നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് ഇത് സംബന്ധിച്ച് എനിക്ക് കിട്ടിയിട്ടുള്ള നിയമോപദേശം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. നമ്മുടെ ഇവിടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നില്ലെന്നേയുള്ളൂ. ആന്ധ്രയിലും മറ്റ് പല സംസ്ഥാനത്തും ഇത് കൊടുത്തുകഴിഞ്ഞു. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ പോലും ഹണ്ട് ചെയ്യാം എന്ന് പറഞ്ഞ സ്ഥാനത്ത് സ്വത്തിനും ജീവനും സംരക്ഷണം നൽകാനുള്ള ബാധ്യതയുള്ള പോലീസ് കയ്യും കെട്ടി നിൽക്കണോ? അതിന് ഒരു വ്യവസ്ഥ വയ്ച്ചാൽ അതിന് വിരുദ്ധമാവില്ലല്ലോ?. Notwithstanding anything contained in any law in force" എന്നുപറഞ്ഞിട്ട് ഒരു പ്രൊവൈസോ വേണമെങ്കിൽ വയ്ക്കാവുന്നതാണ്. ഇനി അതില്ലെങ്കിൽ പ്രായോഗികമായിട്ട് എല്ലാ സ്ഥലങ്ങളിലും ഉള്ളത് പോലീസാണ് അതുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായിട്ട് ഒരു കോൺട്രവേഴ്സിക്ക് പോകാൻ വല്ല മടിയും ഉണ്ടെങ്കിൽ ചീഫ് വൈൽഡ് വാർഡനോട് ആരും ഓതറൈസ് ചെയ്യാം. എല്ലാ പോലീസ് എസ്.ഐ. മാരും ഓതറൈസ് ചെയ്ത് ഒരു സർക്കുലർ കൊടുത്താൽ പോരെ? സംഗതി വളരെ ഈസിയല്ലേ? അതിന് ഒരു എനേബിളിംഗ് പ്രൊവിഷൻ ഇതിനകത്ത് വയ്ക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> അങ്ങ് ഉന്നയിച്ചിട്ടുള്ള പ്രശ്നം എന്തു ചെയ്യാൻ സാധിക്കുമെന്ന് നോക്കാം. ഈ ഘട്ടത്തിൽ അത് സാധ്യമാകുമെന്ന് എനിക്ക് തോന്നാത്തതുകൊണ്ടാണ് ഇപ്പോൾ അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളത്. മറ്റൊന്ന് ശ്രീ. പി. ജയരാജൻ കുറേ അധികം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അത് ക്ലോസ് ബൈ ക്ലോസ് എടുക്കുമ്പോൾ ആലോചിക്കാവുന്നതാണ്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാര്യം ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ പറഞ്ഞു. ഇത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അത് സംബന്ധിച്ച് ചില അവ്യക്തതകളുണ്ട്. അതിന് ക്ലാരിഫിക്കേഷൻ കൊടുക്കുന്നതാണ്. ഒരു സ്ഥലത്ത് ഒരു അപേക്ഷ കൊടുത്താൽ അയാളുടെ പേരിൽ വേറെ എവിടെയെങ്കിലും അയാൾ പഠിക്കാനോ മറ്റോ പോയിട്ടുണ്ടെങ്കിൽ അതൊക്കെ അന്വേഷിച്ചു വരുമ്പോൾ ക്ലിയറൻസ് സർട്ടിഫിക്കറ്റ് കിട്ടാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇന്നത്തെ ആധുനിക സംവിധാനം വച്ചുകൊണ്ട് അതിന് വ്യക്തമായ നിർദ്ദേശങ്ങളോടുകൂടിയുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. മറ്റൊന്ന്, ബഹുമാനപ്പെട്ട പി. സി. ജോർജ് ഇതിനകത്ത് പറയേണ്ടതില്ലെങ്കിലും വിമാനത്താവളത്തിന്റെ പേരിൽ പോലീസിനെ വിമാനത്തിലേക്ക് കയറ്റാൻ ഒരു ശ്രമം നടത്തി. ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നെങ്കിൽ മറുപടി പറയാമായിരുന്നു. പക്ഷെ ഉന്നയിച്ച സ്ഥിതിക്ക് മറുപടി പറയാതെ പോയാൽ ബുദ്ധിമുട്ടായിരിക്കും. കണ്ണൂർ വിമാനത്താവളം ഒരു കമ്പനി അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ, നെടുമ്പാശ്ശേരി മോഡലിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു കമ്പനിയാണ്. ആ കമ്പനിക്കുവേണ്ടി 26 ശതമാനം ഷെയർ ഗവൺമെന്റ്, 23 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങൾ, രണ്ട് ശതമാനം ഇൻകൽ, 49 ശതമാനം സ്വകാര്യ മേഖല എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സ്വകാര്യ മേഖലയെ ഷെയർ ചേർക്കുന്നതും വിവിധ മേഖലയിലെ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ചേർക്കുന്നതു സംബന്ധിച്ചും ഞങ്ങൾ നിരവധി കോൺഫറൻസുകൾ കൂടി, പൊതുമേഖലാസ്ഥാപനങ്ങളുടെ കോൺഫറൻസ് വിളിച്ചു കൂട്ടി. ഇതു സംബന്ധിച്ച് സാധ്യതകൾ ചോദിച്ചപ്പോൾ ഇത്രയും ഷെയർ നമുക്ക് ഓഫർ വന്നിട്ടില്ല. ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി സമീപിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുകയാണ്, 23 ശതമാനം പൊതുമേഖലാ ഷെയർ. അതുപോലെ 49 ശതമാനം ഷെയറിനകത്ത് സഹകരണ സ്ഥാപനങ്ങളെ ചേർക്കാൻ സാധിക്കുമോ എന്ന് ശ്രമിച്ചു. ജില്ലാ ബാങ്കുകൾക്ക് ഷെയർ എടുക്കണമെങ്കിൽ റിസർവ്വ് ബാങ്കിന്റെ അനുമതി വേണം എന്നു പറഞ്ഞുകൊണ്ട് അതിന് ഇനിയും അനുമതി കിട്ടിയിട്ടില്ല. സ്വകാര്യ വ്യക്തികളെ സംബന്ധിച്ച് ഒരു കോൺഫറൻസ് കൂടിയപ്പോൾ കുറേ ആളുകൾ വന്നു. വന്ന ആളുകൾ പറഞ്ഞു, നിങ്ങൾക്ക് പൈസ ഒന്നും ആയിട്ടില്ലെങ്കിൽ അപ്പോൾ ഞങ്ങൾ ആലോചിക്കാമെന്ന് പറഞ്ഞു. അപ്പോൾ ഞങ്ങൾ പറഞ്ഞു, നിങ്ങളുടെ ഓഫർ നിങ്ങൾ എഴുതി അറിയിക്കണമെന്ന്. അങ്ങനെ വന്ന ഓഫറിന്റെ കൂട്ടത്തിലാണ് ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് പറഞ്ഞ തരത്തിലുള്ള ഓഫർ വന്നത്. അത് വന്നപ്പോൾ ഒരാൾക്കും കുത്തകയുണ്ടാകാത്തക്ക തരത്തിൽ 26 ശതമാനം ഷെയർ കൊടുക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചു. ഇത് അവരുടെ സാധ്യതയെന്താണെന്ന് പരിശോധിച്ചുകൊണ്ട് അവരുമായി എഴുത്തു കുത്ത് നടത്താൻ തീരുമാനിച്ചു. ഇതിനിടയിലാണ് പത്രങ്ങളിൽ ഇതു സംബന്ധിച്ച് ഷെയർ എടുക്കാൻ നിരവധി ആളുകൾ സന്നദ്ധമാണെന്ന് വന്നത്. ഇത് ഇങ്ങനെ കൊടുക്കേണ്ട കാര്യമില്ല, ഇത് മോണോപ്പോളി ആക്കാൻ പാടില്ല എന്ന അഭിപ്രായം ഉയർന്നു വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തീരുമാനിച്ചു, അതിന്റെ സാധ്യത കൂടി പരിശോധിക്കണം എന്ന്. അതുകൊണ്ട് ശ്രീ. പി.സി. ജോർജ് പറഞ്ഞ തീരുമാനം ഇപ്പോൾ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. അത് മോഡിഫൈ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. 49 ശതമാനം ഷെയറിൽ ഒരാൾക്ക് പോലും ഇതുവരെ ബോർഡ് ഷെയർ കൊടുത്തിട്ടില്ല. അതുകൊണ്ട് ഈ ഷെയർ എടുക്കാൻ സന്നദ്ധമായിട്ടുള്ള ആളുകളുടെ എല്ലാം സന്നദ്ധത അറിയിക്കാൻ അവസരം കൊടുക്കും, അതിനുശേഷം മാത്രമേ ഉയർന്ന ഷെയർ കൊടുക്കേണ്ടതുള്ളൂ എന്ന് ഗവൺമെന്റോ ബോർഡോ തീരുമാനിക്കാൻ പോകുന്നുള്ളൂ. നെടുമ്പാശ്ശേരി മോഡൽ തന്നെയായിരിക്കും ഇവിടെയും നടപ്പാക്കുന്നത്. നെടുമ്പാശ്ശേരി എയർപോർട്ടിനകത്തും 14 ശതമാനം ഷെയറുകാരുണ്ട്. അവിടെയും 14 ശതമാനക്കാരും 12 ശതമാനക്കാരും 11 ശതമാനക്കാരും ആയിട്ടുള്ള വ്യത്യസ്ത ഷെയറുകാരുണ്ട്. അതേ മോഡലിലാണ് ഇതും ഉദ്ദേശിക്കുന്നത്. ....ജോർജ് അത് വായിക്കാനല്ല.... ....അത് എല്ലാവർക്കും അറിയാവുന്നത് തന്നെയാണ്..... ആ പറയുന്ന ബോർഡ് തീരുമാനം ഇംപ്ലിമെന്റ് ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചുകൊണ്ട് അത് മോഡിഫൈ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. പി. സി. ജോർജ് അപേക്ഷ തന്നാൽ അങ്ങേക്കും ഷെയർ തരാം. കണ്ണൂർ ജില്ലക്കാർക്ക് മാത്രമല്ല കേരളത്തിൽ അപേക്ഷ തരുന്ന ആളുകൾക്കെല്ലാം.......... ഇതിലെ പ്രശ്നം എന്താന്നു വച്ചാൽ കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാകുകയില്ല എന്നാണ് വിചാരിച്ചത്. 1300 ഏക്കർ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയായപ്പോൾ ഇത് യാഥാർത്ഥ്യമാകുമെന്ന് വന്നു തുടങ്ങി. ഇതു സംബന്ധിച്ച് കുറേ വാദ വിവാദങ്ങളുണ്ട്. ഇതിനെ എതിർക്കാൻ കുറച്ച് ഗ്രൂപ്പ് ശ്രമിക്കുന്നുണ്ട്. പുഞ്ഞാർ ഗ്രൂപ്പ് അതിന്റെ കൂടെ ഉണ്ടെന്ന് എനിക്ക് അറിയില്ലായിരുന്നു. ഏതായാലും കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്താവളം യാഥാർത്ഥ്യമാക്കും നെടുമ്പാശ്ശേരി മോഡലിൽ തന്നെ അത് യാഥാർത്ഥ്യമാക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട പി.സി. ജോർജ് കൂടി സഹകരിച്ചുകൊണ്ട് നമുക്ക് ഈ വിമാനത്താവളം യാഥാർത്ഥ്യമാക്കണം. അങ്ങ് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണ്. ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. നിയമപ്രകാരം കൊടുക്കാൻ പറ്റുന്ന ഷെയറുകളെല്ലാം കൊടുത്ത് പരമാവധി ആളുകളെ ഷെയർഹോൾഡർമാരാക്കി മാറ്റി, എന്നിട്ടും കഴിയാത്ത ഒരു സാഹചര്യത്തിലാണ് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രിക്ക് നന്ദി. ഞാൻ ഇവിടെ വേറെ ആരോടും ഒന്നും പറഞ്ഞില്ലല്ലോ? ബോർഡ് എടുത്ത തീരുമാനമാണ് 32 ശതമാനം അലോട്ട് ചെയ്യുകയെന്നത്. " The Board decided to allot 32 percent of equity to Leela Group and IL&FS" ഞാൻ അതാണ് പറഞ്ഞത്. അതിന് അങ്ങ് എന്റെ നേരെ ആരോപണം ഉന്നയിക്കേണ്ട. എയർക്രാഫ്റ്റ് ആക്ട് 5 പ്രകാരം ഗ്രീൻഫീൽഡ് എയർപോർട്ട് .... വളരെ ക്ലിയറല്ലേ? പൊതുജനകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് നിയമമുണ്ട്. ഏതൊക്കെ ഷെയർ കൊടുക്കാമെന്ന്. അത് കണ്ണൂർ ജില്ലക്കാർക്കല്ല, ആവശ്യപ്പെടുന്ന ആർക്കും ഷെയർ കൊടുക്കണം. അതിന് ടെണ്ടർ വേണം. അതാണ് ഇതിന്റെ മര്യാദ. ടെണ്ടർ ഇല്ലെങ്കിൽപ്പോലും പരസ്യപ്പെടുത്തി ഷെയർ ഇഷ്ടമുള്ളവർക്ക് കൊടുക്കണം. അത് ചെയ്താൽമതി. അതിന് കാരണമുണ്ട്. രണ്ട് ശതമാനം ഇൻകെൽ ആണ്. ഇൻകെലിന്റെ 74 ശതമാനം ഇവിടുത്തെ സമ്പന്ന വർഗ്ഗത്തിന്റെ കയ്യിലിരിക്കുകയാണ്. അത് പൊതുമേഖലയെന്ന് പറയുന്നതിൽ അർത്ഥമുണ്ടോ? അപ്പോൾ 49 ശതമാനം പ്രൈവറ്റിന് കൊടുത്താൽ ഈ രണ്ടുംകൂടി 51 ശതമാനം കൊണ്ട് കേരളത്തിന്റെ സ്വത്തുമുഴുവൻ മുതലാളിമാർ അടിച്ചുകൊണ്ട് പോകാൻപോകുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതിൽ വെറുതെ ആരോപണം ഉന്നയിച്ച് ഒരു എയർപോർട്ടിന്റെ കാര്യത്തിൽ വിവാദമുണ്ടാക്കരുത്. നെടുമ്പാശ്ശേരി വിമാനത്താവളം തുടങ്ങിയ കാലത്ത് 51 ശതമാനം ഷെയർ ഗവൺമെന്റിനുണ്ടായിരുന്നു. ആ 51 ശതമാനം ഷെയർ ആരാണ് പിന്നെ ഇല്ലാതാക്കിയത്? അതിനാണ് നിങ്ങൾ ആദ്യം ഉത്തരം പറയേണ്ടത്. അതുകൊണ്ട് ഈ ഗവൺമെന്റ് അങ്ങനെയൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. സുതാര്യമായിട്ടേ ചെയ്യുകയുള്ളൂ. പത്രങ്ങളിലും മറ്റും വന്നപ്പോൾ ഇത് ശ്രദ്ധയിൽപ്പെട്ടു. ആർക്കൊക്കെയാണ് താൽപര്യം? ഏറ്റവും കൂടുതൽ ആളുകളെ ഷെയർഹോൾഡർമാരാക്കി മാറ്റിക്കൊണ്ട് ഇത് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ദിവസം ഈ സ്ഥലം വിറ്റ മെമ്പർ എനിക്ക് കിട്ടിയ മുഴുവൻ പൈസയ്ക്കും ഷെയർ എടുക്കാൻ തയ്യാറാണെന്ന് പറഞ്ഞ് കത്തയച്ചു. ഇങ്ങനെയുള്ള ആളുകളെ പരമാവധി ഷെയർ ഹോൾഡേഴ്സാക്കി മാറ്റുന്നതിന് സർക്കാർ സന്നദ്ധമാണ്. അതുകൊണ്ട് ഇത് വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും പുലർത്തിയിട്ടുള്ള വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് ഒന്നുകൂടി.........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരുകാര്യം, കൗൺസിലറുടെ പ്രശ്നം................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കൗൺസിലറുടെ പ്രശ്നം എന്താണെന്ന് ചർച്ചയിൽ പറയാതെതന്നെ നമുക്ക് പരിശോധിക്കാമായിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്ന പ്രശ്നങ്ങൾക്കെല്ലാം പ്രത്യേകമായ പരിഗണന ഗവൺമെന്റ് എല്ലാക്കാലത്തും കൊടുത്തിട്ടുണ്ട്. ഒരു വനിതാ കൗൺസിലറുടെ കാര്യമായതുകൊണ്ട് പ്രത്യേകിച്ച്...........വനിതകളുടെ കാര്യത്തിൽ പ്രത്യേക താത്പര്യമാണ് ഈ ഗവൺമെന്റിനുള്ളത്. എന്നോട് ശ്രീ. പി. സി. ജോർജിന്റെ വിരോധംതന്നെ അതാണ്. ആ ഭേദഗതികൾ അംഗീകരിച്ചുവെന്നുള്ളതാണ്. അതുകൊണ്ട് ഈ പറയുന്ന നിർദ്ദേശങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് ....കൗൺസിലറുടെ കാര്യം പ്രത്യേകിച്ച് എന്താണെന്ന് ഞാൻ പരിശോധിക്കാം. ഇപ്പോൾ എന്താണെന്ന് എനിക്ക് പറയാൻ സാധിക്കില്ല. ഞാൻ സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം കൊടുക്കാം. ഇതിന്റെ വകുപ്പുതിരിച്ച ചർച്ചയിലേക്ക് കടക്കുമ്പോൾ നമുക്ക് സ്വീകരിക്കാൻ സാധിക്കുന്ന വകുപ്പുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ : സർ. ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരളാ പോലീസ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ ....

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(145) ഖണ്ഡം 2(ബി)-യിൽ 'ചുമതലയുള്ള ഉദ്യോഗസ്ഥൻ' എന്ന വാക്കുകൾക്ക് പകരം 'ചുമതലയുള്ള ജില്ലാ കളക്ടർ' എന്നീ വാക്കുകൾ ചേർക്കുക.

(148) (i) ഖണ്ഡം 2 (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക (എഫ്) 'പോലീസ് സേന' എന്നാൽ 14-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നതാണ്.

(ii) ഖണ്ഡം 2 (എച്ച്)-ൽ ഇന്ത്യൻ പോലീസ് സർവ്വീസിലെ എന്നതിനുശേഷം 'സംസ്ഥാനത്ത് ജോലിചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതുമാണ്' എന്ന വാക്കുകൾ ചേർക്കുക.

(666) ഖണ്ഡം 2 (എ) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(എ) "കമ്മീഷൻ" എന്നാൽ ഈ ആക്ടിലെ 24-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന സുരക്ഷാ കമ്മീഷൻ എന്നർത്ഥമാകുന്നു."

ശ്രീ എം. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(146) ഖണ്ഡം 2(ഡി)-യിൽ "കായൽ" എന്ന വാക്കിനുശേഷം "മനുഷ്യ നിർമ്മിതമോ അല്ലാത്തതോ ആയ തടാകങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

(156) ഖണ്ഡം 2(കെ)-ൽ "ഏജൻസിയും" എന്നതിനുശേഷം "സർക്കാർ ഓഫീസുകൾ" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(149) ഖണ്ഡം 2(എച്ച്)-ൽ "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

(160) ഖണ്ഡം 2(എൻ)-ൽ "ഡോളി" എന്ന വാക്ക് "കൈവണ്ടി, ബോട്ട് "എന്നീ വാക്കുകൾക്കിടയിൽ ചേർക്കുക.

ശ്രീ. പി. സി ജോർജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(150) ഖണ്ഡം 2(ജെ) (i)-ൽ 'ഒരു' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(152) ഖണ്ഡം 2(ജെ) (ii)-ൽ 'സ്ഥലവും' എന്ന വാക്കിനു ശേഷം 'വാഹനവും' എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(157) ഖണ്ഡം 2(എം) -ൽ 'മൃഗങ്ങൾ '' എന്ന വാക്കിനുശേഷം 'പക്ഷികൾ' എന്ന വാക്ക് ചേർക്കുക.

(164) ഖണ്ഡം 2(2)-ൽ "യഥാക്രമം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(165) ഖണ്ഡം 2(2)-ൽ 'അർത്ഥം ഉണ്ടായിരിക്കുന്നതാണ്' എന്നീ വാക്കുകൾക്കു പകരം 'നിർവ്വചനങ്ങൾ ബാധകമായിരിക്കുന്നതാണ്' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(671) ഖണ്ഡം 2(2)-ൽ "1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ" എന്നതിനുപകരം "1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലോ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്ട്)" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ കോടിയേരി ബാലകൃഷ്ണൻ) : സർ, രണ്ടാം വകുപ്പിൽ ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 146-ാം ഭേദഗതിയിലെ 'കായൽ' എന്ന വാക്കിനുശേഷം 'തടാകം' എന്ന വാക്ക് ചേർക്കാവുന്നതാണ്, എന്നതിൽ ചെറിയൊരു ഭേദഗതിവേണം. 'മനുഷ്യനിർമ്മിതമോ അല്ലാത്തതോ ആയ തടാകങ്ങൾ' എന്ന് വേണ്ടതില്ല, 'തടാകങ്ങൾ' എന്ന് ചേർക്കാവുന്നതാണ്. 146 താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കാം.

(146) ഖണ്ഡം 2(ഡി)-ൽ 'കായൽ' എന്ന വാക്കിനുശേഷം 'തടാകങ്ങൾ' എന്ന വാക്ക് ചേർക്കുക.

ശ്രീ തോമസ് ചാഴികാടന്റെ 147-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കുന്നു.

(147)ഖണ്ഡം 2 (ഡി)-ൽ 'ചതുപ്പ്' എന്ന വാക്ക് 'തോടുകൾ അന്തരീക്ഷം' എന്നീ വാക്കുകൾക്കിടയിൽ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 153, 163 നമ്പർ ഭേദഗതികൾ ഫേിഷ്യൽ ഭേദഗതിയായി അംഗീകരിക്കുന്നു.

(153) ഖണ്ഡം 2(കെ)-ൽ 'മറ്റേതെങ്കിലും' എന്ന വാക്കിനുശേഷം 'വ്യക്തിയും' എന്ന വാക്ക് ചേർക്കുക

(163) ഖണ്ഡം 2(2)-ൽ "യഥാക്രമം" എന്ന വാക്ക് ഒഴിവാക്കുക

ശ്രീ വർക്കല കഹാറിന്റെ 670-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ ഭേദഗതിയായി അംഗീകരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(670) ഖണ്ഡം 2(കെ)-യിൽ ഏതെങ്കിലും വിഭാഗത്തിനോ എന്നതിനു ശേഷം ഒരു വ്യക്തിക്കോ എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. ജോസഫ്. എം. പുതുശ്ശേരിയുടെ 149-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കു പകരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. കാർത്തികേയന്റെ 671-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്ന ഭേദഗതികളാണ്.

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ചാഴികാടന്റെ 147-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 153, 163 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. സി.എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാറിന്റെ 670-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 145, 148, 666 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 152, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(166) അദ്ധ്യായം II-ലെ പോലീസിന്റെ പൊതുവായ കർത്തവ്യങ്ങൾ എന്ന ഉപശീർഷകം ഒഴിവാക്കേണ്ടതാണ്.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(167) ഖണ്ഡം 3-ൽ നിന്നും 'ജനങ്ങൾക്കിടയിൽ' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(168) ഖണ്ഡം 3-ൽ 'മനുഷ്യാവകാശ സംരക്ഷണവും ഉറപ്പുവരുത്തി നിയമപ്രകാരം ' എന്നതിനുശേഷം 'എല്ലാ ആളുകൾക്കും' എന്നതിനു മുമ്പായി '18 വയസ്സുവരെയുള്ള കുട്ടികൾ ഉൾപ്പെടെയുള്ള' എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(170) ഖണ്ഡം 3-ൽ 'എല്ലാ ആളുകൾക്കും ലഭ്യമാകുന്ന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും എന്നതിനുശേഷം 'ജീവനും സ്വത്തിനും സംരക്ഷണവും' എന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(171) ഖണ്ഡം 3-ൽ 'ലഭ്യമാകുന്ന' എന്ന വാക്കിനുപകരം 'അവകാശപ്പെട്ട് എന്ന വാക്കും' 'അവകാശങ്ങളും' എന്ന വാക്കിനുപകരം 'സംരക്ഷണവും' എന്ന വാക്കും 'അനുഭവിക്കുന്നു' എന്ന വാക്കിനുപകരം 'അവർക്ക് ലഭ്യമാകുന്നു' എന്ന വാക്കും 'യത്നിക്കേണ്ടതാണ്' എന്നതിനുപകരം 'പ്രവർത്തിക്കേണ്ടതാണ്' എന്ന വാക്കും ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(173) ഖണ്ഡം 3-ൽ 'അനുഭവിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി' എന്ന വാക്കുകൾക്കുപകരം 'അനുഭവിക്കുന്നതിനും കുറ്റകൃത്യങ്ങളെക്കുറിച്ച് നിയമാനുസരണം അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ യഥാവിധിയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും' എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരപ്പിക്കുന്നു.

(174) ഖണ്ഡം 3-ൽ 'ഉറപ്പുവരുത്തി നിയമപ്രകാരം എല്ലാ ആളുകൾക്കും' എന്ന വാക്കുകൾക്കുശേഷം വരുന്ന വാക്കുകൾക്കു പകരം താഴെ പറയുന്ന വാക്കുകൾ ചേർക്കുക.

'അർഹമായ സ്വാതന്ത്ര്യവും പൗരാവകാശങ്ങളും അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാനും പോലീസ് നിയമാനുസൃതമായി പരിശ്രമിക്കേണ്ടതാണ്. '

(675) ഖണ്ഡം 3-ൽ 'വിഭാഗം എന്ന നിലയിൽ ' എന്നീ വാക്കുകൾക്കു ശേഷം 'ജനക്ഷേമവും നിയമവാഴ്ചയും' എന്നീ വാക്കുകൾ കൂടി ചേർക്കുക.

സർ. പോലീസിന്റെ പൊതുവായ കർത്തവ്യങ്ങളിൽ "........... മനുഷ്യാവകാശ സംരക്ഷണവും ഉറപ്പുവരുത്തി നിയമപ്രകാരം എല്ലാ ആളുകൾക്കും ലഭ്യമാകുന്ന സ്വാതന്ത്ര്യവും അവകാശങ്ങളും അവർ അനുഭവിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി പോലീസ് നിയമാനുസൃതമായി യത്നിക്കേണ്ടതാണ്" 'ലഭ്യമാകുന്ന' എന്നതിനു പകരം 'അർഹമായ സ്വാതന്ത്ര്യം' എന്ന് ആക്കണം. അവരുടെ അവകാശമാണ്. അതുകൊണ്ട് 'ലഭ്യമായ' എന്ന വാക്കുമാറ്റി 'അർഹമായ' എന്ന് ചേർക്കണം.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(676) ഖണ്ഡം 3-ൽ 'ക്രമസമാധാനവും' എന്ന വാക്കിനുശേഷം 'പൊതുജനക്ഷേമവും' എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. എ. വഹീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(677) ഖണ്ഡം 3-ൽ 'എല്ലാ ആളുകൾക്കും' എന്നതിനു പകരം 'എല്ലാ ജനവിഭാഗങ്ങൾക്കും' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. എഫ്. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(678) ഖണ്ഡം 3-ൽ 'ലഭ്യമാകുന്നു' എന്ന വാക്കിനുപകരം 'ലഭ്യമാക്കേണ്ടതായ' എന്ന വാക്ക് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. വി. ചെന്താമരാക്ഷന്റെ 166-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ ഭേദഗതിയായി അംഗീകരിക്കുകയാണ്.

(166) അദ്ധ്യായം II-ലെ പോലീസിന്റെ പൊതുവായ കർത്തവ്യങ്ങൾ എന്ന ഉപശീർഷകം ഒഴിവാക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 'അർഹമായ' എന്നത് എത്രത്തോളം വ്യാഖ്യാനങ്ങൾക്കിടവരുത്താൻ ഇടയുണ്ടെന്ന് തോന്നുന്നതിനാൽ അത് അത്യാവശ്യമാണെന്ന് തോന്നുന്നില്ല.

ശ്രീ. കെ. സി. ജോസഫ് : നിയമപ്രകാരം എല്ലാ ആളുകൾക്കും ലഭ്യമാകുന്ന എന്ന് പറഞ്ഞിട്ടുണ്ട്. അത് 'അർഹമായ' എന്ന് ചേർക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : അർഹമായ എന്നു പറഞ്ഞാൽ അത് എത്രത്തോളമാണ്?

<u>ശ്രീ. കെ. സി. ജോസഫ്</u> : നിയമപ്രകാരം എല്ലാ ആളുകൾക്കും അർഹമായ എന്ന് ആക്കിയാൽ മതി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : നിലവിലുള്ളതിന്റെ ഒരു ആശയംതന്നെയല്ലേ വരുന്നത്? അത്യാവശ്യമാണെങ്കിൽ ചേർക്കാം. അത്രയേയുള്ളൂ. ശ്രീ. കെ. സി. ജോസഫിന്റെ 174-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. വി. ചെന്താമരാക്ഷന്റെ 166-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. സി.എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു.സി. രാമൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.എം. മാണിക്കുവേണ്ടി ശ്രീ. പി.സി. ജോർജ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 675-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 676-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 677 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാകണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു;

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4.00 P.M.]

നാലാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

175. ഖണ്ഡം 4 (എ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(എ) ഭാരതത്തിന്റെ ഭരണഘടനയും അതിനനുസൃതമായ നിയമങ്ങൾക്കും കോടതി വിധികൾക്കും വിധേയമായി എല്ലാ പൗരന്മാരുടെയും മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ പക്ഷഭേദം കൂടാതെ നിയമം നടപ്പിലാക്കാൻ പരിശ്രമിക്കുകയും ചെയ്യുക."

177. ഖണ്ഡം 4(സി) -യിൽ "വർഗ്ഗീയ അക്രമം" എന്ന വാക്കിന് പകരം "വർഗ്ഗീയവും രാഷ്ട്രീയവുമായ സംഘർഷങ്ങൾ" എന്ന് ചേർക്കണം.

187. ഖണ്ഡം 4(എഫ്) -ൽ "പ്രതിഷ്ഠാപനങ്ങൾ" എന്ന വാക്ക് നീക്കം ചെയ്യുക.

188. ഖണ്ഡം 4(ജി) -യിൽ "പരമാവധി" എന്ന വാക്ക് ഒഴിവാക്കുകയും "തടയുകയും കുറച്ചുകൊണ്ടുവരികയും ചെയ്യുക" എന്നീ വാക്കുകൾക്കുപകരം "തടയുക" എന്ന് ചേർക്കുകയും ചെയ്യുക.

208. ഖണ്ഡം 4(എൻ) -ൽ "മേലുദ്യോഗസ്ഥന്മാരുടെയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും" എന്ന വാക്കുകൾക്കുപകരം "മേലുദ്യോഗസ്ഥരുടെ എല്ലാ ഉത്തരവുകളും" എന്ന് ചേർക്കുക.

222. ഖണ്ഡം 4(ക്യൂ)-യിൽ "കുട്ടികളുടെയും" എന്ന വാക്കിനുശേഷം "നിയമാനുസൃതമായ" എന്ന വാക്ക് ചേർക്കുക.

681. ഖണ്ഡം 4(സി)-യിൽ "ചെയ്യുക" എന്നതിനുപകരം "ഇതിനായി കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്തുകയും ചെയ്യുക" എന്ന് ചേർക്കുക.

സർ, ഞാൻ ഈ ഭേദഗതികൾ മൂവ് ചെയ്യുന്നു. ബില്ലിനകത്ത് പോലീസിന്റെ ചുമതലകളിൽ 'നിയമപരമായ അധികാരങ്ങൾ പരമാവധി ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുകയും കുറച്ചുകൊണ്ടുവരികയും ചെയ്യുക'. പരമാവധി എന്നുപറഞ്ഞാൽ ആ ആളിനൊരു സേഫ്ടി ക്ലാസ് ആണത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോര. "നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുക" എന്ന് തന്നെയാക്കണം. പോലീസിന്, അവർക്ക് ചെയ്യുന്നതിന് ന്യായീകരണം കൊടുക്കുകയാണ്. 'പരമാവധി ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുകയും കുറച്ചുകൊണ്ടു വരികയും ചെയ്യുക' അതിനുപകരം 'നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുക' എന്നാക്കണം.

ശ്രീ. എ.എ. അസീസ്: സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

178. ഖണ്ഡം 4(സി)-യിൽ 'മുതലായവയ്ക്കെതിരായി' എന്നതിനുപകരം 'ഇല്ലാതാക്കൽ' എന്ന് ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

181. ഖണ്ഡം 4(ഡി)-യിൽ 'പ്രോത്സാഹിപ്പിക്കുകയും' എന്നതിനുപകരം 'ഉറപ്പിക്കുക' എന്ന് ചേർക്കുക

227. ഖണ്ഡം 4(എസ്)-നുശേഷം താഴെ പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"റ്റി (i) ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ് 2000, 56-ാം വകുപ്പ് അനുശാസിക്കുന്ന രീതിയിൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിച്ച് പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും നിയമത്തോടു പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണം കൈകാര്യം ചെയ്യുകയും ചെയ്യുക".

(ii) ജുവനൈൽ പോലീസ് യൂണിറ്റുമായി ബന്ധപ്പെട്ട് മിസ്സിംഗ് ചിൽഡ്രൻസ് ബ്യൂറോകൾ സ്ഥാപിച്ച് പ്രവർത്തിക്കുക.

(iii) ബാല ഭിക്ഷാടനം തടയുക.

(iv) ബാലാധ്വാന നിരോധന നിയന്ത്രണ നിയമം 1986 അനുശാസിക്കുന്ന രീതിയിൽ കുട്ടികളെ ബാലാധ്വാനത്തിൽ പങ്കെടുപ്പിക്കുന്നത് തടയുക.

(യു) അഴിമതി സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന പരാതികൾ നിയമാനുസൃതം അന്വേഷണം നടത്തി കുറ്റവാളികളെ യഥാവിധിയുള്ള നിയമനടപടികൾക്ക് വിധേയരാക്കാൻ നടപടിയെടുക്കുക.

(വി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ നിയമാനുസൃതം അന്വേഷിച്ച് കുറ്റവാളികളെ യഥാവിധി നിയമനടപടികൾക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുക .

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 4(ഡി)-യിൽ "പ്രോത്സാഹിപ്പിക്കുകയും" എന്ന വാക്കിനുപകരം "കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 4(ഇ)-യിൽ "അപായങ്ങളിൽ നിന്നും" എന്നീ വാക്കുകൾക്കുശേഷം "അപകടങ്ങളിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

185. ഖണ്ഡം 4(എഫ്)-ൽ "റോഡുകൾ, റെയിൽവേ, പാലങ്ങൾ" എന്നീ വാക്കുകൾക്കുശേഷം "അണക്കെട്ടുകൾ, നദികൾ" എന്നീ വാക്കുകൾ ചേർക്കുക.

221. ഖണ്ഡം 4(ക്യു) -യിൽ "സ്ത്രീകളുടെയും കുട്ടികളുടെയും" എന്നീ വാക്കുകൾക്കുശേഷം "വൃദ്ധജനങ്ങളുടെയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോർജ് മേഴ്സിയർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 4(എഫ്)-ൽ "റെയിൽവേ, പാലങ്ങൾ" എന്നീ വാക്കുകൾക്കിടയിൽ "വിമാനത്താവളങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 4(ജി) -യിൽ "കുറച്ചുകൊണ്ടുവരികയും" എന്നവാക്കിനു ശേഷം "അവ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

195. ഖണ്ഡം 4(ഐ) -യിൽ "ആളുകളുടെയും ചരക്കുകളുടെയും നീക്കമുള്ള എല്ലാ പൊതുസ്ഥലങ്ങളിലും" എന്ന ഭാഗം ഒഴിവാക്കുക.

ശ്രീ. വി. എൻ. വാസവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 4(ജി)-യിൽ "കുറച്ചുകൊണ്ടുവരികയും" എന്ന വാക്കിനുശേഷം "അവ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 4(ക്യു)-യിൽ "അവരുടെ" എന്ന വാക്ക് ഒഴിവാക്കുക.

679. ഖണ്ഡം 4-ൽ "ഈ ആക്ടിന്റെ" എന്നതിനുപകരം "നിലവിലുള്ള നിയമത്തിന്റെ" എന്നു ചേർക്കുക.

683. ഖണ്ഡം 4(ഡി)-യിൽ "പൊതുസുരക്ഷ" എന്നതിനുപകരം "ക്രമസമാധാനം" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4(ജി)-യിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(ജി) നിയമപരവും വ്യവസ്ഥാപിതവുമായ അധികാരങ്ങൾ ഉപയോഗിച്ച് പരമാവധി കുറ്റകൃത്യങ്ങൾ തടയുകയും കുറച്ചുകൊണ്ടുവരികയും ചെയ്യുക."

225. ഖണ്ഡം 4(ക്യൂ) വിനുശേഷം താഴെപ്പറയുന്നത് (ആർ) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ആർ) കോടതികൾ പുറപ്പെടുവിക്കുന്ന സമൻസ്, വാറന്റ് മുതലായ ഉത്തരവുകൾ നടപ്പിലാക്കുക. ഉടമസ്ഥാവകാശം അറിയാത്ത വസ്തുക്കൾ (കംപ്ലയിന്റ് പ്രോപ്പർട്ടി) ബന്തവസ്സ് ചെയ്യുക".

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

196. ഖണ്ഡം 4(ഐ)-യിൽ "ആളുകളുടെയും ചരക്കുകളുടെയും നീക്കമുള്ള എല്ലാ പൊതുസ്ഥലങ്ങളിലും" എന്ന ഭാഗം ഒഴിവാക്കുക.

216. ഖണ്ഡം 4(ക്യൂ) -യിൽ "പൊതുസ്ഥലങ്ങളിലോ" എന്നതിനു ശേഷം "സ്വകാര്യ സ്ഥലങ്ങളിലോ" എന്ന് കൂടി ചേർക്കുക. "കുട്ടികളുടെയും" എന്നതിനുശേഷം "വൃദ്ധരുടെയും, ഡിഫറന്റ്‌ലി ഏബിൾഡ് ആയിട്ടുള്ള" എന്ന് കൂടി ചേർക്കുക.

ശ്രീ. യു.സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 4(ജെ)-യിൽ "പരിണമിച്ചേക്കാവുന്ന" എന്ന വാക്കിനുശേഷം "സംഭവങ്ങളും" എന്ന വാക്കും "സംഘർഷങ്ങളും" എന്ന വാക്കിനുശേഷം "മുൻകൂട്ടി കണ്ട്" എന്ന വാക്കുകളും ചേർക്കുക.

211. ഖണ്ഡം 4(ഒ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(ഒ) പോലീസ് സേനയുടെ ആന്തരിക അച്ചടക്കം പാലിക്കുകയും നില നിർത്തുകയും ചെയ്യുക."

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 4(ജെ) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(ജെ) കുറ്റകൃത്യങ്ങളായി പരിണമിച്ചേക്കാവുന്ന തർക്കങ്ങളിലും സംഘർഷങ്ങളിലും സമയോചിതമായി ഇടപെടാനും അവ ഒഴിവാക്കാനും പരിഹരിക്കാനും ശ്രമിക്കുക."

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എൻ ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 4(കെ)-യിൽ "ന്യായമായ" എന്ന വാക്കിനുപകരം "സമയബന്ധിതമായി" എന്ന വാക്ക് ചേർക്കുക.

സർ, ഇതിൽ ന്യായമായ എല്ലാ സഹായങ്ങളും വേണം. "പ്രകൃതിദത്തമോ അല്ലാത്തതോ ആയ ദുരന്തമോ, അത്യാഹിതമോ" ...ന്യായമായതെന്ന് പറയാതെ സമയബന്ധിതമായിട്ട് അത് ലഭ്യമായെങ്കിലേ പ്രയോജനമുള്ളൂ. അതുകൊണ്ട് "ന്യായമായ" എന്നതിനുപകരം "സമയബന്ധിതമായി" എന്ന് വരണം.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 4(എൽ)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ കൂടി ചേർക്കുകയും ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക

"(എം) ലഭിക്കുന്ന പരാതികൾക്ക് ഉടനടി കൈപ്പറ്റ് രസീത് നൽകുക.

(എൻ) ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ ഭരണഘടനയും സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക."

ഇതിനകത്ത് ഇത്ര ബുദ്ധിമുട്ടുണ്ടാകേണ്ടകാര്യം ഇല്ല. ഇത്രയും കൂടി ചേർത്താൽ മതി. "ലഭിക്കുന്ന പരാതികൾക്ക് ഉടനടി കൈപ്പറ്റ് രസീത് നൽകുക. ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ ഭരണഘടനയും സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക." അത് ഈസിയായി ചെയ്യാവുന്ന കാര്യമാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 4(എം) -ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം പുതുതായി ചേർക്കുക.

"(എൻ) അധികാരതയുള്ള നീതിന്യായ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുക."

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(217) ഖണ്ഡം 4(ക്യൂ)-യിൽ "പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും" എന്ന പദപ്രയോഗത്തിന് മുൻപും പിൻപും കോമകൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220 ഖണ്ഡം 4(ക്യൂ)-യിൽ "സ്ത്രീകളുടെയും കുട്ടികളുടെയും" എന്ന വാക്കുകൾക്കുശേഷം "വികലാംഗരുടെയും മാനസിക രോഗികളുടെയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 4(ക്യൂ)-യിൽ "ചുമതല ഏറ്റെടുത്ത് അവരുടെ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682 ഖണ്ഡം 4(സി)-യ്ക്കുശേഷം താഴെ പറയുന്ന ഉപഖണ്ഡം പുതുതായി ചേർക്കുക:

"(സി എ) രാഷ്ട്രത്തിന്റെ സുരക്ഷയും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും കാര്യക്ഷമതയോടെ നടപ്പിലാക്കുക."

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം4(എ)-യിൽ "ആന്തരിക അച്ചടക്ക നിലവാരം" എന്നതിനു ശേഷം "അന്തസ്സ് എന്നിവ" എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

ശ്രീ പി ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

688. ഖണ്ഡം 4(ക്യൂ)-യിൽ "സ്ത്രീകളുടെയും കുട്ടികളുടെയും" എന്ന വാക്കുകൾക്കുശേഷം "മുതിർന്ന പൗരന്മാരുടെയും, കഴിവുകളിൽ വ്യത്യസ്തതയുള്ള ആളുകളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ കോടിയേരി ബാലകൃഷ്ണൻ): സർ, നാലാം വകുപ്പിൽ ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 193-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: അദ്ദേഹം മൂവ് ചെയ്തിട്ടില്ല. അത് ഒഫീഷ്യലായി ഭേദഗതി കൊണ്ടുവരാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 193-ാം നമ്പർ ഭേദഗതി ഒഫീഷ്യലായി അവതരിപ്പിക്കുന്നു.

193 ഖണ്ഡം 4 (എച്ച്)-ൽ "നിയമനടപടികൾക്ക്" എന്ന വാക്കുകൾക്ക് ശേഷം "വിധേയമാക്കുക" എന്ന വാക്ക് ചേർക്കുകയും തുടർന്നുള്ള ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടിയുടെ 195-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി മൂവ് ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ അബ്ദുറഹിമാൻ രണ്ടത്താണിയുടെ 201-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഭേദഗതി മൂവ് ചെയ്തിട്ടില്ല. അത് ഒഫീഷ്യൽ അമെന്റുമെന്റായി മൂവ് ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 201-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ അമെന്റുമെന്റായി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 4 (കെ)-യിൽ

(i) "അപകടമോ" എന്ന വാക്കിനുശേഷം "ഉണ്ടാകുമ്പോൾ അടിയന്തരമായി ഇടപെടുകയും" എന്നീ വാക്കുകൾ ചേർക്കുക.

(ii) "മൂലം" എന്ന വാക്ക് ഒഴിവാക്കുക.

(iii) "ന്യായമായ" എന്ന വാക്കിനുപകരം "ഉചിതമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. യു. സി. രാമന്റെ 211-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. യു. സി. രാമൻ മൂവ് ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. സി. കെ. പി. പത്മനാഭന്റെ 218-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. കെ. പി. പത്മനാഭൻ ഭേദഗതി മൂവ് ചെയ്തിട്ടില്ല. അത് ഒഫീഷ്യൽ അമെന്റുമെന്റായി മൂവ് ചെയ്യാം......(തടസ്സം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതെ. അതുകൊണ്ടാണ്.

മി. സ്പീക്കർ: കോമയ്ക്കും കുത്തിനും വിലയുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ശ്രീ. സി. കെ. പി. പത്മനാഭന്റെ 218-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ അമെന്റുമെന്റായി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4 (ക്യു)-യിൽ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും എന്ന പദപ്രയോഗത്തിന് മുൻപും പിൻപും കോമകൾ നൽകുക.

ശ്രീ. പി. ജയരാജന്റെ 603-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ..(തടസ്സം)...

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: യെസ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 206-നോക്കിയപ്പോൾ അതിലുള്ള ഒരു പ്രശ്നം അറസ്റ്റ് സംബന്ധിച്ചുള്ളത് സി.ആർ.പി.സി.-യിൽത്തന്നെ, ക്രിമിനൽ നടപടിസംഹിതയിൽത്തന്നെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഇതിനകത്ത് പ്രത്യേകിച്ച് ആവശ്യമില്ല. .....(തടസ്സം).

മി. സ്പീക്കർ: യെസ്.....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ—(തടസ്സം)... ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയും അതുപോലെ ശ്രീ. എം. ഉമ്മറും സെയിം ആയിട്ടുള്ള ഒരു ഭേദഗതിയാണ് കൊടുത്തിട്ടുള്ളത്. പൊതുസ്ഥലങ്ങളിൽ സഹായം ആവശ്യമായിവരുന്നു..... നിസ്സഹായരും എന്നുള്ളതാണ്...

മി. സ്പീക്കർ: 217-ആണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതെ. സ്ത്രീകളുടെയും കുട്ടികളുടെയും കൂടെ പ്രായം ചെന്ന ആളുകളാണ് ഇന്ന് കൂടുതലായി പൊതുസ്ഥലത്ത് നിരാലംബരായി വരുന്നത്. 215-ലും 216-ലും ആണ് സമാനമായിട്ടുള്ളത്. വികലാംഗരുടേതും കൂടി ചേർത്തിട്ട്......

മി. സ്പീക്കർ: 217,...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 217-ാം നമ്പർ ഭേദഗതി ഇതിലിപ്പോൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: യെസ്.....

ശ്രീ. കെ. സി. ജോസഫ്—(തടസ്സം)—എല്ലാ ഉത്തരവുകളും അനുസരിക്കുകയും ആ ഉത്തരവിന്റെ ലീഗാലിറ്റി പരിശോധിക്കാൻ ഈ ഉത്തരവ് കിട്ടുന്ന ആളിന് അധികാരമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് നേരത്തെ പറഞ്ഞ കാര്യമാണ്. നിലവിലുള്ള നിയമത്തിനകത്തുള്ള കാര്യം തന്നെയാണ്. 'നിയമാനുസൃതമായ ആജ്ഞകൾ' – നിയമപരമായ എല്ലാ മാർഗ്ഗത്തിലൂടെയും നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യണമെന്നുണ്ട്

ശ്രീ. കെ. സി. ജോസഫ്—(തടസ്സം)..... 'നിയമാനുസൃതം എല്ലാ ഉത്തരവുകളും അനുസരിക്കുകയും നിയമാനുസൃതം നടപ്പിലാക്കുകയും ചെയ്യുക'.

ശ്രീ. എം. ചന്ദ്രൻ: സർ, എന്റെ 184-ാം നമ്പർ ഭേദഗതിയിൽ "അപായങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുകയെന്നതാണ്." പോലീസിന് കൊടുത്തിട്ടുള്ള അധികാരം, അത് അപകടങ്ങളിൽ നിന്നും പോലീസ് രക്ഷപ്പെടുത്തണം. കാരണം ഇപ്പോൾ റോഡിലൊക്കെ അപകടങ്ങൾ നടക്കുമ്പോൾ അനാഥമായിട്ട് ആളുകൾ റോഡിൽ കിടക്കുകയാണ്. അതിനും പോലീസ് തയ്യാറാകണം എന്നതാണ് എന്റെ 184-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കോടിയേരി ബാലകൃഷ്ണൻ: അപകടം ഉണ്ടായിക്കഴിഞ്ഞാൽ മാത്രമേ പോലീസിന് അതിൽ ഇടപെടാൻ കഴിയുകയുള്ളൂ. അപകടങ്ങൾ ഒഴിവാക്കാൻ പോലീസ് ഇടപെടുകയെന്നുപറഞ്ഞാൽ അത്രത്തോളം പ്രായോഗികമായിരിക്കുകയില്ല. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ 195-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 688-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 175, 177, 187, 188, 208, 222, 681 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 181, 183, 227 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 184, 185, 221 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 191, 224, 679, 683 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 192, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 196, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 223 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി(ശ്രീ. പി.സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 5(1)-ൽ "ഈ നിയമത്തിന്റെ ആവശ്യത്തിലേക്കായി" എന്ന വാക്കുകൾക്കുശേഷം "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 5(1) -ൽ "ഓരോ തദ്ദേശപ്രദേശത്തിനും വേണ്ടി" എന്നതിനുപകരം സംസ്ഥാനത്തെ ഏതൊരു ദേശത്തിനുംവേണ്ടി" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

689. ഖണ്ഡം 5(1)-ൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ" എന്നീ വാക്കുകൾക്കുശേഷം "(1974-ലെ 2-ാം കേന്ദ്ര ആക്ട്)" എന്നിവ കൂടി ചേർക്കുക.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

690. ഖണ്ഡം 5(1) -ൽ "ഓരോ തദ്ദേശ പ്രദേശത്തിനുംവേണ്ടി" എന്നീ വാക്കുകൾക്കുശേഷം "50000 ജനസംഖ്യക്ക് കുറഞ്ഞത് ഒരു പോലീസ് സ്റ്റേഷൻ എന്ന ക്രമത്തിൽ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, "ശ്രീ. വി. ഡി. സതീശന്റെ 689-ാം നമ്പർ ഭേദഗതി" അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശന്റെ 689-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 6(1)-ലെ "വിഭവശേഷിക്ക് വിധേയമായി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 6(1)-ന്റെ അവസാന ഭാഗത്ത് "ഉറപ്പുവരുത്തേണ്ടതാണ്" എന്നതിന് പകരം "ഉറപ്പുവരുത്തേണ്ടതും പോലീസ് ഉദ്യോഗസ്ഥരുടെ സേവനസമയം ദിവസത്തിൽ എട്ട് മണിക്കൂറായി നിജപ്പെടുത്തേണ്ടതുമാകുന്നു".

240. ഖണ്ഡം 6(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) വനിതാ പോലീസ് ഉദ്യോഗസ്ഥകൾക്ക് അവരുടെ ജോലിസ്ഥലങ്ങളിൽ സ്വകാര്യത ഉറപ്പുവരുത്തുവാനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനും സംസ്ഥാന പോലീസ് മേധാവി നടപടികൾ സ്വീകരിക്കേണ്ടതാണ്".

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 6(2)-ൽ "ഉദ്യോഗസ്ഥർക്കും കാര്യക്ഷമമായി ജോലി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ" എന്ന വാചകത്തിനു ശേഷം "വനിതാ പോലീസുകാർക്ക് ആവശ്യമായ ടോയ്‌ലറ്റ് അടക്കമുള്ള സൗകര്യങ്ങൾ" എന്നു കൂടി ചേർക്കുക.

ബഹുമാനപ്പെട്ട കെ.സി.ജോസഫ് പറഞ്ഞതുപോലെ പല പോലീസ് സ്റ്റേഷനിലും സ്ത്രീകൾക്കാവശ്യമായ സൗകര്യങ്ങൾ ഇല്ല. പുതുതായി നിർമ്മിക്കുന്ന പോലീസ് സ്റ്റേഷനുകളിലുണ്ട്. എന്നാൽ നേരത്തെയുള്ള പോലീസ് സ്റ്റേഷനുകളിലും നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപോലെ സൗകര്യങ്ങളില്ല. അത് ബില്ലിൽ പ്രത്യേകം സ്പെസിഫൈ ചെയ്യണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സാർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 6(2)-ൽ "കസ്റ്റഡിയിലുള്ള സാധനങ്ങളും" എന്ന വാക്കുകൾക്ക് ശേഷം "പുതുതായി കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ സൂക്ഷിക്കേണ്ട വസ്തുക്കൾ സൂക്ഷിക്കുന്നതിനും" എന്ന് കൂട്ടിചേർക്കുക കൂടാതെ ഫോറൻസിക് ഉപകരണങ്ങൾ എന്നിവയും എന്നതിനുശേഷം "അവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യവും" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 6(2)-ൽ "മതിയായ" എന്ന വാക്കിനുപകരം "പര്യാപ്തമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 6(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) ഓരോ പോലീസ് സ്റ്റേഷനിലും ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേക സംവിധാനം ഉണ്ടായിരിക്കേണ്ടതാണ് ".

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

691. ഖണ്ഡം 6(2)-ൽ "ഫോറൻസിക് ഉപകരണങ്ങൾ" എന്നതിനുശേഷം "നിരത്തിൽ കേടായി കിടക്കുന്ന വാഹനങ്ങൾ മാറ്റുന്നതിനുള്ള ക്രെയിൻ സൗകര്യങ്ങളുള്ള ആധുനിക വാഹനം" എന്നുകൂടി ചേർക്കുക.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

692. ഖണ്ഡം 6(3)-ൽ "നടപടികൾ എടുക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ശിപാർശകൾ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ശ്രീ. കെ. സി. ജോസഫും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും പറഞ്ഞത് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ അത് പ്രത്യേകിച്ച് വേണ്ടതില്ല. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 234, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 691-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 692-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി.സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 7-ന്റെ മാർജിനൽ ശീർഷകത്തിൽ "പൗരൻമാർക്ക്" എന്ന വാക്കിനുപകരം "ആളുകൾക്ക് " എന്ന വാക്ക് ചേർക്കുക

243. ഖണ്ഡം 7-ൽ "പൗരൻമാർക്കും" എന്ന വാക്കിനുപകരം "ആളുകൾക്കും" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: സർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 7-ൽ "എല്ലാ പൗരൻമാർക്കും" എന്ന വാക്കിനുപകരം "ഏതൊരു പൗരനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 7-ൽ "സേവനത്തിന് " എന്ന വാക്കിനുപകരം "സേവനവും മനുഷ്യമായ പെരുമാറ്റവും ലഭിക്കാൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 7-ൽ "പൗരൻമാർക്കും" എന്ന വാക്കിനുപകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 7-ാം വകുപ്പിൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 242, 243 നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ്ജ് അവതരിപ്പിച്ച 242, 243 നമ്പർ എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എം. ഉമ്മർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

എട്ടാം വകുപ്പ്

ശ്രീ. യു. സി. രാമൻ: സാർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 8(1)-ൽ "ന്യായമായ പ്രായോഗികതയ്ക്ക് വിധേയമായി" എന്നീ വാക്കുകൾ ഒഴിവാക്കുക

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 8(2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(2) ഏതൊരാൾക്കും ഏതൊരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെയും നിർഭയമായും സമാധാനപരമായും കാണുവാനും കാര്യങ്ങൾ അറിയിക്കുവാനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്".

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 8(4) ൽ "പൊതുജനങ്ങളിൽ ഏതൊരാൾക്കും" എന്നതിന് പകരം "പരാതിക്കാരനായ ഏതൊരാൾക്കും" എന്നുചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 8(4)-ൽ "പരാതിയെ സംബന്ധിച്ച്" എന്നതിനുശേഷം "നിശ്ചിതഫാറത്തിലുള്ള" എന്നു ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 8(4)ൽ "പരാതി സംബന്ധിച്ചുള്ള പോലീസ് നടപടിയുടെയോ അന്വേഷണത്തിന്റെയോ അവസ്ഥ അറിയുവാനും " എന്ന വാക്കുകൾക്കുശേഷം "പരാതിയിൻമേൽ നടപടിയൊന്നും സ്വീകരിക്കാത്തപക്ഷം എന്തുകൊണ്ട് നടപടി സ്വികരിച്ചില്ല എന്ന കാര്യം രേഖാമൂലം നൽകണമെന്ന് ആവശ്യപ്പെടാനും" അത് ലഭിക്കാനും" എന്ന് കൂട്ടിച്ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ കെ സി ജോസഫ്</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 8(4)ൽ "അവകാശം ഉണ്ടായിരിക്കുന്നതാണ് " എന്നതിന് പകരം "അവകാശം ഉണ്ടായിരിക്കുന്നതും പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതനുസരിച്ചുള്ള നടപടി സ്വീകരിക്കാൻ ബാദ്ധ്യസ്ഥനുമായിരിക്കുന്നതുമാണ്" എന്നു ചേർക്കുക.

8-ാം വകുപ്പ് പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കുള്ള അവകാശങ്ങളാണ്. 8(4)-ൽ "പൊതുജനങ്ങളിൽ ഏതൊരാൾക്കും അയാൾ നൽകിയ പരാതിയെ സംബന്ധിച്ച കൈപ്പറ്റു രസീത് ലഭിക്കുവാനും പരാതി സംബന്ധിച്ചുള്ള പോലീസ് നടപടിയുടെയോ അന്വേഷണത്തിന്റെയോ അവസ്ഥ അറിയുവാനും അവകാശമുണ്ടായിരിക്കുന്നതാണ്". എന്നുമാത്രം പറഞ്ഞാൽപ്പോരാ "അവകാശമുണ്ടായിരിക്കുന്നതും പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് ". ആർക്കെങ്കിലും ഉത്തരവാദിത്തം വേണ്ടേ. സ്റ്റേഷൻ ഹൗസ് ഓഫീസർ അതിന് ലയബിൾ ആയിരിക്കണം.

<u>പ്രൊഫ. എൻ. ജയരാജ്</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

261. ഖണ്ഡം 8(5)-ൽ "ഏതൊരാൾക്കും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

<u>ശ്രീ എം. ഹംസ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 8(5)-ൽ "സ്ഥിരം രജിസ്റ്ററിൽ തത്സമയം രേഖപ്പെടുത്തേണ്ടതാണ്" എന്നതിനുശേഷം "രേഖപ്പെടുത്തേണ്ടതും അക്നോളജ്മെന്റ് നൽകേണ്ടതുമാകുന്നു" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 8(5) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക "പൊതുജനങ്ങളിൽ ഏതൊരാളും അയാൾ പോലീസ് സ്റ്റേഷനിൽ വാക്കാലോ രേഖാമൂലമോ നൽകിയ ഏതൊരു പരാതിയുടെയും ചുരുക്കവും നൽകിയ രസീത് നമ്പരും പോലീസ് സ്റ്റേഷനിൽ കാലാനുക്രമത്തിലും സമകാലികവുമായി വച്ചുപോരുന്നതുമായ സ്ഥിരം രജിസ്റ്ററിൽ തത്സമയം രേഖപ്പെടുത്തേണ്ടതുമാണ്".

<u>ശ്രീ വി എൻ വാസവൻ</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

696. ഖണ്ഡം 8(2)-ൽ "പൊതുജനങ്ങളിൽ ഏതൊരാൾക്കും എന്നതിനു ശേഷം ഏതു സമയത്തും" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): സർ, ശ്രീ. എം. ഹംസയുടെ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ടി. ജലീലിന്റെ 254-ാം നമ്പർ ഭേദഗതിയും ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

247. ഖണ്ഡം 8-ലെ മാർജിനൽ ശീർഷകത്തിൽ, "പൊതുജനത്തിനുള്ള" എന്ന വാക്കിനുപകരം "പൊതുജനങ്ങൾക്കുള്ള" എന്ന് ചേർക്കുക.

254 ഖണ്ഡം 8(3)ൽ "ബോധിപ്പിക്കാനുള്ള" എന്ന വാക്കിനുപകരം "നൽകുവാനുള്ള" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: സാധാരണ ഒഫിഷ്യൽ അമെൻഡ്മെന്റ് എന്നു പറഞ്ഞാൽ ഒരാൾ സഭയിൽ ഒരു ഭേദഗതി കൊണ്ടുവന്നാൽ ആ ആൾ അവതരിപ്പിച്ചിട്ടില്ലെങ്കിൽ അത് സഭയുടെ മുൻപിലില്ല. അല്ലെങ്കിൽ വേറെ ഒരാളെ ഓതറൈസ് ചെയ്യണം. ഒഫിഷ്യൽ അമെൻഡ്മെന്റ് ഓറൽ അമെൻഡ്മെന്റായി കൊണ്ടുവരാം. അങ്ങനെ വരുമ്പോൾ ഓറൽ അമെൻഡ്മെന്റാണെങ്കിലും എഴുതി സർക്കുലേറ്റ് ചെയ്യണം. പ്രൊസിഡ്യൂർ ശരിയല്ല.

മി. സ്പീക്കർ: ഇത് സർക്കുലേറ്റ് ചെയ്യാൻ കഴിയില്ല. മെമ്പേഴ്സ് അവതരിപ്പിക്കുന്നതാണ്. അവർ ഉണ്ടോ ഇല്ലയോ എന്ന് മുൻകൂട്ടി പറയാൻ കഴിയില്ലല്ലോ.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അങ്ങ് പറഞ്ഞതാണ് കീഴ്വഴക്കം.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങനെ ചെയ്താൽ അത് ഓറൽ ആയി ഒപ്പോസ് ചെയ്യാനും സാധിക്കും.

മി. സ്പീക്കർ: അതെ. അതിനൊക്കെ അവസരമുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. യു.സി. രാമൻ അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 696-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

267. ഖണ്ഡം 9-ൽ "സർക്കാർ നിരക്കനുസരിച്ചുള്ള ഏറ്റവും കുറവ് "ദിവസവേതനത്തിന്റെ പകുതി" എന്നതിനുപകരം "മിനിമം കൂലി" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. വി. എൻ. വാസവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം 9-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക എന്നാൽ, സ്ഥിരം തടവുകാർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ കസ്റ്റഡി പ്രതികൾക്കും കൂടി ലഭ്യമാക്കേണ്ടതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.
ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പത്താം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 10-ൽ "കർത്തവ്യ നിർവ്വഹണത്തിനുമായും" എന്നുള്ളത് "കർത്തവ്യ നിർവ്വഹണത്തിനായും" എന്നാക്കി മാറ്റുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 10-ൽ "പ്രവർത്തനക്ഷമവും ജാഗരൂകവും" എന്നത് "പ്രവർത്തനനിരതം" എന്ന് ഭേദഗതി ചെയ്യുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 11(2)-ൽ "ഉദ്ദേശ്യം" എന്ന വാക്കിനുശേഷം "കാലയളവ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 11(3) ഒഴിവാക്കി തുടർന്നുള്ള ഉപവകുപ്പുകളുടെ ക്രമനമ്പർ പുനർക്രമീകരിക്കുകയും ചെയ്യുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 12-ൽ 'കണ്ടെടുത്ത' എന്ന വാക്കിനുശേഷം ആയുധങ്ങൾ അടക്കമുള്ള വസ്തുക്കൾ എന്നതിനുമുമ്പായി 'വാഹനങ്ങളും' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 12-ൽ "എന്നിവ സംബന്ധിച്ച വിവരങ്ങളും" എന്ന വാക്കുകൾക്കുശേഷം "കസ്റ്റഡിയിൽ എടുത്തവരെ ദേഹപരിശോധന നടത്തിയ വിവരങ്ങളും അറസ്റ്റ് ചെയ്ത വിവരവും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

279. ഖണ്ഡം 12-ൽ "കണ്ടെടുക്കുന്ന ആയുധങ്ങളടക്കമുള്ള" എന്ന വാക്കുകൾക്കുപകരം "കണ്ടെടുക്കുന്ന ആയുധങ്ങളും ആഭരണങ്ങളും പണവുമടക്കമുള്ള വസ്തുക്കൾ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 12-ൽ "തത്സമയം രേഖപ്പെടുത്തേണ്ടതുമാണ്" എന്ന വാക്കുകൾക്കുപകരം "തത്സമയം യഥാവിധി രേഖപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 12-ന്റെ അവസാനം "തത്സമയം രേഖപ്പെടുത്തേണ്ടതുമാണ്" എന്നതിനുപകരം "തത്സമയം രേഖപ്പെടുത്തേണ്ടതും തൊട്ടടുത്തുള്ള പോലീസ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 13(1)-ൽ "സ്ഥിതി നേരിട്ട് പരിശോധിക്കാവുന്നതാണ്" എന്നതിനുപകരം "സ്ഥിതി നേരിട്ട് പരിശോധിക്കാവുന്നതും കസ്റ്റഡിയിൽ സൂക്ഷിച്ച ഏതൊരാളെയും നേരിട്ട് കാണാവുന്നതുമാണ്" എന്ന് ചേർക്കുക.

284. ഖണ്ഡം 13(2)ൽ "ഡയറിയിൽ രേഖപ്പെടുത്തേണ്ടതും" എന്നതിനുപകരം "ഡയറിയിൽ രേഖപ്പെടുത്താവുന്നതും" എന്ന് ചേർക്കുക.

285. ഖണ്ഡം 13(2)-ൽ "എത്രയും പെട്ടെന്ന് അറിയിക്കേണ്ടതും" എന്നതിനുപകരം "എത്രയും പെട്ടെന്ന് അറിയിക്കാവുന്നതും" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 13(2)-ന്റെ അവസാനം താഴെപ്പറയുന്നത് കൂടി ചേർക്കുക "സ്വീകരിച്ച നടപടികൾ ജില്ലാപോലീസ് മേധാവി ബന്ധപ്പെട്ട കമ്മീഷണറെയോ അതോറിറ്റികളെയോ അറിയിക്കേണ്ടതുമാണ്" .

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ.സി.എച്ച്. കണ്ണൻ അവതരിപ്പിച്ച 283, 284, 285 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288 ഖണ്ഡം 14(1)-ൽ "ഒരു ഏകീകൃത പോലീസ് സേന ഉണ്ടായിരിക്കുന്നതാണ്" എന്നീവാക്കുകൾക്കുപകരം "ക്രമസമാധാനത്തിനും ക്രൈമിനും വേണ്ടി പ്രത്യേകം വിഭാഗത്തിൽ ഉൾക്കൊള്ളുന്ന ഒരു പോലീസ് സേന ഉണ്ടായിരിക്കുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക

289. ഖണ്ഡം 14(2)-ൽ "കേരള പോലീസ് സേനയിൽ " എന്നീ വാക്കുകൾക്കുശേഷം "ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

290. ഖണ്ഡം 14(2) (എഫ്)-നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ കൂടി ചേർക്കുക. "(എഫ്-എ) കമ്മീഷണർ ഓഫ് പോലീസ് (എഫ്-ബി) അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്"

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 14(2) (എൽ)-ൽ "ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്" എന്നത് "പ്രിൻസിപ്പാൾ ഡയറക്ടർ ജനറൽ ഓഫ് പോലീസ്" എന്ന് തിരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

293. ഖണ്ഡം 14(4)-ൽ "തടയുന്നതിനായി കരുതേണ്ടതില്ല" എന്നീ വാക്കുകൾക്കുപകരം "ബാധിക്കുന്നതല്ല" എന്ന വാക്കു ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

700. ഖണ്ഡം 14(2) -ൽ ഇനം (സി) ഒഴിവാക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

701. ഖണ്ഡം 14(2) -ൽ "സംസ്ഥാന പോലീസ് മേധാവിയുടേതിനേക്കാൾ" എന്ന വാക്കുകൾക്കുപകരം "ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫിനേക്കാൾ " എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പതിനാലാം വകുപ്പിൽ ശ്രീ. കെ. ശിവദാസൻ നായരുടെ 293, ശ്രീ. പി. ജയരാജന്റെ 701 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 701-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 288, 289, 290 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 700-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 15(1)-ലെ "നിർണ്ണയിച്ചേയ്ക്കാവുന്നത്ര" എന്ന വാക്കിനുപകരം "നിശ്ചയിച്ചേയ്ക്കാവുന്നത്ര" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. എ. വാഹിദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 15(1)-ൽ "എണ്ണം ആളുകൾ" എന്നീ വാക്കുകൾക്കുപകരം "ഉദ്യോഗസ്ഥർ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

297. ഖണ്ഡം 15(2)-ൽ "വൈദഗ്ദ്ധ്യത്തോടെയും ഏകീകൃതമായും" എന്ന വാക്കുകൾക്കുപകരം "വൈദഗ്ദ്ധ്യമുള്ളതും ഏകീകൃതവും" എന്ന വാക്കുകൾ ചേർക്കുക.

301. ഖണ്ഡം 15(4) താഴെപ്പറയുംപ്രകാരം മാറ്റേണ്ടതാണ്.

"3-ാം ഉപഖണ്ഡപ്രകാരം വിജ്ഞാപനം ചെയ്ത പ്രദേശത്തെ പോലീസ് ഭരണത്തിനായി ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറലിൽ കുറയാത്ത പദവിയിലുള്ള ഒരു പോലീസ് ഓഫീസറെ കമ്മീഷണറായി നിയമിക്കേണ്ടതാണ്."

702. ഖണ്ഡം 15(3)-ൽ "മെട്രോ പോളിറ്റൻ പ്രദേശങ്ങൾക്കോ മറ്റ് നഗരപ്രദേശങ്ങൾക്കോവേണ്ടി അത്തരം പ്രദേശങ്ങളിലെ" എന്ന വാക്കുകൾക്കുപകരം "മെട്രോ പൊളിറ്റൻ പ്രദേശങ്ങളിലെ" എന്ന വാക്കുകൾ ചേർക്കുക.

704. ഖണ്ഡം 15(5)-ന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷമുള്ള വ്യവസ്ഥയ്ക്കുപകരം താഴെ പറയുന്നത് ഉപഖണ്ഡം ആയി ചേർക്കുക:

"(6) മെട്രോ പൊളിറ്റൻ പോലീസ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ പോലീസ് കമ്മീഷണർക്ക് ഈ ആക്ടോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയോ, ഏതെങ്കിലും സംസ്ഥാന നിയമങ്ങളോ പ്രകാരം ജില്ലാ മജിസ്ട്രേറ്റിനുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി വിനിയോഗിക്കാവുന്നതാണ്."

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 15(5)-ന്റെ ക്ലിപ്ത നിബന്ധനയുടെ ഒന്നാം ഖണ്ഡികയിലെ "ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ" എന്നതിന് പകരം "സംസ്ഥാന പോലീസ് മേധാവിയുടെ" എന്നാക്കി മാറ്റുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

305. ഖണ്ഡം 15(5)-ലെ ക്ലിപ്ത നിബന്ധനയുടെ ഒന്നാം ഖണ്ഡിക ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുക:

"എന്നാൽ കമ്മീഷണറും കമ്മീഷണറുടെ കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥരും ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ കീഴിൽ പ്രവർത്തിക്കേണ്ടതാണ്".

703. ഖണ്ഡം 15(5)-ൽ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതപ്രകാരവും" എന്നീ വാക്കുകൾക്കു ശേഷം "(1974-ലെ 2-ാം കേന്ദ്ര ആക്ട്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 15 (5)-ലെ ക്ലിപ്ത നിബന്ധനയിലെ രണ്ടാം ഖണ്ഡിക പൂർണ്ണമായും നീക്കം ചെയ്യുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ.കെ.ടി. ജലീലിന്റെ 299-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(299) ഖണ്ഡം 15 (4)-ൽ "പോലീസ് ഓഫീസർ കമ്മീഷണർ ആയിരിക്കേണ്ടതാണ്" എന്നത് "പോലീസ് ഓഫീസറെ കമ്മീഷണറായി നിയമിക്കേണ്ടതാണ്" എന്നാക്കി മാറ്റുക.

കൂടാതെ, ശ്രീ. എ. പ്രദീപ് കുമാറിന്റെ 294, ശ്രീ. എം. എ. വാഹീദിന്റെ 296, ശ്രീ. പി. ജയരാജന്റെ 297, 702, 704, ശ്രീ. രാജു എബ്രഹാമിന്റെ 303, ശ്രീ. ബാബു പ്രസാദിന്റെ 703, എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു; മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 299-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 297, 702, 704 എന്നീ നമ്പർ ഭേദഗതികളും ശ്രീ. രാജു എബ്രഹാമിന്റെ 303-ാം നമ്പർ ഭേദഗതിയും ശ്രീ. ബി. ബാബു പ്രസാദിന്റെ 703 -ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ് അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാകണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാകണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 16-ൽ "ഏതൊരു പ്രദേശത്തെയും" എന്ന വാക്കുകൾക്കുപകരം "ഏതൊരു റവന്യൂ ജില്ലയുടെ പ്രദേശത്തെയും" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ.പി.സി. ജോർജ് അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. എ. പി. അനിൽകുമാറിന്റെ 310-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 17 (1)-ൽ പോലീസും പോലീസ് സ്റ്റേഷനുകളും എന്നീ വാക്കുകൾക്കുപകരം "പോലീസ് സേനയും പോലീസ് സ്റ്റേഷനുകളും അതിനോടനുബന്ധിച്ച മറ്റ് ഓഫീസുകളും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ...............................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

311. ഖണ്ഡം 18(1)-ൽ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്ന വിശദീകരണം ചേർക്കുക:

"അപ്രകാരം നിയമിക്കപ്പെടുന്നയാളിന് റിട്ടയർമെന്റ് വ്യവസ്ഥകൾക്ക് വിധേയമായി ചുരുങ്ങിയത് രണ്ട് വർഷം എങ്കിലും ആ പദവിയിൽ തുടരാൻ അനുവദിക്കേണ്ടതാണ്" .

316. ഖണ്ഡം 18(2)-ൽ "സ്ഥാന കയറ്റം ലഭിച്ചിട്ടുള്ളതോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതോ ആയ" എന്ന വാക്കുകൾക്കുപകരം "സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

318. ഖണ്ഡം 18 (3) -ൽ "എല്ലാ ആളുകളും" എന്ന വാക്കുകൾക്കു ശേഷം "അവരുടെ സർവ്വീസിലെ സീനിയോറിറ്റി എന്തായാണെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 18 (5) നീക്കം ചെയ്യുന്നു.

ശ്രീ അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 18(1)-ൽ "ഒരു പോലീസ് ഉദ്യോഗസ്ഥനിൽ" എന്ന വാക്കുകൾക്കുപകരം "ഡയറക്ടർ ജനറൽ ഓഫ് പോലീസിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 18(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഫയൽ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾക്കുപകരം "സർക്കാർ ഫയൽ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

319. ഖണ്ഡം 18(3)-ൽ "എന്നിവയും കണക്കിലെടുത്ത് " എന്നീ വാക്കുകൾക്കുശേഷം "സർക്കാർ" എന്ന വാക്കിനു മുമ്പായി "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സി. ജോസഫിന്റെ 316-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. ശ്രീ. കെ. സി. ജോസഫിന്റെ 311-ാം നമ്പർ ഭേദഗതി................

ശ്രീ. കെ. സി. ജോസഫ്: സർ, പ്രകാശ് സിംഗ് കേസിലെ ഒരു പ്രത്യേക നിർദ്ദേശമാണ് ഡി.ജി.പി.-ക്ക് രണ്ട് കൊല്ലം മിനിമം സർവ്വീസ് വേണമെന്നുള്ളത്. 311-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫിന്റെ 311-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്...................

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. ബി. ബാബു പ്രസാദ്
5. ശ്രീ. പി. സി. ജോർജ്
6. ശ്രീ. ജോർജ് മേഴ്സിയർ
7. പ്രൊഫ. എൻ. ജയരാജ്
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. ജോസഫ് എം. പുതുശ്ശേരി
10. ശ്രീ. വർക്കല കഹാർ
11. ശ്രീ. ജി. കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
13. ശ്രീ. ആര്യാടൻ മുഹമ്മദ്
14. ശ്രീ. അടൂർ പ്രകാശ്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. യു. സി. രാമൻ
17. ശ്രീ. പി. എം. എ. സലാം
18. ശ്രീ. കെ. കെ. ഷാജു
19. ശ്രീ. കെ. ശിവദാസൻ നായർ
20. ശ്രീ. തോമസ് ചാഴികാടൻ
21. ശ്രീ. എം. ഉമ്മർ
22. ശ്രീ. എം. എ. വാഹിദ്.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആനത്തലവട്ടം ആനന്ദൻ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി ജെ. അരുന്ധതി
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. പള്ളിപ്രം ബാലൻ
11. ശ്രീമതി ഇ. എസ്. ബിജി മോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. കെ. കെ. ദിവാകരൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. എം. ഹംസ
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. പി. ജയരാജൻ
20. ശ്രീ. എളമരം കരീം
21. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
22. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
23. ശ്രീ. കെ. കുഞ്ഞിരാമൻ
24. ശ്രീ. കെ. സി. കുഞ്ഞിരാമൻ
25. ശ്രീ. ടി. പി. കുഞ്ഞുണ്ണി
26. ശ്രീ. മാത്യു ടി. തോമസ്
27. ശ്രീ. എ. സി. മൊയ്തീൻ
28. ശ്രീ. മുരളി പെരുനെല്ലി
29. ശ്രീ. സി. കെ. പി. പത്മനാഭൻ
30. ശ്രീ. എ. പ്രദീപ് കുമാർ
31. ശ്രീ. കെ. സി. രാജഗോപാലൻ
32. ശ്രീ. എൻ. രാജൻ
33. ശ്രീ. രാജു എബ്രഹാം
34. ശ്രീ. കെ. രാജു
35. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
36. ശ്രീ. സി. കെ. സദാശിവൻ
37. ശ്രീ. സാജു പോൾ
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. വി. ശശികുമാർ
40. ശ്രീ. ആർ. സെൽവരാജ്
41. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
42. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. വി. ശിവൻകുട്ടി

44. ശ്രീ. ജി. സുധാകരൻ

45. ശ്രീ. വി. എൻ. വാസവൻ

46. ശ്രീ. എം. വിജയകുമാർ

47. ശ്രീ. പി. വിശ്വൻ

48. ശ്രീ. എ. എം. യൂസഫ്.

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

<u>മി. സ്പീക്കർ</u> :

അനുകൂലിക്കുന്നവർ - 22

പ്രതികൂലിക്കുന്നവർ - 48

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...............................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പത്തൊൻപതാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

325. ഖണ്ഡം 19 (1) (എ) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.
"(എ) ഭൂമിയെ സംബന്ധിച്ച തർക്കങ്ങൾ" .

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

326. ഖണ്ഡം 19 (1) (എ)-യിലെ "ഭൂപരിഷ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

329. ഖണ്ഡം 19(1)(എ)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"(എഎ) തൊഴിൽ തർക്കംമൂലം ഉണ്ടായേക്കാവുന്ന ക്രമസമാധാനവും കുറ്റകൃത്യങ്ങളും സംബന്ധിച്ച കാര്യങ്ങൾ".

ശ്രീ. പി. വിശ്വൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 19 (1) (സി)-യിലെ "തിരഞ്ഞെടുപ്പ്" എന്നുള്ളത് "തെരഞ്ഞെടുപ്പ്" എന്ന് മാറ്റുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 19(1)എഫ്-ന്റെ സ്ഥാനത്ത് താഴെപ്പറയുന്ന വ്യവസ്ഥ ചേർക്കുക.

(i) (എഫ്) മലിനീകരണ നിയന്ത്രണവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച കാര്യങ്ങൾ.

(ii) നിലവിലെ (എഫ്)-നെ (ജി) എന്ന് പുനർനാമകരണം ചെയ്യുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പത്തൊൻപതാം വകുപ്പിൽ ശ്രീ. പി. വിശ്വന്റെ 332-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. ശ്രീ. എൻ. ശക്തന്റെ 331-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 19 (1) (സി)-യിൽ "ഏതെങ്കിലും" എന്ന വാക്കിനുപകരം "ജില്ലയിലെ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 331-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 326, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ...............................

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം 20 (2)-ൽ "വിധേയമായി" എന്ന വാക്ക് ഒഴിവാക്കുക.

339. ഖണ്ഡം 20 (3)-ൽ "പോലീസ് മേധാവിക്ക് സർക്കാരിന്റെ" എന്നതിനുശേഷം "മുൻകൂർ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

340. ഖണ്ഡം 20 (3)-ൽ "സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി" എന്ന വാക്കുകൾക്ക് പകരം "സർക്കാരിന്റെ അംഗീകാരത്തോടെ" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. സി. എച്ച് കുഞ്ഞമ്പു അവതരിപ്പിച്ച 337, 339 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ...............................

LIBRARY ARCHIVES Kerala Legislative Assembly

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

343. ഖണ്ഡം 21(2)(ബി)-ൽ "പ്രമാദമോ" എന്ന വാക്കിനുപകരം "പ്രസിദ്ധമായതോ" എന്ന വാക്ക് ചേർക്കുക.

349. ഖണ്ഡം 21 (2) (എച്ച്)-ൽ "ആ ആവശ്യത്തിനായി" എന്നതിനു പകരം "അതിനായി" എന്ന് ചേർക്കുക.

353. ഖണ്ഡം 21 (2) (എം)-ൽ "ബന്ധപ്പെട്ട് "എന്നതിനുശേഷം "ഉടനുടൻ"എന്ന വാക്ക് ചേർക്കുക.

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 21 (2) (ഡി)-യിൽ "കായൽ പ്രദേശം" എന്നതിനുശേഷം "നീർത്തടങ്ങൾ" എന്നത് കൂടി ചേർക്കുക.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

346. ഖണ്ഡം 21 (2) (ഡി)-ൽ "പോലീസ് സേവനം" എന്നവസാനിക്കുന്നത് "പോലീസ് സേവനവും" എന്നാക്കി മാറ്റുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

350. ഖണ്ഡം 21 (2) (ജെ)-ൽ "ഫോട്ടോഗ്രാഫി" എന്ന വാക്ക് കഴിഞ്ഞ് ഒരു കോമ കൊടുക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 21 (2) (എസ്) -നുശേഷം താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുക.

"(റ്റി) (എ) ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000, 56-ാം വകുപ്പ് അനുശാസിക്കുന്ന രീതിയിൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിച്ച് പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും നിയമത്തോട് പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണം കൈകാര്യം ചെയ്യുകയും ചെയ്യുക.

(ബി) ജുവനൈൽ പോലീസുമായി ബന്ധപ്പെട്ട് മിസ്സിംഗ് ചിൽഡ്രൻസ് ബ്യൂറോകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാലഭിക്ഷാടനം തടയുക.

(ഡി) ബാലവേല നിരോധന നിയന്ത്രണ നിയമം 1986 അനുശാസിക്കുന്ന രീതിയിൽ കുട്ടികളെ ബാലാദ്ധ്വാനത്തിൽ പങ്കെടുപ്പിക്കുന്നത് തടയുക .

ശ്രീ സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 21 (4) -ൽ ''നിർണ്ണയിക്കാവുന്നതാണ്'' എന്നത് "നിശ്ചയിക്കാവുന്നതാണ് "എന്നാക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ എം. ഉമ്മറിന്റെ 348-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. കൂടാതെ 345, 346, 350, 355 എന്നീ നമ്പർ ഭേദഗതികളും അംഗീകരിക്കാവുന്നതാണ്.

(348) ഖണ്ഡം 21 (2) (എച്ച്)-ൽ "ആ ആവശ്യത്തിനായി" എന്നതിനു പകരം "അതിനായി" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 348-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതിയും ശ്രീ. സാജു പോൾ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 343, 349, 353 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ എം. പ്രകാശൻ മാസ്റ്ററിനുവേണ്ടി ശ്രീ സി. എച്ച് കുഞ്ഞമ്പു അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിരണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഇരുപത്തിരണ്ടാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(357) ഖണ്ഡം 23(1)-ൽ "ഉറപ്പുവരുത്തുന്നതിനായി ഉത്തരവ് വഴി" എന്നതിനുശേഷമുള്ള ഭാഗം നീക്കം ചെയ്ത് പകരം "ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണവും വേർതിരിക്കേണ്ടതും പ്രഥമപടിയായി മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഇത് പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്" എന്ന് കൂട്ടിച്ചേർക്കുക.

ഇത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും പ്രത്യേകമാക്കണമെന്നുള്ളത് എല്ലാ നിയമ പരിഷ്കരണ കമ്മിറ്റികളുടെയും ശുപാർശയാണ്. അതിന് യാതൊരു വ്യവസ്ഥയും ബില്ലിൽ വച്ചിട്ടില്ല. എന്റെ നിർദ്ദേശം, അതിന്റെ ഒന്നാം ഘട്ടമായി മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലെങ്കിലും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും സെപ്പറേറ്റ് ചെയ്യണമെന്നുള്ളതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, അതിൽ സുപ്രീം കോടതി തന്നെ പറഞ്ഞത് പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിൽ ചെയ്യാനാണ്. ഇവിടെതന്നെ ആവശ്യാനുസരണം ഗവൺമെന്റിന് ചെയ്യാനുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് സിറ്റികളിൽ ഇപ്പോൾ തന്നെ തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവിടെ പ്രത്യേകിച്ച് എഴുതി വയ്ക്കേണ്ട കാര്യമില്ല. അത് അപ്രായോഗികമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(358) ഖണ്ഡം 24(2)(iv)-ൽ "ജസ്റ്റിസിന്റെ നാമനിർദ്ദേശപ്രകാരമുള്ള" എന്നത് "ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യുന്ന" എന്നാക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(360) ഖണ്ഡം 24(2)(viii)-ൽ "ഗവർണ്ണർ" എന്നതിന് പകരം "ഗവൺമെന്റ്" എന്നും "മൂന്ന്" എന്നതിന് പകരം "നാല്" എന്നും ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(361) ഖണ്ഡം 24(2)(viii)-ൽ "ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ" എന്നതിനുപകരം "ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന നാല് അനൗദ്യോഗിക അംഗങ്ങൾ" എന്നും "അവരിൽ ഒരാൾ വനിതയായിരിക്കണം" എന്നതിന് പകരം "അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നയാളുമായിരിക്കണം" എന്നും ചേർക്കുക.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(362) ഖണ്ഡം 24(2)(viii)-ൽ "വനിതയായിരിക്കേണ്ടതാണ്" എന്നതിനു പകരം "വനിതയായിരിക്കേണ്ടതും കമ്മീഷനിൽ ഒരു പട്ടികജാതി/പട്ടികഗോത്ര പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർ ഇല്ലാത്തപക്ഷം ഒരാൾ പട്ടികജാതി പട്ടികഗോത്ര വിഭാഗത്തിലും ഒരാൾ പിന്നോക്ക വിഭാഗത്തിലും പെടുന്നയാളായിരിക്കേണ്ടതാണ്" എന്നും ചേർക്കുക.

(369) ഖണ്ഡം 24(3)-ൽ "സംസ്ഥാന പോലീസ് മേധാവി" എന്നതിനുപകരം "ആഭ്യന്തര വകുപ്പ് സെക്രട്ടറി" എന്നുചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(363) ഖണ്ഡം 24(2)(viii)-ൽ "വനിതയായിരിക്കേണ്ടതാണ്" എന്നതിനു പകരം "വനിതയായിരിക്കേണ്ടതും കമ്മീഷനിൽ ഒരു പട്ടികജാതി/ പട്ടികഗോത്ര പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവർ ഇല്ലാത്തപക്ഷം ഒരാൾ പട്ടികജാതി പട്ടികഗോത്ര വിഭാഗത്തിലും ഒരാൾ പിന്നാക്ക വിഭാഗത്തിലും പെടുന്നയാളായിരിക്കേണ്ടതാണ്" എന്നും ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(364) ഖണ്ഡം 24(2)(viii)-ൽ "ഒരാൾ വനിതയായിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കുപകരം "ഒരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിലോ ഗോത്ര വർഗ്ഗ വിഭാഗത്തിലോ ഉൾപ്പെട്ടതായിരിക്കണം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(365) ഖണ്ഡം 24(2)(viii)-ൽ "ഗവർണ്ണർ" എന്ന വാക്കിനുശേഷം "മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരോട് ആലോചിച്ചശേഷം " എന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

(370) ഖണ്ഡം 24(4)-ൽ "അഞ്ച്" എന്നതിനുപകരം "മൂന്ന്" എന്നു ചേർക്കുക.

(849) ഖണ്ഡം 24(2)(viii)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്നയാൾ തൊട്ട് മുമ്പുള്ള നാല് വർഷത്തിനിടയിൽ രാഷ്ട്രീയ പാർട്ടികളിൽ ഭാരവാഹിത്വം ഉള്ള ആൾ ആകാൻ പാടില്ലാത്തതാകുന്നു."

എനിക്ക് പറയുവാനുള്ളത് 365-ാം നമ്പർ ഭേദഗതിയിൽ ക്രമസമാധാന പാലനം, ഭരണ നിർവ്വഹണം, മനുഷ്യാവകാശങ്ങൾ, നിയമം, സാമൂഹ്യ സേവനം, പൊതുഭരണ നടത്തിപ്പ് എന്നിവയിൽ വിപുലമായ വിജ്ഞാനവും പരിചയവുമുള്ള പൊതുജീവിതത്തിലെ പ്രമുഖരായ വ്യക്തികളിൽ നിന്നും ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന ആളായിരിക്കണം എന്നാണ്. ഗവർണ്ണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരുമായി ആലോചിച്ചശേഷം ഗവർണ്ണർ നോമിനേറ്റ് ചെയ്യുമ്പോൾ, 'in consultation with the Chief Minister and the Leader of the Opposition' എന്നാണ് വരേണ്ടത്.

ശ്രീ. എം. എ. വാഹിദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(366) ഖണ്ഡം 24(2)(viii)-ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ ഇത്തരത്തിൽ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾ 65 വയസ്സ് പൂർത്തീകരിച്ചവർ ആയിരിക്കരുത്".

ഇവിടെ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾക്കും പ്രായപരിധി പറഞ്ഞിട്ടില്ല. 65 വയസ്സിന് മുകളിലുള്ളവരെ ഇത്രയും വലിയ ഉത്തരവാദിത്തപ്പെട്ട സ്ഥാനത്ത് വയ്ക്കരുതെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് 65 വയസ്സിനകത്തുള്ള ആളുകളെ മാത്രമേ ഇതിലേയ്ക്ക് നിയമിക്കാവൂ എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(371) ഖണ്ഡം 24(4)ൽ "പുനർ നാമനിർദ്ദേശത്തിന് യോഗ്യരായിരിക്കുന്നതുമാണ് " എന്നീ വാക്കുകൾക്കുപകരം "അവർ പുനർ നാമനിർദ്ദേശത്തിന് യോഗ്യരല്ലാതായിരിക്കുന്നതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(374) ഖണ്ഡം 24(7)-ൽ "മൂന്ന് മാസത്തിനകം" എന്നതിനുപകരം മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇതിൽ ഗവർണ്ണർക്ക് അധികാരം കൊടുക്കുകയാണ്. അതുകൊണ്ട് ഗവർണർ എന്ന് പറയുമ്പോൾ, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായി കൺസൾട്ട് ചെയ്തിട്ട് വരണമെന്ന് പറയുന്നതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതിൽ പുനർനോമിനേഷന് അവർ അർഹരല്ല എന്നുള്ള ഒരു ഭേദഗതിയുണ്ട്. അല്ലെങ്കിൽ ഒരിക്കൽ വന്ന ആളുകൾ തന്നെ വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കും. അത് ശരിയല്ലല്ലോ? അതുകൊണ്ട് പുനർനിയമനം തടയുന്നതായിരിക്കും നമുക്കും ജനാധിപത്യത്തിന് ശരിയായിട്ടുള്ളത് എന്നുള്ളതാണ് 371-ലെ എന്റെ അമെന്റ്മെന്റ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ഗവർണ്ണർക്ക് വിട്ടുകൊടുക്കുന്നതല്ലേ നല്ലത്. പ്രായമുള്ള ആളുകളൊന്നും പറ്റില്ലായെന്ന് പറഞ്ഞാൽ പല ആളുകളും പല സ്ഥലത്തും പറ്റാതെയാകും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായമുള്ള ആളുകളും കൂടി വരട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രായമുള്ള ആളുകൾ പകുതി ആയിക്കോട്ടേ, റെപ്പറ്റീഷൻ വരരുത്. വീണ്ടും വീണ്ടും ഒരാൾ തന്നെ വരാതിരിക്കണമെങ്കിൽ ഒരു നിയന്ത്രണം വേണം. അതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. പി. ജയരാജന്റെ 358-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 362, 369 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 365, 370, 849 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി(ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(377) ഖണ്ഡം 25(1)(സി) താഴെപ്പറയുംപ്രകാരം മാറ്റുക:

LIBRARY ARCHIVES Kerala Legislative Assembly

(സി) 'പൊതുവിൽ സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.' .

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(378) ഖണ്ഡം25(1)(ഇ)-യ്ക്കുശേഷം '(എഫ്) സംസ്ഥാന പോലീസിൽ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക എന്നത് കൂടി ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(379) ഖണ്ഡം 25(2)-ൽ "ലഭ്യമാകുന്ന മുറയ്ക്ക്" എന്നതിനുശേഷം "തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ" എന്നുകൂടി ചേർക്കുക.

(384) ഖണ്ഡം 25(5)ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യാവുന്നതാണ്" എന്നതിനുപകരം "ചെയ്യാവുന്നതും അതത് സംഗതിപോലെ രൂപഭേദപ്പെടുത്തിയ നിർദ്ദേശങ്ങൾമാത്രം ബാധകമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(380) ഖണ്ഡം 25(2)-ൽ "ലഭ്യമാകുന്ന മുറയ്ക്ക്" എന്നതിനുശേഷം "തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ" എന്നുകൂടി ചേർക്കുക.

(382) ഖണ്ഡം 25(4)-ൽ "നിയമാനുസരണം പുറപ്പെടുവിക്കാവുന്നതാണ്" എന്നതിനുപകരം "നിയമാനുസരണം പുറപ്പെടുവിക്കാവുന്നതും അടിയന്തിരഘട്ടം കഴിഞ്ഞാൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(380) ഖണ്ഡം 25(2)-ലെ "ലഭ്യമാകുന്ന മുറയ്ക്ക്" എന്നീ വാക്കുകൾ നീക്കം ചെയ്യുക

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(706) ഖണ്ഡം 25(ഡി)-യ്ക്കുശേഷം ഇനിപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലെ (ഇ) എന്നത് (എഫ്) ആക്കിമാറ്റുകയും ചെയ്യുക:

"(ഇ) സംസ്ഥാന പോലീസിൽ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക."

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കു വേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 380, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ് അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(387) ഖണ്ഡം 26(1)നു ശേഷം (2) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

"(2) പ്രസ്തുത പാനലിലെ അംഗങ്ങൾ തുടർച്ചയായി രണ്ടു ടേമിൽ കൂടുതൽ അംഗങ്ങളായി തുടരുവാൻ പാടില്ല."

LIBRARY ARCHIVES Kerala Legislative Assembly

(390) ഖണ്ഡം 26(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂട്ടി ചേർക്കുക.

"(4) പ്രസ്തുത നിർവ്വഹണ നിലവാരം സംബന്ധിച്ച് ഓരോ വർഷവും അവലോകനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഗവൺമെന്റിന് സമർപ്പിക്കേണ്ടതുമാണ്."

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(388) ഖണ്ഡം 26(3)-ൽ "ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫിനെ അറിയിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, ശ്രീ. രാജു എബ്രഹാമിന്റെ അമെന്റ്മെന്റ് അംഗീകരിച്ച സ്ഥിതിക്ക് 388-ാം നമ്പർ ഭേദഗതി തന്നെ ചേർക്കേണ്ടിവരും.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(389) ഖണ്ഡം 26(3)-ൽ "അറിയിക്കേണ്ടതുമാണ്" എന്ന വാക്കിനു ശേഷം മൂന്നു മാസത്തിലൊരിക്കലെങ്കിലും അവലോകനം ചെയ്യേണ്ടതുമാണ് എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(391) ഖണ്ഡം 27-ൽ "4-ാം വകുപ്പുപ്രകാരം" എന്നീ വാക്കുകൾക്കും അക്കത്തിനും പകരം "ഈ ആക്ടു പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(392) ഖണ്ഡം 27-ൽ "പോലീസ് ചുമതലകൾ കാര്യക്ഷമമായും" എന്നീ വാക്കുകൾക്കുപകരം "ഔദ്യോഗിക ചുമതലകൾ സത്യസന്ധമായും കാര്യക്ഷമമായും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(393) ഖണ്ഡം 27-ൽ "പ്രവർത്തികളും" എന്ന വാക്കിനു പകരം "പ്രവൃത്തികളും" എന്ന വാക്ക് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സ്പെല്ലിംഗ് മിസ്റ്റേക്ക് കണ്ടുപിടിച്ച ശ്രീ. യു. സി. രാമന് നന്ദി. ശ്രീ കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി.. ജോർജ് അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതിയും ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ.പി. സി. ജോർജ് അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതിയും ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി(ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(395) ഖണ്ഡം 28-ൽ "ഡ്യൂട്ടിയിലായിരിക്കുന്ന" എന്ന വാക്ക് ഒഴിവാക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ..........................

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി(ശ്രീ. പി. സി. ജോർജ്):സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(396) ഖണ്ഡം 29(1)-ൽ "ഡ്യൂട്ടിയിലായിരിക്കുന്ന" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(399) ഖണ്ഡം 29(1)-ൽ "ഡ്യൂട്ടിയിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളോടുള്ള ഇടപെടലുകളിൽ" എന്ന വാക്കുകൾക്കുശേഷം "പ്രലോഭനങ്ങൾക്കും പ്രകോപനങ്ങൾക്കും വിധേയമാകാതെ" എന്ന് ചേർക്കുക.

(402) ഖണ്ഡം 29(2)-ൽ "ആരെയും ഭീഷണിപ്പെടുത്തുവാനോ" എന്ന വാക്കുകൾക്കുശേഷം "പൊതുസ്ഥലത്തുവച്ചോ മറ്റുള്ള ആളുകളുടെ മുമ്പിൽ വെച്ചോ അപമാനിക്കാനോ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(403) ഖണ്ഡം 29(3)ൽ:

(1) "പ്രകടിപ്പിക്കേണ്ടതും" എന്ന വാക്കിനുശേഷം "അവരുടെ പരാതികൾക്ക് ന്യായമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

(2) "പ്രത്യേകാവശ്യങ്ങൾക്ക്" എന്നീ വാക്കുകൾക്ക് പകരം "പരാതികൾക്ക് അടിയന്തിര" എന്നീ വാക്കുകൾ ചേർക്കുക.

ഒരു പോലീസ് ഉദ്യോഗസ്ഥൻ കുറ്റകൃത്യത്തിനിരയായവരുടെ പ്രത്യേകമായ സഹാനുഭൂതി ഒഴിവാക്കി പ്രവർത്തിക്കേണ്ടതായി കാണുന്നു. സഹാനുഭൂതി മാത്രം പോര. എന്റെ അമെന്റ്മെന്റ്, അവരുടെ പരാതികൾക്ക് ന്യായമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതുമാണ്. അല്ലാതെ സഹാനുഭൂതികൊണ്ട് എന്താണ് കാര്യം? ഒരു പരാതിയുണ്ടായാൽ ആ പരാതിക്ക് ന്യായമായ പരിഹാരം ഉണ്ടാക്കുക എന്നുള്ളത് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയാണ്. അതുപോലെതന്നെ സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ശേഷി വ്യത്യാസമുള്ളവർ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾക്കെന്നല്ല പറയേണ്ടത്, അവരുടെ പരാതികൾക്ക് എന്നാണ് പറയേണ്ടത്. അതുകൊണ്ട് എന്റെ നിർദ്ദേശമാണ് ഈ വകുപ്പിന്റെ അന്തസത്തയ്ക്ക് ചേർന്നത്.

<u>പ്രൊഫ. എൻ. ജയരാജ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(404) ഖണ്ഡം 29(5)-ൽ "മോശമായി" എന്ന വാക്കിനുശേഷം "പെരുമാറുവാനോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുവാനോ പാടുള്ളതല്ല" എന്ന് ചേർക്കുക.

(407) ഖണ്ഡം 29(7) ആയി താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"(7) പോലീസുദ്യോഗസ്ഥന്റെ ശരീരഭാഷ തികച്ചും മാന്യവും ആകർഷകവും ആയിരിക്കേണ്ടതാണ്."

404-ാം നമ്പർ ഭേദഗതിയിൽ പെരുമാറുക മാത്രമല്ല സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കാനും പാടില്ല എന്നാണ് പറയുന്നത്. മറ്റൊന്ന്, പോലീസിന്റെ ബോഡി ലാംഗ്വേജിനെക്കുറിച്ചാണ്. ശരീരഭാഷ തികച്ചും മാന്യമായിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരിക്കൽ കടന്നുപോകുമ്പോൾ പോലീസ് ഉദ്യോഗസ്ഥന്മാർ തിരിഞ്ഞു നിന്ന ഒരു ചിത്രം പത്രത്തിൽ വന്നതാണ്. അതുകൊണ്ട് ബോഡി ലാംഗേജ് പ്രധാനപ്പെട്ട ഘടകമാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(406) ഖണ്ഡം 29(6)ൽ "അവസ്ഥയിലല്ല" എന്ന് എന്ന വാക്കുകൾക്ക് പകരം "അവസ്ഥയിലല്ല എന്നും മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമയല്ല എന്നും" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പൊതു സ്പിരിറ്റിന്റെ, ഇന്നത്തെ സമൂഹത്തിന്റെ ചില ദോഷവശങ്ങൾ എല്ലാവരെയും പിടികൂടാൻ ഇടയുണ്ട്. അതുകൊണ്ട് ഇന്നത്തെ കാലത്ത് ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു വിഷയമെന്നുള്ള നിലയിലാണ് ഇത് ചേർത്തത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എന്താണ് തീരുമാനിക്കുന്നതെന്ന് അനുസരിച്ച് ചെയ്യാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി അംഗീകരിക്കാവുന്നതാണ്.

(404) ഖണ്ഡം 29(5)-ൽ "പെരുമാറുവാൻ പാടില്ല" എന്നതിനുശേഷം "പെരുമാറുവാനോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുവാനോ പാടുള്ളതല്ല" എന്നാക്കുക.

ഇതിൽ "പെരുമാറുവാൻ പാടുള്ളതല്ല" എന്നതിനുശേഷം "പെരുമാറുവാനോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുവാനോ പാടുള്ളതല്ല" എന്ന ഭേദഗതിയോടുകൂടിയാണ് അംഗീകരിക്കുന്നത്. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 399, 402 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ......

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുപ്പതാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(408) ഖണ്ഡം 30(3)-ൽ

"ചുമതലാനിർവ്വഹണമോ എന്ന വാക്ക് ഒഴിവാക്കുക". ക്ലിപ്ത നിബന്ധനയിൽ 'കാര്യശേഷി ഇല്ലാത്ത' എന്നതിനുശേഷം "അഥവാ അത് വീണ്ടെടുക്കാനാവില്ലാത്ത ഒരാളെ" എന്ന് ചേർക്കുകയും, 'ഒരാൾക്കെതിരായി' എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ പി ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(410) ഖണ്ഡം 30(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മാനദണ്ഡങ്ങൾക്ക് " എന്ന വാക്കിനുപകരം "മാനദണ്ഡങ്ങൾക്കും നടപടി ക്രമങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക .

(414) ഖണ്ഡം 30(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ് എന്നത്" ചെയ്യാവുന്നതാണ് എന്നാക്കി മാറ്റുക.

ശ്രീ. പി. വിശ്വൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(411) ഖണ്ഡം 30(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ 'ഒരാൾക്കെതിരായി' എന്നത് ഒരാളെ എന്നാക്കി മാറ്റുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 410, 414 എന്നീ നമ്പർ ഭേദഗതികളും ശ്രീ പി. വിശ്വൻ അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 410, 414 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 408-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(418) ഖണ്ഡം 31(3)-ൽ "പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി" എന്നതിനു ശേഷം "സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(420) ഖണ്ഡം 31(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

(4) നിയമവിധേയമായി പൊതുജനങ്ങൾക്ക് കൊടുക്കാവുന്ന രേഖകൾ (FIR പകർപ്പ് അടക്കം) കാലതാമസമില്ലാതെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം .

420-ാം നമ്പർ ഭേദഗതിയിൽ പൊതുജനങ്ങൾക്ക് ലഭിക്കാവുന്ന രേഖകൾ പോലീസ് സ്റ്റേഷനിൽ നിന്ന് പലപ്പോഴും ലഭിക്കാൻ പ്രയാസം നേരിടാറുണ്ട്. പ്രത്യേകിച്ച് ഒരു കേസിന്റെ ആവശ്യത്തിനൊക്കെ എഫ്. ഐ. ആർ. ആവശ്യപ്പെട്ടാൽ കൊടുക്കാൻ വിസമ്മതിക്കാറുണ്ട്. അതുകൊണ്ട് നിയമവിധേയമായി പൊതുജനങ്ങൾക്ക് കൊടുക്കാവുന്ന രേഖകൾ കാലതാമസമില്ലാതെ കൊടുക്കാനുള്ള നടപടി കൂടി ഉൾപ്പെടുത്തണം.

ശ്രീ. യു. സി. രാമൻ: സർ. ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(421) ഖണ്ഡം 31(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

(4) ഒരു കുറ്റകൃത്യത്തിന്റെ അന്വേഷണഘട്ടത്തിൽ അന്വേഷണ വിവരങ്ങൾ, സംശയിക്കപ്പെടുന്നവരുടെ വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട കോടതിയുടെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ മാധ്യമങ്ങൾക്ക് നൽകുവാനോ, അന്വേഷണ ഉദ്യോഗസ്ഥർ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട് വിവരങ്ങൾ വെളിപ്പെടുത്താനോ പാടുള്ളതല്ല .

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,420-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള രേഖകൾ കൊടുക്കാനുള്ള വ്യവസ്ഥ ഇപ്പോൾ തന്നെയുണ്ട്. അതുകൊണ്ട് ഇതിന്റെ ആവശ്യമില്ല. ശ്രീ. എം. പ്രകാശൻ മാസ്റ്ററിനുവേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്ററിനുവേണ്ടി ശ്രീ. സി. എച്ച് കുഞ്ഞമ്പു അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(423) ഖണ്ഡം 32-ൽ"ശരീരത്തെയോ, സ്വത്തിനെയോ,കീർത്തിയെയോ" എന്നീ വാക്കുകൾക്കുശേഷം "മാനസികാവസ്ഥയേയോ" എന്ന വാക്ക് ചേർക്കുക.

ശരീരവും സ്വത്തും പോലെത്തന്നെ വളരെ പ്രധാനപ്പെട്ടതാണ് മനസ്സ്. മാനസികമായി ആളുകളെ ബുദ്ധിമുട്ടിക്കുന്ന രൂപത്തിലുണ്ടാകുന്ന നടപടികൾ എന്നുള്ളതാണ് ഇവിടെ പ്രധാനപ്പെട്ട കാര്യം, പോലീസുദ്യോഗസ്ഥന്റെ വിശദീകരണ ബാദ്ധ്യത.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ:</u> മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിനാലാം വകുപ്പ്</u>

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(424) ഖണ്ഡം 34-ൽ "പരാതി, കള്ളപേരിലയച്ചതെന്നോ " എന്നു മുതൽ "അതിന്മേൽ" എന്നുവരെയുള്ള വാക്കുകൾക്കുപകരം "പരാതിയിന്മേൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കുക.

(709) ഖണ്ഡം 34-ൽ

(1) "പ്രസ്തുത പരാതി" എന്നതുമുതൽ "കാരണമില്ലാത്തപക്ഷം" എന്നതുവരെയുള്ള വാക്കുകൾ നീക്കം ചെയ്തശേഷം "പരാതിയിന്മേൽ" എന്ന വാക്കു ചേർക്കുക.

(2) "അതിന്മേൽ" എന്ന വാക്ക് നീക്കം ചെയ്യുക.

പോലീസ് ആക്ടിന്റെ മുഴുവൻ ഗൗരവവും ചോർത്തുന്ന ഒന്നാണ് മുപ്പത്തിനാലാം വകുപ്പ് ഞങ്ങളെല്ലാം പറഞ്ഞ കാര്യമാണ് ഒരു പരാതി എങ്ങനെ കൊടുക്കണമെന്നുള്ളത്. ഇതിൽ പറയുന്നത് '1973-ലെ ക്രിമിനൽനടപടി നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിധേയമായി പോലീസിനുള്ള ഒരു പരാതി വാങ്മൂലമോ രേഖാമൂലമായോ ആംഗ്യത്തിലൂടെയോ അടയാളത്തിലൂടെയോ അല്ലെങ്കിൽ ഡിജിറ്റലോ ഇലക്ട്രോണിക്കോ ആയ ഉപാധികളിലൂടെയോ നൽകാവുന്നതും പ്രസ്തുത പരാതി, കള്ളപ്പേരിലയച്ചതെന്നോ പേരു വയ്ക്കാതെയുള്ളതെന്നോ പ്രകടമായും അസത്യമായതെന്നോ നിസ്സാരമെന്നോ അർത്ഥശൂന്യമെന്നോ സംശയിക്കാൻ തക്ക ന്യായമായ കാരണമില്ലാത്ത പക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ അതിന്മേൽ ഉചിതമായ നിയമനടപടി എടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.' എന്നാണ്. ചില പരാതി കിട്ടിയാൽ, എസ്. എച്ച്. ഒ. ഈ പരാതി ശരിയല്ലയെന്ന് തീരുമാനിച്ചാൽ ആ പരാതി പോയി. ഒരു പരാതി കൊടുക്കാൻ പോലുമുള്ള അവകാശം പൗരന് നിഷേധിക്കുന്നതാണ് ഈ വകുപ്പ് അതുകൊണ്ട് അതെല്ലാം മാറ്റിക്കളയണം. ഒരു പരാതി കിട്ടിയാൽ പരാതിയിന്മേൽ നടപടി സ്വീകരിക്കാൻ എസ്. എച്ച്. ഒ. ബാധ്യസ്ഥനായിരിക്കേണ്ടതാണ്. എന്റെ 424, 709 എന്നീ നമ്പർ അമന്റ്മെന്റുകളിൽ അതുതന്നെയാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് പ്രധാനപ്പെട്ട പ്രശ്നമാണ്. അത് അംഗീകരിക്കണമെന്നുള്ളതുകൊണ്ട് 709-ാം നമ്പർ ഭേദഗതി അംഗീകരിച്ചാൽ ആ പ്രശ്നം പരിഹരിക്കാൻ കഴിയും.

മി. സ്പീക്കർ: 424-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ് 709.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുറച്ചുകൂടി വ്യക്തതയുള്ളത് 709-ാം നമ്പർ ഭേദഗതിക്കാണ്. രണ്ടും രണ്ട് തരത്തിൽ പറയുന്നുവെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 709-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. ശ്രീ. എ. എ. ഷുക്കൂറിന്റെ 708-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(708) ഖണ്ഡം 34-ൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ" എന്നീ വാക്കുകൾക്കുശേഷം "(1974-ലെ 2-ാം കേന്ദ്ര ആക്ട്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഇവിടെ പറഞ്ഞത് പ്രധാനപ്പെട്ട ഒരു വിമർശനമാണ്. ഈ രണ്ട് ഭേദഗതികളും കൂടി അംഗീകരിക്കുമ്പോൾ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന് പരിഹാരമാകും. മറ്റ് ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 709-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(425) ഖണ്ഡം 35(1)-ൽ "ആ ആളിനോട്" എന്നതിനുശേഷം "അയാളുടെ സൗകര്യത്തിന് സമയം നിശ്ചയിച്ചതിന് ശേഷം മാത്രം" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

മുപ്പത്തിയഞ്ചാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(426) ഖണ്ഡം 36(1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെടുന്ന ഒരു വ്യക്തിയോട് ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ തന്നെ തിരിച്ചറിയാനുള്ള വ്യക്തിവിവരങ്ങൾ അയാൾ നൽകേണ്ടതാണ് " എന്ന് ചേർക്കുക.

സംശയാസ്പദമായ സാഹചര്യത്തിൽ കാണുന്ന ഒരു വ്യക്തിയോട് ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ തിരിച്ചറിയാനുള്ള വ്യക്തി വിവരങ്ങൾ അയാൾ നൽകേണ്ടതാണ് എന്ന് പറയുന്നത് ഗവൺമെന്റിന് വേണ്ട എന്നാണെങ്കിൽ വിട്ടേയ്ക്കാം. കാരണം തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ നിന്നും ബംഗാളിൽ നിന്നുമൊക്കെ വരുന്ന ആളുകളുടെ ഐഡന്റിഫിക്കേഷൻ ചോദിക്കാനായി പോലീസ് ഉദ്യോഗസ്ഥന് അധികാരമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ് എന്നാണെങ്കിൽ ഇത് വിട്ടോളൂ. പക്ഷേ ഇപ്പോൾ താഴെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ അത് ചെയ്യുന്നുണ്ട്. അവർക്ക് ഐ. ഡി. കാർഡ് വേണമെന്ന് പറയുന്നുണ്ട്. അവരുടെ ഐഡന്റിഫിക്കേഷൻ കാണിക്കണമെന്ന് പറയുന്നുണ്ട്. അവർക്ക് ഫോട്ടോ പതിച്ച കാർഡ് വേണമെന്ന് പറയുന്നുണ്ട്. ആ നിബന്ധനകളൊക്കെ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇനി ഗവൺമെന്റിന്റെ നിലപാട് അതിന് വിരുദ്ധമാണെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല. പക്ഷേ സ്റ്റേറ്റിന്റെ ഇന്ററസ്റ്റിന് ഇതാണ് ഭേദമെന്നാണ് എന്റെ അഭിപ്രായം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഈ പോയിന്റ് ഞങ്ങൾ വളരെയധികം ചർച്ച ചെയ്തതാണ്. അതുംകൂടി പോലീസുകാർക്ക് കിട്ടിയാൽ ഒരുപാട് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ട് എന്നുള്ളതുകൊണ്ടാണ് വേണ്ട എന്നൊരു അഭിപ്രായം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്ററിനുവേണ്ടി (ശ്രീ. സി. എച്ച് കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(710) ഖണ്ഡം 36(1)-ൽ "ഒരു പോലീസ് ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കുശേഷം "മതിയായ കാരണങ്ങളാൽ " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. എം. പ്രകാശൻ മാസ്റ്ററിനു വേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 710-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്ററിനുവേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 710-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(427) ഖണ്ഡം 37-ൽ "ആസന്നമായ അപകടം ഒഴിവാക്കുന്നതിനോ" എന്നീ വാക്കുകൾക്കുശേഷം "നിയമ സംരക്ഷണത്തിനും " എന്ന് കൂടി ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(428) ഖണ്ഡം 37-ന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കുക:

"എന്നാൽ, സ്ത്രീകൾ മാത്രം താമസിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലോ കെട്ടിടങ്ങളിലോ പ്രവേശിക്കുമ്പോൾ വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്" .

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ സ്വകാര്യ സ്ഥലങ്ങളിൽ പോലീസിന്റെ പ്രവേശനത്തെക്കുറിച്ചാണ് പറയുന്നത്. എന്റെ അമെന്റ്മെന്റ്, "എന്നാൽ സ്ത്രീകൾ മാത്രം താമസിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലോ കെട്ടിടങ്ങളിൽ പ്രവേശിക്കുമ്പോഴോ വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്" എന്നാണ്. സ്ത്രീകൾ മാത്രമുള്ള ഒരു ഹോസ്റ്റലിലേക്ക് പോകുകയാണെങ്കിൽ അവിടെ വനിതാ പോലീസ് ഉണ്ടായിരിക്കണം. അവിടെ പുരുഷന്മാർ പോകുന്നത് ശരിയല്ല.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യം ചർച്ച ചെയ്ത വിഷയമാണ്. അതിൽ ഒരു പ്രശ്നം വരുന്നത് അത്യാവശ്യമായി ഒരു അപകട സ്ഥലത്ത് എത്തുമ്പോൾ പോലീസ് പാർട്ടിക്ക് ഇടപെടേണ്ടി വരും. ആ സമയം വനിതാ പോലീസ് ഇല്ലെങ്കിൽ ഇടപെടാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടാകും എന്നതാണ് അത് സംബന്ധിച്ചുള്ള ഒരു പ്രശ്നം. അതുകൊണ്ടാണ് ഇതിന്റെ ആവശ്യമില്ലെന്ന് പറയുന്നത്.

ശ്രീ. കെ. സി. ജോസഫ്: സ്ത്രീകൾ മാത്രം താമസിക്കുന്ന ഒരു ലേഡീസ് ഹോസ്റ്റലിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെ ഒരു പ്രത്യേക സാഹചര്യം വന്നാൽ വനിതാ പോലീസ് വരട്ടെ എന്നുപറഞ്ഞ് കാത്തിരിക്കാൻ പോലീസ് പാർട്ടിക്ക് ഒരു അവസരമുണ്ടാകുന്ന സ്ഥിതി വരും.

ശ്രീ. കെ. സി. ജോസഫ്: സ്ത്രീകൾ മാത്രമുള്ള ഒരു കെട്ടിടത്തിലോ ഹോസ്റ്റലിലോ അല്ലെങ്കിൽ ഒരു സ്വകാര്യ സ്ഥാപനത്തിലോ കടക്കുമ്പോൾ വനിതാ പോലീസ് ഉണ്ടാകണമെന്ന് പറയുന്നത് തീർച്ചയായും ഒഴിവാക്കാൻ പാടില്ലാത്ത വകുപ്പാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രത്യേക സന്ദർഭത്തിൽ പോലീസ് ആക്ഷനെ തടസ്സപ്പെടുത്താൻ അത് ഇടയാക്കും എന്നതാണ് ലഭ്യമായിട്ടുള്ള റിപ്പോർട്ട്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 428-ാം നമ്പർ ഭേദഗതി............

ശ്രീ. കെ. സി. ജോസഫ്: സർ, 428-ാം നമ്പർ ഭേദഗതി ഞാൻ പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. കെ.സി.ജോസഫ് അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. സി. ടി. അഹമ്മദ് അലി
3. ശ്രീ. ബി. ബാബു പ്രസാദ്
4. ശ്രീ. പി. സി. ജോർജ്
5. ശ്രീ. ജോർജ് മേഴ്സിയർ
6. പ്രൊഫ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. ജോസഫ് എം. പുതുശ്ശേരി
9. ശ്രീ. വർക്കല കഹാർ
10. ശ്രീ. ജി. കാർത്തികേയൻ
11. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
12. ശ്രീ. ആര്യാടൻ മുഹമ്മദ്
13. ശ്രീ. അടൂർ പ്രകാശ്
14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീ. യു. സി. രാമൻ
16. ശ്രീ. കെ. കെ. ഷാജു
17. ശ്രീ. തോമസ് ചാഴികാടൻ
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. എം. എ. വാഹിദ്

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. എ. എ. അസീസ്
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീ. പള്ളിപ്രം ബാലൻ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. സി. ദിവാകരൻ
10. ശ്രീ. ജോർജ് എം. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. പി. ജയരാജൻ
13. ശ്രീ. എളമരം കരീം
14. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
15. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
16. ശ്രീ. കെ. കുഞ്ഞിരാമൻ
17. ശ്രീ. കെ. സി. കുഞ്ഞിരാമൻ
18. ശ്രീ. കെ. വി. കുഞ്ഞിരാമൻ
19. ശ്രീ. ടി. പി. കുഞ്ഞുണ്ണി
20. ശ്രീ. മാത്യു ടി. തോമസ്
21. ശ്രീ. മുരളി പെരുനെല്ലി
22. ശ്രീ. സി. കെ. പി. പത്മനാഭൻ
23. ശ്രീ. എ. പ്രദീപ് കുമാർ
24. ശ്രീ. എം. കെ. പുരുഷോത്തമൻ
25. ശ്രീ. മടങ്ങോട് രാധാകൃഷ്ണൻ
26. ശ്രീ. കെ. സി. രാജഗോപാലൻ
27. ശ്രീ. എൻ. രാജൻ
28. ശ്രീ. കെ. രാജു
29. ശ്രീ. സി. കെ. സദാശിവൻ
30. ശ്രീ. സാജു പോൾ
31. ശ്രീമതി കെ. എസ്. സലീഖ
32. ശ്രീ. വി. ശശികുമാർ
33. ശ്രീ. ആർ. സെൽവരാജ്
34. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
35. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
36. ശ്രീ. വി. ശിവൻകുട്ടി
37. ശ്രീ. ജി. സുധാകരൻ
38. ശ്രീ. വി. എൻ. വാസവൻ
39. ശ്രീ. എ. എം. യൂസഫ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ............... 19

പ്രതികൂലിക്കുന്നവർ............... 39

നിഷ്പക്ഷത പാലിക്കുന്നവർ.... ആരുമില്ല

ശ്രീ. കെ. സി. ജോസഫിന്റെ 428-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(429) ഖണ്ഡം 38(1)-ൽ "സ്ഥലത്ത് സന്നിഹിതനായ ഏതെങ്കിലും" എന്നീ വാക്കുകൾക്കുപകരം "ഒരു" എന്ന വാക്ക് ചേർക്കുക.

(431) ഖണ്ഡം 38(2)-ൽ:

(1) "കായശക്തിയുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

(2) "സ്വീകരിക്കാവുന്നതും" എന്ന വാക്ക് നീക്കം ചെയ്യുക.

431-ാം നമ്പർ ഭേദഗതിയിൽ കുറ്റകൃത്യം തടയാൻ പോലീസ് ഇടപെടേണ്ടതാണെന്ന് പറയുന്ന സ്ഥലത്ത് "ഈ ആവശ്യത്തിനായി അയാൾക്ക് സ്ഥലത്തുള്ള ഏതെങ്കിലും കായശക്തിയുള്ള" പ്രായപൂർത്തിയായ വ്യക്തിയുടെ സേവനം.... എന്ന് പറയുന്നുണ്ട്. അതായത് കായശക്തിയുള്ള ആളിനെ ആശ്രയിക്കേണ്ട ആവശ്യമില്ല. ആ സ്ഥലത്തുള്ള പ്രായപൂർത്തിയായ ഒരാളിനെ ആശ്രയിച്ചാൽ മതി. അതല്ലാതെ ഒരു ക്വട്ടേഷൻ സംഘത്തെ വിളിച്ചുകൊണ്ടു വരേണ്ട ആവശ്യമില്ല.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സി. ജോസഫിന്റെ 429-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫിന്റെ 429-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(437) ഖണ്ഡം 39(2) (ബി)-യിൽ "പ്രവർത്തിക്കേണ്ടുന്ന" എന്നീ വാക്കുകൾക്കു പകരം "പ്രവർത്തിക്കേണ്ട" എന്ന വാക്കു ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പതാം വകുപ്പ്

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(441) ഖണ്ഡം 40(1)-ൽ "ആളുകളോ, പൊതുജനങ്ങളോ" എന്നത് "ആളുകൾ എന്നാക്കി മാറ്റുക.

ശ്രീ. കെ. കെ. ദിവാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(443) ഖണ്ഡം 40(1)-ൽ "ആളുകളോ പൊതുജനങ്ങളോ" എന്നീ വാക്കുകൾക്ക് പകരം ആളുകൾ പൊതുജനങ്ങൾ എന്ന് ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(445) ഖണ്ഡം 40(1)-ൽ 'പൊതുജനങ്ങളോ" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(711) ഖണ്ഡം 40(1)-ൽ "അഞ്ചോ അതിലധികമോ ആളുകളോ, പൊതുജനങ്ങളോ ഹാജരുള്ള ഒരു സ്ഥലത്ത്" എന്ന വാക്കുകൾക്കുപകരം "പൊതുജനങ്ങൾ ഹാജരുള്ള സ്ഥലത്ത് അഞ്ചോ അതിലധികമോ ആളുകൾ, ഒരു" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(712) ഖണ്ഡം 40(1)-ൽ "ഹാജരുള്ള ഒരു സ്ഥലത്ത്" എന്ന വാക്കിനു ശേഷം "ചുമതലപ്പെട്ട" എന്ന വാക്ക് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. ദിവാകരൻ അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 712-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ്

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(448) ഖണ്ഡം 41(1)-ൽ "കാത്തുസൂക്ഷിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "കസ്റ്റഡിയിൽ വയ്ക്കുകയോ സൂക്ഷിക്കുകയോ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിരണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

LIBRARY ARCHIVES Kerala Legislative Assembly

നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ്

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(451) ഖണ്ഡം 43(1)-നുശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർക്കുക:

(1 എ) സംസ്ഥാനത്തെ പോലീസ് സേനയിലെ വ്യത്യസ്ത പോലീസ് വിഭാഗത്തിന് മറ്റ് വിഭാഗങ്ങളിൽനിന്നും തിരിച്ചറിയാവുന്നതരത്തിൽ വ്യത്യസ്തമായ യൂണിഫോം നിർദ്ദേശിക്കപ്പെടുന്നതാണ്.'

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(452) ഖണ്ഡം 43(1)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:.

'(1 എ) എല്ലാ പോലീസ് ഉദ്യോഗസ്ഥരുടെയും യൂണിഫോം അതത് റാങ്കനുസരിച്ച് ലിംഗവ്യത്യാസമില്ലാതെ പൊതുവായ ഒന്നായിരിക്കണം'.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(453) ഖണ്ഡം 43(3)-ൽ 'സൂക്ഷിക്കേണ്ടതാണ്' എന്നതിനുപകരം "സൂക്ഷിക്കേണ്ടതും അത് നിയമാനുസൃത രീതിയിലല്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതും ഒരു കാരണവശാലും ദുരുപയോഗം ചെയ്യാൻ പാടില്ലാത്തതുമാണ് " എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ. ശ്രീ. കെ. ബാബുവിന്റെ 450-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 455-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(450) ഖണ്ഡം 43(1)-ൽ "പോലീസ് സേവനം ആഗ്രഹിക്കുന്ന" പൊതുജനങ്ങൾക്ക് എന്നീ വാക്കുകൾ ഒഴിവാക്കുക'.

(455)ഖണ്ഡം 43(1)-ൽ 'പോലീസ് യൂണിഫോം എന്ന തോന്നൽ ഉളവാക്കുന്ന' എന്നീ വാക്കുകൾക്കുപകരം 'പോലീസ് യൂണിഫോമോ പോലീസ് യൂണിഫോം എന്ന തോന്നൽ ഉളവാക്കുന്നതോ ആയ' എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(457) ഖണ്ഡം 44(3)-ൽ "സൂക്ഷിക്കുവാൻ" എന്ന വാക്കിനുപകരം "സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ" എന്ന വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 456, 714 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(456) ഖണ്ഡം 44(1)-ൽ "പോലീസ് സേവനം ആഗ്രഹിക്കുന്ന" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(714) ഖണ്ഡം 44(1)-ൽ "സാധനങ്ങൾ" എന്ന വാക്കിനുപകരം "ഉപകരണങ്ങൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. കെ. ദിവാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(458) ഖണ്ഡം 45(1)-ൽ "ദേശവിരുദ്ധത" എന്നത് "ദേശവിരുദ്ധതയോ" എന്നാക്കി മാറ്റുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(459) ഖണ്ഡം 45 (1)-ൽ "ദേശവിരുദ്ധത" എന്നത് "ദേശവിരുദ്ധതയോ" എന്നാക്കി മാറ്റുക.

(467) ഖണ്ഡം 45(2) (ഡി)-യിൽ "പരിശോധിക്കുകയും" എന്ന വാക്കിനുപകരം "പരിശോധിപ്പിക്കുകയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(460) ഖണ്ഡം 45(1)-ൽ "ദേശവിരുദ്ധതമൂലമോ" എന്നതിനുശേഷം താഴെപറയുന്ന വാക്കുകൾ കൂടി ചേർക്കുക.

"ആചാരാനുഷ്ഠാനങ്ങളുടെ പേരിലോ ഭാഷാ പ്രശ്നത്തിലോ, പ്രാദേശിക പ്രശ്നങ്ങളിലോ വിവിധ വിഭാഗങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളുടെ പേരിലോ ".

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(461) ഖണ്ഡം 45(1)-ൽ "അല്ലെങ്കിൽ" എന്ന വാക്ക് നീക്കം ചെയ്യുക.

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(469) ഖണ്ഡം 45(2) (ഡി)-യിൽ "പ്രവേശിക്കുന്നതോ" എന്ന വാക്കിനുശേഷം "താമസിക്കുന്നതോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(470) ഖണ്ഡം 45(2)-ൽ (ഡി) കഴിഞ്ഞ് (ഇ) ആയി താഴെപ്പറയുന്നത് ചേർക്കുക:

"പ്രശ്നബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ഒരു പ്രദേശത്തെ സാധാരണ ജനങ്ങളുടെ സമാധാനപരമായ ദൈനംദിന ജീവിതവും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ, പോലീസ് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കേണ്ടതാണ്."

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. കെ. ദിവാകരൻ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ 463-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(463) ഖണ്ഡം 45(2) (ബി)-യിൽ "അഭിപ്രായമുള്ള" എന്ന വാക്കിനുപകരം "വസ്തുതാപരമായി ബോദ്ധ്യമുള്ള" എന്ന വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. കെ. ദിവാകരൻ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(471) ഖണ്ഡം 46(1)-ൽ "ഉചിതമായ ബന്ധന സംവിധാനങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "ഇതിനായി നിയമപരമായി സ്ഥാപിതമായിട്ടുള്ള സംവിധാനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(472) ഖണ്ഡം 46(1)-ൽ "ആവശ്യമായ ബല പ്രയോഗം" എന്നതിനു പകരം "ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(473) ഖണ്ഡം 46(2)-ൽ "മറ്റുള്ളവരേയോ തന്നെത്തന്നെയോ ഉപദ്രവം ഏൽപ്പിക്കുമെന്നോ" എന്നീ വാക്കുകൾക്കുപകരം "ഏതെങ്കിലും തരത്തിലുള്ള ഉപദ്രവം ഉണ്ടാക്കുമെന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(475) ഖണ്ഡം 46(3)-നുശേഷം താഴെപ്പറയുന്നത് നാലാം ഉപഖണ്ഡമായി ചേർക്കുക:

"(4) അറസ്റ്റിന് വിധേയനാകുന്ന വ്യക്തിക്ക് അയാളുടെ അറസ്റ്റിനെപ്പറ്റി അടുത്ത ബന്ധുക്കളെയോ സുഹൃത്തുക്കളെയോ അറിയിക്കാനുള്ള അവകാശം നൽകേണ്ടതും അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്."

ശ്രീ. യു. സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(716) ഖണ്ഡം 46(3)-ൽ അവസാനവരിയിൽ "അനുവദിക്കേണ്ടതാണ്" എന്നതിനുപകരം "അനുവദിക്കേണ്ടതും അയാൾക്ക് ഒരു പ്രാവശ്യം ഒരു അഡ്വക്കേറ്റിനെ കാണുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്നു ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 475-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 716-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയേഴാം വകുപ്പ്

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(479) ഖണ്ഡം 47(2)-ൽ "സ്ഥാപനത്തിന്റെ അധികാരികൾ അഭ്യർത്ഥന" എന്നത് "സ്ഥാപനത്തിന്റെ അധികാരികൾ ആ അഭ്യർത്ഥന" എന്നാക്കി മാറ്റുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ 476-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ 477-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(476) ഖണ്ഡം 47(1)-ൽ "സ്വയം സംരക്ഷിക്കാൻ അശക്തരായി കാണപ്പെടുന്ന ഒരാളെ" എന്ന വാക്കുകൾക്കുപകരം "സ്വയം സംരക്ഷിക്കാൻ അശക്തനായതോ മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കുവാനിടയുള്ളതോ ആയ ഒരാളെ" എന്ന വാക്കുകൾ ചേർക്കുക.

(477) ഖണ്ഡം 47(2)-ൽ "സൂക്ഷിക്കണമെന്ന്" എന്ന വാക്കിനുശേഷം "രേഖാമൂലം" എന്നുകൂടി ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, വി. ഡി. സതീശന്റെ 481-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(481) ഖണ്ഡം 48-ൽ "സന്ദർഭോചിതവും ന്യായവുമായ രീതിയിൽ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയൊൻപതാം വകുപ്പ്

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(482) ഖണ്ഡം 49(3)-ന് ശേഷം നാലാം ഉപഖണ്ഡമായി താഴെപറയുന്നത് ചേർക്കുക:

"(4) പോലീസ് കസ്റ്റഡിയിലുള്ള ഒരാളുടെ വൈദ്യപരിശോധനയുടേയും ചികിത്സയുടേയും റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതനോ അവരുടെ ബന്ധുക്കളോ ആവശ്യപ്പെടുന്നപക്ഷം നല്കേണ്ടതാണ്."

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപതാം വകുപ്പ്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(853) ഖണ്ഡം 50-ൽ

(i) ശീർഷകത്തിനു ശേഷമുള്ള "(1)" എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കുക.

(ii) "(i), (ii)" എന്നീ ഉപവകുപ്പുകളിൽ ഉള്ള അക്കങ്ങളും ബ്രാക്കറ്റും ഒഴിവാക്കി അവിടെ യഥാക്രമം "എന്നാൽ" എന്ന വാക്കും "എന്നു മാത്രമല്ല" എന്നീ വാക്കുകളും ചേർക്കുക.

ഈ ഭേദഗതി വരുമ്പോൾ ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള ആശങ്ക ഇല്ലാതാക്കാൻ സാധിക്കും. അത്തരത്തിലൊരു ഭേദഗതിയാണ് ഞാൻ നിർദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(850) ഖണ്ഡം 50(1)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ഇപ്രകാരം മെഡിക്കൽ പ്രാക്ടീഷണറുടെ മുൻപാകെ കൊണ്ടു പോകുന്ന അവസരത്തിൽ തന്നെ ഈ വിവരം ബന്ധപ്പെട്ട അധികാരികതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിനെയും പരിക്ക് പറ്റിയ ആളിന്റെ അടുത്ത ബന്ധുക്കളെയും അറിയിച്ചിരിക്കേണ്ടതാണ്."

(851) ഖണ്ഡം 50(1)(i)-ൽ "ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ" എന്നതു മുതൽ "എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ" എന്ന ഭാഗത്തിന് പകരം "ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

അങ്ങ് അവതരിപ്പിച്ച ഭേദഗതിക്ക് ക്ലാരിറ്റിയില്ല. ഇവിടെ പറയുന്നത്, പോലീസ് കസ്റ്റഡിയിൽ ഉള്ള ഒരാളിന് പരിക്കുണ്ടായാൽ "......ഒരു പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ ബലപ്രയോഗംകൊണ്ട് ശരീരത്തിൽ പരിക്കേറ്റ ആൾ

LIBRARY ARCHIVES Kerala Legislative Assembly

പരിക്കിനെപ്പറ്റി പരാതിപ്പെടുമ്പോഴോ പരിക്കു പറ്റിയ കാര്യം പോലീസ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുമ്പോഴോ അത്തരം ആളെ ഏറ്റവും അടുത്തുള്ള യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടു പോകേണ്ടതും ആ മെഡിക്കൽ പ്രാക്ടീഷണർ പരിക്കിനെപ്പറ്റിയും അത് എങ്ങനെ സംഭവിച്ചുവെന്നും ആരാഞ്ഞറിഞ്ഞ് വിവരം രേഖപ്പെടുത്തേണ്ടതും ആവശ്യമായ ചികിത്സ നൽകേണ്ടതുമാണ്" എന്നാണ്. പോലീസിന് സ്വാധീനിക്കാൻ കഴിയാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണറും കേരളത്തിലില്ല. ഇവിടെ പോസ്റ്റ്മോർട്ടം പോലും മാനിപ്പുലേറ്റ് ചെയ്യുന്ന കാലമാണ്. അതു കൊണ്ട് പോലീസ് ഉദ്യോഗസ്ഥനും ഒരു ഡോക്ടറും കൂടി കൂട്ടായി നീങ്ങിയാൽ പരിക്കിന്റെ കാര്യം പുറത്തുപോലും വരികയില്ല. അതുകൊണ്ട് എന്റെ അമെന്റ്മെന്റ്, "എന്നാൽ ഇപ്രകാരം മെഡിക്കൽ പ്രാക്ടീഷണറുടെ മുൻപാകെ കൊണ്ടുപോകുന്ന അവസരത്തിൽ തന്നെ ഈ വിവരം ബന്ധപ്പെട്ട ആധികാരികതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിനെയും പരിക്ക് പറ്റിയ ആളിന്റെ അടുത്ത ബന്ധുക്കളെയും അറിയിച്ചിരിക്കേണ്ടതാണ്." എന്നാണ്. ഡോക്ടറെ കാണിക്കാൻ കൊണ്ടുപോകുമ്പോൾ തന്നെ ആ വിവരം ജുഡീഷ്യൽ മജിസ്ട്രേറ്റിനെ ഇന്റിമേറ്റ് ചെയ്യണം. അതുമാത്രമല്ല, പരിക്ക് പറ്റിയ ആളുടെ ബന്ധുക്കളും ഇക്കാര്യം അറിയണ്ടേ? അത് അവരുടെ ഒരു മൗലിക അവകാശമല്ലേ? അതുകൊണ്ട് മജിസ്ട്രേറ്റിനെയും ബന്ധുക്കളെയും അറിയിക്കാനുള്ള ബാധ്യത പോലീസിന് ഉണ്ടായിരിക്കണം. അതുപോലെതന്നെ രണ്ടാമത് പറയുന്നത് പരിക്കേറ്റ ആളെ മജിസ്ട്രേറ്റിന് മുമ്പാകെ, കൊണ്ടുപോകുന്നുവെന്നാണ്. അയാളുടെ ആരോഗ്യാവസ്ഥ അനുവദിക്കുമെങ്കിൽ അയാളെ സ്റ്റേഷൻ ഹൗസ് ഓഫീസർ ബന്ധപ്പെട്ട ആധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അത്തരം മജിസ്ട്രേറ്റിന്റെ അധികാരിതയ്ക്ക് പുറത്തുവരുന്ന സംഗതിയാണെങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ.... ആരാണ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്? ആർ.ഡി.ഒ. സർക്കാർ ഉദ്യോഗസ്ഥനാണ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ല. അങ്ങനെ പരിക്കുപറ്റിയ ആളിനെ അവരുടെ ആരോഗ്യനില അനുവദിക്കുമെങ്കിൽ കൊണ്ടുപോകേണ്ടത് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുമ്പിൽതന്നെയാണ്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ മുമ്പിലല്ല.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇതിനകത്ത് നമ്പർ ഇട്ടപ്പോൾ രണ്ടും മൂന്നും വ്യത്യസ്തമാണെന്നുള്ള തോന്നൽ വന്നപ്പോഴാണ് ഈ വിമർശനത്തിന് ഇടയായത്. ഈ പുതിയ വകുപ്പ് സി.ആർ.പി.സി. 50-ാം വകുപ്പിന് എതിരായിട്ടുള്ളതല്ല. 50-ാം വകുപ്പ് അതേപടി സി.ആർ.പി.സി.-യിൽ നിലനിൽക്കുന്നുണ്ട്. അതിനെയൊന്നും ഡിസ്റ്റർബ് ചെയ്യുന്നില്ല. 50-ാം വകുപ്പ് കസ്റ്റഡിയിൽ എടുക്കുന്ന എല്ലാവർക്കും ബാധകമായ വകുപ്പാണ്. പലതരത്തിലുള്ള ആളുകളെയാണ് പോലീസ് കസ്റ്റഡിയിൽ എടുക്കുന്നത്. കസ്റ്റഡിയിൽ എടുക്കുന്ന കൂട്ടത്തിൽ രോഗികളും മദ്യപാനികളും ആശ്രയമില്ലാത്ത ആളുകളും കുട്ടികളുമുണ്ടാകും. ഇങ്ങനെയുള്ള ആളുകളെ കസ്റ്റഡിയിൽ എടുക്കുമ്പോൾ പരിക്ക് സംഭവിക്കാൻ സാധ്യതയുള്ള ആളുകളെയും കസ്റ്റഡിയിൽ .... (ബഹളം)____ പറയട്ടെ ____ (ബഹളം)____ അതുണ്ട്. അതുകൊണ്ടാണ് പറയുന്നത്. അങ്ങനെയുള്ള ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ സംഭവിക്കുമ്പോൾ.... സാധാരണ ഇങ്ങനെ സംഭവിച്ചുകഴിഞ്ഞാൽ എവിടെയും കൊണ്ടുപോകാറില്ല. അങ്ങനെ പരിക്ക് സംഭവിക്കുന്നവരെ കസ്റ്റഡിയിൽ എടുക്കുമ്പോഴുള്ള നടപടിക്രമങ്ങളാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട് അറസ്റ്റുമൂലം കസ്റ്റഡിയിൽ എടുക്കുന്ന ആളുകൾക്ക് സി. ആർ. പി. സി.-യിലെ 53. 56, 57 വകുപ്പുകളാണ് ബാധകമായിട്ടുള്ളത്. സി.ആർ.പി.സി.യിലെ 53-ാം വകുപ്പുപ്രകാരം അവരെ മെഡിക്കൽ പ്രാക്ടീഷണറുടെ മുമ്പാകെ കൊണ്ടുപോകാൻ സി.ആർ.പി.സി.-യിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സി. ആർ. പി. സി.-യിലെ 56ാം വകുപ്പുപ്രകാരം ജാമ്യം കൊടുക്കാത്ത കേസ്സുകളിൽ അവരെ മജിസ്ട്രേറ്റിന് മുമ്പാകെ കൊണ്ടുപോകണം. പുതിയ നിയമത്തിലെ 50-ാം വകുപ്പ് തികച്ചും ഭരണഘടനാനുസൃതമായിട്ടുള്ള വകുപ്പാണ്. ഇതിലൊന്നും തന്നെ ഡിസ്റ്റർബ് ചെയ്യാത്ത ഒരു വകുപ്പാണ്. 50(1)2-ൽ പരിക്കേറ്റയാളെ മജിസ്ട്രേറ്റിന് മുമ്പാകെ കൊണ്ടുപോകാൻ പറ്റാത്ത ആരോഗ്യ സ്ഥിതിയിലാണെങ്കിൽ ജുഡീഷ്യൽ മജിസ്ട്രേറ്റിനെയോ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെയോ ഇക്കാര്യം സംബന്ധിച്ച് അറിയിക്കാൻ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അറിയിക്കുകയാണെങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റോ ആരാണെങ്കിലും സംഭവസ്ഥലത്ത് വന്ന് റെക്കോർഡ് ചെയ്യാൻ ബാധ്യസ്ഥനായിമാറും. നിലവിലുള്ള സി. ആർ.പി.സി. പ്രകാരം ജാമ്യം കിട്ടുന്ന കേസ്സുകളിൽ പരിക്കേറ്റ പ്രതിയെപ്പോലും കോടതിയിൽ ഹാജരാക്കേണ്ട കാര്യമില്ല. പരിക്കുപറ്റുമ്പോൾ പലപ്പോഴും കോടതിയിൽ കൊണ്ടുപോകാത്ത അനുഭവങ്ങൾ അപ്പുറത്തും ഇപ്പുറത്തുമുണ്ടാകും. പുതിയ ആക്ടിൽ 50ാം വകുപ്പ് നിലവിൽ വരുമ്പോൾ അറസ്റ്റുചെയ്ത, കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന പ്രതികൾക്ക് ജാമ്യത്തിന് അർഹരാണെങ്കിൽപ്പോലും മജിസ്ട്രേറ്റിനുമുമ്പിലും ഡോക്ടറുടെ മുമ്പിലും നിർബന്ധമായി ഹാജരാക്കണം. കസ്റ്റഡിയിൽ എടുക്കുന്ന ആളുകൾക്ക് കൂടുതൽ സംരക്ഷണം കൊടുക്കുന്ന വകുപ്പാണ് ഇതിനകത്ത് ചേർത്തിട്ടുള്ളത്. അതുകൊണ്ട് അവരെ ഡോക്ടറുടെയും മജിസ്ട്രേറ്റിന്റെയും അടുത്ത് കൊണ്ടുപോകാൻ ഈ വകുപ്പ് പോലീസിനെ നിർബന്ധിക്കുകയാണ് ചെയ്യുന്നത്. പരിക്കേറ്റ ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പോലീസിനെ കൂടുതൽ ബാധ്യസ്ഥനാക്കുന്ന വകുപ്പാണ് ഇപ്പോൾ ഇതിനകത്ത് ചേർത്തിട്ടുള്ളത്. സി.ആർ.പി.സി.-യിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ ഇത് സംബന്ധിച്ചുള്ള സംരക്ഷണമാണ് ഈ 50-ാം വകുപ്പ് ലഭ്യമാക്കുന്നത്. ഇത് സി.ആർ.പി.സി. 50-ാം വകുപ്പിന് പകരമായിട്ടുള്ള ഒരു വകുപ്പല്ല. ഇപ്പോൾ പരിക്ക് പറ്റിയിട്ടുള്ള പ്രതികളെ ആദ്യം ഡോക്ടറുടെ മുമ്പിലും പിന്നീട് കോടതിയിലുമാണ് ഹാജരാക്കുന്നത്. ഇപ്പോഴും പ്രതി ആശുപത്രിയിലാണെങ്കിൽ മജിസ്ട്രേറ്റ് ആശുപത്രിയിൽ പോയിട്ടാണ് ഇതുസംബന്ധിച്ച് റെക്കോർഡ് ചെയ്യുന്നത്. ഇതെല്ലാം സി.ആർ.പി.സി.-യിലുള്ള വ്യവസ്ഥകളാണ്. സി.ആർ.പി.സി.യിലെ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടുതന്നെ കസ്റ്റഡിയിൽ എടുക്കുന്ന ആളുകൾക്ക് വൈദ്യപരിശോധനയും ഹാജരാകാനുള്ള സംരക്ഷണവും കൊടുക്കുന്ന ഒരു ക്ലോസ് ചേർത്തുവെന്ന് മാത്രമേയുള്ളൂ. കസ്റ്റഡിയിൽ എടുക്കുന്ന ആളുകൾക്കുള്ള വകുപ്പാണ് ഇവിടെ ചേർത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നൂറ്റി ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ................

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

നൂറ്റിഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. നൂറ്റിഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നൂറ്റിഇരുപത്തിഅഞ്ചാം വകുപ്പ്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, നേരത്തെ സർക്കുലേറ്റ് ചെയ്ത ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(846.) ഖണ്ഡം 125-ൽ 2(എ)-യിൽ "തുടരുന്നതിനോ തടയുന്നതിനോ" എന്ന വാക്കുകൾക്കു പകരം "തടയുന്നതിനോ തുടരാതിരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.................

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിഇരുപത്തിആറാം വകുപ്പ്

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

841. ഖണ്ഡം 126 (2)-ൽ "ജില്ലാ പോലീസ് മേധാവിക്ക്" എന്നതിന് ശേഷം "ഈ ആക്ടിലെ" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 841-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നൂറ്റിഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

നൂറ്റിഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. നൂറ്റിഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നൂറ്റിഇരുപത്തിഏഴാം വകുപ്പ്

ശ്രീ. വർക്കല കഹാർ : സർ, ഞാൻ 842 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

842. ഖണ്ഡം 127 (1) (എ) ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(എ) കസ്റ്റഡിയിലുള്ളവരുടെ ചികിത്സാ ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ"

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 842-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നൂറ്റിഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

നൂറ്റിഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. നൂറ്റിഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിഇരുപത്തിഎട്ടാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: നൂറ്റിഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ ....

നൂറ്റിഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. നൂറ്റിഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിഇരുപത്തിഒൻപതാം വകുപ്പ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 129 (1) - ൽ:

"പിൽക്കാല പ്രാബല്യത്തോടെയോ" എന്ന വാക്കുകൾക്കുപകരം "അല്ലാതെയോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 129(2)-ൽ

"ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങൾ" എന്നത് "ഭംഗം വരാതെ" എന്നാക്കി മാറ്റുക.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

648. ഖണ്ഡം 129 (2) - ൽ "വ്യവസ്ഥ ചെയ്യാവുന്നതുമാണെന്ന" എന്നത് "വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നാക്കി മാറ്റുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ശ്രീ. രാജു എബ്രഹാമിന്റെ 645-ാം നമ്പർ ഭേദഗതിയും ശ്രീ. സി. കെ. പി. പത്മനാഭന്റെ 648-ാം നമ്പർ ഭേദഗതിയും അംഗീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാമിന്റെ 645-ാം നമ്പർ ഭേദഗതിയും ശ്രീ. സി. കെ. പി. പത്മനാഭന്റെ 648-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..................

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിമുപ്പതാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

649. ഖണ്ഡം 130 (1) - ന്റെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 649 -ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നൂറ്റിമുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

നൂറ്റിമുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. നൂറ്റിമുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>നൂറ്റിമുപ്പത്തി ഒന്നാം വകുപ്പ്</u>

<u>ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : സർ, ശ്രീ. സി. പി. മുഹമ്മദിന്റെ 843-ാം നമ്പർ ഭേദഗതി ഞാൻ ഒഫിഷ്യൽ ഭേദഗതിയായിട്ട് അവതരിപ്പിക്കുകയാണ്.

843. ഖണ്ഡം 131 (1)-ൽ "1960-ലെ കേരള പോലീസ് ആക്റ്റ്" എന്നതിനുശേഷം "(1961-ലെ 5-ാം ആക്റ്റ്)" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിമുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിമുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിമുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : സർ, ഞാൻ 107, 119, 127, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ "സേനയുടെ രൂപീകരണവും" എന്നീ വാക്കുകൾക്കുപകരം "സേനയുടെ നവീകരണവും" എന്നീ വാക്കുകൾ ചേർക്കുക.

119. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "അർഹമായ" എന്ന വാക്ക് നീക്കം ചെയ്യുക.

127. പീഠികയിലെ രണ്ടാം ഖണ്ഡികയിലെ "കാര്യക്ഷമതയോടുകൂടി അധികാരങ്ങൾ" എന്നത് "കാര്യക്ഷമവും പക്ഷപാതരഹിതവും ആയി അധികാരം" എന്ന് തിരുത്തുക.

135. പീഠികയിലെ നാലാം ഖണ്ഡികയിൽ "കാര്യക്ഷമവുമായ നിയന്ത്രണങ്ങൾക്ക്, വിധേയമാണെന്ന്" എന്നത് "കാര്യക്ഷമമായ നിയന്ത്രണങ്ങൾക്കും സുതാര്യതയ്ക്കും വിധേയമാണെന്ന" ഭേദഗതി ചെയ്യുക.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ 108, 114, 132, 143, 651, 661, 662, 664 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ "ഭേദഗതി ചെയ്യുന്നതിനും, അതുമായി ബന്ധപ്പെട്ടതും" എന്നീ വാക്കുകൾക്കിടയിൽ "കാര്യക്ഷമതയോടുകൂടി നീതിപൂർവ്വകമായി അധികാരങ്ങൾ വിനിയോഗിക്കാനും കർത്തവ്യങ്ങൾ നിർവ്വഹിക്കാനും" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

114. പീഠികയിൽ രണ്ടാമത്തെ വരിയിൽ "ജീവനും" "സ്വാതന്ത്ര്യത്തിനും" എന്നീ വാക്കുകൾക്ക് ഇടയിൽ "സ്വത്തിനും" എന്ന വാക്ക് ചേർക്കുക.

132. പീഠികയിൽ മൂന്നാമത്തെ ഖണ്ഡികയിൽ "അനുയോജ്യമായി പ്രവർത്തിക്കുന്നതും" എന്ന വാക്കിനുശേഷം "പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതും" എന്ന വാക്കുകൾ കൂടി ചേർക്കുക.

143. ഖണ്ഡം 1 (1) - ൽ "എന്ന് പേര് പറയാം" എന്നതിനുപകരം "എന്ന് പേര് പറയാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

651. ശീർഷകം താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

കേരള പോലീസ് ബിൽ, 2011

661. പീഠികയിലെ 5-ാം ഖണ്ഡികയിലെ "ക്രോഡീകരിക്കുന്നതും ഭേദഗതി ചെയ്യുന്നതും" എന്നീ വാക്കുകൾക്കുപകരം "ക്രോഡീകരിക്കുന്നതും സമഗ്രമായി പരിഷ്ക്കരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

662. പീഠികയിലെ 6-ാം ഖണ്ഡികയിൽ "അറുപത്തിയൊന്നാം" എന്ന വാക്കിന് പകരം അറുപത്തി രണ്ടാം" എന്ന് ചേർക്കുക.

664. ഖണ്ഡം 1(1)-ൽ "2010" എന്ന അക്കങ്ങൾക്ക് പകരം "2011" എന്ന് ചേർക്കുക.

സർ, ഈ ബിൽ അവതരിപ്പിച്ചത് 2010-ലാണെങ്കിലും ബിൽ പാസ്സാക്കുന്നത് 2011 -ലാണ്. അതുകൊണ്ട് ഈ ബില്ലിന്റെ പേര് "കേരള പോലീസ് ബിൽ 2010" എന്നതിനുപകരം "കേരള പോലീസ് ബിൽ 2011" എന്ന് നാമകരണം ചെയ്യണം. രണ്ടാമത്തെ കാര്യം പീഠികയുടെ അവസാന പാരയിൽ പറയുന്നത് ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ ഈ പറയും പ്രകാരം നിയമമുണ്ടാക്കുന്നു. ഇത് അറുപത്തിയൊന്നാം സംവത്സരമല്ല. ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരമെന്ന് മാറ്റം വരുത്തണം. മൂന്നാമത്തേത് ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും അതിനനുസരിച്ചു തന്നെ ഈ ആക്ടിന് കേരള പോലീസ് ആക്ട് 2011 എന്ന പേര് പറയണം.

<u>ശ്രീ. കെ. എം. മാണി</u> : സർ, ഞാൻ 109, 115, 134, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ "നിയന്ത്രണവും" എന്ന വാക്കിനുശേഷം "അധികാരങ്ങളും കർത്തവ്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

115. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "ജീവനും സ്വാതന്ത്ര്യത്തിനും" എന്നീ വാക്കുകൾക്ക് പകരം "ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

134. പീഠികയിലെ നാലാം ഖണ്ഡികയിൽ "ദുർവിനിയോഗം ചെയ്യപ്പെടുന്നില്ല എന്നും" എന്നീ വാക്കുകൾക്കുശേഷം "കാര്യക്ഷമതയോടുകൂടി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നു എന്നും" എന്നീ വാക്കുകൾ ചേർക്കുക.

139. പീഠികയിലെ അഞ്ചാം ഖണ്ഡികയിൽ "രൂപീകരണവും നിയന്ത്രണവും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും" എന്നീ വാക്കുകൾക്കുപകരം "രൂപീകരണവും നിയന്ത്രണവും അധികാരവും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും" എന്ന് തിരുത്തുക.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ 110, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "സുരക്ഷിതത്വവും" എന്ന വാക്കിനുശേഷം "മതസൗഹാർദ്ദവും മതേതരത്വവും പരിസ്ഥിതി" എന്നീ വാക്കുകൾ ചേർക്കുക.

140. ഖണ്ഡം 1 (1) -ൽ "ആക്ടിന്" എന്ന വാക്കിനുശേഷം"2010 - ലെ " എന്നു ചേർക്കുകയും 2-ാം വരിയിലെ "2010" ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ 120, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. പീഠികയിലെ ഒന്നാം ഖണ്ഡികയിലെ "അർഹമായ" എന്ന വാക്ക് നീക്കം ചെയ്യുകയും "ഉയർത്തിപ്പിടിക്കുന്നതിനും" എന്ന വാക്കിന് പകരം "ഉറപ്പാക്കുന്നതിനും" എന്ന വാക്ക് ചേർക്കുകയും ചെയ്യുക. "അർപ്പണബോധവും" എന്ന വാക്കിനുശേഷം സത്യസന്ധതയും എന്ന് ചേർക്കുകയും ചെയ്യുക.

129. പീഠികയിലെ മൂന്നാം ഖണ്ഡികയിലെ "ആധുനിക" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124. പീഠികയിൽ ഒന്നാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ "നിപുണതയും" എന്ന വാക്കിന് പകരം "നൈപുണ്യവും" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. പീഠികയിലെ രണ്ടാം ഖണ്ഡികയിലെ "മതിയായതും" എന്ന വാക്കിന് പകരം "കുറ്റമറ്റതും" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. പീഠികയിലെ ഒന്നാം ഖണ്ഡികയിലെ "അർഹമായ" . എന്ന വാക്ക് നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കു വേണ്ടി (ശ്രീ. സി. എച്ച് . കുഞ്ഞമ്പു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ ഒന്നാം ഖണ്ഡികയിൽ നാലാം വരിയിൽ "നിയമ വാഴ്ച ഉയർത്തിപ്പിടിക്കുന്നതിനും" എന്നീ വാക്കുകൾക്കു പകരം "നിയമ വാഴ്ച ഉറപ്പാക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ ഒന്നാം ഖണ്ഡികയിൽ "നാലാം വരിയിൽ നിയമ വാഴ്ച ഉയർത്തിപ്പിടിക്കുന്നതിനും" എന്നീ വാക്കുകൾക്കു പകരം "നിയമ വാഴ്ച ഉറപ്പാക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഒന്നാം വകുപ്പിൽ ശ്രീ. കെ. സി. ജോസഫിന്റെ 664-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. ശീർഷകത്തിൽ ശ്രീ. എം. എ. വാഹിദിന്റെ 106...

മി. സ്പീക്കർ : അത് മൂവ് ചെയ്തിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് വേണമെന്നാണ് എനിക്ക് തോന്നുന്നത്. അത് ആരും തന്നിട്ടില്ല. ശ്രീ. കെ. സി. ജോസഫ് തന്നിട്ടുണ്ടോ. അത് 651-ാം നമ്പർ ഭേദഗതിയാണ്. പക്ഷേ 2011- ലെ എന്നാണ്. 2010-ലെ എന്നു വേണം. യഥാർത്ഥത്തിൽ അത് മാറി വരുമ്പോഴേ വരുന്നുള്ളൂ..... അവതരിപ്പിച്ചത് 2010 എന്നാണ്. ശീർഷകം നമുക്ക് മാറ്റാൻ പറ്റില്ലായെന്നാണ് നിയമ വകുപ്പിൽ നിന്ന് പറയുന്നത്. ആദ്യം ഒർജിനൽ അവതരിപ്പിച്ചത് 2010-ലാണ് അതുകൊണ്ട് ശീർഷകം മാറ്റാൻ പറ്റില്ലെന്നാണ് നിയമ വകുപ്പ് എന്നോട് പറഞ്ഞത്. ബില്ല് 2010-ലേതല്ലേ? അത് അതുപോലെ തന്നെ വേണമെന്നാണ് അവർ പറയുന്നത്. നടപടിക്രമം അങ്ങനെയാണെന്ന് പറയുന്നു.

ശ്രീ. കെ. സി. ജോസഫ് : എന്റെ 662-ാം നമ്പർ ഭേദഗതിയിൽ പീഠികയിൽ ആറാം ഖണ്ഡികയിൽ, ...അറുപതിരണ്ടാം എന്ന് മാറേണ്ടതല്ലേ?

6.00 P.M.]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിന് ജനുവരി 26 കഴിയണമെന്ന് പറഞ്ഞു. റിപ്പബ്ലിക് ഡേ കഴിഞ്ഞാലേ അത് മാറ്റാൻ പറ്റുകയുള്ളൂ എന്ന് പറഞ്ഞു. ചർച്ച ചെയ്ത ശേഷം ഈ അമെന്റ്മെന്റ് വിശദമായി ഞങ്ങൾ പരിശോധിച്ചതാണ്.

ശ്രീ. കെ. എം. മാണിയുടെ 109-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശീർഷകം അംഗീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ് നിർദ്ദേശിച്ച 112-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ നിർദ്ദേശിച്ച 133-ാം നമ്പർ ഭേദഗതിയും ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

112. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "ജീവനും" എന്ന വാക്കിനു ശേഷം "സ്വത്തിനും" എന്ന വാക്ക് ചേർക്കുക.

133. പീഠികയുടെ മൂന്നാം ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നതും ജനസൗഹാർദ്ദവും ക്രമസമാധാനവും നിലനിർത്തുന്നതുമായ ഒരു പോലീസ് സംവിധാനം വേണ്ടതിനാലും".

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 664 - ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 109, 139 എന്നീ നമ്പർ ഭേദഗതികളും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിയും ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 119, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫിന്റെ 108, 114, 132, 143, 651 661, 662 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 115, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 110, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 120, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2010-ലെ കേരള പോലീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, അത് ചില വ്യതിയാനങ്ങൾക്കു വിധേയമായി. ബഹുമാനപ്പെട്ട മന്ത്രി എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടില്ലായെങ്കിലും ആദ്യമായി പ്രതിപക്ഷത്തുനിന്ന് കൊണ്ടു വന്ന കുറേ അമെന്റ്മെന്റ്സ് സ്വീകരിച്ചിട്ടുണ്ട്. വളരെ നല്ല കാര്യം. കുറച്ചുകൂടി ഈ ബില്ലിനെ പരിഷ്ക്കരിക്കുവാൻ കഴിയുന്നതാണ്. എത്രയും വേഗം ഇത് നടപ്പിലാക്കണമെന്നുള്ളതാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ നിയമം കൊണ്ടുവരാൻതന്നെ വളരെ താമസിച്ചുപോയി. ഇങ്ങനെ ഒരു നിയമം കൊണ്ടുവരണമെന്ന് സുപ്രീംകോടതി 22-9-2006-ൽ പറഞ്ഞതാണ്. പോലീസ് സേനയെ നവീകരിക്കണം. ആ പോലീസ് സേനയെ നവീകരിക്കുന്നതിനു വേണ്ടി പോലീസ് കോഡ് പരിഷ്ക്കരിക്കണം. നമ്മുടെ മാതൃകാ നിയമം കൊണ്ടുവരണമെന്ന് സുപ്രീംകോടതി 2006-ൽ പറഞ്ഞിരുന്നു. അതു കഴിഞ്ഞ് അതിന് തീയതിയും നിശ്ചയിച്ചു. കേരളാ ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കാതെ വന്നപ്പോൾ സുപ്രീംകോടതി അതിന് ഡെഡ് ലൈൻ സ്വീകരിച്ചു. അതിനകം നടപ്പിലാക്കിയില്ലെങ്കിൽ കണ്ടെംപ്റ്റ് ഓഫ് കോർട്ട് വരും എന്നുള്ള ഘട്ടം വന്നപ്പോൾ 2007 ന് ഒരു നിയമ നിർമ്മാണം ഇവിടെ കൊണ്ടുവരികയുണ്ടായി. പോലീസ് നിയമത്തിൽ, പോലീസ് ആക്ടിൽ ചില ഭേദഗതികളോടുകൂടി 121-ാം ബില്ല് ഇവിടെ കൊണ്ടുവന്ന് പാസ്സാക്കി. പക്ഷേ അത് സമഗ്രമായിരുന്നില്ല. പെട്ടെന്ന് സുപ്രീംകോടതിയുടെ കണ്ടെംപ്റ്റ് ഓഫ് കോർട്ട് പ്രൊസീഡിംഗ്സിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി തട്ടിക്കൂട്ടി ഏതാനും ചില വകുപ്പുകൾ, ഏതാനും ചില ക്ലോസ്സുകളോടുകൂടി പോലീസ് നിയമത്തിൽ ചെറിയ ചില ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള ഒരു നിയമ നിർമ്മാണം നടത്തുകയുണ്ടായി. അതിനുശേഷമാണ് ഇപ്പോൾ 2011-ൽ പുതിയ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കുറച്ച് വ്യാപകമായ ഭേദഗതിയോടുകൂടി ഈ ബിൽ കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ പറഞ്ഞത്, 2006 മുതൽ നാല്

LIBRARY ARCHIVES Kerala Legislative Assembly

വർഷക്കാലം നമുക്ക് സമഗ്രമായി ഇവിടെ പോലീസ് നിയമം പരിഷ്ക്കരിക്കുവാൻ കഴിഞ്ഞില്ല. നാല് വർഷം നമുക്ക് പാഴായി. ഇനി നമുക്ക് ആവശ്യമായ റൂൾ ഉണ്ടാക്കുവാൻ കുറെ കാലം വേണം. ഇവിടുത്തെ നടപടികൾ അങ്ങനെയാണ്. ഇവിടെ നിയമം പാസ്സാകും. നിയമം പാസ്സായാൽ പിന്നെ ഒരു വർഷമെടുക്കും റൂൾ ഉണ്ടാക്കാൻ. നടപ്പിലാക്കുന്നതിന് രണ്ടു വർഷമെടുക്കും. ഈ രീതിയിലാണ് പോകുന്നത്. എത്രയും വേഗം ഇതിന് റൂളുകൾ ഫ്രെയിം ചെയ്തുകൊണ്ട് നടപ്പിലാക്കുവാൻ ശ്രമിക്കണം എന്നുള്ളതാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്. ഇതിന്റെ ഇംപ്ലിമെന്റേഷനെ സംബന്ധിച്ചിടത്തോളം എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, അങ്ങയുടെ ലാസ്റ്റ് മിനിട്ടാണെങ്കിൽ പോലും ഗവൺമെന്റിന് തോന്നുന്നു എന്നുണ്ടെങ്കിൽ, ഗവൺമെന്റിന് വീണ്ടുവിചാരമുണ്ടാകണം. ആ വീണ്ടുവിചാരം ഉണ്ടാകുമ്പോൾ ചില കാര്യങ്ങൾകൂടി ചേർത്ത് ഇതിനെ ഒന്നുകൂടി പരിഷ്ക്കരിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. AIR 1997 SC(61) Basu. West Bengal കേസ്സിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ ഈ പോലീസ് നിയമത്തിനകത്ത് നിർവ്വചിച്ചിട്ടുണ്ട്. പോലീസ് എപ്പോഴും എടുത്തു നോക്കുന്നത് ഈ പോലീസ് നിയമം ആണ്. ആ പോലീസ് നിയമത്തിനകത്ത് ഒരു പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ ഇന്നയിന്ന കാര്യങ്ങൾ നിഷ്ക്കർഷിച്ചിരിക്കണം, പാലിച്ചിരിക്കണമെന്ന് നമ്മുടെ ഈ പോലീസ് നിയമത്തിനകത്താണ് വരേണ്ടത്. ഭരണഘടന നിർദ്ദേശങ്ങൾ 141 അനുസരിച്ച് This is the law of the land. അങ്ങനെയാണെന്നുണ്ടെങ്കിൽ നമ്മുടെ പോലീസ് നിയമത്തിനകത്ത് നിഷ്ക്കർഷയോടുകൂടി ആ കാര്യങ്ങൾ എഴുതിച്ചേർക്കേണ്ടതായിട്ടുണ്ട്. ....(തടസ്സം)................ ഇത് കാര്യമായി ഇവിടെ വിലയിരുത്തിയില്ല. അതിനെപ്പറ്റി എനിക്ക് പറയാനുള്ളത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ ....

മി. സ്പീക്കർ: ഇനിയിപ്പോൾ ഇതൊന്നും ചർച്ച ചെയ്തിട്ട് കാര്യമില്ലല്ലോ. ഇനി ഇപ്പോൾ ബില്ലിലേയ്ക്ക് കടന്ന് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. കെ. എം. മാണി: മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ ....(തടസ്സം)......

മി. സ്പീക്കർ: അതൊന്നും ഇനി ചർച്ച ചെയ്തിട്ട് കാര്യമില്ല. ശ്രീ. ജി. കാർത്തികേയൻ.

ശ്രീ. കെ. എം. മാണി: അധികാരങ്ങളുടെ പ്രശ്നമാണ്. ....(തടസ്സം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി അങ്ങേയ്ക്ക് അറിയാമല്ലോ? ഇനി ഇപ്പോൾ അത് ചർച്ച ചെയ്തിട്ട് കാര്യമില്ല.

ശ്രീ. കെ. എം. മാണി: ഞാൻ ഒറ്റ വാക്കിൽ പറയട്ടെ സർ. ക്രിമിനൽ പ്രൊസീജ്യുവർ കോഡ് 107, 108......(ബഹളം)...... സർവ്വവ്യാപകമായ അധികാരങ്ങൾ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനുണ്ട്. ....(ബഹളം)......... ഞാൻ ഒരു രണ്ട് മിനിട്ട് സർ. ഏതൊക്കെ വകുപ്പുകൾ ഇതിൽ വരുന്നുണ്ടെന്ന് ....(തടസ്സം)......

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇനി ഇപ്പോൾ അത് ചർച്ച ചെയ്തിട്ട് എന്താണ് കാര്യം? പ്ലീസ്.... ബഹുമാനപ്പെട്ട മാണിക്ക് അറിയാമല്ലോ അത്.

ശ്രീ. കെ. എം. മാണി: സി.ആർ.പി.സി. 107, 108, 110, 128, 130, 131, 137, 139, 140, 142, ...(തടസ്സം)..147, ..148.......... ....(തടസ്സം).....

മി. സ്പീക്കർ: അങ്ങ് സഹകരിക്കണം.

ശ്രീ. കെ. എം. മാണി .... അധികാരം ഒരു മജിസ്ട്രേട്ടിന് സി. ആർ. പി. സി. യിലുണ്ട് ആ അധികാരം മുഴുവൻ ....(തടസ്സം)..... മിനിസ്റ്റർക്ക് കൊടുക്കുക എന്ന് പറയുന്നത് ....(തടസ്സം)..... ഉണ്ടാകുകയാണ്.

മി. സ്പീക്കർ: ശ്രീ. ജി. കാർത്തികേയൻ........

ശ്രീ. കെ. എം. മാണി:. ....(തടസ്സം)..... അതുകൊണ്ട് വാസ്തവത്തിൽ പറഞ്ഞാൽ അത്രയും അധികാരങ്ങൾ....... ....(തടസ്സം)..... ഇരിക്കുക എന്നുള്ളത് വളരെ താഴ്മയോടുകൂടി പറയുകയാണ്. ഒരു കാര്യംകൂടി എനിക്ക് ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് പോലീസിന് ഇമ്മ്യൂണിറ്റി 113-ാമത്തെ .... (തടസ്സം).....

മി. സ്പീക്കർ: അങ്ങ് സഹകരിക്കണം.

ശ്രീ. കെ. എം. മാണി ....(തടസ്സം).... എന്ത് ചെയ്താലും ഉത്തമ വിശ്വാസത്തോടെ എന്നുപറഞ്ഞ് .....എന്ത് ചെയ്താലും ....(തടസ്സം)..... സർ, ഭരണഘടനയിൽ ഇതു മാത്രമേയുള്ളൂ. ഇവിടെ പോലീസിന് ഇമ്മ്യൂണിറ്റി കൊടുത്തിരിക്കുന്നു. ഒട്ടും ശരിയായിട്ടുള്ള കാര്യമല്ല. അതുകൊണ്ട് ഇങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ്, എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് പോലീസ് എന്ത് നടപടി സ്വീകരിച്ചാലും അവർക്കെതിരെ നടപടിയില്ല എന്നുള്ള നിലയിൽ ഇമ്മ്യൂണിറ്റി നൽകിയിരിക്കുന്നത് ശരിയല്ല. അത് അങ്ങ് മാറ്റണം. എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന് അധികാരങ്ങൾ മുഴുവൻ കൊടുത്തത് മാറ്റണം. അല്ലെങ്കിൽ ഉദ്ദേശിക്കുന്ന ഗുണം ഇതിന് കിട്ടുകയില്ല. ഇവിടെ മുഴുവൻ പോലീസ്രാജായി മാറും. അതുകൊണ്ട് അതിൽ മാറ്റം വരുത്തണമെന്ന് ....(ബഹളം)..... മെമ്പർമാർ എഴുന്നേൽക്കുന്നത് എന്തിനാണ്? അവസാന നിമിഷത്തിലായാലും പൈലറ്റ് ചെയ്യുന്ന ഒരു മന്ത്രിക്ക് വേണമെങ്കിൽ ഭേദഗതി കൊണ്ടുവരാം. അതിന് ഇവിടെക്കിടന്ന് ചാടിയിട്ട് വല്ല കാര്യവുമുണ്ടോ?

മി. സ്പീക്കർ: മൂന്നാം വായനയിൽ സാധാരണ വായിക്കാറില്ല.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഹോം മിനിസ്റ്റർ........(ബഹളം).... ഞാൻ പറയുകയാണ് അവസാന നിമിഷത്തിലെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർക്ക് കൊടുത്തിരുന്ന അസിസ്റ്റന്റ് കമ്മീഷണർക്ക് കൊടുത്തിരിക്കുന്ന അധികാരം എടുത്തുകളയണം.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. സ്പീക്കർ:</u> ശ്രീ. സി. ടി. അഹമ്മദ് അലി......

<u>ശ്രീ. കെ. എം. മാണി:</u> ....അതുപോലെതന്നെ പോലീസിന് കൊടുത്തിരിക്കുന്ന ഇമ്മ്യൂണിറ്റി അത് എടുത്തുകളയണം. ഒരിക്കലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഈ നിലയിൽ . ...(തടസ്സം)......... ....(ബഹളം)....

<u>മി. സ്പീക്കർ:</u> ശ്രീ. സി. ടി. അഹമ്മദ് അലി....... ബില്ല് ചർച്ച ചെയ്തു കഴിഞ്ഞിട്ട് പിന്നെ ബില്ലിന്റെ പുറത്ത് ചർച്ച ചെയ്യുന്നത് എവിടെയാണ്? സഭയുടെ ചരിത്രത്തിൽ അങ്ങനെ വേണ്ട.

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> സർ, മഹത്തായ ഈ സഭ ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തി നിയമനിർമ്മാണ രംഗത്ത് മാതൃക സൃഷ്ടിച്ചിട്ടുണ്ട്. 2010-ലെ കേരള പോലീസ് ബില്ലിന്റെ ചർച്ചയിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം വളരെ നല്ല മാതൃക കാണിച്ചിരിക്കുകയാണ്. ഈ മാതൃക മറ്റ് ബഹുമാന്യരായ മന്ത്രിമാരും കൂടി സ്വീകരിക്കുന്നത് ജനാധിപത്യത്തിന് കുറേക്കൂടി ശക്തി പകരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നിയമം പൂർണ്ണമായും നടപ്പാക്കുമ്പോൾ അത് പൂർണ്ണമായും നിഷ്പക്ഷമായും നീതി പൂർവ്വമായിരിക്കണം. ജനങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ്, ജീവനും സ്വത്തിനും സംരക്ഷണം ലഭ്യമാക്കുക എന്നുള്ളത്. അതുകൊണ്ട് ഇതുപോലുള്ള നിയമനിർമ്മാണത്തിലൂടെ നമ്മുടെ ജനങ്ങൾക്ക് പൂർണ്ണമായും സംരക്ഷണം ഉറപ്പാക്കാൻ, ഈ സഭ പാസ്സാക്കിയെടുക്കുന്ന നിയമനിർമ്മാണങ്ങൾ സത്യസന്ധമായും നീതിപൂർവ്വമായും പൂർണ്ണമായും അതിന്റെ ഗൗരവത്തിൽ എടുത്തുകൊണ്ട് തന്നെ അത് നടപ്പാക്കാൻ ആഭ്യന്തര വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബിൽ ഇപ്പോൾ പാസാക്കിക്കഴിഞ്ഞാൽ റൂൾസ് വരുന്നതിന് ഒരുപാട് കാലതാമസം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഒരു കാരണവശാലും ഈ നിയമം നടപ്പിലാക്കുന്നതിനും റൂൾസ് തയ്യാറാക്കുന്നതിനും കാലതാമസം വരാതെ അടിയന്തരമായി നടപ്പാക്കാനാവശ്യമായ നടപടിയുണ്ടാകണം. പോലീസ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതുപോലെ തന്നെ പൂർണ്ണമായും ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനും താൽപര്യം കാണിക്കണം. ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്, ബിൽ സഭ പാസ്സാക്കിയെങ്കിലും ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞതുപോലെ ഇനിയും ഇത് പ്രായോഗിക തലത്തിൽ കുറേക്കൂടി ശക്തി പകരാൻ ഇന്ത്യയിലെ സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും വിവിധ കോടതികളിലെയും വിധികളെല്ലാം പരിശോധിച്ച് ഈ നിയമം ജനങ്ങൾക്ക് ഉപകരിക്കത്തക്ക രീതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജനങ്ങൾക്ക് ഏറ്റവും നല്ല സംരക്ഷണം ഉറപ്പു വരുത്തുന്ന നിയമമാക്കി മാറ്റിയെടുക്കാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. കാർത്തികേയൻ:</u> സർ, ഇവിടെ പലരും സൂചിപ്പിച്ചതുപോലുള്ള ആശങ്കകൾ ഉണ്ടെങ്കിലും ഒരു പ്രധാനപ്പെട്ട ബില്ലിന് ഇവിടെ ജീവൻ ആകുകയാണ്. അംഗങ്ങളുടെ ധാരാളം ഭേദഗതികൾ അംഗീകരിച്ച ആഭ്യന്തര വകുപ്പുമന്ത്രിയെ യഥാർത്ഥത്തിൽ ഞങ്ങൾ അനുകൂലിക്കുന്നു. ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞതുപോലെ മറ്റ് പല ആളുകളും ഇങ്ങനെ ആയിരുന്നെങ്കിൽ നന്നായിരുന്നു എന്നു കൂടി അദ്ദേഹം പറഞ്ഞിരുന്നു. 1961-ൽ നിന്നും നമ്മൾ 2011 -ൽ വന്നിരിക്കുന്നു. കാലം വളരെയധികം മുന്നോട്ട് പോയി. സമൂഹം മാറി, കാഴ്ച്ചപ്പാടുകൾ മാറി, ടെസ്റ്റുകൾ മാറി, ജീവിത രീതികൾ മാറി, ഡിപ്പാർട്ട്മെന്റ് മാറി. പോലീസും മാറും. കാലാനുസൃതമായി നിയമനിർമ്മാണം നടത്തുകയാണ് ജനപ്രതിനിധികളുടെയെല്ലാം ഉത്തരവാദിത്വം. ഒരു നിയമം അർത്ഥപൂർണ്ണമാകുന്നത് എപ്പോഴാണ്? അത് നടപ്പിൽ വരുത്തുന്ന രീതിയിലാണ്. പോലീസിന് വിപുലമായ അധികാരം കൊടുത്തോ ഇല്ലയോ എന്നുള്ളതല്ല. പുതിയ പുതിയ രീതികൾ വരുന്നു. കൊലപാതകങ്ങൾ വർദ്ധിക്കുന്നു. മോഷണം വർദ്ധിക്കുന്നു, സൈബർക്രൈം വരുന്നു. അതനുസരിച്ച് നമ്മൾ നമ്മുടെ പോലീസ് സേനയെ അപ്ഡേറ്റ് ചെയ്യിക്കണം. അവർക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണം. ആവശ്യമായ അംഗങ്ങൾ ഉണ്ടാകണം. എന്നാലെ വളരെ കാര്യക്ഷമത വർദ്ധിക്കുകയുള്ളൂ. അതോടൊപ്പം എനിക്ക് പറയാനുള്ളത് പോലീസ് സേനയുടെ അച്ചടക്കം. പ്രധാനമായും നമ്മൾ ചെയ്യേണ്ടത് പോലീസ് സേനയുടെ നിഷ്പക്ഷത നിലനിർത്തുക എന്നുള്ളതാണ്. അതിനോടൊപ്പം തന്നെ വല്ലാതെ പോലീസിനുള്ളിൽ കടന്നു കൂടിയിരിക്കുന്ന ക്രിമിനലിസവും അവസാനിപ്പിക്കണം. എല്ലാവരും എന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെയു ള്ളവരും ഉണ്ട്. ഇതെല്ലാം കൂടി നമ്മൾ മനസ്സിലാക്കുമ്പോൾ, അധികാരങ്ങൾ കൂടുതൽ വേണ്ടിവരും കൂടുതൽ ഉത്തരവാദിത്വം വരും ആ ഉത്തരവാദിത്വങ്ങൾ വരുമ്പോൾ അവരെ സജ്ജമാക്കുന്നതിനാവശ്യമായ നിയമനിർമ്മാണങ്ങളും വേണം. ആ നിയമനിർമ്മാണമാണ് ഇവിടെ നടന്നത്. ഈ നിയമത്തെ എങ്ങനെ നമ്മൾ നടപ്പിൽ വരുത്തുക എന്നുള്ളതാണ്. ഭാവിയിൽ ഉണ്ടാകുന്ന സാഹചര്യങ്ങൾ നോക്കി, ഇപ്പോൾ തന്നെ കുറേക്കൂടി ആളുകൾ ഡിമാന്റിംഗാണ്. 1961-ന് മുൻപും 1961 കാലഘട്ടങ്ങളിലുമൊക്കെ വളരെയധികം സ്വാതന്ത്ര്യമറിയാത്ത ജനത്തെ നേരിടുന്ന പോലീസായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്തും, രാജാവിന്റെ കാലത്തും. ഇപ്പോൾ നമ്മെക്കാൾ നന്നായി അറിയുന്ന പൗര സമൂഹമാണ്. അതോടൊപ്പം തന്നെ ബുദ്ധിമാൻമാരായ കൊലയാളികളും, ബുദ്ധിമാൻമാരായ മോഷ്ടാക്കളും. അവരെയെല്ലാം കൈകാര്യം ചെയ്യുന്നതിലേക്ക് നമ്മുടെ പോലീസ് സേനയെ സജ്ജമാക്കുക. ഇന്നിവിടെ ഇത് നിയമമാകുമ്പോൾ അത് എങ്ങനെ നടപ്പിൽ വരുത്തുമെന്നുള്ളതാണ്. ആക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കണം. ഇവിടെ ശ്രീ. ജേക്കബ് പുന്നൂസ് ചെയർമാൻ ആയിട്ടുള്ള റിവ്യൂ കമ്മിറ്റി ഉണ്ട്. സെലക്ട് കമ്മിറ്റി, എനിക്ക് നന്നായിട്ടറിയാം

LIBRARY ARCHIVES Kerala Legislative Assembly

അവരെല്ലാം നല്ലതുപോലെ ജോലി ചെയ്തിരുന്നു. ലെജിസ്ലേച്ചർ നന്നായി ജോലി ചെയ്തു. അതുകൊണ്ട് ഇങ്ങനെ പറയുന്നതെല്ലാം ഭാവിയിൽ എന്തും ചെയ്യാനുള്ള ലൈസൻസായി പോലീസ് എടുക്കില്ലെന്ന് കരുതുന്നു. പക്ഷെ നടന്ന കാര്യങ്ങളെ അഭിനന്ദിക്കുന്നു. അതുകൊണ്ട് കണ്ണും കാതും കൂർപ്പിച്ച് ഇത് നടപ്പിൽ വരുത്താനുള്ള ശ്രമത്തിൽ ഡിപ്പാർട്ടുമെന്റ് മുന്നോട്ട് നീങ്ങണമെന്ന് പറയുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, കേരള പോലീസ് ബിൽ 2010 അതിന്റെ എല്ലാ ചർച്ചകളും നടപടിക്രമങ്ങളും ഇവിടെ അവസാനിക്കുകയാണ്. ഇത് 1997-ൽ കേന്ദ്ര ആഭ്യന്തരമന്ത്രിയായിരുന്ന ഇന്ദ്രജിത്ത് ഗുപ്ത കേരള ഗവൺമെന്റിന് എഴുതിയത്, എല്ലാ സംസ്ഥാനങ്ങൾക്കും എഴുതിയത്- 14 വർഷങ്ങൾക്ക് ശേഷം ഈ നിയമസഭയ്ക്ക്, ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും ആധുനികമായ എല്ലാ ആശയങ്ങളും ഉൾക്കൊള്ളിക്കുന്ന ഒരു ബിൽ പാസ്സാക്കാൻ കഴിഞ്ഞതിൽ നമ്മുടെ നിയമസഭ വീണ്ടും ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഇന്ത്യയിലെയും കേരളത്തിലെയും ഏറ്റവും കൂടുതൽ പോലീസ് പീഡനങ്ങൾ അനുഭവിച്ചിട്ടുള്ള, ക്രൂരമായ മർദ്ദനങ്ങൾ ഏറ്റിട്ടുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ കാലത്താണ് പോലീസിന്റെ മുഖച്ഛായ മാറ്റണം എന്ന നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുള്ളത്. അക്കാര്യത്തിൽ കേരളത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ നമുക്കെല്ലാവർക്കും യോജിക്കുന്ന തരത്തിൽ വളരെ കാര്യമാത്രപ്രസക്തമായ ഈ ബിൽ ഇവിടെ അവതരിപ്പിക്കാനും അതിൽ നമുക്കെല്ലാം ചർച്ചയിൽ പങ്കെടുക്കാനും കഴിഞ്ഞു. കേരളത്തിന്റെ ഭാവിയിൽ സുപ്രധാനമായ ഒരു നിയമമായി ഇത് രൂപം പ്രാപിക്കുമെന്ന പ്രത്യാശയോടുകൂടി ഞാൻ ഇതിന് നേതൃത്വം കൊടുത്ത എല്ലാപേരെയും അഭിനന്ദിക്കുന്നു.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള): സർ, ഇന്ന് ഇവിടെ പാസാക്കുന്ന ഈ നിയമം തീർച്ചയായും നമ്മുടെ പോലീസ് സേനയ്ക്ക് പുതിയ ഒരു ഉൻമേഷവും ഉണർവ്വും ഉണ്ടാക്കുന്ന തരത്തിൽ രൂപപ്പെട്ട ഒരു ബില്ലാണ്. 2010-ൽ ഇവിടെ അവതരിപ്പിച്ചാരംഭിച്ച് വലിയ പ്രാധാന്യത്തോടുകൂടി ധാരാളം നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട്, കൂട്ടിച്ചേർക്കേണ്ട ഒരുപാട് കാര്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട്, ഇവിടെ പല കേന്ദ്രങ്ങളിൽ നിന്നും വന്ന ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് എല്ലാം കുറ്റമറ്റതാക്കി സമ്പൂർണ്ണമായ ഒരു നിയമമാണ് പാസ്സാക്കുവാൻ പോകുന്നത്. കേരളത്തിലെ പോലീസ് സേനയ്ക്ക് ഒരു ദീർഘ വീക്ഷണം നൽകുന്ന കുറ്റമറ്റതായി പ്രവർത്തിക്കാൻ കഴിയുന്ന എന്തെങ്കിലും കുറവുകൾ ഉണ്ടായിരുന്നെങ്കിൽ ആ കുറവുകളെല്ലാം മാറ്റി ഏറ്റവും നല്ല ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള ഒരു സേനയാക്കി ഈ സേനയെ മാറ്റാൻ വേണ്ടിയുള്ള ധീരമായ നടപടിയാണ് ഈ ബില്ലിലൂടെ വന്നിരിക്കുന്നത്. ഇത് തീർച്ചയായും ഭാവി കേരളത്തിന് വലിയൊരു പ്രതീക്ഷയാണ് ഈ ബില്ലിൽ ഉണ്ടാകുന്നത്.

2/772/2020

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പല നിയമനിർമ്മാണങ്ങളിലും മാതൃകാപരമായ പാരമ്പര്യം പുലർത്തിയ നമ്മുടെ നിയമസഭ 2010-ലെ കേരള പോലീസ് ബിൽ ഇന്ന് പാസ്സാക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്റെ സംസ്ഥാനത്തെ പോലീസിന് പുതിയ ജനകീയ മുഖം നൽകി ജനമൈത്രിയുടെയും ജനസ്നേഹത്തിന്റെയും പുതിയ ഒരു പാത വെട്ടിത്തുറന്നുകൊണ്ട് പോലീസും ജനങ്ങളും തമ്മിലുള്ള ഹൃദയബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ശ്രമിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. കേരള പോലീസ് ബിൽ പാസാകുന്നതോടുകൂടി നമ്മുടെ സംസ്ഥാന നിയമസഭ പോലീസ് സംവിധാനത്തിലും പോലീസിന്റെ ക്രമീകരണത്തിനും പുതിയ രൂപവും ഭാവവും നൽകി കേരളത്തിന്റെ ഭരണകൂടത്തിന്റെ സംഭാവനകളിൽ വിലപ്പെട്ടതായി തീർന്നിരിക്കുകയാണ്. അതിന് സഹകരിച്ചിട്ടുള്ള നിയമസഭാ സാമാജികൻമാരെല്ലാം തന്നെ ദേശവ്യാപകമായ സന്ദർശനം നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്ത വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനെ അഭിനന്ദിക്കുകയാണ്.

ശ്രീ പി എം. എ. സലാം: സർ, ഒരു മഹത്തായ ലക്ഷ്യത്തോടുകൂടിയാണ് നമ്മൾ ഈ നിയമം ഇവിടെ പാസ്സാക്കിയെടുത്തത്. നമ്മളെപ്പോലെതന്നെ കേരളത്തിലെ ജനങ്ങളാകമാനം വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ നിയമത്തെ കാണുന്നത്. സെലക്ട് കമ്മിറ്റിയുടെ സിറ്റിംഗിൽ കേരളത്തിനകത്തും പുറത്തും വളരെ വലിയ ജനപങ്കാളിത്തം ഇതിന്റെ ചർച്ചകളിൽ ഉണ്ടായെന്നത് ഈ ബില്ലിനെ ജനങ്ങൾ എങ്ങനെ കാണുന്നുവെന്നതിന്റെ വ്യക്തമായ നിദർശനമാണ്. ഈ നിയമത്തിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ ഇത് പ്രാവർത്തികമാക്കണം. നിയമം നടപ്പിലാകുമ്പോൾ മാത്രമേ അതിന്റെ ഗുണം നാട്ടുകാർക്കും പോലീസിനും ഉണ്ടാകുന്നുള്ളൂ. അതുകൊണ്ട് വളരെവേഗം റൂളുകളുണ്ടാക്കി ഈ നിയമം പ്രാവർത്തികമാക്കാനുള്ള ആഭ്യന്തര വകുപ്പിന്റെ ശ്രമങ്ങൾക്ക് പിന്തുണ നൽകുന്നു. ഇത്തരമൊരു നിയമംകൊണ്ടുവന്ന, കേരളത്തിന് അനുയോജ്യമായ വിധത്തിലുള്ള നിയമം കൊണ്ടുവന്ന ആഭ്യന്തര വകുപ്പിനും അതുമായി സഹകരിച്ച നിയമവകുപ്പ്, ലെജിസ്ലേച്ചർ, പോലീസ് ഡിപ്പാർട്ടുമെന്റ് തുടങ്ങി എല്ലാവർക്കും അഭിവാദ്യം അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ എ. എ. അസീസ്: സർ, പോലീസ് നിയമത്തിൽ സമൂലമായ മാറ്റം കേരള ജനത ആഗ്രഹിച്ചിരുന്നതാണ്. അവർ ഉറ്റുനോക്കുകയായിരുന്നു. കാലഹരണപ്പെട്ട ഒരു പോലീസ് നിയമം നമ്മുടെ സംസ്ഥാനത്തും രാജ്യത്തും നിലനിന്നിരുന്നതാണ്. അതിന് മാറ്റം വരുത്താൻവേണ്ടിയുള്ള സെലക്ട് കമ്മിറ്റിയുടെ പഠനം നടത്തിയ കാലത്തുതന്നെ എല്ലാ വിഭാഗം ആളുകളും, പോലീസ് സേനയിൽ ഉൾപ്പെട്ടവർ മാത്രമല്ല, ജനങ്ങളാകെ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പാസ്സാകും, ഈ നിയമം എന്ന് നടപ്പാകും എന്ന് ഉറ്റുനോക്കുകയായിരുന്നു. ഏതായിരുന്നാലും ഈ നിയമസഭ പല മാതൃകാപരമായ തീരുമാനങ്ങളും എടുത്തിട്ടുള്ള സഭയാണ്. ഈ കാലത്ത് 10-ാം നിയമസഭ തന്നെ പല നിയമങ്ങളും, സുപ്രധാനമായ പല നിയമങ്ങളും കേരള ജനതയ്ക്കുവേണ്ടി സംഭാവന ചെയ്തു. അതിൽ സുപ്രധാനമായ ഒരു നിയമമാണ് ഇവിടെ പാസ്സാക്കിയത്. അതിനോട് നിയമസഭാ സെലക്ട് കമ്മിറ്റി അംഗങ്ങളും എല്ലാ വിഭാഗം ആളുകളും പ്രതിപക്ഷ/ ഭരണപക്ഷ ഭേദമന്യേ എല്ലാവരും നല്ലതുപോലെ സഹകരിക്കുകയും ചെയ്തു. എല്ലാവർക്കും അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഈ നിയമം അതിവേഗം നടപ്പാക്കാൻ വേണ്ടിയുള്ള പരിശ്രമം ഈ വകുപ്പ് നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, വളരെ ആരോഗ്യകരമായ ഒരു നിയമനിർമ്മാണ പ്രക്രിയയിലാണ് നാമെല്ലാവരും ഉൾപ്പെട്ടത്. എല്ലാ വിഭാഗം ആളുകളും ഈ നിയമനിർമ്മാണത്തിൽ അവരുടേതായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഭരണ/പ്രതിപക്ഷ ഭേദമന്യേ നിയമസഭാംഗങ്ങളെല്ലാവരും തന്നെ പോലീസ് വകുപ്പും ഭരണ വകുപ്പും നിയമ വകുപ്പും നിയമസഭാ സെക്രട്ടറിയറ്റും എല്ലാവരും ബൗദ്ധികമായ സംഭാവന നൽകിയാണ് ഈ നിയമം ഈ രൂപത്തിൽ ഇന്ന് അവതരിപ്പിക്കുന്നത്. നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരു വസ്തുത, ബഹുമാനപ്പെട്ട മാണിസാർ വൈകിപ്പോയി എന്ന് പറയുമ്പോൾതന്നെ സുപ്രീം കോടതിയുടെ നിർദ്ദേശം വന്നതിനുശേഷം ആദ്യമായി ഈ നിയമനിർമ്മാണം നടത്തുന്ന നിയമസഭ കേരള നിയമസഭയാണ് എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. സെലക്ട് കമ്മിറ്റി പഠനം നടത്താൻപോയ സംസ്ഥാനങ്ങളിൽ ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അല്ല. ....

മി. സ്പീക്കർ: ആ ചർച്ചയിലേക്ക് ഇനി കടക്കേണ്ട.

ശ്രീ. മാത്യു ടി. തോമസ്: ഞാൻ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ തിരുത്താം. ഏതായാലും ഞാൻ പറഞ്ഞോട്ടെ., ഞാൻ പറഞ്ഞു തുടങ്ങിയതല്ലേ? സുപ്രീം കോടതി നിർദ്ദേശ പ്രകാരം ഒരു പോലീസ് കംപ്ലയിന്റ് അതോറിറ്റി ....ഞാൻ തിരുത്താൻ തയ്യാറാണ്. ....സുപ്രീം കോടതി നിർദ്ദേശ പ്രകാരം അതിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് പോലീസ് കംപ്ലയിന്റ് അതോറിറ്റി ഏർപ്പെടുത്തി ആദ്യ നിയമനിർമ്മാണം നടത്തിയത് കേരള നിയമസഭയാണെന്നതിൽ എല്ലാവർക്കും അഭിമാനിക്കാം. എല്ലാ രംഗത്തും മാതൃകയായിട്ടുള്ള ഈ സംസ്ഥാനം ഇക്കാര്യത്തിലും മാതൃക കാണിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഇതിന് മുൻകയ്യെടുത്ത എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, 1997-ലാണ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കായി ഇതുപോലൊരു നിയമം പാസ്സാക്കാനുള്ള നിർദ്ദേശം നൽകിയതെങ്കിലും ആദ്യമായി ഈ കേരള നിയമസഭയാണ് പാസ്സാക്കിയതെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വരാം ശരിയല്ല. നാലാമത്തെ സ്റ്റേജാണ് കേരളം. കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ടുള്ള പോലീസ് ആക്ട് ഇപ്പോൾ നിയമമായി മാറുകയാണ്. അപ്പോൾ..........പറയാൻ സമ്മതിക്കുന്നില്ല. കുറേ ആളുകൾ മാറിയിരുന്നുകൊണ്ട് നിയമം പാസ്സാക്കി അതിന്റെ മൂന്നാം വായനയിൽ ആളുകൾ അഭിപ്രായം പറയുമ്പോൾ ചുമ്മാതെ തോക്കിൽക്കയറി വെടിവയ്ക്കുകയാണ്. കൂടുതൽ ശബ്ദമുണ്ടാക്കിയതുകൊണ്ട് തെറ്റ് ശരിയാകുമോ? കുറേ ആളുകൾ കൂടി ബഹളം വയ്ക്കുകയാണ്. അങ്ങനെയാണോ?............ കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ട ഈ ബിൽ ഇപ്പോൾ നിയമമായി മാറുകയാണ്. ഈ ബില്ലിന്റെ പ്രയോജനം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും എളുപ്പം ലഭ്യമാകുന്നതിനാവശ്യമായ അടിയന്തര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, നമ്മുടെ ഈ നിയമസഭ മാതൃകാപരമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു സഭയാണ്. ഈ പുതുവർഷത്തിൽ ആദ്യംതന്നെ നമുക്ക് ഈ പോലീസ് നിയമം കൊണ്ടുവരാൻ സാധിച്ചുവെന്നുള്ളത് ഈ നിയമസഭയ്ക്ക് അഭിമാനിക്കാൻ സാധിക്കുന്ന ഒരു കാര്യമാണ്. ഇതിന്റെ ആദ്യം മുതലുള്ള പ്രക്രിയയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മെമ്പർമാർ സജീവമായി പങ്കെടുത്തുവെന്നുള്ളത് ഒരു പ്രത്യേകതയാണ്. പ്രത്യേകിച്ച് സെലക്ട് കമ്മിറ്റിയിലുള്ള പ്രതിപക്ഷ മെമ്പർമാരോട് പ്രത്യേകമായ നന്ദി ഈ സന്ദർഭത്തിൽ ഞാൻ പ്രകടിപ്പിക്കുകയാണ്. പ്രതിപക്ഷം/ഭരണപക്ഷം എന്ന വ്യത്യാസമില്ലാതെ ഈ ബിൽ പരമാവധി കുറ്റമറ്റതാക്കാനുള്ള സഹകരണം സെലക്ട് കമ്മിറ്റി മെമ്പർമാരിൽനിന്ന് ലഭിച്ചു. പോയ എല്ലാ സ്ഥലത്തുനിന്നും ഇതിന് വലിയ പ്രതികരണമാണ് ലഭിച്ചത്. അഭിഭാഷക സമൂഹം കേരളത്തിൽ വലിയ നിലയിൽ ഇതിനോട് പ്രതികരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ സാമൂഹ്യ പ്രവർത്തകരും ഇതിനെ നല്ല നിലയിലാണ് നോക്കിക്കണ്ടത്. അതിന്റെ ഫലമായി ലഭിച്ച നിരവധി നിർദ്ദേശങ്ങളാണ് ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് സൗകര്യം ലഭിച്ചിട്ടുള്ളത്. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള നിയമഭേദഗതി പല സംസ്ഥാനങ്ങളും ഇൻഡ്യയിൽ വരുത്തിയിട്ടുണ്ട്. എന്നാൽ സമഗ്രമായ ഒരു നിയമ പരിഷ്ക്കരണം ഇതിന്റെ ഭാഗമായി കൊണ്ടുവരാൻ ഇപ്പോൾ നമുക്കാണ് സാധിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള ഒരു നല്ല ചുവടുവയ്പാണ് നമുക്കുണ്ടായിട്ടുള്ളത്. ഇത് എല്ലാത്തിന്റെയും അന്ത്യമ വാക്കാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നിയമത്തിൽ പലപ്പോഴും ഭേദഗതികൾ ആവശ്യമായിവരും. കാലാനുസൃതമായ ഭേദഗതികൾ ഈ നിയമത്തിനും ഭാവിയിൽ ഉണ്ടായേക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ വേഗം ഇംപ്ലിമെന്റ് ചെയ്യുന്നതിന് റൂൾസ് കൊണ്ടുവരിക എന്നത് പ്രധാനപ്പെട്ടതാണ്. പല ആക്ടുകളും പാസ്സാക്കി റൂൾസുണ്ടാക്കാൻ എത്രയോ വർഷങ്ങൾ താമസിക്കുന്ന അനുഭവം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ അനുഭവം ഉണ്ടാകാത്ത വിധത്തിൽ വളരെ വേഗംതന്നെ ഈ റൂൾസ് ഉണ്ടാക്കി ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കും. ഇവിടെ വന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികളിൽ മെമ്പർമാർ അവതരിപ്പിച്ച 170 ഭേദഗതികൾ അംഗീകരിച്ചിട്ടുണ്ട്. 740-ഓളം ഭേദഗതികൾ അവതരിപ്പിച്ചതിലാണ് ഇത്രയും ഭേദഗതി ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഇരുഭാഗത്തുനിന്നും നൽകിയിട്ടുള്ള അംഗീകരിക്കപ്പെട്ട ഭേദഗതികളെല്ലാം അത്തരത്തിലുള്ളതായിരുന്നു. ഇതൊരു പോലീസ് രാജിലേയ്ക്കൊന്നും കൊണ്ടുപോകാൻ സാധിക്കില്ല. അങ്ങനെ ആര് വിചാരിച്ചാലും കേരളത്തിൽ ഒരു പോലീസ് രാജ് ഇനി ഉണ്ടാക്കാൻ സാധിക്കില്ല. ഏത് പാർട്ടി കേരളം ഭരിച്ചാലും അത് കേരളത്തിന്റെ ഒരു സാമൂഹിക അന്തരീക്ഷമായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ശ്രീ. കെ. എം. മാണിക്ക് അത്തരത്തിലൊരു ആശങ്ക ഉണ്ടാകേണ്ട കാര്യമില്ല.

<u>ശ്രീ. കെ. എം. മാണി</u>: സി.ആർ.പി.സി.-യിൽ 16 വകുപ്പുകളിലായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർക്ക് കൊടുത്തിരിക്കുന്ന മുഴുവൻ അധികാരങ്ങളും ഒരു പോലീസ് കമ്മീഷണർക്ക് കൊടുക്കുകയെന്നു പറഞ്ഞാൽ എന്താണ്? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നോക്കണം. ഞാൻ അതിനാണ് പറഞ്ഞത്. അപ്പോഴേക്കും ഒരു ഇംപേഷ്യൻസ് ഇവിടെ കണ്ടു. ഞാൻ എണ്ണിയെണ്ണി പറഞ്ഞു. പതിനാറ് വകുപ്പുകൾ. സി.ആർ.പി.സി.-യിൽ 107 മുതൽ പതിനാറ് വകുപ്പുകളിലായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർക്ക് സി. ആർ.പി.സി. കൊടുത്ത അധികാരങ്ങൾ ഭസ്മാസുരന് വരം കൊടുക്കുന്നതുപോലെ കൊടുത്താൽ അത് പോലീസ് രാജ് ആകും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇല്ല. ക്ലാസ് ബൈ ക്ലാസ് ചർച്ചയുടെ സന്ദർഭത്തിൽ നമ്മൾ ....ഇത് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിലും നിരവധി കമ്മീഷനിലും മെട്രോപോളീറ്റൻ പോലീസിനെപ്പറ്റി പറഞ്ഞ ഭാഗം അതേപടി ഇവിടെ എഴുതിച്ചേർക്കുകയാണ് നമ്മൾ ചെയ്തിട്ടുള്ളത്. മാത്രമല്ല. ഇൻഡ്യയിൽ ഇപ്പോൾ മെഗാ പോലീസിംഗ് സിസ്റ്റത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 25 കോടി രൂപ വീതം സിറ്റികളിൽ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഒരു സിറ്റിയിലും ഇത് നടപ്പാക്കാത്തതുകൊണ്ട് നമുക്ക് ആ പണം ലഭ്യമല്ല. അത്തരം കാര്യങ്ങൾ ചെയ്യണമെങ്കിലും കേന്ദ്ര ഫണ്ട് ലഭ്യമാക്കണമെങ്കിലും ഇത് അത്യാവശ്യമായിട്ടുണ്ടെന്നുള്ളതു കൊണ്ടാണ് അത്തരത്തിലൊരു കാര്യം ഈ ബില്ലിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. അതുപോലെതന്നെ ഇന്നൊരു ദിവസം പ്രത്യേകം ഈ ബില്ലിനായി ഇരിക്കുന്നതിനുവേണ്ടി ബഹുമാന്യനായ സഭാനേതാവ് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും എടുത്തിട്ടുള്ള സമീപനം നമുക്ക് ഇന്നുതന്നെ ഇത് പാസ്സാക്കുന്നതിന് സഹായകമായി. എല്ലാ കക്ഷി നേതാക്കൻമാരും അതിനോട് യോജിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ ഈ കാര്യത്തിലെടുത്ത സമീപനം ഈ ബിൽ ഇന്നുതന്നെ പാസ്സാക്കാനുള്ള അവസരം സൃഷ്ടിച്ചു. അതോടൊപ്പംതന്നെ, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് ഈ പ്രക്രിയയിൽ നല്ല നിലയിൽ സഹായം നൽകിയിട്ടുണ്ട്. നിയമ വകുപ്പ്, നിയമ സെക്രട്ടറി ഉൾപ്പെടെ സാധാരണയിൽ കവിഞ്ഞ് വളരെ നല്ല നിലയിൽ ഇതുമായി സഹകരിച്ചിട്ടുണ്ട്. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പിന്റെ സഹായങ്ങൾ കിട്ടിയിട്ടുണ്ട്. ഇങ്ങനെ എല്ലാവരുടേയും സഹകരണത്തോടുകൂടിയാണ് ഇത് പാസ്സാക്കാൻ തീരുമാനിച്ചത്. അതുകൊണ്ട് എല്ലാവരോടും നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഇത് വേഗം നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാവരുടേയും സഹകരണം ഉണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നമുക്ക് ഈ സംസ്ഥാനത്തെ ക്രമസമാധാന പാലനം നടപ്പിൽ വരുത്താൻ ഒന്നിച്ച് നിൽക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ എന്നെന്നും ഓർമ്മിപ്പിക്കുന്ന ഒരു ദിവസമായിരിക്കും 2011 ജനുവരി 3. 1960-ലെ പോലീസ് ആക്ടിനുപകരമുള്ള ഈ ബിൽ പാസ്സാകുന്നതോടെ പോലീസിന്റെ ഘടനയിലും ചുമതലകളിലുമെല്ലാം ഒരു സമഗ്ര പരിഷ്ക്കരണമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായ ഒരു മുഖം പോലീസ് സേനയ്ക്ക് നൽകുവാനാണ് ഈ നിയമത്തിലൂടെ സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഈ നിയമം സമ്പൂർണ്ണമല്ല. കാലഘട്ടത്തിനനുസരിച്ച് ഓരോ സന്ദർഭത്തിലും ആവശ്യമുള്ള ഭേദഗതികൾ വരുത്താവുന്നതാണ്. ഈ നിയമനിർമ്മാണത്തിൽ സഹായിച്ച എല്ലാവർക്കും എന്റെ ഹാർദ്ദമായ നന്ദി. ശ്രീ. കെ. എം. മാണിയും ശ്രീ. സി. ടി. അഹമ്മദ് അലിയും അതുപോലുള്ള മറ്റ് ചില സുഹൃത്തുക്കളും പറഞ്ഞതു പോലെ ഈ നിയമം വളരെവേഗം നടപ്പിലാക്കുന്നതിന് റൂൾസ് കഴിയുന്നത്ര വേഗംതന്നെ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അത് ആഭ്യന്തര വകുപ്പുമന്ത്രി എടുത്തു പറഞ്ഞു. അങ്ങനെ കഴിയുന്നത്ര വേഗത്തിൽ ഇതിന്റെ എല്ലാ ഗുഡ് സ്പിരിറ്റും ജനങ്ങൾക്ക് ഉപകാരപ്രദമാകത്തക്ക തരത്തിൽ കൈകാര്യം ചെയ്യുന്നതിന് കഴിയുന്നതാണ്, കഴിയേണ്ടതാണ്, കഴിയുന്നതാണെന്ന് ഉറപ്പ് പറഞ്ഞുകൊണ്ട് ഞാനും ഈ മൂന്നാംവായനയിൽ സഹകരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, നിയമസഭയോട് ഇത്ര.......(തടസ്സം)....... പോലീസിന് വെടി വയ്ക്കണമെങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അനുവാദം വേണം. ....(തടസ്സം)......

മി. സ്പീക്കർ: 2010-ലെ കേരള പോലീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ ....

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആനത്തലവട്ടം ആനന്ദൻ
5. ശ്രീ. എൻ. അനിരുദ്ധൻ
6. ശ്രീമതി ജെ. അരുന്ധതി
7. ശ്രീ. എ. എ. അസീസ്
8. ശ്രീ. ബാബു എം. പാലിശ്ശേരി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീ. പള്ളിപ്രം ബാലൻ
12. ശ്രീമതി ഇ. എസ്. ബിജി മോൾ
13. ശ്രീ. ബിനോയ് വിശ്വം
14. ശ്രീ. എം. ചന്ദ്രൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. കെ. കെ. ദിവാകരൻ
18. ശ്രീ. എം. ഹംസ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. പി. ജയരാജൻ
21. ശ്രീ. കെ. കുഞ്ഞിരാമൻ
22. ശ്രീ. കെ. സി. കുഞ്ഞിരാമൻ
23. ശ്രീ. ടി. പി. കുഞ്ഞുണ്ണി
24. ശ്രീ. മാത്യു ടി. തോമസ്
25. ശ്രീ. എ. സി. മൊയ്തീൻ

26. ശ്രീ. മുരളി പെരുനെല്ലി
27. ശ്രീ. സി. കെ. പി. പത്മനാഭൻ
28. ശ്രീ. എം. കെ. പുരുഷോത്തമൻ
29. ശ്രീ. രാജേന്ദ്രാട് രാധാകൃഷ്ണൻ
30. ശ്രീ. കെ. സി. രാജഗോപാലൻ
31. ശ്രീ. എൻ. രാജൻ
32. ശ്രീ. രാജു എബ്രഹാം
33. ശ്രീ. കെ. രാജു
34. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
35. ശ്രീ. മുല്ലക്കര രത്നാകരൻ
36. ശ്രീ. സാജു പോൾ
37. ശ്രീ. പി. എം. എ. സലാം
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. വി. ശശികുമാർ
40. ശ്രീ. ആർ. സെൽവരാജ്
41. ശ്രീ. വി. ശിവൻകുട്ടി
42. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. വി. എസ്. സുനിൽ കുമാർ
45. ശ്രീ. വി. സുരേന്ദ്രൻപിള്ള
46. ശ്രീ. വി. എൻ. വാസവൻ
47. ശ്രീ. എം. വിജയകുമാർ
48. ശ്രീ. എ. എം. യൂസഫ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. ബി. ബാബു പ്രസാദ്
5. ശ്രീ. പി. സി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ജോർജ് മേഴ്സിയർ
7. പ്രൊഫ. എൻ. ജയരാജ്
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. ജോസഫ് എം. പുതുശ്ശേരി
10. ശ്രീ. വർക്കല കഹാർ
11. ശ്രീ. ജി. കാർത്തികേയൻ
12. ശ്രീ. കെ. എം. മാണി
13. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
14. ശ്രീ. അടൂർ പ്രകാശ്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. എൻ. ശക്തൻ
17. ശ്രീ. കെ. കെ. ഷാജു
18. ശ്രീ. കെ. ശിവദാസൻ നായർ
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. എം. ഉമ്മർ

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u> - 1

1. ശ്രീ. യു. സി. രാമൻ

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ.....................48

പ്രതികൂലിക്കുന്നവർ.......................20

നിഷ്പക്ഷത പാലിക്കുന്നവർ....... 1

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

VII. അവകാശലംഘന പ്രശ്നം

<u>മി. സ്പീക്കർ:</u> അനർട്ടിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസിന് ബഹുമാനപ്പെട്ട പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭയേയും നിയമസഭാംഗങ്ങളേയും മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. പി. സി. ജോർജ് ബഹുമാനപ്പെട്ട പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly